# സമകാലിക ലോകരാഷ്ട്രീയം

XII-ാം ക്ലാസിലേക്കുള്ള രാഷ്ട്രതന്ത്രശാസ്ത്ര പാഠപുസ്തകം

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

തയാറാക്കിയത്

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി, കേരളം**

**2019**

ISBN 81 7450 693 4

**First Edition**
*February 2007 Phalguna 1928*

**Reprinted**
*January 2008 Pausa 1929*
*March 2009 Phalguna 1930*
*January 2010 Magha 1931*
*March 2013 Phalguna 1934*
*January 2014 Magha 1935*
*December 2014 Pausa 1936*
*January 2016 Pausa 1937*
*February 2017 Magha 1938*
*January 2018 Magha 1939*

**PD 100T BS**

**© National Council of Educational Research and Training, 2007**

₹ ...........

**About the cover**

*The stamps on the cover page are designed by the United Nations Postal Administration portraying various contemporary world issues.*

*Printed on 80 GSM paper with NCERT watermark*

Published at the Publication Division by the Secretary, National Council of Educational Research and Training, Sri Aurobindo Marg, New Delhi 110 016 and printed at Supreme Offset Press, 133, Udyog Kendra Ext. I, G.B. Nagar, Greater Noida (U.P.)

ALL RIGHTS RESERVED

- No part of this publication may be reproduced, stored in a retrieval system or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise without the prior permission of the publisher.
- This book is sold subject to the condition that it shall not, by way of trade, be lent, re-sold, hired out or otherwise disposed of without the publisher's consent, in any form of binding or cover other than that in which it is published.
- The correct price of this publication is the price printed on this page, Any revised price indicated by a rubber stamp or by a sticker or by any other means is incorrect and should be unacceptable.

OFFICES OF THE PUBLICATION DIVISION, NCERT

NCERT Campus
Sri Aurobindo Marg
**New Delhi 110 016** Phone : 011-26562708

108, 100 Feet Road
Hosdakere Halli Extension
Banashankari III Stage
**Bengaluru 560 085** Phone : 080-26725740

Navjivan Trust Building
P.O.Navjivan
**Ahmedabad 380 014** Phone : 079-27541446

CWC Campus
Opp. Dhankal Bus Stop
Panihati
**Kolkata 700 114** Phone : 033-25530454

CWC Complex
Maligaon
**Guwahati 781 021** Phone : 0361-2674869

**Publication Team**

Head, Publication Division : *M. Siraj Anwar*

Chief Editor : *Shveta Uppal*

Chief Business Manager : *Gautam Ganguly*

Chief Production Officer (Incharge) : *Arun Chitkara*

Editor : *Bijnan Sutar*

Production Assistant : *Sunil Kumar*

**Cover and Layout**
*Shweta Rao*

**Illustrations**
*Irfaan*

# Foreword

The National Curriculum Framework (NCF), 2005, recommends that children's life at school must be linked to their life outside the school. This principle marks a departure from the legacy of bookish learning which continues to shape our system and causes a gap between the school, home and community. The syllabi and textbooks developed on the basis of NCF signify an attempt to implement this basic idea. They also attempt to discourage rote learning and the maintenance of sharp boundaries between different subject areas. We hope these measures will take us significantly further in the direction of a child-centred system of education outlined in the National Policy on Education (1986).

The success of this effort depends on the steps that school principals and teachers will take to encourage children to reflect on their own learning and to pursue imaginative activities and questions. We must recognise that given space, time and freedom, children generate new knowledge by engaging with the information passed on to them by adults. Treating the prescribed textbook as the sole basis of examination is one of the key reasons why other resources and sites of learning are ignored. Inculcating creativity and initiative is possible if we perceive and treat children as participants in learning, not as receivers of a fixed body of knowledge.

These aims imply considerable change in school routines and mode of functioning. Flexibility in the daily timetable is as necessary as rigour in implementing the annual calendar so that the required number of teaching days is actually devoted to teaching. The methods used for teaching and evaluation will also determine how effective this textbook proves for making children's life at school a happy experience, rather than a source of stress or boredom. Syllabus designers have tried to address the problem of curricular burden by restructuring and reorienting knowledge at different stages with greater consideration for child psychology and the time available for teaching. The textbook attempts to enhance this endeavour by giving higher priority and space to opportunities for contemplation and wondering, discussion in small groups, and activities requiring hands-on experience.

The National Council of Educational Research and Training (NCERT) appreciates the hard work done by the textbook development committee responsible for this book. We wish to thank the Chairperson of the advisory group in Social Sciences, Professor Hari Vasudevan, the Chief Advisors, Professor Yogendra Yadav and Professor Suhas Palshikar and the Advisor, Professor Kanti Bajpai for guiding the work of this committee. Several teachers contributed to the development of this textbook; we are grateful to their principals for making this possible. We are indebted to the institutions and organisations which have generously permitted us to draw upon their resources, material and personnel. We are especially grateful to the members of the National Monitoring Committee, appointed by the Department of Secondary and Higher Education, Ministry of Human Resources Development under the Chairpersonship of Professor Mrinal Miri and Professor G.P. Deshpande, for their valuable time and contribution. As an organisation committed to systemic reform and continuous improvement in the quality of its products, NCERT welcomes comments and suggestions which will enable us to undertake further revision and refinement.

*Director*
National Council of Educational
Research and Training

New Delhi
*20 November 2006*

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമമാർഗം എന്നതിനോടൊപ്പം സാംസ്കാരികത്തനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്നനിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

**ഡോ. ജെ. പ്രസാദ്**

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

# Preface

*Contemporary World Politics* is part of the NCERT's effort to help students understand politics. Other books for students of Political Science in Classes XI and XII deal with various facets of politics — the Indian Constitution, politics in India, and political theory. *Contemporary World Politics* enlarges the scope of politics to the world stage.

The new Political Science syllabus has finally given space to world politics. This is a vital development. As India becomes more prominent in international politics and as events outside the country influence our lives and choices, we need to know more about the world outside. International affairs are discussed with great passion in India, but not always with sufficient understanding. We tend to rely on the daily newspaper, television, and casual conversation for our knowledge of how the world works. We hope this book will help students comprehend what is happening outside and India's relations with it.

Before we go any further, it is necessary to say something about why the book is titled 'world politics' rather than the more traditional 'international politics' or 'international relations'. In this world, the relationship between governments of different countries, or what we call international politics or international relations, is of course crucial. In addition, though, there are vital connections between governments, non-government institutions, and ordinary people. These are often referred to as transnational relations. To understand the world, it is not possible any longer to understand only the links between governments. It is necessary to understand what happens across boundaries also — and governments are not the only agents of what happens.

In addition, world politics includes politics within other countries, understood in comparative perspective. For instance, the chapter on events in the "second world" of the communist countries after the Cold War deals with internal developments in this region. The South Asia chapter presents the state of democracy amongst India's neighbours. This is the field of comparative politics.

The book is concerned with world politics as it is today, more or less. It does not deal with world politics through the 19th or 20th centuries. The politics of those eras is dealt with in the History textbooks. We deal with the 20th century only to the extent that it is the background to present events and trends. For instance, we begin with the Cold War because it is impossible to comprehend where we are today without an understanding of what the Cold War was and how it ended.

How should you use this book? Our hope is that this book will serve as an introduction to world politics. Teachers and students will use the book as a springboard to find out more about contemporary world politics. Each chapter will give you a certain amount of information. It will also, though, give you some useful concepts with which to understand the world: the Cold War; the notion of hegemony; international organisations; national security and human security; environmental security; globalisation; and so on.

Each chapter begins with an overview to quickly give you an idea of what to expect. Each chapter also has maps, tables, graphics, boxes, cartoons, and other illustrations to enliven your reading and to get you to reflect on world politics by provoking, challenging, or amusing you. The characters — Unni and Munni, introduced in earlier

books, reappear. They ask their innocent, often mischievous, frequently probing questions. The chapters have suggestions on group activity ("Let's Do It Together")—collecting materials together, solving an international problem, making you negotiate as if you were a diplomat. Then there are the "plus boxes" which provide information not so much for tests and examination questions but rather to fill out knowledge, to summarise information that would burden the text, and, sometimes, to urge you to think further about the subject. The exercises at the end of each chapter should help review materials that you have read and take you beyond what has been said in the chapter.

You will notice also that the book is filled with maps. It is difficult if not impossible to understand world politics without a sense of where various places are located, who lives next door to whom, where boundaries, rivers, and other political and geographical features are in relation to each other. We have, therefore, been quite liberal in providing maps. These maps are to help orient you, to visualise the political and geographical spaces that you read about. They are not intended to be things you have to draw and memorise for tests!

This brings us to a crucial point about how to use the book. We have made a conscious effort not to load you down with information—with names, dates, events. We have tried to keep these to a minimum. The idea is not for you to become an expert on world politics but instead to begin to grapple with the complexity and urgency of this new world around us. At the same time, should you wish to know more about world politics, you can consult the various sources mentioned separately under, "If you want to read more...".

If the book succeeds in stimulating you, in making you ask even more questions than we have posed for you, and in making you impatient with what you have read here, then we have succeeded! We sincerely hope that you will like this book and find it engaging and useful.

We are grateful to Professor Krishna Kumar, Director, NCERT, for his support and guidance in the preparation of this book. He encouraged us in making this book as student-friendly as possible. He also patiently waited for the final draft of the book.

*Contemporary World Politics* would not have been possible without the valuable time and academic expertise of the members of the Textbook Development Committee. Each of the members gave us their precious time and set aside prior commitments at various junctures. Professor Sanjay Chaturvedi and Dr. Siddharth Mallavarapu deserve our special thanks for their help in selecting maps and in editing the text. We are grateful for the devotion and sincerity of Dr. M. V. S. V. Prasad, the coordinator of this textbook from the NCERT, as also Mr. Alex M. George and Mr. Pankaj Pushkar who worked day and night to ensure the quality of the text, the authenticity of the contents, and above all, the readability of this book. Ms. Padmavathi worked on all the exercises. The designer of this book, Ms. Shweta Rao, gave the book the attractive look and feel that it has. Without their unstinting and creative help, we could not have produced the book in its present form.

Kanti Bajpai
*Advisor*

Yogendra Yadav, Suhas Palshikar
*Chief Advisors*

# Textbook Development Committee

Chairperson, Advisory Committee for Textbooks at the Senior Secondary Level

Hari Vasudevan, *Professor*, Department of History, University of Calcutta, Kolkata

Chief Advisors

Yogendra Yadav, *Senior Fellow*, Centre for the Study of Developing Societies (CSDS), Delhi

Suhas Palshikar, *Professor*, Department of Politics and Public Administration, University of Pune, Pune

Advisor

Kanti P. Bajpai, *Headmaster*, The Doon School, Dehradun

Members

Alex M. George, *Independent Researcher*, Eruvatty, District Kannur, Kerala

Anuradha M. Chenoy, *Professor*, Centre for Russian and Central Asian Studies, SIS, JNU, New Delhi

Madhu Bhalla, *Professor*, Department of East Asian Studies, University of Delhi, Delhi

Navnita Chadha Behera, *Reader*, Department of Political Science, University of Delhi, Delhi

Padmavathi, B.S., *Faculty*, Social Sciences, International Academy for Creative Teaching (IACT), Bangalore

Pankaj Pushkar, *Senior Lecturer*, Directorate of Higher Education (Uttarakhand), Haldwani

Sabyasachi Basu Ray Chaudhury, *Reader*, Department of Political Science, Rabindra Bharati University, Kolkata

Samir Das, *Reader*, Department of Political Science, University of Calcutta, Kolkata

Sanjay Chaturvedi, *Reader*, Centre for Study of Geopolitics, Department of Political Science, Panjab University, Chandigarh

Sanjay Dubey, *Reader*, DESSH, NCERT

Shibashis Chatterjee, *Lecturer*, Department of International Relations, Jadavpur University, Kolkata

Siddharth Mallavarapu, *Assistant Professor*, Centre for International Politics, Organisation and Disarmament, SIS, JNU, New Delhi

Varun Sahni, *Professor*, Centre for International Politics, Organisation and Disarmament, SIS, JNU, New Delhi

Member-coordinator

Malla V. S. V. Prasad, *Lecturer*, Department of Education in Social Sciences and Humanities (DESSH), NCERT, New Delhi

## പാഠപുസ്തക വിവർത്തനം

### ശിൽപശാലയിൽ പങ്കെടുത്തവർ

**പി. അജിത് കുമാർ**
*അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ടുമെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ്, പയ്യന്നൂർ കോളേജ്, പയ്യന്നൂർ*

**വി. കെ. ജോബിഷ്**
*എച്ച്.എസ്.എസ്.ടി മലയാളം, ജി.എച്ച്.എസ്.എസ് ചെറുവത്തൂർ, കാസർഗോഡ്*

**പ്രദീപ്കുമാർ എൻ.**
*എച്ച്.എസ്.എസ്.ടി പൊളിറ്റിക്കൽ സയൻസ് ഗവ.എച്ച്.എസ്.എസ് പട്ടാഴി, കൊല്ലം*

**പ്രസന്നകുമാർ എസ്.**
*എച്ച്.എസ്.എസ്.ടി പൊളിറ്റിക്കൽ സയൻസ് ഗവ.എച്ച്.എസ്.എസ് കല്ലടിക്കോട്, പാലക്കാട്*

**ബിൽബി ജോസഫ്**
*എച്ച്.എസ്.എസ്.ടി പൊളിറ്റിക്കൽ സയൻസ് എ.എം.എം.എച്ച്.എസ്.എസ് ഇടയാറൻമുള, പത്തനംതിട്ട*

**മുരളീധരൻ നായർ പി.എൻ.**
*എച്ച്.എസ്.എസ്.ടി പൊളിറ്റിക്കൽ സയൻസ് എൻ.എസ്.എസ്.എച്ച്.എസ്.എസ് കിടങ്ങൂർ, കോട്ടയം*

**മുഹമ്മദ് ഷരീഫ്**
*അസിസ്റ്റന്റ് പ്രൊഫസർ, ഫാറൂഖ് ട്രെയിനിംഗ് കോളേജ് കോഴിക്കോട്*

**രാജേന്ദ്രകുമാർ പി.സി.**
*എച്ച്.എസ്.എസ്.ടി പൊളിറ്റിക്കൽ സയൻസ്, ജി.എച്ച്.എസ്.എസ് ഇരിങ്ങല്ലൂർ, കോഴിക്കോട്*

**ആർ. വിജയൻ**
*റിട്ട. പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ് യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം*

**സജി വറുഗീസ്**
*എച്ച്.എസ്.എസ്.ടി പൊളിറ്റിക്കൽ സയൻസ് ഗവ.എച്ച്.എസ്.എസ് മുളക്കുഴ, ചെങ്ങന്നൂർ*

**ഡോ. സാബു തോമസ്**
*അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ടുമെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ്, ബ്രണ്ണൻ കോളേജ്, കണ്ണൂർ*

**അക്കാദമിക് കോഡിനേറ്റർ**

**ചിത്രാ മാധവൻ**, *അസിസ്റ്റന്റ് പ്രൊഫസർ, എസ്.സി.ഇ.ആർ.ടി*

# Acknowledgements


The National Council of Educational Research and Training (NCERT) acknowledges all those who contributed – directly and indirectly – to the development of this textbook.

We offer thanks to Professor Savita Sinha, *Head*, DESSH for her support. We gratefully acknowledge the efforts of the administrative staff of DESSH.

We want to record our sincere appreciation of the generous institutional support provided by the *Lokniti* programme of the Centre for the Study of Developing Societies (CSDS). We would like to thank Professor Peter R. De Souza, *Director, Lokniti*, in particular.

The Council gratefully acknowledges the contribution of the following individuals and institutions: Mr. Robert W. Gray, *Chief*, United Nations Postal Administration, New York for granting approval to use UN stamps; Professor K. C. Suri for valuable inputs; Cagle Cartoons Inc. for providing copyrights of the cartoons of Andy Singer, Angel Boligan, Ares, Cam Cardow, Christo Komarnitski, Deng Coy Miel, Harry Harrison, Mike Lane, Milt Priggee, Pat Bagley, Petar Pismestrovic and Tab; Mr. Kutty (*Laughing with Kutty*), *The Hindu*, and *Pakistan Tribune* for the cartoons; cartoonist Irfaan Khan for the drawings; M/s. Cartographic Designs for providing two maps (India and its neighbours and the world map); the Parliament Library, the United Nations Information Centre, New Delhi and Gobar Times (*Down to Earth* supplements) for providing materials; and wikipedia and flickr.com (downloaded before 31 Dec 2006) for providing images.

The production of the book benefited greatly from the efforts of the Publications Department. Our special thanks to Purnendu Kumar Barik, *Copy Editor*, and Neelam Walecha, *DTP Operator*.


**Request for Feedback**

How did you like this textbook? What was your experience in reading or using this? What were the difficulties you faced? What changes would you like to see in the next version of this book?

Write to us on all these and any other matter related to this textbook. You could be a teacher, a parent, a student or just a general reader. We value any and every feedback.

**Please write to:**

Coordinator (Political Science)

DESS, NCERT, Sri Aurobindo Marg, New Delhi 110 016

# ഉള്ളടക്കം

Q6Q1M4


അധ്യായം 1

ശീതയുദ്ധ കാലഘട്ടം (The Cold War Era) 1

അധ്യായം 2

ഇരുധ്രുവവ്യവസ്ഥയുടെ അന്ത്യം (The End of Bipolarity) 17

അധ്യായം 3

ലോകരാഷ്ട്രീയത്തിൽ അമേരിക്കൻ അധീശത്വം
(US Hegemony in World Politics) 31

അധ്യായം 4

ബദൽ അധികാരകേന്ദ്രങ്ങൾ (Alternative Centres of Power) 51

അധ്യായം 5

സമകാലീന ദക്ഷിണേഷ്യ (Contemporary South Asia) 65

അധ്യായം 6

അന്തർദേശീയ സംഘടനകൾ (International Organisations) 81

അധ്യായം 7

സമകാലികലോകത്തെ സുരക്ഷ
(Security in the Contemporary World) 99

അധ്യായം 8

പരിസ്ഥിതിയും പ്രകൃതി വിഭവങ്ങളും
(Environment and Natural Resources) 117

അധ്യായം 9

ആഗോളവൽക്കരണം (Globalisation) 135

പദാവലി 135

## If You Want to Read More ...

Where can you read more on contemporary world politics? There are hundreds of thousands of sources, but here are a few suggestions. We focus here on English language sources. These are by no means the only good sources, but they are easier for Indian students to access.

*Wikipedia* (on the net) often has interesting entries on many of the subjects, countries, people, and events referred to in the book. Encyclopaedias such as the *Encyclopaedia Britannica* are rich sources of information. There are many more advanced introductory books on world politics. Some useful and fairly contemporary ones include *The Globalization of World Politics: An Introduction to International Relations* edited by John Baylis, Steve Smith and Patricia Owens (Oxford University Press, 2004), *The Global Future: A Brief Introduction to World Politics* by Charles W. Kegley and Gregory A. Raymond (Wadsworth Publishing, 2007), *United States and the Great Powers: World Politics in the Twenty-First Century* by Barry Buzan (Polity Press, 2004), *International Relations* by Joshua S. Goldstein and Jon C. Pevehouse (Longman, 2005) and *World Politics* by Peter Calvocoressi (Longman, 2001).

Among the magazines you could read regularly are *Frontline, India Today, Outlook* and *The Week*, all Indian publications. Also in India, there are more academic journals such as *China Report, Economic and Political Weekly, India International Centre Quarterly, India Quarterly, International Studies, Seminar, South Asian Survey, Strategic Analysis* and *World Affairs*. Outside India, there are a huge number of journals but the most popular include the following US and British journals: *Atlantic Monthly, The Economist, The National Interest, Newsweek* and *Time*. The American journals, *Foreign Affairs* and *Foreign Policy* will give you an idea how leading US thinkers regard the world. Among the academic journals, internationally, are *Alternatives, Arms Control Today, Asian Security, Asian Survey, Bulletin of the Atomic Scientists, China Quarterly, Comparative Politics, European Journal of International Relations, Global Governance, Harvard International Review, India Review, International Affairs, International Journal, International Organization, International Security, Millennium, Orbis, Pacific Affairs, Review of International Studies, Russian Review, Survival, Security Dialogue, Security Studies, Slavic Review, World Policy Journal, World Politics* and *YaleGlobal Online*.

Of course, you should get into the habit of reading the daily newspaper and keeping up with what is going on in the world. The television news channels also report regularly on world events: do watch the world unfold before your eyes!

T5V8T3

## അധ്യായം ഒന്ന്

# ശീതയുദ്ധ കാലഘട്ടം (The Cold War Era)



രണ്ടാം ലോക മഹായുദ്ധത്തിന്റെ അവസാനത്തോടുകൂടി രണ്ട് വൻശക്തികൾ ഉയർന്നു വന്നു. - മുകളിലെ രണ്ട് ചിത്രങ്ങൾ അമേരിക്കയുടെയും, സോവിയറ്റ് യൂണിയന്റെയും രണ്ടാം ലോക മഹായുദ്ധത്തിലെ വിജയത്തെ പ്രതീകാത്മകമായി ചിത്രീകരിക്കുന്നു.

1. 1945 ഫെബ്രുവരി 23 ന് ജപ്പാനിലെ ഇവൊ ജിമ യുദ്ധത്തിൽ അമേരിക്കൻ ഭടന്മാർ അമേരിക്കൻ ദേശീയ പതാക ഉയർത്തുന്നു.

   കടപ്പാട്: ഇവൊജിമയിലെ പതാക ഉയർത്തൽ.

   ഫോട്ടോ: ജോസ് റോസെന്താൾ/ദി അസ്സോസ്സിയേറ്റഡ് പ്രസ്

2. 1945 മെയ് മാസം ജർമ്മനിയിലെ ബർലിനിലെ റീഷ്സ്റ്റാഗ് കെട്ടിടത്തിൽ സോവിയറ്റ് സായുധസേന സോവിയറ്റ് പതാക സ്ഥാപിക്കുന്നു.

   കടപ്പാട്: റീഷ്സ്റ്റാഗ് പതാക - ഫോട്ടോ - യെവ്ഗിനി ഖാൽദെയ്/റ്റി.എ.എസ്.എസ്.

## അവലോകനം

ഈ അധ്യായത്തിലൂടെ പുസ്തകത്തിന്റെ മുഴവൻ പശ്ചാത്തലവും മനസ്സിലാക്കാനുള്ള ഒരവസരം നൽകുന്നുണ്ട്. ലോക രാഷ്ട്രീയത്തിൽ സമകാലികയുഗത്തിന് നാന്ദികുറിക്കുന്നത് ശീതയുദ്ധത്തിന്റെ പര്യവസാനത്തോടുകൂടിയാണ്. ഈ പുസ്തകത്തിലെ മുഖ്യ ചർച്ചാ വിഷയവും ശീതയുദ്ധത്തെക്കുറിച്ച് തന്നെയാണ്. അതിനെക്കുറിച്ച് ചർച്ച നടത്തിക്കൊണ്ട് പഠനം ആരംഭിക്കുന്നതായിരിക്കും ഉചിതമെന്ന് തോന്നുന്നു. ശീതയുദ്ധത്തിന്റെ കേന്ദ്രസ്ഥാനത്തേക്ക് രണ്ട് വൻശക്തികളുടെ - (അമേരിക്കൻ ഐക്യനാടും, സോവിയറ്റ് യൂണിയനും) - ആധിപത്യം എങ്ങനെ വന്നു എന്നതാണ് ഈ അധ്യായം പരിശോധിക്കുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ശീതയുദ്ധസമരങ്ങളെ ഈ അധ്യായം അടയാളപ്പെടുത്തുന്നു. രണ്ടു വൻശക്തികളുടെ മേധാവിത്വത്തിന് വേണ്ടിയുള്ള മത്സരത്തിന് വെല്ലുവിളിയായിട്ടാണ് ചേരിചേരാ പ്രസ്ഥാനത്തെ ഈ അധ്യായം പരാമർശിക്കുന്നത്. നവ അന്തർദേശീയ സാമ്പത്തികഘടന സ്ഥാപിക്കാനുള്ള ചേരിചേരാ പ്രസ്ഥാനങ്ങളുടെ ഉദ്യമങ്ങളെ സാമ്പത്തിക വികസനത്തിനും രാഷ്ട്രീയ സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള മാർഗങ്ങളായും ഇവിടെ വിവരിക്കുന്നു. ചേരിചേരാ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇന്ത്യയുടെ പങ്ക് പരിശോധിച്ചുകൊണ്ടും, ഈ നയം ഇന്ത്യയുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ എത്രമാത്രം വിജയിച്ചു എന്ന് വിലയിരുത്തിക്കൊണ്ടും ഈ അധ്യായം പര്യവസാനിക്കുന്നു.



*നാം ഒരു ലോക സഞ്ചാരത്തിലാണ്! നമുക്ക് വിവിധ രാജ്യങ്ങളിൽ വച്ചു കണ്ടുമുട്ടാം. പ്രധാന ലോകസംഭവങ്ങൾ നടന്ന ഇടങ്ങളിൽ വച്ച് കണ്ടുമുട്ടുന്നത് നന്നായിരിക്കും.*




*ക്യൂബൻ പ്രദേശത്ത് വിന്യസിച്ച ആണവ മിസൈലുകളുടെ ദൂരപരിധി വിവരിക്കുന്ന രൂപടം, ക്യൂബൻ പ്രതിസന്ധി രൂപംകൊണ്ട സമയത്ത് നടന്ന രഹസ്യ യോഗങ്ങളിൽ ഉപയോഗിച്ചത്.*

*ഉറവിടം: ജോൺ. എഫ്. കെന്നഡി പ്രസിഡൻഷ്യൽ ലൈബ്രറി ആൻഡ് മ്യൂസിയം*

## ക്യൂബൻ മിസൈൽ പ്രതിസന്ധി (Cuban Missile Crisis)

1961 ഏപ്രിലിൽ അമേരിക്കൻ തീരത്തിനടുത്തുള്ള കമ്മ്യൂണിസ്റ്റ് ഭരണം നിലവിലുള്ള ക്യൂബയെ അമേരിക്ക ആക്രമിക്കുമെന്നും ഈ ചെറു ദ്വീപ്‌രാഷ്ട്രത്തിന്റെ പ്രസിഡന്റായ ഫിദൽ കാസ്ട്രോയെ പുറത്താക്കുമെന്നും സോവിയറ്റ് നേതാക്കൾ ഉത്കണ്ഠപ്പെട്ടു. സോവിയറ്റ് യൂണിയന്റെ സഖ്യകക്ഷിയായതുകൊണ്ട് ക്യൂബയ്ക്ക് അവിടെനിന്നും നയതന്ത്രപരവും സാമ്പത്തികവുമായ സഹായവും പിന്തുണയും ലഭിച്ചിരുന്നു. സോവിയറ്റ് നേതാവ് നികിത ക്രുഷ്ച്ചേവ് ക്യൂബയെ റഷ്യൻ സൈനികതാവളമാക്കാൻ തീരുമാനമെടുത്തു. 1962-ൽ ക്യൂബയിൽ അദ്ദേഹം ആണവ മിസൈലുകൾ സ്ഥാപിച്ചു. ഈ ആയുധങ്ങൾ സ്ഥാപിച്ചതിലൂടെ അമേരിക്ക ആദ്യമായി സോവിയറ്റ് യൂണിയന്റെ ആക്രമണപരിധിക്കുള്ളിലാവുകയും സോവിയറ്റ് യൂണിയന്റെ ഭീഷണിയിൽപ്പെട്ട അമേരിക്കൻ വൻകരയിലെ നഗരങ്ങളുടെയും സൈനിക താവളങ്ങളുടെയും എണ്ണം ഇരട്ടിക്കുകയും ചെയ്തു.

സോവിയറ്റ് യൂണിയൻ ക്യൂബയിൽ ആണവായുധങ്ങൾ വിന്യസിച്ച് മൂന്നാഴ്ചകൾക്കുശേഷം അമേരിക്കക്ക് വിവരം ലഭിച്ചു. എന്നാൽ ഇരുരാജ്യങ്ങളും തമ്മിലുള്ള ഒരു തുറന്ന ആണവയുദ്ധമായി അത് മാറാതിരിക്കാൻ പ്രസിഡന്റ് ജോൺ. എഫ്. കെന്നഡിയോ ഉപദേശകരോ ഒന്നും ചെയ്തില്ല. എങ്കിലും ക്യൂബയിൽ നിന്നും ആണവ മിസൈൽ പൂർണമായും നീക്കം ചെയ്യണമെന്ന് ക്രുഷ്ചേവിനോട് ശക്തമായി ആവശ്യപ്പെട്ടു. താൻ എത്ര ഗൗരവമായാണ് കാര്യങ്ങളെ സമീപിക്കുന്നതെന്ന മുന്നറിയിപ്പ് സോവിയറ്റ് യൂണിയന് നൽകുന്നതിന് കെന്നഡി ക്യൂബയിലേക്കു വരുന്ന എല്ലാ സോവിയറ്റ് കപ്പലുകളെയും തടയാൻ അമേരിക്കൻ യുദ്ധക്കപ്പലുകൾക്ക് ഉത്തരവും നൽകി. ഇരുരാജ്യങ്ങളും തമ്മിൽ ഒരു സംഘട്ടനം ആസന്നമാണെന്ന സ്ഥിതി സംജാതമായി, ഇതാണ് ക്യൂബൻ മിസൈൽ പ്രതിസന്ധി. ഇതൊരു സാധാരണ യുദ്ധമായി

രിക്കില്ലെന്നതുകൊണ്ട് തന്നെ ഈ സംഘർഷത്തെ വളരെ ഉത്കണ്ഠയോടു കൂടിയാണ് ലോകം വീക്ഷിച്ചത്. ഒടുവിൽ ഇരുരാജ്യങ്ങളും യുദ്ധം ഒഴിവാക്കാൻ തയാറായത് ലോകരാജ്യങ്ങൾക്ക് ആശ്വാസമായി. സോവിയറ്റ് കപ്പൽ വ്യൂഹം ക്യൂബൻ തീരങ്ങളിൽ നിന്നും പിൻവാങ്ങാൻ തീരുമാനമെടുത്തു.

ശീതയുദ്ധത്തിന്റെ മൂർദ്ധന്യാവസ്ഥയെ സൂചിപ്പിക്കുന്ന സംഭവമായിരുന്നു ക്യൂബൻ മിസൈൽ പ്രതിസന്ധി. അമേരിക്കയും സോവിയറ്റ് യൂണിയനും അവരുടെ സഖ്യകക്ഷികളുടെ പിന്തുണയോടെ നടത്തിയ മത്സരങ്ങളെയും അതിനെ തുടർന്നുണ്ടായ പിരിമുറുക്കങ്ങളെയും സംഘർഷപരമ്പരകളെയും പരാമർശിക്കാനാണ് ശീതയുദ്ധം എന്ന പദം ഉപയോഗിക്കുന്നത്. ഭാഗ്യത്തിന് ഇത് ഒരു 'ഉഷ്ണ' യുദ്ധമായി (Hot war) പരിണമിച്ചില്ല. അതായത്, ഇത് വൻശക്തികൾ തമ്മിലുള്ള തുറന്ന യുദ്ധമായി മാറിയില്ല. ലോകത്തിന്റെ വിവിധ മേഖലകളിൽ ഇരുമഹാശക്തികളും അവയുടെ സഖ്യശക്തികളും പലപ്പോഴും ഏറ്റുമുട്ടിയിരുന്നു. എന്നാൽ ഇത്തരം സംഘട്ടനങ്ങൾ മറ്റൊരു ആഗോള യുദ്ധത്തിന് ഹേതുവായിത്തീർന്നില്ല.

ശീതയുദ്ധമെന്നത് കേവലം അധികാര വൈരാഗ്യത്തിന്റെ കാര്യമോ, സൈനിക സഖ്യങ്ങളുടെ അധികാരവടംവലിയോ ആയിരുന്നില്ല. ഇതിനെല്ലാത്തിനുമൊപ്പം പ്രത്യയശാസ്ത്രപരമായ മത്സരം കൂടിയായിരുന്നു അത്; രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക ജീവിതത്തിന്റെ സംഘാടനത്തിന് ലോകത്തിനു മുന്നിലുള്ള മികച്ച മാർഗം ഏതാണെന്നതിനെ സംബന്ധിച്ച ഭിന്നതയായിരുന്നു മത്സരത്തിന്റെ കാതൽ. അമേരിക്കൻ നേതൃത്വത്തിലുള്ള പാശ്ചാത്യസഖ്യം മുതലാളിത്തത്തെയും ഉദാര ജനാധിപത്യത്തെയും പ്രതിനിധീകരിച്ചപ്പോൾ, സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലുള്ള കിഴക്കൻ സഖ്യം സോഷ്യലിസം, കമ്മ്യൂണിസം മുതലായ പ്രത്യയശാസ്ത്രങ്ങളോടായിരുന്നു പ്രതിബദ്ധത നിലനിർത്തിയത്. ഇത്തരം പ്രത്യയശാസ്ത്രങ്ങളെ കുറിച്ച് പതിനൊന്നാം ക്ലാസ്സിൽ നിങ്ങൾ പഠിച്ചിട്ടുണ്ട്.

## ശീതയുദ്ധം എന്നാൽ എന്ത്? (What is Cold War?)

സമകാലിക ലോക രാഷ്ട്രീയത്തിലെ ഒരു നാഴികക്കല്ലാണ് രണ്ടാംലോക മഹായുദ്ധത്തിന്റെ സമാപനം. 1945-ൽ അമേരിക്ക, സോവിയറ്റ് യൂണിയൻ, ബ്രിട്ടൻ, ഫ്രാൻസ് എന്നീ രാഷ്ട്രങ്ങളുടെ സഖ്യം ജർമ്മനി, ഇറ്റലി, ജപ്പാൻ എന്നീ രാഷ്ട്രങ്ങൾ നയിച്ച അച്ചുതണ്ട് ശക്തിയെ പരാജയപ്പെടുത്തിയതോടെ രണ്ടാംലോക മഹായുദ്ധം അവസാനിച്ചു (1939-45). ലോകത്തിലെ വൻശക്തികൾ എല്ലാം ഉൾപ്പെട്ട ഈ യുദ്ധം യൂറോപ്പിനുപുറത്തേക്ക് വ്യാപിച്ച് തെക്കുകിഴക്ക് ഏഷ്യ, ചൈന, ബർമ (ഇപ്പോഴത്തെ മ്യാൻമാർ), ഇന്ത്യയുടെ വടക്കുകിഴക്കൻ ഭാഗങ്ങൾ എന്നിവിടങ്ങളിൽവരെ എത്തിച്ചേർന്നു. മനുഷ്യജീവനും വസ്തുവകകൾക്കും വൻതോതിൽ നാശം വിതച്ച ഈ യുദ്ധം ലോകത്തെ വലിയ തകർച്ചയിലേക്ക് നയിച്ചു. 1914 മുതൽ 1918 വരെയുള്ള ഒന്നാംലോക മഹായുദ്ധവും മുമ്പ് ഇതുപോലെ ലോകത്തെ പിടിച്ചുലച്ചിരുന്നു.

രണ്ടാംലോക മഹായുദ്ധത്തിന്റെ അവസാനത്തോടെ ശീതയുദ്ധം ആരംഭിച്ചു. 1945 ഓഗസ്റ്റിൽ അമേരിക്ക, ജപ്പാൻ നഗരങ്ങളായ ഹിരോഷിമ, നാഗസാക്കി എന്നിവിടങ്ങളിൽ ആണവ ബോംബ് വർഷിച്ചതോടെ ജപ്പാൻ കീഴടങ്ങുകയും ലോകയുദ്ധം അവസാനിക്കുകയും ചെയ്തു. ജപ്പാൻ കീഴടങ്ങുമെന്ന് അറിയാമായിരുന്നിട്ടും അമേരിക്ക അനാവശ്യമായി ആണവായുധം ഉപയോഗിക്കുകയായിരുന്നുവെന്ന് വിമർശകർ കുറ്റപ്പെടുത്തുന്നു. ഏഷ്യയിലും മറ്റിടങ്ങളിലും സോവിയറ്റ് യൂണിയൻ രാഷ്ട്രീയസൈനിക നേട്ടങ്ങൾ ആർജിക്കുന്നത് തടയുകയും അമേരിക്കയുടെ മേൽക്കോയ്മ മോസ്കോയ്ക്ക് കാണിച്ചുകൊടുക്കുകയുമായിരുന്നു ഈ തീരുമാനത്തിന്റെ പിന്നിലെ ഉദ്ദേശമെന്ന് അവർ ചൂണ്ടിക്കാണിക്കുന്നു. യുദ്ധം പെട്ടെന്നു തന്നെ പരിസമാപ്തിയിലെത്തിക്കാനും കൂടുതൽ മനുഷ്യ ജീവനുകൾ നഷ്ടപ്പെടുന്നത് തടയാനും ആണവബോംബാക്രമണം മാത്രമേ പോംവഴി ഉണ്ടായിരുന്നുള്ളൂവെന്ന് അമേരിക്കയെ പിന്തുണക്കുന്നവരും വാദിക്കുന്നു.



വളരെ അടുത്തായിട്ടുപോലും വളരെ അകലെയാണ്! അമേരിക്ക വളരെ അടുത്തായിട്ടുപോലും, ഇത്രനാളും ഒരു കമ്മ്യൂണിസ്റ്റ് രാഷ്ട്രമായി ക്യൂബയ്ക്ക് അതിജീവിക്കാൻ കഴിഞ്ഞുവെന്നത് എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. ഭൂപടം പരിശോധിച്ചു നോക്കൂ.










ഇതിന്റെ ഉദ്ദേശം എന്തായിരുന്നാലും യുദ്ധാന്ത്യത്തിന്റെ പരിണിതഫലമെന്നത് ആഗോളതലത്തിലേക്ക് പുതിയ രണ്ടു ശക്തികൾ ആവിർഭവിച്ചു എന്നതാണ്. ജർമ്മനിയും ജപ്പാനും പരാജയപ്പെടുകയും യൂറോപ്പും ലോകത്തിന്റെ ഇതര ഭാഗങ്ങളും നാശത്തിനിരയാവുകയും ചെയ്തപ്പോൾ അമേരിക്കയും സോവിയറ്റ് യൂണിയനും ലോകശക്തികളായി ഉയരുകയും ലോകത്തിന്റെ ഏതുകോണിലും സ്വാധീനം ചെലുത്താനുള്ള ശേഷി കൈവരിക്കുകയും ചെയ്തു.

പരസ്പരം വിരുദ്ധശക്തികളായി അമേരിക്കയും സോവിയറ്റ് യൂണിയനും ഉയർന്നുവന്നതിന്റെ പരിണിതഫലമാണ് ശീതയുദ്ധം എന്നിരിക്കെ ആണവയുദ്ധം വരുത്തിവയ്ക്കുന്ന നാശം രാജ്യങ്ങൾക്ക് താങ്ങാൻ പറ്റാവുന്നതിനുമപ്പുറമാണെന്ന തിരിച്ചറിവും ഇതിന് പിന്നിലുണ്ടായിരുന്നു. ഇതിലെ യുക്തി ലളിതമെങ്കിലും വളരെ കരുത്തുറ്റതാണ്. രണ്ട് വിരുദ്ധ ശക്തികൾ മനുഷ്യജീവനും മറ്റ് നാശനഷ്ടങ്ങൾക്കും വഴിവയ്ക്കുന്ന ആണവായുധങ്ങൾ കൈവശം വയ്ക്കുമ്പോൾ ഒരു പൂർണതോതിലുള്ള യുദ്ധസാധ്യത കുറവാണ്. പ്രകോപനങ്ങൾ നിലനിൽക്കുമ്പോഴും ഇരു രാജ്യങ്ങളും ഒരു യുദ്ധത്തിന് തയാറായിരുന്നില്ല. ഇവർ തമ്മിലുള്ള ഒരു യുദ്ധത്തിൽ നിന്നുണ്ടാകുന്ന ഒരു രാഷ്ട്രീയനേട്ടം അവരുടെ സമൂഹത്തി

*ഈ ചിത്രങ്ങൾ കാണിച്ചുതരുന്നത് അമേരിക്ക നടത്തിയ ബോംബാക്രമണത്തിന്റെ നാശങ്ങളാണ്. ഹിരോഷിമയിൽ (ലിറ്റിൽ ബോയ് എന്ന കോഡ് ഉപയോഗിച്ചും) നാഗസാക്കിയിലും (ഫാറ്റ്മാൻ എന്ന കോഡ് ഉപയോഗിച്ചും) അമേരിക്ക ബോംബാക്രമണം നടത്തി. താരതമ്യേന പ്രഹര ശേഷി കുറഞ്ഞ ബോംബുകളായി ഭവണം ഇവയെകരുതാൻ. കാരണം ഇവയുടെ പതിന്മടങ്ങ് സംഹാരശേഷിയുള്ള ആണവായുധ ശേഖരമാണ് വൻ ശക്തികളുടെ പക്കൽ ഇന്ന് ഉള്ളത്. ലിറ്റിൽ ബോയിയുടെ പ്രഹരശേഷി 15 കിലോടണ്ണും ഫാറ്റ്മാന്റേത് 212 കിലോടണ്ണുമായിരുന്നു പ്രഹരശേഷി. 1950 കളുടെ ആരംഭത്തിൽ അമേരിക്കയും സോവിയറ്റ് യൂണിയനും തെർമോന്യൂക്ലിയർ കരുത്ത് ആർജിക്കുകയുണ്ടായി. ഇവയുടെ പ്രഹരശേഷി 10000 മുതൽ 15000 കിലോടൺ വരെയാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഹിരോഷിമ, നാഗസാക്കി എന്നിവിടങ്ങളിലുണ്ടായ നാശനഷ്ടങ്ങളുടെ ആയിരം മടങ്ങ് സംഹാരശേഷി ഇവയ്ക്ക് ഉണ്ട്. ഇത്തരത്തിലുള്ള ആയിരക്കണക്കിന് ആയുധങ്ങൾ ശീതസമരകാലത്ത് വൻശക്തികൾ സ്വരൂപിച്ചിരുന്നു. ആഗോളതലത്തിൽ ഇവയ്ക്ക് വരുത്തിവയ്ക്കാനാവുന്ന വിപത്തിനെക്കുറിച്ച് ഒന്ന് ചിന്തിച്ചുനോക്കൂ.*

നേൽപ്പിക്കുന്ന നാശനഷ്ടങ്ങൾക്ക് പകരമാകുന്നില്ല.

ഒരു ആണവയുദ്ധം ഉണ്ടായാൽ അത് ഇരുഭാഗത്തും വലിയ നാശങ്ങളുണ്ടാക്കും എന്നതുകൊണ്ട് ആരാണ് വിജയിക്കുന്നതെന്നും പരാജയപ്പെടുന്നതെന്നും പ്രഖ്യാപിക്കുക അസാധ്യമാണ്. ഒരു രാജ്യം തന്റെ ആണവക്കരുത്തുപയോഗിച്ച് മറ്റൊരു ശത്രുരാജ്യത്തെ ആക്രമിക്കുകയും ആ രാജ്യത്തിന്റെ ആണവശക്തി ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോഴും മറുപക്ഷം കടുത്ത നഷ്ടം വരുത്താനുതകുംവിധം ആണവ ബലം നിലനിർത്തിയിട്ടുണ്ടാവും. ഇതാണ് 'ആണവ പ്രതിരോധം' എന്നതിനു പിന്നിലെ യുക്തിപൂർവമായ ചിന്ത. ഇരുപക്ഷത്തിനും തിരിച്ചടിക്കാനും വലിയ നാശനഷ്ടങ്ങളുണ്ടാക്കാനുമുള്ള ശേഷിയുള്ളതുകൊണ്ട് ഒരു യുദ്ധത്തിന് ആരും മുൻകൈയെടുക്കുകയില്ല. അതുകൊണ്ടുതന്നെ ശീതയുദ്ധം - വൻശക്തികൾ തമ്മിലുള്ള കടുത്ത ശത്രുത ഉണ്ടായിരുന്നിട്ടുപോലും - ഒരു 'ഉഷ്ണ' യുദ്ധത്തിലേക്കോ അല്ലെങ്കിൽ പ്രത്യക്ഷ യുദ്ധത്തിലേക്കോ പോകാതെ 'ശീത' അവസ്ഥയിൽതന്നെ തുടർന്നു. ആണവപ്രതിരോധം യുദ്ധത്തെ തടയുന്നുവെങ്കിലും വൻശക്തികൾ തമ്മിലുള്ള ശത്രുത നിലനിൽക്കുന്നു.

ശീതയുദ്ധ കാലഘട്ടത്തിലെ പ്രധാന സൈനിക സവിശേഷതകൾ നമുക്ക് പരിശോധിക്കാം. ഇരുവൻശക്തികളും അവർ നയിക്കുന്ന ചേരികളിലുള്ള രാഷ്ട്രങ്ങളും യുക്തിപൂർവവും ഉത്തരവാദിത്തത്തോടെയും പെരുമാറുമെന്നായിരുന്നു പ്രതീക്ഷിച്ചിരുന്നത്. രണ്ട് വൻശക്തികൾ ഉൾപ്പെടുന്ന യുദ്ധങ്ങൾ വരുത്തുന്ന അപകടഭീഷണിയെക്കുറിച്ച് ഇരുവർക്കും ബോധ്യമുണ്ട്. ഇരുശക്തി കേന്ദ്രങ്ങളും ആണവ പ്രതിരോധ ബന്ധങ്ങൾ നിലനിർത്തുമ്പോൾ ഒരു യുദ്ധം ഉണ്ടായാൽ അത് അതീവ നാശമായിരിക്കും. ആയതിനാൽ ഉത്തരവാദിത്വം എന്നത് അർഥമാക്കുന്നത് ഇനിയൊരു ലോക മഹായുദ്ധത്തിന്റെ സാധ്യത ഇല്ലാതാക്കുകയും സ്വയം നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുക എന്നതാണ്. ഈ അർഥത്തിൽ

ശീതയുദ്ധം മനുഷ്യന്റെ അതിജീവനം സുസ്ഥിരമാക്കാൻ സഹായിച്ചിട്ടുണ്ട്.

## രണ്ട് ശാക്തികചേരികളുടെ ആവിർഭാവം (The Emergence of Two Power Blocs)

രണ്ട് വൻശക്തികളും തങ്ങളുടെ സ്വാധീനമേഖല ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിൽ അതീവ തൽപരരായിരുന്നു. രണ്ടു തീവ്ര സൈനിക ചേരികളായി വിഭജിക്കപ്പെട്ട ഒരു ലോകത്ത്, ഒരു രാജ്യം അതിന്റെ സംരക്ഷണം വൻശക്തിയോട് തളച്ചിടപ്പെട്ടിരിക്കുന്നുവെന്ന് കരുതുന്നതോടൊപ്പം എതിർ വൻശക്തിയുടെയും അതിന്റെ സഖ്യരാഷ്ട്രങ്ങളുടെയും സ്വാധീനത്തെ പരിമിതപ്പെടുത്തുമെന്നും സങ്കൽപ്പിക്കപ്പെടുന്നു.

സഖ്യങ്ങളിൽ ചേർന്ന ചെറുരാജ്യങ്ങൾ വൻശക്തികളുമായുള്ള ഇത്തരം ബന്ധങ്ങൾ തങ്ങളുടേതായ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് ഉപയോഗപ്പെടുത്തി. പ്രാദേശിക ശത്രുക്കൾക്കെതിരെ, പ്രത്യേകിച്ച് ശത്രുതയുള്ള പ്രാദേശിക അയൽക്കാർക്കെതിരെ സംരക്ഷണവും ആയുധങ്ങളും സാമ്പത്തിക സഹായവും വൻശക്തികൾ വാഗ്ദാനം ചെയ്തു. രണ്ട് വൻശക്തികൾ നേതൃത്വം കൊടുത്ത സഖ്യങ്ങൾ അതുകൊണ്ടുതന്നെ ലോകത്തെ രണ്ടു ചേരികളാക്കി മാറ്റുമെന്ന് ഭീഷണിപ്പെടുത്തി. യൂറോപ്പിലാണ് ആദ്യമായി ഈ രീതിയിലുള്ള വിഭജനം സംഭവിച്ചത്. യൂറോപ്യൻ വൻകരയുടെ പടിഞ്ഞാറ് ഭാഗത്തുള്ള മിക്കവാറും രാജ്യങ്ങൾ അമേരിക്കൻ പാളയത്തിലും, കിഴക്ക് ഭാഗത്തുള്ള രാജ്യങ്ങൾ സോഷ്യലിസ്റ്റ് പാളയത്തിലുമായി നിലയുറപ്പിച്ചു. അതുകൊണ്ട് തന്നെ ഇവ പാശ്ചാത്യ സഖ്യമെന്നും പൗരസ്ത്യ സഖ്യമെന്നും അറിയപ്പെട്ടു.

1. രണ്ട് ചേരിയിലുമുള്ള മൂന്നു വീതം രാജ്യങ്ങളെ തിരിച്ചറിയുക.
2. അധ്യായം നാലിലെ യൂറോപ്യൻ യൂണിയന്റെ ഭൂപടം പരിശോധിച്ച് വാഴ്സാ ഉടമ്പടിയുടെ ഭാഗവും എന്നാൽ ഇന്ന് യൂറോപ്യൻ യൂണിയനിൽ അംഗവുമായിട്ടുള്ള നാല് രാജ്യങ്ങളെ കണ്ടെത്തുക.
3. ചുവടെയുള്ള ഭൂപടവും യൂറോപ്യൻ യൂണിയൻ രാജ്യങ്ങളുടെ ഭൂപടവും താരതമ്യം ചെയ്ത് ശീതസമരാനന്തരം ഉയർന്നുവന്ന മൂന്ന് പുതിയ രാഷ്ട്രങ്ങളെ തിരിച്ചറിയുക.




ശീതസമരകാലത്ത് വിരുദ്ധ ചേരികളിലായി വിഭജിക്കപ്പെട്ട യൂറോപ്യൻ രാജ്യങ്ങളുടെ ചിത്രം.




നിലകൊള്ളുന്നതിന്റെ അടിസ്ഥാനത്തിൽ, താഴെ കാണുന്ന ഭൂപടത്ത് മൂന്നുവിഭാഗം രാഷ്ട്രങ്ങളുടെ പേരെഴുതുക:

**മുതലാളിത്ത ചേരി**

______________

______________

______________

**കമ്മ്യൂണിസ്റ്റ് ചേരി**

______________

______________

______________

**ചേരിചേരാ പ്രസ്ഥാനം**

______________

______________

______________

പാശ്ചാത്യസഖ്യം ഒരു സംഘടനയായി രൂപപ്പെട്ടു. അതാണ് ഉത്തര അറ്റ്ലാന്റിക് സഖ്യ സംഘടന (NATO). 1949 ഏപ്രിലിൽ ഇത് ഔദ്യോഗികമായി നിലവിൽ വന്നു. 12 അംഗരാജ്യങ്ങൾ ചേർന്ന് രൂപം നൽകിയ ഈ സംഘടന യൂറോപ്പിലോ വടക്കേ അമേരിക്കയിലോ ഉള്ള ഏതെങ്കിലും അംഗരാജ്യത്തിനെതിരെയുള്ള സായുധ ആക്രമണം മുഴുവൻ അംഗങ്ങൾക്കും എതിരായ ആക്രമണമായി കണക്കാക്കുമെന്ന് പ്രഖ്യാപിച്ചു. ഓരോ രാജ്യവും പരസ്പര സഹായത്തിന് കടപ്പെട്ടവരായിരിക്കുമെന്നും പ്രഖ്യാപിക്കപ്പെട്ടു. വാഴ്സ ഉടമ്പടി എന്നറിയപ്പെട്ടിരുന്ന കിഴക്കൻ സഖ്യത്തെ സോവിയറ്റ് യൂണിയനാണ് നയിച്ചിരുന്നത്. യൂറോപ്പിൽ നാറ്റോ ശക്തികളെ ചെറുക്കുക എന്ന ലക്ഷ്യത്തോടെ 1955-ലാണ് വാഴ്സ ഉടമ്പടി രൂപീകരിക്കപ്പെട്ടത്.

ശീതയുദ്ധ കാലഘട്ടത്തിലെ അന്തർദേശീയ സഖ്യങ്ങളെ നിർണയിച്ചത് വൻശക്തികളുടെ ആവശ്യങ്ങളും ചെറുരാജ്യങ്ങളുടെ കണക്കുകൂട്ടലുകളുമായിരുന്നു. മുകളിൽ സൂചിപ്പിച്ചതുപോലെ വൻശക്തികൾ തമ്മിലുള്ള സംഘർഷങ്ങളുടെ പ്രധാനവേദിയായി യൂറോപ്പ് മാറി. ചില സാഹചര്യങ്ങളിൽ വൻശക്തികൾ തങ്ങളുടെ സൈനിക ശക്തി ഉപയോഗപ്പെടുത്തി രാജ്യങ്ങളെ തങ്ങളുടെ സഖ്യത്തിൽ നിർത്താൻ ശ്രമിച്ചു. കിഴക്കൻ യൂറോപ്പിലെ സോവിയറ്റ് ഇടപെടൽ ഇതിന് ഒരു ഉദാഹരണമാണ്. യൂറോപ്പിന്റെ കിഴക്കൻ പകുതി തങ്ങളുടെ സ്വാധീനവലയത്തിലാണെന്ന് ഉറപ്പിക്കുന്നതിന് സോവിയറ്റ് യൂണിയൻ ഈ മേഖലയിലെ രാജ്യങ്ങളിൽ തങ്ങൾക്കുള്ള വിപുലമായ സൈനികസാന്നിധ്യം ഉപയോഗിച്ചു. അതേസമയം പൗരസ്ത്യദേശങ്ങളിലും, തെക്കുകിഴക്ക് ഏഷ്യയിലും പശ്ചിമേഷ്യയിലും (മധ്യപൂർവ ദേശം) അമേരിക്ക സഖ്യശ്രമങ്ങളുമായി മുന്നേറി. ഇവിടം കേന്ദ്രമാക്കിക്കൊണ്ട് തെക്കുകിഴക്ക് ഏഷ്യൻ ഉടമ്പടി (SEATO), മധ്യദേശ ഉടമ്പടി (CENTO) എന്നീ സഖ്യങ്ങൾ സ്ഥാപിച്ചു. പ്രദേശത്തെ മറ്റു രാജ്യങ്ങളായ ഉത്തര വിയറ്റ്നാം, ഉത്തര കൊറിയ, ഇറാഖ് എന്നീ രാജ്യങ്ങളുമായി ഉറ്റബന്ധം സ്ഥാപിച്ചുകൊണ്ടാണ് സോവിയറ്റ് യൂണിയനും കമ്മ്യൂണിസ്റ്റ് ചൈനയും ഇതിനോട് പ്രതികരിച്ചത്.

ശീതയുദ്ധം ലോകത്തെ രണ്ട് ശാക്തിക ചേരികളായി വിഭജിക്കും എന്ന ഭീഷണി ഉയർന്നു. ബ്രിട്ടൺ, ഫ്രാൻസ് മുതലായ സാമ്രാജ്യത്വ ശക്തികളിൽ നിന്നും സ്വാതന്ത്ര്യം നേടിയ പുതിയ രാജ്യങ്ങൾക്ക് അവരുടെ സ്വാതന്ത്ര്യം വീണ്ടും നഷ്ടപ്പെടുമോ എന്ന ഭീതിയും ഈ സഹാചര്യത്തിൽ ഉണ്ടായി. സഖ്യത്തിനുള്ളിൽ വിള്ളലുകളും പിളർപ്പുകളും താമസിയാതെയുണ്ടായി. 1950-കളുടെ അവസാന

ത്തോടെ ചൈന സോവിയറ്റ് യൂണിയനുമായി കലഹിക്കുകയും 1969-ൽ അതിർത്തി തർക്കത്തെ തുടർന്ന് ചൈനയും സോവിയറ്റ് യൂണിയനും ചെറുയുദ്ധത്തിൽ ഏർപ്പെടുകയും ചെയ്തു. ഈ ഘട്ടത്തിലുണ്ടായ മറ്റൊരു പ്രധാന സംഭവവികാസം പുതുതായി സ്വതന്ത്രരായ രാജ്യങ്ങൾക്ക് സൈനിക സഖ്യങ്ങളിൽനിന്ന് വിട്ടുനിൽക്കാൻ സഹായിച്ചത് ചേരിചേരാപ്രസ്ഥാനത്തിന്റെ സാന്നിദ്ധ്യമാണ്.

വൻശക്തികൾക്ക് എന്തുകൊണ്ടാണ് സഖ്യങ്ങൾ ആവശ്യമായതെന്ന് നിങ്ങൾ ചോദിച്ചേക്കാം. ഏഷ്യയിലെയും ആഫ്രിക്കയിലെയും യൂറോപ്പിലെ തന്നെയും ചെറുരാജ്യങ്ങളുടെ സംയുക്തശക്തിയെ വെല്ലാൻ തക്കവിധം ആണവായുധവും സൈനിക കരുത്തും വൻശക്തികൾക്ക് ഉണ്ടായിരുന്നു. എന്നിരുന്നാലും ചെറുരാഷ്ട്രങ്ങൾ വൻശക്തികൾക്ക് താഴെപ്പറയുന്നവ ലഭിക്കുന്നതിന് സഹായകരമായിരുന്നു:

i. സുപ്രധാന വിഭവങ്ങളായ എണ്ണയും ധാതുക്കളും,

ii. വൻശക്തികൾക്ക് ആയുധങ്ങളും സൈന്യത്തെയും വിന്യസിക്കുന്നതിനാവശ്യമായ ഭൂപ്രദേശം,

iii. പരസ്പരം ചാരപ്രവർത്തനം നടത്തുന്നതിനാവശ്യമായ ഇടം,

iv. സാമ്പത്തിക പിന്തുണ - പല ചെറിയ സഖ്യകക്ഷികളും ഒരുമിച്ച് സൈനിക ചെലവുകൾക്ക് വൻശക്തികളെ സഹായിക്കും.

പ്രത്യയശാസ്ത്രപരമായ കാരണങ്ങളാലും അവർക്ക് പ്രാധാന്യമുണ്ടായിരുന്നു. അതായത് തങ്ങളുടെ പ്രത്യയ ശാസ്ത്രപരമായ ഏറ്റുമുട്ടലിൽ ചെറുരാജ്യങ്ങളെ ഒപ്പം ചേർത്ത് മറുപക്ഷത്തെ ദുർബലപ്പെടുത്തുകയും അതുവഴി തങ്ങളുടെ ആശയത്തിന് സ്വീകാര്യത ഉറപ്പുവരുത്തുകയും ചെയ്യുക. ഉദാര ജനാധിപത്യവും, മുതലാളിത്തവും, സോഷ്യലിസത്തേക്കാളും, കമ്മ്യൂണിസത്തേക്കാളും ശ്രേഷ്ഠമാണ് എന്നും, അല്ല മറിച്ചാണ് എന്നും പ്രചരിപ്പിക്കപ്പെട്ടു.

## ശീതയുദ്ധത്തിന്റെ പോർക്കളങ്ങൾ (Arenas of Cold War)

ഈ അധ്യായത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ച ക്യൂബൻ മിസൈൽ പ്രതിസന്ധി ശീതയുദ്ധകാലത്ത് രൂപമെടുത്ത രാജ്യാന്തര പ്രതിസന്ധികളിൽ ഒന്നുമാത്രമാണ്. ശീതയുദ്ധം നിരവധി യുദ്ധങ്ങളിലേക്ക് നയിച്ചുവെങ്കിലും പ്രതിസന്ധികളും യുദ്ധങ്ങളും മറ്റൊരു ലോകയുദ്ധമായി പരിണമിച്ചില്ലെന്നത് വളരെ പ്രധാനമാണ്. വൻശക്തികൾ നേർക്കുനേർ ഏറ്റുമുട്ടിയ സന്ദർഭങ്ങൾ അനേകമുണ്ട്. കൊറിയ (1950-53), ബർലിൻ (1958-62), കോംഗൊ (1960 കളുടെ ആരംഭത്തിൽ) തുടങ്ങിയ ഇടങ്ങളിൽ രണ്ടു വൻശക്തികളും നേരിട്ടുള്ള സംഘർഷങ്ങളിൽ ഇടപെട്ടു. ഇരുചേരികളും തങ്ങളുടെ നിലപാടുകളിൽ നിന്ന് പിന്നോക്കം പോകാൻ തയാറാകാത്തത് മാത്സര്യത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു. ശീതയുദ്ധത്തിന്റെ പോർക്കളങ്ങൾ എന്നതുകൊണ്ട് നാം സൂചിപ്പിക്കുന്നത് പ്രതിസന്ധികളും യുദ്ധങ്ങളും ഉണ്ടായ മേഖലകളാണ് അല്ലെങ്കിൽ ചില പരിധികൾ ലംഘിക്കാതെ സൈനികസഖ്യങ്ങൾ തമ്മിലുണ്ടായ യുദ്ധഭീഷണികളാണ്. കൊറിയ, വിയറ്റ്നാം, അഫ്ഘാനിസ്ഥാൻ പോലെയുള്ള പോർക്കളങ്ങളിൽ ധാരാളം ജീവനുകൾ നഷ്ടമായി. ചില അവസരങ്ങളിൽ വൻ സൈനിക വിന്യാസം തന്നെ നടത്തിയിട്ടുണ്ട്. വിവിധ സാഹചര്യങ്ങളിൽ വൻശക്തികൾക്കിടയിലുള്ള നയതന്ത്ര ആശയവിനിമയം നിലനിർത്താൻ സാധിക്കാതിരുന്നത് തെറ്റിദ്ധാരണകൾക്കിടയാക്കി.

പലപ്പോഴും ഇരുചേരികൾക്കും പുറത്തുനിന്നിരുന്ന ചേരിചേരാ രാജ്യങ്ങളും ഗ്രൂപ്പുകളും ശീതയുദ്ധത്തെ തുടർന്നുള്ള സംഘർഷങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനും ചില തീവ്രപ്രതിസന്ധികളെ തടയുന്നതിലും പ്രധാന പങ്കുവഹിച്ചു. ഇരുകൊറിയകളും തമ്മിലുള്ള പ്രശ്നം പരിഹരിക്കുന്നതിന് ഇന്ത്യയുടെ പ്രധാനമന്ത്രിയും ചേരിചേരാപ്രസ്ഥാനത്തിന്റെ പ്രമുഖ നേതാവുമായിരുന്ന ജവഹർലാൽ നെഹ്റു നിർണായക പങ്കുവഹിച്ചു. കോംഗൊ പ്രശ്നത്തിൽ അനുരഞ്ജന



ശീതസമരം സൃഷ്ടിച്ച മറ്റ് വിഭജനങ്ങൾ ഇല്ലാതായിട്ടും ഇന്നും എന്തേ കൊറിയകൾ രണ്ടായിത്തന്നെ നിലനില്ക്കുന്നു? കൊറിയൻ ജനതയ്ക്ക് കൊറിയ വിഭജിച്ചുതന്നെ നിൽക്കണമെന്നാണോ ആഗ്രഹം?

നമുക്കിത് ചെയ്യാം

ലോക ഭൂപടത്തിൽ ശീതയുദ്ധകാലത്തെ സംഘർഷ ബാധിത പ്രദേശങ്ങളുടെ സ്ഥാനം കണ്ടെത്താം.

## ശീതയുദ്ധ സംഭവവികാസങ്ങളുടെ നാൾവഴികൾ

1947: കമ്മ്യൂണിസത്തിന്റെ വ്യാപനം തടയാനായി അമേരിക്കൻ പ്രസിഡന്റ് ഹാരി ട്രൂമാന്റെ പ്രഖ്യാപനം.

1947 – 52: മാർഷൽ പദ്ധതി: യുദ്ധാനന്തരം യൂറോപ്യൻ രാജ്യങ്ങളുടെ പുനർനിർമ്മാണത്തിനുള്ള അമേരിക്കൻ സാമ്പത്തിക സഹായം.

1948 – 49: റഷ്യയുടെ ബർലിൻ ഉപരോധം. അമേരിക്കയും സഖ്യശക്തികളും വിമാന മാർഗം പശ്ചിമ ബർലിനിലെ ജനങ്ങൾക്ക് അവശ്യ സാധനങ്ങൾ വിതരണം നടത്തുന്നു.

1950 – 53: കൊറിയൻ യുദ്ധം

1954 – ദീൻ ബീൻ ഫു വിൽ വച്ച് വിയറ്റ്നാം ജനത ഫ്രഞ്ചുകാരെ പരാജയപ്പെടുത്തി. ജനീവ സഹകരണകരാർ ഒപ്പുവച്ചു. വിയറ്റ്നാമിനെ 17 പാരലൽ അടിസ്ഥാനമാക്കി വിഭജിച്ചു. സീറ്റൊ (SEATO) രാഷ്ട്ര കൂട്ടായ്മ രൂപീകരിച്ചു.

1954 – 75: വിയറ്റ്നാമിൽ അമേരിക്കയുടെ ഇടപെടൽ.

1955 : ബാഗ്ദാദ് ഉടമ്പടി ഒപ്പുവച്ചു. ഇത് പിന്നീട് സെന്റോ എന്നറിയപ്പെട്ടു (CENTO).

1956 : ഹംഗറിയിൽ സോവിയറ്റ് ഇടപെടൽ.

1961 : അമേരിക്കൻ ഒത്താശയോടുകൂടി ക്യൂബൻ വിമതർ ക്യൂബയിലെ ബെ ഓഫ് പിഗ്സ് ആക്ര മിക്കുന്നു. ബർലിൻ മതിൽ നിർമാണം.

1962 : ക്യൂബയിലെ മിസൈൽ പ്രതിസന്ധി.

1965 : ഡൊമനിക്കൻ റിപ്പബ്ലിക്കിൽ അമേരിക്കൻ ഇടപെടൽ

1968 : ചെക്കൊസ്ലൊവാക്യയിൽ സോവിയറ്റ് ഇടപെടൽ

1972: അമേരിക്കൻ പ്രസിഡന്റ് റിച്ചാർഡ് നിക്സൺ ചൈന സന്ദർശിച്ചു.

1978 – 89: കമ്പോഡിയയിൽ വിയറ്റ്നാമിന്റെ ഇടപെടൽ.

1979 – 89 അഫ്ഘാനിസ്ഥാനിലെ സോവിയറ്റ് ഇടപെടൽ.

1985 – സോവിയറ്റ് യൂണിയനിൽ ഗോർബച്ചേവ് പ്രസിഡണ്ടായി അധികാരമേറ്റു; പരിഷ്കരണ പ്രക്രിയയ്ക്ക് തുടക്കം കുറിച്ചു.

1989 : ബർലിൻ മതിൽ തകർന്നു; കിഴക്കൻ യൂറോപ്പിൽ സർക്കാർ വിരുദ്ധ ജനകീയ പ്രതിഷേധം.

1990 : ജർമ്മനിയുടെ ഏകീകരണം.

1991 : സോവിയറ്റ് യൂണിയന്റെ ശിഥിലീകരണം. ശീതയുദ്ധത്തിന്റെ അന്ത്യം.

ത്തിന് ഐക്യരാഷ്ട്രസഭയുടെ സെക്രട്ടറി ജനറൽ മുഖ്യപങ്കു വഹിച്ചു. യുദ്ധം എല്ലാതലത്തിലും ഒഴിവാക്കപ്പെടണമെന്നും നിയന്ത്രിക്കപ്പെടണമെന്നും അന്തർദേശീയ വിഷയങ്ങളിൽ കൂടുതൽ ഉത്തരവാദിത്വത്തോടെ പെരുമാറണമെന്നും ഇരു വൻശക്തികൾക്കും ബോധ്യപ്പെട്ടു. ശീതയുദ്ധത്തിന്റെ വേദി ലോകത്താകമാനം വ്യാപിക്കുമ്പോഴും അതിനെ നിയന്ത്രിക്കാനുള്ള യുക്തിപരമായ ശ്രമങ്ങളും ആരംഭിച്ചിരുന്നു.

എന്നിരുന്നാലും ശീതയുദ്ധം ഇരുചേരികളും തമ്മിലുള്ള ശത്രുത ഇല്ലാതാക്കിയില്ല മറിച്ച്, പരസ്പര അവിശ്വാസം ആയുധവത്കരണത്തിലേയ്ക്കും യുദ്ധത്തിനുവേണ്ടിയുള്ള നിരന്തരമായ തയാറെടുപ്പുകളിലേക്കും നയിച്ചു. യുദ്ധങ്ങൾ ഉണ്ടാകുന്നത് തടയാൻ വലിയ ആയുധശേഖരം ആവശ്യമാണെന്ന് കണക്കാക്കപ്പെട്ടു.

നിയന്ത്രണങ്ങളുള്ളപ്പോഴും യുദ്ധം ഉണ്ടായേക്കാമെന്ന് ഇരുവശത്തുമുള്ളവർ മനസ്സിലാക്കി. ഓരോ സഖ്യവും മറുഭാഗത്തിന്റെ കൈവശമുള്ള ആയുധങ്ങളെക്കുറിച്ച് തെറ്റായ കണക്കുകൂട്ടലുകൾ നടത്തി. മറുപക്ഷത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചു പോലും സംശയാലുക്കളായി. ഇതുകൂടാതെ ഭയാശങ്കകൾ കൂടികൂടിവന്നു. ആണവയുദ്ധം ഉണ്ടായാൽ എന്ത് സംഭവിക്കും? അബദ്ധത്തിൽ ആണവായുധം ഉപയോഗിച്ചാൽ എന്താകും ഫലം? യുദ്ധം ആരംഭിക്കുക എന്ന ഗൂഢലക്ഷ്യത്തോടെ ഏതെങ്കിലും സൈനികൻ ആണവായുധം ഉപയോഗിച്ചാൽ എന്ത് സംഭവിക്കും? ആണവദുരന്തമുണ്ടായാൽ എന്തായി രിക്കും സംഭവിക്കുക? സംഭവിച്ചത് കേവലം ഒരു അപകടം ആയിരുന്നോ അതല്ല ശത്രുരാജ്യം നടത്തിയ വിധ്വംസക പ്രവർത്തനം ആയിരുന്നോ എന്നും എങ്ങനെ തിരിച്ചറിയും? മറുപക്ഷത്ത് നിന്ന് ഒരു മിസൈലും രാജ്യത്ത് പതിച്ചിട്ടില്ലായെന്ന് എങ്ങനെ രാഷ്ട്ര നേതാക്കൾക്ക് പറയാൻ കഴിയും?

ഏതാനും ആണവായുധങ്ങളും ആണവേതര ആയുധങ്ങളും കുറക്കുന്നതിനെക്കുറിച്ചും ഒഴിവാക്കുന്നതിനെ പറ്റിയും ചർച്ച ചെയ്യാൻ അമേരിക്കയും സോവിയറ്റ്

ഈ സുപ്രസിദ്ധ കാർട്ടൂണുകൾ ഇന്ത്യൻ കാർട്ടൂണിസ്റ്റ് കുട്ടി വരച്ചതാണ്. ഈ രണ്ട് ചിത്രങ്ങളും ശീതസമരത്തെ സംബന്ധിച്ച ഇന്ത്യൻ വീക്ഷണത്തെ ആലേഖനം ചെയ്യുന്നു. റഷ്യയ്ക്ക് കനത്ത പ്രഹരമേൽപിച്ച് അമേരിക്ക ചൈനയുമായി രഹസ്യധാരണ രൂപപ്പെടുത്തിയതിനെയാണ് ആദ്യ ചിത്രം പ്രതിനിധാനം ചെയ്യുന്നത്. കാർട്ടൂൺ നിരീക്ഷിച്ച് കൂടുതൽ സവിശേഷതകൾ സമാഹരിക്കുക. രണ്ടാമത്തെ ചിത്രം വിയറ്റ്നാമിൽ അമേരിക്കക്കുണ്ടായ അനർഥം ചിത്രീകരിക്കുന്നു. വിയറ്റ്നാം യുദ്ധം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ സ്വരൂപിക്കുക.




**രാഷ്ട്രീയ വസന്തം** - അമേരിക്കകനുകൂലമായി ചൈനയുടെ താല്പര്യ പ്രകടനം




**ചിന്തയ്ക്കുള്ള ഭക്ഷണം**: വിയറ്റ്നാം പ്രശ്നത്തിൽ പ്രസിഡന്റ് ജോൺസൺ കൂടുതൽ കുഴപ്പങ്ങളിൽ.

**ചേരിചേരാ പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാക്കൾ**



**ജോസിപ് ബ്രോസ് ടിറ്റോ.** (1892 - 1980) യൂഗോസ്ലാവിയയിലെ പ്രസിഡന്റ് (1945-80); രണ്ടാം ലോക മഹായുദ്ധകാലത്ത് ജർമ്മനിക്കെതിരെ യുദ്ധം നയിച്ചു; ഒരു കമ്മ്യൂണിസ്റ്റ് ആയിരുന്നെങ്കിലും റഷ്യൻ ചേരിയിൽ നിന്നും അകലം പ്രാപിച്ചു; യൂഗോസ്ലാവിയയിൽ ഐക്യമുണ്ടാക്കി.



**ജവഹർലാൽ നെഹ്റു** (1889-1964) ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി (1947-64); ഏഷ്യൻ രാജ്യങ്ങളുടെ ഐക്യത്തിനു വേണ്ടി അഹോരാത്രം പരിശ്രമിച്ചു; അപകോളനീകരണം, ആണവ നിരായുധീകരണം, തുടങ്ങിയവയ്ക്കു വേണ്ടിയും പരിശ്രമിച്ചു; ലോക സമാധാനം സ്ഥാപിക്കാൻ സമാധാനപരമായ സഹവർത്തിത്വം വളർത്തണമെന്ന് ആഹ്വാനം ചെയ്തു.

യൂണിയനും തീരുമാനിച്ചു. ആയുധ നിയന്ത്രണം എന്ന സംവിധാനത്തിലൂടെ സുസ്ഥിരമായ ആയുധ സന്തുലനാവസ്ഥ രൂപപ്പെടുത്തിയെടുക്കാമെന്നും ഇരുരാജ്യങ്ങളും തീരുമാനിച്ചു. 1960-കളിൽ തുടങ്ങി ഒരു ദശാബ്ദത്തിനുള്ളിൽ ഇത്തരത്തിലുള്ള മൂന്ന് ശ്രദ്ധേയമായ ഉടമ്പടികളിൽ ഇരുരാഷ്ട്രങ്ങളും ഒപ്പു വച്ചു. ആണവ പരീക്ഷണ നിരോധന ഉടമ്പടി, ആണവ നിർവ്യാപന കരാർ, ബാലിസ്റ്റിക് മിസൈൽ നിരോധന ഉടമ്പടി എന്നിവയാണിവ. അതിനെതുടർന്ന് വൻശക്തികൾ നിരവധി തവണ ആയുധ നിയന്ത്രണ ചർച്ചകൾ നടത്തുകയും ആയുധം നിയന്ത്രിക്കുന്നതിനുള്ള കരാറുകൾ ഒപ്പുവയ്ക്കുകയും ചെയ്തു.

## ഇരുധ്രുവ സംവിധാനത്തിനെതിരെയുള്ള വെല്ലുവിളികൾ (Challenge to Bipolarity)

ശീതയുദ്ധം എങ്ങനെ ലോകത്തെ രണ്ടു വിരുദ്ധ ചേരികളിലായി വിഭജിക്കുവാൻ ശ്രമിച്ചു എന്നതിനെക്കുറിച്ച് നാം നേരത്തെ കണ്ടുവല്ലോ. ഈ പശ്ചാത്തലത്തിലാണ് ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാറ്റിൻ അമേരിക്കയിലെയും പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങൾ ഇരുചേരിയിലും ചേരാതെ ഒരു മൂന്നാം ബദലെന്ന നിലക്ക് ചേരിചേരായ്മ മുന്നോട്ടുവച്ചത്.

യൂഗോസ്ലാവിയയിലെ ജോസിപ് ബ്രോസ് ടിറ്റോ, ഇന്ത്യയിലെ ജവഹർലാൽ നെഹ്റു, ഈജിപ്തിലെ ഗമാൽ അബ്ദുൾ നാസർ എന്നീ മൂന്നു നേതാക്കൾക്കിടയിലെ സൗഹൃദവും 1956-ൽ അവർ നടത്തിയ സമ്മേളനവുമാണ് ചേരിചേരാപ്രസ്ഥാനത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ചത്. ഇൻഡോനേഷ്യയിലെ സുക്കാർണോ, ഘാനയിലെ ക്വാമേ എൻ ക്രൂമ എന്നീ നേതാക്കൾ അവരെ ശക്തമായി പിന്തുണച്ചു. ഈ അഞ്ച് നേതാക്കൾ ചേരിചേരാ പ്രസ്ഥാനത്തിന്റെ സ്ഥാപകരായി അറിയപ്പെടുന്നു. 1961-ൽ ബെൽഗ്രേഡിൽ വച്ച് ചേരിചേരാ രാജ്യങ്ങളുടെ ആദ്യ ഉച്ചകോടി നടന്നു. ഇത് പ്രധാനമായും മൂന്ന് ഘടകങ്ങളുടെ പൂർത്തീകരണമായിരുന്നു.

i) ഈ അഞ്ച് രാജ്യങ്ങൾക്കിടയിൽ നിലനിന്ന സഹകരണം.

ii) ശീതസമരകാലത്തെ വൻപിരിമുറുക്കങ്ങളും വിപുലമാകുന്ന പോർക്കളങ്ങളും.

iii) കോളനിവാഴ്ചയിൽ നിന്നും സ്വാതന്ത്ര്യം നേടിയ ആഫ്രിക്കൻ രാജ്യങ്ങളുടെ നാടകീയമായ രംഗപ്രവേശം, 1960-കളോടെ 16 പുതിയ ആഫ്രിക്കൻ രാജ്യങ്ങൾ ഐക്യരാഷ്ട്ര സഭയിൽ അംഗത്വം നേടി.

ചേരിചേരാ പ്രസ്ഥാനത്തിന്റെ ആദ്യയോഗത്തിൽ 25 അംഗ രാജ്യങ്ങൾ പങ്കെടുത്തു. കാലം കഴിയുന്തോറും അംഗസംഖ്യ വർദ്ധിച്ചു കൊണ്ടേയിരുന്നു. 2006-ൽ ഹവാനയിൽ നടന്ന 14-ാമത് ഉച്ചകോടിയിൽ 116 അംഗ രാജ്യങ്ങളും 15 നിരീക്ഷക രാഷ്ട്രങ്ങളും പങ്കെടുത്തു.

ചേരിചേരായ്മ വിഖ്യാതമായ ഒരു അന്തർദേശീയ പ്രസ്ഥാനമായി വളർന്നതോടെ വ്യത്യസ്ത രാഷ്ട്രീയ താൽപര്യങ്ങളുള്ള രാജ്യങ്ങൾ അതിൽ അംഗങ്ങളായി. ഇത് പ്രസ്ഥാനത്തെ ബഹുസ്വരമാക്കുകയും യഥാർത്ഥത്തിൽ ഈ പ്രസ്ഥാനം എന്തിനു വേണ്ടി നിലകൊള്ളുന്നു എന്ന ചോദ്യത്തിന് കൃത്യമായ നിർവചനം നൽകുന്നതിന് പ്രയാസകരമാകുകയും ചെയ്തു. അത് യഥാർത്ഥത്തിൽ എന്തിനുവേണ്ടിയാണ് നിലകൊള്ളുന്നത്? 'ചേരിചേരായ്മ' യെ അത് എന്തായിരുന്നില്ല എന്നതിന്റെ അടിസ്ഥാനത്തിൽ നിർവചിക്കുകയായിരിക്കും എളുപ്പം. കേവലം ഏതെങ്കിലും ഒരു ചേരിയിൽ അംഗമാകുന്നതിനെക്കുറിച്ചല്ല.

ഇരുചേരികളിൽ നിന്ന് വിട്ടുനിൽക്കുക എന്നാൽ നിഷ്പക്ഷത പാലിക്കുകയെന്നോ മാറി നിൽക്കുകയെന്നോ വ്യാഖ്യാനിക്കുവാൻ കഴിയില്ല. ചേരിചേരാനയം, വേറിട്ടുനിൽക്കൽ അല്ല, കാരണം ഒറ്റപ്പെട്ട് നിൽക്കൽ അഥവാ ഇടപെടാതിരിക്കൽ എന്നാൽ ലോക കാര്യങ്ങളിൽ നിന്ന് അകന്ന് മാറി നിൽക്കുക എന്നതാണ്. അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം മുതൽ ഒന്നാം ലോക മഹായുദ്ധത്തിന്റെ ആരംഭം വരെയുള്ള കാലഘട്ടത്തിലെ അമേരിക്കയുടെ വിദേശനയത്തെയാണ് ഒറ്റപ്പെട്ടു നില്ക്കൽ അഥവാ ഇടപെടാതിരിക്കൽ എന്നത് കൊണ്ട് അർത്ഥമാക്കുന്ന

ത്. ഇതുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയുൾപ്പെടെയുള്ള ചേരിചേരാ രാജ്യങ്ങൾ സജീവമായി ഇടപെട്ടുകൊണ്ട് സമാധാനവും സ്ഥിരതയും നിലനിർത്തുന്നതിന് വിരുദ്ധചേരികൾക്കിടയിൽ മധ്യസ്ഥത വഹിക്കുകയായിരുന്നു ചെയ്തിരുന്നത്. ചേരിചേരാ രാജ്യങ്ങളുടെ കരുത്ത് അവരുടെ ഐക്യവും തങ്ങളുടെ സ്വാധീനശക്തിക്കു കീഴിൽ തളച്ചിടാനുള്ള വൻശക്തികളുടെ സമ്മർദ്ദതന്ത്രങ്ങളെ മറികടന്ന് ചേരിചേരായ്മ നിലനിർത്താനുള്ള ദൃഢനിശ്ചയവുമാണ്. ചേരിചേരായ്മ എന്നാൽ നിഷ്പക്ഷതയല്ല. നിഷ്പക്ഷത സൂചിപ്പിക്കുന്നത് പ്രധാനമായും യുദ്ധങ്ങളിൽ നിന്നും വിട്ടുനിൽക്കുക എന്ന നയമാണ്. നിഷ്പക്ഷത പിന്തുടരുന്ന രാഷ്ട്രങ്ങൾ യുദ്ധങ്ങൾ അവസാനിപ്പിക്കുന്നതിന് സഹായിക്കേണ്ടതില്ല. അവർ യുദ്ധത്തിൽ പങ്കാളിയാവുകയോ യുദ്ധത്തിന്റെ ഔചിത്യത്തിലോ ധാർമികതയിലോ നിലപാടുകൾ എടുക്കുകയോ ചെയ്യുന്നില്ല. ഇന്ത്യയുൾപ്പെടെയുള്ള ചേരിചേരാരാജ്യങ്ങൾ വിവിധ കാരണങ്ങളാൽ യുദ്ധത്തിൽ ഏർപ്പെടുകയുണ്ടായി. അവർ മറ്റു രാജ്യങ്ങൾ തമ്മിലുള്ള യുദ്ധം തടയുന്നതിനും പൊട്ടിപ്പുറപ്പെട്ട യുദ്ധങ്ങൾ അവസാനിപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കുകയും ചെയ്തു.

## നവ അന്തർദേശീയ സാമ്പത്തിക ക്രമം (New International Economic Order)

ശീതയുദ്ധകാലത്ത് ചേരിചേരാ രാഷ്ട്രങ്ങൾ വെറും മധ്യസ്ഥർ എന്നതിനപ്പുറമായിരുന്നു. ഭൂരിഭാഗം ചേരിചേരാ രാഷ്ട്രങ്ങളും അൽപവികസിത (LDC's) രാജ്യങ്ങളായതിനാൽ കൂടുതൽ സാമ്പത്തികവികസനം നേടേണ്ടതായും ദാരിദ്ര്യത്തിൽനിന്ന് അവരുടെ ജനതയെ കരകയറ്റേണ്ടതായിട്ടുമുണ്ടായിരുന്നു. സാമ്പത്തികവികസനം പുതിയ രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിന് അനിവാര്യമായിരുന്നു. സുസ്ഥിരവികസനം നേടാതെ ഒരു രാജ്യത്തിന് ശരിക്കും സ്വതന്ത്രമാകാൻ കഴിയില്ല. അല്ലെങ്കിൽ ഏത് കൊളോണിയൽ ശക്തിയിൽനിന്നാണോ തങ്ങൾ രാഷ്ട്രീയസ്വാതന്ത്ര്യം നേടിയത്, അവരുൾപ്പെടെയുള്ള സമ്പന്നരാഷ്ട്രങ്ങളുടെ ആശ്രിതരായി നിലനിൽക്കേണ്ടിവരും.

ഈ തിരിച്ചറിവിൽ നിന്നും ഉദ്ഭവിച്ച ആശയമാണ് നവഅന്തർദേശീയ സാമ്പത്തിക ക്രമം (NIEO). യുണൈറ്റഡ് നേഷൻസ് കോൺഫറൻസ് ഓൺ ട്രേഡ് ആന്റ് ഡെവലപ്പ്മെന്റ് (UNCTAD) 1972-ൽ 'വികസനത്തിനായുള്ള ഒരു നവ വ്യാപാരനയത്തിലേക്ക്' എന്ന പേരിലുള്ള ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. ഈ റിപ്പോർട്ട് ആഗോളവ്യാപാരവ്യവസ്ഥയുടെ സമഗ്ര പരിഷ്കരണം നിർദേശിച്ചു. അത് ചുവടെ ചേർക്കുന്നു

i) പാശ്ചാത്യവികസിത രാഷ്ട്രങ്ങൾ ചൂഷണം ചെയ്തുകൊണ്ടിരുന്ന പ്രകൃതിവിഭവങ്ങളുടെമേൽ നിയന്ത്രണം അൽപ വികസിത രാഷ്ട്രങ്ങൾക്ക് (LDCs) നൽകുക.

ii) ദരിദ്രരാജ്യങ്ങൾക്ക് കൂടുതൽ നേട്ടമുണ്ടാക്കാൻ കഴിയുന്ന തരത്തിൽ അൽപവികസിത രാജ്യങ്ങൾക്ക് അവരുടെ ഉൽപന്നങ്ങൾ വിൽക്കുന്നതിന് പാശ്ചാത്യവിപണികളിലേക്ക് പ്രവേശനം അനുവദിക്കുക.

iii) പാശ്ചാത്യരാഷ്ട്രങ്ങളിൽ നിന്നുള്ള സാങ്കേതികവിദ്യയുടെ ചെലവ് കുറയ്ക്കുക.

iv) അന്തർദേശീയ സാമ്പത്തിക സ്ഥാപനങ്ങളിൽ അൽപവികസിത രാജ്യങ്ങൾക്ക് വർധിച്ച പങ്കാളിത്തം അനുവദിക്കുക.

ക്രമേണ ചേരിചേരാ രാഷ്ട്രങ്ങളുടെ ശ്രദ്ധ സാമ്പത്തിക വിഷയങ്ങളിൽ അധികമായി കേന്ദ്രീകരിക്കപ്പെട്ടു. 1961-ൽ ബെൽഗ്രേഡിലെ ഒന്നാം ഉച്ചകോടിയിൽ സാമ്പത്തിക വിഷയങ്ങൾക്ക് അത്ര പ്രാധാന്യം നൽകിയിരുന്നില്ല. 1970-കളുടെ മധ്യത്തിൽ അത് പ്രധാന വിഷയമായി മാറി. തൽഫലമായി ചേരിചേരാ പ്രസ്ഥാനം ഒരു സാമ്പത്തിക സമ്മർദ വിഭാഗമായി മാറി. ഒരു സംഘടിതവിഭാഗമായി പ്രവർത്തിച്ച വികസിത രാഷ്ട്രങ്ങളുടെ കടുത്ത എതിർപ്പിന്റെ ഫലമായി 1980-കളുടെ അവസാനം നവ അന്തർദേശീയ സാമ്പത്തിക ക്രമത്തിനുള്ള ഉദ്യമങ്ങൾക്ക് മങ്ങലേറ്റു. ചേരിചേരാ രാജ്യങ്ങളാവട്ടെ ഈ എതിർപ്പുകളുടെ പശ്ചാത്തലത്തിൽ തങ്ങൾക്കിടയിലെ ഐക്യം നിലനിർത്തുന്നതിന് പ്രയാസപ്പെട്ടു.

**ചേരിചേരാ പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാക്കൾ**



**ഗമാൽ അബ്ദുൾ നാസ്സർ** (1918 - 1970) 1952 മുതൽ 1970 വരെ ഈജിപ്തിലെ ഭരണാധികാരി; അറബ് ദേശീയത, സോഷ്യലിസം, സാമ്രാജ്യത്വവിരുദ്ധത എന്നീ ആശയങ്ങളുടെ പ്രചാരകനായിരുന്നു; 1956 ൽ സൂയസ്കനാൽ ദേശസാത്കരിച്ചത് ഒരു അന്തർദേശീയ സംഘർഷത്തിനിടയാക്കി.



**സുക്കാർനോ** (1901 - 1970) ഇന്തോനേഷ്യയിലെ ആദ്യ പ്രസിഡന്റ് (1945 - 65) സ്വതന്ത്ര്യസമരത്തിന് നേതൃത്വം നൽകി; സോഷ്യലിസ്റ്റ് ആശയങ്ങളുടെയും സാമ്രാജ്യത്വ വിരുദ്ധ ആശയങ്ങളുടെയും മുഖ്യവക്താവ്; ബന്ദുങ് സമ്മേളനത്തിന്റെ മുഖ്യശില്പി; ഒരു സൈനിക അട്ടിമറിയിലൂടെ പുറത്താക്കപ്പെട്ടു.

**ചേരിചേരാ പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാക്കൾ**



**ക്വാമെ എൻ ക്രൂമാ** (1909 - 72) ഘാനയിലെ ഒന്നാമത്തെ പ്രധാനമന്ത്രി (1952-66); സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് നേതൃത്വം നല്കി; സോഷ്യലിസത്തിന്റെയും ആഫ്രിക്കൻ ഐക്യത്തിന്റെയും വക്താവ്; നവ സാമ്രാജ്യത്ത ശ്രമങ്ങളെ നഖശിഖാന്തം എതിർത്തു; സൈനിക അട്ടിമറിയിലൂടെ സ്ഥാന ഭ്രഷ്ടനാക്കപ്പെട്ടു.



ഒരിക്കലും ഒരു ലോകക്രമമായി മാറുവാൻ കഴിയാത്ത ഒരു ആശയം മാത്രമായിരുന്നില്ലേ നവ അന്തർദേശീയ സാമ്പത്തികക്രമം?

**നമുക്കിത് ചെയ്യാം**

രണ്ടാം ലോകയുദ്ധത്തിനു ശേഷം കോളനിവാഴ്ചയിൽ നിന്ന് മുക്തമായ ഏതെങ്കിലും അഞ്ച് രാജ്യങ്ങളുടെ പേര് എഴുതുക

## ശീതയുദ്ധവും ഇന്ത്യയും (INDIA AND THE GOLD WAR)

ചേരിചേരാ പ്രസ്ഥാനത്തിന്റെ നേതാവ് എന്ന നിലയിൽ ഇന്ത്യയുടെ ശീതയുദ്ധത്തോടുള്ള സമീപനങ്ങളെ പൊതുവെ രണ്ടായി കാണാം. ഒന്നാമത്തെ തലത്തിൽ അത് ഇരുസൈനിക ശക്തികളുമായി അകന്ന് നില്ക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. രണ്ടാമതായി, പുതുതായി സ്വാതന്ത്ര്യം നേടിയ രാഷ്ട്രങ്ങൾ സൈനിക സഖ്യങ്ങളിൽ അംഗമാകുന്നതിനെതിരെ ശബ്ദമുയർത്തി.

ഇന്ത്യയുടെ വിദേശനയം നിഷ്ക്രിയമോ, നിഷേധാത്മകമോ ആയിരുന്നില്ല. നെഹ്റു ലോകത്തെ ഓർമിപ്പിച്ചതുപോലെ, ചേരിചേരായ്മ ഒരു 'ഒഴിഞ്ഞുമാറൽ' നയമല്ല. നേരെമറിച്ച് ശീതയുദ്ധ മാത്സര്യങ്ങളെ ലഘൂകരിക്കുന്നതിന് അന്തർദേശീയ പ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്നതിന് അനുകൂല നിലപാടായിരുന്നു ഇന്ത്യയുടേത്. സഖ്യങ്ങൾക്കിടയിലെ അഭിപ്രായവ്യത്യാസങ്ങൾ ലഘൂകരിച്ചുകൊണ്ട് അവ ഒരു സമ്പൂർണയുദ്ധമായി മാറുന്നത് തടയുവാൻ ഇന്ത്യ ശ്രമിച്ചു. 1950-കളുടെ തുടക്കത്തിലെ കൊറിയൻ യുദ്ധത്തിലേതുപോലെ ശീതയുദ്ധ കക്ഷികൾക്കിടയിൽ ആശയവിനിമയം നടത്താനും മധ്യസ്ഥത വഹിക്കാനും പലപ്പോഴും ഇന്ത്യൻ നയതന്ത്രജ്ഞരും നേതാക്കന്മാരും ശ്രമിച്ചിരുന്നു.

ഈ ഉദ്യമത്തിൽ ഇന്ത്യ ചേരിചേരാപ്രസ്ഥാനത്തിലെ മറ്റ് അംഗങ്ങളെയും ഉൾപ്പെടുത്തുന്നതിൽ ശ്രദ്ധിച്ചിരുന്നുവെന്ന് ഓർക്കേണ്ടതുണ്ട്. അമേരിക്കയുടെയും സോവിയറ്റ് യൂണിയന്റെയും സഖ്യങ്ങളുടെ ഭാഗമല്ലാത്ത പ്രാദേശിക അന്തർദേശീയ സംഘടനകളെ ഊർജസ്വലമാക്കുവാൻ ശീതസമര കാലഘട്ടത്തിലും ഇന്ത്യ ആവർത്തിച്ചു ശ്രമിച്ചിരുന്നു. ശീതയുദ്ധം അവസാനിപ്പിക്കുവാൻ കഴിഞ്ഞില്ലെങ്കിലും ലഘൂകരിക്കുന്നതിനുള്ള ഒരു ക്രിയാത്മക പങ്ക് വഹിക്കാൻ സ്വതന്ത്രമായി സഹകരിക്കുന്ന രാഷ്ട്രങ്ങളുടെ കൂട്ടായ്മയ്ക്ക് കഴിയുമെന്ന് നെഹ്റു വിശ്വസിച്ചിരുന്നു.

ഇന്ത്യയുടെ യഥാർത്ഥ ദേശീയതാത്പര്യ സംരക്ഷണത്തിന് ഒന്നും ചെയ്യാൻ ചേരിചേരാപ്രസ്ഥാനത്തിന് കഴിയുന്നില്ലെന്നും, അന്തർ ദേശീയ രംഗത്തെ ഒരു ശ്രേഷ്ഠ സംഘടനയല്ല ചേരിചേരാപ്രസ്ഥാനമെന്നും ചിലരെങ്കിലും അഭിപ്രായപ്പെടുന്നു. എന്നാൽ ഇന്ത്യൻ നിലപാടുകൾ ചേരിചേരാനായം എന്നതിലധിഷ്ഠിതമായാണ് പ്രതിഷ്ഠിക്കപ്പെട്ടത്. ഏറ്റവും ചുരുങ്ങിയത് രണ്ടു രീതിയിലെങ്കിലും ഇന്ത്യയുടെ താൽപര്യങ്ങളെ ചേരിചേരായ്മ എന്ന നിലപാട് പ്രത്യക്ഷത്തിൽ സഹായിച്ചു.

i) ഒന്നാമതായി വൻശക്തികളുടെയും രാജ്യങ്ങളുടെയും താൽപര്യങ്ങൾക്കു പരിയായി അന്തർദേശീയ വിഷയങ്ങളിൽ തീരുമാനമെടുക്കാനും നിലപാടു സ്വീകരിക്കാനും ചേരിചേരായ്മ ഇന്ത്യയെ സഹായിച്ചു.

ii) രണ്ടാമതായി ഒരു വൻശക്തിക്കെതിരായി മറ്റൊന്നിനെ സന്തുലനം ചെയ്യാൻ പലപ്പോഴും ഇന്ത്യയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഒരു വൻശക്തി ഇന്ത്യയെ അവഗണിക്കുകയോ അമിതമായി സമ്മർദത്തിലാക്കുകയോ ചെയ്യുന്നുവെന്ന് ഇന്ത്യക്ക് തോന്നിയാൽ അടുത്ത വൻശക്തിയിലേക്ക് അടുക്കുവാൻ ഇന്ത്യക്കു കഴിഞ്ഞിട്ടുണ്ട്. ഒരു സഖ്യത്തിനും ഇന്ത്യയെ പരിഗണിക്കാതിരിക്കാനോ ഭീഷണിപ്പെടുത്താനോ സാധിക്കുമായിരുന്നില്ല.

ഇന്ത്യയുടെ ചേരിചേരാനയം പല കാരണങ്ങളാൽ കടുത്ത വിമർശനങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഇവിടെ നാം രണ്ടു വിമർശനങ്ങൾ മാത്രമെ പരിഗണിക്കുന്നുള്ളു.

- ഒന്നാമതായി, ഇന്ത്യയുടെ ചേരിചേരാനയത്തെ തത്ത്വരഹിതം എന്ന് കുറ്റപ്പെടുത്തുന്നു. ദേശീയ താൽപര്യം പിന്തുടരുന്നതിന്റെ പേരിൽ ഇന്ത്യ നിർണായക അന്തർദേശീയ പ്രശ്നങ്ങളിൽ ഉറച്ച നിലപാടെടുക്കാൻ പലപ്പോഴും വിസമ്മതിച്ചു എന്ന് ആരോപിക്കപ്പെട്ടു.

- രണ്ടാമതായി ഇന്ത്യ അസ്ഥിരവും, വൈരുദ്ധ്യാത്മകവുമായ നിലപാടുകളാണ് എടുത്തത് എന്നും വിമർശിക്കപ്പെടുന്നു. മറ്റുരാജ്യങ്ങൾ സഖ്യങ്ങളിൽ ചേരുന്നതിനെ വിമർശിച്ചപ്പോൾ തന്നെ, 1971 ഓഗസ്റ്റിൽ ഇന്ത്യ സോവിയറ്റ് യൂണിയനുമായി 20 വർഷത്തേക്കുള്ള സൗഹൃദകരാർ ഒപ്പുവച്ചു. ഇത് പരമാർത്ഥത്തിൽ ഇന്ത്യ സോവിയറ്റ് യൂണിയനുമായി സഖ്യത്തിലേർപ്പെടുന്നു എന്ന ചിന്ത മറ്റു രാഷ്ട്രങ്ങൾക്കുണ്ടായി - ബംഗ്ലാദേശ് സംഘർഷ കാലത്ത് നയതന്ത്ര, സൈനിക, പിന്തുണ ഉറപ്പു വരുത്തുകയായിരുന്നു എന്നാണ് ഇതിനോടുള്ള ഇന്ത്യൻ ഗവൺമെന്റിന്റെ പ്രതികരണം. കൂടാതെ പ്രസ്തുത കരാർ യു.എസ്. ഉൾപ്പെടെ ഉള്ള ഇതര രാജ്യങ്ങളുമായുള്ള സൗഹൃദബന്ധം സ്ഥാപിക്കുന്നതിന് ഇന്ത്യയെ തടയുന്നുമില്ല എന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

ചേരിചേരാ നയം ശീതയുദ്ധപശ്ചാത്തലത്തിലാണ് ഒരു തന്ത്രമായി രൂപപ്പെടുന്നത്. രണ്ടാം അധ്യായത്തിൽ നമ്മൾ കാണാൻ പോകുന്നതുപോലെ സോവിയറ്റ് യൂണിയന്റെ ശിഥിലീകരണവും, 1991 ൽ ശീതയുദ്ധം അവസാനിച്ചതും ചേരിചേരാനയം ഒരു അന്തർദേശീയ പ്രസ്ഥാനം എന്ന നിലക്കും ഇന്ത്യയുടെ വിദേശനയത്തിന്റെ കാതൽ എന്ന നിലക്കുമുള്ള പഴയ പ്രസക്തിയും കാര്യക്ഷമതയും പിന്നീട് നഷ്ടമായി. എന്നിരുന്നാലും ചേരിചേരായ്മ ചില കാതലായ മൂല്യങ്ങളും ശാശ്വതമായ ആശയങ്ങളും ഉൾക്കൊണ്ടിരുന്നു. കോളനിവാഴ്ച അനുഭവിച്ച പുതു രാജ്യങ്ങൾക്ക് പൊതുവായി അവകാശപ്പെടാവുന്ന ചരിത്ര പശ്ചാത്തലവും ഒന്നു ചേർന്ന് നിന്നാൽ കരുത്താർജ്ജിക്കാമെന്ന കണക്കുകൂട്ടലുകളുമാണ് ചേരിചേരാ പ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ. ചെറുതും, ദുർബലവും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നതുമായ രാജ്യങ്ങളെ വൻശക്തികളുടെ സ്വാധീന വലയത്തിൽപ്പെടാതെ സ്വതന്ത്രമായ വിദേശനയം പിന്തുടരുന്നവരാക്കി നിലനിർത്തുകയായിരുന്നു ഇതിന്റെ ഉദ്ദേശ്യം. നിലനിൽക്കുന്ന അസമത്വങ്ങളെ പരിഹരിക്കുന്ന ഒരു ബദൽ ലോകക്രമത്തെക്കുറിച്ച് ചിന്തിക്കുകവഴി അന്താരാഷ്ട്ര വ്യവസ്ഥയെ ജനാധിപത്യവൽക്കരിക്കുക എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലും കൂടിയുള്ളതായിരുന്നു ഇത്. ഈ കാതലായ ആശയങ്ങൾ ശീതയുദ്ധം അവസാനിച്ചതിനു ശേഷവും പ്രസക്തമായി തുടരുന്നു.

## നമുക്കിത് ഒരുമിച്ച് ചെയ്യാം

### ഘട്ടങ്ങൾ

- ▣ ക്ലാസ് മുറിയെ തുല്യ അംഗങ്ങളുള്ള മൂന്ന് വിഭാഗങ്ങളായി വിഭജിക്കുക ഓരോ ഗ്രൂപ്പും മൂന്ന് വ്യത്യസ്ത ലോകത്തെ പ്രതിനിധീകരിക്കുന്നു – ഒന്നാം ലോകം / മുതലാളിത്തലോകം, രണ്ടാം ലോകം/ കമ്മ്യൂണിസ്റ്റ് ലോകം, മൂന്നാം ലോകം / ചേരിചേരാ ലോകം.
- ▣ അധ്യാപകൻ / അധ്യാപിക ശീതസമരകാലത്ത് ലോകസമാധാനത്തിനും, സുരക്ഷിതത്വത്തിനും വെല്ലുവിളി ഉയർത്തിയ ഏതെങ്കിലും രണ്ടു സങ്കീർണ്ണമായ വിഷയങ്ങൾ തെരഞ്ഞെടുക്കുന്നു (കൊറിയൻ യുദ്ധവും, വിയറ്റ്നാം യുദ്ധവും നല്ല ഉദാഹരണമായി തെരഞ്ഞെടുക്കാവുന്നതാണ്).
- ▣ സംഭവങ്ങളുടെ രൂപരേഖ തയാറാക്കാനുള്ള ചുമതല ഓരോ ഗ്രൂപ്പിനും നല്കുക. തങ്ങൾ പ്രതിനിധീകരിക്കുന്ന ചേരിക്ക് അനുകൂലമായിട്ടായിരിക്കണം ഇത് തയാറാക്കേണ്ടത് സംഭവങ്ങൾ, അവയുടെ കാരണങ്ങൾ, പ്രശ്നപരിഹാരത്തിന് എടുക്കുന്ന നടപടി എന്നിവ കാലഗണനാക്രമത്തിൽ വ്യക്തമാക്കിയിരിക്കണം.
- ▣ ഓരോ വിഭാഗവും തങ്ങൾ തയാറാക്കിയ സംഭവങ്ങളുടെ വിവരണം ക്ലാസ്സിൽ അവതരിപ്പിക്കുക.

**അധ്യാപകർക്കുള്ള ആശയങ്ങൾ**

- ☐ ഇത്തരം പ്രതിസന്ധികൾ അതാത് രാജ്യത്തും, ലോകത്തിന്റെ ഇതര പ്രദേശങ്ങളിലുമുണ്ടാക്കിയ പ്രത്യാഘാതങ്ങളിലേക്ക് കുട്ടികളുടെ ശ്രദ്ധ ആകർഷിക്കുക. ഇവയെ ഈ രാജ്യങ്ങളിലെ സമകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്തി വിശദമാക്കിക്കൊടുക്കുക
- ☐ ഈ മേഖലകളിൽ സമാധാനം സ്ഥാപിക്കുവാൻ മൂന്നാം ലോക രാജ്യങ്ങളുടെ നേതാക്കന്മാരും (കൊറിയ, വിയറ്റ്നാം സംഘർഷ സമയത്ത് ഇന്ത്യ സ്വീകരിച്ച നിലപാടുകളും സംഭാവനകളും സൂചനയായി ഉപയോഗപ്പെടുത്തുക) ഐക്യരാഷ്ട്ര സഭയും വഹിച്ച പങ്ക് ഉയർത്തികാട്ടുക
- ☐ ശീതയുദ്ധാനന്തര ഘട്ടത്തിൽ ഇത്തരം പ്രതിസന്ധികളെ നമുക്ക് എങ്ങനെ നിവാരണം ചെയ്യാം എന്നതിനെ സംബന്ധിച്ച് ഒരു സംവാദത്തിന് തുടക്കം കുറിക്കുക

# ആയുധനിയന്ത്രണ ഉടമ്പടികൾ



**പരിമിത പരീക്ഷണ നിരോധന ഉടമ്പടി (LTBT)**

അന്തരീക്ഷത്തിലും, ബഹിരാകാശത്തും, സമുദ്രാന്തർ ഭാഗങ്ങളിലുമുള്ള ആണവായുധ പരീക്ഷണം നിരോധിച്ചു. 1963 ആഗസ്റ്റ് 5 ന് അമേരിക്ക, റഷ്യ, ബ്രിട്ടൺ, എന്നീ രാജ്യങ്ങൾ മോസ്കോവിൽ വച്ച് ഉടമ്പടി ഒപ്പുവച്ചു. 1963 ഒക്ടോബർ 10 ന് നിലവിൽ വന്നു.

**ആണവായുധ നിർവ്യാപന കരാർ (NPT):**

ആണവശക്തി ആർജ്ജിച്ച രാജ്യങ്ങളെ മാത്രം ആണവായുധം കൈവശം വയ്ക്കാൻ അനുവദിക്കുകയും, മറ്റു രാജ്യങ്ങളെ ആണവകരുത്ത് ആർജ്ജിക്കുന്നതിൽ നിന്ന് തടയുകയും ചെയ്യുന്നു. ആണാവായുധ നിർവ്യാപന കരാർ ലക്ഷ്യംവച്ച്, 1967 ജനുവരി 1 ന് മുൻപായി ആണവായുധം നിർമിക്കുകയും പരീക്ഷിക്കുകയും ചെയ്തവയാണ് ആണവരാജ്യങ്ങൾ എന്ന് വ്യക്തമാക്കപ്പെട്ടു. അങ്ങനെ അഞ്ച് ആണവായുധ രാഷ്ട്രങ്ങളാണുള്ളത്: അമേരിക്ക, യു.എസ്.എസ്.ആർ (പിന്നീട് റഷ്യ), ബ്രിട്ടൺ, ഫ്രാൻസ്, ചൈന. 1968 ജൂലൈ 1 ന് വാഷിംഗ്ടൺ, ലണ്ടൻ, മോസ്കോ എന്നിവിടങ്ങളിലായി കരാർ ഒപ്പുവയ്ക്കപ്പെട്ടു. 1970 മാർച്ച് 5 ന് നിലവിൽ വന്നു. 1995 ൽ അനിശ്ചിത കാലത്തേക്ക് ദീർഘിപ്പിച്ചു.

**സ്ട്രാറ്റജിക് ആംസ് ലിമിറ്റേഷൻ ടോക്സ് – I (SALT -1)**

സ്ട്രാറ്റജിക് ആംസ് ലിമിറ്റേഷൻ ടോക്സ് പ്രാഥമിക വട്ട ചർച്ചകൾ ആരംഭിച്ചത് 1969 നവംബർ മാസത്തിലാണ്. സോവിയറ്റ് നേതാവ് ലിയോനിദ് ബ്രഷ്നേവും, അമേരിക്കൻ പ്രസിഡന്റ് റിച്ചാർഡ് നിക്സണും 1972 മെയ് 26 ന് മോസ്കോയിൽ വച്ച് താഴെപറയുന്ന കരാറുകൾ ഒപ്പ് വച്ചു. (a) ആന്റി- ബാലിസ്റ്റിക് മിസൈൽ സംവിധാനം പരിമിതപ്പെടുത്താനുള്ള കരാർ (എ.ബി.എം. കരാർ) (b) പ്രത്യാക്രമണത്തിനുള്ള ആയുധങ്ങൾ പരിമിതപ്പെടുത്തുന്നതിനുള്ള ഇടക്കാല കരാർ. 1972 ഒക്ടോബർ 3 ന് ഇവ പ്രാബല്യത്തിൽ വന്നു.

**സ്ട്രാറ്റജിക് ആംസ് ലിമിറ്റേഷൻ ടോക്സ് II (SALT II)**

1972 നവംബറോടെ രണ്ടാം വട്ട സംഭാഷണങ്ങൾക്ക് തുടക്കംകുറിച്ചു. അമേരിക്കൻ പ്രസിഡണ്ട് ജിമ്മി കാർട്ടറും സോവിയറ്റ് നേതാവ് ബ്രഷ്നേവും തന്ത്രപ്രധാന ആക്രമണ ആയുധങ്ങൾ ക്ലിപ്തപ്പെടുത്തൽ ഉടമ്പടിക്ക് 1979 ജൂൺ 18 ന് വിയന്നയിൽ ഒപ്പിട്ടു.

**സ്ട്രാറ്റജിക് ആംസ് റിഡക്ഷൻ ട്രീറ്റി I (STARTI):-**

റഷ്യൻ പ്രസിഡന്റ് ഗോർബച്ചേവും, അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷും (സീനിയർ) തന്ത്രപ്രധാന പ്രത്യാക്രമണ ആയുധങ്ങൾ കുറക്കുവാനും പരിമിതപ്പെടുത്താനുമുള്ള ഉടമ്പടി 1991 ജൂലൈ 1 ന് മോസ്കോയിൽ ഒപ്പുവച്ചു.

**സ്ട്രാറ്റജിക് ആംസ് റിഡക്ഷൻ ട്രീറ്റി II (START II)**

1993 ജനു. 3 ന് റഷ്യൻ പ്രസിഡന്റ് ബോറിസ് യൽറ്റ്സിനും, അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷും (സീനിയർ) മോസ്കോയിൽ വച്ച് തന്ത്രപ്രധാന പ്രത്യാക്രമണ ആയുധ കുറക്കൽ കരാറിന്റെ ഉടമ്പടിയിൽ ഒപ്പുവച്ചു.

അഭ്യാസം

1. ശീതാസമരത്തെ സംബന്ധിച്ച് താഴെപറയുന്ന പ്രസ്താവനകളിൽ തെറ്റായത് ഏത്?
   a) സോവിയറ്റ് യൂണിയനും, അമേരിക്കയും, അവരുടെ സഖ്യരാജ്യങ്ങളും തമ്മിലുള്ള പരസ്പര മത്സരമായിരുന്നു ഇത്.
   b) ഇത് വൻശക്തികൾ തമ്മിലുള്ള പ്രത്യയശാസ്ത്രയുദ്ധമായിരുന്നു.
   c) ഇത് ആയുധപന്തയത്തിന് തുടക്കം കുറിച്ചു.
   d) സോവിയറ്റ് യൂണിയനും അമേരിക്കയും നേരിട്ടുള്ള യുദ്ധങ്ങളിൽ ഏർപ്പെട്ടു.
2. താഴെപറയുന്ന പ്രസ്താവനകളിൽ ചേരിചേരാപ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾ പ്രതിഫലിപ്പിക്കാത്തത് ഏത്?
   a) കോളനിവാഴ്ചയിൽ നിന്ന് മുക്തമായ രാജ്യങ്ങളെ സ്വതന്ത്രനയം പിന്തുടരാൻ പ്രാപ്തരാക്കുക.
   b) ഒരു സൈനിക സഖ്യത്തിലും ചേരുകയില്ല.
   c) ആഗോള വിഷയങ്ങളിൽ 'നിഷ്പക്ഷത' പാലിക്കും.
   d) ലോക സാമ്പത്തിക അസമത്വത്തെ ഇല്ലായ്മ ചെയ്യാൻ ശ്രദ്ധ കേന്ദ്രീകരിക്കും.
3. വൻശക്തികൾ രൂപീകരിച്ച സൈനിക സഖ്യങ്ങൾ സംബന്ധിച്ച താഴെപറയുന്ന പ്രസ്താവനകളിൽ ഓരോന്നും തെറ്റോ ശരിയോ എന്ന് അടയാളപ്പെടുത്തുക.
   a) സഖ്യത്തിലെ അംഗരാജ്യങ്ങൾ തങ്ങളുടെ ഭൂപ്രദേശം ബന്ധപ്പെട്ട വൻശക്തികൾക്ക് സൈനിക താവളത്തിനായി തുറന്ന് കൊടുക്കും.
   b) പ്രത്യയശാസ്തപരമായ നിലപാടുകളിലും സൈനികതന്ത്രങ്ങളിലും അംഗരാജ്യങ്ങൾ വൻശക്തികളെ പിന്തുണക്കും.
   c) സഖ്യത്തിലെ ഏതെങ്കിലും ഒരു അംഗത്തിനെതിരെയുള്ള ആക്രമണം മറ്റെല്ലാ അംഗങ്ങൾക്കെതിരെയുള്ള ആക്രമണമായി പരിഗണിക്കും.
   d) അംഗരാജ്യങ്ങളുടെ ആണവകരുത്ത് വർദ്ധപ്പിക്കാൻ വൻശക്തികൾ സഹായിക്കും.
4. ഇവിടെ രാജ്യങ്ങളുടെ ഒരു പട്ടിക കൊടുത്തിരിക്കുന്നു. ഓരോന്നിനും നേരെ ശീതയുദ്ധകാലത്ത് അവർ ഏത് ചേരിയിലായിരുന്നുവെന്ന് എഴുതുക.
   a) പോളണ്ട് b) ഫ്രാൻസ് c) ജപ്പാൻ
   d) നൈജീരിയ e) ഉത്തരകൊറിയ f) ശ്രീലങ്ക.
5. ശീതസമരം ആയുധ മത്സരത്തിനും ആയുധ നിയന്ത്രണത്തിനും ഹേതുവായി – ഈ രണ്ട് സംഭവ വികാസങ്ങൾക്കുമുള്ള കാരണങ്ങൾ വ്യക്തമാക്കുക.
6. ചെറു രാജ്യങ്ങളുമായി വൻ ശക്തികൾ സൈനികസഖ്യം ചേരാനുള്ള സാഹചര്യമെന്ത്? മൂന്ന് കാരണങ്ങൾ എഴുതുക.
7. ശീതസമരം കേവലം അധികാരത്തിനുവേണ്ടി നടത്തപ്പെട്ട സംഘർഷങ്ങളായിരുന്നു. അതിൽ പ്രത്യയശാസ്ത്രത്തിന് ഒരു പങ്കും ഉണ്ടായിരുന്നില്ല. എന്ന് ചിലപ്പോഴൊക്കെ പറയപ്പെട്ടു. ഇതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ നിലപാടിനെ പിന്തുണക്കുന്ന ഒരു ഉദാഹരണം നല്കുക.
8. ശീതയുദ്ധകാലത്ത് സോവിയറ്റ് യൂണിയനോടും അമേരിക്കയോടുമുള്ള ഇന്ത്യയുടെ വിദേശനയം എന്തായിരുന്നു? ഇന്ത്യൻ താത്പര്യങ്ങൾ സംരക്ഷിക്കാൻ ഈ നയങ്ങൾ സഹായകമായിരുന്നുവെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ?
9. ഒരു 'മൂന്നാം തിരഞ്ഞെടുക്കലാ' യാണ് മൂന്നാം ലോക രാഷ്ടങ്ങൾ ചേരിചേരാനയത്തെ കണക്കാക്കിയത്. ശീതസമര തീഷ്ണാവസ്ഥയിൽ ഈ നിലപാട് അവർക്ക് എത്രത്തോളം ഗുണകരമായിരുന്നു?
10. 'ചേരിചേരാ പ്രസ്ഥാനം ഇന്ന് അപ്രസക്തമാണ്' എന്ന പ്രസ്താവനയോടുള്ള നിങ്ങളുടെ സമീപനം എന്ത്? നിങ്ങളുടെ അഭിപ്രായത്തെ സാധൂകരിക്കുന്ന കാരണങ്ങൾ വ്യക്തമാക്കുക.

S9I4H7

# അധ്യായം രണ്ട്

# ഇരുധ്രുവ വ്യവസ്ഥയുടെ അന്ത്യം (The End of Bipolarity)







## അവലോകനം

ശീതയുദ്ധത്തിന്റെ മൂർധന്യത്തിൽ നിർമിക്കപ്പെടുകയും പിന്നീടതിന്റെ ഏറ്റവും വലിയ പ്രതീകമായി മാറുകയും ചെയ്ത ബർലിൻ മതിൽ 1989-ൽ ജനങ്ങൾ തകർക്കുകയുണ്ടായി. ഈ നാടകീയ സംഭവത്തിന്റെ തുടർച്ചയായി സമാനമായ നാടകീയ ചരിത്രസംഭവങ്ങളുടെ ഒരു പരമ്പരതന്നെ അരങ്ങേറുകയും അത് 'രണ്ടാം ലോകത്തി'ന്റെ തകർച്ചയിലേക്കും ശീതയുദ്ധത്തിന്റെ അന്ത്യത്തിലേക്കും നയിക്കുകയും ചെയ്തു. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം വിഭജിക്കപ്പെട്ട ജർമ്മനി വീണ്ടും ഏകീകരിക്കപ്പെട്ടു. സോവിയറ്റ് ചേരിയുടെ ഭാഗമായിരുന്ന എട്ട് യൂറോപ്യൻ രാജ്യങ്ങൾ ജനകീയ പ്രക്ഷോഭത്തിന്റെ ഫലമായി ഒന്നൊന്നായി തങ്ങളുടെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകളെ നീക്കം ചെയ്തു. സാധാരണക്കാരായ സ്ത്രീ പുരുഷന്മാരുടെ ജനകീയ മുന്നേറ്റത്തിന്റെ ഫലമായി, സൈനികേതര മാർഗത്തിലൂടെ ശീതയുദ്ധം അവസാനിപ്പിക്കാൻ സോവിയറ്റ് യൂണിയൻ നിർബന്ധിതമായി. ഒടുവിൽ സോവിയറ്റ് യൂണിയൻ തന്നെ ശിഥിലമായി. 'രണ്ടാം ലോകം' എന്നതിന്റെ അർഥവും അതിന്റെ ശിഥിലീകരണത്തിന്റെ കാരണങ്ങളും അനന്തരഫലങ്ങളും നമ്മൾ ഈ അധ്യായത്തിൽ ചർച്ചചെയ്യും. കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങളുടെ തകർച്ചയ്ക്ക് ശേഷം ലോകത്തിന്റെ ഈ ഭാഗത്ത് എന്ത് സംഭവിച്ചു എന്നും ഇന്ത്യ ഈ രാജ്യങ്ങളുമായി ഇപ്പോൾ എങ്ങനെ ബന്ധപ്പെടുന്നു എന്നും നമ്മൾ ചർച്ചചെയ്യും.

മുതലാളിത്ത രാജ്യത്തിനും കമ്മ്യൂണിസ്റ്റ് ലോകത്തിനും ഇടയിലുള്ള വിഭജനത്തിന്റെ പ്രതീകമാണ് ബർലിൻ മതിൽ. 1961 ൽ കിഴക്കൻ ബർലിനെ പടിഞ്ഞാറൻ ബർലിനിൽ നിന്ന് വേർതിരിക്കാനാണ് ഇത് നിർമിച്ചത്. 150 കി.മീ. ദൈർഘ്യമുള്ള ഈ മതിൽ 28 വർഷം നിലനിൽക്കുകയും ചെയ്തു. ഒടുവിൽ 1989 നവംബർ 1 ന് ജനങ്ങളാൽ തകർക്കപ്പെട്ടു. ഇത് രണ്ട് ജർമ്മനികളുടെ ഏകീകരണത്തെയും കമ്മ്യൂണിസ്റ്റ് ചേരിയുടെ അന്ത്യത്തിന്റെ തുടക്കത്തെയും സൂചിപ്പിക്കുന്നു. ഇവിടെ കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ കാണുന്നത്.

1. ജനങ്ങൾ ഭിത്തിയിൽ ചെറിയ സുഷിരങ്ങൾ നിർമിക്കുന്നു.
2. ഭിത്തിയുടെ ഒരു ഭാഗം സഞ്ചാരത്തിനായി തുറന്നുകൊടുക്കുന്നു.
3. 1989 മുമ്പുള്ള ബർലിൻ മതിൽ

*കടപ്പാട്:* *1. and 2. Frederik Ramm, www.remote.org/frederik/culture/berlin*
*3. www.cs.utah.edu*

## സോവിയറ്റ് യൂണിയനിലെ നേതാക്കൾ



**വ്ളാദ്മിർ ലനിൻ**
**(1870 – 1924)**
ബോൾഷെവിക്ക് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകൻ; 1917 ലെ റഷ്യൻ വിപ്ലവത്തിന്റെ നേതാവും വിപ്ലവത്തിനുശേഷമുണ്ടായ പ്രതിസന്ധിയുടെ കാലഘട്ടത്തിൽ സോവിയറ്റ് യൂണിയന്റെ ഭരണത്തലവനും (1917 - 24); മാർക്സിസത്തിന്റെ ഉന്നതനായ സൈദ്ധാന്തികനും പ്രയോക്താവും ആയിരുന്നു; ലോകത്ത് ആകമാനമുള്ള കമ്മ്യൂണിസ്റ്റുകളുടെ പ്രചോദനത്തിന്റെ ഉറവിടം.

## എന്തായിരുന്നു സോവിയറ്റ് വ്യവസ്ഥിതി?

### (What was the Soviet system?)

1917-ൽ റഷ്യയിൽ നടന്ന സോഷ്യലിസ്റ്റ് വിപ്ലവത്തിന് ശേഷമാണ് യൂണിയൻ ഓഫ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക് (USSR) നിലവിൽ വന്നത്. മുതലാളിത്തതിനെതിരായ സോഷ്യലിസ്റ്റാശയങ്ങളാലും സമത്വാധിഷ്ഠിത സമൂഹത്തിനായുള്ള ആവശ്യത്താലും പ്രചോദിപ്പിക്കപ്പെട്ട വിപ്ലവമായിരുന്നു ഇത്. സ്വകാര്യ സ്വത്ത് എന്ന സ്ഥാപനം അവസാനിപ്പിക്കാനും തുല്യതയുടെ തത്വങ്ങളിൽ അധിഷ്ഠിതമായ ഒരു സമൂഹത്തെ ബോധപൂർവം നിർമിക്കുവാനുള്ള മനുഷ്യചരിത്രത്തിലെ ഏറ്റവും വലിയ പരിശ്രമമായിരുന്നിരിക്കാം ഒരു പക്ഷെ ഇത്. ഇങ്ങനെ ചെയ്തപ്പോൾ, സോവിയറ്റ് വ്യവസ്ഥിതിയുടെ സൃഷ്ടാക്കൾ രാഷ്ട്രത്തിനും പാർട്ടി എന്ന സ്ഥാപനത്തിനും പ്രാമുഖ്യം നൽകി. കമ്മ്യൂണിസ്റ്റ് പാർട്ടി കേന്ദ്രീകൃതമായിരുന്ന സോവിയറ്റ് രാഷ്ട്രീയവ്യവസ്ഥയിൽ, മറ്റ് രാഷ്ട്രീയപാർട്ടികളെയോ പ്രതിപക്ഷത്തെയോ പ്രവർത്തിക്കാൻ അനുവദിച്ചിരുന്നില്ല. ഇവിടെ സമ്പദ്ഘടനയെ ആസൂത്രണം ചെയ്തതും നിയന്ത്രിച്ചതും രാഷ്ട്രമായിരുന്നു.

രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ഫാസിസ്റ്റ് ശക്തികളുടെ പിടിയിൽ നിന്ന് സോവിയറ്റ് സേന മോചിപ്പിച്ച കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ യു.എസ്.എസ്.ആർ.ന്റെ നിയന്ത്രണത്തിലായി. ഈ രാജ്യങ്ങളിലെ സാമ്പത്തിക രാഷ്ട്രീയ വ്യവസ്ഥകൾ യു.എസ്.എസ്.ആർ. ന്റെ മാതൃക പിന്തുടർന്നു. ഈ വിഭാഗത്തിൽപ്പെടുന്ന രാഷ്ട്രങ്ങളെ രണ്ടാം ലോകം അല്ലെങ്കിൽ സോഷ്യലിസ്റ്റ് ചേരി എന്ന് വിളിക്കപ്പെട്ടു. വാഴ്സ ഉടമ്പടി എന്ന സൈനിക സഖ്യം ഇവയെ ഒരുമിപ്പിച്ച് നിർത്തി. യു.എസ്.എസ്.ആർ. ആയിരുന്നു ഈ ചേരിയുടെ നേതാവ്.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം സോവിയറ്റ് യൂണിയൻ ഒരു വൻശക്തിയായി മാറി. അതോടെ സോവിയറ്റ് സമ്പദ് വ്യവസ്ഥ അമേരിക്ക ഒഴികെയുള്ള മറ്റ് രാജ്യങ്ങളെക്കാളും വളർച്ച നേടി. അതിന് സങ്കീർണമായ വാർത്താവിനിമയ ശൃംഖലയും എണ്ണ ഉൾപ്പെടെയുള്ള വൻ ഊർജവിഭവങ്ങളും, ഇരുമ്പ്, ഉരുക്ക് എന്നിവയും മികച്ച യന്ത്രസാമഗ്രികളുടെ നിർമാണവും വിദൂരമേഖലകളെപ്പോലും കാര്യക്ഷമതയോടെ ബന്ധിപ്പിക്കുന്ന ഗതാഗത മേഖലയും ഉണ്ടായിരുന്നു. പടിഞ്ഞാറൻ മുതലാളിത്ത രാജ്യങ്ങളോട് കിടപിടിക്കുന്ന ഗുണമേന്മയില്ലായിരുന്നെങ്കിലും, മൊട്ടു സൂചി മുതൽ കാറ് വരെ എല്ലാ ആഭ്യന്തര ഉപഭോഗ വസ്തുക്കളും നിർമിക്കുന്ന വ്യവസായ മേഖലയും അതിനുണ്ടായിരുന്നു. എല്ലാ പൗരന്മാർക്കും സോവിയറ്റ് രാഷ്ട്രം മിനിമം ജീവിത നിലവാരം ഉറപ്പാക്കി. കൂടാതെ ആരോഗ്യം, വിദ്യാഭ്യാസം, ശിശുക്ഷേമം മറ്റ് സുരക്ഷാപദ്ധതികൾ തുടങ്ങി അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ സർക്കാർ സഹായം നൽകി. ഇവിടെ തൊഴിലില്ലായ്മ ഉണ്ടായിരുന്നില്ല. ഉടമസ്ഥത മുഖ്യമായും സർക്കാരിനായിരുന്നു. ഭൂമിയും, ഉല്പാദന ആസ്തികളും രാഷ്ട്രത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമായിരുന്നു.

എന്നിരുന്നാലും സോവിയറ്റ് വ്യവസ്ഥ ഉദ്യോഗസ്ഥ മേധാവിത്വമുള്ളതും സ്വേച്ഛാധിപത്യപരവുമായിരുന്നതിനാൽ അത് പൗരജീവിതം ദുസ്സഹമാക്കി. ജനാധിപത്യത്തിന്റെയും സംസാരസ്വാതന്ത്ര്യത്തിന്റെയും അഭാവം തമാശകളിലൂടെയും കാർട്ടൂണുകളിലൂടെയും തങ്ങളുടെ വിയോജിപ്പ് പ്രകടിപ്പിച്ച ജനങ്ങളെപ്പോലും വീർപ്പുമുട്ടിച്ചു. സോവിയറ്റ് രാഷ്ട്രത്തിലെ മിക്കവാറും സ്ഥാപനങ്ങളും പരിഷ്കരിക്കപ്പെടേണ്ടതുണ്ടായിരുന്നു. സോവിയറ്റ് യൂണിയനിലെ ഏകകക്ഷിഭരണത്തെ പ്രതിനിധാനം ചെയ്യുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് എല്ലാ സ്ഥാപനങ്ങളുടെയും മേൽ കടുത്ത നിയന്ത്രണങ്ങളുണ്ടായിരുന്നു, അതുപോലെ അതിന് ജനങ്ങളോട് ഉത്തരവാദിത്വവുമുണ്ടായിരുന്നില്ല. തങ്ങളുടെ ജീവിതരീതികളും സംസ്കാരവും കൈകാര്യം ചെയ്യാനുള്ള അവകാശം തങ്ങൾക്ക് ലഭിക്കണമെന്ന സോവിയറ്റ് യൂണിയനിലെ 15 റിപ്പബ്ലിക്കുകളിലെ ജനങ്ങളുടെ അഭിവാഞ്ജയെ പാർട്ടി നിരസിച്ചു. കടലാസിൽ മാത്രമാണെങ്കിലും യു.എസ്.എസ്.ആർ. ന്റെ രൂപീകരണത്തിന് കാരണമായ 15 റിപ്പബ്ലിക്കുക

ളിൽ ഒന്നു മാത്രമായ റഷ്യ യഥാർഥത്തിൽ എല്ലാത്തിനും മേൽ ആധിപത്യം സ്ഥാപിച്ചു. മാത്രവുമല്ല മറ്റു മേഖലകളിൽനിന്നുള്ള ജനങ്ങൾക്ക് തങ്ങൾ അടിച്ചമർത്തപ്പെടുന്നതായും അവഗണിക്കപ്പെടുന്നതായും തോന്നുകയും ചെയ്തു.

ആയുധപ്പന്തയത്തിൽ സോവിയറ്റ് യൂണിയന് കാലാകാലങ്ങളിൽ അമേരിക്കയ്ക്ക് ഒപ്പമെത്താൻ സാധിച്ചെങ്കിലും അതിന് വലിയ വില നൽകേണ്ടി വന്നു. സാങ്കേതികവിദ്യയിലും പശ്ചാത്തലസൗകര്യങ്ങളിലും (ഗതാഗതം, ഊർജം) സോവിയറ്റ് യൂണിയൻ പടിഞ്ഞാറൻ രാജ്യങ്ങൾക്ക് പിന്നിലായിരുന്നു, ഏറ്റവും പ്രധാനമായി, ജനങ്ങളുടെ രാഷ്ട്രീയ സാമ്പത്തിക അഭിലാഷങ്ങൾ സഫലീകരിക്കുന്നതിലും സോവിയറ്റ് യൂണിയൻ വളരെ പിന്നിലായിരുന്നു. 1979 ലെ അഫ്ഘാനിസ്ഥാനിലെ സോവിയറ്റ് അധിനിവേശം ഈ സംവിധാനത്തെ കൂടുതൽ ദുർബലമാക്കി. വേതനങ്ങളുടെ കാര്യത്തിൽ വർദ്ധനവ് ഉണ്ടായെങ്കിലും ഉൽപ്പാദനക്ഷമതയുടെയും സാങ്കേതികവിദ്യയുടെയും കാര്യത്തിൽ സോവിയറ്റ് യൂണിയൻ പടിഞ്ഞാറൻ രാജ്യങ്ങൾക്കും വളരെ പിന്നിലായി. ഇത് എല്ലാതരത്തിലുമുള്ള ഉപഭോഗവസ്തുക്കളുടെയും ദൗർലഭ്യത്തിലേക്ക് നയിച്ചു. ഓരോ വർഷവും ഭക്ഷ്യ ഇറക്കുമതി വർദ്ധിച്ചു. സോവിയറ്റ് സമ്പദ്വ്യവസ്ഥ അടിപതറി തുടങ്ങുകയും 1970 കളുടെ അവസാനത്തോടെ സ്തംഭനാവസ്ഥയിലെത്തുകയും ചെയ്തു.

## ഗോർബച്ചേവും ശിഥിലീകരണവും (Gorbachev and Distintegration)

1985-ൽ സോവിയറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറിയായി നിയമിതനായ മിഖായേൽ ഗോർബച്ചേവ് ഈ വ്യവസ്ഥയെ പരിഷ്കരിക്കാൻ ആഗ്രഹിച്ചു. പാശ്ചാത്യ ലോകത്തെ വിവരസാങ്കേതിക വിപ്ലവങ്ങൾക്കൊപ്പം എത്താൻ സോവിയറ്റ് യൂണിയന് പരിഷ്കരണങ്ങൾ അനിവാര്യമായിരുന്നു. എന്നിരുന്നാലും പാശ്ചാത്യ ലോകവുമായുള്ള ബന്ധം സാധാരണഗതിയിലേക്ക് കൊണ്ടുവരാനും, ജനാധിപത്യവത്കരണം നടപ്പാക്കാനും, സോവിയറ്റ് യൂണിയനെ പരിഷ്കരിക്കാനുമുള്ള ഗോർബച്ചേവിന്റെ തീരുമാനം അദ്ദേഹമോ മറ്റാരെങ്കിലുമോ വിചാരിക്കാത്തതോ പ്രതീക്ഷിക്കാത്തതോ ആയ ചില ഫലങ്ങൾ ഉളവാക്കി. സോവിയറ്റ് ചേരിയുടെ ഭാഗമായിരുന്ന കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ ജനങ്ങൾ തങ്ങളുടെ ഭരണകൂടങ്ങൾക്കും സോവിയറ്റ് നിയന്ത്രണങ്ങൾക്കും എതിരെ പ്രതിഷേധിക്കാൻ തുടങ്ങി.

മുൻ കാലഘട്ടങ്ങളിൽ സംഭവിച്ചതിന് വിരുദ്ധമായി ഈ രാജ്യങ്ങളിലെ ഇത്തരം പ്രശ്നങ്ങളിൽ ഗോർബച്ചേവിന്റെ നേതൃത്വത്തിലുള്ള സോവിയറ്റ് യൂണിയൻ ഇടപെടലുകൾ നടത്തിയില്ല. ഇതോടെ കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങൾ ഒന്നൊന്നായി തകർന്നു വീണു. ഈ സംഭവ വികാസങ്ങൾക്കൊപ്പം തന്നെ സോവിയറ്റ് യൂണിയനുള്ളിൽ വർധിച്ചുവന്ന ആഭ്യന്തര പ്രതിസന്ധി അതിന്റെ ശിഥിലീകരണത്തിന് ആക്കം കൂട്ടി. രാജ്യത്തിനുള്ളിലെ ജനാധിപത്യവത്കരണത്തിനും സാമ്പത്തികവും രാഷ്ട്രീയവുമായ പരിഷ്കരണത്തിനുമുള്ള നയങ്ങൾക്ക് ഗോർബച്ചേവ് തുടക്കം കുറിച്ചു. ഈ പരിഷ്കരണങ്ങളെ പാർട്ടിക്കുള്ളിലെ തന്നെ നേതാക്കന്മാർ എതിർത്തു.

കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ തീവ്രവിഭാഗത്തിന്റെ പിന്തുണയോടുകൂടി 1991-ൽ ഒരു അട്ടിമറിശ്രമം നടന്നു. ഇതിനോടകം തന്നെ സ്വാതന്ത്ര്യത്തിന്റെ രുചിയറിഞ്ഞ ജനങ്ങൾ പഴയ രീതിയിലുള്ള കമ്മ്യൂണിസ്റ്റ് പാർട്ടി ഭരണരീതിയിലേക്ക് തിരിച്ചുപോകാൻ ആഗ്രഹിച്ചില്ല. ഈ അട്ടിമറിയെ എതിർക്കുകവഴി ബോറിസ് യൽറ്റ്സിൻ ഒരു ദേശീയനേതാവായി ഉയർന്നു വന്നു. പൊതുതെരഞ്ഞെടുപ്പിൽ വിജയിച്ച യൽറ്റ്സിന്റെ നേതൃത്വത്തിലുള്ള റഷ്യൻ റിപ്പബ്ലിക്, കേന്ദ്രീകൃതനിയന്ത്രണത്തെ വെല്ലുവിളിച്ചു. സോവിയറ്റ് യൂണിയനിൽ പാശ്ചാത്യവൽകരണം കൂടുതലായി നടന്ന റിപ്പബ്ലിക്കുകൾ സ്വയം പരമാധികാര രാഷ്ട്രങ്ങളായി കരുതുകയും അധികാരം സോവിയറ്റ് കേന്ദ്രത്തിൽ നിന്ന് ഇത്തരത്തിലുള്ള റിപ്പബ്ലിക്കുകളിലേക്ക് മാറാൻ തുടങ്ങുകയും ചെയ്തു. എന്നാൽ മധ്യേഷ്യൻ റിപ്പബ്ലിക്കുകൾ സ്വാതന്ത്ര്യം ആവശ്യപ്പെടാതെ സോവിയറ്റ് ഫെഡറേഷനിൽ തുടരാൻ ആഗ്രഹിച്ചു. 1991 ഡിസംബറിൽ യൽറ്റ്സിന്റെ

### സോവിയറ്റ് യൂണിയനിലെ നേതാക്കൾ



**സ്റ്റാലിൻ**
(1879–1953)
ലെനിന്റെ പിൻഗാമി; സോവിയറ്റ് യൂണിയന്റെ ഏകീകരണ കാലത്തെ നേതാവ് (1924-53); ധ്രുതഗതിയിലുള്ള വ്യവസായവത്കരണത്തിനും നിർബന്ധിത കൂട്ടുകൃഷി സമ്പ്രദായത്തിനും തുടക്കമിട്ടു; രണ്ടാം ലോകമഹായുദ്ധത്തിലെ സോവിയറ്റ് വിജയത്തിന്റെ ശിൽപി; 1930-കളിലെ കടുത്ത ഭീകരതയ്ക്ക് ഉത്തരവാദി; ഏകാധിപത്യപരമായ പ്രവർത്തനരീതി; പാർട്ടിക്കുള്ളിലെ എതിരാളികളെ ഉന്മൂലനം ചെയ്തു.

## സോവിയറ്റ് യൂണിയനിലെ നേതാക്കൾ



**നികിത ക്രൂഷ്ചേവ്**
**(1894 – 1971)**

സോവിയറ്റ് യൂണിയന്റെ നേതാവ് (1953 - 64); സ്റ്റാലിന്റെ നേതൃത്വ ശൈലിയെ തള്ളിപ്പറയുകയും 1956-ൽ ചില പരിഷ്കരണങ്ങൾ കൊണ്ടു വരികയും ചെയ്തു; പാശ്ചാത്യ രാജ്യങ്ങളുമായി 'സമാധാനപരമായ സഹവർത്തിത്വം' നിർദേശിച്ചു; ഹംഗറിയിലെ ജനകീയ വിപ്ലവം അടിച്ചമർത്തുന്നതിലും ക്യൂബൻ മിസൈൽ സംഘർഷത്തിലും ഉൾപ്പെട്ടിരുന്നു.

ഉരുളക്കിഴങ്ങ് വിളവെടുപ്പിനെക്കുറിച്ച് രേഖപ്പെടുത്താൻ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിക്കാരനായ ഉദ്യോഗസ്ഥൻ മോസ്കോയിൽ നിന്നും വാഹനമോടിച്ച് കൂട്ടുകൃഷി പാടത്ത് എത്തി.

"സഖാവെ, ഈ വർഷത്തെ വിളവെടുപ്പ് എങ്ങനെ ഉണ്ട്?" ഉദ്യോഗസ്ഥൻ ചോദിച്ചു.

"ഓ..... ദൈവകടാക്ഷം കൊണ്ട്, ഞങ്ങൾക്ക് ഉരുളക്കിഴങ്ങ് മലകളുണ്ട്." കർഷകൻ ഉത്തരം നൽകി.

"ഇവിടെ ദൈവം എന്ന ഒന്ന് ഇല്ല" ഉദ്യോഗസ്ഥൻ എതിർത്തു.

"ഹാ" കർഷകൻ പറഞ്ഞു. "അതുപോലെ തന്നെ ഇവിടെ ഉരുളക്കിഴങ്ങ് മലകളുമില്ല."

നേതൃത്വത്തിൽ റഷ്യ, ഉക്രൈൻ, ബലാറസ് എന്നീ പ്രധാനപ്പെട്ട റിപ്പബ്ലിക്കുകൾ ചേർന്ന് സോവിയറ്റ് യൂണിയൻ പിരിച്ചുവിട്ടതായി പ്രഖ്യാപിച്ചു. സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടു.

മുതലാളിത്തവും ജനാധിപത്യവും സോവിയറ്റാനന്തര റിപ്പബ്ലിക്കുകളുടെ അടിത്തറയായി സ്വീകരിക്കപ്പെട്ടു. യു.എസ്.എസ്.ആർ.ന്റെ ശിഥിലീകരണ പ്രഖ്യാപനവും, സ്വതന്ത്ര രാജ്യങ്ങളുടെ കോമൺവെൽത്ത് (CIS) രൂപീകരണവും മറ്റ് റിപ്പബ്ലിക്കുകളെ, പ്രത്യേകിച്ച് മധ്യേഷ്യൻ റിപ്പബ്ലിക്കുകളെ വിസ്മയിപ്പിച്ചു. ഈ രാജ്യങ്ങളെ ഒഴിവാക്കിയത് ഒരു പ്രശ്നമായിരുന്നെങ്കിലും ഇവയെ കോമൺവെൽത്തിന്റെ സ്ഥാപക അംഗങ്ങളാക്കിക്കൊണ്ട് വേഗത്തിൽ അത് പരിഹരിച്ചു. സോവിയറ്റ് യൂണിയന്റെ പിന്തുടർച്ചാവകാശിയായ രാഷ്ട്രമായി റഷ്യ അംഗീകരിക്കപ്പെട്ടു. യു.എൻ. സുരക്ഷാസമിതിയിലെ സോവിയറ്റ് യൂണിയന്റെ സ്ഥാനം അത് കരസ്ഥമാക്കി. സോവിയറ്റ് യൂണിയന്റെ എല്ലാ അന്തർദേശീയ ഉടമ്പടികളും ബാധ്യതകളും റഷ്യ സ്വീകരിച്ചു. പഴയ സോവിയറ്റ് റിപ്പബ്ലിക്കുകളിലെ ഏക ആണവരാജ്യമായി റഷ്യ മാറുകയും അമേരിക്കയ്ക്ക് ഒപ്പം ചേർന്ന് ചില ആണവ നിരായുധീകരണ നടപടികൾ കൈക്കൊള്ളുകയും ചെയ്തു. അങ്ങനെ പഴയ സോവിയറ്റ് യൂണിയൻ പൂർണമായും മൃതിയടയുകയും സംസ്കരിക്കപ്പെടുകയും ചെയ്തു.

### എന്തുകൊണ്ട് സോവിയറ്റ് യൂണിയൻ ശിഥിലീകരിക്കപ്പെട്ടു? (Why did the Soviet Union disintegrate?)

എങ്ങനെയാണ് ലോകത്തിലെ രണ്ടാമത്തെ ഏറ്റവും ശക്തമായ രാഷ്ട്രം പെട്ടെന്ന് ശിഥിലമായത്? സോവിയറ്റ് യൂണിയനെയും കമ്മ്യൂണിസത്തിന്റെ അന്ത്യത്തെയും മനസ്സിലാക്കാൻ മാത്രം ലക്ഷ്യം വച്ചുള്ള ചോദ്യമല്ലിത്. മറിച്ച് ലോകത്ത് ആദ്യമായോ അല്ലെങ്കിൽ അവസാനമായോ പതനം സംഭവിക്കുന്ന രാഷ്ട്രീയ സംവിധാനമല്ല ഇതെന്നതും ഈ ചോദ്യത്തെ പ്രസക്തമാക്കുന്നു. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്ക് പ്രത്യേകമായ സവിശേഷത ഉണ്ടെങ്കിലും ഈ സംഭവത്തിൽ നിന്ന് സ്വരൂപിക്കേണ്ട കൂടുതൽ പൊതുവായ പാഠങ്ങൾ ഉണ്ട്.

സോവിയറ്റ് യൂണിയനിലെ രാഷ്ട്രീയ സാമ്പത്തിക സ്ഥാപനങ്ങളുടെ ആന്തരിക ദൗർബല്യം ജനങ്ങളുടെ പ്രതീക്ഷകൾ നിറവേറ്റുന്നതിൽ പരാജയപ്പെട്ടു. ഇത് ഈ സംവിധാനത്തിന്റെ തകർച്ചയ്ക്ക് കാരണമായി എന്നതിൽ തർക്കമില്ല. നിരവധി വർഷങ്ങളായുള്ള സാമ്പത്തിക മുരടിപ്പ് ഉപഭോഗവസ്തുക്കളുടെ കടുത്ത ദൗർലഭ്യത്തിന് കാരണമായി. ഇത് മൂലം സോവിയറ്റ് സമൂഹത്തിന്റെ വലിയ വിഭാഗം നിലവിലുള്ള സംവിധാനത്തെ സംശയിക്കുകയും തുറന്നു ചോദ്യം ചെയ്യുകയും ചെയ്തു.

എന്തുകൊണ്ടാണ് ഈ സംവിധാനം ഇത്ര മാത്രം ദുർബലമാവുകയും സാമ്പത്തിക രംഗം മുരടിക്കുകയും ചെയ്തത്? ഉത്തരം ഭാഗികമായി വ്യക്തമാണ്. സോവിയറ്റ് സമ്പദ്ഘടനയുടെ ഭൂരിഭാഗം വിഭവങ്ങളും ചെലവഴിക്കപ്പെട്ടത് ആണവ, ആണവേതര സൈനിക ആയുധങ്ങൾ പരിപാലിക്കുന്നതിനും, സോവിയറ്റ് സംവിധാനത്തിനുള്ളിലുള്ള കിഴക്കൻ യൂറോപ്പിലെ ഉപഗ്രഹ രാഷ്ട്രങ്ങളുടെ വികസനത്തിനുമാണ്. (പ്രത്യേകിച്ച് അഞ്ച് മധ്യേഷ്യൻ റിപ്പബ്ലിക്കുകൾ). ഇത് ഈ വ്യവസ്ഥക്ക് താങ്ങാൻ കഴിയാത്തതരത്തിലുള്ള വലിയ സാമ്പത്തിക ബാധ്യതയിലേക്ക് നയിച്ചു. അതേ സമയം സാധാരണ പൗരന്മാർ പാശ്ചാത്യ ലോകത്തെ



ഞാൻ അത്ഭുതപ്പെടുന്നു! എങ്ങനെ യാണ് ലോകത്തെ വിവേകമുള്ള ഇത്രയധികം ആളുകൾ ഇതുപോലൊരു സംവിധാനത്തെ പ്രശംസിക്കുന്നത്?

സാമ്പത്തിക മുന്നേറ്റത്തെക്കുറിച്ച് കൂടുതൽ അറിവുള്ളവരായി. തങ്ങളുടെ വ്യവസ്ഥയും പാശ്ചാത്യ വ്യവസ്ഥയും തമ്മിലുള്ള അന്തരം അവർക്ക് കാണാൻ കഴിഞ്ഞു. പാശ്ചാത്യ മുതലാളിത്തത്തേക്കാൾ വളരെ മെച്ചപ്പെട്ടത് സോവിയറ്റ് വ്യവസ്ഥയാണെന്ന് വർഷങ്ങളായി ധരിച്ചുവച്ചിരുന്ന അവർക്ക് തങ്ങളുടെ പിന്നാക്കാവസ്ഥയുടെ യാഥാർഥ്യത്തെക്കുറിച്ചുള്ള തിരിച്ചറിവ് രാഷ്ട്രീയവും മാനസികവുമായ ഞെട്ടൽ ഉളവാക്കി.

രാഷ്ട്രീയമായും ഭരണപരമായും സോവിയറ്റ് യൂണിയൻ നിശ്ചലമായിരുന്നു. 70 വർഷങ്ങളിലേറെ സോവിയറ്റ് യൂണിയൻ ഭരിച്ചിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ജനങ്ങളോട് ഉത്തരവാദിത്വം ഉണ്ടായിരുന്നില്ല. നിശ്ചലമായ ഭരണസംവിധാനവും, വ്യാപകമായ അഴിമതിയും, സംഭവിച്ചുപോയ വീഴ്ചകൾ തിരുത്താനുള്ള കഴിവില്ലായ്മയും കൂടുതൽ സുതാര്യസമീപനം അനുവദിക്കാനുള്ള ഭരണകൂടത്തിന്റെ വൈമനസ്യവും അധികാരത്തിന്റെ കേന്ദ്രീകരണവും, സാധാരണ ജനങ്ങളെ സർക്കാരിൽനിന്നും അകറ്റി. ഇതിലേറെ മോശമായ കാര്യം പാർട്ടി ഉദ്യോഗസ്ഥ വൃന്ദം സാധാരണ ജനങ്ങളെക്കാൾ കൂടുതൽ പ്രത്യേകാവകാശങ്ങൾ കരസ്ഥമാക്കി എന്നതാണ്. ജനങ്ങൾ തങ്ങളുടെ ഭരണാധികാരികളോടും, വ്യവസ്ഥയോടും താദാത്മ്യം പ്രാപിക്കാതായതോടെ ഭരണകൂടത്തിന് വലിയ തോതിൽ പൊതുജന പിന്തുണ നഷ്ടമായി.

ഗോർബച്ചേവിന്റെ പരിഷ്കാരങ്ങൾ ഈ പ്രശ്നങ്ങളെ കൈകാര്യം ചെയ്യാമെന്ന ഉറപ്പ് നൽകി. സാമ്പത്തിക രംഗത്തെ പരിഷ്കരിക്കാമെന്നും, പാശ്ചാത്യ ലോകത്തിനൊപ്പം എത്തിപ്പെടാമെന്നും, ഭരണസംവിധാനം അയവുള്ളതാക്കാമെന്നും ഗോർബച്ചേവ് വാഗ്ദാനം നൽകി. ഗോർബച്ചേവ് കൃത്യമായി പ്രശ്നം കണ്ടെത്തുകയും പരിഷ്കാരങ്ങൾ നടപ്പാക്കുകയും ചെയ്തിട്ടും സോവിയറ്റ് യൂണിയൻ എന്തുകൊണ്ട് തകർന്നെന്ന് നിങ്ങൾ അത്ഭുതപ്പെട്ടേക്കാം. ഇവിടെയാണ് ഉത്തരങ്ങൾ കൂടുതൽ വിവാദപരമാകുന്നത് – നമുക്ക് നന്നായി കാര്യങ്ങൾ മനസ്സിലാവാൻ ഭാവി ചരിത്രകാരന്മാരെ ആശ്രയിക്കേണ്ടി വരും.

ഇതിനുള്ള ഏറ്റവും പ്രസക്തവും അടിസ്ഥാനപരവുമായ ഉത്തരമായി കാണാവുന്നത്, ഗോർബച്ചേവ് അദ്ദേഹത്തിന്റെ പരിഷ്കാരങ്ങൾ നടപ്പിലാക്കുകയും, വ്യവസ്ഥയെ അയവുള്ളതാക്കുകയും ചെയ്തപ്പോൾ, ചില ശക്തികളും, പ്രതീക്ഷകളും ചലനാത്മകമാവുകയും പ്രവചനാനീതമായ ഒരു തലത്തിലേക്ക് അവ കൈവിട്ടുപോവുകയും, അവയെ നിയന്ത്രിക്കുക അസാധ്യമായിത്തീരുകയും ചെയ്തു എന്നതാണ്. ഗോർബച്ചേവ് കൂടുതൽ വേഗത്തിൽ നീങ്ങിയിരുന്നെങ്കിൽ എന്ന് വിചാരിച്ച ഒരു വിഭാഗം സോവിയറ്റ് സമൂഹത്തിലുണ്ടായിരുന്നു. അവർ അദ്ദേഹത്തിന്റെ രീതികളിൽ അസംതൃപ്തരും അക്ഷമരുമായി. അവരിൽ തങ്ങൾ വിചാരിച്ച രീതിയിലുള്ള ഗുണം ലഭിച്ചില്ല അല്ലെങ്കിൽ ഗുണം ലഭിക്കുന്നതിൽ കാലതാമസം നേരിട്ടു എന്ന തോന്നലുള്ളവരായി. അതേസമയം, മറ്റുള്ളവർ പ്രത്യേകിച്ച്, കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങളും വ്യവസ്ഥയുടെ ഗുണഭോക്താക്കളും തികച്ചും വിരുദ്ധമായ കാഴ്ചപ്പാട് സ്വീകരിച്ചു. തങ്ങളുടെ അവകാശങ്ങളും അധികാരങ്ങളും ഇല്ലാതാകുമെന്നും ഗോർബച്ചേവ് വളരെ ധ്രുതഗതിയിലാണ് നീങ്ങുന്നതെന്നും അവർ വിചാരിച്ചു. ഈ വടംവലിയിൽ ഗോർബച്ചേവിന് എല്ലാഭാഗത്തു നിന്നുമുള്ള പിന്തുണ നഷ്ടമാവുകയും പൊതുജനാഭിപ്രായം വിഭജിക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിനൊപ്പമുള്ളവർ പോലും മോഹഭംഗമുള്ളവരായിത്തീർന്നു, കാരണം അദ്ദേഹം തന്റെ നയങ്ങൾ പോലും വേണ്ടവിധം പ്രതിരോധിക്കുന്നില്ലെന്നവർക്ക് തോന്നി.

ഇതൊന്നും സോവിയറ്റ് യൂണിയന്റെ പതനത്തിന് കാരണമായില്ലെന്നുവരാം, എന്നാൽ മറ്റൊരു സംഭവവികാസം മിക്ക നിരീക്ഷകരെയും അത്ഭുതപ്പെടുത്തി. റഷ്യ, ബാൾട്ടിക് റിപ്പബ്ലിക് (എസ്തോണിയ, ലാത്വിയ, ലിത്വാനിയ) ഉക്രൈൻ, ജോർജിയ തുടങ്ങിയ നിരവധി റിപ്പബ്ലിക്കുകളിൽ വളർന്നു വന്ന ദേശീയതയും പരമാധികാരത്തിനു വേണ്ടിയുള്ള ആഗ്രഹവും യു.എസ്.എസ്.ആർ. ന്റെ ശിഥിലീകരണത്തിന് ഏറ്റവും പ്രധാനപ്പെട്ട കാരണമായി. ഇവിടെയും വ്യത്യസ്തമായ കാഴ്ചപ്പാടുകളുണ്ട്.

**സോവിയറ്റ് യൂണിയനിലെ നേതാക്കൾ**



**ലയോനിദ് ബ്രഷ്നേവ്**
(1906 – 82)
സോവിയറ്റ് യൂണിയന്റെ നേതാവ് (1964 - 82): കൂട്ടായ ഏഷ്യൻ സുരക്ഷ സംവിധാനം നിർദേശിച്ചു; ശീതയുദ്ധത്തിന്റെ അയഞ്ഞ ഘട്ടത്തിൽ അമേരിക്കയുമായി സഹകരിച്ചു; ചെക്കോസ്ലോവാക്യയിലെ ജനകീയ വിപ്ലവം അടിച്ചമർത്തുന്നതിലും അഫ്ഘാനിസ്ഥാൻ അധിനിവേശത്തിലും ഉൾപ്പെട്ടു.

നമ്മുടെ കാഴ്ചപ്പാട് സോവിയറ്റ് യൂണിയന്റെ ചരിത്രത്തിലെന്നും ദേശീയമോഹങ്ങളും വികാരങ്ങളും ഉണ്ടായിരുന്നു എന്നതാണ്. പരിഷ്കാരങ്ങൾ നടപ്പിലാക്കിയാലും ഇല്ലെങ്കിലും യൂണിയനുകളിൽ ആഭ്യന്തര സംഘർഷം ഉണ്ടാകുമായിരുന്നു. ഇത് ചരിത്രത്തിന്റെ ഒരു ആശങ്കയാണ്. സോവിയറ്റ് യൂണിയന്റെ വലുപ്പവും വൈജാത്യങ്ങളും വളർന്നു വരുന്ന ആന്തരിക പ്രശ്നങ്ങളും കണക്കിലെടുത്താൽ ഇത് ഒരു യുക്തിരഹിതമായ കാഴ്ചപ്പാടല്ല. ഭരണകർത്താക്കൾക്കോ, ഭരണകൂടത്തിനോ, നിയന്ത്രിക്കാൻ പറ്റാത്തവിധത്തിൽ ഗോർബച്ചേവിന്റെ പരിഷ്കാരങ്ങൾ ദേശീയ അസംതൃപ്തി ത്വരിതപ്പെടുത്തുകയും വർദ്ധിപ്പിക്കുകയും ചെയ്തു എന്നാണ് മറ്റു ചിലരുടെ കാഴ്ചപ്പാട്.

വിരോധാഭാസം പോലെ ശീതയുദ്ധകാലത്ത് മധ്യേഷ്യൻ റിപ്പബ്ലിക്കുകളിലെ ദേശീയ അസംതൃപ്തി കൂടുതൽ ശക്തമായെന്ന് പലരും ചിന്തിക്കുന്നു. ഇതിന് കാരണം സോവിയറ്റ് യൂണിയനിലെ മറ്റു പ്രദേശങ്ങളുമായുള്ള അവരുടെ വംശീയവും മതപരവുമായ വ്യത്യാസങ്ങളും

## സോവിയറ്റ് യൂണിയനിലെ നേതാക്കൾ



**മിഖായേൽ ഗോർബച്ചേവ്**
**(1931 – ൽ ജനനം)**
സോവിയറ്റ് യൂണിയന്റെ അവസാനത്തെ നേതാവ് (1985 - 91); പെരിസ്ട്രോയിക്ക (പുനർനിർമാണം) ഗ്ലാസ്നോസ്റ്റ് (തുറന്ന സമീപനം) എന്നിങ്ങനെ അറിയപ്പെടുന്നു സാമ്പത്തിക രാഷ്ട്രീയ പരിഷ്കരണ നടപടികൾ കൈക്കൊണ്ടു; അമേരിക്കയുമായുള്ള ആയുധ പന്തയം അവസാനിപ്പിച്ചു; അഫ്ഘാനിസ്ഥാനിൽ നിന്നും കിഴക്കൻ യൂറോപ്പിൽ നിന്നും സോവിയറ്റ് യൂണിയന്റെ സൈന്യത്തെ പിൻവലിച്ചു; ജർമ്മൻ ഏകീകരണത്തിന് പിന്തുണ നൽകി; ശീതയുദ്ധം അവസാനിപ്പിച്ചു; സോവിയറ്റ് യൂണിയനെ ശിഥിലീകരിച്ച വ്യക്തി എന്ന് ആരോപിക്കപ്പെട്ടു.

## സോവിയറ്റ് യൂണിയന്റെ ശിഥിലീകരണത്തിന്റെ നാൾവഴികൾ (TIMELINE OF DISINTEGRATION OF THE SOVIET UNION)

**1985 മാർച്ച്** :- സോവിയറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറിയായി മിഖായേൽ ഗോർബച്ചേവിനെ തിരഞ്ഞെടുത്തു. ബോറിസ് യെൽറ്റ്സിനെ മോസ്കോവിലെ പാർട്ടി പ്രസിഡണ്ടായി നിയമിച്ചു. സോവിയറ്റ് യൂണിയനിലെ പരിഷ്കരണ നടപടികളുടെ ഒരു പരമ്പരക്ക് തുടക്കം കുറിക്കുന്നു.

**1988** :- ലിത്വാനിയായിൽ സ്വാതന്ത്ര്യ പ്രസ്ഥാനം ആരംഭിക്കുന്നു; പിന്നീട് ഇത് എസ്തോണിയ, ലാത്വിയ എന്നിവിടങ്ങളിലേക്കും വ്യാപിക്കുന്നു.

**1989 ഒക്ടോബർ** :- വാഴ്സാ ഉടമ്പടിയിലെ അംഗങ്ങൾക്ക് തങ്ങളുടെ ഭാവി സ്വതന്ത്രമായി തീരുമാനിക്കാമെന്ന് സോവിയറ്റ് യൂണിയൻ പ്രഖ്യാപിക്കുന്നു. നവംബറിൽ ബർലിൻ മതിൽ തകർക്കപ്പെടുന്നു.

**1990 ഫെബ്രുവരി** :- ബഹുകക്ഷി സമ്പ്രദായം അനുവദിക്കണമെന്ന നിർദേശം സോവിയറ്റ് പാർലമെന്റിൽ അവതരിപ്പിച്ചു കൊണ്ട് 72 വർഷം നീണ്ട സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അധികാര കുത്തകക്ക് ഗോർബച്ചേവ് വിരാമമിട്ടു.

**1990 മാർച്ച്** :- 15 റിപബ്ലിക്കുകളിൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ച ആദ്യ റിപബ്ലിക് ലിത്വാനിയായി മാറി.

**1990 ജൂൺ** :- റഷ്യൻ പാർലമെന്റ് സോവിയറ്റ് യൂണിയനിൽ നിന്നുള്ള അതിന്റെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു.

**1991 ജൂൺ** :- കമ്മ്യൂണിസ്റ്റ് പാർട്ടി വിട്ട യെൽറ്റ്സിൻ റഷ്യൻ പ്രസിഡണ്ടായി.

**1991 ആഗസ്റ്റ്** :- കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ യാഥാസ്ഥിതിക വിഭാഗം ഗോർബച്ചേവിനെതിരെ നടത്തിയ അട്ടിമറി ശ്രമം പരാജയപ്പെട്ടു.

**1991 സെപ്തംബർ** :- ബാൾട്ടിക്ക് റിപബ്ലിക്കുകളായ എസ്റ്റോണിയ, ലാത്വിയ, ലിത്വാനിയ എന്നിവ ഐക്യരാഷ്ട്ര സഭയിൽ അംഗങ്ങളായി. (പിന്നീട് 2004 ൽ നാറ്റോ സഖ്യത്തിൽ ചേർന്നു).

**1991 ഡിസംബർ** :- റഷ്യ, ബലാറസ്, ഉക്രൈൻ എന്നീ രാജ്യങ്ങൾ 1922 ൽ യു.എസ്.എസ്.ആറിന് രൂപം നൽകിയ ഉടമ്പടിയിൽ നിന്ന് പിന്മാറാൻ തീരുമാനിച്ചു. തുടർന്ന് സ്വതന്ത്ര രാഷ്ട്രങ്ങളുടെ കോമൺവെൽത്ത് (CIS) സ്ഥാപിച്ചു; അർമേനിയ, അസർബൈജാൻ, മാൽദോവ, കസഖ്സ്ഥാൻ, കിർഗിസ്ഥാൻ, തജിക്കിസ്ഥാൻ, തുർക്ക്മെനിസ്ഥാൻ, ഉസ്ബെക്കിസ്ഥാൻ എന്നീ രാജ്യങ്ങളും ഇതിൽ അംഗങ്ങളായി ചേർന്നു. (ജോർജിയ പിന്നീട് 1993 ൽ ചേർന്നു). ഐക്യരാഷ്ട്ര സഭയിലെ സോവിയറ്റ് യൂണിയന്റെ സ്ഥാനം റഷ്യ ഏറ്റെടുത്തു.

**1991 ഡിസംബർ 25** :- സോവിയറ്റ് യൂണിയന്റെ പ്രസിഡണ്ട് സ്ഥാനം ഗോർബച്ചേവ് രാജിവെച്ചു. സോവിയറ്റ് യൂണിയന്റെ അന്ത്യം പൂർണമായി.

സാമ്പത്തിക പിന്നോക്കാവസ്ഥയുമാണ്. എന്നാൽ സംഭവിച്ചത് മറിച്ചാണ്. ഇത്തരം ദേശീയ അസംതൃപ്തി ഏറ്റവും ശക്തമായിരുന്നത് കൂടുതൽ പാശ്ചാത്യവത്കരിക്കപ്പെട്ടതും സമ്പന്നവുമായ റഷ്യ ബാൾട്ടിക്, ഉക്രൈൻ, ജോർജിയ എന്നീ പ്രദേശങ്ങളിലാണ്. ഇവിടങ്ങളിലെ സാധാരണക്കാർക്ക് തങ്ങൾ മധ്യേഷ്യൻ രാജ്യങ്ങളിൽ നിന്നും അന്യരാണെന്നും സോവിയറ്റ് പിന്നാക്കപ്രദേശങ്ങളെ നിലനിർത്താൻ വേണ്ടി തങ്ങൾ വലിയ വില കൊടുക്കുന്നുണ്ടെന്നും വിചാരിച്ചു.

## ശിഥിലീകരണത്തിന്റെ പരിണിതഫലങ്ങൾ (Consequences of Disintegration)

സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലുള്ള രണ്ടാം ലോകത്തിന്റെയും, കിഴക്കൻ യൂറോപ്പിലെ സോഷ്യലിസ്റ്റ് സമ്പ്രദായത്തിന്റെയും തകർച്ച ലോകരാഷ്ട്രീയത്തിൽ കാര്യമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. ഇതിൽ നിന്നുണ്ടായ മൂന്ന് തരത്തിലുള്ള വിശാലമായ മാറ്റങ്ങൾ നമുക്ക് ശ്രദ്ധിക്കാം. ഇവയ്ക്ക് ഓരോന്നിനും നമുക്ക് ഇവിടെ രേഖപ്പെടുത്താൻ കഴിയാത്ത നിരവധി ഫലങ്ങളുമുണ്ട്.

ആദ്യമായി, ഇത് ശീതയുദ്ധ സംഘർഷങ്ങളുടെ അന്ത്യം എന്നർഥമാക്കുന്നു. സോഷ്യലിസ്റ്റ് വ്യവസ്ഥ മുതലാളിത്ത വ്യവസ്ഥയെ തോല്പിക്കുമോയെന്ന പ്രത്യയശാസ്ത്ര തർക്കം ഇനിയൊരു പ്രശ്നമേ അല്ലാതായി. ഈ തർക്കത്തിൽ രണ്ടു ചേരികളിലെയും സൈന്യം ഉൾപ്പെട്ടിരുന്നതിനാൽ ഇത് വൻതോതിലുള്ള ആയുധപ്പന്തയത്തിനും, ആണവായുധങ്ങൾ കരസ്ഥമാക്കുന്നതിനും, സൈനിക ചേരികളായി വിഭജിക്കപ്പെടുന്നതിനും കാരണമായതു കൊണ്ട് തന്നെ സംഘർഷത്തിന്റെ ഈ അന്ത്യം, ആയുധപ്പന്തയം അവസാനിപ്പിച്ചു കൊണ്ട് സമാധാനത്തിന്റെ ഒരു പുതിയ തലം ആവശ്യപ്പെടുന്നു.

രണ്ടാമതായി, ലോകരാഷ്ട്രീയത്തിലെ അധികാര ബന്ധങ്ങൾക്ക് മാറ്റം വരുകയും അതുവഴി പ്രത്യയശാസ്ത്രങ്ങളുടെയും സ്ഥാപനങ്ങളുടെയും ആപേക്ഷികമായ സ്വാധീനത്തിലും മാറ്റമുണ്ടായി. ശീതയുദ്ധത്തിന്റെ അന്ത്യം രണ്ട് സാധ്യതകൾ മാത്രമാണ് നൽകിയത്. ഒന്നുകിൽ, അവശേഷിക്കുന്ന വൻശക്തി, ആധിപത്യം പുലർത്തിക്കൊണ്ട് ഒരു ഏകധ്രുവ ലോകം സൃഷ്ടിക്കുക അല്ലെങ്കിൽ, വിവിധ രാജ്യങ്ങളോ അവയുടെ കൂട്ടായ്മകളോ അന്താരാഷ്ട്ര വ്യവസ്ഥയിൽ പ്രധാന പങ്കുവഹിച്ചു കൊണ്ട് ഒരു ശക്തിക്കും മേധാവിത്വമില്ലാത്ത ഒരു ബഹുധ്രുവ ലോകം സൃഷ്ടിക്കുക. എന്നാൽ സംഭവിച്ചത്, അമേരിക്ക ഏക വൻശക്തിയായി മാറുകയും അമേരിക്കൻ ശക്തിയുടെയും പ്രതാപത്തിന്റെയും സഹായത്തോടെ മുതലാളിത്ത സമ്പദ്‌വ്യവസ്ഥ അന്തർദേശീയതലത്തിൽ മേധാവിത്വം നേടുകയും ചെയ്തു. മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിലേക്കുള്ള മാറ്റത്തിനായി വായ്പകൾ നൽകിയതിനാൽ ലോകബാങ്ക്, അന്താരാഷ്ട്ര നാണയനിധി തുടങ്ങിയ സ്ഥാപനങ്ങൾ ഈ രാജ്യങ്ങളുടെ ശക്തരായ ഉപദേശകരായി മാറി. രാഷ്ട്രീയപരമായി ഉദാരജനാധിപത്യം എന്ന ആശയം സംഘടിത രാഷ്ട്രീയ ജീവിതത്തിന്റെ ഏറ്റവും മെച്ചപ്പെട്ട മാർഗമായി മാറി.

മൂന്നാമതായി സോവിയറ്റ് ചേരിയുടെ അന്ത്യത്തിന്റെ അർഥം നിരവധി പുതിയ രാജ്യങ്ങളുടെ ഉദയം എന്നുകൂടിയാണ്. ഈ എല്ലാ രാജ്യങ്ങൾക്കും അവരുടേതായ സ്വാതന്ത്ര്യ മോഹങ്ങളും തിരഞ്ഞെടുക്കലുകളും ഉണ്ടായിരുന്നു. അവരിൽ ചിലർ, പ്രത്യേകിച്ച് ബാൾട്ടിക്, കിഴക്കൻ യൂറോപ്യൻ രാഷ്ട്രങ്ങൾ, എന്നിവ യൂറോപ്യൻ യൂണിയനിൽ ചേരാനും നാറ്റോയുടെ ഭാഗമാവാനും ആഗ്രഹിച്ചു. മധ്യേഷ്യൻ രാജ്യങ്ങൾ തങ്ങളുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം ഉപയോഗപ്പെടുത്തി റഷ്യയോടുള്ള അടുപ്പം തുടരാനും അതോടൊപ്പം പാശ്ചാത്യരാജ്യങ്ങൾ, അമേരിക്ക, ചൈന തുടങ്ങിയവയുമായി ബന്ധങ്ങൾ സ്ഥാപിക്കാനും ആഗ്രഹിച്ചു. ഇപ്രകാരം അന്തർദേശീയ വ്യവസ്ഥയിൽ അവരുടേതായ അസ്തിത്വവും താത്പര്യവും സാമ്പത്തികവും രാഷ്ട്രീയവുമായ വിഷമതകളും ഉള്ള നിരവധി പുതിയ അംഗങ്ങൾ ഉദയം ചെയ്തു. ഈ പ്രശ്നങ്ങ

**+**

**സോവിയറ്റ് യൂണിയനിലെ നേതാവ്**



**ബോറിസ് യെൽറ്റ്സിൻ [1931 – 2007]**

റഷ്യയിലെ തെരഞ്ഞെടുക്കപ്പെട്ട ആദ്യ പ്രസിഡണ്ട് (1991 - 1999); കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലേക്കുയർന്ന യെൽറ്റ്സിനെ ഗോർബച്ചേവ് മോസ്കോ മേയറായി നിയമിച്ചു; പിന്നീട് ഗോർബച്ചേവിന്റെ വിമർശകനായി കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നും രാജി വച്ചു; സോവിയറ്റ് വാഴ്ചക്കെതിരെ 1991 ൽ പ്രതിഷേധം നയിച്ചു; സോവിയറ്റ് യൂണിയനെ ശിഥിലമാക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചു; റഷ്യയുടെ കമ്മ്യൂണിസത്തിൽ നിന്നും മുതലാളിത്തത്തിലേക്കുള്ള പരിവർത്തനത്തിൽ അഭിമുഖീകരിക്കേണ്ടി വന്ന ബുദ്ധിമുട്ടുകൾക്ക് പഴികേൾക്കേണ്ടി വന്നു.



ചില ആളുകൾ പറയുന്നത് ഞാൻ കേട്ടു. "സോവിയറ്റ് യൂണിയന്റെ അന്ത്യം എന്നത് കൊണ്ട് സോഷ്യലിസത്തിന്റെ അവസാനം എന്നർഥമില്ല". ഇത് ശരിയാണോ?

ളിലേക്കാണ് ഇനി നമ്മൾ കടക്കുന്നത്.

## കമ്മ്യൂണിസ്റ്റാനന്തര ഭരണ വ്യവസ്ഥകളിലെ ആഘാത ചികിത്സ (Shock therapy in post- communist regimes)

കമ്മ്യൂണിസത്തിന്റെ തകർച്ചയെത്തുടർന്ന് മിക്ക രാജ്യങ്ങളും ഒരു ഏകാധിപത്യ സോഷ്യലിസ്റ്റ് സമ്പ്രദായത്തിൽ നിന്നും ജനാധിപത്യ മുതലാളിത്ത സമ്പ്രദായത്തിലേക്കുള്ള വേദനജനകമായ ഒരു പരിവർത്തന പ്രക്രിയയിലൂടെ കടന്നുപോവുകയുണ്ടായി. ലോകബാങ്കിന്റെയും അന്താരാഷ്ട്ര നാണയനിധിയുടെയും സ്വാധീനത്തിൽ റഷ്യ, മധ്യേഷ്യ, കിഴക്കൻ യൂറോപ്പ് എന്നിവിടങ്ങളിൽ നടന്ന പരിവർത്തന മാതൃക ആഘാത ചികിത്സ എന്നറിയപ്പെടുന്നു (Shock Therapy). ആഘാത ചികിത്സയുടെ വേഗതയും തീവ്രതയും പഴയ രണ്ടാം ലോകരാജ്യങ്ങളിൽ ഓരോന്നിലും വ്യത്യസ്തമായിരുന്നു. എങ്കിലും ഇതിന്റെ ദിശയും സവിശേഷതകളും എല്ലായിടത്തും ഏകദേശം സമാനമായിരുന്നു.

ഈ ഓരോ രാജ്യങ്ങൾക്കും മുതലാളിത്ത സമ്പദ് വ്യവസ്ഥയിലേക്ക് പൂർണമായും മാറേണ്ടിയിരുന്നു. അതിനർഥം സോവിയറ്റ് കാലഘട്ടത്തിൽ രൂപം കൊണ്ട സംവിധാനങ്ങൾ പൂർണമായും വേരോടെ പിഴുതെറിയേണ്ടതുണ്ട് എന്നായിരുന്നു. എല്ലാറ്റിനുമുപരിയായി, ഇത് അർഥമാക്കിയത് സ്വകാര്യ ഉടമസ്ഥതയായിരിക്കും സ്വത്തുടമസ്ഥതയുടെ ഏറ്റവും പ്രധാന രൂപം എന്നതാണ്. രാഷ്ട്ര ആസ്തികളുടെ സ്വകാര്യവത്കരണവും കോർപറേറ്റ് ഉടമസ്ഥതാ രീതികളും വേഗത്തിൽ തന്നെ നടപ്പാക്കേണ്ടിയിരുന്നു. കൂട്ടുകൃഷിയിടങ്ങൾ സ്വകാര്യ കൃഷിയിടങ്ങളായി മാറ്റപ്പെടുകയും കാർഷിക മേഖലയിൽ മുതലാളിത്തം വരികയും ചെയ്തു. ഈ പരിവർത്തനം രാഷ്ട്ര നിയന്ത്രിത സോ

**മധ്യേഷ്യ, കിഴക്കൻ യൂറോപ്പ്, സ്വതന്ത്രരാഷ്ട്രങ്ങളുടെ കോമൺവെൽത്ത് എന്നിവയുടെ ഭൂപടം**




ഭൂപടത്തിൽ മധ്യേഷ്യൻ റിപ്പബ്ലിക്കുകൾ അടയാളപ്പെടുത്തുക

**ഉറവിടം:** *https://www.unicef.org/hac2012/images/HAC2012_CEE-CIS_map_REVISED.gif*

**കുറിപ്പ്:** ഈ ഭൂപടത്തിൽ കാണിച്ചിട്ടുള്ള അതിർത്തികളും പേരുകളും അതുപോലെ പദവികളും ഐക്യരാഷ്ട്ര സഭ ഔദ്യോഗികമായി അംഗീകരിച്ചതോ സ്വീകരിച്ചതോ അല്ല.

ഷ്യലിസം അല്ലെങ്കിൽ മുതലാളിത്തം എന്നതല്ലാതെ ഒരു 'മൂന്നാം മാർഗമോ' ബദൽ സാധ്യതകളോ ഇല്ലാതാക്കി. ഈ സമ്പദ്‌വ്യവസ്ഥകളുടെ ബാഹ്യ സമീപനങ്ങളിൽ ആഘാത ചികിത്സ കാര്യമായ മാറ്റം കൊണ്ടു വന്നു. വികസനം എന്നത് ഇപ്പോൾ കൂടുതൽ വ്യാപാരം എന്ന് അർത്ഥമാക്കപ്പെടുകയും സ്വതന്ത്ര വ്യാപാരത്തിലേക്കുള്ള ത്വരിതവും പൂർണ്ണവുമായ മാറ്റം അനിവാര്യമാണെന്ന് കരുതപ്പെടുകയും ചെയ്യുന്നു. സ്വതന്ത്ര വ്യാപാര മേഖലയും, നേരിട്ടുള്ള വിദേശ നിക്ഷേപവും (FDI) മാറ്റത്തിന്റെ പ്രധാന ഉപകരണങ്ങളായി. വിദേശ മൂലധനത്തോടുള്ള തുറന്ന സമീപനം, സാമ്പത്തിക മേഖലയുടെ തുറന്ന് കൊടുക്കൽ അല്ലെങ്കിൽ നിയന്ത്രണങ്ങൾ നീക്കൽ, നാണയ വിനിമയം തുടങ്ങിയവും ഇതിലുൾപ്പെടുന്നു.

അവസാനമായി, സോവിയറ്റ് ചേരിയിലുള്ള രാജ്യങ്ങൾക്കിടയിൽ ഉണ്ടായിരുന്ന വ്യാപാര സഖ്യങ്ങളുടെ ശിഥിലീകരണവും ഈ പരിവർത്തനത്തിൽ ഉൾപ്പെടുന്നു. ഈ ചേരിയിലെ ഓരോ രാഷ്ട്രവും ഇപ്പോൾ മേഖലയിലെ മറ്റു രാജ്യങ്ങളുമായി ബന്ധം സ്ഥാപിക്കുന്നതിനു പകരം പടിഞ്ഞാറൻ രാജ്യങ്ങളുമായി നേരിട്ട് ബന്ധം സ്ഥാപിച്ചു. അപ്രകാരം ഈ രാജ്യങ്ങൾ ക്രമേണ പാശ്ചാത്യ സാമ്പത്തിക സംവിധാനങ്ങളിലേക്ക് ലയിച്ചു ചേർന്നു. ഇതോടെ പടിഞ്ഞാറൻ മുതലാളിത്ത രാഷ്ട്രങ്ങൾ നേതൃത്വത്തിലെത്തുകയും വിവിധ ഏജൻസികളിലൂടെയും സംഘടനകളിലൂടെയും ഈ പ്രദേശത്തിന്റെ വികസനത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

## ആഘാത ചികിത്സയുടെ പരിണിതഫലങ്ങൾ

### (Consequences of Shock Therapy)

1990 ൽ നടപ്പാക്കിയ ആഘാത ചികിത്സ അത് വാഗ്ദാനം ചെയ്ത വൻതോതിലുള്ള ഉപഭോഗം എന്ന സങ്കല്പ ലോകത്തിലേക്ക് ജനങ്ങളെ നയിക്കുന്നതിൽ പരാജയപ്പെട്ടു. പൊതുവിൽ ഇത് മുഴുവൻ മേഖലയിലെയും ജനങ്ങളുടെ ദുരിതത്തിനും, സമ്പദ് വ്യവസ്ഥയുടെ നാശത്തിനും കാരണമായി. റഷ്യയിലെ 90% വ്യവസായങ്ങളും സ്വകാര്യ വ്യക്തികൾക്കോ കമ്പനികൾക്കോ വിൽപ്പനയ്ക്ക് വെച്ചതിനാൽ അവിടുത്തെ ഏറ്റവും വലിയ രാഷ്ട്ര നിയന്ത്രിത വ്യവസായ ശൃംഖല തകർന്നു തരിപ്പണമായി. ഗവൺമെന്റിന്റെ വ്യവസായ നയങ്ങൾക്കനുസരിച്ചല്ലാതെ, കമ്പോള ശക്തികളിലൂടെ പുനസംഘടന നടത്തിയതിനാൽ ഏതാണ്ട് ഒട്ടുമിക്ക വ്യവസായങ്ങളും പൊടുന്നനെ അപ്രത്യക്ഷമായി. ഇതിനെ ചരിത്രത്തിലെ ഏറ്റവും വലിയ 'ഗാരേജ് വിൽപ്പന' എന്നു വിളിക്കുന്നു. കാരണം വിലയേറിയ വ്യവസായങ്ങളുടെ മൂല്യം കുറച്ച് കാണിച്ച് കിട്ടിയ വിലക്ക് വിറ്റഴിച്ചു. എല്ലാ പൗരന്മാർക്കും ഈ കച്ചവടത്തിൽ പങ്കെടുക്കാൻ രസീതുകൾ നൽകിയിരുന്നുവെങ്കിലും പണത്തിന് ആവശ്യമുള്ളതു കൊണ്ട് മിക്ക പൗരന്മാരും തങ്ങളുടെ രസീതുകൾ കരിഞ്ചന്തയിൽ വിറ്റഴിച്ചു.

റഷ്യൻ കറൻസിയായ റൂബിളിന്റെ വില നാടകീയമായി ഇടിഞ്ഞു. പണപ്പെരുപ്പത്തിന്റെ തോത് വളരെ ഉയർന്നതോടെ ജനങ്ങൾക്ക് അവരുടെ എല്ലാ സമ്പാദ്യങ്ങളും നഷ്ടമായി. കൂട്ടുകൃഷി സമ്പ്രദായങ്ങൾ ശിഥിലമായതോടെ ജനങ്ങളുടെ ഭക്ഷ്യ സുരക്ഷ നഷ്ടമാവുകയും റഷ്യ ഭക്ഷ്യ വസ്തുക്കൾ ഇറക്കുമതി ചെയ്യാൻ തുടങ്ങുകയും ചെയ്തു. 1999 ലെ റഷ്യയുടെ യഥാർഥ മൊത്ത ആഭ്യന്തര ഉൽപ്പാദനം 1989 നേക്കാൾ താഴെയായിരുന്നു. പഴയ വ്യാപാര ഘടന അതിന്റെ സ്ഥാനത്ത് ബദലുകളൊന്നും ഇല്ലാതെ തകർന്നു.

പഴയ സാമൂഹ്യ സുരക്ഷാ സംവിധാനങ്ങളും ആസൂത്രിതമായി നശിപ്പിക്കപ്പെട്ടു. ഗവൺമെന്റ് സഹായങ്ങൾ പിൻവലിച്ചത് വലിയ വിഭാഗം ജനങ്ങളെ ദാരിദ്ര്യത്തിലേക്ക് തള്ളിവിട്ടു. മധ്യവർഗ്ഗം സമൂഹത്തിന്റെ പുറമ്പോക്കിലേക്ക് തള്ളപ്പെടുകയും അക്കാദമികവും ബൗദ്ധികവുമായ മനുഷ്യവിഭവശേഷി ശിഥിലമാവുകയോ മറ്റ് പ്രദേശങ്ങളിലേക്ക് കുടിയേറുകയോ ചെയ്തു. ഇത്തരത്തിലുള്ള മിക്ക രാജ്യങ്ങളിലും ഒരു മാഫിയാ സംഘം വളർന്നുവരികയും അവർ പല സാമ്പത്തിക പ്രവർത്തനങ്ങളെയും നിയന്ത്രി



ഈ ആഘാതത്തെ എനിക്ക് കാണാൻ കഴിയും. എന്നാൽ ചികിത്സ എവിടെ? എന്നിട്ടും എന്തുകൊണ്ട് നമ്മൾ ഇത്തരം കാര്യങ്ങൾ മയപ്പെടുത്തി പറയുന്നു?



ആഘാത ചികിത്സയുടെ ഫലമായി റഷ്യയുടെ 1500 ഓളം വരുന്ന ബാങ്കുകളിൽ പകുതിയും മറ്റ് ധനകാര്യ സ്ഥാപനങ്ങളും പാപ്പരായി. ചിത്രത്തിലേത് ഇൻകോം ബാങ്കാണ്. റഷ്യയിലെ രണ്ടാമത്തെ വലിയ ബാങ്കായ ഇത് 1998 ൽ പാപ്പരായിത്തീർന്നു. തത്ഫലമായി 10,000 ത്തോളം വരുന്ന കോർപ്പറേറ്റുകളുടെയും സ്വകാര്യ ഓഹരി ഉടമകളുടെയും പണം നഷ്ടമായി, ഒപ്പം നിക്ഷേപം നടത്തിയ ഇടപാടുകാരുടെയും.

ക്കാൻ തുടങ്ങുകയും ചെയ്തു. സ്വകാര്യവത്കരണം പുതിയ അസമത്വങ്ങളിലേക്ക് നയിച്ചു. സോവിയറ്റാനന്തര രാജ്യങ്ങൾ പ്രത്യേകിച്ച് റഷ്യ സമ്പന്നവും ദരിദ്രവുമായ മേഖലകളായി വിഭജിക്കപ്പെട്ടു. പഴയ സംവിധാനത്തിൽ നിന്ന് വ്യത്യസ്തമായി അവിടെ ഇപ്പോൾ ആളുകൾക്കിടയിൽ വലിയ സാമ്പത്തിക അസമത്വങ്ങളുണ്ട്.

സാമ്പത്തിക പരിവർത്തനത്തിന് ലഭിച്ച മുൻഗണനയോ പരിഗണനയോ ജനാധിപത്യ സ്ഥാപനങ്ങളുടെ രൂപീകരണത്തിന് ലഭിച്ചില്ല. ഈ രാജ്യങ്ങളിലെല്ലാം വളരെ ധൃതിപിടിച്ച് ഭരണഘടനകൾ നിർമിക്കുകയും റഷ്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ, തിരഞ്ഞെടുക്കപ്പെട്ട പാർലമെന്റിനെ ദുർബലമാക്കുന്ന തരത്തിലുള്ള ബൃഹത്തായ അധികാരങ്ങളുള്ള ശക്തനായ എക്സിക്യൂട്ടീവ് പ്രസിഡന്റ് ഉണ്ടാവുകയും ചെയ്തു. മധ്യേഷ്യയിൽ പ്രസിഡണ്ടുമാർക്ക് വലിയ അധികാരം ലഭിക്കുകയും അവരിൽ പലരും സ്വേച്ഛാധിപതികളായി മാറുകയും ചെയ്തു. ഉദാഹരണത്തിന് തുർക്ക്മെനിസ്ഥാനിലെയും, ഉസ്ബക്കിസ്ഥാനിലെയും ഭരണാധികാരികൾ പത്തുവർഷത്തേക്ക് തങ്ങളെ സ്വയം അധികാരസ്ഥാനത്തേക്ക് നിയോഗിക്കുകയും, പിന്നീട് ഒരു പത്തുവർഷത്തേക്കു കൂടി അത് നീട്ടുകയും ചെയ്തു. അവർ യാതൊരുവിധ എതിർപ്പോ വിയോജിപ്പോ അനുവദിച്ചിരുന്നില്ല. ഒരു നീതിന്യായ സംസ്കാരമോ സ്വതന്ത്രനീതി നിർവഹണ സംവിധാനമോ ഈ രാജ്യങ്ങളിൽ ഇനിയും സ്ഥാപിതമായിട്ടില്ല.

ഈ സമ്പദ് വ്യവസ്ഥയിൽ മിക്കവയും, പ്രത്യേകിച്ച് റഷ്യ അവരുടെ സ്വാതന്ത്ര്യത്തിന് പത്ത് വർഷത്തിനുശേഷം 2000 ൽ പുനർജീവനത്തിന് തുടക്കം കുറിച്ചു. പ്രകൃതി വിഭവങ്ങളായ എണ്ണ, പ്രകൃതി വാതകം, ധാതുക്കൾ എന്നിവയുടെ കയറ്റുമതിയാണ് ഈ സമ്പദ് വ്യവസ്ഥയുടെ പുനർജീവനത്തിന് പ്രധാന കാരണം. അസർബൈയ്ജാൻ, കസാക്കിസ്ഥാൻ, റഷ്യ, തുർക്കുമെനിസ്ഥാൻ, ഉസ്ബക്കിസ്ഥാൻ എന്നിവ എണ്ണയുടെയും പ്രകൃതി വാതകത്തിന്റെയും പ്രധാന ഉത്പാദകരാണ്. തങ്ങളുടെ ഭൂപ്രദേശത്ത് കൂടി കടന്നുപോകുന്ന എണ്ണ പൈപ്പ് ലൈനുകളിൽ നിന്ന് കിട്ടുന്ന വാടക മറ്റ് രാജ്യങ്ങൾക്കും നേട്ടമായി. ഏതാനും ഉല്പാദനശാലകൾ പുനരാരംഭിച്ചു.

## പിരിമുറുക്കങ്ങളും സംഘർഷങ്ങളും (Tensions and Conflicts)

മിക്ക മുൻ സോവിയറ്റ് റിപ്പബ്ലിക്കുകളും സംഘർഷ സാധ്യത ഉള്ളവയാണ്. അവയിൽ പലയിടത്തും ആഭ്യന്തര യുദ്ധങ്ങളും കലാപങ്ങളും നടന്നിട്ടുണ്ട്. ബാഹ്യശക്തികളുടെ വർദ്ധിച്ചു വരുന്ന ഇടപെടലുകൾ ഈ അവസ്ഥയെ സങ്കീർണമാക്കുന്നു.

റഷ്യയിലെ രണ്ട് റിപ്പബ്ലിക്കുകളിൽ-ചെച്നിയ, ഡാജസ്റ്റൻ - അക്രമാസക്തമായ വിഘടന പ്രസ്ഥാനങ്ങൾ ഉണ്ടായി. ചെചൻ കലാപകാരികളെ കൈകാര്യം ചെയ്യുന്ന മോസ്കോയുടെ രീതികളും വിവേചനരഹിതമായ സൈനിക ബോംബിങ്ങും നിരവധി മനുഷ്യാവകാശ ലംഘനങ്ങളിലേക്ക് നയിച്ചു. പക്ഷെ അതുകൊണ്ട് സ്വാതന്ത്ര്യത്തിനായുള്ള അഭിലാഷത്തെ തളർത്താനായില്ല.

മധ്യേഷ്യയിൽ 2001 വരെ നീണ്ടുനിന്ന പത്ത് വർഷത്തെ ആഭ്യന്തര യുദ്ധത്തിന് താജിക്ക്സ്ഥാൻ സാക്ഷിയായി. മൊത്തത്തിലെടുത്താൽ ഈ മേഖലയിൽ നിരവധി വിഭാഗീയ സംഘർഷങ്ങളുണ്ട്. അസർബൈയ്ജാനിലെ നാഗൊർണൊ കാരാബഖ് പ്രവിശ്യയിൽ ചില തദ്ദേശീയ അർമേനിയക്കാർ വിഘടിച്ച് അർമേനിയയിൽ ചേരാൻ ആഗ്രഹിക്കുന്നു. ജോർജിയയിൽ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള രണ്ട് പ്രവിശ്യകളുടെ ആവശ്യം ആഭ്യന്തര യുദ്ധത്തിന് വഴിതെളിച്ചു. ജോർജിയ കിർഗിസ്ഥാൻ, ഉക്രൈൻ എന്നിവിടങ്ങളിലും നിലവിലുള്ള ഭരണകൂടത്തിനെതിരെ പ്രക്ഷോഭങ്ങളുണ്ട്. രാജ്യങ്ങളും പ്രവിശ്യകളും നദീജലത്തിന്റെ പേരിൽ വഴക്കടിക്കുന്നു. ഇതെല്ലാം അസ്ഥിരതയിലേക്ക് നയിക്കുകയും സാധാരണ പൗരന്റെ ജീവിതം ബുദ്ധിമുട്ടാക്കുകയും ചെയ്തു.

മധ്യേഷ്യൻ റിപ്പബ്ലിക്കുകൾ വൻതോതിലുള്ള ഹൈഡ്രോകാർബൺ വിഭവങ്ങളുള്ള പ്രദേശമാണ്. ഇതുകൊണ്ടവർ സാമ്പത്തിക നേട്ടമുണ്ടാക്കി. മധ്യേഷ്യ, ബാഹ്യശക്തികളും എണ്ണക്കമ്പനികളും തമ്മി



ദേശീയതയും വിഘടനവാദവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം? നിങ്ങൾ വിജയിക്കുകയാണെങ്കിൽ നിങ്ങൾ ദേശീയ നായകനായി ആഘോഷിക്കപ്പെടുകയും അഥവാ പരാജയപ്പെടുകയാണെങ്കിൽ വിഘടനവാദം എന്ന കുറ്റകൃത്യത്തിന്റെ പേരിൽ അപലപിക്കപ്പെടുകയും ചെയ്യും.

ലുള്ള മത്സരത്തിന്റെ മേഖലയായി മാറി. റഷ്യ, ചൈന അഫ്ഘാനിസ്ഥാൻ, പാക്കിസ്ഥാൻ, പശ്ചിമേഷ്യ എന്നീ പ്രദേശങ്ങൾ ഇതിന് സമീപമാണ്. 2001 സെപ്തംബർ 11ന് ശേഷം ഈ പ്രദേശത്ത് സൈനിക കേന്ദ്രങ്ങൾ സ്ഥാപിക്കാൻ അമേരിക്ക ആഗ്രഹിക്കുകയും പണം കൊടുത്ത് മധ്യേഷ്യൻ രാജ്യങ്ങളുടെ സൈനിക കേന്ദ്രങ്ങൾ വാടകക്കെടുക്കുകയും, അഫ്ഘാനിസ്താൻ – ഇറാക്ക് യുദ്ധവേളയിൽ ഈ രാജ്യങ്ങളുടെ മുകളിലൂടെ വിമാനം പറത്താനുള്ള അനുമതി കരസ്ഥമാക്കുകയും ചെയ്തു. എന്നിരുന്നാലും ഈ രാജ്യങ്ങളെ തങ്ങളുടെ സമീപ അയൽദേശമായി (Near Abroad) റഷ്യ കരുതുകയും അവ റഷ്യൻ സ്വാധീനത്തിന് കീഴിലാണെന്ന് വിശ്വസിക്കുകയും ചെയ്തു. എണ്ണ നിക്ഷേപമുള്ളതു കൊണ്ട് ചൈനക്ക് ഇവിടെ താത്പര്യങ്ങളുണ്ട്. ചൈനക്കാർ അതിർത്തി പ്രദേശങ്ങളിൽ താമസമുറപ്പിക്കുകയും വ്യാപാരം നടത്തുകയും ചെയ്യുന്നു.

കിഴക്കൻ യൂറോപ്പിൽ ചെക്കോസ്ലോവാക്യ സമാധാനപരമായി വിഭജിക്കപ്പെടുകയും, ചെക്ക്, സ്ലോവാക്ക് എന്നിങ്ങനെ രണ്ടു സ്വതന്ത്ര രാജ്യങ്ങളായി മാറുകയും ചെയ്തു. തീവ്രമായ സംഘർഷം നടന്നത് ബാൾക്കൺ റിപ്പബ്ലിക്കായ യുഗോസ്ലാവിയയിലാണ്. 1991 ന് ശേഷം ഇത് ക്രൊയേഷ്യ, സ്ലോവേനിയ, ബോസ്നിയ, ഹെർസിഗോവിന എന്നിങ്ങനെ നിരവധി രാജ്യങ്ങളായി സ്വാതന്ത്ര്യം പ്രഖ്യാപിച്ച് വേർപിരിഞ്ഞു. തദ്ദേശീയ സെർബുവംശജർ ഇതിനെ എതിർക്കുകയും സെർബിതര ബോസ്നിയക്കാരെ കൂട്ടക്കൊലയ്ക്കിരയാക്കുകയും ചെയ്തു. ഈ വംശീയ ആഭ്യന്തര യുദ്ധത്തെ തുടർന്ന് നാറ്റോ ഇടപെടുകയും യുഗോസ്ലാവിയയുടെ മേൽ ബോംബ് വർഷിക്കുകയും ചെയ്തു.

## ഇന്ത്യയും കമ്മ്യൂണിസ്റ്റാനന്തര രാജ്യങ്ങളും (India and Post-Communist Countries)

എല്ലാ കമ്മ്യൂണിസ്റ്റാനന്തര രാജ്യങ്ങളുമായി ഇന്ത്യ നല്ല ബന്ധം പുലർത്തുന്നു. പക്ഷെ ഏറ്റവും ശക്തമായ ബന്ധം ഇപ്പോഴും റഷ്യയും ഇന്ത്യയുമായാണ്. റഷ്യയുമായുള്ള ഇന്ത്യയുടെ ബന്ധം ഇന്ത്യൻ വിദേശനയത്തിന്റെ പ്രധാനപ്പെട്ട ഭാഗമാണ്. പൊതുതാൽപ്പര്യങ്ങളുടെയും പരസ്പരവിശ്വാസത്തിന്റെയും ചരിത്രത്തിലധിഷ്ഠിതമായതും, ജനകീയ കാഴ്ചപ്പാടുമായി ഒത്തുപോകുന്നതുമാണ് ഇന്തോ-റഷ്യ ബന്ധം. രാജ്കപൂർ മുതൽ അമിതാഭ് ബച്ചൻ വരെയുള്ള ഇന്ത്യൻ നായകന്മാരുടെ പേരുകൾ റഷ്യയിലും നിരവധി മുൻ സോവിയറ്റ് രാജ്യങ്ങളിലും ചിരപരിചിതമാണ്. ഈ മേഖലയിൽ എല്ലായിടത്തും തന്നെ ഹിന്ദി സിനിമാഗാനങ്ങൾ കേൾക്കാൻ കഴിയും. ജനങ്ങളുടെ ഓർമകളിൽ ഇതിന് സ്ഥാനമുണ്ട്.

ഒരു ബഹുധ്രുവ ലോകക്രമത്തിന്റെ കാഴ്

**നമുക്കിത് ചെയ്യാം**

രാഷ്ട്രീയ സാമ്പത്തിക പ്രത്യയ ശാസ്ത്രങ്ങളിൽ ഇന്ത്യയ്ക്കും യു.എസ്.എസ്.ആറിനുമിടയിലുള്ള സമാനതകളുടെ ഒരു പട്ടിക തയാറാക്കുക

### ഉസ്ബെക്ക് വികാരങ്ങളെ ഉത്തേജിപ്പിക്കുന്ന ബോളിവുഡ് (Bollywood stirs Uzbek Passions)

സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്ക് ഏഴു വർഷങ്ങൾക്ക് ശേഷവും ഇന്ത്യൻ സിനിമകളോടുള്ള ഉസ്ബെക്ക് ആവേശം തുടരുന്നു. ഇന്ത്യയിൽ ഏറ്റവും പുതിയ സിനിമ പുറത്തിറങ്ങി. മാസങ്ങൾക്കകം അതിന്റെ വ്യാജ പതിപ്പുകൾ ഉസ്ബെക്ക് തലസ്ഥാനമായ താഷ്കന്റിൽ വിൽക്കപ്പെടുന്നു.

മുഹമ്മദ് ഷരീഫ് പറ, താഷ്കന്റിലെ ഏറ്റവും വലിയ മാർക്കറ്റുകളിൽ ഒന്നിൽ ഇന്ത്യൻ സിനിമകൾ വിൽക്കുന്ന കട നടത്തുകയാണ്. ഒരു അഫ്ഘാൻകാരനായ അയാൾ പാക്കിസ്ഥാൻ അതിർത്തി നഗരമായ പെഷവാറിൽ നിന്നാണ് വീഡിയോകൾ എത്തിക്കുന്നത്. "ഇന്ത്യൻ സിനിമ ഇഷ്ടപ്പെടുന്ന നിരവധി ആളുകൾ ഇവിടെ ഉണ്ട്. താഷ്കന്റിലെ 70% ആളുകളെങ്കിലും അവ വാങ്ങിക്കുന്നുണ്ടെന്ന് ഞാൻ പറയും. ഒരു ദിവസം ഞങ്ങൾ 100 വീഡിയോകൾ വില്ക്കുന്നു. ഞാൻ ഇപ്പോൾ 1000 എണ്ണത്തിനും കൂടിയുള്ള ഓർഡർ കൊടുത്തതെ ഉള്ളൂ". അയാൾ തുടർന്നു. "ഉസ്ബെക്കുകാർ മധ്യ ഏഷ്യക്കാരാണ്. അവർ ഏഷ്യയുടെ ഭാഗമാണ് അവർക്ക് ഒരു പൊതു സംസ്കാരമുണ്ട്. അതുകൊണ്ടാണ് അവർ ഇന്ത്യൻ സിനിമകൾ ഇഷ്ടപ്പെടുന്നത്.

പങ്കുവയ്ക്കപ്പെടുന്ന ചരിത്രമുണ്ടെങ്കിലും ഉസ്ബെക്കിസ്ഥാനികൾക്ക് ഇന്ത്യൻ സിനിമയോടും സിനിമാതാരങ്ങളോടുമുള്ള ആവേശം ഉസ്ബെക്കിസ്ഥാനിൽ ജീവിക്കുന്ന പല ഇന്ത്യക്കാർക്കും ഏറെക്കുറെ ഒരു അത്ഭുതമാണ്. "ഞങ്ങൾ എവിടെയൊക്കെ പോയാലും അവിടെ കണ്ടുമുട്ടുന്ന പ്രദേശത്തെ പ്രമുഖ വ്യക്തികളും – മന്ത്രിമാരും ക്യാബിനറ്റ് മന്ത്രിമാരും ഉൾപ്പെടെ – ഞങ്ങളുടെ സംഭാഷണത്തിൽ ഇത് പരാമർശിക്കപ്പെടാറുണ്ട്." താഷ്കന്റിലെ ഇന്ത്യൻ എംബസ്സിയിലെ അശോക് ഷാമർ പറയുന്നു. "ഇത് വ്യക്തമാക്കുന്നത് ഇന്ത്യൻ സിനിമകളും സംസ്കാരവും സിനിമാഗാനങ്ങളും പ്രത്യേകിച്ച് രാജ്കപൂറും ഇവർക്ക് ചിരപരിചിതരാണെന്നാണ്. അവരിൽ മിക്കവർക്കും ഹിന്ദി ഗാനങ്ങൾ പാടാനാവും. അവർക്ക് അതിന്റെ അർഥമറിയണമെന്നില്ലെങ്കിലും അവരുടെ ഉച്ചാരണവും സംഗീതവും ശരിയാണ്." അദ്ദേഹം തുടരുന്നു. " എന്റെ എല്ലാ അയൽക്കാർക്കും ഹിന്ദിഗാനങ്ങൾ പാടാനറിയാം. ഉസ്ബെക്കിസ്ഥാനിലേക്ക് വരുമ്പോൾ ഇതെനിക്കൊരു വലിയ അത്ഭുതമായിരുന്നു".

BBC യുടെ മധ്യേഷ്യൻ ലേഖകൻ ലൂയിസ് ഫിഡാൽഗോയുടെ റിപ്പോർട്ട്

ചപ്പാട് റഷ്യയും ഇന്ത്യയും പങ്കുവയ്ക്കുന്നു. ബഹുധ്രുവ ലോക ക്രമം എന്നത് കൊണ്ട് അവർ അർഥമാക്കുന്നത് അന്തർദേശീയ സംവിധാനത്തിലെ നിരവധി ശക്തികളുടെ സഹവർത്തിത്വം, കൂട്ടായ സുരക്ഷ (ഏതെങ്കിലും ഒരു രാഷ്ട്രത്തിനെതിരായുള്ള അക്രമണം എല്ലാ രാജ്യങ്ങൾക്കുമെതിരെയുള്ള ഭീഷണിയായി കണക്കാക്കി ഒരു കൂട്ടായ പ്രതികരണം ആവശ്യപ്പെടുന്നു) മെച്ചപ്പെട്ട പ്രാദേശിക അസ്തിത്വം അന്തർദേശീയ സംഘർഷങ്ങളുടെ ചർച്ചകളിലൂടെയുള്ള ഒത്ത് തീർപ്പാക്കൽ, എല്ലാ രാജ്യങ്ങൾക്കും ഒരു സ്വതന്ത്ര വിദേശനയം, യു.എൻ. പോലുള്ള അന്തർദേശീയ സംഘടനകളെ ശക്തിപ്പെടുത്തൽ അതുപോലെതന്നെ ജനാധിപത്യവത്കരിക്കൽ എന്നിവയാണ്. 2001 ലെ ഇന്തോ-റഷ്യൻ തന്ത്രപ്രധാന കരാറുകളുടെ ഭാഗമായി ഇന്ത്യയും റഷ്യയും തമ്മിൽ 80 ലേറെ ഉഭയകക്ഷി കരാറുകൾ ഒപ്പിട്ടുണ്ട്.

റഷ്യയുമായുള്ള ബന്ധം കൊണ്ട് ഇന്ത്യയ്ക്ക് നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. കാശ്മീർ വിഷയം, ഊർജസാമഗ്രികൾ, അന്തർദേശീയ ഭീക

## ഇന്ത്യ-യു.എസ്.എസ്.ആർ ഫ്ളാഷ് ബാക്ക്

ശീതയുദ്ധകാലത്ത് ഇന്ത്യക്കും യു.എസ്.എസ്.ആറിനുമിടയിൽ ഉണ്ടായിരുന്നത് പ്രത്യേകതയുള്ള ഒരു ബന്ധമായിരുന്നു. ഇന്ത്യ സോവിയറ്റ് ചേരിയുടെ ഭാഗമായിരുന്നു എന്ന് പറയുന്നതിലേക്ക് ഇത് വിമർശകരെ നയിച്ചു. ഇത് ഒരു ബഹുമുഖ ബന്ധമായിരുന്നു.

**സാമ്പത്തികം** : വിദേശസഹായം കിട്ടുക ബുദ്ധിമുട്ടായിരുന്ന ഒരു കാലത്ത് സോവിയറ്റ് യൂണിയൻ ഇന്ത്യയുടെ പൊതുമേഖലാ കമ്പനികളെ സഹായിച്ചു. വിശാഖപട്ടണം, ബൊക്കാറൊ, ഭിലായ് തുടങ്ങിയ സ്റ്റീൽ പ്ലാന്റുകൾക്ക് അത് സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നൽകി. ഭാരത് ഹെവി ഇലക്ട്രിക്കൽസ് തുടങ്ങിയ സ്ഥാപനങ്ങളെ സഹായിച്ചു. ഇന്ത്യക്ക് വിദേശ വിനിമയക്കമ്മി ഉണ്ടായിരുന്നപ്പോൾ സോവിയറ്റ് യൂണിയൻ വിദേശ വ്യാപാരത്തിനു ഇന്ത്യൻ നാണയം സ്വീകരിച്ചു.

**രാഷ്ട്രീയം** : കാശ്മീർ വിഷയത്തിലെ ഇന്ത്യൻ നിലപാടിനെ യു.എന്നിൽ സോവിയറ്റ് യൂണിയൻ പിന്തുണച്ചു. പ്രധാനപ്പെട്ട സംഘർഷങ്ങളിലെല്ലാം അത് ഇന്ത്യയെ പിന്തുണച്ചു, പ്രത്യേച്ച് 1971- ലെ പാക്കിസ്ഥാനുമായുള്ള യുദ്ധത്തിൽ. ചില നിർണായകമായ വിഷയങ്ങളിൽ പരോക്ഷമായിട്ടാണെങ്കിലും ഇന്ത്യയും സോവിയറ്റ് യൂണിയന്റെ വിദേശ നയങ്ങളെ പിന്തുണച്ചിട്ടുണ്ട്.

**സൈനികം** : മറ്റ് രാജ്യങ്ങൾ സൈനിക സാങ്കേതികവിദ്യകൾ ഇന്ത്യയുമായി പങ്കിടുവാൻ മടിച്ചിരുന്ന കാലത്ത് ഇന്ത്യക്ക് സോവിയറ്റ് യൂണിയൻ വൻതോതിൽ യുദ്ധോപകരണങ്ങൾ നൽകിയിട്ടുണ്ട്. സൈനിക ഉപകരണങ്ങളുടെ സംയുക്ത ഉൽപാദനവുമായി ബന്ധപ്പെട്ട് സോവിയറ്റ് യൂണിയൻ ഇന്ത്യയുമായി നിരവധി സംയുക്ത കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

**സംസ്കാരം** : ഇന്ത്യൻ സിനിമകളും സംസ്കാരവും സോവിയറ്റ് യൂണിയനിൽ ജനപ്രിയമാണ്. ധാരാളം ഇന്ത്യൻ എഴുത്തുകാരും കലാകാരന്മാരും USSR സന്ദർശിച്ചിട്ടുണ്ട്.

## നമുക്കിത് ഒരുമിച്ച് ചെയ്യാം

### പടവുകൾ

- ശീതയുദ്ധക്കാലത്ത് റഷ്യയുമായും അമേരിക്കയുമായും സഖ്യമുണ്ടാക്കിയ അഞ്ച് വീതം രാജ്യങ്ങളെ കണ്ടെത്തുക.
- ക്ലാസിനെ പത്ത് ഗ്രൂപ്പുകളായി തിരിക്കുക. ഓരോ ഗ്രൂപ്പിനും ഓരോ രാജ്യം നൽകുക. ശീതയുദ്ധകാലത്ത് ഈ രാജ്യങ്ങളിലെ രാഷ്ട്രീയവും, സാമൂഹികവും സാമ്പത്തികവുമായ വിവരങ്ങൾ ശേഖരിക്കാൻ അവരോട് ആവശ്യപ്പെടുക.
- കമ്മ്യൂണിസ്റ്റ് തകർച്ചയ്ക്ക് ശേഷമുള്ള കാലഘട്ടത്തിലെ വിവരങ്ങളും അവർ തയാറാക്കണം. രണ്ടാം ലോകത്തിന്റെ തകർച്ച ആ രാജ്യത്ത് മാറ്റങ്ങൾ എന്തെങ്കിലും ഉണ്ടാക്കി എങ്കിൽ അതും രേഖപ്പെടുത്തുക.
- ഓരോ ഗ്രൂപ്പും തങ്ങളുടെ കണ്ടെത്തലുകൾ മുഴുവൻ ക്ലാസ്സിനു മുമ്പിലും അവതരിപ്പിക്കുക. ആ രാജ്യത്തെ പൗരന്മാരാണെന്ന നിലയിൽ ആളുകൾ അനുഭവിച്ച കാര്യങ്ങളെക്കുറിച്ച് കുട്ടികൾ സംസാരിക്കുന്നു എന്നുറപ്പാക്കുക

**അധ്യാപകർക്കുള്ള ആശയ സംഗ്രഹം**

- കുട്ടികളുടെ കണ്ടെത്തലുകളെ നിങ്ങൾക്ക് ജനാധിപത്യ സംവിധാനത്തിന്റെയും കമ്മ്യൂണിസ്റ്റ് സംവിധാനത്തിന്റെയും പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് രണ്ട് സംവിധാനങ്ങളുടെയും നേട്ടങ്ങളും കോട്ടങ്ങളും വ്യക്തമാക്കാൻ കഴിയും.

  കമ്മ്യൂണിസത്തിനും മുതലാളിത്തത്തിനും എന്തെങ്കിലും ബദൽ ഉണ്ടോ എന്നതിനെക്കുറിച്ച് ചർച്ച നടത്തുന്നതിന് കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

രവാദത്തെക്കുറിച്ചുള്ള വിവരങ്ങൾ പങ്കിടൽ, മധ്യേഷ്യയിലേക്കുള്ള പ്രവേശനം, ചൈനയുമായുള്ള ബന്ധത്തിലെ സംതുലനം എന്നിവ ഇതിൽപെടും. റഷ്യയുടെ ആയുധ വില്പനയിൽ രണ്ടാമത്തെ പങ്കാളി ഇന്ത്യ ആയതുകൊണ്ട് ഈ ബന്ധം കൊണ്ട് റഷ്യക്കും നേട്ടമുണ്ട്. ഇതിൽ സൈന്യത്തിന്റെ മിക്ക പടക്കോപ്പുകളും റഷ്യയിൽ നിന്നാണ് ലഭിക്കുന്നത്. ഇന്ത്യ ഒരു എണ്ണ ഇറക്കുമതി രാജ്യമായത് കൊണ്ട് റഷ്യ ഇന്ത്യക്ക് പ്രധാനപ്പെട്ടതാണ്. എണ്ണ പ്രതിസന്ധിയുടെ ഘട്ടങ്ങളിലൊക്കെ തുടർച്ചയായി റഷ്യ ഇന്ത്യയുടെ സഹായത്തിനെത്തിയിട്ടുണ്ട്. റഷ്യ, കസാഖിസ്ഥാൻ, തുർക്ക്മെനിസ്ഥാൻ എന്നിവിടങ്ങളിൽ നിന്നുള്ള ഊർജ ഇറക്കുമതി കൂട്ടാൻ ഇന്ത്യ ശ്രമിക്കുന്നു. ഈ റിപ്പബ്ലിക്കുകളുമായുള്ള സഹകരണത്തിൽ എണ്ണപ്പാടങ്ങളിലെ പങ്കാളിത്തവും, നിക്ഷേപവും ഉൾപ്പെടുന്നു. ഇന്ത്യയുടെ ആണവോർജ പദ്ധതികളിൽ റഷ്യ പ്രധാന പങ്കു വഹിക്കുന്നുണ്ട്. ഇന്ത്യയുടെ ബഹിരാകാശ പര്യവേഷണങ്ങളെ റഷ്യ സഹായിച്ചിട്ടുണ്ട്, ഉദാഹരണത്തിന് ഇന്ത്യക്ക് ആവശ്യം വന്നപ്പോൾ ക്രയോജനിക്ക് റോക്കറ്റ് നൽകുകയുണ്ടായി. ഇന്ത്യയും റഷ്യയും വിവിധ ശാസ്ത്രീയ പദ്ധതികളിൽ സഹകരിച്ച് പ്രവർത്തിക്കുന്നു.

അഭ്യാസം

1. സോവിയറ്റ് സമ്പദ്ഘടനയുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിട്ടുള്ള പ്രസ്താവനകളിൽ തെറ്റായത് ഏത്?
   a. സോഷ്യലിസമായിരുന്നു ഒരു പ്രബലമായ പ്രത്യയശാസ്ത്രം.
   b. രാഷ്ട്രത്തിന്റെ ഉടമസ്ഥത/നിയന്ത്രണം ഉൽപ്പാദനോപധികൾക്കുമേൽ നിലനിന്നിരുന്നു.
   c. ജനങ്ങൾ സാമ്പത്തികസ്വാതന്ത്ര്യം അനുഭവിച്ചിരുന്നു.
   d. സമ്പദ്ഘടനയുടെ എല്ലാവശങ്ങളും ആസൂത്രിതവും, സ്റ്റേറ്റ് നിയന്ത്രിതവുമായിരുന്നു.
2. താഴെപറയുന്നവ കാലാനുക്രമമായി ക്രമപ്പെടുത്തുക.
   a. അഫ്ഘാനിസ്ഥാനിലെ സോവിയറ്റ് അധിനിവേശം
   b. ബർലിൻ മതിലിന്റെ തകർച്ച
   c. സോവിയറ്റ് യൂണിയന്റെ ശിഥിലീകരണം
   d. റഷ്യൻ വിപ്ലവം
3. താഴെ പറയുന്നവയിൽ ഏതാണ് യു.എസ്.എസ്.ആറിന്റെ ശിഥിലീകരണത്തിന്റെ പരിണിതഫലമല്ലാത്തത്?
   a. യു.എസിനും, യു.എസ്.എസ്.ആറിനും ഇടയിലുണ്ടായിരുന്ന പ്രത്യശാസ്ത്രയുദ്ധത്തിന്റെ അന്ത്യം.
   b. CIS ന്റെ ജനനം.
   c. ലോകക്രമത്തിലെ അധികാര സംതുലനത്തിൽ മാറ്റം.
   d. മധ്യകിഴക്കൻ പ്രദേശത്തെ പ്രതിസന്ധികൾ.
4. ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| (i) | മിഖായേൽ ഗോർബച്ചേവ് | a. | USSR ന്റെ പിൻഗാമി |
| (ii) | ആഘാത ചികിത്സ | b. | സൈനിക ഉടമ്പടി |
| (iii) | റഷ്യ | c. | പരിഷ്കരണ നടപടി ആരംഭിച്ചു |
| (iv) | ബോറിസ് യെൽറ്റ്സിൻ | d. | സാമ്പത്തിക മാതൃക |
| (v) | വാഴ്സ | e. | റഷ്യൻ പ്രസിഡന്റ് |

## അഭ്യാസം

5. വിട്ടുപോയഭാഗം പൂരിപ്പിക്കുക

   a. സോവിയറ്റ് രാഷ്ട്രീയ വ്യവസ്ഥ പ്രത്യയശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു.

   b. യു.എസ്.എസ്.ആർ. ആരംഭിച്ച സൈനിക സഖ്യമായിരുന്നു.

   c. ______________________ പാർട്ടിയായിരുന്നു സോവിയറ്റ് യൂണിയനിലെ പാർട്ടി വ്യവസ്ഥയിൽ ആധിപത്യം പുലർത്തിയിരുന്നത്.

   d. ________________________ആണ് 1985-ൽ യു.എസ്.എസ്.ആറിൽ പരിഷ്കരണത്തിന് തുടക്കം കുറിച്ചത്.

   e. ന്റെ തകർച്ച ശീതയുദ്ധത്തിന്റെ അന്ത്യത്തെ പ്രതിനിധീകരിക്കുന്നു.

6. സോവിയറ്റ് സാമ്പത്തിക ഘടനയെ അമേരിക്ക പോലുള്ള മുതലാളിത്ത സാമ്പത്തിക ഘടനയിൽ നിന്നും വ്യത്യസ്തമാക്കുന്ന മൂന്ന് സവിശേഷതകൾ കണ്ടെത്തുക?

7. റഷ്യയിൽ പരിഷ്കരണം ആരംഭിക്കാൻ എന്തൊക്കെ ഘടകങ്ങളാണ് ഗോർബച്ചേവിനെ പ്രേരിപ്പിച്ചത്?

8. സോവിയറ്റ് യൂണിയന്റെ തകർച്ച ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ എന്തെല്ലാം?

9. എന്തായിരുന്നു ആഘാതചികിത്സ? കമ്മ്യൂണിസത്തെ മുതലാളിത്തത്തിലേക്ക് പരിവർത്തനം ചെയ്യാനുള്ള ഉത്തമ മാർഗമായിരുന്നോ ഇത്?

10. താഴെ പറയുന്ന അഭിപ്രായത്തെ അനുകൂലിച്ചോ പ്രതികൂലിച്ചോ ഒരു ലേഖനം തയാറാക്കുക. "രണ്ടാം ലോകത്തിന്റെ തകർച്ചയോടെ ഇന്ത്യയ്ക്ക് അതിന്റെ വിദേശനയം മാറ്റേണ്ടതായി വന്നിട്ടുണ്ട്. അത് അമേരിക്കയുമായുള്ള സൗഹൃദത്തിന് പരമ്പരാഗത സുഹൃത്തായ റഷ്യയോടെന്നതിനേക്കാൾ പ്രാമുഖ്യം നൽകുന്നു."

അധ്യായം മൂന്ന്

# ലോകരാഷ്ട്രീയത്തിൽ അമേരിക്കൻ അധീശത്വം (US Hegemony in World Politics)



2001 സെപ്തംബർ 11- ന് ന്യൂയോർക്കിലെ ലോക വ്യാപാര കേന്ദ്രത്തിന്റെ രണ്ടു ഗോപുരങ്ങളിൻമേൽ നടന്ന ആക്രമണം വർത്തമാന ചരിത്രത്തിലെ നിർണായക സംഭവമായി കണക്കാക്കപ്പെടുന്നു.

## അവലോകനം

ശീതയുദ്ധത്തിന്റെ അന്ത്യത്തോടെ ലോകത്ത് മറ്റു ഗണ്യമായ എതിരാളികളില്ലാതെ അമേരിക്ക ഒരു വൻശക്തിയായി മാറിയെന്ന് നമ്മൾ കണ്ടു. ഇതേ തുടർന്നുള്ള കാലഘട്ടം അമേരിക്കൻ ആധിപത്യത്തിന്റെ അല്ലെങ്കിൽ ഏകധ്രുവലോകത്തിന്റെ കാലഘട്ടം എന്ന് വിവരിക്കപ്പെടുന്നു. ഈ ആധിപത്യത്തിന്റെ സ്വഭാവം, വ്യാപ്തി, പരിമിതികൾ എന്നിവ മനസ്സിലാക്കൻ ഈ അധ്യായത്തിൽ നമുക്ക് ശ്രമിക്കാം. ഒന്നാം ഗൾഫ് യുദ്ധം മുതൽ ഇറാഖിലെ അമേരിക്കൻ അധിനിവേശം വരെയുള്ള കാലഘട്ടത്തിൽ ഉദയം ചെയ്ത പുതിയ ലോകക്രമത്തെ വിവരിച്ചുകൊണ്ട് നമുക്ക് തുടങ്ങാം. പിന്നീട് നമ്മൾ 'അധീശത്വം' എന്ന സങ്കൽപത്തിന്റെ സഹായത്താൽ അമേരിക്കൻ ആധിപത്യത്തിന്റെ സ്വഭാവം മനസ്സിലാക്കുന്നു. അമേരിക്കൻ അധീശത്വത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ വശങ്ങൾ പരിശോധിച്ചതിനുശേഷം അമേരിക്കയുമായി ഇടപെടുന്നതിൽ ഇന്ത്യയ്ക്കുള്ള നയപരമായ സാധ്യതകൾ നമുക്ക് വിലയിരുത്താം. അവസാനം ഈ അധീശത്വത്തിന് എന്തെങ്കിലും വെല്ലുവിളികളുണ്ടോയെന്നും അതിനെ മറികടക്കുവാൻ സാധിക്കുമോയെന്നും നമ്മൾ കാണുന്നു.

## അയേഷയും, ജാബുവും ആൻഡ്രിയും

ബാഗ്ദാദിന്റെ പ്രാന്തപ്രദേശങ്ങളിലുള്ള ഒരു ഹൈസ്കൂളിൽ മിടുക്കിയായി പഠിക്കുകയായിരുന്നു അയേഷ. സർവകലാശാലയിൽ വൈദ്യശാസ്ത്രം പഠിക്കാൻ അവൾ പദ്ധതിയിട്ടിരുന്നു. 2003-ൽ തന്റെ സുഹൃത്തുക്കൾക്കൊപ്പം അവൾ ഒളിച്ചിരുന്ന സുരക്ഷാസങ്കേതത്തിൽ മിസൈൽ പതിച്ചതിനെ തുടർന്ന് അവൾക്ക് ഒരു കാൽ നഷ്ടമായി. ഇപ്പോൾ അവൾ വീണ്ടും നടക്കാൻ പഠിക്കുന്നു. ഒരു ഡോക്ടറായിത്തീരാൻ അവൾക്ക് ഇപ്പോഴും പദ്ധതിയുണ്ട്, പക്ഷേ വിദേശസൈന്യം തന്റെ രാജ്യം വിട്ടുപോയതിനുശേഷം മാത്രം.

ദക്ഷിണാഫ്രിക്കയിലെ ഡർബനിൽ താമസിക്കുന്ന പ്രതിഭാശാലിയായ യുവകലാകാരനാണ് ജാബു. അവന്റെ ചിത്രങ്ങൾ പരമ്പരാഗത ഗോത്രവർഗകലാരൂപങ്ങളാൽ വൻതോതിൽ സ്വാധീനിക്കപ്പെട്ടവയാണ്. ആർട്ട് സ്കൂളിൽ പോകാനും പിന്നീട് സ്വന്തം സ്റ്റുഡിയോ ആരംഭിക്കാനും അവൻ ആഗ്രഹിക്കുന്നു. എന്നാൽ അവൻ എം.ബി.എ. പഠിച്ച് കുടുംബ ബിസിനസ്സിൽ ചേരണമെന്നാണ് അച്ഛന്റെ ആഗ്രഹം. ബിസിനസ്സ് ഇപ്പോൾ അത്ര നല്ലതല്ല, ഒരു എം.ബി.എ. ബിരുദവുമായി ജാബു വന്നാൽ കുടുംബ ബിസിനസ്സ് ലാഭകരമാക്കാമെന്ന് അവന്റെ അച്ഛൻ കരുതുന്നു.

ഓസ്ട്രേലിയയിലെ പെർത്തിൽ താമസിക്കുന്ന ഒരു ചെറുപ്പക്കാരനാണ് ആൻഡ്രി. അവന്റെ മതാപിതാക്കൾ റഷ്യയിൽനിന്നും കുടിയേറിപ്പാർത്തവരാണ്. ആൻഡ്രി പള്ളിയിൽ പോകാൻ നീല ജീൻസ് ധരിക്കുമ്പോഴൊക്കെ അവന്റെ അമ്മ വല്ലാതെ ദേഷ്യപ്പെടും. പള്ളിയിൽ ആദരണീയനായി അവൻ തോന്നിപ്പിക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. ജീൻസ് വളരെ സുഖപ്രദമാണെന്നും തനിക്ക് സ്വാതന്ത്ര്യത്തിന്റെ അനുഭവം നൽകുന്നുവെന്നും ആൻഡ്രി അമ്മയോടു പറയുന്നു. ആൻഡ്രിയുടെ അച്ഛൻ തങ്ങൾ ചെറുപ്പക്കാരായിരുന്നപ്പോൾ ലെനിൻ ഗാർഡിൽ ജീൻസ് ധരിക്കാറുള്ളതിനെക്കുറിച്ച് തന്റെ ഭാര്യയെ ഓർമിപ്പിക്കുന്നു. ഇതുതന്നെയാണ് ജീൻസ് ധരിക്കാൻ മകൻ പറയുന്ന ന്യായവും.



*എനിക്ക് വളരെ സന്തോഷം. ഞാൻ ശാസ്ത്രവിഷയങ്ങൾ തെരഞ്ഞെടുത്തിട്ടില്ല. അങ്ങനെയായിരുന്നെങ്കിൽ ഞാനും അമേരിക്കൻ അധീശത്വത്തിന്റെ ഇരയായേനെ. എങ്ങനെയെന്നും എന്തുകൊണ്ടെന്നും നിങ്ങൾക്ക് ചിന്തിക്കാൻ പറ്റുമോ?*

ആൻഡ്രി തന്റെ അമ്മയുമായി വാദപ്രതിവാദത്തിൽ ഏർപ്പെട്ടിട്ടുണ്ട്. തനിക്ക് താൽപര്യമില്ലാത്ത ഒരു വിഷയം പഠിക്കാൻ ജാബു നിർബന്ധിതനായേക്കാം. ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി അയേഷക്ക് തന്റെ കാലുകൾ നഷ്ടമായി. ജീവിതം കിട്ടിയതുതന്നെ അവളുടെ ഭാഗ്യം. നമ്മൾ എങ്ങനെയാണ് ഇവരുടെ പ്രശ്നങ്ങൾ ഒരേ ശ്വാസത്തിൽ ചർച്ചചെയ്യുന്നത്? നമുക്ക് കഴിയും, അതു ചെയ്യുകയും വേണം. ഈ മൂന്നുപേരെയും എങ്ങനെയാണ് വ്യത്യസ്തമായ രീതിയിൽ അമേരിക്കൻ അധീശത്വം ബാധിച്ചതെന്ന് നമുക്ക് കാണാൻ കഴിയും. അയേഷയെയും, ജാബുവിനെയും ആൻഡ്രിയെയും നമ്മൾ വീണ്ടും കണ്ടുമുട്ടും. പക്ഷെ നമുക്ക് ആദ്യം അമേരിക്കൻ അധീശത്വം എങ്ങനെയാണ് ആരംഭിച്ചതെന്നും അത് എങ്ങനെയാണ് ഇന്നത്തെ ലോകത്തിൽ പ്രവർത്തിക്കുന്നതെന്നും മനസ്സിലാക്കാം.

അമേരിക്കൻ ഐക്യനാടുകളെ (യു.എസ്.എ.) പരാമർശിക്കുമ്പോൾ ഏറെ പ്രചാരം നേടിയ 'അമേരിക്ക' എന്ന വാക്കാണ് നമ്മൾ ഉപയോഗിക്കുന്നത്. എന്നാൽ അമേരിക്ക എന്ന സംജ്ഞയിൽ ഉത്തര അമേരിക്ക, ദക്ഷിണ അമേരിക്ക എന്നീ രണ്ട് പ്രദേശങ്ങളെ ഉൾക്കൊള്ളുന്നുണ്ടെന്നും അമേരിക്കൻ ഭൂഖണ്ഡത്തിലെ രാജ്യങ്ങളിൽ ഒന്നുമാത്രമാണ് യു.എസ്. എന്നും ഓർമിക്കുന്നത് ഉപകാരപ്രദമാകും. ഇപ്രകാരം യുഎസിന് മാത്രമായി അമേരിക്ക എന്ന വാക്ക് ഉപയോഗിക്കുന്നത് ഈ അധ്യായത്തിൽ നമ്മൾ മനസ്സിലാക്കാൻ ശ്രമിക്കുന്ന അമേരിക്കൻ അധീശത്വത്തിന്റെ അടയാളമാണ്.

## നവ ലോകക്രമത്തിന്റെ ആരംഭം (BEGINING OF THE 'NEW WORLD ORDER')

സോവിയറ്റ് യൂണിയന്റെ പെട്ടന്നുള്ള തകർച്ച എല്ലാവരെയും അത്ഭുതപ്പെടുത്തി. രണ്ട് വൻശക്തികളിൽ ഒന്ന് ഇല്ലാതാവുകയും മറ്റേത് തങ്ങളുടെ ശക്തിക്ക് ഒരു കോട്ടവും വരാതെ ഒരുപക്ഷെ വർദ്ധിത ശക്തിയോടെ നിലനിൽക്കുകയും ചെയ്തു. 1991-ൽ സോവിയറ്റ് യൂണിയൻ



*ഒന്നാം ഗൾഫ് യുദ്ധ കാലത്ത് 1991 ഫെബ്രുവരിയിൽ, 'മൃത്യുവിന്റെ പാത' എന്ന് പിന്നീട് വിശേഷിപ്പിക്കപ്പെട്ട കുവൈത്ത് - ഇറാഖ് റോഡിലൂടെ പിൻവാങ്ങിക്കൊണ്ടിരുന്ന ഇറാഖി സൈന്യത്തിനു നേരെ അമേരിക്കൻ യുദ്ധവിമാനങ്ങൾ നടത്തിയ ആക്രമണത്തിൽ അഗ്നിക്കിരയാക്കപ്പെട്ടതും തകർക്കപ്പെട്ടതുമായ വാഹനങ്ങളാണ് ചിത്രത്തിൽ കാണിച്ചിരിക്കുന്നത്. ചില ദൃക്‌സാക്ഷികൾ പറയുന്നതനുസരിച്ച്, യുദ്ധമുഖത്തുനിന്നും പലായനം ചെയ്യുമ്പോൾ ഗതാഗതക്കുരുക്കിൽപ്പെട്ടുപോയ ഇറാഖിസൈന്യത്തിന്റെമേൽ അമേരിക്കൻ സൈന്യം മനപൂർവം ബോംബാക്രമണം നടത്തുകയും അതിൽ കുവൈത്ത് തടവുകാരും, പാലസ്തീനിയൻ അഭയാർഥികളും ഇരകളാക്കപ്പെടുകയും ചെയ്തു എന്നാണ്. നിരവധി നിരീക്ഷകർ ഇതിനെ യുദ്ധക്കുറ്റമായിട്ടും ജനീവകരാറിന്റെ ലംഘനമായിട്ടുമാണ് വിശേഷിപ്പിക്കുന്നത്.*

അന്തർദേശീയരംഗത്ത് നിന്ന് അപ്രത്യക്ഷമായതോടെ അമേരിക്ക അധീശത്വം ആരംഭിക്കുന്നതായി കാണാം. ഇത് പൊതുവെ ശരിയാണെങ്കിലും രണ്ട് കാര്യങ്ങൾ നമ്മൾ മനസിലാക്കണം. ആദ്യത്തേത് ഈ അധ്യായത്തിൽ നമ്മൾ കാണുന്നതുപോലെ അമേരിക്കൻ അധീശത്തിന്റെ ചില വശങ്ങൾ 1991-ൽ ഉത്ഭവിച്ചതല്ല. യഥാർത്ഥത്തിൽ 1945 ലോകയുദ്ധത്തിന്റെ അവസാനത്തോടെയാണ് ഇത് തുടങ്ങിയത്. രണ്ടാമത്തേത് 1991 മുതൽ തന്നെ ഒരു അധീശത്വ ശക്തിയെപ്പോലെ പെരുമാറാൻ യു.എസ്. തുടങ്ങിയിരുന്നില്ല. പിന്നീട് വളരെ വൈകിയാണ് ഒരു അധീശത്വത്തിന്റെ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതെന്ന് ലോകത്തിന് വ്യക്തമായത്. അതുകൊണ്ട് അമേരിക്കൻ അധീശത്വം സ്ഥാപിതമായ പ്രക്രിയയെ കൂടുതൽ സൂക്ഷ്മമായി നിരീക്ഷിക്കാം.

1990 ആഗസ്റ്റിൽ ഇറാഖ് കുവൈത്തിൽ അധിനിവേശം നടത്തുകയും വേഗത്തിൽ കൈവശപ്പെടുത്തുകയും പിന്നീട് കൂട്ടിച്ചേർക്കുകയും ചെയ്തു. നിരന്തരമായ നയതന്ത്രങ്ങൾക്കൊന്നും ഈ അക്രമണം ഒഴിവാക്കണമെന്ന് ഇറാഖിനെ ബോധ്യപ്പെടുത്താനായില്ല തുടർന്ന് ബലപ്രയോഗത്തിലൂടെ കുവൈത്തിനെ മോചിപ്പിക്കണമെന്ന് ഐക്യരാഷ്ട്ര സംഘടന തീരുമാനിച്ചു. യു.എന്നിനെ സംബന്ധിച്ചിടത്തോളം ശീതയുദ്ധകാലത്തെ വർഷങ്ങളായുള്ള കടുത്ത പ്രതിസന്ധിക്കുശേഷമുള്ള നാടകീയ തീരുമാനമായിരുന്നു ഇത്. ഇതിനെ അമേരിക്കൻ പ്രസിഡന്റ് ജോർജ്ജ് എച്ച്. ഡബ്ല്യു. ബുഷ്, "ഒരു നവലോകക്രമത്തിന്റെ ഉദയം" എന്ന് വാഴ്ത്തി.



അമേരിക്ക സ്വന്തം ഭൂമിയിൽ ഒരു യുദ്ധംപോലും നടത്തിയിരുന്നില്ല എന്നത് സത്യമാണോ? സൈനിക സാഹസികതയിലേക്ക് ചെന്നെത്താൻ ഇത് എളുപ്പമാക്കാതിരുന്നിട്ടുണ്ടോ?

34 രാജ്യങ്ങളിൽനിന്നും 660000 സൈനികരടങ്ങുന്ന സഖ്യശക്തികൾ ഇറാഖിനെതിരെ പോരാടി അതിനെ തോൽപിച്ചു. ഇത് ഒന്നാം ഗൾഫ് യുദ്ധം എന്നറിയപ്പെടുന്നു. എന്നിരുന്നാലും "ഓപ്പറേഷൻ ഡസർട്ട് സ്റ്റോം" എന്ന് വിളിക്കപ്പെടുന്ന ഈ യു.എൻ. നടപടി മുഖ്യമായും അമേരിക്കൻ നിയന്ത്രണത്തിലായിരുന്നു. യു.എൻ. സഖ്യത്തെ നയിച്ചത് നോമൻ ഷ്വാർസ്കോഫ് എന്ന അമേരിക്കൻ ജനറലായിരുന്നു. സേനയുടെ ഏതാണ്ട് 75 ശതമാനം അംഗങ്ങളും അമേരിക്കൻ സൈനികരായിരുന്നു. ഇറാഖ് പ്രസിഡന്റ് സദ്ദാം ഹുസൈൻ "എല്ലാ യുദ്ധങ്ങളുടെയും മാതാവ് ആയിരിക്കുമെന്ന്" വാഗ്ദാനം ചെയ്ത ഈ യുദ്ധത്തിൽ ഇറാഖിസേന പെട്ടെന്നുതന്നെ പരാജയപ്പെടുകയും കുവൈത്തിൽനിന്ന് പിന്മാറാൻ നിർബന്ധിതരാവുകയും ചെയ്തു.

ഒന്നാം ഗൾഫ് യുദ്ധം അമേരിക്കയ്ക്കും മറ്റുരാജ്യങ്ങൾക്കുമിടയിലുള്ള സൈനികശേഷിയുടെ വൻ സാങ്കേതിക അന്തരം വ്യക്തമാക്കി. അമേരിക്ക ഈ യുദ്ധത്തിൽ വ്യാപകമായി "സ്മാർട്ട് ബോംബുകൾ" ഉപയോഗിച്ചതിനാൽ ചില നിരീക്ഷകർ ഇതിനെ ഒരു "കമ്പ്യൂട്ടർ യുദ്ധ"മെന്ന് വിളിച്ചു. യുദ്ധത്തിന്റെ വ്യാപകമായ ടെലിവിഷൻ കവറേജ് ഇതിനെ ഒരു "വീഡിയോ ഗെയിം വാർ" ആക്കി. ലോകത്തെമ്പാടുമുള്ള ടെലിവിഷൻ പ്രേക്ഷകർ തങ്ങളുടെ ഇരിപ്പുമുറിയുടെ സുഖത്തിൽ ഇറാഖിസേനയുടെ തകർച്ച തത്സമയം തന്നെ കണ്ടു.

അവിശ്വസനീയമായ രീതിയിൽ, ഈ യുദ്ധത്തിൽനിന്ന് അമേരിക്കയ്ക്ക് യഥാർത്ഥത്തിൽ ലാഭവുമുണ്ടായി. നിരവധി റിപ്പോർട്ടുകളനുസരിച്ച് യുദ്ധത്തിനുവേണ്ടി തങ്ങൾ ചെലവഴിച്ചതിനേക്കാൾ പണം ജർമനി, ജപ്പാൻ, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽനിന്നും അമേരിക്കക്ക് ലഭിച്ചു.

## ക്ലിന്റന്റെ കാലഘട്ടം (THE CLINTON YEARS)

ഒന്നാം ഗൾഫ് യുദ്ധം വിജയിച്ചെങ്കിലും 1992-ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ജോർജ്ജ് എച്ച്. ഡബ്ല്യു. ബുഷ്, ഡമോക്രാറ്റിക് പാർട്ടിയിലെ വില്യം ജെഫേഴ്സൺ (ബിൽ) ക്ലിന്റനോട് പരാജയപ്പെട്ടു. തിരഞ്ഞെടുപ്പിൽ ക്ലിന്റന്റെ മുഖ്യപ്രചാരണ വിഷയം ആഭ്യന്തര വിഷയങ്ങളേക്കാളുപരി വിദേശനയ വിഷയങ്ങളായിരുന്നു. 1996-ൽ ബിൽ ക്ലിന്റൺ വീണ്ടും വിജയിക്കുകയും അങ്ങനെ എട്ടുവർഷം അമേരിക്കയുടെ പ്രസിഡന്റായി തുടരുകയും ചെയ്തു. ക്ലിന്റന്റെ കാലഘട്ടത്തിൽ അമേരിക്ക അതിന്റെ ആഭ്യന്തരവിഷയങ്ങളിലേക്ക് പിൻവലിയുകയും ലോകരാഷ്ട്രീയത്തിൽ അധികമൊന്നും ഇടപെടൽ നടത്താതിരിക്കുകയും ചെയ്തതായി കാണപ്പെടുന്നു. വിദേശനയത്തിൽ ക്ലിന്റൺ ഭരണകൂടം സൈനികശക്തി, സുരക്ഷ തുടങ്ങിയ 'കഠിനരാഷ്ട്രീയ'ത്തിൽ കേന്ദ്രീകരിക്കാതെ ജനാധിപത്യത്തിന്റെ പ്രോത്സാഹിപ്പിക്കൽ, കാലാവസ്ഥാ വ്യതിയാനം, ലോകവ്യാപാരം തുടങ്ങിയ 'മൃദുവിഷയ'ങ്ങൾക്ക് ഊന്നൽ നൽകി.

എന്നിരുന്നാലും സൈനികശക്തി ഉപയോഗിക്കാനുള്ള സന്നദ്ധത ക്ലിന്റൺ യുഗത്തിൽപോലും പല സന്ദർഭങ്ങളിലും അമേരിക്ക കാണിച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാന സംഭവമുണ്ടായത് 1999-ലാണ്. കൊസൊവ പ്രവിശ്യയിലെ അൽബേനിയൻ ജനതയ്ക്കെതിരെ യുഗോസ്ലാവിയ നടത്തിയ നടപടിക്കെതിരെയായിരുന്നു ഇത്. യു.എസ്. നേതൃത്വത്തിലുള്ള നാറ്റോ രാജ്യങ്ങളുടെ വ്യോമസേന രണ്ടുമാസത്തിലേറെക്കാലം യുഗോസ്ലാവിയയിലെ ലക്ഷ്യങ്ങളിൽ ബോംബ് വർഷിച്ചു. ഇതിന്റെ ഫലമായി സ്ലോബോദാൻ മിലോസേവിക്കിന്റെ ഭരണകൂടം നിലംപതിക്കുകയും കൊസൊവയിൽ നാറ്റോ സേന നിലയുറപ്പിക്കുകയും ചെയ്തു.

ക്ലിന്റന്റെ കാലഘട്ടത്തിലെ മറ്റൊരു സുപ്രധാന യു.എസ്. സൈനിക നടപടി 1998-ൽ ടാൻസാനിയായിലെ ദർ ഇസ്-സലാം, കെനിയയിലെ നെയ്റോബി എന്നിവിടങ്ങളിലെ യു.എസ്. എംബസിക്ക് നേരെയുണ്ടായ ബോംബാക്രമണത്തിന് പ്രതികാരമായിട്ടായിരുന്നു. ഈ ബോംബാക്രമങ്ങളുടെ ഉത്തരവാദിത്വം തീവ്ര ഇസ്ലാമിക് ആശയങ്ങളാൽ ശക്തമായി സ്വാധീനിക്കപ്പെട്ട അൽഖ്വയ്ദ എന്ന ഭീകരസംഘടനക്കായിരുന്നു. ഈ ബോം

*ഇത് പരിഹാസ്യമാണ്. ചില എൽ.ടി.ടി.ഇ. തീവ്രവാദികൾ ഒളിച്ചിരിക്കുന്നു എന്ന സംശയത്താൽ ശ്രീലങ്കയ്ക്ക് പാരീസിന്മേൽ ഒരു മിസൈൽ ആക്രമണം നടത്താൻ കഴിയും എന്നാണോ ഇത് അർഥമാക്കുന്നത്?*



ബിങ്ങിന്റെ ഏതാനും ദിവസങ്ങൾക്കുള്ളിൽതന്നെ "ഓപ്പറേഷൻ ഇൻഫിനിറ്റ് റീച്ച്" എന്ന സൈനികനടപടിക്ക് പ്രസിഡന്റ് ക്ലിന്റൺ ഉത്തരവിട്ടു. ഇതുപ്രകാരം സുഡാനിലും അഫ്ഘാനിസ്ഥാനിലുമുള്ള അൽഖ്വയ്ദയുടെ ഭീകരതാവളങ്ങളിൽ അമേരിക്ക തുടർച്ചയായി ക്രൂയിസ് മിസൈൽ ആക്രമണം നടത്തി. യു.എൻ. അനുമതിയെക്കുറിച്ചോ, ഇതുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര നിയമങ്ങളിലെ വ്യവസ്ഥകളെക്കുറിച്ചോ അമേരിക്ക ആകുലപ്പെട്ടില്ല. അമേരിക്കയുടെ അക്രമത്തിന് ഭീകരവാദവുമായി ബന്ധമില്ലാത്ത സാധാരണ പൗരന്മാരും ഇരയായി എന്ന് ആരോപിക്കപ്പെട്ടു. തിരിഞ്ഞുനോക്കിയാൽ ഇതൊരു തുടക്കം മാത്രമായിരുന്നുവെന്ന് കാണാം.

## ഭീകരതയ്ക്കെതിരായ ആഗോളയുദ്ധവും 9/11 ഉം (9/11 AND THE 'GLOBAL WAR ON TERROR')

2001 സെപ്തംബർ 11-ന് അറബ് രാജ്യങ്ങളിൽനിന്നുള്ള 19 തീവ്രവാദികൾ നാല് അമേരിക്കൻ വാണിജ്യവിമാനങ്ങൾ പറയുന്നയർന്നയുടനെ തട്ടിയെടുക്കുകയും അമേരിക്കയിലെ സുപ്രധാനകെട്ടിട സമുച്ചയങ്ങൾക്കുനേരെ അത് പറത്തുകയും ചെയ്തു. അതിൽ ഓരോ വിമാനങ്ങൾ ന്യൂയോർക്കിൽ സ്ഥിതിചെയ്യുന്ന ലോക വ്യാപാര കേന്ദ്രത്തിന്റെ തെക്കുവടക്ക് ഗോപുരങ്ങളിലേക്ക് ഇടിച്ചുകയറി. മൂന്നാമത്തെ വിമാനം വെർജീനിയയിലെ ആർലിംഗ്ടണിൽ സ്ഥിതിചെയ്യുന്ന അമേരിക്കൻ പ്രതിരോധ വിഭാഗത്തിന്റെ ആസ്ഥാനമായ പെന്റഗൺ കെട്ടിടത്തിൽ ഇടിച്ചിറങ്ങി. യു.എസ്. കോൺഗ്രസിന്റെ ആ


"All the News That's Fit to Print"

The New York Times

# U.S. ATTACKED

## HIJACKED JETS DESTROY TWIN TOWERS AND HIT PENTAGON IN DAY OF TERROR

A CREEPING HORROR

Buildings Burn and Fall as Onlookers Search for Elusive Safety

President Vows to Exact Punishment for 'Evil'

A Somber Bush Says Terrorism Cannot Prevail

Awaiting the Aftershocks

MORE ON THE ATTACKS

തൊട്ടടുത്ത രാവിലെ ന്യൂയോർക്ക് ടൈംസ് അതിന്റെ എഡിഷനിൽ 9/11 നെ ഇപ്രകാരമാണ് റിപ്പോർട്ട് ചെയ്തത്.

സ്ഥാനമായ ക്യാപിറ്റോൾ ബിൽഡിംഗ് ലക്ഷ്യമാക്കി എന്ന് വിശ്വസിക്കുന്ന നാലാമത്തെ വിമാനം പെൻസിൽവാനിയായിലെ ഒരു കൃഷിയിടത്തിൽ തകർന്നുവീണു. ഈ ആക്രമണമാണ് 9/11 എന്നറിയപ്പെടുന്നത്. (അമേരിക്കൻ രീതി അനുസരിച്ച് ആദ്യം മാസവും പിന്നീട് തീയതിയുമാണ് എഴുതുക. അതുകൊണ്ടാണ് ഇന്ത്യയിൽ ഉപയോഗിക്കുന്ന "11/9" നു പകരം ഇവിടെ "9/11" എന്ന ചുരുക്കരീതി ഉപയോഗിച്ചിരിക്കുന്നത്.)

ഈ ആക്രമണത്തിൽ ഏതാണ്ട് മൂവായിരത്തോളം ആളുകൾ കൊല്ലപ്പെട്ടു. അമേരിക്കൻ ജനതയിൽ ഇതുണ്ടാക്കിയ ആഘാതത്തെ 1814-ൽ ബ്രിട്ടീഷുകാർ വാഷിങ്ടൺ ഡി.സി നഗരം കത്തിച്ചതിനോടോ, 1941-ൽ ജപ്പാന്റെ പേൾഹാർബർ



രാഷ്ട്രീയ രാജകുടുംബ ങ്ങളും അമേരിക്കയിൽ ഉണ്ടായിരുന്നോ? അതോ ഇത് മാത്രമായിരുന്നോ?

എന്ന ആക്രമണത്തോടോ താരതമ്യം ചെയ്യാം. എന്നാൽ, മരണത്തിന്റെ കണക്ക് നോക്കുകയാണെങ്കിൽ 1776-ൽ സ്ഥാപിതമായതിനുശേഷം അമേരിക്കൻ മണ്ണിൽ നടന്ന ഏറ്റവും തീവ്രമായ ആക്രമണമായിരുന്നു ഇത്.

9/11 നോടുള്ള അമേരിക്കൻ പ്രതികരണം വളരെ തീവ്രവും വേഗത്തിലുള്ളതുമായിരുന്നു. ക്ലിന്റനുശേഷം അമേരിക്കൻ പ്രസിഡന്റായി അവരോധിക്കപ്പെട്ടത് മുൻ പ്രസിഡന്റിന്റെ മകനും റിപ്പബ്ലിക്കൻ പാർട്ടിക്കാരനുമായ ജോർജ് ഡബ്ല്യു ബുഷായിരുന്നു. ക്ലിന്റനു വിരുദ്ധമായി, അമേരിക്കൻ താൽപര്യങ്ങളെക്കുറിച്ചും അത് നേടാനുള്ള വഴികളെക്കുറിച്ചും ബുഷിന് കൂടുതൽ കടുത്ത കാഴ്ചപ്പാടാണുണ്ടായിരുന്നത്. യു.എസിന്റെ "ഭീകരതക്കെതിരായ ആഗോളയുദ്ധ"ത്തിന്റെ ഭാഗമായി "ഓപ്പറേഷൻ എൻഡ്യൂറിംഗ് ഫ്രീഡം" എന്നൊരു പദ്ധതി നടപ്പാക്കി. ഇത് 9/11 അക്രമത്തിനു പിന്നിലുണ്ടെന്നു സംശയിക്കപ്പെടുന്ന എല്ലാവർക്കും, പ്രധാനമായും അൽഖ്വയ്ദക്കും അഫ്ഘാനിസ്ഥാനിലെ താലിബാൻ ഭരണകൂടത്തിനും എതിരായിരുന്നു. താലിബാൻ വാഴ്ച എളുപ്പത്തിൽ തൂത്തെറിയപ്പെട്ടു. എന്നാൽ താലിബാന്റെയും അൽഖ്വയ്ദയുടെയും അവശേഷിച്ച വിഭാഗങ്ങൾ ഭീഷണിയായി തുടർന്നു. പാശ്ചാത്യ ലക്ഷ്യങ്ങൾക്കുനേരെ അന്നുമുതൽ നടന്ന ഭീകര ആക്രമണങ്ങളിൽനിന്ന് ഇത് വ്യക്തമാണ്. അമേരിക്കൻ സേന ലോകത്ത് എല്ലായിടത്തുനിന്നും അവിടത്തെ ഭരണകൂടങ്ങളുടെയോ ബന്ധപ്പെട്ട വ്യക്തികളുടെയോ അറിവ് പോലുമില്ലാതെ നിരവധി അറസ്റ്റുകൾ നടത്തി. അറസ്റ്റിലായവരെ ആ രാജ്യങ്ങളിൽ നിന്നും നാടുകടത്തി രഹസ്യജയിലുകളിൽ തടങ്കലിലാക്കി. അവരിൽ ചിലരെ ക്യൂബയിലെ അമേരിക്കൻ നാവികതാവളമായ ഗ്വാണ്ടിനാമൊയിൽ എത്തിച്ചു. ഇവിടെ ആ തടവുകാർക്ക് അന്തർദേശീയ നിയമത്തിന്റെയോ അവരുടെ സ്വന്തം രാജ്യത്തെ നിയമത്തിന്റെയോ, അല്ലെങ്കിൽ അമേരിക്കൻ നിയമത്തിന്റെയോ സംരക്ഷണം ലഭിച്ചില്ല. ഐക്യരാഷ്ട്രസഭ പ്രതിനിധികൾക്കുപോലും ഈ തടവുകാരെ കാണാൻ അനുവാദം ലഭിച്ചില്ല.







നിങ്ങളാണ് യു.എസിലെ സെക്രട്ടറി ഓഫ് സ്റ്റേറ്റ് എന്ന് സങ്കൽപിക്കുക (നമ്മുടെ വിദേശകാര്യ മന്ത്രിക്ക് സമാനമാണ് അവരുടെ പദവി) ഒരു പത്ര സമ്മേളനത്തിൽ ഈ കാർട്ടൂണുകളോട് നിങ്ങൾ എങ്ങനെയായിരിക്കും പ്രതികരിക്കുക?

## ഇറാഖ് അധിനിവേശം

2003 മാർച്ച് 19-ന് "ഓപ്പറേഷൻ ഇറാഖി ഫ്രീഡം" എന്ന പേരിൽ യു.എസ്. ഇറാഖിൽ അധിനിവേശം നടത്തി. അധിനിവേശത്തിന് യു.എൻ. അനുമതി നിരസിച്ചെങ്കിലും യു.എസിന്റെ നേതൃത്വത്തിലുള്ള "സന്നദ്ധ സഖ്യത്തിൽ" 40-ലേറെ രാജ്യങ്ങൾ പങ്കെടുത്തു. അധിനിവേശത്തിന്റെ ലക്ഷ്യം കൂട്ടനശീകരണ ആയുധങ്ങൾ വികസിപ്പിക്കുന്നതിൽനിന്ന് (Weapons of Mass Destruction) ഇറാഖിനെ തടയുകയായിരുന്നു. ഇറാഖിൽനിന്ന് കൂട്ടനശീകരണ ആയുധങ്ങളൊന്നും ഉള്ളതിന് തെളിവ് ലഭിക്കാത്തതിനാൽ അധിനിവേശത്തിന് മറ്റ് ലക്ഷ്യങ്ങൾ ഉണ്ടായിരുന്നുവെന്ന് ഊഹിക്കുന്നു. ഇറാഖി എണ്ണപ്പാടങ്ങളുടെ നിയന്ത്രണവും അമേരിക്കയോട് സൗഹൃദം പുലർത്തുന്ന ഒരു ഭരണകൂടത്തിന്റെ സ്ഥാപനവും ഈ ലക്ഷ്യങ്ങളിൽപെടും.

സദ്ദാം ഹുസൈന്റെ ഭരണകൂടം എളുപ്പത്തിൽ വീണെങ്കിലും ഇറാഖിനെ ശാന്തമാക്കാൻ യു.എസിന് കഴിഞ്ഞില്ല. മറിച്ച് യു.എസ്. കയ്യേറ്റത്തിനെതിരെ ഒരു വൻതോതിലുള്ള കലാപത്തിന് ഇറാഖിൽ തിരികൊളുത്തപ്പെട്ടു. ഇതിൽ 3000 ലേറെ സൈനികരുടെ ജീവൻ യു.എസിന് ഹോമിക്കേണ്ടിവന്നു. ഇറാഖിന്റെ നഷ്ടം അതിലും വളരെ വലുതായിരുന്നു. അമേരിക്കൻ നേതൃത്വത്തിലുള്ള അധിനിവേശകാലത്ത് 50,000 ലേറെ ഇറാഖി പൗരന്മാർ കൊല്ലപ്പെട്ടതായി കണക്കാക്കുന്നു. അമേരിക്കയുടെ ഇറാഖ് അധിനിവേശം ചില നിർണായക കാര്യങ്ങളിൽ ഒരു സൈനികവും രാഷ്ട്രീയവുമായ പരാജയമായിരുന്നുവെന്ന് ഇപ്പോൾ പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

**വ്യക്തിക്ക് ചെയ്യാം**

അമേരിക്ക മുമ്പ് പങ്കു വഹിച്ച ശീതയുദ്ധം ഒഴികെ ഏറ്റുമുട്ടലുകളുടെ/യുദ്ധങ്ങളുടെ പട്ടിക തയാറാക്കുക.




Soldier World Map © Ares, Cagle Cartoons Inc.

### അധീശത്വം എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്? (WHAT DOES HEGEMONY MEAN?)

രാഷ്ട്രീയം എന്നത് അധികാരത്തെ സംബന്ധിച്ചതാണ്. വ്യക്തികൾ അധികാരം നേടാനും കൈവശം വയ്ക്കാനും ആഗ്രഹിക്കുന്നതുപോലെ സംഘങ്ങളും അധികാരം കരസ്ഥമാക്കാനും കൈവശം വയ്ക്കാനും ആഗ്രഹിക്കുന്നു. ചിലർ അധികാരമുള്ളവരായി മാറുന്നുവെന്നും ചിലർ അധികാരത്തിനുവേണ്ടി ചിലതൊക്കെ ചെയ്യുന്നുവെന്നും നാം സ്ഥിരമായി പറയാറുണ്ട്. ലോകരാഷ്ട്രീയത്തിന്റെ കാര്യത്തിലും രാജ്യങ്ങളും, രാജ്യങ്ങളുടെ സംഘങ്ങളും അധികാരം നേടാനും നിലനിർത്താനും നിരന്തരമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ അധികാരം സൈനിക ആധിപത്യത്തിന്റെയോ, സാമ്പത്തികശക്തിയുടെയൊ രാഷ്ട്രീയ സ്വാധീന ശക്തിയുടെയോ സാംസ്കാരിക മേധാവിത്വത്തിന്റെയോ രൂപത്തിൽ ആവാം.




*"അമേരിക്കൻ പെരുവിരലിനുകീഴെ" എന്നാണിതിന്റെ ശീർഷകം. ഈ കാർട്ടൂണിൽ ഉൾക്കൊണ്ടിട്ടുള്ളത് അധീശത്വം എന്നതിനെ സംബന്ധിച്ചുള്ള നമ്മുടെ പ്രായോഗിക പരിജ്ഞാനമാണ്. യു. എസ്. അധീശത്വത്തിന്റെ സ്വഭാവത്തെപ്പറ്റി ഈ കാർട്ടൂൺ എന്താണ് പറഞ്ഞുതരുന്നത്? ലോകത്തിൽ ഏത് ഭാഗത്തെപ്പറ്റിയാണ് കാർട്ടൂണിസ്റ്റിന്റെ വിവക്ഷ?*



*എന്തിനാണ് നമ്മൾ അധീശത്വം എന്നതുപോലുള്ള സങ്കീർണപദങ്ങൾ ഉപയോഗിക്കുന്നത്? എന്റെ പട്ടണത്തിൽ അവർ അതിനെ 'ദാദാഗിരി' എന്നാണ് വിളിക്കുന്നത്. അതല്ലെ നല്ലത്?*

അതുകൊണ്ട് ലോകരാഷ്ട്രീയത്തെ മനസ്സിലാക്കാൻ നമ്മൾ ആഗ്രഹിക്കുന്നുവെങ്കിൽ രാജ്യങ്ങൾക്കിടയിലുള്ള അധികാരത്തിന്റെ വിതരണത്തെക്കുറിച്ച് മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. ഉദാഹരണത്തിന് ശീതയുദ്ധകാലത്ത് (1945–91) അധികാരം രണ്ടുവിഭാഗം രാജ്യങ്ങളിലായി വിഭജിക്കപ്പെട്ടിരുന്നു. അമേരിക്കയും സോവിയറ്റ് യൂണിയനും ഇക്കാലത്ത് അന്തർദേശീയ രാഷ്ട്രീയത്തിൽ രണ്ട് ചേരികളെ അല്ലെങ്കിൽ ശക്തികേന്ദ്രങ്ങളെ പ്രതിനിധീകരിച്ചു. സോവിയറ്റ് യൂണിയന്റെ പതനം അമേരിക്ക എന്ന ഏകശക്തിയെമാത്രം അവശേഷിപ്പിച്ചു. ചിലപ്പോഴൊക്കെ ഏകവൻശക്തിയാൽ നിയന്ത്രിക്കപ്പെടുന്ന അന്താരാഷ്ട്ര സംവിധാനത്തെയും "ഏകധ്രുവസംവിധാനം" എന്നും വിളിക്കാറുണ്ട്. ഇത് ഭൗതികശാസ്ത്രത്തിലെ "ധ്രുവം" എന്ന ആശയത്തിന്റെ തെറ്റായ ഉപയോഗമായി തോന്നിയേക്കാം. ഒരു ശക്തികേന്ദ്രം മാത്രമുള്ള അന്തർദേശീയ സംവിധാനത്തെ വിവരിക്കാൻ അധീശത്വം എന്ന പദം ഉപയോഗിക്കുന്നതായിരിക്കും കൂടുതൽ ഉചിതം.

അധീശത്വം എന്താണ് എന്നതിനെക്കുറിച്ച് മൂന്ന് വ്യത്യസ്ത ധാരണകൾ നമുക്ക് കണ്ടെത്താം. അധീശത്വത്തിന്റെ ഈ മൂന്ന് അർഥതലങ്ങളും നമുക്ക് പരിശോധിച്ച് അവയെ സമകാലിക രാഷ്ട്രീയവുമായി ബന്ധിപ്പിക്കാം.

## അധീശത്വം മാരകശക്തി എന്ന നിലയിൽ (HEGEMONY AS HARD POWER)

അധീശത്വം എന്നതുകൊണ്ട് അർഥമാക്കുന്നത് ഒരു രാജ്യത്തിന്റെ നേതൃത്വം അല്ലെങ്കിൽ മേധാവിത്വം എന്നാണ്. പുരാതന ഗ്രീസിലെ നഗര രാഷ്ട്രങ്ങൾക്കുമേൽ ഏഥൻസിനുണ്ടായിരുന്ന പ്രമുഖസ്ഥാനം സൂചിപ്പിക്കാനാണ് മുമ്പ് ഇതുപയോഗിച്ചിരുന്നത്. അതുകൊണ്ട് അധീശത്വത്തിന്റെ ആദ്യ അർഥം രാഷ്ട്രങ്ങൾക്കിടയിലെ സൈനികശേഷിയുടെ ഘടനകളെയും സന്തുലനങ്ങളെയും സൂചിപ്പിക്കുന്നു. സൈനികപ്രബലത എന്ന ആശയവുമായി അധീശത്വത്തെ പരാമർശിക്കുമ്പോൾ ലോകരാഷ്ട്രീയത്തിൽ നിലവിൽ അമേരിക്കയ്ക്കുള്ള പങ്കിനെ വരച്ചുകാട്ടുന്നു. അമേരിക്കൻ മിസൈൽ ആക്രമണത്തിൽ കാല് നഷ്ടപ്പെട്ട അയേഷയെ നിങ്ങൾ ഓർക്കുന്നുണ്ടോ? മാരകശക്തി അധീശത്വമാണ് അയേഷയുടെ ശരീരത്തെ തകർത്തത്.

സമകാലിക അമേരിക്കൻ ശക്തിയുടെ അടിസ്ഥാനശില അതിന്റെ സൈനികശക്തിയുടെ മേൽക്കോയ്മയാണ്. അമേരിക്കയുടെ ഇന്നത്തെ സൈനിക ആധിപത്യം പരിപൂർണവും ആപേക്ഷികവുമാണ്. പരിപൂർണമെന്ന തലത്തിൽ ഭൂമിയുടെ ഏത് കോണിലും എപ്പോൾ വേണമെങ്കിലും കൃത്യമായി എത്താവുന്നതും സംഹാരപരവുമായ സൈനികശേഷി അമേരിക്കയ്ക്കുണ്ട്. ഇതുവഴി യുദ്ധത്തിന്റെ അപകടങ്ങളിൽനിന്ന് തങ്ങളുടെ സേനയെ പരമാവധി സംരക്ഷിച്ചുകൊണ്ട് എതിരാളികളെ തകർക്കാൻ അവർക്കാവും.

## യു.എസ്. നിയന്ത്രിത സൈനികമേഖല




**Source:** *http://www.c6f.navy.mil/about/area-responsibility*

***കുറിപ്പ്:*** *ചിത്രീകരിച്ചിരിക്കുന്ന അതിർത്തികൾ ആധികാരികമാവണമെന്നില്ല.*

മറ്റൊരു ശക്തിക്കും ഇന്ന് അമേരിക്കയുമായി കിടപിടിക്കാൻ കഴിയില്ല എന്ന വസ്തുത അത്ഭുതാവഹമാണ്. സൈനികശേഷിക്കുവേണ്ടി ഇന്ന് അമേരിക്ക ചെലവഴിക്കുന്നത് തൊട്ടടുത്തുള്ള 12 ശക്തികൾ ചെലഴിക്കുന്നതിന്റെ ആകെത്തുകയേക്കാൾ കൂടുതലാണ്. പെന്റഗണിന്റെ ബജറ്റിൽ നല്ലൊരു ഭാഗം സൈനിക ഗവേഷണത്തിനും വികസനത്തിനുമാണ് ചെലവഴിക്കുന്നത്. അഥവാ സൈനിക സാങ്കേതികവിദ്യയ്ക്കുവേണ്ടി. അമേരിക്കയുടെ സൈനിക ആധിപത്യത്തിനടിസ്ഥാനം വലിയതോതിലുള്ള സൈനിക ബജറ്റ് മാത്രമല്ല, മറ്റു രാജ്യങ്ങൾക്ക് നിലവിൽ കിടപിടിക്കാൻ പറ്റാത്ത സാങ്കേതികവിദ്യയുടെ ഗുണപരമായ അന്തരംകൂടിയാണ്.

അമേരിക്കയുടെ ഇറാഖ് അധിനിവേശം നിരവധി അമേരിക്കൻ പരാധീനിതകളെ വെളിച്ചത്താക്കി എന്നതിനും തർക്കമില്ല. അമേരിക്കൻ നേതൃത്വത്തിലുള്ള അധീശത്വശക്തികൾക്ക് മുമ്പിൽ കീഴടങ്ങാൻ ഇറാഖി ജനതയെ നിർബന്ധിക്കാൻ അമേരിക്കയ്ക്ക് കഴിഞ്ഞില്ല. അമേരിക്കൻ ദൗർബല്യത്തിന്റെ സ്വഭാവം പൂർണമായി മനസ്സിലാക്കണമെങ്കിൽ നമ്മൾ ഒരു ചരിത്രപരമായ അവലോകനം നടത്തേണ്ടിവരും. ചരിത്രത്തിലെപ്പോഴും സാമ്രാജ്യത്വശക്തികൾ സൈനികശക്തി ഉപയോഗിച്ചത് നാല് കാര്യങ്ങൾ പൂർത്തീകരിക്കാനാണ്: കീഴടക്കൽ, തടയൽ, ശിക്ഷിക്കൽ, ക്രമസമാധനപാലനം. ഇറാഖ് അധിനിവേശം കാണിക്കുന്നത് കീഴടക്കലിനുള്ള അമേരിക്കൻ കഴിവ് അതിശക്തമാണെന്നാണ്. അതുപോലെ തടയാനും ശിക്ഷിക്കാനുമുള്ള അമേരിക്കൻ ശേഷിയും സ്പഷ്ടമാണ്. അമേരിക്കൻ സൈന്യത്തിന്റെ ശേഷിയിലെ ഏറ്റവും വലിയ ദുർബലത പിടിച്ചെടുത്ത പ്രദേശത്തെ ക്രമസമാധനപാലനത്തിൽ കാണുവാൻ സാധിക്കുന്നു.

### ആധിപത്യം ഘടനാപരമായ ശക്തി എന്ന നിലയിൽ (HEGEMONY AS STRUCTURAL POWER)

അധീശത്വത്തിന്റെ രണ്ടാമത്തെ ആശയം ആദ്യത്തേതിൽ നിന്ന് വളരെ വിഭിന്നമാണ്. ലോകസമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള ഒരു പ്രത്യേക ധാരണയിൽ

*ലോകത്തിലെ ഏതാണ്ട് എല്ലാ സൈനികശക്തികളും അവരുടെ പ്രവർത്തന മേഖല നിരവധി 'സൈനികമേഖല' കളായി വിഭജിച്ച് അവ വിവിധ കമാന്റർമാരുടെ കീഴിലായി നിലനിർത്തുന്നു. ഈ ഭൂപടം ചിത്രീകരിക്കുന്നത് യു.എസ്. സായുധസേനയിലെ ആറ് സൈനികമേഖലകളുടെ ഉത്തരവാദിത്വത്തെയാണ്. ഇത് കാണിച്ചുതരുന്നത് സൈനിക നിയന്ത്രണമേഖല അമേരിക്കയിൽ മാത്രം ഒതുങ്ങുന്നില്ല എന്നാണ്. അതിന്റെ വ്യാപ്തി ലോകത്തെ ആകമാനം ഉൾക്കൊള്ളുന്ന ഒന്നാണ്, യു.എസിന്റെ സൈനിക ശക്തിയെപ്പറ്റി ഈ ഭൂപടം നമ്മോട് എന്താണ് പറഞ്ഞുതരുന്നത്?*




**സ്രോതസ്:** *2017 - ലെ സൈനിക സന്തുലനം (ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്ട്രാറ്റജിക് സ്റ്റഡീസ് - ലണ്ടൻ)*

*യു. എസ്. ഇന്ന് അതിന്റെ സൈനിക കാര്യക്ഷമതയ്ക്കുവേണ്ടി വൻതോതിൽ ചെലവഴിക്കുന്നു. തൊട്ടടുത്ത സ്ഥാനങ്ങളിലുള്ള 12 ശക്തികൾ ചേർന്ന് ചെലവഴിക്കുന്നതിനേക്കാളും കൂടുതലാണിത്. സൈന്യത്തിനുവേണ്ടി വൻ തുക ചെലവഴിക്കുന്ന മിക്കവാറും രാജ്യങ്ങൾ അമേരിക്കൻ സഖ്യകക്ഷികളും സൗഹൃദരാഷ്ട്രങ്ങളുമാണെന്നും നിങ്ങൾക്കിവിടെ കാണുവാൻ കഴിയും. അതുകൊണ്ട് അമേരിക്കൻ ശക്തി യോട് സന്തുലനപ്പെടുക എന്നത് ഇന്ന് അപ്രായോഗികമാണ് (എളുപ്പമല്ല).*

നിന്നാണ് അതുണ്ടാകുന്നത്. തുറന്ന ലോകസമ്പദ്‌വ്യവസ്ഥയുടെ സൃഷ്ടിക്കും നിലനിൽപിനും ഒരു അധീശശക്തിയുടെ സഹകരണം ആവശ്യമാണ്. ഈ അധീശശക്തിക്ക് ആഗോളഘടനയെയും ക്രമത്തെയും നിലനിർത്താനും സ്ഥാപിക്കാനുമുള്ള കഴിവും ആഗ്രഹവുമുണ്ടായിരിക്കും. അധീശത്വശക്തികൾ സാധാരണയായി ഇത് സ്വന്തം നേട്ടത്തിനുവേണ്ടിയാണ് ചെയ്യുന്നത്. പലപ്പോഴും ഇതിന്റെ ഫലങ്ങൾ ദോഷകരമായി അതിനെത്തന്നെ ബാധിക്കുന്നു. കാരണം, ഇതിന്റെ എതിരാളികൾ തുറന്ന ലോകസമ്പദ്‌വ്യവസ്ഥയുടെ ഗുണങ്ങൾ ഏറ്റെടുക്കുന്നു.

രണ്ടാമത്തെ അർഥത്തിലുള്ള അധീശത്വം ആഗോള പൊതുവസ്തുക്കൾ പ്രദാനം ചെയ്യാൻ അമേരിക്ക വഹിക്കുന്ന പങ്കിൽ പ്രതിഫലിക്കുന്നു. പൊതുവസ്തുക്കൾ എന്നതുകൊണ്ട് നാം ഉദ്ദേശിക്കുന്നത് മറ്റൊരാൾക്കും ലഭ്യത കുറയ്ക്കാതെ ഒരു വ്യക്തിക്ക് ഉപയോഗിക്കാൻ കഴിയുന്ന വസ്തുക്കളെയാണ്. ശുദ്ധവായുവും റോഡും പൊതുവസ്തുക്കൾക്ക് ഉദാഹരണമാണ്. ലോക സമ്പദ്‌വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ നോക്കിയാൽ ചരക്കുകപ്പലുകൾ ഉപയോഗിക്കുന്ന ആശയവിനിമയ മാർഗങ്ങൾ സമുദ്രയാത്രയ്ക്കുള്ള ആഗോളപൊതുവസ്തുക്കൾക്ക് നല്ല ഉദാഹരണമാണ്. തുറന്ന ആശയവിനിമയ മാർഗങ്ങളില്ലെങ്കിൽ തുറന്ന ലോകസമ്പദ്‌വ്യവസ്ഥയിൽ സ്വതന്ത്രവ്യാപാരം സാധ്യമല്ല. അധീശശക്തിയുടെ നാവികശേഷിയാണ് നാവിക ഗതാഗതത്തിന്റെ സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതും നാവിക നിയമങ്ങൾ ഉറപ്പ് വരുത്തുന്നതും. രണ്ടാം ലോകയുദ്ധത്തിനു ശേഷം ബ്രിട്ടീഷ് നാവിക ശക്തി തകർന്നതോടുകൂടി ശക്തമായ യു.എസ്. നാവികസേന ഈ ജോലി ഏറ്റെടുത്തു.

ആഗോള പൊതുവസ്തുവിന്റെ മറ്റൊരു ഉദാഹരണമാണ് ഇന്റർനെറ്റ്. വേൾഡ് വൈഡ് വെബിന്റെ വെർച്വൽ ലോകം



ഡോളർ ലോകം

സാധ്യമാകുന്നതായി ഇന്ന് കാണുന്നുണ്ടെങ്കിലും ഇന്റർനെറ്റ് എന്നത് 1950-ൽ തുടങ്ങിയ അമേരിക്കൻ സൈനികഗവേഷണ പദ്ധതിയുടെ ഫലമാണെന്നത് നമ്മൾ മറക്കരുത്. ഇന്നും ആഗോളവ്യാപകമായ ഉപഗ്രഹസംവിധാനത്തെ ആശ്രയിച്ചാണ് ഇന്റർനെറ്റ് നിലനിൽക്കുന്നത്. ഈ ഉപഗ്രഹങ്ങൾ മിക്കവയും അമേരിക്കയുടേതാണ്.

നമുക്കറിയാവുന്നതുപോലെ ലോകത്തിന്റെ എല്ലാ ഭാഗത്തും, ലോകസമ്പദ്‌വ്യവസ്ഥയുടെ എല്ലാ മേഖലകളിലും, സാങ്കേതികവിദ്യയുടെ എല്ലാം രംഗത്തും അമേരിക്കൻ സാന്നിധ്യമുണ്ട്. ലോകസമ്പദ്‌വ്യവസ്ഥയിൽ 24 ശതമാനം പങ്കാളിത്തമുള്ള രാജ്യമാണ് അമേരിക്ക.

ലോകവ്യാപാരത്തിന്റെ കണക്കിൽ അന്തർ യൂറോപ്യൻ വ്യാപാരം ഉൾപ്പെടുത്തുകയാണെങ്കിൽ മൊത്തം ലോകവ്യാപരത്തിന്റെ 14 ശതമാനം അമേരിക്ക വഹിക്കുന്നു. ഒരു അമേരിക്കൻ സ്ഥാപനം 'ആദ്യത്തെ മൂന്ന്' എന്ന പട്ടികയിൽവരാത്ത ലോക സമ്പദ്‌വ്യവസ്ഥയുടെ ഒരു മേഖലയുമില്ല.

അമേരിക്കയുടെ സാമ്പത്തിക മേധാവിത്വം അതിന്റെ ഘടനാപരമായ ശക്തിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതുകൊണ്ടുദ്ദേശിക്കുന്നത് ആഗോള സമ്പദ്ഘടനയെ ഒരു പ്രത്യേക രീതിയിൽ രൂപപ്പെടുത്താനുള്ള ഇതിന്റെ ശക്തിയെയാണ്. എല്ലാറ്റിനുമുപരി രണ്ടാം ലോകയുദ്ധത്തിനുശേഷം അമേരിക്ക നിർമിച്ച ബ്രട്ടൺ വുഡ് സംവിധാനം ഇന്നും ലോക സാമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനഘടന രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ലോക ബാങ്ക്, അന്താരാഷ്ട്ര നാണയനിധി (IMF), ലോകവ്യാപാര സംഘടന (WTO) എന്നിവയെ അമേരിക്കൻ അധീശത്വത്തിന്റെ ഉൽപ്പന്നങ്ങളായി നമുക്ക് കാണാം.

അമേരിക്കയുടെ ഘടനാപരമായ അധീശത്വത്തിന് മറ്റൊരു ഉത്തമ ഉദാഹരണമാണ് മാസ്റ്റേഴ്സ് ഇൻ ബിസിനസ് അഡ്മിനിസ്ട്രേഷൻ (MBA) എന്ന അക്കാദമിക ബിരുദം. കച്ചവടം ഒരു പ്രൊഫഷനാണെന്നും അതിന് ചില വൈദഗ്ധ്യങ്ങൾ ആവശ്യമാണെന്നും അത് സർവകലാശാലയിൽ പഠിപ്പിക്കുമെന്നത് സവിശേഷമായ അമേരിക്കൻ ആശയമാണ്.



ഈ രാജ്യത്തിന് എങ്ങനെ അതിസമ്പന്നമാവാൻ കഴിയും? ധാരാളം പാവപ്പെട്ടജനതയെ ഞാൻ അവിടെ കണ്ടിട്ടുണ്ട്. അവരിൽ ഭൂരിഭാഗവും വെളുത്തവർഗക്കാരല്ലായിരുന്നു.




അമേരിക്കൻ സമ്പദ്‌വ്യവസ്ഥയാണ് ലോകത്തിലേറ്റവും വലുത്. എന്നാൽ സൈനിക മേഖലയിലേതുപോലെയല്ലാതെ, ലോകസമ്പദ്‌വ്യവസ്ഥയിൽ അമേരിക്ക ശ്രദ്ധേയമായ എതിരാളികളെ അഭിമുഖീകരിക്കുന്നുണ്ട്. വലതുവശത്തെ ഗ്രാഫിൽ രേഖപ്പെടുത്തിയതുപോലെ പർച്ചേസിംഗ് പവർ പാരിറ്റി (PPP) വച്ച് ലോക സമ്പദ്‌വ്യവസ്ഥ പരിശോധിച്ചാൽ നമുക്കിത് കൂടുതൽ വ്യക്തമാകും. ഒരു രാഷ്ട്രത്തിന്റെ ഒരു കറൻസി ഉപയോഗിച്ച് യഥാർഥത്തിൽ വാങ്ങാൻ പറ്റുന്ന സാധനങ്ങളുടെയും സേവനങ്ങളെയുമാണ് പി.പി.പി. എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ലോകത്തിലെ ആദ്യത്തെ ബിസിനസ്സ് സ്കൂളായ ദ വാർട്ടൺ സ്കൂൾ 1881-ൽ പെൻസിൽവാനിയ യൂണിവേഴ്സിറ്റിയിലാണ് സ്ഥാപിതമായത്. ആദ്യത്തെ എം.ബി.എ. കോഴ്സുകൾ തുടങ്ങിയത് 1900-നോട് അടുപ്പിച്ചാണ്. അമേരിക്കയ്ക്ക് പുറത്ത് ആദ്യത്തെ എം.ബി.എ. കോഴ്സ് ആരംഭിക്കുന്നത് 1950-ൽ മാത്രമാണ്. ഇന്ന് ലോകത്ത് ഒരിടത്തും എം.ബി.എ. അഭിമാനകരമായ അക്കാദമിക് ബിരുദമല്ലാത്ത രാജ്യമില്ല. ഇത് നമ്മളെ ദക്ഷിണാഫ്രിക്കൻ സുഹൃത്ത് ജാബുവിന്റെ അടുത്തേക്ക് തിരികെ കൊണ്ടുപോകുന്നു. എന്തുകൊണ്ടാണ് തന്റെ മകൻ ചിത്രകലാപഠനം ഉപേക്ഷിക്കണമെന്നും പകരം എം.ബി.എ.ക്ക് പഠിക്കണമെന്നും ജാബുവിന്റെ പിതാവ് നിർബന്ധിക്കുന്നുവെന്നത് ഘടനാപരമായ അധീശത്വത്തെ വിശദീകരിക്കുന്നു.

## അധീശത്വം മൃദുശക്തി എന്ന നിലയിൽ (HEGEMONY AS SOFT POWER)

അമേരിക്കൻ അധീശത്വത്തിന്റെ സാംസ്കാരികവും പ്രത്യയശാസ്ത്രപരവുമായ മാനങ്ങൾ പരിഗണിക്കാതെ കേവലം സൈനികവും സാമ്പത്തികവുമായ തലത്തിൽ അതിനെ കാണാൻ ശ്രമിക്കുന്നത് ഒരു തെറ്റായിരിക്കും. അധീശത്വത്തിൽ ഈ മൂന്നാംതലം സൂചിപ്പിക്കുന്നത് സമ്മതി നിർമാണത്തിനുള്ള അതിന്റെ ശേഷിയെക്കുറിച്ചാണ്. ഇവിടെ അധീശത്വം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് സാമൂഹ്യരാഷ്ട്രീയ മേഖലകളിൽ പ്രത്യയശാസ്ത്ര ഇടങ്ങളിലെ വർഗാധിപത്യമാണ്. പ്രബലമായ വിഭാഗമോ രാഷ്ട്രമോ അധീശവർഗങ്ങളുടെ സമ്മതി നേടിയെടുക്കുമ്പോഴാണ് അധീശത്വം സംഭവിക്കുന്നത്. ഇവിടെ തങ്ങളുടെ നിയന്ത്രണത്തിലാക്കപ്പെട്ട വിഭാഗങ്ങളെ തങ്ങൾക്കനുകൂലമായ ലോകവീക്ഷണത്തിലേക്ക് എത്തിപ്പെടാൻ അവർ പ്രേരിപ്പിക്കുന്നു. ലോകരാഷ്ട്രീയത്തിന്റെ ഈ സംജ്ഞ സൂചിപ്പിക്കുന്നത് പ്രബലമായ ഒരു ശക്തി തന്നോട് മത്സരിക്കുന്നവരും അതുപോലെ ദുർബലരാജ്യങ്ങളുടെയും പെരുമാറ്റത്തെ രൂപപ്പെടുത്താൻ സൈനികശക്തി മാത്രമല്ല പ്രത്യയശാസ്ത്ര വിഭവങ്ങളും ഉപയോഗിക്കുന്നുവെന്നതാണ്. ദുർബലമായ രാജ്യങ്ങളുടെ പെരുമാറ്റം ഏറ്റവും ശക്തമായ രാജ്യത്തിന്റെ താൽപര്യങ്ങൾക്ക് അനുകൂലമായ രീതിയിൽ സ്വാധീനിക്കപ്പെടുന്നു, പ്രത്യേകിച്ച് മുൻതൂക്കം നേടാനുള്ള അതിന്റെ ആഗ്രഹത്തെ. മറ്റൊരർഥത്തിൽ സമ്മതമെന്നത് നിർബന്ധത്തെക്കാൾ ഫലപ്രദവും എന്നാൽ അതിന്റെകൂടെ ചേർന്നുപോകുന്നതുമാണ്.

ഇന്നത്തെ ലോകത്തെ അമേരിക്കയുടെ ആധിപത്യം അതിന്റെ സൈനികശക്തിയേയൊ, സാമ്പത്തികസാന്നിധ്യത്തെയോ ആശ്രയിച്ച് മാത്രമല്ല, മറിച്ച് സാംസ്കാരിക സാന്നിധ്യത്തെക്കൂടി അടിസ്ഥാനമാക്കിയാണ് നിലകൊള്ളുന്നത്. ഇത് ഒരു വസ്തുതയായി നമ്മൾ അംഗീകരിച്ചാലും ഇല്ലെങ്കിലും നല്ല ജീവിതത്തെക്കുറിച്ചും വ്യക്തിവിജയത്തെക്കുറിച്ചുമുള്ള എല്ലാ സങ്കൽപ്പങ്ങളും ലോകത്തെമ്പാടുമുള്ള വ്യക്തികളുടെയും സമൂഹങ്ങളുടെയും മിക്ക സ്വപ്നങ്ങളും രൂപപ്പെടുത്തിയിരിക്കുന്നത്, ഇരുപതാം നൂറ്റാണ്ടിലെ അമേരിക്കയിൽ നിലനിന്നിരുന്ന സ്വപ്നങ്ങളുടെയും പ്രയോഗങ്ങളുടെയും അടിസ്ഥാനത്തിലാണ്. അമേരിക്കയാണ് ഭൂമിയിലെ ഏറ്റവും പ്രലോഭനീയവും ഈ അർഥത്തിൽ ഏറ്റവും ശക്തവുമായ സംസ്കാരവും. ഈ ഗുണത്തെയാണ് 'മൃദുശക്തി' എന്നു വിളിക്കുന്നത്: ബലപ്രയോഗത്തിലുപരി പ്രേരിപ്പിക്കാനുള്ള കഴിവ് കാലക്രമേണ സ്വയം അറിയാതെ തന്നെ അധീശത്വത്തോട് നാം പൊരുത്തപ്പെടുന്നു. നമുക്കു ചുറ്റുമുള്ള മരങ്ങളെയും പക്ഷികളെയും നദികളെയും നാം ശ്രദ്ധിക്കാത്തതുപോലെ കാലക്രമേണ ഇതുമായി ഇഴുകിച്ചേരുന്നു.

ആൻഡ്രിയെയും അവന്റെ സുഖദായകമായ നീല ജീൻസിനെയും നിങ്ങൾ മറന്നിട്ടുണ്ടാവില്ല. അവന്റെ മാതാപിതാക്കൾ ചെറുപ്പത്തിൽ റഷ്യയിലായിരുന്നപ്പോൾ നീല ജീൻസ് അവരുടെ തലമുറക്ക് വിമോചനത്തിന്റെ ആത്യന്തിക അടയാളമായിരുന്നു. ചെറുപ്പക്കാരായ സ്ത്രീകളും പുരുഷന്മാരും മിക്കപ്പോഴും വിദേശ വിനോദസഞ്ചാരികളിൽ നിന്നും കരിഞ്ച



ഞാൻ ശാസ്ത്രവിഷയങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നെങ്കിൽ, മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനപരീക്ഷയ്ക്ക് ഇരിക്കേണ്ടിവരുമായിരുന്നു. അതുകൊണ്ട് അർഥമാക്കുന്നത് ഡോക്ടറോ എഞ്ചിനീയറോ ആയി അമേരിക്കയിലേക്ക് പോകാൻ ആഗ്രഹിക്കുന്ന പലരുമായും എനിക്ക് മത്സരിക്കേണ്ടിവരുന്നു എന്നാണ്.

ത്തയിൽ നീല ജീൻസ് വാങ്ങിക്കാൻ അവരുടെ ഒരു വർഷത്തെ സമ്പാദ്യം വരെ ചെലവഴിക്കാറുണ്ടായിരുന്നു. ഒരു മുഴുവൻ സോവിയറ്റ് തലമുറക്ക് എങ്ങനെയോ നീല ജീൻസ് തങ്ങളുടെ സ്വന്തം രാജ്യത്ത് ലഭ്യമല്ലാതിരുന്ന നല്ലജീവിതത്തിനായുള്ള പ്രതീക്ഷകളെ പ്രതിനിധാനം ചെയ്യുന്ന ഒന്നായി.

ശീതയുദ്ധകാലത്ത് മാരകശക്തിയുടെ മേഖലയിൽ സോവിയറ്റ് യൂണിയനെതിരെ വിജയം നേടുന്നത് അമേരിക്കയ്ക്ക് വിഷമകരമായിരുന്നു. ഘടനാപരമായ ശക്തിയുടെയും മൃദുശക്തിയുടെയും മേഖലയിലായിരുന്നു അമേരിക്ക ശ്രദ്ധേയമായ വിജയങ്ങൾ നേടിയത്. സോവിയറ്റ് യൂണിയന്റെ കേന്ദ്രീകൃത ആസൂത്രിത സമ്പദ്‌വ്യവസ്ഥ ആന്തരികസമ്പദ്സംവിധാനത്തിന് ഒരു ബദൽമാതൃക പ്രദാനം ചെയ്തെങ്കിലും ശീതയുദ്ധകാലത്തിലുടനീളം ലോകസമ്പദ്ഘടന ഒരു മുതലാളിത്ത സമ്പദ്ഘടനയായി നിലനിന്നിരുന്നു. എന്നാൽ മൃദുശക്തിയുടെ മേഖലയിലാണ് അമേരിക്ക ആത്യന്തികമായ വിജയിയായത്. സോവിയറ്റ് യൂണിയനിലെ നീല ജീൻസിന്റെ ഉദാഹരണം വ്യക്തമാക്കുന്നതുപോലെ ഒരു സാംസ്കാരിക ഉൽപന്നത്തിന്റെ അടിസ്ഥാനത്തിൽ സോവിയറ്റ് സമൂഹത്തിൽ തലമുറകളുടെ വിടവ് സൃഷ്ടിക്കുവാൻ യു.എസിന് കഴിഞ്ഞു.

*അത് വിചിത്രമാണ്! എനിക്ക് ജീൻസ് വാങ്ങുമ്പോൾ ഞാൻ അമേരിക്കയെക്കുറിച്ച് ചിന്തിച്ചിട്ടില്ല. എന്നിട്ടും ഞാൻ ഇപ്പോഴും എങ്ങനെ അമേരിക്കൻ അധീശത്വത്തിന്റെ ഇരയാകും?*



*ഇന്തോനേഷ്യയിലെ ജക്കാർത്തയിൽ നിന്നുള്ള ചിത്രങ്ങളാണിത്. യു.എസ്. അധീശത്വത്തിന്റെ ഘടകങ്ങളെ ചിത്രത്തിൽ നിന്നും തിരിച്ചറിയുക. നിങ്ങൾ സ്കൂളിൽ നിന്നും വീട്ടിലേക്ക് തിരിച്ചുപോകുന്ന വഴിക്ക് സമാനമായ ഘടകങ്ങൾ തിരിച്ചറിയാൻ കഴിയുമോ?*








## അമേരിക്കൻ ശക്തിയുടെ പരിമിതികൾ (CONSTRAINTS OF AMERICAN POWER)

സാമ്രാജ്യങ്ങൾ തകർന്നത് അവ ഉള്ളിൽ നിന്നുതന്നെ തകർച്ച നേരിട്ടതുകൊണ്ടാണെന്ന് ചരിത്രം നമ്മോടു പറയുന്നു. ഇതുപോലെ തന്നെ അമേരിക്കൻ ശക്തിയുടെ ഏറ്റവും വലിയ പരിമിതി അധീശത്വത്തിനുള്ളിൽതന്നെ അടങ്ങിയിരിക്കുന്നു. അമേരിക്കൻ ശക്തിയുടെ മൂന്ന് പരിമിതികൾ നമുക്ക് കണ്ടുപിടിക്കാനാകും. 9/11 നെ തുടർന്നുള്ള വർഷങ്ങളിൽ ഈ പരിമതികളൊന്നും പ്രവർത്തിച്ചിരുന്നില്ല. എന്നിരുന്നാലും ഈ മൂന്ന് പരിമിതികളും ഇപ്പോൾ സാവധാനം പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നതായി കാണാം.

ഒന്നാമത്തെ പരിമിതി അമേരിക്കൻ രാഷ്ട്രത്തിന്റെ സ്ഥാപനരൂകൽപന തന്നെയാണ്. അമേരിക്കൻ ഭരണകൂടത്തിന്റെ മൂന്ന് ശാഖകൾക്കിടയിലുള്ള അധികാരവിഭജന സംവിധാനം, അനിയന്ത്രിതവും അമിതവുമായി അമേരിക്കയുടെ സൈനികശക്തി ഉപയോഗിക്കാനുള്ള കാര്യനിർവഹണ വിഭാഗത്തിന്റെ അധികാരത്തിനുള്ള പ്രധാനപ്പെട്ട നിയന്ത്രണമായി വർത്തിക്കുന്നു.

അമേരിക്കൻ ശക്തിയുടെമേലുള്ള രണ്ടാമത്തെ പരിമിതി ആഭ്യന്തരസ്വഭാവത്തിലുള്ളതാണ്. അത് അമേരിക്കൻ സമൂഹത്തിന്റെ തുറന്ന സ്വഭാവത്തിൽനിന്ന് ഉത്ഭവിക്കുന്നു. അമേരിക്കൻ മാധ്യമങ്ങൾ കാലങ്ങളായി ഏതെങ്കിലും പ്രത്യേക വീക്ഷണത്തെ ആഭ്യന്തര പൊതുഹിതത്തിനുമേൽ അടിച്ചേൽപ്പിക്കുകയോ പ്രത്സാഹിപ്പിക്കുകയോ ചെയ്യാറുണ്ടെങ്കിലും, എല്ലാ കാലത്തും അമേരിക്കൻ രാഷ്ട്രീയസംസ്കാരത്തിൽ സർക്കാരിന്റെ ലക്ഷ്യങ്ങളെയും രീതികളെയും സംബന്ധിച്ച ആഴമേറിയ സന്ദേഹങ്ങളുയർത്താറുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ നോക്കിയാൽ ഈ ഘടകം വിദേശരാജ്യങ്ങളുടെ മേലുള്ള അമേരിക്കൻ സൈനിക നടപടികൾക്ക് ഒരു വലിയ പരിമിതി സൃഷ്ടിക്കുന്നു.

എന്നാൽ അമേരിക്കയുടെമേലുള്ള മൂന്നാമത്തെ പരിമിതിയാണ് ഒരുപക്ഷെ ഏറ്റവും പ്രധാനം. അന്തർദേശീയ സംവിധാനത്തിൽ ഇന്ന് അമേരിക്കൻ ശക്തിയുടെ പ്രയോഗത്തെ ലഘൂകരിക്കാൻ കഴിയുന്ന ഒരു സംഘടനയേയുള്ളു. അതാണ് നോർത്ത് അറ്റ്ലാന്റിക് ട്രീറ്റി ഓർഗനൈസേഷൻ (NATO). കമ്പോളാധിഷ്ഠിതമായ സമ്പദ്‌വ്യവസ്ഥ പിന്തുടരുന്ന ജനാധിപത്യ രാജ്യങ്ങളുടെ സഖ്യത്തെ പാലിക്കാൻ അമേരിക്കയ്ക്ക് വള




*2004-ൽ ഡെമോക്രാറ്റിക് പാർട്ടിയുടെ ദേശീയ കൺവൻഷനുമായി ബന്ധപ്പെട്ട്, അമേരിക്കൻ ഫ്രണ്ട്സ് സർവീസ് കമ്മിറ്റി സംഘടിപ്പിച്ച ഇറാഖ് യുദ്ധത്തിലെ മനുഷ്യക്കുരുതി എന്ന ചിത്രപ്രദർശനത്തിൽനിന്നുള്ള രണ്ട് ചിത്രങ്ങളാണിവ. ഇത്തരത്തിലുള്ള പ്രതിഷേധങ്ങൾക്ക് എത്രത്തോളം യു. എസ്. ഗവൺമെന്റിനെ നിയന്ത്രിക്കാൻ കഴിയും?*

രെയധികം താൽപര്യമുണ്ട്. അതുകൊണ്ട് നാറ്റോയിലെ സംഖ്യകക്ഷികൾക്ക് അമേരിക്കൻ അധീശത്വത്തിന്റെ പ്രയോഗത്തെ ലഘൂകരിക്കാൻ സാധിക്കും.

## അമേരിക്കയുമായുള്ള ഇന്ത്യയുടെ ബന്ധം (INDIA'S RELATIONSHIP WITH THE US)

ശീതയുദ്ധകാലത്ത് ഇന്ത്യ അമേരിക്കയിൽനിന്ന് ഭിന്നിച്ച് മറുവശത്തായിരുന്നു. ആ കാലഘട്ടത്തിൽ ഇന്ത്യയുടെ അടുത്ത സൗഹൃദം സോവിയറ്റ് യൂണിയനുമായിട്ടായിരുന്നു. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷം വർദ്ധിച്ചുവരുന്ന ശത്രുതാപരമായ അന്തർദേശീയ മേഖലയിൽ പെട്ടെന്ന് ഇന്ത്യക്ക് മിത്രങ്ങളില്ലാതെയായി. എന്നിരുന്നാലും ഈ കാലത്താണ് തങ്ങളുടെ സമ്പദ്‌രംഗത്തെ ഉദാരവൽക്കരിക്കുവാനും ലോക സമ്പദ് രംഗവുമായി സംയോജിപ്പിക്കുവാനും ഇന്ത്യ തീരുമാനിച്ചത്. ഈ ഉദാരവൽകരണ നയവും അടുത്തകാലത്തെ ഇന്ത്യയുടെ മികച്ച സാമ്പത്തിക വളർച്ചാനിരക്കുകളും ഇന്ത്യയെ അമേരിക്ക ഉൾപ്പെടെയുള്ള നിരവധി രാജ്യങ്ങളുടെ ആകർഷണീയമായ സാമ്പത്തിക പങ്കാളിയാക്കി മാറ്റി.

അടുത്ത കാലത്തായി ഇന്ത്യ, അമേരിക്കൻ ബന്ധത്തിൽ രണ്ട് പ്രധാനഘടകങ്ങൾ ആവിർഭവിച്ചിട്ടുണ്ടെന്നത് നമ്മൾ കാണാതിരിക്കരുത്. ഈ ഘടകങ്ങൾ സാങ്കേതികവിദ്യയുടെ തലത്തിനോടും ഇന്ത്യൻ അമേരിക്കൻ പ്രവാസത്തിന്റെ പങ്കിനോടും ബന്ധപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ ഈ രണ്ട് ഘടകങ്ങളും പരസ്പരബന്ധിതമാണ്. താഴെ പറയുന്ന യാഥാർഥ്യങ്ങൾ പരിഗണിക്കുക.

- ഇന്ത്യയുടെ സോഫ്റ്റ്‌വെയർ മേഖലയിലെ കയറ്റുമതിയുടെ 65 ശതമാനം അമേരിക്കയിലേക്കാണ്.
- ബോയിംഗ് വിമാനകമ്പനിയുടെ 35 ശതമാനം സാങ്കേതിക ജീവനക്കാരും ഇന്ത്യൻ വംശജരാണ്.
- അമേരിക്കയിലെ സിലിക്കൺ വാലിയിൽ 300000 ഇന്ത്യക്കാർ ജോലി ചെയ്യുന്നു.
- മൊത്തം ഹൈടെക് സ്റ്റാർട്ടപ്പുകളുടെ 15 ശതമാനം നടത്തുന്നത് അമേരിക്കയിലെ ഇന്ത്യൻ വംശജരാണ്.

മറ്റെല്ലാ രാജ്യങ്ങളെപ്പോലെ ആഗോള അധീശത്വത്തിന്റെ ഈ കാലഘട്ടത്തിൽ അമേരിക്കയുമായി കൃത്യമായി എന്തുതരം ബന്ധമാണ് തങ്ങൾക്ക് വേണ്ടതെന്ന് ഇന്ത്യയും തീരുമാനിക്കേണ്ടതുണ്ട്. തെരഞ്ഞെടുപ്പ് വളരെ ലളിതമായിരുന്നില്ല. ഇന്ത്യയ്ക്കുള്ളിലെ ചർച്ചകൾ സാധ്യമായ മൂന്ന് തന്ത്രങ്ങളെ ചുറ്റിപ്പറ്റിയായിരുന്നു.

- മുഖ്യമായും സൈനികശക്തിയുടെ അടിസ്ഥാനത്തിൽ അന്തർദേശീയ രാഷ്ട്രീയത്തെ കാണുന്ന ഇന്ത്യൻ വിശകലന വിദഗ്ധർ ഇന്ത്യയും യു.എസും തമ്മിൽ വർധിച്ചുവരുന്ന അടുപ്പത്തെക്കുറിച്ച് ഭയപ്പെട്ടു. ഇന്ത്യ വാഷിങ്ടണുമായി അകലം പാലിക്കണമെന്നും അതിന്റെ സമഗ്രമായ സ്വന്തം ദേശീയശക്തി വർധിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും അവർ ആഗ്രഹിക്കുന്നു.
- ഇന്ത്യക്കും അമേരിക്കയ്ക്കുമിടയിൽ വർധിച്ചുവരുന്ന യോജിച്ച താൽപര്യങ്ങളെ മറ്റു വിദഗ്ധർ ഇന്ത്യയ്ക്കുള്ള ചരിത്രപരമായ അവസരമായിക്കണ്ടു. യു.എസ്. അധീശത്വത്തിന്റെ ഗുണഫലങ്ങൾ സ്വീകരിച്ച് പരസ്പര യോജിപ്പ് സ്ഥാപിക്കാൻ ഇന്ത്യയെ അനുവദിക്കുന്ന തന്ത്രത്തിനുവേണ്ടി അവർ വാദിച്ചു. അമേരിക്കയെ എതിർക്കുക എന്നത് ദീർഘകാലാടിസ്ഥാനത്തിൽ ഫലശൂന്യവും ഇന്ത്യയ്ക്ക് ഉപദ്രവകരവുമാകുമെന്ന് അവർ കരുതി.
- മൂന്നാം വിഭാഗത്തിലുള്ളവർ വികസ്വര ലോകത്തെ രാജ്യങ്ങളുടെ ഒരു സഖ്യം സ്ഥാപിക്കാൻ ഇന്ത്യ നേതൃ



*ഞാൻ ഇന്ത്യയിൽ നിന്നാണെന്ന് പറഞ്ഞപ്പോൾ തന്നെ, ഞാൻ കമ്പ്യൂട്ടർ എഞ്ചിനീയറാണോ? എന്ന് അവർ എന്നോട് ചോദിച്ചു. അത് കൊള്ളാം.*

**നമുക്കിത് ചെയ്യാം**

സമകാലിക ഇന്ത്യ - യു.എസ്. സിവിൽ ന്യൂക്ലിയർ ഇടപാട് സംബന്ധിച്ചുള്ള വാർത്തകളും ലേഖനങ്ങളും ശേഖരിക്കുക. ഇടപാടിനെ അനുകൂലിക്കുന്നവരുടെയും പ്രതികൂലിക്കുന്നവരുടെയും കാഴ്ചപ്പാട് സംഗ്രഹിക്കുക.

ത്വം വഹിക്കണമെന്ന് ആവശ്യപ്പെട്ടു. കാലക്രമേണ ഈ സഖ്യം കൂടുതൽ ശക്തമാവുകയും ആധിപത്യസ്ഥാപന പദ്ധതികളിൽ നിന്ന് അധീശത്വശക്തിയെ പിന്തിരിപ്പിക്കാൻ ഇതിനാകുമെന്നും കരുതുന്നു.

ഇന്ത്യ-അമേരിക്കൻ ബന്ധങ്ങൾ ഒരു ഏകതന്ത്രം കൊണ്ടുമാത്രം നടത്തിക്കൊണ്ടുപോകാൻ വയ്യാത്തവിധം സങ്കീർണമാണ്. അമേരിക്കയുമായി ഇടപെടുമ്പോൾ ഇന്ത്യ അനുയോജ്യമായ രീതിയിലുള്ള വിദേശ നയതന്ത്രങ്ങൾ വികസിപ്പിക്കേണ്ടിയിരിക്കുന്നു.

## എങ്ങനെ അധീശത്വത്തെ മറികടക്കാം (HOW CAN HEGEMONY BE OVERCOME)

അധീശത്വം എത്രകാലം നിലനിൽക്കും? നമുക്ക് എങ്ങനെ അധീശത്വത്തെ മറികടക്കാം? വ്യക്തമായ കാരണങ്ങളാൽ ഇത് നമ്മുടെ കാലത്തെ നീറുന്ന ചോദ്യങ്ങളായി മാറി. ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താനുള്ള രസകരമായ സൂചനകൾ ചരിത്രം നമുക്ക് നൽകുന്നു. എന്നാൽ വർത്തമാന കാലത്തിന്റെയും ഭാവികാലത്തിന്റെയും കാര്യം എങ്ങനെയാണ്? അന്തർദേശീയ രാഷ്ട്രീയത്തിൽ ഏതെങ്കിലും രാഷ്ട്രത്തിന്റെ സൈനിക ശക്തിയുടെ പ്രയോഗത്തെ ഔപചാരികമായി കുറയ്ക്കുന്ന വളരെ കുറച്ച് ഘടകങ്ങളെയുള്ളൂ. ഒരു രാജ്യത്തെ ഗവൺമെന്റിനെപ്പോലെ ഒരു ലോക ഗവൺമെന്റില്ല. ആറാമത്തെ അധ്യായത്തിൽ നാം കാണുന്നതുപോലെ അന്തർദേശീയ സംഘടന ഒരു ലോക ഗവൺമെന്റല്ല. അതുകൊണ്ട് അന്തർദേശീയ രാഷ്ട്രീയം 'ഭരണകൂടമില്ലാത്ത രാഷ്ട്രീയ'മാണ്. അവിടെ യുദ്ധത്തെ തടയുന്ന യുദ്ധനിയമങ്ങൾ എന്നു വിളിക്കപ്പെടുന്ന ചില ചട്ടങ്ങളും വ്യവസ്ഥകളുമുണ്ടെങ്കിലും അവ യുദ്ധത്തെ നിരോധിക്കുന്നില്ല. വളരെ ചുരുക്കം രാഷ്ട്രങ്ങൾ മാത്രമെ തങ്ങളുടെ സുരക്ഷയ്ക്ക് അന്താരാഷ്ട്രനിയമങ്ങളെ മാത്രമായി ആശ്രയിക്കുന്നുള്ളൂ. ഇതി

### ഇന്ത്യ - അമേരിക്ക ബന്ധം സംബന്ധിച്ച ലോക്‌സഭാ ചർച്ച

ഇന്ത്യാ - അമേരിക്ക ആണവകരാർ സംബന്ധിച്ച് ലോക്‌സഭയിൽ നടന്ന ചർച്ചയിൽ പ്രധാനമന്ത്രി, മറ്റ് രണ്ട് പ്രതിപക്ഷ നേതാക്കൾ എന്നിവർ നടത്തിയ പ്രസംഗത്തിൽ നിന്നെടുത്ത മൂന്ന് ഭാഗങ്ങളാണിവ. ഈ അധ്യായത്തിൽ സൂചിപ്പിച്ചിരിക്കുന്ന മൂന്ന് തന്ത്രങ്ങളുമായി ഇവിടെ സൂചിപ്പിച്ചിരിക്കുന്ന മൂന്നു കാഴ്ചപ്പാടുകൾക്ക് ഏതെങ്കിലുംതരത്തിൽ ബന്ധമുണ്ടോ?

**ഡോ. മൻമോഹൻസിംഗ്, കോൺഗ്രസ്**

"സർ, ലോകരാജ്യങ്ങൾക്ക് ഇന്ത്യയോടുള്ള സമീപനത്തിൽ വന്നമാറ്റം അംഗീകരിക്കണമെന്ന് ഞാൻ ഈ മഹദ്സഭയെ സവിനയം ഉദ്ബോധിപ്പിക്കുകയാണ്. ശക്തിരാഷ്ട്രീയം ഒരു ഭൂതകാല ചെയ്തിയാണെന്നല്ല പറയുന്നത്, അതായത്, നമ്മുടെ സാധ്യതസേനയെ രൂപമാറ്റം വരുത്തുന്ന ഒരു ശ്രമവും ഉണ്ടാവില്ല. അവിടെ നിലകൊള്ളുന്ന അപകടസാധ്യതയ്ക്കെതിരെ നാം നമ്മളെ സംരക്ഷിക്കുമെന്ന് ഉറപ്പുവരുത്തും. ഇന്ന് ചക്രവാളത്തിലുള്ള അവസരങ്ങളുടെ നേട്ടങ്ങൾ ഉപയോഗപ്പെടുത്താതിരിക്കുന്നത് നമ്മളെ സംബന്ധിച്ചിടത്തോളം വലിയ അപരാധമായിരിക്കും. നമ്മുടെ രാജ്യ താൽപര്യം വച്ചുനോക്കുമ്പോൾ എല്ലാ വൻശക്തികളുമായി നല്ല ബന്ധം നിലനിർത്തണമെന്ന് ഞാൻ ആത്മാർഥമായി വിശ്വസിക്കുന്നു. യു.എസുമായി നല്ല ബന്ധത്തിനുവേണ്ടി നടത്തുന്ന നമ്മുടെ പ്രവർത്തനങ്ങളിൽ ഞാനൊരിക്കലും ക്ഷമാപണം നടത്തില്ല. ഐക്യനാടുകൾ ഒരു പരമപ്രധാന ശക്തികയാണ്."

**ശ്രീ ബസു ദേബ് ആചാര്യ, സി.പി.ഐ. (എം)**

"സ്വാതന്ത്ര്യലബ്ധി മുതൽ നമുടെ ദേശീയതാൽപര്യം മുൻനിർത്തി ഒരു സ്വതന്ത്രവിദേശനയമാണ് നാം പിന്തുടർന്നുപോരുന്നത്. ഇറാഖിന്റെ കാര്യത്തിലും, ഇറാന്റെ കാര്യത്തിലും നാം എന്താണ് കണ്ടത്. ജൂലൈ പ്രസ്താവനയ്ക്കുശേഷം, അന്തർദേശീയ ആണവോർജ ഏജൻസിയിൽ വോട്ടെടുപ്പ് നടന്നപ്പോൾ, നമ്മൾ അമേരിക്കൻ ഐക്യനാടുകളുടെ പക്ഷം ചേർന്നതായി നാം കണ്ടു. യു.എസും പി 5 ഉം കൊണ്ടുവന്ന പ്രമേയങ്ങളെ നാം പിന്തുണച്ചു. ഇത് ഒരിക്കലും പ്രതീക്ഷിച്ചിരുന്നതല്ല. ഇറാനിൽനിന്നും പാകിസ്ഥാൻവഴി നമുക്ക് ആവശ്യമുള്ള പ്രകൃതിവാതകം കൊണ്ടുവരാൻ ശ്രമിക്കുന്ന നമ്മൾ, അമേരിക്കയുടെ ഈ ഇറാൻ നയത്തെ പിന്തുണച്ചു. നമ്മുടെ സ്വതന്ത്രവിദേശനയം സ്വാധീനിക്കപ്പെട്ടിരിക്കുന്നുവെന്ന് അവിടെ നമുക്ക് കാണാൻ കഴിയും."

**മേജർ ജനറൽ (റിട്ട:) ബി.സി. ഖണ്ഡൂരി, ബി.ജെ.പി.**

"ഇന്ന് അമേരിക്ക - നമ്മൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഈ ഏകധ്രുവലോകത്തെ ഏക വൻശക്തിയാണെന്ന വസ്തുതയും നമ്മൾ പരിഗണിക്കേണ്ടതുണ്ട്. അതേസമയം തന്നെ ഇന്ന് ഇന്ത്യയും ഒരു ലോകശക്തിയും വൻശക്തിയുമായി ആവിർഭവിച്ചുകൊണ്ടിരിക്കുകയാണെന്ന് നാം ഓർക്കണം. അതുകൊണ്ട് അന്തർദേശീയ രംഗത്ത് യു.എസ്.എയുമായി നല്ല ബന്ധം ഉണ്ടാവേണ്ടതുണ്ടെന്ന് നാം മനസ്സിലാക്കണം, എന്നാൽ അത് നമ്മുടെ സുരക്ഷയെ ബലികൊടുത്താവരുത്."

നർഥം യുദ്ധത്തിൽനിന്നും അധീശത്വത്തിൽനിന്നും രക്ഷപ്പെടാനാവില്ലെന്നാണോ?

ചുരുക്കിപറഞ്ഞാൽ അമേരിക്കയെ സൈനികമായി സന്തുലനം ചെയ്യാൻ കഴിയുന്ന ഒരു ഏകശക്തി ഒരിടത്തുമില്ലെന്ന് നമ്മൾ തിരിച്ചറിയണം. ചൈന, ഇന്ത്യ, റഷ്യ തുടങ്ങിയ രാജ്യങ്ങൾക്കിടയിൽ നിരവധി അഭിപ്രായഭിന്നതകൾ നിലവിലുള്ളതിനാൽ, അമേരിക്കയ്ക്ക് എതിരായിട്ടുള്ള ഒരു സൈനികസഖ്യത്തിനും അമേരിക്കൻ അധീശത്വത്തെ വെല്ലുവിളിക്കാനുള്ള കരുത്തുണ്ടാവാൻ സാധ്യതയില്ല.

അധീശത്വം സൃഷ്ടിക്കുന്ന അവസരങ്ങളെ പ്രയോജനപ്പെടുത്തുകയാണ് കൂടുതൽ ഉചിതമായ തന്ത്രമെന്ന് ചിലർ വാദിക്കുന്നു. ഉദാഹരണത്തിന് ഉയർന്ന സാമ്പത്തികവളർച്ചാ നിരക്കിന് വ്യാപാരത്തിന്റെ വർധനയും സാങ്കേതികവിദ്യകളുടെ കൈമാറ്റവും നിക്ഷേപവും ആവശ്യമാണ്. ഇതൊക്കെ നേടാൻ അധീശത്വത്തിനെതിരെ നിൽക്കുന്നതിന് പകരം അതിനൊപ്പം പ്രവർത്തിക്കുകയാണ് നല്ലത്. അതുകൊണ്ട് അധീശത്വശക്തിക്ക് എതിരായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുപകരം അധീശത്വ സംവിധാനത്തിനുള്ളിൽ പ്രവർത്തിച്ച് അതിന്റെ ഗുണങ്ങൾ സ്വായത്തമാക്കുകയാണ് ഹിതകരം. ഇതിനെ 'ബാൻഡ് വാഗൺ' തന്ത്രം എന്നുവിളിക്കുന്നു.

രാഷ്ട്രങ്ങൾക്ക് മുന്നിലുള്ള മറ്റൊരു തന്ത്രം 'ഒളിക്കൽ' ആണ്. ഇതിന്റെ അർഥം മേധാവിത്വശക്തികളിൽനിന്ന് സാധ്യമാകുന്നിടത്തോളം അകന്നുനിൽക്കുക എന്നതാണ്. ഈ പെരുമാറ്റത്തിന് നിരവധി ഉദാഹരണങ്ങളുണ്ട്. ചൈന, റഷ്യ, യൂറോപ്യൻ യൂണിയൻ ഇവയെല്ലാം വ്യത്യസ്ത രീതികളിൽ അമേരിക്കൻ ദൃഷ്ടിയിൽനിന്ന് ഒഴിഞ്ഞുമാറാനും അനാവശ്യമായി അമേരിക്കയെ പ്രകോപിപ്പിക്കാതിരിക്കാനും ശ്രമിക്കുന്നു. എന്നിരുന്നാലും




© Cam Cardow, Cagle Cartoons Inc.

*എത്ര കാലത്തോളം യു. എസ്. വൻശക്തിയായി വേദിയിൽ തുടരാനാകുമെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? ഇത് നിങ്ങളാണ് വരച്ചതെങ്കിൽ, ചിറകുകളിൽ ആര് കാത്തിരിക്കുന്നതായിട്ടായിരിക്കും കാണിക്കുക.*

ഇത് ദീർഘകാലത്തേക്ക് വലുതോ രണ്ടാംസ്ഥാനത്തോ ഉള്ള ശക്തികൾക്ക് പ്രായോഗികമല്ല. ചെറിയ രാജ്യങ്ങൾക്ക് ഇത് ആകർഷണീയവും ആശ്രയിക്കാവുന്നതുമായ നയമായിരിക്കാമെങ്കിലും ചൈന, ഇന്ത്യ, റഷ്യ തുടങ്ങിയ വലിയ രാഷ്ട്രങ്ങൾക്കോ യൂറോപ്യൻ യൂണിയൻ പോലുള്ള വലിയ കൂട്ടായ്മകൾക്കോ അധിക കാലത്തേക്ക് ഒളിക്കുക എന്നത് സങ്കൽപിക്കാൻ വിഷമകരമാണ്.

അമേരിക്കൻ അധീശത്വത്തിനെതിരെയുള്ള പ്രതിരോധം നമ്മൾ കണ്ടതുപോലെ ഇന്ന് അമേരിക്കയുമായി ഏറ്റുമുട്ടാൻ കരുത്തില്ലാത്ത രാഷ്ട്രങ്ങളിൽ നിന്നല്ല, മറിച്ച് രാഷ്ട്രേതര സംഘങ്ങളിൽ നിന്നാണ് വരേണ്ടതെന്ന് മറ്റുചിലർ വിശ്വസിക്കുന്നു. അമേരിക്കൻ അധീശത്വത്തിനെതിരെയുള്ള ഇത്തരം വെല്ലുവിളികൾ സാമ്പത്തിക-സാംസ്കാരിക മേഖലകളിൽനിന്ന് ആരംഭിക്കും. ഇത് സർക്കാരിതര സംഘടനകൾ, സമൂഹ്യപ്രസ്ഥാനങ്ങൾ, പൊതു അഭിപ്രായം എന്നിവയുടെ യോജിപ്പിൽനിന്നും, ഒരു വിഭാഗം മാധ്യമങ്ങൾ, ബുദ്ധിജീവികൾ, കലാകാരന്മാർ,

## നമുക്കിത് ഒരുമിച്ച് ചെയ്യാം

**ഘട്ടങ്ങൾ**

- ▣ അമേരിക്കൻ അനുകൂലസ്ഥാനത്തു നിന്നുകൊണ്ട് കുട്ടികൾക്ക് ലോകത്തിലെ പ്രധാനപ്പെട്ട ഭൗമ-രാഷ്ട്രീയ മേഖലകൾ അനുവദിക്കുക (മധ്യ അമേരിക്ക, ദക്ഷിണ അമേരിക്ക, ആഫ്രിക്ക, യൂറോപ്പ്, മുൻ യു.എസ്.എസ്.ആർ., പശ്ചിമേഷ്യ, ദക്ഷിണേഷ്യ, പൂർവേഷ്യ, ഓസ്ട്രേലിയ). അല്ലെങ്കിൽ, ശീതയുദ്ധാനന്തരമുണ്ടായ സംഘർഷങ്ങളിൽ അമേരിക്കയ്ക്ക് മുഖ്യപങ്കാളിത്തമുള്ളവയും കുട്ടികൾക്ക് അനുവദിക്കാൻ കഴിയും (ഉദാഹരണമായി; അഫ്ഗാൻ, ഇറാഖ്, ഇസ്രായേൽ, പാലസ്തീൻ അല്ലെങ്കിൽ കൊസൊവൊ അല്ലെങ്കിൽ പാനസമയത്തുള്ള മറ്റേതെങ്കിലും സജീവ സംഘർഷം).
- ▣ കണ്ടെത്തിയ മേഖലകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ തുല്യ അംഗങ്ങളുടെ ഗ്രൂപ്പുകളാക്കുക. ഓരോ ഗ്രൂപ്പും ഈ പ്രദേശങ്ങളിലെ അല്ലെങ്കിൽ സംഘർഷങ്ങളിലെ അമേരിക്കൻ പങ്ക് സംബന്ധിച്ച വസ്തുതാവിവര ഫയൽ തയാറാക്കുക. വസ്തുതാവിവരം ശ്രദ്ധകൊടുക്കേണ്ടത് പ്രദേശത്തെ അമേരിക്കൻ താൽപര്യം, അതിന്റെ പ്രവർത്തനങ്ങൾ, അമേരിക്കൻ സാന്നിധ്യം സംബന്ധിച്ച് പ്രദേശത്തുള്ള പൊതുജനാഭിപ്രായം എന്നിവയ്ക്കാകണം. ലഭ്യമായ എല്ലാ സ്രോതസുകളിൽനിന്നും ഇത് സംബന്ധിച്ച ചിത്രങ്ങളും, കാർട്ടൂണുകളും ശേഖരിച്ച് അവതരിപ്പിക്കാൻ കുട്ടികൾക്ക് കഴിയണം.
- ▣ ഓരോ ഗ്രൂപ്പും അവരുടെ വസ്തുതാവിവരണ ഫയൽ ക്ലാസിന് മുമ്പാകെ അവതരിപ്പിക്കുക.

**അധ്യാപകർക്കുള്ള ആശയങ്ങൾ**

- ☐ വസ്തുതാവിവരണ റിപ്പോർട്ടിനെ ആധാരമാക്കി അമേരിക്ക നടത്തിയ ഇടപെടലുകളിലേക്കും അവ യു.എൻ മുന്നോട്ടു വയ്ക്കുന്ന തത്വങ്ങളുമായി പൊരുത്തപ്പെട്ടുപോകുന്നുവോ എന്നതിലേക്കും അധ്യാപകർ വീണ്ടും ശ്രദ്ധ കേന്ദ്രീകരിക്കുക.
- ☐ പ്രദേശത്തിന്റെ ഭാവി സംബന്ധിച്ച് അല്ലെങ്കിൽ ഇവിടന്നങ്ങോട്ട് അടുത്ത ഇരുപതുവർഷത്തിനുള്ളിൽ സംഭവിക്കാനിടയുള്ള സംഘർഷങ്ങളെ കുറിച്ചും പ്രതിഫലിപ്പിക്കാൻ കുട്ടികളെ ക്ഷണിക്കുക. എത്ര കാലത്തോളം അമേരിക്കയ്ക്ക് അധീശത്വശക്തിയായി തുടരാൻ കഴിയും? ഓരോ മേഖലയിലും യു.എസ്. അധീശത്വത്തിന് വെല്ലുവിളി ഉയർത്താൻ കഴിയുന്ന ശക്തികൾ ഏതെല്ലാമായിരിക്കും?

എഴുത്തുകാരന്മാർ എന്നിവരിൽ നിന്നും ഉയർന്നുവരും. ഇവർ ദേശീയ അതിർത്തികൾപ്പുറം ബന്ധങ്ങൾ സ്ഥാപിക്കുകയും -അമേരിക്കക്കാർ ഉൾപ്പെടെ - അമേരിക്കൻ നയങ്ങളെ വിമർശിക്കുകയും എതിർക്കുകയും ചെയ്യും.

നമ്മൾ ഒരു 'ആഗോളഗ്രാമ'ത്തിലാണ് ജീവിക്കുന്നതെന്ന ചൊല്ല് നിങ്ങൾ കേട്ടിട്ടുണ്ടാകുമല്ലോ. ഈ ആഗോളഗ്രാമത്തിൽ നമ്മളെല്ലാം ഗ്രാമമുഖ്യന്റെ അയൽക്കാരാണ്. ഗ്രാമമുഖ്യന്റെ പെരുമാറ്റം അസഹനീയമാവുകയാണെങ്കിൽ ആഗോളഗ്രാമം വിട്ടുപോകാനുള്ള സാധ്യത നമ്മൾക്കില്ല. നമ്മളറിയുന്ന ഏക ലോകവും നമുക്കുള്ള ഏക ഗ്രാമവും ഇത് മാത്രമാണെന്ന് നമുക്കറിയാം. അപ്പോൾ പിന്നെ പ്രതിരോധമാണ് നമുക്ക് ലഭ്യമായ ഏക സാധ്യത.



*ഇതെല്ലാം വലിയ അസൂയയുടെ ശബ്ദങ്ങളായി തോന്നുന്നു. യു.എസ്. അധീശത്വവുമായി ബന്ധപ്പെട്ട് നമുക്ക് എന്ത് പ്രശ്നമാണുള്ളത്? ചുരുങ്ങിയ പക്ഷം നാം അവിടെയല്ലല്ലോ ജനിച്ചത്? അല്ലെങ്കിൽ മറ്റെന്തെങ്കിലും?*

## അധീശത്വത്തെക്കുറിച്ച് ചരിത്രം എന്താണ് നമ്മെ പഠിപ്പിക്കുന്നത്?

ശക്തിസന്തുലിതാവസ്ഥയുടെ യുക്തിവച്ച് നോക്കുമ്പോൾ അധീശത്വം എന്നത് അന്തർദേശീയരംഗത്ത് അസാധാരണമായ സന്ദിതിവേശേഷമാണെന്നു കാണാം. ഇതിനുള്ള കാരണം വളരെ ലളിതമാണ്. ഒരു ലോക ഗവൺമെന്റിന്റെ അഭാവത്തിൽ ഓരോ രാജ്യവും സ്വന്തം സുരക്ഷിതത്വം നിശ്ചയമായും ഉറപ്പാക്കിയിരിക്കണം അതുപോലെതന്നെ അത്തരം സാഹചര്യങ്ങളിൽ അതിന്റെ അതിജീവനം ഉറപ്പാക്കണം. അങ്ങനെ, അന്തർദേശീയ രാഷ്ട്രീയവ്യവസ്ഥയിലെ ശക്തിയുടെ വിതരണത്തെ സംബന്ധിച്ച് ഓരോ രാജ്യവും പൂർണമായും ബോധവാന്മാരാണ് അതുകൊണ്ട് ഏതെങ്കിലും ഒരു രാഷ്ട്രം അങ്ങേയറ്റം കരുത്താർജിക്കുന്നതിനെയും, അതുവഴി മറ്റു രാജ്യങ്ങളുടെ നിലനിൽപിന് വെല്ലുവിളി ഉയർത്തുന്നതിനെയും സാധാരണഗതിയിൽ രാജ്യങ്ങൾ അനുവദിക്കില്ല.

അന്തർദേശീയ രാഷ്ട്രീയത്തിലെ ശക്തിസംതുലനമെന്ന ആശയത്തിന്റെ യുക്തിയെ സൂചിപ്പിക്കുന്നതുപോലെ, ചരിത്രം പിന്തുണയ്ക്കുന്നു. കൺവെൻഷനനുസരിച്ച്, 1648-നെ ലോകരാഷ്ട്രീയത്തിൽ പരമാധികാര ദേശരാഷ്ട്രങ്ങൾ പ്രബല ശക്തിയായി ഉയർന്നുവന്ന വർഷമായി കണക്കാക്കപ്പെടുന്നു. അതിനുശേഷമുള്ള മൂന്നര നൂറ്റാണ്ടിലേറെക്കാലത്തെ ചരിത്രം പരിശോധിച്ചാൽ, അമേരിക്ക ഇന്നത്തെ വ്യവസ്ഥയിൽ പുലർത്തുന്നതുപോലുള്ള മേധാവിത്വം ഒരു രാജ്യം നേടുന്നത് കേവലം രണ്ടു പ്രാവശ്യം മാത്രമെ സംഭവിച്ചിട്ടുള്ളുവെന്ന് കാണുവാൻ കഴിയും. 1660 മുതൽ 1770 വരെ ഫ്രാൻസ് യൂറോപ്യൻ വൻകരയിലെ രാഷ്ട്രീയത്തിൽ അധീശത്വം സ്ഥാപിച്ചതാണ് ഒന്നാമത്തെ സംഭവം. 1860 മുതൽ 1910 വരെ നിലനിന്ന ബ്രിട്ടന്റെ ആഗോള നാവികസാമ്രാജ്യമായിരുന്നു രണ്ടാമത്തേത്.

അധീശത്വം അതിന്റെ ഉത്തുംഗതയിൽ വളരെ ശക്തമാണെന്ന് തോന്നുമെങ്കിലും, അത് എന്നെന്നേക്കും നിലനിൽക്കില്ലെന്ന് ചരിത്രം പറയുന്നു. എന്നാൽ, കാലക്രമേണ രാഷ്ട്രീയശക്തി സന്തുലനം അധീശത്വത്തിന്റെ ആപേക്ഷികശക്തിയെ കുറയ്ക്കുന്നു. 1660-ൽ ലൂയി പതിനാലാമന്റെ കീഴിൽ ഫ്രാൻസ് ചോദ്യം ചെയ്യപ്പെടാത്ത ശക്തിയായിരുന്നു; എന്നാൽ 1713-ഓടെ ഇംഗ്ലണ്ട്, ഹാബ്സ്ബർഗ്, ഓസ്ട്രിയ, റഷ്യ എന്നിവരുടെ ശക്തി ഫ്രഞ്ച് ശക്തിയെ വെല്ലുവിളിച്ചു. 1860-ൽ വിക്ടോറിയൻ കാലഘട്ടത്തിന്റെ ഉച്ചസ്ഥായിയിൽ, പാക്സ് ബ്രിട്ടാനിക്ക എന്നേക്കുമായി സുരക്ഷിതമാണെന്ന് കണക്കുകൂട്ടി. 1910-ഓടെ ജർമനി, ജപ്പാൻ, യു.എസ്. എന്നിവ ബ്രിട്ടീഷ് ശക്തിക്ക് വെല്ലുവിളി ഉയർത്തുന്നവരായി ഉദയംചെയ്തു. അതുകൊണ്ട് ഇവിടന്നങ്ങോട്ട് ഇരുപത് വർഷം ചെല്ലുമ്പോൾ, മറ്റൊരു മഹാശക്തി, അല്ലെങ്കിൽ മഹാശക്തികളുടെ ഒരു കൂട്ടുസഖ്യം രൂപപ്പെട്ടേക്കാം. അതിന് അമേരിക്കയുടെ അധീശത്വ കാര്യശേഷിയെ കുറയ്ക്കുവാൻ കഴിയും.

*ക്രിസ്റ്റഫർ ലെയ്നിന്റെ ലേഖനത്തെ അടിസ്ഥാനമാക്കിയത്: "ദി യൂനിപോളാർ ഇല്യൂഷൻ: വൈ ന്യൂ ഗ്രേറ്റ് പവേർസ് വിൽ റൈസ്"*

അഭ്യാസം

1. അധീശത്വം സംബന്ധിച്ചുള്ള താഴെ പറയുന്ന പ്രസ്താവനകളിൽ തെറ്റായത് ഏത്?
   a. പ്രസ്തുത പദം ഒരു രാഷ്ട്രത്തിന്റെ നേതൃത്വത്തെയോ പ്രാമുഖ്യത്തെയോ സൂചിപ്പിക്കുന്നു
   b. ഇത് പ്രാചീന ഗ്രീസിൽ ഏഥൻസിനുണ്ടായിരുന്ന പ്രാമുഖ്യത്തെ കാണിക്കാൻ ഉപയോഗിക്കുന്നു
   c. അധീശത്വ സ്ഥാനത്തുള്ള രാഷ്ട്രത്തിന് ചോദ്യം ചെയ്യപ്പെടാനാവാത്ത സൈനികരുണ്ടായിരിക്കും
   d. അധീശത്വ സ്ഥാനം സ്ഥായിയായതാണ്. ഒരിക്കൽ അധീശത്വം നേടിയ രാജ്യം എല്ലാകാലത്തും അധീശത്വ ശക്തിയായിരിക്കും.
2. സമകാലിക ലോകക്രമത്തെക്കുറിച്ചുള്ള താഴെ പറയുന്ന പ്രസ്താവനകളിൽ തെറ്റായത് എന്തെല്ലാമാണ്?
   a. രാഷ്ട്രങ്ങളുടെ പെരുമാറ്റങ്ങളെ നിയന്ത്രിക്കാൻ കഴിയുന്ന ലോക ഗവൺമെന്റിന്റെ അഭാവം
   b. ലോകവ്യവഹാരത്തിൽ അമേരിക്കയാണ് പ്രബലപങ്കാളി
   c. രാഷ്ട്രങ്ങൾ തങ്ങളുടെ ശക്തി മറ്റ് രാഷ്ട്രങ്ങൾക്കെതിരെ ഉപയോഗിക്കുന്നു
   d. അന്തർദേശീയ നിയമം ലംഘിക്കുന്ന രാഷ്ട്രങ്ങൾക്ക് യു.എൻ. കടുത്ത ശിക്ഷ നൽകുന്നു

3. "ഓപ്പറേഷൻ ഇറാഖി ഫ്രീഡ" വുമായി ബന്ധപ്പെട്ട താഴെ പറയുന്ന പ്രസ്താവനകളിൽ തെറ്റായതേത്?
   a. ഇറാക്ക് ആക്രമിക്കാൻ അമേരിക്കൻ നേതൃത്വത്തിലുള്ള സന്നദ്ധരുടെ മുന്നണിയിൽ നാൽപതിലധികം രാജ്യങ്ങൾ പങ്കാളിയായി
   b. ഇറാഖിനെ ആക്രമിക്കുന്നതിനുള്ള കാരണമായി പറഞ്ഞത് കൂട്ടക്കുരുതിക്ക് കാരണമാകുന്ന ആയുധങ്ങൾ വികസിപ്പിക്കുന്നതിൽ നിന്ന് ഇറാഖിനെ തടയുക എന്നതാണ്
   c. യു.എൻ. ന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെയായിരുന്നു നടപടി നടപ്പിലാക്കിയത്
   d. യു.എസ്. നയിച്ച സഖ്യത്തിന് ഇറാഖി സേനയിൽനിന്ന് ശക്തമായ ചെറുത്തുനിൽപ് നേരിടേണ്ടിവന്നില്ല.
4. ഈ അധ്യായത്തിൽ പ്രതിപാദിച്ച തരത്തിലുള്ള മൂന്നുതരം അധീശത്വത്തിനും ഓരോ ഉദാഹരണങ്ങൾ വീതം നൽകുക. അധ്യായത്തിൽ ഉദ്ധരിച്ചിട്ടുള്ളവ ഉദാഹരിക്കാൻ പാടില്ല.
5. ശീതയുദ്ധാനന്തര കാലഘട്ടത്തിലെ അമേരിക്കൻ മേധാവിത്വം ശീതയുദ്ധ കാലഘട്ടത്തിൽ ഒരു വൻശക്തിയെന്ന നിലയിലുള്ള അതിന്റെ മേധാവിത്വത്തിൽനിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നതിന് മൂന്ന് ഉദാഹരണങ്ങൾ നൽകുക.
6. ചേരുംപടി ചേർക്കുക
   i) ഓപ്പറേഷൻ ഇൻഫിനിറ്റ് റീച്ച്
   ii) ഓപ്പറേഷൻ എൻഡ്യൂറിംഗ് ഫ്രീഡം
   iii) ഓപ്പറേഷൻ ഡസർട്ട് സ്റ്റോം
   iv) ഓപ്പറേഷൻ ഇറാഖി ഫ്രീഡം

   a) അൽഖ്വയ്ദ - താലിബാൻ എന്നിവർക്കെതിരെയുള്ള യുദ്ധം
   b) സന്നദ്ധരുടെ മുന്നണി
   c) സുഡാനിലെ മിസൈൽ ആക്രമണം
   d) ഒന്നാം ഗൾഫ് യുദ്ധം
7. അമേരിക്കൻ അധീശത്വത്തിന് ഇന്നുള്ള തടസ്സങ്ങൾ എന്തെല്ലാം? ഇവയിൽ ഏതിനാണ് ഭാവിയിൽ കൂടുതൽ പ്രാധാന്യം ലഭിക്കുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നത്?
8. ഇന്ത്യ, യു.എസ്. ഇടപാട് സംബന്ധിച്ച് ലോക്സഭയിൽ നടന്ന ചർച്ചയെ സംബന്ധിച്ച് ഈ അധ്യായത്തിൽ നൽകിയിരിക്കുന്ന മൂന്ന് ശകലങ്ങൾ വായിക്കുക. ഇതിൽ ഏതെങ്കിലും ഒരെണ്ണം ഒരു പൂർണ പ്രസംഗമായി വികസിപ്പിച്ച് ഇന്തോ-യു.എസ്. ബന്ധത്തിലെ ഒരു പ്രത്യേക നിലപാടിനെ ന്യായീകരിക്കുക.
9. "വലുതും വിഭവസമ്പുഷ്ടവുമായ രാഷ്ട്രങ്ങൾക്ക് യു.എസ്. അധീശത്വത്തെ ചെറുക്കാൻ കഴിയുന്നില്ലെങ്കിൽ, താരതമ്യേന ചെറുതും, ശക്തികുറഞ്ഞതുമായ രാഷ്ട്രേതര അംഗങ്ങൾക്ക് ഏതെങ്കിലും പ്രതിരോധം കാഴ്ചവയ്ക്കാനാകും എന്നത് അയഥാർത്ഥമാണ്." ഈ പ്രസ്താവന പരിശോധിക്കുകയും നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്യുക.

അഭ്യാസം

M4P3X1

## അധ്യായം നാല്

# ബദൽ അധികാരകേന്ദ്രങ്ങൾ

# (Alternative Centres of Power)






*ചൈനയുടെ ചരിത്രത്തിലെ രണ്ട് ഘട്ടങ്ങളെ പ്രതിഫലിപ്പിക്കുന്ന ചിത്രങ്ങളാണിവ. 'എല്ലാ മാർഗങ്ങളിലും ഏറ്റവും ബൃഹത്തായത് സോഷ്യലിസ്റ്റ് പാതയാണ്' എന്ന ചുവന്ന പോസ്റ്റർ വിപ്ലവാനന്തരം ചൈനയുടെ ആദ്യഘട്ടത്തിൽ അതിനെ നയിച്ച പ്രത്യയശാസ്ത്രത്തെ പ്രതിനിധീകരിക്കുന്നു. അതിനു താഴെകൊടുത്തിട്ടുള്ള ചിത്രം ചൈനയുടെ നവസാമ്പത്തിക ശക്തിയുടെ പ്രതീകമായ ഷാങ്ഹായ് പട്ടണത്തിന്റേതാണ്.*

### അവലോകനം

1990-കളുടെ തുടക്കത്തിൽ ലോകരാഷ്ട്രീയതത്തിന്റെ ഇരുധ്രുവഘടന തകർന്നശേഷം അമേരിക്കൻ ആധിപത്യത്തെ ചെറുക്കാൻ ബദൽ സാമ്പത്തിക രാഷ്ട്രീയ അധികാരശക്തികൾക്ക് കഴിയും എന്ന് വ്യക്തമായി. അങ്ങനെ യൂറോപ്പിൽ യൂറോപ്യൻ യൂണിയനും (EU) ഏഷ്യയിൽ അസോസിയേഷൻ ഓഫ് സൗത്ത് ഈസ്റ്റ് ഏഷ്യൻ നേഷൻസും (ASEAN) ഇത്തരത്തിലുള്ള ശക്തികളായി ഉയർന്നുവന്നു. ചരിത്രപരമായ ശത്രുതകൾക്കും ബലഹീനതകൾക്കും പ്രാദേശികപരിഹാരം ആവിഷ്കരിക്കുമ്പോൾ തന്നെ, യൂറോപ്യൻ യൂണിയനും ആസിയാനും കൂടുതൽ സമാധാനപരവും സഹകരണാത്മകവുമായ പ്രാദേശികക്രമം കെട്ടിപ്പടുക്കുന്ന ബദൽ സ്ഥാപനങ്ങളും കീഴ്വഴക്കങ്ങളും വികസിപ്പിച്ചെടുക്കുകയും അതുവഴി മേഖലയിലെ രാജ്യങ്ങളെ സമ്പന്ന സമ്പദ്‌വ്യവസ്ഥകളാക്കി മാറ്റുകയും ചെയ്തു. ചൈന സാമ്പത്തികശക്തിയായി വളർന്നത് ലോകരാഷ്ട്രീയത്തിൽ നാടകീയമായ പല അനന്തരഫലങ്ങളും സൃഷ്ടിച്ചു. ഈ അധ്യായത്തിൽ വളർന്നുവരുന്ന ഇത്തരം ചില ബദൽ അധികാരകേന്ദ്രങ്ങളെക്കുറിച്ച് നാം പരിശോധിക്കുകയും ഭാവിയിൽ അവ വഹിക്കാൻപോകുന്ന പങ്കിനെക്കുറിച്ച് അവലോകനം നടത്തുകയും ചെയ്യുന്നു.

## യൂറോപ്യൻ യൂണിയൻ (EUROPEAN UNION)

രണ്ടാം ലോകമഹായുദ്ധം അവസാനിച്ചതോടെ പല യൂറോപ്യൻ നേതാക്കന്മാരും 'യൂറോപ്പിൽ ഇനി എന്ത്?' എന്ന ചോദ്യം ഉന്നയിച്ചു. യൂറോപ്പ് അതിന്റെ പഴയകാല കിടമത്സരങ്ങളിലേക്ക് മടങ്ങണമോ അതോ പുതിയ അന്തർദേശീയ ബന്ധങ്ങൾക്ക് അനുഗുണമായ തത്വങ്ങളെയും സ്ഥാപനങ്ങളെയും അടിസ്ഥാനമാക്കി പുനർനിർമിക്കപ്പെടണമോ? യൂറോപ്യൻ രാജ്യങ്ങളുടെ പരസ്പരബന്ധത്തിന് അടിത്തറയായ പല സങ്കല്പങ്ങളും ഘടനകളും രണ്ടാം ലോകമഹായുദ്ധം തകർത്തു. 1945-ൽ യൂറോപ്യൻ രാജ്യങ്ങൾ സാമ്പത്തിക തകർച്ചയെ അഭിമുഖീകരിച്ചു. കൂടാതെ ഏതെല്ലാം സങ്കല്പങ്ങൾക്കും ഘടനകൾക്കും മുകളിലാണോ യൂറോപ്പ് സ്ഥാപിക്കപ്പെട്ടത് അവയും തകർന്നു.

1945-ന് ശേഷം യൂറോപ്യൻ ഏകീകരണത്തെ സഹായിച്ചത് ശീതയുദ്ധമായിരുന്നു. 'മാർഷൽ പ്ലാൻ' എന്നറിയപ്പെട്ട പദ്ധതിക്കുകീഴിൽ യൂറോപ്യൻ സമ്പദ്ഘടന പുനരുജ്ജീവിപ്പിക്കാൻ അമേരിക്ക വൻതോതിൽ സാമ്പത്തികസഹായം അനുവദിച്ചു. നാറ്റൊ (NATO) വിനു കീഴിൽ ഒരു പുതിയ കൂട്ടായ സുരക്ഷാഘടനയും യു.എസ്. ഒരുക്കി. മാർഷൽ പദ്ധതിയുടെ കീഴിൽ ഒരു യൂറോപ്യൻ സാമ്പത്തിക സഹകരണ സംഘടന (OEEC) 1948-ൽ സ്ഥാപിക്കപ്പെട്ടു. ഇത് പാശ്ചാത്യ യൂറോപ്യൻ രാജ്യങ്ങൾക്ക് സഹായം നൽകാനുള്ള ഒരു മാർഗമായി. പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങൾക്ക് വ്യാപാരമേഖലയിലും സാമ്പത്തികരംഗത്തും സഹകരണത്തിനുള്ള ഒരു വേദിയായി ഇത് മാറി. 1949-ൽ കൗൺസിൽ ഓഫ് യൂറോപ്പ് സ്ഥാപിതമായത് രാഷ്ട്രീയ മേഖലയിലും സഹകരണത്തിനുള്ള മറ്റൊരു ചുവടുവയ്പായിരുന്നു. യൂറോപ്പിലെ മുതലാളിത്ത രാജ്യങ്ങളുടെ സാമ്പത്തികമായ ഏകീകരണ പ്രക്രിയ പടിപടിയായി 1957 ൽ യൂറോപ്യൻ സാമ്പത്തികസമൂഹം എന്ന സംഘടനയുടെ രൂപീകരണത്തിലേക്ക് നയിച്ചു (യൂറോപ്യൻ ഏകീകരണത്തിന്റെ നാൾവഴികൾ കാണുക). യൂറോപ്യൻ പാർലമെന്റ് സ്ഥാപിക്കപ്പെട്ടതോടെ ഈ പ്രക്രിയകൾക്ക് രാഷ്ട്രീയമാനം കൈവന്നു. സോവിയറ്റ് ചേരിയുടെ പതനം യൂറോപ്യൻ ഏകീകരണത്തിന്റെ വേഗത വർധിപ്പിക്കുകയും 1992-ൽ യൂറോപ്യൻ യൂണിയൻ സ്ഥാപിക്കപ്പെടുന്നതിലേക്ക് നയിക്കുകയും ചെയ്തു. പൊതുവായ വിദേശകാര്യ സുരക്ഷാനയങ്ങൾ, നിയമപരിപാലനം ആഭ്യന്തരകാര്യം എന്നിവയിൽ സഹകരണം, ഒരു പൊതു കറൻസിയുടെ രൂപീകരണം എന്നിവ ഇതുവഴി സ്ഥാപിക്കപ്പെട്ടു.

യൂറോപ്യൻ യൂണിയൻ കാലക്രമേണ ഒരു സാമ്പത്തിക സംഘടന എന്നതിൽ നിന്നും മുഖ്യമായും ഒരു രാഷ്ട്രീയ സംഘടന എന്നതിലേക്ക് രൂപം മാറി. യൂറോപ്യൻ യൂണിയൻ ഒരു ദേശരാഷ്ട്രത്തെ പോലെ പ്രവർത്തിക്കാൻ തുടങ്ങി. യൂറോപ്യൻ യൂണിയന് പൊതുവായ ഒരു ഭരണഘടനയ്ക്കുള്ള ശ്രമങ്ങൾ പരാജയപ്പെട്ടുവെങ്കിലും സ്വന്തമായി പതാക, ദേശീയഗാനം, സ്ഥാപകദിനം, നാണയം എന്നിവ ഉണ്ട്. മറ്റു രാജ്യങ്ങളുമായി ഇടപെടുന്നതിനായി ഇവയ്ക്ക് ഒരു പൊതു വിദേശകാര്യവും സുരക്ഷാനയവും ഉണ്ട്. യൂറോപ്യൻ യൂണിയൻ സഹകരണമേഖല വിപുലപ്പെടുത്താൻ ശ്രമം തുടങ്ങി. പ്രത്യേകിച്ചും മുൻ സോവിയറ്റ് ചേരിയിൽപ്പെട്ട രാജ്യങ്ങളുമായി. ഇത്തരം പ്രക്രിയകൾ എളുപ്പത്തിലുള്ളവയായിരുന്നില്ല,



*യൂറോപ്യൻ യൂണിയൻ പതാക:*

*സ്വർണനക്ഷത്രങ്ങളുടെ വളയം യൂറോപ്യൻ ജനങ്ങൾക്കിടയിലുള്ള ഐക്യത്തിന്റെയും ഒത്തൊരുമയുടെയും പ്രതീകമാണ്. ഇതിൽ 12 സ്വർണനക്ഷത്രങ്ങൾ ഉണ്ട്. എന്തെന്നാൽ പരമ്പരാഗതമായി 12 എന്നത് പൂർണതയുടെയും സമഗ്രതയുടെയും ഐക്യത്തിന്റെയും പ്രതീകമാണ്.*

*ഉറവിടം : http://eruopu.eu/abc/symbals/emblem/...................*

യൂറോപ്യൻ യൂണിയന്റെ ഭൂപടം




കാരണം തങ്ങളുടെ പ്രദേശത്തെ സർക്കാരുകൾ കൈകാര്യം ചെയ്തിരുന്ന അധികാരം യൂറോപ്യൻ യൂണിയന് നൽകുന്നതിൽ പല രാജ്യങ്ങളിലെയും ജനങ്ങൾ ആശങ്കാകുലരായിരുന്നു. യൂറോപ്യൻ യൂണിയനിൽ പുതിയ ചില രാജ്യങ്ങളെ ഉൾപ്പെടുത്തുന്നതിന് അവരുടേതായ ചില ആശങ്കകളും ഉണ്ടായിരുന്നു. യൂറോപ്യൻ യൂണിയന് സാമ്പത്തിക, രാഷ്ട്രീയ, നയതന്ത്ര, സൈനിക സ്വാധീനം ഉണ്ട്. 17 ട്രില്യൺ ഡോളർ ജി.ഡി.പി. യുമായി യു.എസിനു തൊട്ടു താഴെ, ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ സമ്പദ്ഘടനയായിരുന്നു 2016 ൽ യൂറോപ്യൻ യൂണിയന്റേത്. അതിന്റെ കറൻസിയായ യൂറോക്ക് അമേരിക്കൻ ഡോളറിന്റെ ആധിപത്യത്തിന് വെല്ലുവിളി ഉയർത്താൻ കഴിയും. ലോക വ്യാപാരത്തിലുള്ള അതിന്റെ പങ്ക് യു.എസ്. ന്റേതിനേക്കാൾ വളരെ വലുതായതിനാൽ അമേരിക്കയുമായും, ചൈനയുമായും ഉള്ള വ്യാപാര തർക്കത്തിൽ കൂടുതൽ നിശ്ചയദാർഢ്യമുള്ള നിലപാടെടുക്കാൻ യൂറോപ്യൻ യൂണിയന് കഴിയുന്നു. സമീപസ്ത അയൽരാജ്യങ്ങളെയും, ഏഷ്യയിലേയും, ആഫ്രിക്കയിലേയും രാജ്യങ്ങളെയും സ്വാധീനിക്കാൻ ഇതിന്റെ സാമ്പത്തികശക്തി ഇതിനെ അനുവദിക്കു



*ഓ! ഇപ്പോൾ എനിക്കറിയാം ഷെൻജെൻ വിസ എന്നാൽ എന്താണർത്ഥമെന്ന്!! ഷെൻജെൻ കരാർപ്രകാരം യൂറോപ്യൻ യൂണിയനിൽ അംഗമായ ഏതെങ്കിലും രാജ്യത്ത് നിന്ന് നിങ്ങൾക്കു വിസ സമ്പാദിക്കാം. ആ വിസ ഉപയോഗിച്ച് നിങ്ങൾക്ക് യൂണിയനിലെ മറ്റ് രാജ്യങ്ങളിലേക്ക് പ്രവേശിക്കാൻ കഴിയും.....*

## യൂറോപ്യൻ ഏകീകരണത്തിന്റെ കാലഗണനാക്രമം

**1951 ഏപ്രിൽ:** പശ്ചിമ യൂറോപ്പിലെ ആറ് രാജ്യങ്ങൾ – ഫ്രാൻസ്, പശ്ചിമജർമ്മനി, ഇറ്റലി, ബൽജിയം, നെതർലാന്റ്, ലക്സംബർഗ് തുടങ്ങിയ രാജ്യങ്ങൾ പാരീസിൽവച്ച് ഒരു കരാർ ഉണ്ടാക്കി. യൂറോപ്യൻ കോൾ ആന്റ് സ്റ്റീൽ കമ്പനി സ്ഥാപിച്ചു. (ECSC)

**1957 മാർച്ച് 25:** ഈ ആറ് രാജ്യങ്ങൾ റോമൻ ഉടമ്പടി ഒപ്പുവച്ചു. യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റി (EEC) യും യൂറോപ്യൻ അറ്റോമിക് എനർജി കമ്മ്യൂണിറ്റിയും (Euratom) സ്ഥാപിച്ചു.

**1973 ജനുവരി:** ഡന്മാർക്ക്, അയർലന്റ്, യുണൈറ്റഡ്, കിംഗ്ഡം എന്നിവ യൂറോപ്യൻ കമ്മ്യൂണിറ്റിയിൽ ചേർന്നു (EC).

**1979 ജൂൺ:** യൂറോപ്യൻ പാർലമെന്റിലേക്കുള്ള ആദ്യത്തെ നേരിട്ടുള്ള തെരഞ്ഞെടുപ്പ്.

**1981 ജനുവരി:** ഗ്രീസ് യൂറോപ്യൻ കമ്മ്യൂണിറ്റിയിൽ ചേർന്നു.

**1985 ജൂൺ:** ഷെൻജെൻ കരാർ യൂറോപ്യൻ യൂണിയൻ അംഗരാജ്യങ്ങൾക്കിടയിലുള്ള അതിർത്തി നിയന്ത്രണം എടുത്തുകളഞ്ഞു.

**1986 ജനുവരി:** സ്പെയിനും പോർച്ചുഗലും യൂറോപ്യൻ കമ്മ്യൂണിറ്റിയിൽ അംഗങ്ങളായി.

**1990 ഒക്ടോബർ:** ജർമ്മനിയുടെ ഏകീകരണം

**1992 ഫെബ്രുവരി 7:** മാസ്ട്രിച്ച് ഉടമ്പടി ഒപ്പുവച്ച് യൂറോപ്യൻ യൂണിയൻ സ്ഥാപിച്ചു (EU).

**1993 ജനുവരി:** ഏക വിപണിക്കു തുടക്കമായി.

**1995 ജനുവരി:** ഓസ്ട്രിയ, ഫിൻലാന്റ്, സ്വീഡൻ എന്നിവ യൂറോപ്യൻ യൂണിയനിൽ ചേർന്നു.

**2002 ജനുവരി:** 12 യൂറോപ്യൻ യൂണിയൻ അംഗരാജ്യങ്ങളിൽ ഒരു പുതിയ നാണയമായ യൂറോ നിലവിൽ വന്നു.

**2004 മെയ്:** സൈപ്രസ്, ചെക്ക്റിപ്പബ്ലിക്ക്, എസ്റ്റോണിയ, ഹംഗറി, ലാത്വിയ, ലിത്വാനിയ, മാൾട്ട, പോളണ്ട്, സ്ലോവാക്യ, സ്ലോവേനിയ എന്നീ രാജ്യങ്ങൾ യൂറോപ്യൻ യൂണിയനിൽ ചേർന്നു.

**2007 ജനുവരി:** ബൾഗേറിയ, റൊമേനിയ എന്നിവ യൂറോപ്യൻ യൂണിയനിൽ ചേർന്നു. സ്ലൊവേനിയ യൂറോ അംഗീകരിച്ചു.

**2009 ഡിസംബർ:** ലിസ്ബൺ കരാർ നിലവിൽ വന്നു.

**2012:** സമാധാനത്തിനുള്ള നോബൽ സമ്മാനം യൂറോപ്യൻ യൂണിയന് ലഭിച്ചു.

**2013:** ക്രൊയേഷ്യ യൂറോപ്യൻ യൂണിയന്റെ 28–ാമത് അംഗമായി.

**2016:** ബ്രിട്ടനിൽ ഹിതപരിശോധന, 51.9% വോട്ടർമാരും യൂറോപ്യൻ യൂണിയനിൽ നിന്നും ബ്രിട്ടൺ പുറത്തുപോകണമെന്ന് തീരുമാനിച്ചു (ബ്രക്സിറ്റ്).

ന്നു. ലോകവ്യാപാരസംഘടന (W.T.O) പോലുള്ള അന്തർദേശീയ സാമ്പത്തിക സംഘടനയിൽ ഒരു പ്രധാന ചേരിയായും പ്രവർത്തിക്കുന്നു.

യൂറോപ്യൻ യൂണിയന് രാഷ്ട്രീയ, നയതന്ത്ര സ്വാധീനവും ഉണ്ട്. യൂറോപ്യൻ യൂണിയനിലെ രണ്ട് അംഗങ്ങളായ ബ്രിട്ടൻ, ഫ്രാൻസ് എന്നിവക്ക് ഐക്യരാഷ്ട്ര സംഘടനയുടെ സുരക്ഷാസമിതിയിൽ സ്ഥിരാംഗത്വം ഉണ്ട്. ഐക്യരാഷ്ട്ര സുരക്ഷാസമിതിയിലെ നിരവധി താൽക്കാലിക അംഗങ്ങൾ യൂറോപ്യൻ യൂണിയനിൽ ഉൾപ്പെട്ടവയാണ്. ഇറാന്റെ ആണവ പദ്ധതി സംബന്ധിച്ച അമേരിക്കയുടെ ഇന്നത്തെ നിലപാടുപോലുള്ള ചില അമേരിക്കൻ നയങ്ങളെ സ്വാധീനിക്കാൻ ഇത് യൂറോപ്യൻ യൂണിയനെ സഹായിച്ചു. മനുഷ്യാവകാശം, പരിസ്ഥിതിശോഷണം മുതലായവ സംബന്ധിച്ച് ചൈനയുമായി നടത്തിയ സംഭാഷണങ്ങൾ വ്യക്തമാക്കുന്നത്, നയതന്ത്രം, സാമ്പത്തികനിക്ഷേപം, കൂടിയാലോചനകൾ എന്നിവ ഉപയോഗിക്കുന്നതാണ് ബലപ്രയോഗത്തെക്കാളോ സൈനികശക്തിയെക്കാളോ കാര്യക്ഷമമെന്നാണ്.

സൈനികരംഗത്ത്, യൂറോപ്യൻ യൂണിയന്റെ സംയുക്തസൈന്യമാണ് ലോകത്ത് രണ്ടാമത്തെ വലിയ സൈന്യം. അതിന്റെ പ്രതിരോധ മേഖലയിലെ മൊത്തം ചെലവ് അമേരിക്കയ്ക്ക് താഴെയായി രണ്ടാമതാണ്. യൂറോപ്യൻ യൂണിയൻ അംഗങ്ങളായ രണ്ട് രാജ്യങ്ങൾ- ബ്രിട്ടൻ, ഫ്രാൻസ്-എന്നിവ ആണവശക്തികളാണ്. ഏതാണ്ട് 550 ഓളം ആണവ പോർമുനകൾ അവരുടെ കൈവശമുണ്ട്. ബഹിരാകാശ, വാർത്താ വിനിമയ, സാങ്കേതികവിദ്യയുടെ മേഖലയിൽ ലോകത്തെ രണ്ടാമത്തെ വലിയ സ്രോതസ്സാണ് യൂറോപ്യൻ യൂണിയൻ.

ഒരു ദേശാതീത സംഘടന എന്ന നിലയ്ക്ക് സാമ്പത്തിക-രാഷ്ട്രീയ-സാമൂഹ്യ മേഖലകളിൽ ഇടപെടാൻ യൂറോപ്യൻ യൂണിയന് കഴിയുന്നു. എങ്കിലും പല മേഖലകളിലും അംഗരാജ്യങ്ങൾക്ക് അവരുടേതായ വിദേശബന്ധങ്ങളും പ്രതിരോധനയങ്ങളും ഉണ്ടായിരുന്നു. അവ ഓരോന്നും പരസ്പരം വ്യത്യസ്തവുമായിരുന്നു. ഈ വിധത്തിൽ, ബ്രിട്ടീഷ് പ്രധാനമന്ത്രി ടോണിബ്ലെയർ ഇറാഖ് അധിനിവേശത്തിൽ അമേരിക്കയുടെ പങ്കാളിയായിരുന്നു. യൂണിയനിലെ പുതിയ പല അംഗരാജ്യങ്ങളും അമേരിക്കയുടെ നേതൃത്വത്തിലുള്ള 'സന്നദ്ധരുടെ മുന്നണി'യിൽ പങ്കുകൊണ്ടു. അതേസമയം ജർമ്മനിയും ഫ്രാൻസും പ്രസ്തുത അമേരിക്കൻ




© Ares, Cagle Cartoons Inc.

*2003 ൽ ഒരു പൊതുഭരണഘടന രൂപപ്പെടുത്താനുള്ള യൂറോപ്യൻ യൂണിയന്റെ ശ്രമം പരാജയപ്പെട്ടപ്പോൾ പ്രത്യക്ഷപ്പെട്ട കാർട്ടൂൺ. യൂറോപ്യൻ യൂണിയനെ സൂചിപ്പിക്കാൻ എന്തുകൊണ്ടായിരിക്കും ടൈറ്റാനിക്ക് കപ്പലിന്റെ രൂപം കാർട്ടൂണിസ്റ്റ് ഉപയോഗപ്പെടുത്തിയത്?*

നയത്തെ എതിർത്തു. യൂറോപ്യൻ ഏകീകരണ അജണ്ടയെ സംബന്ധിച്ച് യൂറോപ്പിന്റെ പലഭാഗത്തും തീഷ്ണമായ 'യൂറോപ്യൻ അവിശ്വാസം' നിലനിൽക്കുന്നു. അതായത്, ഉദാഹരണമായി, മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി മാർഗരറ്റ് താച്ചർ ബ്രിട്ടനെ യൂറോപ്യൻ മാർക്കറ്റിന് പുറത്ത് നിർത്തി. ഡെൻമാർക്ക്, സ്വീഡൻ എന്നിവ മാസ്ട്രിച്ച് ഉടമ്പടിയെയും യൂറോപ്യൻ യൂണിയന്റെ പൊതു കറൻസിയായി യൂറോയെ സ്വീകരിക്കുന്നതിനെയും എതിർത്തു. വിദേശകാര്യം, പ്രതിരോധം തുടങ്ങിയവയിൽ ഇടപെട്ട് പ്രവർത്തിക്കാനുള്ള യൂറോപ്യൻ യൂണിയന്റെ കഴിവിനെ ഇവയെല്ലാം പരിമിതപ്പെടുത്തുന്നു.

## ദക്ഷിണ പൂർവ ഏഷ്യൻ രാജ്യങ്ങളുടെ സംഘടന–ആസിയാൻ (ASSOCIATION OF SOUTH EAST ASIAN NATIONS - ASEAN)

ലോക രാഷ്ട്രീയ ഭൂപടം ഒന്നു പരിശോധിക്കുക. ഏഷ്യയുടെ തെക്ക് കിഴക്കൻ മേഖലയിൽ സ്ഥിതിചെയ്യുന്ന രാജ്യങ്ങൾ ഏതെല്ലാമാണ്? രണ്ടാം ലോക മഹായുദ്ധത്തിന് മുമ്പും യുദ്ധകാലഘട്ടത്തിലും ഈ ഏഷ്യൻ പ്രദേശം യൂറോപ്പിന്റെയും, ജപ്പാന്റെയും ആവർത്തിച്ചുള്ള കോളനിവത്കരണത്തിന്റെ സാമ്പത്തിക രാഷ്ട്രീയ പ്രത്യാഘാതങ്ങൾ അനുഭവിച്ച രാജ്യങ്ങളാണ്. യുദ്ധാവസാനം അവിടെ നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിച്ചു. രാഷ്ട്രനിർമാണം, ദാരിദ്ര്യം, സാമ്പത്തിക പിന്നോക്കാവസ്ഥ, ശീതയുദ്ധകാലത്ത് ഏതെങ്കിലും ഒരു വൻശക്തിയുമായി സഖ്യം ചേരാനുള്ള സമ്മർദ്ദം എന്നിവയായിരുന്നു അവ. തെക്കുകിഴക്കൻ ഏഷ്യയിലെ രാജ്യങ്ങൾക്ക് താങ്ങാനാവാത്ത തരത്തിലുള്ള സംഘർഷത്തിനുള്ള ചേരുവകളായിരുന്നു ഇവയൊക്കെ. ബന്ദുങ് സമ്മേളനം, ചേരിചേരാ പ്രസ്ഥാനം എന്നിവ പോലുള്ള ഏഷ്യയുടേയും മൂന്നാം ലോക രാജ്യങ്ങളുടേയും ഐക്യത്തിനു വേണ്ടിയുള്ള ശ്രമങ്ങൾ അനൗപചാരിക സഹകരണത്തിന്റെയും ചർച്ചകളുടെയും ഒരു കീഴ്‌വഴക്കം സ്ഥാപിക്കുന്നതിന് ഉത



യൂറോപ്യൻ യൂണിയന് ഒരു ഫുട്ബോൾ ടീം ഉണ്ടായിരുന്നെങ്കിൽ എന്ത് സംഭവിക്കുമെന്ന് വിഭാവനം ചെയ്തുനോക്കൂ.

**പൂർവ ഏഷ്യയുടെയും പസഫിക്കിന്റെയും ഭൂപടം**




*ഉറവിടം: http://www.unicef.org/eapro/EAP map final.gif*

***കുറിപ്പ്:*** *ഇവിടെ നൽകിയിരിക്കുന്ന ഭൂപടം ഏതെങ്കിലും രാജ്യത്തിന്റെ നിയമപരമായ പദവിയെ കുറിച്ചോ ഏതെങ്കിലും അതിർത്തി നിർണയത്തെ കുറിച്ചോ യുണിസെഫിന്റെ നിലപാട് പ്രതിഫലിപ്പിക്കുന്നതല്ല.*

കുന്നതായിരുന്നില്ല. ആയതിനാൽ തെക്കുകിഴക്കേഷ്യൻ രാജ്യങ്ങൾ ബദൽ സംവിധാനമെന്ന നിലയിൽ ദക്ഷിണപൂർവ ഏഷ്യൻ രാജ്യ സംഘടന (ആസിയാൻ) സ്ഥാപിച്ചു.

ഈ മേഖലയിലെ അഞ്ച് രാഷ്ട്രങ്ങൾ ചേർന്ന് -ഇന്തോനേഷ്യ, മലേഷ്യ, ഫിലിപ്പൈൻസ്, സിങ്കപ്പൂർ, തായ്‌ലന്റ്-ബാങ്കോക്ക് പ്രഖ്യാപനം ഒപ്പുവച്ച് കൊണ്ട് 1967 ൽ ആസിയാൻ സ്ഥാപിച്ചു. ആസിയാന്റെ ലക്ഷ്യങ്ങൾ പ്രധാനമായും സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുകയും അതുവഴി സാമൂഹ്യപുരോഗതിയും സാംസ്കാരിക വികസനവും ഉറപ്പു വരുത്തുക എന്നതുമായിരുന്നു. നിയമവാഴ്ച, ഐക്യരാഷ്ട്ര സഭാ ചാർട്ടർ തത്വങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി പ്രാദേശിക സമാധാനവും സ്ഥിരതയും അഭിവൃദ്ധിപ്പെടുത്തുക എന്നതായിരുന്നു രണ്ടാമത്തെ ലക്ഷ്യം. കാലക്രമേണ ബ്രൂണെ ദാറുസ്സലാം, വിയറ്റ്നാം, ലാവൊ പി.ഡി.ആർ., മ്യാൻമാർ (ബർമ), കമ്പോഡിയ എന്നീ രാജ്യങ്ങളും അംഗങ്ങളായി ചേർന്നതോടെ ആസിയാൻ അംഗസംഖ്യ പത്തായി ഉയർന്നു.

യൂറോപ്യൻ യൂണിയനെ പോലെ ഒരു ദേശാതീതഘടനയും സ്ഥാപനങ്ങളും രൂപപ്പെടുത്താൻ ആസിയാൻ ആഗ്രഹിച്ചിരുന്നില്ല. ആസിയാൻ രാജ്യങ്ങൾ 'ആസിയാൻ മാർഗം' എന്നറിയപ്പെട്ട രീതി അനുവർത്തിച്ചു. അത് അനൗപചാരികവും പരസ്പരം ഏറ്റുമുട്ടൽ ഒഴിവാക്കിയുള്ളതും സഹകരണത്തിലൂന്നിയതുമായിരുന്നു. രാജ്യങ്ങളുടെ പരമാധികാരത്തോടുള്ള ആദരവ് ആസിയാന്റെ പ്രവർത്തനത്തിൽ നിർണായകമാണ്.

ലോകത്തിലെ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയോടൊപ്പം ചേർന്ന് ആസിയാനും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാമ്പത്തിക സാമൂഹ്യമേഖലകൾക്കപ്പുറത്തേക്ക് വികസിപ്പിച്ചു. 2003 ൽ ആസിയാൻ യൂറോപ്യൻ യൂണിയന്റെ രീതി സ്വീകരിച്ച് ഒരു ആസിയാൻ സമൂഹം സ്ഥാപിക്കാൻ ധാരണയിലെത്തി. ആസിയാൻ സുരക്ഷാ സമൂഹം, ആസിയാൻ സാമ്പത്തിക സമൂഹം, ആസിയാൻ സാമൂഹ്യ-സാംസ്കാരിക സമൂഹം എന്നിവയാണ് ഇതിന്റെ മൂന്ന് അടിസ്ഥാന ശിലകൾ.

ആസിയാൻ സുരക്ഷാസമിതി പ്രവർത്തിക്കുന്നത് പരിഹരിക്കപ്പെടാത്ത ഭൂമിശാസ്ത്രപരമായ തർക്കങ്ങൾ സൈനിക ഏറ്റുമുട്ടലിലേക്ക് വഴുതി മാറില്ല എന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലാണ്.



***ആസിയാൻ പതാക:***
*പത്ത് നെൽച്ചെടിയുടെ തണ്ടുകൾ കൂട്ടികെട്ടിയ ചിഹ്നമാണ് ആസിയാന്റേത്. പത്ത് ദക്ഷിണേഷ്യൻ രാജ്യങ്ങൾ സൗഹൃദം, ഐക്യം എന്നിവയിൽ ചേർത്തുനിർത്തപ്പെടുന്നു എന്നതാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. പുറമേയുള്ള വൃത്തം ആസിയാൻ രാജ്യങ്ങളുടെ അഖണ്ഡതയെ പ്രതിനിധാനം ചെയ്യുന്നു.*
*ഉറവിടം : www.aseansec.org.*

**നമുക്കിത് ചെയ്യാം**

ഭൂപടത്തിൽ ആസിയാൻ അംഗങ്ങളുടെ സ്ഥാനം നിർണയിക്കുക. ആസിയാൻ സെക്രട്ടറിയറ്റിന്റെ സ്ഥാനം കണ്ടെത്തുക

2003-ഓടെ ആസിയൻ നിരവധി കരാറുകൾ നടപ്പിൽ വരുത്തി. അതുവഴി സമാധാനം, നിഷ്പക്ഷത, സഹകരണം, ഇടപെടാതിരിക്കൽ, രാജ്യങ്ങളുടെ വൈവിധ്യവും പരമാധികാരാവകാശവും ബഹുമാനിക്കൽ എന്നിവ ഉയർത്തിപ്പിടിക്കുമെന്ന് അംഗങ്ങൾ വാഗ്ദാനം നൽകി. 1994 ൽ ആസിയാൻ പ്രാദേശികസമിതി (ARF) സ്ഥാപിച്ചു. ഈ സംഘടന സുരക്ഷയും വിദേശ നയവും സംബന്ധിച്ച ഏകോപനം നടപ്പാക്കുന്നു.

ആസിയാൻ അന്നും ഇന്നും മുഖ്യമായും ഒരു സാമ്പത്തികസംഘടനയാണ്. ആസിയാൻ മേഖലയുടെ മൊത്തം സാമ്പത്തികസ്ഥിതി അമേരിക്ക, യൂറോപ്യൻ യൂണിയൻ, ജപ്പാൻ തുടങ്ങിയവയുമായി താരതമ്യം ചെയ്യുമ്പോൾ നന്നേ ചെറുതാണ്, എന്നിരുന്നാലും സമ്പദ്‌വ്യവസ്ഥയുടെ വളർച്ചാനിരക്ക് ഇവയെക്കാളെല്ലാം വേഗത്തിലാണ്. ഇത് പ്രദേശത്തും അതിനപ്പുറത്തേക്കും തങ്ങളുടെ സ്വാധീനം വർധിപ്പിക്കാൻ കാരണമായി. പൊതുവിപണി രൂപപ്പെടുത്തുക, ആസിയാൻ രാജ്യങ്ങളെ ഉൾപ്പെടുത്തി ഉല്പാദന അടിത്തറ സ്ഥാപിക്കുക, പ്രദേശത്തിന്റെ സാമൂഹ്യ-സാമ്പത്തികവികസനത്തിന് സഹായം നൽകുക എന്നിവയാണ് ആസിയാൻ സാമ്പത്തിക സമൂഹത്തിന്റെ ലക്ഷ്യങ്ങൾ. ഈ സാമ്പത്തിക സമൂഹം, സാമ്പത്തിക തർക്കങ്ങൾ പരിഹരിക്കാനുതകും വിധം നിലവിലെ ആസിയാൻ തർക്കപരിഹാര സംവിധാനം മെച്ചപ്പെടുത്തണമെന്നും ആഗ്രഹിച്ചു. നിക്ഷേപം, തൊഴിൽ, സേവനങ്ങൾ തുടങ്ങിയവയ്ക്കുവേണ്ട ഒരു സ്വതന്ത്രവ്യാപാരമേഖല (FTA) രൂപപ്പെടുത്തുന്നതിലും ആസിയാൻ ശ്രദ്ധ നൽകി. സ്വതന്ത്രവ്യാപാര മേഖല സംബന്ധിച്ച് ആസിയാനുമായി ആശയവിനിമയം നടത്താൻ അമേരിക്കയും ചൈനയും നീക്കം തുടങ്ങിയിട്ടുണ്ട്.

ആസിയാൻ ഒരു പ്രധാന പ്രാദേശിക സംഘടനയായി ത്വരിതഗതിയിൽ വളർന്നുകൊണ്ടിരിക്കയാണ്. അതിന്റെ 'വിഷൻ 2020' അന്തർദേശീയ സമൂഹത്തോടുള്ള അവരുടെ തുറന്ന സമീപനം നിർവചിച്ചു.

പ്രദേശത്തെ സംഘർഷങ്ങൾ പരിഹരിക്കാൻ കൂടിയാലോചനകൾ പ്രോത്സാഹിപ്പിക്കുക എന്ന നയത്തെ അടിസ്ഥാനമാക്കിയാണ് ഇത്തരം നയം രൂപപ്പെടുത്തിയത്. അതുവഴി, കമ്പോഡിയൻ സംഘർഷം അവസാനിപ്പിക്കുന്നതിലും കിഴക്കൻ തിമൂർ പ്രതിസന്ധിയിലും മധ്യസ്ഥത വഹിക്കുകയും കിഴക്കനേഷ്യൻ രാജ്യങ്ങളുടെ സഹകരണത്തെക്കുറിച്ച് ചർച്ച ചെയ്യാനായി വാർഷിക കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തു.

ആസിയാന്റെ സാമ്പത്തികശക്തി, പ്രത്യേകിച്ച് ഇന്ത്യ, ചൈന തുടങ്ങിയ ഏഷ്യൻ സമ്പദ്ഘടനകളുടെ നിക്ഷേപ വ്യാപാര പങ്കാളി എന്ന നിലയിൽ അതിനെ ആകർഷണീയമാക്കുന്നു. ശീതയുദ്ധ കാലഘട്ടത്തിൽ ഇന്ത്യൻ വിദേശനയം ആസിയാന് അർഹമായ പരിഗണന നൽകിയിരുന്നില്ല. എന്നാൽ അടുത്ത കാലത്ത് ഇതിന് മാറ്റം വരുത്താൻ ഇന്ത്യ ശ്രമിക്കുന്നുണ്ട്. മലേഷ്യ, സിങ്കപ്പൂർ, തായ്‌ലാന്റ് എന്നീ മൂന്ന് ആസിയാൻ രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാര കരാർ ഒപ്പുവച്ചു. 2010 ൽ ആസിയാൻ - ഇന്ത്യ സ്വതന്ത്രവ്യാപാര കരാർ (F.T.A) നിലവിൽ വന്നു. എന്നിരുന്നാലും ആസിയാന്റെ ശക്തി നിലകൊള്ളുന്നത് അംഗ രാഷ്ട്രങ്ങളുമായും ചർച്ചാ പങ്കാ



ഇന്ത്യ തെക്കുകിഴക്കേഷ്യൻ പ്രദേശത്തിന്റെ ഭാഗമല്ലേ? വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ ആസിയാൻ രാജ്യങ്ങൾക്ക് വളരെ സമീപത്താണ്.

നമുക്കിത് ചെയ്യാം

ആരെല്ലാമാണ് ആസിയാൻ പ്രാദേശിക സമിതിയിലെ (ARF) ലെ അംഗങ്ങൾ





കേശവ്, ദ ഹിന്ദു
1990 മുതലുള്ള ഇന്ത്യയുടെ ലുക്ക് ഈസ്റ്റ് നയവും 2014 മുതലുള്ള ആക്ട് ഈസ്റ്റ് നയവും, ഈസ്റ്റ് ഏഷ്യൻ രാജ്യങ്ങളുമായി മെച്ചപ്പെട്ട സാമ്പത്തിക ഇടപെടലിന് കാരണമായി. (ആസിയാൻ, ചൈന, ജപ്പാൻ, ദക്ഷിണ കൊറിയ)



*സാർക്ക് പരാജയപ്പെട്ട സ്ഥലത്ത് എന്തുകൊണ്ട് ആസിയാൻ വിജയിച്ചു? ഏതെങ്കിലുമൊരു പ്രബലരാജ്യം ആ പ്രദേശത്ത് ഇല്ലാത്തതിനാലാണോ?*

ളികളുമായും പ്രാദേശികേതര സംഘടനകളുമായും അത് സ്വീകരിച്ചിട്ടുള്ള പരസ്പര പ്രവർത്തനം, കൂടിയാലോചന എന്നീ നയങ്ങളിലാണ്. ഏഷ്യൻ രാജ്യങ്ങൾക്കും വൻശക്തികൾക്കും രാഷ്ട്രീയവും സുരക്ഷാപരവുമായ ചർച്ചകൾ നടത്താനുള്ള ഒരു രാഷ്ട്രീയവേദി പ്രദാനം ചെയ്യുന്ന ഏഷ്യയിലെ ഏക പ്രാദേശിക സംഘടനയാണിത്.




*2018 ജനുവരി 25ന് ന്യൂഡൽഹിയിൽ ഇന്ത്യയുടെയും ആസിയാന്റെയും പങ്കാളിത്തത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്നതിനായി നേതാക്കൾ തപാൽ സ്റ്റാമ്പുകൾ പുറത്തിറക്കുന്നു.*

## ചൈനീസ് സമ്പദ്‌വ്യവസ്ഥയുടെ ഉയർച്ച (THE RISE OF THE CHINESE ECONOMY)

ഇനി നമുക്ക് ബദൽ അധികാര കേന്ദ്രത്തിന്റെ മൂന്നാമത്തെ ശക്തിയും നമ്മുടെ തൊട്ടടുത്ത അയൽരാജ്യവുമായ ചൈനയിലേക്ക് തിരിയാം. അടുത്ത പേജിലെ കാർട്ടൂൺ, ചൈനയുടെ ഒരു സാമ്പത്തിക ശക്തിയായുള്ള ഉയർച്ചയെ സംബന്ധിച്ച് ലോകത്തെമ്പാടുമുള്ള മനോഭാവത്തെ പ്രതിഫലിപ്പിക്കുന്നു. 1978 മുതൽക്കുള്ള ചൈനയുടെ സാമ്പത്തിക വിജയം ഒരു വൻശക്തിയായുള്ള അതിന്റെ ഉയർച്ചയുമായി ബന്ധപ്പെട്ടതാണ്. സാമ്പത്തികരംഗത്തെ ആദ്യ പരിഷ്കരണം മുതൽ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയായിരുന്നു ചൈനയുടേത്. 2040 ഓട് കൂടി അമേരിക്കയെ മറികടന്ന് ചൈന ലോകത്തിലെ ഏറ്റവും വലിയ സമ്പദ്‌വ്യവസ്ഥയായി മാറുമെന്ന് കരുതപ്പെടുന്നു. മേഖലയിൽ ചൈന നടത്തിയ സാമ്പത്തിക ഏകീകരണം പൂർവേഷ്യൻ വികസനത്തിന്റെ നായകനായി ചൈനയെ പ്രതിഷ്ഠിക്കുകയും പ്രാദേശിക കാര്യങ്ങളിൽ അത്യധികം സ്വാധീനം അതിന് ലഭിക്കുകയും ചെയ്തു. തങ്ങളുടെ സാമ്പത്തിക ഭദ്രതയ്ക്കൊപ്പം ജനസംഖ്യ, ഭൂവിസ്തൃതി, വിഭവസമ്പത്ത്, പ്രദേശത്തെ സ്ഥാനം, രാഷ്ട്രീയ സ്വാധീനം തുടങ്ങിയ ഇതരഘടകങ്ങളും ചൈനയുടെ കരുത്ത് ഗണ്യമായി വർധിപ്പിച്ചു.

മാവോയുടെ നേതൃത്വത്തിൽ നടന്ന കമ്മ്യൂണിസ്റ്റ് വിപ്ലവത്തിനുശേഷം 1949 ൽ ഉദയം ചെയ്ത പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന അതിന്റെ സമ്പദ്‌വ്യവസ്ഥ സോവിയറ്റ് മാതൃകയിൽ അധിഷ്ഠിതമാക്കി. സാമ്പത്തികമായി പിന്നോക്കമായിരുന്ന കമ്മ്യൂണിസ്റ്റ് ചൈന മുതലാളിത്ത ലോകവുമായുള്ള ബന്ധം വിഛേദിച്ചു. അതിനു തെരഞ്ഞെടുക്കാൻ മറ്റ് മാർഗങ്ങളൊന്നും ഉണ്ടായിരുന്നില്ല. അത് സ്വന്തം വിഭവങ്ങളെ ആശ്രയിക്കുകയും ചെറിയ ഒരു കാലത്തേക്ക് സോവിയറ്റ് സഹായവും ഉപദേശവും സ്വീകരിക്കുകയുമായിരുന്നു ഏക പോംവഴി. കൃഷിയിൽനിന്നും സമാഹരിച്ച മൂലധനം ഉപയോഗിച്ച് സ്റ്റേറ്റ് ഉടമസ്ഥതയിലുള്ള ഘന വ്യവസായങ്ങൾ സ്ഥാപിക്കുക എന്നതായിരുന്നു ഈ മാതൃക. ലോകവിപണിയിൽ നിന്ന് സാങ്കേതികവിദ്യയും ചരക്കുകളും നേടാൻ ആവശ്യമായ വിദേശനാണയ കരുതൽ കുറവായിരുന്നതിനാൽ ഇറക്കുമതിക്ക് ബദലായി ആഭ്യന്തര ഉല്പന്നങ്ങൾ ഉപയോഗിക്കാൻ ചൈന തീരുമാനിച്ചു.

തങ്ങളുടെ വിഭവങ്ങൾ ഉപയോഗപ്പെടുത്തി മുൻപില്ലാത്തവിധത്തിലുള്ള ഒരു വ്യവസായ സമ്പദ്‌വ്യവസ്ഥ സ്ഥാപിക്കാൻ ഈ മാതൃക ചൈനയെ അനുവദിച്ചു. എല്ലാ പൗരന്മാർക്കും തൊഴിലും സാമൂഹ്യക്ഷേമവും ഉറപ്പുവരുത്തി, പൗരന്മാരെ വിദ്യ അഭ്യസിപ്പിക്കുന്നതിലും മെച്ചപ്പെട്ട ആരോഗ്യം ഉറപ്പുവരുത്തുന്നതിലും ചൈന ഏതാണ്ട് എല്ലാ വികസ്വര രാജ്യങ്ങളേക്കാളും പുരോഗതി കൈവരിച്ചു. സമ്പദ്‌വ്യവസ്ഥ 5-6% വരെ സാമാന്യം നല്ല വളർച്ച നേടി. എന്നാൽ ജനസംഖ്യയിൽ 2-3% വരെ വാർഷിക വളർച്ച കൊണ്ടർത്ഥമാക്കുന്നത് വർദ്ധിച്ചു വരുന്ന ജനസംഖ്യയുടെ ആവശ്യങ്ങൾക്ക് ഈ സാമ്പത്തിക വളർച്ച അപര്യാപ്തമാണ്

എന്നായിരുന്നു. വ്യവസായത്തിനാവശ്യമായ മിച്ച ഉല്പാദനം നടത്തുവാൻ കാർഷിക മേഖലയ്ക്ക് സാധിച്ചില്ല. സോവിയറ്റ് യൂണിയനിലുണ്ടായിരുന്ന സ്റ്റേറ്റ് നിയന്ത്രിത സമ്പദ്‌വ്യവസ്ഥയുടെ പ്രശ്നങ്ങൾ അധ്യായം രണ്ടിൽ നാം ചർച്ച ചെയ്തിട്ടുണ്ട്. അതിന് സമാനമായ പ്രതിസന്ധി ചൈനയ്ക്കും അഭിമുഖീകരിക്കേണ്ടതായി വന്നു. അതിന്റെ വ്യാവസായികോത്പാദനം മതിയായ വളർച്ച നേടിയില്ല. അന്തർദേശീയ വ്യാപാരം നാമമാത്രമായിരുന്നു. അതുപോലെ തന്നെ ആളോഹരി വരുമാനം വളരെ താഴ്ന്ന നിലയിലുമായിരുന്നു.

1970 കളിൽ ചൈനീസ് നേതൃത്വം പ്രധാന നയപരമായ തീരുമാനങ്ങളെടുത്തു. രാഷ്ട്രീയവും സാമ്പത്തികവുമായ ഒറ്റപ്പെട്ടു നിൽക്കൽ നയം ചൈന അവസാനിപ്പിച്ച് 1972 ൽ അമേരിക്കയുമായി ബന്ധം പുനഃസ്ഥാപിച്ചു. 1973 ൽ പ്രീമിയർ ചൗഎൻലായ് 'നാല് മേഖലകളിൽ ആധുനികവത്കരണം' മുന്നോട്ടുവച്ചു. (കൃഷി, വ്യവസായം, ശാസ്ത്രസാങ്കേതികവിദ്യ, സൈനികം). 1978 ഓടെ അന്നത്തെ നേതാവ് ഡെങ് സിയാവോ പിങ് 'തുറന്ന വാതിൽ നയം' പ്രഖ്യാപിക്കുകയും ചൈനയിൽ സാമ്പത്തിക പരിഷ്കരണം നടപ്പിലാക്കുകയും ചെയ്തു. വിദേശ മൂലധന സാങ്കേതികവിദ്യാ നിക്ഷേപത്തിലൂടെ ഉയർന്ന ഉല്പാദനക്ഷമത സൃഷ്ടിക്കുക എന്നതായിരുന്നു നയം.

വിപണി അധിഷ്ഠിത സമ്പദ്‌വ്യവസ്ഥ പരിചയപ്പെടുത്തുന്നതിൽ ചൈന അതിന്റേതായ പാത പിന്തുടർന്നു. ചൈനക്കാർ ഒരു 'ആഘാതചികിത്സയ്ക്ക്' തയാറായില്ല. എന്നാൽ പടിപടിയായി തങ്ങളുടെ സമ്പദ്‌വ്യവസ്ഥ തുറന്നുകൊടുത്തു. 1982 മുതൽ കാർഷികമേഖലയിൽ നടപ്പിലാക്കിയ സ്വകാര്യവത്കരണത്തിന്റെ തുടർച്ചയായി 1998 ൽ വ്യവസായരംഗത്തും സ്വകാര്യവത്കരണം നടപ്പിലാക്കി. പ്രത്യേക സാമ്പത്തിക മേഖലകളിൽ (SEZ) വ്യാപാരനിയന്ത്രണങ്ങൾ പൂർണമായും ഇല്ലാതാക്കി. അവിടങ്ങളിൽ വിദേശ നിക്ഷേപകർക്കും സംരംഭങ്ങൾ തുടങ്ങാമായിരുന്നു. ചൈനയിൽ വിപണി അധിഷ്ഠിത സമ്പദ്‌വ്യവസ്ഥ സ്ഥാപിക്കുന്നതിലും നിലനിർത്തുന്നതിലും രാഷ്ട്രം പ്രധാന പങ്കുവഹിച്ചു.




വൻമതിലും ഡ്രാഗണും ചൈനയുമായി ബന്ധപ്പെട്ട രണ്ട് പ്രതീകങ്ങളാണ്. ഈ കാർട്ടൂണിൽ ഇതു രണ്ടും ഉപയോഗിക്കുന്നത് ചൈനയുടെ സാമ്പത്തിക വളർച്ചയെ സൂചിപ്പിക്കുവാനാണ്. ചിത്രത്തിൽ കാണുന്ന ചെറിയ മനുഷ്യൻ ആരാണെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? അയാൾക്ക് ഡ്രാഗണെ തടയാൻ കഴിയുമോ?

സാമ്പത്തികമുരടിപ്പ് ഇല്ലാതാക്കാൻ പുത്തൻ സാമ്പത്തിക നയങ്ങൾ സഹായിച്ചു. കാർഷികരംഗത്തെ സ്വകാര്യവത്കരണം കാർഷികോത്പാദനത്തിലും ഗ്രാമീണ വരുമാനത്തിലും എടുത്ത് പറയത്തക്ക വർധനവ് ഉണ്ടാക്കി. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിലെ ഉയർന്ന തോതിലുള്ള വ്യക്തിഗത സമ്പാദ്യങ്ങൾ ഗ്രാമീണവ്യവസായത്തിൽ ക്രമാതീതമായ വളർച്ച ഉണ്ടാക്കി. വ്യവസായം കൃഷി ഉൾപ്പെടെ ചൈനീസ് സമ്പദ്‌വ്യവസ്ഥ വേഗത്തിലുള്ള വളർച്ചാനിരക്ക് രേഖപ്പെടുത്തി. പുതിയ വ്യാപാര നിയമങ്ങളും പ്രത്യേക സാമ്പത്തിക മേഖലകളുടെ രൂപീകരണവും വിദേശവ്യാപാരത്തിൽ അസാധാരണ വളർച്ച ഉണ്ടാക്കി. ലോകത്തിൽ എവിടെ ഉള്ളതിൽവച്ചും ഏറ്റവും മെച്ചപ്പെട്ട നേരിട്ടുള്ള വിദേശനിക്ഷേപ സൗഹൃദ (FDI) പ്രദേശമായി ചൈന മാറി. അതിന് വർധിച്ച തോതിലുള്ള വിദേശവിനിമയ കരുതൽ ഉണ്ടായതിനാൽ മറ്റു രാജ്യങ്ങളിൽപോലും വൻനിക്ഷേപം നടത്താൻ ചൈനയ്ക്ക് കഴിഞ്ഞു. ചൈന 2001-ൽ ലോകവ്യാപാര സംഘടനയിൽ



ചൈനയിൽ ആറ് പ്രത്യേക സാമ്പത്തിക മേഖലകളും ഇന്ത്യയിൽ 200 ൽ കൂടുതൽ അംഗീകരിക്കപ്പെട്ട സാമ്പത്തിക മേഖലകളും! ഇത് ഇന്ത്യക്ക് ഗുണം ചെയ്യുമോ?

© Mike Lane, Cagle Cartoons Inc.




ചൈന അന്നും ഇന്നും

© Ares, Cagle Cartoons Inc.




*ചൈനീസ് സൈക്കിൾ :*

*ഈ അധ്യായനത്തിന്റെ തുടക്കത്തിലെ കാർട്ടൂൺ പോലെ ഒന്നാമത്തേത് ചൈനയുടെ സമീപനത്തിൽ വന്ന മാറ്റത്തെ ചിത്രീകരിക്കുന്നു. ലോകത്തിൽ ഏറ്റവും കൂടുതൽ സൈക്കിൾ ഉപയോഗിക്കുന്നത് ചൈനക്കാരാണ്. ഇന്നത്തെ ചൈനയുടെ ഇരട്ടമുഖം സൂചിപ്പിക്കുവാൻ രണ്ടാമത്തെ കാർട്ടൂണിൽ സൈക്കിൾ ഉപയോഗിക്കുന്നു. എന്താണ് ഇരട്ടമുഖം എന്നതുകൊണ്ട് അർഥമാക്കുന്നത്? ഇതിനെ വൈരുദ്ധ്യാത്മകത എന്ന് നമുക്ക് വിളിക്കാൻ സാധിക്കുമോ?*

ചേർന്നു. ഇത് പുറം ലോകത്തിന് സാമ്പത്തികരംഗം തുറന്നുകൊടുക്കുന്ന മറ്റൊരു നടപടിയായി. ലോകസമ്പദ്‌വ്യവസ്ഥയിലേക്ക് ഏകീകരിക്കപ്പെടാനും ഭാവിയിലെ ലോകസാമ്പത്തികക്രമത്തെ രൂപപ്പെടുത്താനും ഉള്ള പദ്ധതി ആസൂത്രണം ചെയ്തു.

ചൈനീസ് സമ്പദ്‌വ്യവസ്ഥ നാടകീയമായി മെച്ചപ്പെട്ടെങ്കിലും പരിഷ്കരണത്തിന്റെ ഗുണഫലം എല്ലാ ജനങ്ങൾക്കും കിട്ടിയിരുന്നില്ല. ഏതാണ്ട് 100 ദശലക്ഷം ജനങ്ങൾ തൊഴിലന്വേഷരാകുന്ന തരത്തിൽ തൊഴിലില്ലായ്മ ചൈനയിൽ വർദ്ധിച്ചു വന്നു. സ്ത്രീകളുടെ തൊഴിലും തൊഴിൽ മേഖലയിലെ സാഹചര്യങ്ങളും 18–19 നൂറ്റാണ്ടുകളിലെ യൂറോപ്പിലേതിനു സമാനമായ രീതിയിൽ മോശമായിരുന്നു. ഗ്രാമനഗരവാസികൾക്കിടയിലും, തീരദേശങ്ങളിലും ഉൾപ്രദേശങ്ങളിൽ വാസിക്കുന്നവർക്കിടയിലും വർധിച്ചുവന്ന സാമ്പത്തികഅസമത്വത്തിന് പുറമെ പരിസ്ഥിതിനാശവും അഴിമതിയും വർധിച്ചു വന്നു.

എന്നിരുന്നാലും പ്രാദേശികതലത്തിലും ആഗോളതലത്തിലും ചൈന എണ്ണപ്പെട്ട സാമ്പത്തികശക്തിയായി മാറി. ചൈനയുടെ സാമ്പത്തിക ഏകീകരണവും അതുവഴി രൂപപ്പെട്ട പരസ്പരാശ്രിതത്വങ്ങളും വ്യാപാരപങ്കാളികൾക്കുമേൽ വൻസ്വാധീനം വർധിപ്പിക്കാൻ അതിനെ സഹായിച്ചു. അതുവഴി ജപ്പാൻ, അമേരിക്ക, ആസിയാൻ, റഷ്യ തുടങ്ങിയവയുമായി നിലനിൽക്കുന്ന പ്രശ്നങ്ങളെല്ലാം സാമ്പത്തിക പരിഗണനയുടെ പേരിൽ മയപ്പെട്ടു. തങ്ങളുടെ സമ്പദ്ഘടനയുമായി ഏകോപിപ്പിച്ച് കാലുമാറ്റക്കാരൻ എന്നു വിശേഷിപ്പിക്കുന്ന തായ്‌വാനുമായുള്ള ഭിന്നതകൾ പോലും പരിഹരിക്കാമെന്ന് പ്രതീക്ഷിക്കുന്നു. ചൈനയുടെ വളർച്ചയെക്കുറിച്ചുള്ള ആസിയാന്റെ ആശങ്കകൾ ലഘൂകരിക്കാൻ 1997 ലെ സാമ്പത്തികപ്രതിസന്ധിക്കുശേഷം അവരുടെ സമ്പദ്‌വ്യവസ്ഥയുടെ സ്ഥിരതയ്ക്കുവേണ്ടി നൽകിയ സഹായങ്ങൾക്ക് കഴിഞ്ഞു. പുറംരാജ്യങ്ങളിൽ നിക്ഷേപം നടത്താനും ലാറ്റിൻ അമേരിക്ക, ആഫ്രിക്ക എന്നിവയെ സഹായിക്കാനുള്ള സന്നദ്ധതയും ചൈനയെ ഒരു വികസ്വര സമ്പദ്ഘടനയുടെ പക്ഷത്ത് നിന്നുള്ള ഒരു ആഗോള 'കളിക്കാര'നായി ഉയർത്തികാട്ടുന്നു.

## ഇന്ത്യ-ചൈന ബന്ധങ്ങൾ (INDIA-CHINA RELATIONS)

പാശ്ചാത്യ സാമ്രാജ്യത്വത്തിന്റെ കടന്നുകയറ്റത്തിന് മുൻപ് ഇന്ത്യയും ചൈനയും ഏഷ്യയിലെ വൻശക്തികളായിരുന്നു. കപ്പം കൊടുക്കുന്ന സവിശേഷമായ വ്യവസ്ഥയിലൂടെ (Tributary systems) അതിർത്തി പ്രാന്തപ്രദേശങ്ങളിൽ വർധിച്ച തോതിലുള്ള സ്വാധീനവും നിയന്ത്രണവും ചൈനയ്ക്കുണ്ടായിരുന്നു. ചൈനയുടെ സുദീർഘമായ രാജഭരണചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ മംഗോളിയ, കൊറിയ, ഇന്തോചൈനയുടെ ഭാഗങ്ങൾ ടിബറ്റ് തുടങ്ങിയ പ്രദേശങ്ങൾ ചൈനയുടെ അധികാരം അംഗീകരിച്ചിരുന്നു. ഇന്ത്യയിലെ വിവിധ രാജവംശങ്ങളും സാമ്രാജ്യങ്ങളും തങ്ങളുടെ സ്വാധീനം അതിർത്തിക്കപ്പുറത്തേക്കും വ്യാപിപ്പിച്ചിരുന്നു. ഈ രണ്ട് സംഭവങ്ങളിലും ഇത്തരം സ്വാധീന വ്യാപനം രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികപരവും ആയിരുന്നു. എന്നിരുന്നാലും, ഇന്ത്യയും ചൈനയും സ്വാധീനം ചെലുത്തിയ പ്രദേശങ്ങളിൽ പരസ്പരം അതിക്രമിച്ചു കടന്നിരുന്നില്ല. ആയതിനാൽ ഇരുരാജ്യങ്ങളും തമ്മിൽ പരിമിത തോതിലുള്ള രാഷ്ട്രീയ സാംസ്കാരിക ഇടപെടലുകളെ ഉണ്ടായിരുന്നുള്ളൂ. ഇതിന്റെ ഫലമായി ഇരുരാജ്യങ്ങളും തമ്മിൽ പരസ്പരം പരിചിതത്വം ഇല്ലാതായി. 20- ാം നൂറ്റാണ്ടിൽ ഇരുരാജ്യങ്ങളും പരസ്പരം നേർക്കുനേർ വന്നപ്പോൾ തങ്ങൾക്കിടയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഒരു വിദേശനയം രൂപപ്പെടുത്തുന്നതിൽ ചില ബുദ്ധിമുട്ടുകൾ നേരിട്ടു.

ഇന്ത്യ ബ്രിട്ടനിൽ നിന്ന് സ്വാതന്ത്ര്യം തിരിച്ചുപിടിക്കുകയും ചൈന വിദേശ ശക്തികളെ പുറത്താക്കുകയും ചെയ്തതോടെ വികസ്വര രാജ്യങ്ങളുടെ പ്രത്യേകിച്ചും ഏഷ്യൻ രാജ്യങ്ങളുടെ ഭാവി രൂപപ്പെടുത്താനുതകുംവിധം ഇരുശക്തികളും ഒറ്റക്കെട്ടായി പ്രവർത്തിക്കും എന്ന പ്രതീക്ഷ രൂപപ്പെട്ടു. 'ഹിന്ദി -ചീനി ഭായി ഭായി' എന്ന മുദ്രാവാക്യം കുറച്ചുകാലത്തേക്കെങ്കിലും ജനകീയമായിരുന്നു. എന്നാൽ അതിർത്തി തർക്കത്തെ തുടർന്ന് സൈനിക സംഘട്ടനം ഇരു രാജ്യങ്ങൾക്കുമിടയിൽ രൂപപ്പെട്ടത് ഇത്തരം പ്രതീക്ഷകളെ നശിപ്പിച്ചു. സ്വാതന്ത്ര്യാനന്തരം ഇരുരാജ്യങ്ങൾക്കുമിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉടലെടുത്തു. 1950 ൽ ചൈന ടിബറ്റിന്റെ നിയന്ത്രണം ഏറ്റെടുത്തതും സിനോ- ഇന്ത്യൻ അതിർത്തി സംബന്ധിച്ച തർക്കവുമായിരുന്നു ഇതിനു കാരണം. അരുണാചൽപ്രദേശ് ലഡാക്കിലെ അക്സായ്ചിൻ എന്നിവ സംബന്ധിച്ച ഭൂമിശാസ്ത്രപരമായ അവകാശവാദങ്ങൾ 1962 ൽ ഇരുരാജ്യങ്ങളും തമ്മിലുള്ള ഒരു അതിർത്തി സംഘട്ടനത്തിൽ കലാശിച്ചു.

ഇന്ത്യക്ക് ചില സൈനിക തിരിച്ചടികൾ നേരിടേണ്ടിവരികയും അത് 1962 ലെ സംഘർഷത്തിൽ ഇന്ത്യ-ചൈന ബന്ധങ്ങളിൽ ദൂരവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഇരു രാജ്യങ്ങൾക്കും ഇടയിലുള്ള നയതന്ത്രബന്ധങ്ങൾ 1976 വരെ വളരെ മോശമായ അവസ്ഥയിലായിരുന്നു. അതിനുശേഷം ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധങ്ങൾ സാവധാനം മെച്ചപ്പെടുവാൻ തുടങ്ങി. 1970-കളുടെ മധ്യത്തോടെ ചൈനയുടെ രാഷ്ട്രീയ നേതൃത്വത്തിൽ മാറ്റങ്ങളുണ്ടാവുകയും. ചൈനയുടെ നയം കൂടുതൽ പ്രായോഗികതലത്തിലുള്ളതും പ്രത്യയശാസ്ത്ര അടിത്തറ കുറഞ്ഞതുമായി മാറുകയും ചെയ്തു. അതുകൊണ്ട് ഇന്ത്യയുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്ന സമയത്ത് തർക്കവിഷയങ്ങൾ മാറ്റിവയ്ക്കാൻ ചൈന സന്നദ്ധമായി. 1981-ഓടെ അതിർത്തി തർക്കങ്ങൾ രമ്യമായി പരിഹരിക്കാനായി സന്ധി സംഭാഷണപരമ്പരകൾ ആരംഭിക്കപ്പെട്ടു.

ശീതയുദ്ധം അവസാനിച്ചതോടെ ഇന്ത്യ -ചൈന ബന്ധത്തിലും പ്രകടമായ മാറ്റങ്ങൾ ഉണ്ടായി. ഇന്ന് അവയുടെ ബന്ധങ്ങൾക്ക് തന്ത്രപരവും സാമ്പത്തികവുമായ മാനങ്ങളുണ്ട്. ഇരു രാജ്യങ്ങളും തങ്ങളെ വളർന്നുവരുന്ന ആഗോളശക്തിയായി കണക്കാക്കുകയും. കൂടാതെ ഏഷ്യൻ സമ്പദ്വ്യവസ്ഥയിലും രാഷ്ട്രീയത്തിലും പ്രധാന പങ്ക് വഹിക്കണമെന്ന് അഭിലഷിക്കുകയും ചെയ്യുന്നു.

1988- ഡിസംബറിൽ രാജീവ്ഗാന്ധി ചൈന സന്ദർശിച്ചത് ഇന്ത്യാ-ചൈന ബന്ധം മെച്ചപ്പെടുത്തുന്നതിന് ഒരു

> **നമുക്കിത് ചെയ്യാം**
>
> 2014-ൽ ചൈനീസ് പ്രസിഡന്റ് ഷി.ജിൻ പിങ് ഇന്ത്യയിൽ സന്ദർശനം നടത്തി 2015-ൽ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോഡി ചൈന സന്ദർശിച്ചു. അവരുടെ സന്ദർശനവേളയിൽ ഒപ്പുവച്ച കരാറുകൾ കണ്ടെത്തുക.

## നമുക്കിത് ഒരുമിച്ച് ചെയ്യാം

### ഘട്ടങ്ങൾ

- ▣ ക്ലാസിനെ മൂന്നു ഗ്രൂപ്പുകളാക്കുക
- ▣ യൂറോപ്യൻ യൂണിയൻ, ആസിയാൻ, സാർക്ക് എന്നിവയെ സംബന്ധിച്ച വിവരശേഖരണം നടത്താൻ ഓരോ ഗ്രൂപ്പിനെയും ചുമതലപ്പെടുത്തുക
- ▣ ഈ സംഘടനകളുടെ ലക്ഷ്യം, സമീപകാലപ്രവർത്തനങ്ങൾ എന്നിവയെ കുറിച്ചു വിവരശേഖരണം നടത്തുക. ഉച്ചകോടി, സമ്മേളനങ്ങൾ എന്നിവയുടെ ചിത്രശേഖരണവും നടത്താം.
- ▣ ഓരോ ഗ്രൂപ്പും തങ്ങൾ ശേഖരിച്ച വിവരങ്ങളുടെ വസ്തുതകൾ ക്ലാസിൽ അവതരിപ്പിക്കട്ടെ.

**അധ്യാപകർക്കുള്ള ആശയങ്ങൾ**

- ☐ ഈ സംഘടനകളുടെ ചുമതലകളിൽ ശ്രദ്ധ കൊടുക്കുക
- ☐ പ്രാദേശികസംഘടനകളുടെ നേട്ടങ്ങളിലേക്ക് കുട്ടികളുടെ ശ്രദ്ധ ആകർഷിക്കുക.
- ☐ പ്രാദേശിക സാമ്പത്തിക സംഘടനകളുടെ പങ്കിനെ അതിന്റെ അംഗരാജ്യങ്ങളുടെ സമഗ്ര വികസനവുമായി ബന്ധിപ്പിക്കുക.
- ☐ ലോകസമാധാനത്തിനും സുരക്ഷയ്ക്കുമുള്ള മികച്ച സമീപനം എന്ന നിലയിൽ പ്രാദേശിക സാമ്പത്തികസംഘടനകളുടെ വളർന്നുവരുന്ന പ്രധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുക.



*ചൈനീസ് ഉൽപന്നങ്ങൾ നമ്മുടെ വിപണിയിൽ നിറയുന്നുവെന്ന് ചിലർ പറയുന്നു. എങ്കിൽ അവയെല്ലാം എവിടെയാണ്?*

ഉത്തേജനമായിരുന്നു. സംഘർഷം ഒഴിവാക്കാനും അതിർത്തിയിൽ 'സമാധാനവും ശാന്തതയും' സംരക്ഷിക്കാനും ആവശ്യമായ ഇടപെടൽ അന്ന് മുതൽ ഇരു രാജ്യങ്ങളിലെയും ഗവൺമെന്റുകൾ കൈക്കൊണ്ടു. സാംസ്കാരിക കൈമാറ്റത്തിനും ശാസ്ത്ര സാങ്കേതികമേഖലയിലെ സഹകരണത്തിനുമായി കരാറുകൾ ഒപ്പുവയ്ക്കുകയും നാല് അതിർത്തി പോസ്റ്റുകൾ വ്യാപാരത്തിനായി തുറന്നു കൊടുക്കുകയും ചെയ്തു. 1999 മുതൽ ഇന്ത്യാചൈന വ്യാപാരം പ്രതിവർഷം 30 ശതമാനം വളർച്ച രേഖപ്പെടുത്തിയത് ചൈനയുമായി ബന്ധം വളർത്താനുള്ള അനുകൂലമായ ഒരു വീക്ഷണഗതി രൂപപ്പെടുത്തുന്നതിന് കാരണമായി. ഇന്ത്യാ-ചൈന ഉഭയകക്ഷി വ്യാപാരം 1992-ലെ 338 മില്ല്യൺ ഡോളറിൽനിന്നും 2016-ൽ 70 ബില്ല്യൺ ഡോളറിനു മുകളിലെത്തി. വിദേശത്ത് വച്ചുള്ള ഊർജലേലം പോലെ ഇരുരാജ്യങ്ങൾക്കുമിടയിൽ സംഘർഷത്തിന് ഇടയാക്കുന്ന ഇതര മേഖലകളിലും സഹകരിച്ച് പ്രവർത്തിക്കാൻ ഈ അടുത്തകാലത്ത് ഇരുരാജ്യങ്ങളും തയാറായി. ആഗോളതലത്തിൽ ഇന്ത്യയും ചൈനയും ലോകവ്യാപാര സംഘടനപോലുള്ള അന്തർദേശീയ സാമ്പത്തിക സ്ഥാപനങ്ങളിൽ സമാന നയങ്ങൾ സ്വീകരിച്ചു.

1998-ൽ ഇന്ത്യ നടത്തിയ ആണവപരീക്ഷണം ചൈനീസ് ഭീഷണിയുടെ പശ്ചാത്തലത്തിൽ ചിലപ്പോഴൊക്കെ ന്യായീകരിക്കപ്പെട്ടെങ്കിലും. ഇത് പരസ്പരമുള്ള ഇടപെടലുകൾ ഇല്ലാതാക്കിയില്ല. പാക്കിസ്ഥാന്റെ ആണവപദ്ധതിക്ക് ചൈന സഹായം നൽകുന്നു എന്നത് സത്യമാണ്. ബംഗ്ലാദേശ്, മ്യാൻമാർ തുടങ്ങിയവയുമായുള്ള ചൈനയുടെ സൈനിക ബന്ധങ്ങൾ ദക്ഷിണേഷ്യയിലെ ഇന്ത്യൻ താൽപര്യങ്ങൾക്ക് വിരുദ്ധമായി കരുതപ്പെടുന്നു. എന്നിരുന്നാലും ഈ വിഷയങ്ങളൊന്നും തന്നെ ഇരുരാജ്യങ്ങളും തമ്മിലുള്ള സംഘർഷത്തിലേക്ക് നയിച്ചില്ല. ഇതിന്റെ ഉദാഹരണങ്ങളുടെ ചിത്രങ്ങൾ അതിർത്തി തർക്കം പരിഹരിക്കാനുള്ള ചർച്ച യാതൊരു തടസ്സവുമില്ലാതെ തുടർന്നതും സൈനിക സഹകരണം വർധിച്ചതും. ഇന്ത്യയിലെയും ചൈനയിലെയും നേതാക്കളും ഉദ്യോഗസ്ഥരും ബീജിംഗും ന്യൂഡൽഹിയും പലപ്പോഴും സന്ദർശിക്കുന്നു. ഇന്ന് ഇരുരാജ്യങ്ങളും പരസ്പരം കൂടുതൽ അറിയുന്നവരായിരിക്കുന്നു. വർധിച്ചുവരുന്ന ഗതാഗത-വാർത്താവിനിമയ ബന്ധങ്ങൾ, പൊതുവായ സാമ്പത്തികതൽപ്പര്യങ്ങളും ആഗോളതലത്തിലെ പരിഗണനകളുമെല്ലാം ലോകത്തിന്റെ ഏറ്റവും വലിയ ജനസംഖ്യയുള്ള രണ്ട് രാജ്യങ്ങൾക്കിടയിൽ കൂടുതൽ അനുഗുണവും ദൃഢതയുള്ളതുമായ ബന്ധം വളർത്തുന്നതിന് സഹായിച്ചു.

## ജപ്പാൻ


അസിമോ, ലോകത്തിലെ ഏറ്റവും വികസിത മനുഷ്യ നിർമിത റോബോട്ട് ഒരാളുടെ കൈപിടിച്ചുകൊണ്ടു നടക്കുന്നു.

സോണി, പനാസോണിക്, കേനൻ, സുസുകി, ഹോണ്ട, ടൊയോട്ട, മസ്ദ തുടങ്ങിയ പ്രമുഖ ജപ്പാനീസ് ബ്രാന്റുകളെക്കുറിച്ചു നിങ്ങൾ കേട്ടിട്ടുണ്ടാകും? ഉയർന്ന സാങ്കേതികവിദ്യാ ഉൽപ്പന്നങ്ങൾ നിർമിക്കുന്നതിൽ പേരുകേട്ടവയാണ് ഇവയെല്ലാം. പ്രകൃതി വിഭവങ്ങൾ ഏറ്റവും കുറവുള്ള രാജ്യമാണ് ജപ്പാൻ. തങ്ങൾക്കുവേണ്ട അസംസ്കൃത വസ്തുക്കളിൽ ഏറിയപങ്കും ഇറക്കുമതി ചെയ്യുകയാണ് ഇപ്പോൾ ചെയ്യുന്നത്. എന്നിട്ടും രണ്ടാംലോക മഹായുദ്ധാനന്തരം ജപ്പാൻ വൻതോതിലുള്ള പുരോഗതി ആർജിച്ചു. 1964-ൽ ജപ്പാൻ ഓർഗനൈസേഷൻ ഫോർ എക്കണോമിക് കോഓപ്പറേഷൻ ആൻഡ് ഡവലപ്പമെന്റിൽ (OECD) അംഗമായി. 2016-ൽ ലോകത്തെ മൂന്നാമത്തെ വലിയ സാമ്പത്തികശക്തിയായ ജപ്പാൻ G7 ൽ അംഗത്വമുള്ള ഏക ഏഷ്യൻ രാജ്യവുമാണ്. ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള ലോകത്തിലെ പത്താമത് രാജ്യവും.

ആണവായുധത്താൽ നാശം വിതച്ച ഏക രാജ്യമാണ് ജപ്പാൻ. ഐക്യരാഷ്ട്ര സഭയുടെ ബജറ്റിന് സംഭാവന നൽകുന്ന രാജ്യങ്ങളിൽ രണ്ടാം സ്ഥാനമാണ് ജപ്പാന്. അതായത്, യു.എൻ. മൊത്തബജറ്റിന്റെ 10 ശതമാനം സംഭാവന ചെയ്യുന്നത് ജപ്പാനാണ്.. ആകെയുള്ളതിന്റെ 20 ശതമാനവും ഇതിന്റെ സംഭാവനയാണ്. 1951 മുതൽ അമേരിക്കയുമായി സുരക്ഷാസഖ്യം നിലനിൽക്കുന്നു. ജാപ്പനീസ് ഭരണഘടനയുടെ ആർട്ടിക്കിൾ 9 പ്രകാരം 'ജപ്പാനീസ് ജനത, രാഷ്ട്രത്തിന്റെ പരമമായ അവകാശമാണ് യുദ്ധം എന്നതിനെയും അന്തർദേശീയ തർക്കങ്ങൾ പരിഹരിക്കാനായി സൈന്യത്തിന്റെ ഉപയോഗത്തെയും ഭീഷണിയെയും പരിത്യജിക്കുന്നു' എന്നതാണ്. ജപ്പാന്റെ പ്രതിരോധ ചെലവ് മൊത്തം ഉൽപ്പാദനത്തിന്റെ ഒരു ശതമാനമാണെങ്കിലും ഇത് ലോകത്തെ ഏഴാമത്തെ വലിയ പ്രതിരോധ ചെലവാണ്.

ഇതെല്ലാം മനസ്സിൽ വച്ചു കൊണ്ട്, കാര്യക്ഷമമായ ബദൽ അധികശക്തികേന്ദ്രമായി പ്രവർത്തിക്കുവാൻ ജപ്പാനി കഴിയുമെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ?

സമീപകാലത്ത് രണ്ടു രാജ്യങ്ങൾക്കിടയിൽ നടന്ന ഉന്നതതല ഉഭയകക്ഷി സന്ദർശന വേളയിൽ ഒപ്പ് വച്ച പ്രധാന കരാറുകൾ കണ്ടെത്തുക.

## ദക്ഷിണ കൊറിയ

രണ്ടാം ലോക മഹായുദ്ധാനന്തരം 38 പാരലൽ രേഖ അടിസ്ഥാനമാക്കി കൊറിയൻ ഉപദ്വീപ് ദക്ഷിണ കൊറിയ (റിപ്പബ്ലിക്ക് ഓഫ് കൊറിയ) എന്നും ഉത്തര കൊറിയ (ഡമോക്രാറ്റിക് പീപ്പിൾസ് റിപ്പബ്ലിക്ക് ഓഫ് കൊറിയ) എന്നും വിഭജിക്കപ്പെട്ടു. കൊറിയൻ യുദ്ധം 1950-53, ശീതയുദ്ധ കാലത്തെ സംഭവ വികാസങ്ങൾ എന്നിവ ഇരുഭാഗങ്ങളും തമ്മിലുള്ള കിടമത്സരം കൂടുതൽ തീവ്രതയുള്ളതാക്കി. ഇരുകൊറിയകളും 1991 സെപ്തംബർ 17ന് ഐക്യരാഷ്ട്ര സഭയിൽ അംഗങ്ങളായി മാറി.


*Skyline of Seoul city near the Han River*
*Credit: http://english.seoul.go.kr*

അതേസമയം തന്നെ, ദക്ഷിണകൊറിയ ഏഷ്യയിലെ ഒരു പ്രബലശക്തിയായി ഉയർന്നു വന്നു. 1960 കൾക്കും 1980 കൾക്കും ഇടയിൽ അത് ത്വരിതഗതിയിൽ തന്നെ ഒരു സാമ്പത്തിക ശക്തിയായി വികസിച്ചു. ഇത് "ഹാൻ നദിയിലെ അത്ഭുതം" (Miracle on the Han River) എന്നറിയപ്പെടുന്നു. ദക്ഷിണ കൊറിയയുടെ സമഗ്ര വികസനം സൂചിപ്പിച്ചു കൊണ്ട് അത് 1996 ഒ.ഇ. സി.ഡി (OECD) യിൽ അംഗമായി. 2016-ൽ അതിന്റെ സമ്പദ്‌വ്യവസ്ഥ ലോകത്തെ ഏറ്റവും വലിയ സമ്പദ്‌വ്യവസ്ഥകളിൽ പതിനൊന്നാമത്തേതായിരുന്നു, അതിന്റെ സൈനിക ചെലവ് പത്താമത്തേതും.

2016 ലെ ഹ്യൂമൻ ഡവലപ്മെന്റ് റിപ്പോർട്ട് പ്രകാരം മാനവ വികസന സൂചികയിൽ ദക്ഷിണ കൊറിയയുടെ സ്ഥാനം 18 ആണ്. വിജയകരമായ ഭൂപരിഷ്കരണം, ഗ്രാമവികസനം, ഉയർന്ന തോതിലുള്ള മനുഷ്യവിഭവ വളർച്ചാ നിരക്ക്, വർധിച്ച തോതിലുള്ള സമദർശിയായ സാമ്പത്തിക വളർച്ച എന്നിവ ഉയർന്ന മാനവവികസനത്തിന്റെ കാരണമായ പ്രധാന ഘടകങ്ങളാണ്. മറ്റു ഘടകങ്ങൾ, കയറ്റുമതിക്ക് നൽകിയ ഊന്നൽ, ശക്തമായ പുനർവിതരണ നയങ്ങൾ, പൊതു ഭൗതിക സാഹചര്യങ്ങളുടെ വികാസം, കാര്യക്ഷമമായ സ്ഥാപനങ്ങളും ഭരണ നിർവഹണം എന്നിവ മറ്റു ഘടകങ്ങളാണ്.

ദക്ഷിണ കൊറിയയുടെ സാംസങ്ങ്, എൽ.ജി., ഹ്യൂണ്ടായ് തുടങ്ങിയ ഉല്പന്നങ്ങൾ ഇന്ത്യയിൽ വളരെ അറിയപ്പെടുനന്നവയാണ്. ഇന്ത്യയും ദക്ഷിണ കൊറിയയും തമ്മിൽ ഒപ്പു വച്ച നിരവധി കരാറുകൾ ഇവർക്കിടയിൽ വികസിച്ചു വരുന്ന വാണിജ്യ - സാംസ്കാരിക ബന്ധങ്ങളുടെ സൂചനയാണ്. അടുത്ത കാലങ്ങളിൽ ഒപ്പുവയ്ക്കപ്പെട്ട പ്രധാന കരാറുകൾ കണ്ടെത്തുക.

അഭ്യാസം

1. താഴെ പറയുന്നവയെ കാലഗണനാക്രമത്തിൽ ക്രമപ്പെടുത്തുക.
   a. ലോക വ്യാപാര സംഘടനയിലേക്കുള്ള ചൈനയുടെ പ്രവേശനം
   b. ഇ.ഇ.സിയുടെ സ്ഥാപനം
   c. ഇ.യുവിന്റെ രൂപീകരണം
   d. എ.ആർ.എഫിന്റെ പിറവി
2. 'ആസിയാൻ മാർഗം'
   a. ആസിയാൻ അംഗങ്ങളുടെ ജീവിതശൈലി പ്രതിഫലിപ്പിക്കുന്നു.
   b. അനൗദ്യോഗികവും സഹകരണാടിസ്ഥാനത്തിലുള്ളതുമായ ആസിയാൻ അംഗങ്ങൾക്കിടയിലുള്ള ആശയവിനിമയത്തിന്റെ ഒരു രൂപം
   c. ആസിയാൻ അംഗങ്ങൾ പിൻതുടരുന്ന പ്രതിരോധനയം
   d. എല്ലാ ആസിയാൻ അംഗരാജ്യങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന റോഡുമാർഗം.
3. താഴെ പറയുന്നതിൽ 'തുറന്ന വാതിൽനയം' പിൻതുടരുന്ന രാജ്യമേത്?
   a. ചൈന b. ഇ.യു c. ജപ്പാൻ d. യു.എസ്.എ
4. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.
   a. 1962-ലെ ഇന്ത്യ-ചൈന അതിർത്തിതർക്കം പ്രധാനമായും ...................... മേഖലയെയും ...................... മേഖലയെയും സംബന്ധിച്ചിതായിരുന്നു.
   b. എ.ആർ.എഫ് സ്ഥാപിതമായത് ......................... വർഷം ആണ്.
   c. 1972-ൽ ചൈന .................... രാഷ്ട്രവുമായി ഉഭയകക്ഷി ബന്ധം സ്ഥാപിച്ചു.
   d. .......................... പദ്ധതി 1948 ഓർഗനൈസേഷൻ ഫോർ യൂറോപ്യൻ ഇക്കണോമിക് കോർപ്പറേഷന്റെ സ്ഥാപനത്തിന് കാരണമായി.
   e. ആസിയാന്റെ ............................. സംഘടനയാണ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്.
5. പ്രാദേശിക സംഘടനകൾ സ്ഥാപിക്കുന്നതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം?
6. പ്രാദേശിക സംഘടനകളുടെ രൂപീകരണത്തിൽ ഭൂമിശാസ്ത്രപരമായ സാമീപ്യം എത്രമാത്രം സ്വാധീനം ചെലുത്തുന്നുണ്ട്?
7. ആസിയാൻ വിഷൻ 2020-ന്റെ ഘടകങ്ങൾ എന്തെല്ലാം?
8. ആസിയാൻ സമൂഹത്തിന്റെ തൂണുകളുടെ പേരും ലക്ഷ്യങ്ങളും എന്തെല്ലാം?
9. രാഷ്ട്ര നിയന്ത്രിത സമ്പദ്‌വ്യവസ്ഥയിൽ നിന്ന് ചൈനയുടെ ഇന്നത്തെ സമ്പദ്‌വ്യവസ്ഥ ഏതെല്ലാംവിധത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു?
10. രണ്ടാം ലോകമഹായുദ്ധശേഷമുള്ള പ്രശ്നങ്ങൾ യൂറോപ്യൻ രാജ്യങ്ങൾ എങ്ങനെയാണ് പരിഹരിച്ചത്? യൂറോപ്യൻ യൂണിയൻ രൂപീകരണത്തിലേക്കു നയിച്ച ശ്രമങ്ങൾ ചുരുക്കി വിവരിക്കുക.
11. യൂറോപ്യൻ യൂണിയനെ വളരെ സ്വാധീനമുള്ള ഒരു പ്രാദേശികസംഘടനയാക്കുന്നത് എന്താണ്?
12. ഇന്ത്യയുടേയും ചൈനയുടേയും വളർന്നുവരുന്ന സമ്പദ്‌വ്യവസ്ഥയ്ക്ക് ഏകധ്രുവ ലോകക്രമത്തെ വെല്ലുവിളിക്കാനുള്ള കരുത്തുണ്ട്. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ വാദഗതികൾ സമർത്ഥിക്കുക.
13. രാജ്യങ്ങളുടെ സമാധാനവും സുരക്ഷിതത്വവും പ്രാദേശികസാമ്പത്തിക സഖ്യങ്ങളുടെ രൂപീകരണവും ശക്തിപ്പെടുത്തലുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ പ്രസ്താവനയെ സാധൂകരിക്കുക.
14. ഇന്ത്യയും ചൈനയും തമ്മിലുള്ള തർക്കവിഷയങ്ങൾ ഏതെല്ലാം? മെച്ചപ്പെട്ട സഹകരണത്തിനായി ഇവ എങ്ങനെ പരിഹരിക്കാം? നിർദേശങ്ങൾ നൽകുക?

P7H6S4

## അധ്യായം അഞ്ച്

# സമകാലിക ദക്ഷിണേഷ്യ (Contemporary South Asia)

### അവലോകനം

ശീതയുദ്ധാനന്തര കാലഘട്ടത്തിലെ അന്തർദേശീയ സംഭവവികാസങ്ങളിൽ നിന്നു മാറി, നമ്മുക്ക് ദക്ഷിണേഷ്യയിലെ സംഭവങ്ങളിലേക്ക് തിരിയാം. ഇന്ത്യയും പാക്കിസ്ഥാനും ആണവശക്തികളുടെ കൂട്ടായ്മയിലേക്ക് പ്രവേശിച്ചതോടുകൂടി ഈ മേഖല പെട്ടെന്ന് തന്നെ ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ടു. തീർച്ചയായും, ഇത്തരം ഒരു ശ്രദ്ധ കേന്ദ്രീകരിക്കപ്പെട്ടത് പ്രസ്തുത മേഖലയിലെ വിവിധ തരം സംഘർഷങ്ങളിൽത്തന്നെയായിരുന്നു: ഈ മേഖലയിലെ രാജ്യങ്ങൾക്കിടയിൽ പരിഹരിക്കപ്പെടാതെ കിടക്കുന്ന അതിർത്തി പ്രശ്നങ്ങളും, ജലം പങ്കിടുന്നത് സംബന്ധിച്ച തർക്കങ്ങളും നിലനില്ക്കുന്നു. ഇവയ്ക്ക് പുറമെ കലാപങ്ങൾ, വംശീയ സ്പർദ്ധ, വിഭവങ്ങൾ പങ്കിടൽ എന്നിവ സംബന്ധിച്ചും സംഘർഷങ്ങൾ നിലനില്ക്കുന്നു. ഇവ ഈ പ്രദേശത്തെ കൂടുതൽ കലുഷിതമാക്കുന്നുണ്ട്. ഇതേ സമയം തന്നെ, ഈ മേഖലയിലെ രാജ്യങ്ങൾ പരസ്പരം സഹകരിച്ചാൽ പ്രസ്തുത മേഖലകൾക്ക് വികസിക്കാനും അഭിവൃദ്ധി പ്രാപിക്കാനും കഴിയുമെന്ന് ദക്ഷിണേഷ്യയിലെ ധാരാളം ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. ഈ അധ്യായത്തിൽ, പ്രദേശത്തെ വിവിധ രാജ്യങ്ങൾക്കിടയിൽ നിലനില്ക്കുന്ന സഹകരണത്തിന്റെയും സംഘർഷത്തിന്റെയും സ്വഭാവം മനസ്സിലാക്കാനാണ് നാം ശ്രമിക്കുന്നത്. ഇവയെല്ലാം വേരൂന്നി നില്ക്കുന്നതും, രൂപപ്പെട്ടുവന്നതും ഈ രാജ്യങ്ങളിലെ ആഭ്യന്തര രാഷ്ട്രീയത്തിൽ നിന്നാണെന്നതിനാൽ, നമ്മൾ ആദ്യം ഈ പ്രദേശത്തെക്കുറിച്ചും അവിടുത്തെ ചില വൻ രാജ്യങ്ങളുടെ ആഭ്യന്തര രാഷ്ട്രീയത്തെക്കുറിച്ചും പരിചയപ്പെടേണ്ടതുണ്ട്.



ഉറവിടം: ലീഡിംഗ് ഡെലക്രോയിക്സിന്റെ വരച്ചത്
കടപ്പാട്: ഹിമൻ സൗത്ത് ഏഷ്യൻ (ജനു:2007), ദ സൗത്ത് ഏഷ്യ ട്രസ്റ്റ്, നേപ്പാൾ

നമുക്കിത് ചെയ്യാം

പശ്ചിമേഷ്യ, ദക്ഷിണപൂർവ്വേഷ്യ എന്നിവയിൽ നിന്ന് വ്യത്യസ്തമായി എല്ലാ ദക്ഷിണേഷ്യൻ രാജ്യങ്ങൾക്കുമുള്ള ചില പൊതുസവിശേഷതകൾ കണ്ടെത്തുക

## എന്താണ് ദക്ഷിണേഷ്യ? (WHAT IS SOUTH ASIA?)

ഇന്ത്യാ-പാക്ക് ക്രിക്കറ്റ് മത്സരം നടക്കുന്ന സമയത്തെ കടുത്ത പിരിമുറുക്കങ്ങളെക്കുറിച്ച് നാമെല്ലാം സുപരിചിതരാണ്. ക്രിക്കറ്റ് മത്സരം കാണാൻ വരുന്ന ഇന്ത്യയുടെയും പാക്കിസ്ഥാന്റെയും ആരാധകരോട് ആതിഥേയൻ കാണിക്കുന്ന സൗമനസ്യവും ഔദാര്യവും നമ്മൾ കണ്ടിട്ടുണ്ട്. ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ പരസ്പരബന്ധത്തിന്റെ ഒരു പ്രതീകമാണിത്. ശത്രുതയും സൗഹൃദവും, പ്രതീക്ഷയും നിരാശയും, പരസ്പര സന്ദേഹവും വിശ്വാസവും, സഹവർത്തിത്തോടെ നിലകൊള്ളുന്ന മേഖലയാണ് നമ്മുടേത്.

എന്താണ് ദക്ഷിണേഷ്യ? എന്ന പ്രാഥമികമായ ചോദ്യം ചോദിച്ചുകൊണ്ട് നമുക്ക് ആരംഭിക്കാം. 'ദക്ഷിണേഷ്യ'എന്ന ശൈലീപ്രയോഗത്തിൽ പൊതുവെ ഉൾപ്പെടുന്നത് താഴെ പറയുന്ന രാജ്യങ്ങളാണ്. ബംഗ്ലാദേശ്, ഭൂട്ടാൻ, ഇന്ത്യ, മാലദ്വീപ്, നേപ്പാൾ, പാക്കിസ്ഥാൻ, ശ്രീലങ്ക മുതലായവ. ശക്തമായ ഹിമാലയ പർവ്വതം വടക്കും വിസ്തൃതമായ ഇന്ത്യൻ മഹാസമുദ്രം, അറബിക്കടൽ, ബംഗാൾ ഉൾക്കടൽ എന്നിവ യഥാക്രമം തെക്ക്, വടക്ക്, കിഴക്ക് എന്നീ ഭാഗങ്ങളിൽ നിലകൊണ്ട് പ്രദേശത്തിന് പ്രകൃതിദത്ത സുരക്ഷിതഘടന പ്രദാനം ചെയ്യുന്നു. ഈ ഉപഭൂഖണ്ഡത്തിലെ ഭാഷാപരവും, സാമൂഹ്യപരവും, സാംസ്കാരികപരവുമായ വ്യതിരിക്തതയ്ക്ക് വലിയ അളവിൽ ഉത്തരവാദിയും ഇത് തന്നെയായിരുന്നു. പ്രദേശത്തിന്റെ അതിർത്തി ഉത്തര ദക്ഷിണ ഭാഗങ്ങളിലുള്ളപോലെ വ്യക്തമായവയായിരുന്നില്ല പൂർവ്വ പശ്ചിമ ഭാഗത്തെ പ്രദേശത്തെപ്പറ്റിയുള്ള സമഗ്ര ചർച്ചയിൽ അഫ്ഘാനിസ്ഥാനും മ്യാന്മറും സാധാരണയായി ഉൾപ്പെടാറുണ്ട്. ചൈന ഒരു പ്രധാന കക്ഷിയായിരുന്നെങ്കിലും പ്രസ്തുത പ്രദേശത്തിന്റെ ഭാഗമായി പരിഗണിക്കുന്നില്ല. ഈ അധ്യായത്തിൽ ദക്ഷിണേഷ്യ എന്ന പദം നമ്മൾ ഉപയോഗിക്കുന്നത് മേൽ പ്രതിപാദിച്ച ഏഴ് രാജ്യങ്ങളെ പരാമർശിക്കാനാണ്. ദക്ഷിണേഷ്യ എന്നാൽ എല്ലാ അർഥത്തിലും വ്യത്യസ്തത ഉള്ള തും എന്നാൽ ഒരു ഭൂരാഷ്ട്രീയമണ്ഡലമായി സംഘടിക്കപ്പെട്ടതുമായ സ്ഥലം എന്ന് നിർവചിച്ചിരിക്കുന്നു.

ദക്ഷിണേഷ്യയിലെ വിവിധ രാജ്യങ്ങളിൽ ഒരേ മാതൃകയിലുള്ള രാഷ്ട്രീയ വ്യവസ്ഥയായിരുന്നില്ല നിലനിന്നിരുന്നത്. നിരവധി പ്രശ്നങ്ങളും പരിമിതികളും ഉണ്ടെങ്കിലും ഇന്ത്യയും ശ്രീലങ്കയും ബ്രിട്ടനിൽ നിന്ന് സ്വാതന്ത്ര്യം നേടിയത് മുതൽ ജനാധിപത്യ രീതി വിജയകരമായി നടപ്പിലാക്കി. ഇന്ത്യയിലെ ജനാധിപത്യത്തിന്റെ പരിണാമം സംബന്ധിച്ച് ഇന്ത്യൻ രാഷ്ട്രീയം സ്വാതന്ത്ര്യലബ്ധി മുതൽ എന്ന പാഠപുസ്തകത്തിൽ നിങ്ങൾ കൂടുതലായി പഠിക്കും. തീർച്ചയായും ഇന്ത്യൻ ജനാധിപത്യത്തിന്റെ ധാരാളം പരിമിതികൾ ചൂണ്ടിക്കാണിക്കാൻ കഴിയുമെങ്കിലും, സ്വതന്ത്രരായത് മുതൽ ജനാധിപത്യരാഷ്ട്രമായി അത് നിലകൊണ്ടു എന്ന വസ്തുത നമ്മൾ ഓർമ്മിക്കേണ്ടതുണ്ട്. ശ്രീലങ്കയെ സംബന്ധിച്ചും ഇത് ശരിയാണ്.

പാക്കിസ്ഥാനും ബംഗ്ലാദേശും സിവിലിയൻ ഭരണവും പട്ടാളഭരണവും അനുഭവിച്ചിരുന്നു. എന്നാൽ ശീതയുദ്ധാനന്തര കാലഘട്ടത്തിൽ ബംഗ്ലാദേശ് ജനാധിപത്യരാഷ്ട്രമായി തുടർന്നു. ബേനസീർ ഭൂട്ടോ, നവാസ് ഷരീഫ് എന്നിവരുടെ നേതൃത്വത്തിൽ തുടർച്ചയായുള്ള ജനാധിപത്യ ഗവൺമെന്റുകളാണ് ശീതയുദ്ധനന്തര കാലഘട്ടത്തിൽ പാക്കിസ്ഥാനിൽ നിലവിലിരുന്നത്. എന്നാൽ അവിടെ 1991 ൽ ഒരു സൈനിക അട്ടിമറി ഉണ്ടാവുകയും സൈനിക വാഴ്ച ആരംഭിക്കുകയും ചെയ്തു. 2006 വരെ നേപ്പാൾ ഭരണഘടനാധിഷ്ഠിത രാജവാഴ്ചയായിരുന്നു. എന്നാൽ രാജാവ് പലപ്പോഴും കാര്യനിർവ്വഹണാധികാരങ്ങളിൽ കൈകടത്തുന്നു എന്ന ഭീഷണി നിലനിന്നിരുന്നു. 2006 ലെ വിജയകരമായ ഒരു ജനകീയ കലാപം ജനാധിപത്യം പുനസ്ഥാപിക്കുകയും രാജാവിന്റെ സ്ഥാനം നാമമാത്രമായ ഒന്നായി പരിമിതപ്പെടുത്തുകയും ചെയ്തു. ദക്ഷിണേഷ്യയിലെ മുഴുവൻപ്രദേശത്തിനും സ്വീകാര്യമായ ആശയമായി ജനാധിപത്യം മാറിക്കൊണ്ടിരിക്കുകയാണെന്ന് ബംഗ്ലാദേശ്, നേപ്പാൾ എന്നീ രാജ്യങ്ങളുടെ അനുഭവത്തിൽ നിന്ന് നമുക്ക് പറയാൻ കഴിയും.



ഈ പ്രദേശങ്ങൾക്ക് പൊതുവെ നൽകാവുന്ന നിർവ്വചനം എന്തെങ്കിലുമുണ്ടോ? ആരാണത് തീരുമാനിക്കുന്നത്?

മേഖലയിലെ ഏറ്റവും ചെറിയ രണ്ടു രാജ്യങ്ങളിലും ഇതിന് സമാനമായ മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഭൂട്ടാൻ ഇന്നും ഒരു രാജവാഴ്ച പ്രദേശമാണ്. എന്നാൽ ബഹുകക്ഷി സമ്പ്രദായത്തിലധിഷ്ഠിതമായ ജനാധിപത്യത്തിലേക്കുള്ള പരിവർത്തനത്തിനുള്ള പദ്ധതിക്ക് രാജാവുതന്നെ തുടക്കം കുറിച്ചു. 1968 – ൽ പ്രസിഡൻഷ്യൻ ഗവൺമെന്റോടു കൂടിയ ഒരു റിപ്പബ്ലിക്കായി പരിവർത്തനം ചെയ്യപ്പെടുന്നതുവരെ മാലിദ്വീപ് എന്ന ദ്വീപ് രാഷ്ട്രം സുൽത്താൻ ഭരണത്തിൽ കീഴിലായിരുന്നു. 2005 ജൂണിൽ മാലിദ്വീപിയൻ പാർലമെന്റ് ബഹുകക്ഷി സമ്പ്രദായം ഏർപ്പെടുത്തുവാൻ ഐക്യകണ്ഠേന തീരുമാനിച്ചു. ദ്വീപിലെ രാഷ്ട്രീയത്തിൽ ആധിപത്യം നേടിയത് മാലിദ്വീപ് ജനാധിപത്യ പാർട്ടി (MDP) ആയിരുന്നു. 2005 – ലെ തെരഞ്ഞെടുപ്പിനുശേഷം ചില പ്രതിപക്ഷ പാർട്ടികളെ നിയമപരമായി അംഗീകരിച്ചതോടെ മാലിദ്വീപിൽ ജനാധിപത്യം ശക്തി പ്രാപിച്ചു.

ജനാധിപത്യത്തിന്റെ സമ്മിശ്രാനുഭവങ്ങളുടെ ചരിത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും ഇവിടുത്തെ എല്ലാ രാജ്യങ്ങളിലെയും ജനങ്ങൾ ജനാധിപത്യത്തിനുവേണ്ടിയുള്ള ഉത്കടമായ അഭിലാഷം പങ്കിടുന്നു. പ്രദേശത്തെ അഞ്ച് വൻ രാഷ്ട്രങ്ങളിലെ ജനങ്ങളുടെ മനോഭാവം സംബന്ധിച്ച് അടുത്ത കാലത്ത് നടത്തിയ സർവെ കാണിച്ചു തരുന്നത് ഈ രാജ്യങ്ങളിലെല്ലാം ജനാധിപത്യത്തിന് വ്യാപക പിന്തുണ ഉണ്ട് എന്ന വസ്തുതയാണ്. സമ്പന്നരും ദരിദ്രരും വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ടവരുമായ സാധാരണ പൗരന്മാർ ജനാധിപത്യമെന്ന ആശയത്തെ ക്രിയാത്മകമായി കാണുകയും പ്രാതിനിധ്യ ജനാധിപത്യത്തിന്റെ സ്ഥാപനങ്ങളെ പിന്തുണയ്ക്കുകയും ചെയ്യുന്നു. അവർ ജനാധിപത്യത്തെയോ ജനാധിപത്യത്തിന്റെ മറ്റ് ഏതെങ്കിലും രൂപങ്ങളെയോ ഇഷ്ടപ്പെടുകയും തങ്ങളുടെ രാജ്യത്തിന് അനുയോജ്യമായത് ജനാധിപത്യമാണെന്നു ചിന്തിക്കുകയും ചെയ്യുന്നു. ലോകത്തിലെ അഭിവൃദ്ധി പ്രാപിച്ച രാജ്യങ്ങളിൽ മാത്രമേ ജനാധിപത്യം

**പാക്കിസ്ഥാൻ ഒഴികെ മറ്റ് എല്ലായിടങ്ങളിലും ഏകാധിപത്യത്തിലുപരി ജനാധിപത്യത്തെ ഇഷ്ടപ്പെടുന്നു.**

Those who agree with one of these statements




| | Bangladesh | India | Nepa | Pakistan | S Lanka |
|---|---|---|---|---|---|
| Democracy is preferable | 69 | 70 | 62 | 37 | 71 |
| Sometimes dictatorship is better | 6 | 9 | 10 | 14 | 11 |
| Doesn't matter to me | 25 | 21 | 28 | 49 | 18 |

**വളരെ കുറച്ചു പേർമാത്രം തങ്ങളുടെ രാജ്യത്തിന് ജനാധിപത്യം അഭിലഷണീയമല്ലെന്ന് സംശയിക്കുന്നു.**

How suitable is democracy for your country?




ദക്ഷിണേഷ്യയിലെ 5 രാജ്യങ്ങളിൽ നിന്നായി 19,000 – ൽ അധികം സാധാരണ പൗരന്മാരെ അഭിമുഖം നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ളതാണ് ഈ ഗ്രാഫുകൾ. ഉറവിടം. എസ്.സി.എസ്.എ ടീം, സ്റ്റേറ്റ് ഓഫ് ഡമോക്രസി ഇൻ സൗത്ത് ഏഷ്യ. (ന്യൂഡൽഹി: ഓക്സ് ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്, 2007.)

| Countries | Life expectancy at birth (years) 2015 | Adult literacy rate (% ages 15 and older) 2015 | Gross enrolment ratio (Secondary) 2010-15 | GDP per capita (2011 PPP $) 2015 | Infant mortality rate (per 1,000 live births) 2015 | Deaths due to TB (per 100,000 people) 2014 | Population living below income poverty line (%) PPP $1.90 a day 2005-2014 | HDI Rank |
|---|---|---|---|---|---|---|---|---|
| World | 71.6 | 84.5 | 76 | 14,300 | 31.5 | 15.5 | – | – |
| Developing countries | 70.0 | 83.5 | 71 | 9,375 | 34.7 | 18.7 | – | – |
| South Asia | 68.7 | 70.5 | 65 | 5,805 | 40.9 | 20.9 | – | – |
| Bangladesh | 72.0 | 61.5 | 58 | 3,137 | 30.7 | 51.0 | 18.5 | 139 |
| India | 68.3 | 72.1 | 69 | 5,730 | 37.9 | 17.0 | 21.2 | 131 |
| Nepal | 70.0 | 64.7 | 67 | 2,313 | 29.4 | 17.0 | 15.0 | 144 |
| Pakistan | 66.4 | 58.7 | 42 | 4,745 | 65.8 | 26.0 | 6.1 | 147 |
| Sri Lanka | 75.0 | 92.6 | 100 | 11,048 | 8.4 | 3.1 | – | 73 |

*ഉറവിടം: യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് പ്രോഗ്രാം, ഹ്യൂമൻ ഡവലപ്മെന്റ് റിപ്പോർട്ട്, 2016*

### 1947 മുതലുള്ള ദക്ഷിണേഷ്യൻ കാലരേഖ

1947 – ബ്രിട്ടീഷ് ഭരണത്തിന്റെ അന്ത്യത്തിനുശേഷം ഇന്ത്യയും പാകിസ്ഥാനും സ്വാതന്ത്ര്യരാജ്യങ്ങളായി നിലവിൽ വന്നു.

1948 – ശ്രീലങ്ക (സിലോൺ) സ്വതന്ത്രയായി, കാശ്മീർ വിഷയത്തിൽ ഇന്ത്യ-പാക്ക് സംഘർഷം.

**1954 – 55 –** ശീതയുദ്ധ കാല സൈനിക ഉടമ്പടിയിൽ പാകിസ്ഥാൻ അംഗമാകുന്നു. സിയാറ്റൊ, സെന്റോ.

1960 – സിന്ധു നദീജല കരാർ ഇന്ത്യയും പാകിസ്ഥാനും ഒപ്പു വച്ചു.

1962 – ഇന്ത്യ ചൈന അതിർത്തി തർക്കം.

1965 – ഇന്ത്യ – പാക് യുദ്ധം – ഇന്ത്യ – ഐക്യരാഷ്ട്ര സഭയുടെ ഇന്ത്യ – പാകിസ്ഥാൻ നിരീക്ഷണ ദൗത്യം.

**1966 –** ഇന്ത്യയും പാക്കിസ്ഥാനും താഷ്കന്റ് കരാറിൽ ഒപ്പുവച്ചു; കിഴക്കൻ പാകിസ്ഥാന് കൂടുതൽ സ്വയംഭരണം ലഭിക്കുന്നതിനാണ് മുജീബർ റഹ്മാന്റെ ആറിന നിർദേശം.

1971 – മാർച്ച് – ബംഗ്ലാദേശ് നേതാക്കളുടെ സ്വാതന്ത്ര്യ പ്രഖ്യാപനം

**ഓഗസ്റ്റ്** - 20 വർഷത്തേക്കുള്ള ഇന്ത്യ-സോവിയറ്റ് സൗഹൃദ ഉടമ്പടി ഒപ്പുവച്ചു.

**ഡിസംബർ** - ഇന്ത്യ – പാക് യുദ്ധം - ബംഗ്ലാദേശിന്റെ മോചനം

1972 – ജൂലൈ – ഇന്ത്യയും – പാകിസ്ഥാനും ഷിംലാ കരാർ ഒപ്പുവച്ചു.

1974 – മെയ് - ഇന്ത്യയുടെ ആണവ പരീക്ഷണം

1976 – പാകിസ്ഥാനും – ബംഗ്ലാദേശും നയതന്ത്രബന്ധം സ്ഥാപിച്ചു.

1985 – ഡിസംബർ – ധാക്കയിൽ വച്ചുനടന്ന ഒന്നാം ഉച്ചകോടിയിൽ ഏഷ്യൻ നേതാക്കൾ സാർക്ക് ചാർട്ടർ ഒപ്പുവച്ചു.

1987 – ഇന്ത്യാ-ശ്രീലങ്ക സഹകരണ കരാർ; ഇന്ത്യൻ സമാധാനപാലനസേനയുടെ (IPKF) 1987-90 ശ്രീലങ്കയിലെ സൈനിക നീക്കം.

**1988 –** കൂലിപട്ടാളത്തിന്റെ അട്ടിമറി ശ്രമത്തെ നിഷ്ഫലമാക്കുന്നതിനായി ഇന്ത്യ മാലിദ്വീപിലേക്ക് സൈന്യത്തെ അയച്ചു. ആണവനിലയങ്ങളും ഉപകരണങ്ങളും പരസ്പരം ആക്രമിക്കില്ലെന്ന കരാറിന് ഇന്ത്യയും പാക്കിസ്ഥാനും ഒപ്പുവച്ചു.

**1988 – 91** പാകിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ എന്നിവിടങ്ങളിലെ ജനാധിപത്യ പുനസ്ഥാപനം.

1996 ഡിസംബർ ഗംഗാ നദീജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച ഉടമ്പടി ഇന്ത്യയും ബംഗ്ലാദേശും ഒപ്പുവച്ചു.

1998 മെയ് - ഇന്ത്യയും പാകിസ്ഥാനും ആണവ പരീക്ഷണം നടത്തി

**ഡിസംബർ** - ഇന്ത്യ – ശ്രീലങ്ക സ്വതന്ത്ര വ്യാപാരകരാർ ഒപ്പുവച്ചു (FTA).

1999 ഫെബ്രുവരി - ഒരു സമാധാന പ്രഖ്യാപനം ഒപ്പുവയ്ക്കുന്നതിനായി ഇന്ത്യൻ പ്രധാനമന്ത്രി വാജ്പേയി ലാഹോറിലേക്ക് ബസ് യാത്ര നടത്തി.

**ജൂൺ – ജൂലൈ** - ഇന്ത്യ – പാക് കാർഗിൽ ഏറ്റുമുട്ടൽ.

**2001 –** ജൂലൈ - വാജ്പേയി - മുഷറഫ് ആഗ്ര ഉച്ചകോടി നിഷ്ഫലമായി.

**2004 –** ജനുവരി - ഇസ്ലാമാബാദിൽ വച്ചുനടന്ന 12-ാം സാർക്ക് ഉച്ചകോടയിൽ സഫ്ത (SAFTA) ഒപ്പുവയ്ക്കപ്പെട്ടു.

**2007** – അഫ്ഘാനിസ്ഥാൻ സാർക്കിൽ അംഗമായി.

2014 – **നവംബർ** - 18-ാമത് സാർക്ക് ഉച്ചക്കോടി നേപ്പാളിലെ കാഠ്മണ്ഡുവിൽ

തഴച്ചുവളരുകയും അതിനാവശ്യമായ പിന്തുണ ലഭിക്കുകയും ചെയ്തു എന്നാണ് മുൻകാലങ്ങളിൽ വിശ്വസിച്ചിരുന്നത്. ആയതിനാൽ ഇത് ഒരു സുപ്രധാന കണ്ടെത്തലാണ്. ഈ അർഥത്തിൽ ദക്ഷിണേഷ്യയിലെ ജനാധിപത്യ അനുഭവങ്ങൾ ജനാധിപത്യത്തെപറ്റിയുള്ള ആഗോളസങ്കല്പങ്ങൾ കൂടുതൽ വിപുലപ്പെടുത്തി.

ഇന്ത്യ ഒഴികെയുള്ള ഈ മേഖലയിലെ നാല് വൻരാജ്യങ്ങളിലെ ജനാധിപത്യ അനുഭവങ്ങളെ നമുക്ക് പരിശോധിക്കാം.

## പാക്കിസ്ഥാനിലെ സൈന്യവും ജനാധിപത്യവും (The Military and Democracy in Pakisthan)

പാക്കിസ്ഥാൻ അതിന്റെ ആദ്യ ഭരണഘടന രൂപപ്പെടുത്തിയതിനുശേഷം ജനറൽ അയൂബ്ഖാൻ രാജ്യത്തെ ഭരണനിയന്ത്രണം ഏറ്റെടുത്തു താമസിയാതെ അദ്ദേഹം തെരഞ്ഞെടുപ്പിൽ വിജയിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഭരണത്തിനെതിരെ ജനകീയ അസംതൃപ്തി വ്യാപിച്ചതോടെ അദ്ദേഹത്തിന് അധികാരം ഒഴിയേണ്ടിവന്നു. ഇത് വീണ്ടും യാഹ്യാഖാന്റെ നേതൃത്വത്തിൽ, സൈനികാധിപത്യത്തിന് വഴി തുറന്നു. യാഹ്യയുടെ സൈനിക ഭരണകാലത്ത് പാക്കിസ്താൻ ബംഗ്ലാദേശ് പ്രതിസന്ധി അഭിമുഖീകരിക്കുകുയം 1971-ൽ ഇന്ത്യയുമായുള്ള യുദ്ധശേഷം, കിഴക്കൻ പാക്കിസ്ഥാൻ വേർപെട്ടുപോവുകയും ബംഗ്ലാദേശ് എന്ന പേരിൽ സ്വതന്ത്രരാജ്യമാവുകയും ചെയ്തു. ഇതിനുശേഷം 1971 മുതൽ 1977 വരെ സുൽഫിക്കർ അലി ഭൂട്ടോയുടെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് അധികാരത്തിൽ വന്നു. 1977 ൽ ജനറൽ സിയാ ഉൾ ഹഖിനാൽ ഭൂട്ടോ ഗവൺമെന്റ് നീക്കം ചെയ്യപ്പെട്ടു. 1982 മുതൽ ജനാധിപത്യ അനുകൂല മുന്നേറ്റങ്ങളെ ജനറൽ സിയ അഭിമുഖീകരിക്കുകയും 1988-ൽ ഒരിക്കൽ കൂടി തെരഞ്ഞെടുക്കപ്പെട്ട ജനാധിപത്യ ഗവൺമെന്റ് ബേനസീർ ഭൂട്ടോയുടെ നേതൃത്വത്തിൽ നിലവിൽ വരുകയും ചെയ്തു. തുടർന്നു വന്ന വർഷങ്ങളിൽ പാക്കിസ്ഥാൻ രാഷ്ട്രീയം ഭൂട്ടോയുടെ പാർട്ടിയായ പാക്കിസ്ഥാൻ പീപ്പിൾസ് പാർട്ടി

യെയും മുസ്ലിംലീഗിനെയും ചുറ്റി കേന്ദ്രീകരിച്ചായിരുന്നു. 1999-ൽ ഒരിക്കൽക്കൂടി സൈന്യം കടന്നുവരികയും ജനറൽ പർവേഷ് മുഷ്റഫ് പ്രധാനമന്ത്രി നവാസ് ഷെരീഫിനെ നീക്കം ചെയ്യുകയും ചെയ്തതോടെ തെരഞ്ഞെടുപ്പ് ജനാധിപത്യത്തിന്റെ ഘട്ടം അവസാനിച്ചു. 2001 ൽ മുഷറഫ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. സൈനിക ഭരണാധികാരികൾ ചില തെരഞ്ഞെടുപ്പുകൾ നടത്തി തങ്ങളുടെ ഭരണത്തിന് ജനാധിപത്യ പ്രതിച്ഛായ നൽകാൻ ശ്രമിച്ചുവെങ്കിലും പാകിസ്താൻ തുടർന്നും ഭരിക്കപ്പെട്ടത് സൈന്യത്താലായിരുന്നു. 2008 മുതൽ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റാണ് പാകിസ്ഥാനിൽ ഭരിക്കുന്നത്.

സ്ഥായിയായ ജനാധിപത്യം കെട്ടിപ്പടുക്കുന്നതിൽ പാക്കിസ്താൻ പരാജയപ്പെട്ടതിന് നിരവധി ഘടകങ്ങൾ കാണാം. പട്ടാളം, പുരോഹിതർ, ഭൂവുടമകളായ കുലീനർ എന്നിവരുടെ സാമൂഹ്യാധിപത്യം തുടർച്ചയായി തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റുകളെ പുറത്താക്കാനും സൈനികഭരണം സ്ഥാപിക്കാനും ഹേതുവായി. പാക്കിസ്ഥാന്റെ ഇന്ത്യയുമായുള്ള സംഘർഷം സൈനിക അനുകൂല വിഭാഗങ്ങളെ കൂടുതൽ ഇത് ശക്തരാക്കി. ഈ വിഭാഗങ്ങൾ മിക്കപ്പോഴും പറഞ്ഞുകൊണ്ടിരുന്നത് രാഷ്ട്രീയ കക്ഷികളും ജനാധിപത്യവും പാക്കിസ്താന്റെ പരിമിതിയാണെന്നും സ്വാർത്ഥമതികളായ രാഷ്ട്രീയ കക്ഷികളും, സംഘർഷപരമായ ജനാധിപത്യവും പാക്കിസ്ഥാന്റെ സുരക്ഷ അപകടപ്പെടുത്തുമെന്നും അതുകൊണ്ട് തന്നെ സൈന്യം അധികാരത്തിൽ വരുന്നത് നീതികരിക്കുന്നു. പാക്കിസ്താനിൽ ജനാധിപത്യം പൂർണമായും വിജയിച്ചില്ലെങ്കിലും രാജ്യത്തിനകത്ത് ജനാധിപത്യ അനുകൂലമനോഭാവം ശക്തമായിരുന്നു. ഭയരഹിതവും, താരതമ്യേന സ്വതന്ത്രവുമായ മാധ്യമങ്ങളും, കരുത്തുറ്റ മനുഷ്യാവകാശ പ്രസ്ഥാനവും പാക്കിസ്ഥാനിലുണ്ട്.

പാക്കിസ്ഥാനിലെ ജനാധിപത്യഭരണത്തിന് അന്തർദേശീയ രംഗത്ത് നിന്നും ശരിയായ പിന്തുണ ലഭിക്കാതെ പോയത് സൈനികാധിപത്യം തുടരുന്നതിന് പ്രചോദനമായി. അമേരിക്കയും പാശ്ചാത്യ രാജ്യങ്ങളും അവരുടേതായ കാരണങ്ങളാൽ കഴിഞ്ഞ കാലത്ത് സൈന്യത്തിന്റെ ഏകാധിപത്യ ഭരണത്തിന്റെ തുടർച്ചയെ പ്രോത്സാഹിപ്പിച്ചിരുന്നു. ആഗോള ഇസ്ലാമിക ഭീകരതയിൽ നിന്ന് ഉണ്ടായേക്കാവുന്ന ഭീഷണിയെക്കുറിച്ചുള്ള ഭയവും, പാക്കിസ്ഥാന്റെ ആണവായുധശേഖരം ഇത്തരം ഭീകരസംഘടനകളുടെ കയ്യിൽ എത്തുമോ എന്ന ഭയാശങ്കയുംകൊണ്ടാണ് പാക്കിസ്ഥാനിലെ സൈനികവാഴ്ചയെ പശ്ചിമേഷ്യ, ദക്ഷിണേഷ്യ എന്നിവിടങ്ങളിലെ പാശ്ചാത്യതാൽപര്യങ്ങളുടെ സംരക്ഷകനായി കണക്കാക്കുന്നതിന് കാരണമായത്.




സുരേന്ദ്ര, ദി ഹിന്ദു

*രാജ്യതലവനെന്ന നിലയിലും സൈനിക മേധാവിയെന്ന നിലയിലും പർവെസ് മുഷറഫിന്റെ ഇരട്ടവേഷത്തെ സൂചിപ്പിക്കുന്ന കാർട്ടൂൺ. സൂത്രവാക്യങ്ങൾ ശ്രദ്ധാപൂർവം വായിച്ച് അത് നൽകുന്ന സന്ദേശം എഴുതുക.*

## ജനാധിപത്യം ബംഗ്ലാദേശിൽ (DEMOCRACY IN BANGLADESH)

1947 മുതൽ 1971 വരെ ബംഗ്ലാദേശ് പാക്കിസ്ഥാന്റെ ഭാഗമായിരുന്നു. ബ്രിട്ടീഷ് ഇന്ത്യയിൽ നിന്നും വിഭജിക്കപ്പെട്ട ബംഗാൾ, ആസ്സാം പ്രദേശങ്ങൾ ഉൾപ്പെട്ടതായിരുന്നു ഈ രാജ്യം. പശ്ചിമ പാക്കിസ്താന്റെ ആധിപത്യവും ഉറുദു ഭാഷ അടിച്ചേല്പിച്ചതും പ്രദേശത്തെ ജനങ്ങളിൽ അമർഷം



ജർമനിക്ക് പുനരേകീകരണം സാധ്യമെങ്കിൽ എന്തുകൊണ്ട് ഇന്ത്യ - പാക് ജനതക്ക് ഇരു രാജ്യങ്ങളിലും യാത്ര ചെയ്യാനെങ്കിലും കഴിയുന്നില്ല?

ളുളവാക്കി. ബംഗാളി സംസ്കാരത്തോടും ഭാഷയോടും കാണിക്കുന്ന നീതിയുക്തമല്ലാത്ത പെരുമാറ്റത്തിനെതിരെ ഇവർ വിഭജനശേഷം പ്രതിഷേധങ്ങൾ ആരംഭിച്ചു. ഭരണത്തിൽ മതിയായ പ്രാതിനിധ്യവും, രാഷ്ട്രീയാധികാരത്തിൽ മെച്ചപ്പെട്ട പങ്കും തങ്ങൾക്ക് വേണമെന്നും അവർ ആവശ്യപ്പെട്ടു. പശ്ചിമ പാക്കിസ്ഥാന്റെ ആധിപത്യത്തിനെതിരെ ഷെയ്ഖ് മുജീബ് ഉർ റഹ്മാന്റെ നേതൃത്വത്തിൽ ജനകീയ മുന്നേറ്റം ഉണ്ടായി. കിഴക്കൻ മേഖലയ്ക്ക് സ്വയംഭരണം വേണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അന്നത്തെ പാക്കിസ്ഥാനിൽ 1970-ൽ നടന്ന തിരഞ്ഞെടുപ്പിൽ ഷെയ്ഖ് മുജീബ് നയിച്ച അവാമിലീഗ് കിഴക്കൻ പാക്കിസ്ഥാനിലെ മുഴുവൻ സീറ്റിലും വിജയിക്കുകയും പാക്കിസ്ഥാന് മൊത്തമായി നിർദേശിക്കപ്പെട്ട ഭരണഘടനാ നിർമാണ സമിതിയിൽ ഭൂരിപക്ഷം നേടുകയും ചെയ്തു. എന്നാൽ പശ്ചിമ പാക്കിസ്ഥാനിലെ നേതാക്കൾക്ക് ആധിപത്യമുണ്ടായിരുന്ന ഗവൺമെന്റ്, അസംബ്ലി വിളിച്ചു ചേർക്കാൻ വിസമ്മതിച്ചു. ഷെയ്ഖ് മുജീബ് അറസ്റ്റ് ചെയ്യപ്പെട്ടു. ജനറൽ യാഹ്യാഖാന്റെ നേതൃത്വത്തിലുള്ള സൈനിക ഭരണത്തിൻ കീഴിൽ പാക്സൈന്യം ബംഗാളി ജനതയുടെ മുന്നേറ്റത്തെ അടിച്ചമർത്താൻ ശ്രമിച്ചു. ആയിരങ്ങൾ പാക് പട്ടാളത്താൽ കൊല്ലപ്പെട്ടു. ഇത് ഇന്ത്യയിലേക്ക് വൻതോതിലുള്ള അഭയാർഥി പ്രവാഹത്തിന് കാരണമായി, ഇന്ത്യയിൽ വൻ അഭയാർഥി പ്രശ്നം രൂപപ്പെട്ടു. സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള കിഴക്കൻ പാക്കിസ്ഥാനിലെ ജനങ്ങളുടെ ആവശ്യം ഇന്ത്യ പിന്തുണക്കുകയും അവരെ സാമ്പത്തികമായും സൈനികമായും സഹായിക്കുകയും ചെയ്തു. ഇത് 1971 ഡിസംബറിൽ, ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള യുദ്ധത്തിൽ കലാശിക്കുകയും, കിഴക്കൻ പാക്കിസ്ഥാനിൽ പാക്സൈന്യം കീഴടങ്ങുകയും സ്വതന്ത്രരാജ്യമായി ബംഗ്ലാദേശ് രൂപപ്പെടുകയും ചെയ്തു.




1987 - ൽ ജനറൽ ഇർഷാദിനെതിരായ ജനാധിപത്യ പ്രതിഷേധത്തിനിടെപോയതിനാൽ കൊല്ലപ്പെട്ട നൂർഹൊസൈനെ അനുസ്മരിക്കുന്നതിനായുള്ള ധാക്ക സർവകലാശാലയിലെ ഒരു ചുവർചിത്രം. "ജനാധിപത്യത്തെ സ്വതന്ത്രമാക്കൂ" എന്ന് അദ്ദേഹത്തിന്റെ മുതുകിൽ എഴുതിവച്ചിരിക്കുന്നു.

കടപ്പാട്: ഷാഹിദുൾ അലാം/ദ്രിക്ക്

മതനിരപേക്ഷത, ജനാധിപത്യം, സോഷ്യലിസം എന്നിവയിൽ വിശ്വാസം പ്രഖ്യാപിച്ചുകൊണ്ടുള്ള ഭരണഘടന ബംഗ്ലാദേശ് തയാറാക്കി. എന്നാൽ നിലനിന്നിരുന്ന പാർലമെന്ററി രീതിയിൽ നിന്നും പ്രസിഡൻഷ്യൽ മാതൃകയിലേക്ക് മാറാനുള്ള ഭരണഘടനാ ഭേദഗതി 1975 ൽ ഷെയ്ഖ് മുജീബ് നടപ്പിലാക്കി. തന്റെ പാർട്ടിയായ അവാമി ലീഗ് ഒഴികെയുള്ള മറ്റ് പാർട്ടികളെയെല്ലാം അദ്ദേഹം നിരോധിച്ചു. ഇത് സംഘർഷങ്ങളിലേക്കും പിരിമുറുക്കങ്ങളിലേക്കും നയിച്ചു. തികച്ചും നാടകീയവും ദുരന്തപൂർണവുമായ സംഭവവികാസങ്ങൾക്കൊടുവിൽ, 1975 ആഗസ്റ്റിലെ സൈനിക കലാപത്തിൽ അദ്ദേഹം കൊല്ലപ്പെട്ടു. പുതിയ സൈനിക ഭരണാധികാരി സിയ ഉർ റഹ്മാൻ ബംഗ്ലാദേശ് നാഷണൽ പാർട്ടി എന്ന പേരിൽ സ്വന്തമായി പാർട്ടി രൂപീകരിച്ച് 1979-ലെ തെരഞ്ഞെടുപ്പിൽ വിജയിച്ചു. എന്നാൽ അദ്ദേഹവും കൊല്ലപ്പെടുകയും ലഫ്റ്റനന്റ് ജനറൽ എച്ച്.എം. ഇർഷാദിന്റെ നേതൃത്വത്തിൽ മറ്റൊരു സൈനികഭരണം നിലവിൽ വരികയും ചെയ്തു. ജനാധിപത്യം എന്ന ആവശ്യത്തെ പിന്തുണച്ച് കൊണ്ട് ജനങ്ങൾ പെട്ടെന്ന് രംഗപ്രവേശം ചെയ്തു. വിദ്യാർഥികളായിരുന്നു അതിന്റെ മുൻപന്തിയിൽ. പരിമിതമായ തോതിലെങ്കിലും രാഷ്ട്രീയപ്രവർത്തനം നടത്താനുള്ള അനുമതി നൽകാൻ ഇർഷാദ് നിർബന്ധിതനായി. പിന്നീട് അദ്ദേഹം പ്രസിഡണ്ടായി അഞ്ച് വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ജനകീയപ്രക്ഷോഭത്തെ തുടർന്ന് 1990-ൽ ഇർഷാദിന് അധികാരം വിട്ടൊഴിയേണ്ടി വന്നു. 1991 ൽ തെരഞ്ഞെടുപ്പുകൾ നടന്നു. അന്നു മുതൽ ബഹുകക്ഷി സമ്പ്രദായത്തിലധിഷ്ഠിതമായ പ്രാതിനിധ്യ ജനാധിപത്യം ബംഗ്ലാദേശിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

## രാജവാഴ്ചയും ജനാധിപത്യവും നേപ്പാളിൽ
### (MONARCHY AND DEMOCRACY IN NEPAL)

പണ്ട് ഹിന്ദുരാജ്യമായും പിന്നീട് ആധുനിക കാലഘട്ടത്തിൽ ഭരണഘടനാപരമായ രാജവാഴ്ച നിലവിൽ വരികയും ചെയ്ത രാജ്യമാണ് നേപ്പാൾ. ഈ കാലഘട്ടത്തിലുടനീളം രാഷ്ട്രീയ കക്ഷികളും സാധാരണ ജനങ്ങളും നേപ്പാളിന് കൂടുതൽ സുതാര്യവും ഉത്തരവാദിത്വപ്പെട്ടതുമായ ഗവൺമെന്റ് വേണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ രാജാവ് സൈന്യത്തിന്റെ പിന്തുണയോടെ ഗവൺമെന്റിനുമേൽ പൂർണനിയന്ത്രണം നിലനിർത്തുകയും നേപ്പാളിൽ ജനാധിപത്യം വ്യാപിക്കുന്നത് നിയന്ത്രിക്കുകയും ചെയ്തു.

ശക്തമായ ജനാധിപത്യ അനുകൂല പ്രക്ഷോഭങ്ങൾക്കൊടുവിൽ, 1990-ൽ ഒരു പുതിയ ജനാധിപത്യഭരണഘടന എന്ന ആവശ്യം രാജാവ് അംഗീകരിച്ചു. എന്നാൽ ജനാധിപത്യസർക്കാരുകൾ ഹ്രസ്വവും പ്രശ്നങ്ങൾ നിറഞ്ഞതുമായിരുന്നു. തൊണ്ണൂറുകളിൽ മാവോവാദികൾ തങ്ങളുടെ ആശയങ്ങൾ നേപ്പാളിന്റെ പല ഭാഗത്തും പ്രചരിപ്പിക്കുന്നതിൽ വിജയിച്ചു. രാജാവിനും ഭരണവരേണ്യ വർഗത്തിനുമെതിരെയുള്ള സായുധകലാപത്തിൽ അവർ വിശ്വസിച്ചു. ഇത് മാവോ ഒളിപ്പോരാളികളും രാജാവിന്റെ പട്ടാളവും തമ്മിലുള്ള രൂക്ഷ ഏറ്റുമുട്ടലുകളിലേക്ക് നയിച്ചു. കുറച്ചുകാലം രാജാവിന്റെ സൈന്യവും, ജനാധിപത്യവാദികളും, മാവോയിസ്റ്റുകളും ഉൾപ്പെട്ട ത്രികോണ സംഘർഷങ്ങൾ ഉണ്ടായി. 2002-ൽ രാജാവ്, പാർലമെന്റിനെ നിരോധിക്കുകയും ഗവൺമെന്റ് പിരിച്ചുവിടുകയും ചെയ്തു. അങ്ങനെ നേപ്പാളിൽ നിലനിന്നിരുന്ന പരിമിത ജനാധിപത്യവും അവസാനിച്ചു.

2006 ഏപ്രിലിൽ, നേപ്പാളിൽ രാജ്യവ്യാപകമായി ശക്തമായ ജനാധിപത്യ അനുകൂല പ്രക്ഷോഭങ്ങൾ ഉണ്ടായി. സമരം ചെയ്തുകൊണ്ടിരിക്കുന്ന ജനാധിപത്യ അനുകൂല ശക്തികളുടെ ആദ്യ വിജയം പ്രതിനിധി സഭ പുനസ്ഥാപിക്കാൻ രാജാവ് നിർബന്ധിതനായി എന്നതാണ്, പ്രസ്തുത സഭ 2002 ഏപ്രിലിൽ പിരിച്ചുവിട്ടതായിരുന്നു. ഒരുപരിധിവരെ സമാധാനപരമായിരുന്ന ഈ പ്രസ്ഥാനത്തെ നയിച്ചത് സപ്തകക്ഷി സഖ്യം (SPA), മാവോയിസ്റ്റുകൾ, സാമൂഹികപ്രവർത്തകർ എന്നിവരായിരുന്നു.

ജനാധിപത്യത്തിലേക്കുള്ള നേപ്പാളിന്റെ പരിവർത്തനം ഏതാണ്ട് പൂർണമായി. നേപ്പാൾ ചരിത്രത്തിലെ സമാനതകളില്ലാത്ത നിമിഷങ്ങളിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ്, കാരണം നേപ്പാളിന് ഒരു ഭരണഘടന തയാറാക്കാനു

**നമുക്കിത് ചെയ്യാം**

ബംഗ്ലാദേശിലെ ഗ്രാമീണ ബാങ്കിനെക്കുറിച്ച് നമുക്ക് കൂടുതലായി മനസ്സിലാക്കാം. ഇന്ത്യയിലെ ദാരിദ്ര്യം കുറച്ചുകൊണ്ടുവരാൻ ഈ ആശയം ഉപയോഗപ്പെടുത്താമോ?



നേപ്പാൾ ശരിക്കും ആവേശകരമായി തോന്നുന്നു. ഞാൻ നേപ്പാളിലായിരുന്നെങ്കിൽ!

ള്ള ഭരണഘടന നിർമാണ സഭ രൂപീകരിക്കപ്പെട്ടിരിക്കുന്നു. ഭൂതകാലവുമായുള്ള ബന്ധം നിലനിർത്താൻ നാമമാത്ര രാജഭരണം ആവശ്യമാണെന്ന് നേപ്പാളിലെ ചില വിഭാഗം ഇന്നും ചിന്തിക്കുന്നുണ്ട്. സായുധ കലാപം ഒഴിവാകാൻ മാവോവാദികൾ സമ്മതിച്ചിട്ടുണ്ട്. ഭരണഘടനയിൽ സാമൂഹ്യ സാമ്പത്തിക പുനർ നിർമ്മിതിക്കാവശ്യമായ പുരോഗമന പദ്ധതികൾ ഉണ്ടാവണമെന്ന് അവർ ആവശ്യപ്പെടുന്നു. സപ്തകക്ഷിയിലെ എല്ലാ അംഗങ്ങളും ഈ പരിപാടിയോട് യോജിക്കുന്നില്ല. മാവോ വാദികളും മറ്റു ചില രാഷ്ട്രീയ കക്ഷികളും ഇന്ത്യൻ ഗവൺമെന്റിന്റെ ഇടപെടലുകളെക്കുറിച്ചും നേപ്പാളിന്റെ ഭാവിയിൽ അവർക്കുള്ള പങ്കിനെക്കുറിച്ചും വളരെയധികം സംശയാലുക്കളാണ്. 2008 ൽ രാജഭരണം അവസാനിപ്പിച്ചുകൊണ്ട് നേപ്പാൾ ഒരു ജനാധിപത്യ റിപ്പബ്ലിക്കായി. 2015-ൽ നേപ്പാൾ ഒരു പുതിയ ഭരണഘടന അംഗീകരിക്കുകയും ചെയ്തു.

## വംശീയ സംഘർഷവും ജനാധിപത്യവും ശ്രീലങ്കയിൽ (Ethnic conflict and democracy in Srilanka)

1948-ൽ സ്വാതന്ത്ര്യം നേടിയത് മുതൽ ശ്രീലങ്ക ജനാധിപത്യം നിലനിർത്തുന്നുവെന്ന് നമ്മൾ കണ്ടുകഴിഞ്ഞതാണല്ലോ. എന്നാൽ അത് ഗൗരവകരമായ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നു. ഈ ഭീഷണി സൈന്യത്തിൽ നിന്നോ രാജഭരണത്തിൽ നിന്നോ അല്ല മറിച്ച് ഒരു മേഖലയുടെ വിഭജനം ആവശ്യപ്പെടുന്ന വംശീയസംഘട്ടത്തിൽ നിന്നുമാണ്.

സ്വാതന്ത്ര്യത്തിനുശേഷം ശ്രീലങ്കൻ രാഷ്ട്രീയത്തിൽ (അന്ന് സിലോൺ എന്നറിയപ്പെട്ടിരുന്ന) ആധിപത്യം സ്ഥാപിച്ചത് ഭൂരിപക്ഷം വരുന്ന സിംഹള സമുദായത്തിന്റെ താത്പര്യങ്ങളെ പ്രതിനിധീകരിച്ചവരായിരുന്നു. അവർ ഇന്ത്യയിൽ നിന്നും കുടിയേറി സ്ഥിരതാമസമാക്കിയ ധാരാളം വരുന്ന തമിഴ്‌വംശജരോട് ശത്രുത ഉള്ളവരായിരുന്നു. സ്വാതന്ത്ര്യത്തിനുശേഷവും ഇത്തരം കുടിയേറ്റം തുടർന്നു. ശ്രീലങ്കൻ തമിഴർക്ക് ഒരു സൗജന്യവും നല്കേണ്ടതില്ലെന്ന് സിംഹള ദേശീയവാദികൾ ചിന്തിച്ചു, കാരണം ശ്രീലങ്ക സിംഹള ജനതയുടേത് മാത്രമാണെന്ന് അവർ ചിന്തിച്ചിരുന്നു. തമിഴ് താത്പര്യങ്ങൾ അവഗണിക്കപ്പെട്ടത് തീവ്ര തമിഴ് ദേശീയതയുടെ വളർച്ചയ്ക്ക് കാരണമായി. ശ്രീലങ്കയിലെ തമിഴ്‌വംശജർക്ക് ഒരു പ്രത്യേക രാഷ്ട്രം (തമിഴ് ഈഴം) വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ലിബറേഷൻ ടൈഗേഴ്സ് ഓഫ് തമിഴ് ഈഴം (LTTE) എന്ന തീവ്രവാദ സംഘടന 1983 മുതൽ ശ്രീലങ്കൻ സൈന്യവുമായി സാ





1990 - ൽ കാഠ്മണ്ഡുവിൽ നടന്ന ജനാധിപത്യാനുകൂലികളുടെ റാലിയിൽ ജനാധിപത്യപ്രവർത്തക ദുർഗ ഥാപ പങ്കെടുക്കുന്നു. രണ്ടാമത്തെ ചിത്രത്തിലും അതേ വ്യക്തിയെ തന്നെ കാണാം. ഇത്തവണ, 2006 - ൽ രണ്ടാം ജനാധിപത്യ പ്രസ്ഥാനത്തിന്റെ വിജയം ആഘോഷിക്കുകയാണ്.

യുധ കലാപം നടത്തികൊണ്ടിരിക്കുകയായിരുന്നു. ശ്രീലങ്കയുടെ ഉത്തരകിഴക്ക് ഭാഗം എൽ.ടി.ടി.ഇ.യുടെ നിയന്ത്രണത്തിലായിരുന്നു.

ശ്രീലങ്കൻ പ്രശ്നത്തിൽ ഉൾപ്പെട്ടത് ഇന്ത്യൻ വംശജരായിരുന്നു. ആയത് കൊണ്ട് തന്നെ ശ്രീലങ്കയിലെ ഇന്ത്യൻ വംശജരുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ ഇന്ത്യ ഇടപെടണമെന്ന് ഇന്ത്യയിലെ തമിഴ് വിഭാഗക്കാരിൽ നിന്ന് ശക്തമായ സമ്മർദ്ദം ഉണ്ടായി. ഇന്ത്യാ ഗവൺമെന്റ് കാലാകാലങ്ങളിൽ തമിഴ് പ്രശ്നം ശ്രീലങ്കൻ ഗവൺമെന്റുമായി കൂടിയാലോചന നടത്താൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ 1987 ലാണ് ഇന്ത്യാ ഗവൺമെന്റ് ആദ്യമായി ശ്രീലങ്കൻ തമിഴ്പ്രശ്നത്തിൽ നേരിട്ട് ഇടപെട്ടത്. ഇന്ത്യ ശ്രീലങ്കയുമായി കരാർ ഒപ്പുവച്ച്, ശ്രീലങ്കൻ സർക്കാരും തമിഴ് വംശജരുമായുള്ള ബന്ധം മെച്ചപ്പെടുത്താൻവേണ്ടി ഇന്ത്യൻ സേനയെ അയച്ചു. തുടർന്ന് ഇന്ത്യൻ സൈന്യത്തിന് എൽ.റ്റി.റ്റി.ഇ യുമായി സംഘട്ടനത്തിലേർപ്പെടേണ്ടി വന്നു. ഇന്ത്യൻ പട്ടാളത്തിന്റെ സാന്നിധ്യം ശ്രീലങ്കൻ ജനതയ്ക്കും അത്ര ഇഷ്ടപ്പെട്ടിരുന്നില്ല. ശ്രീലങ്കൻ ആഭ്യന്തര കാര്യത്തിൽ ഇടപെടാനുള്ള ഇന്ത്യൻ ശ്രമമായി അവർ ഇതിനെ കണ്ടു. 1989 ൽ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് മുൻപെ തന്നെ ഇന്ത്യൻ സമാധാന സംരക്ഷണ സേന (IPKF)ക്ക് ശ്രീലങ്കയിൽ നിന്നും പിന്മാറേണ്ടി വന്നു.

ശ്രീലങ്കൻ പ്രശ്നം അക്രമാസക്തമായി ത്തന്നെ തുടർന്നു. അന്തർദേശീയ വക്താക്കൾ, പ്രത്യേകിച്ചും സ്കാൻഡിനേവിയൻ രാജ്യങ്ങളായ നോർവെ, ഐസ്‌ലാന്റ് എന്നിവ സംഘർഷത്തിലേർപ്പെട്ടിരിക്കുന്ന വിഭാഗങ്ങളെ കൂടിയാലോചനയിലേക്ക് കൊണ്ടു വരാൻ ശ്രമിച്ചു. ഒടുവിൽ 2009-ൽ എൽ.ടി.ടി.ഇ പൂർണമായും ഇല്ലാതായതോടെ സായുധ സംഘർഷം അവസാനിച്ചു.

ഈ സംഘർഷങ്ങൾക്കിടയിലും, ശ്രീലങ്ക മെച്ചപ്പെട്ട സാമ്പത്തികവളർച്ചയും, ഉയർന്ന മാനവിക വികസനവും രേഖപ്പെടുത്തി. ജനസംഖ്യാ നിരക്ക് വിജയകരമായ രീതിയിൽ നിയന്ത്രണവിധേയമാ




കേശവ, ദി ഹിന്ദു

*സമാധാന ചർച്ചാസമയത്ത് സിംഹള തീവ്രനിലപാടുകളെയും അഥവാ സിംഹത്തെയും തമിഴ് തീവ്രവാദികൾ അഥവാ പുലിയെയും സമവായത്തിലെത്തിക്കാൻ ശ്രമിക്കുന്നതിലെ ശ്രീലങ്കൻ നേതൃത്വത്തിന്റെ പ്രതിസന്ധിയെ സൂചിപ്പിക്കുന്നതാണ് ഈ കാർട്ടൂൺ.*

ക്കാൻ കഴിഞ്ഞ ആദ്യ വികസ്വരരാജ്യങ്ങളിൽ ഒന്നാണ് ശ്രീലങ്ക. ഉദാരസമ്പദ്‌വ്യവസ്ഥ നടപ്പിലാക്കുന്ന മേഖലയിലെ ആദ്യ രാജ്യമാണ് ശ്രീലങ്ക. ആഭ്യന്തര യുദ്ധകാലഘട്ടത്തിലുടനീളം, വർഷങ്ങളോളം ഏറ്റവും ഉയർന്ന പ്രതിശീർഷ മൊത്ത ആഭ്യന്തര ഉത്പാദനം (GDP) ഉള്ള രാജ്യവുമായിരുന്നു ശ്രീലങ്ക. ആഭ്യന്തര സംഘർഷത്തിന്റെ നാശനഷ്ടങ്ങൾക്കിടയിലും ജനാധിപത്യ രാഷ്ട്രീയ വ്യവസ്ഥിതി നിലനിർത്താൻ അതിന് കഴിഞ്ഞു.

## ഇന്ത്യ-പാക്കിസ്ഥാൻ സംഘർഷങ്ങൾ (India-Pakistan Conflicts)

നമുക്ക് ഇനി ആഭ്യന്തര രാഷ്ട്രീയത്തിൽ നിന്ന് മാറി ഈ മേഖലയിലെ അന്തർദേശീയ ബന്ധങ്ങളിലുള്ള ചില പ്രശ്നങ്ങളെക്കുറിച്ച് പരിശോധിക്കാം. ശീതസമരാനന്തര കാലഘട്ടത്തിൽ പ്രദേശത്ത് സംഘർഷങ്ങളും പിരിമുറുക്കങ്ങളും അവസാനിച്ചു എന്നർഥമാക്കേണ്ടതില്ല. ആഭ്യന്തര ജനാധിപത്യം വംശീയപരമായ വ്യത്യാസങ്ങൾ തുടങ്ങിയവയെ ചുറ്റിയുള്ള സംഘർഷങ്ങൾ നമ്മൾ കണ്ടു കഴിഞ്ഞതാണല്ലോ. എന്നാൽ ഇവിടങ്ങളിൽ അന്തർദേശീയ സ്വഭാവമുള്ള വളരെ നിർണായ




കേശവ്, ദ ഹിന്ദു
ഇന്തോ - പാക് ചർച്ചകളുടെ നിലവിലെ ഘട്ടത്തിന്റെ ഒരു കാഴ്ച



ഇന്ത്യ - പാക് ഭരണാധികാരികൾ തമ്മിലുള്ള ഒരു വസ്തു തർക്കം പോലെയാണ് കാശ്മീർ പ്രശ്നം ചർച്ച ചെയ്യുന്നത് കാശ്മീരികൾക്ക് ഇതിനെക്കുറിച്ച് എന്തുതോന്നും?

കമായ ചില സംഘർഷങ്ങളും ഉണ്ടായിരുന്നു. മേഖലയിലെ ഇന്ത്യയുടെ സ്ഥാനം ഒട്ടുമിക്ക സംഘർഷങ്ങളിലും ഇന്ത്യ ഉൾപ്പെടുന്നതിന് കാരണമായി.

തീർച്ചയായും, ഇത്തരം സംഘർഷങ്ങളിൽ ഏറ്റവും ശ്രദ്ധേയവും ആഴത്തിലുള്ളതുമായത്, ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള സംഘർഷങ്ങളാണ്. വിഭജനത്തിനുശേഷം പെട്ടെന്ന് തന്നെ ഇരു രാജ്യങ്ങളും തമ്മിൽ കാശ്മീരിന്റെ ഭാഗധേയം സംബന്ധിച്ച് സംഘർഷത്തിലേർപ്പെടുകയും പരസ്പരം കലഹിക്കുകയും ചെയ്തു. കാശ്മീർ തങ്ങൾക്ക് സ്വന്തമാണെന്ന് പാക്കിസ്ഥാനി ഗവൺമെന്റ് അവകാശപ്പെട്ടു. 1947-48, 1965 എന്നീ വർഷങ്ങളിലുണ്ടായ ഇന്ത്യ പാക്ക് യുദ്ധങ്ങൾ പ്രശ്നം പരിഹരിക്കുന്നതിൽ പരാജയപ്പെട്ടു. 1947-48 ലെ യുദ്ധത്തിന്റെ ഫലമായി പ്രോവിൻസ് വിഭജിക്കപ്പെട്ടു, നിയന്ത്രണരേഖ അടിസ്ഥാനമാക്കി പാക് അധിനിവേശ കാശ്മീർ എന്നും ഇന്ത്യൻ പ്രവിശ്യ ജമ്മു-കാശ്മീർ എന്നും. 1971 ലെ നിർണായക യുദ്ധത്തിൽ പാക്കിസ്ഥാനെതിരെ ഇന്ത്യ വിജയിച്ചുവെങ്കിലും കാശ്മീർ പ്രശ്നം പരിഹരിക്കപ്പെടാതെ അവശേഷിച്ചു. പാകിസ്ഥാനുമായുള്ള ഇന്ത്യയുടെ പോരാട്ടം സിയാച്ചിൻ ഹിമാനിയുടെ നിയന്ത്രണം, ആയുധശേഖരം തുടങ്ങിയ തന്ത്രപ്രധാനമായ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കൂടിയാണ്. 1990 കളോടെ ഇരുരാജ്യങ്ങളും പരസ്പരം ആക്രമണം നടത്താനുതകുംവിധം ആണവായുധങ്ങൾ ആർജിക്കുകയും അവയെ വിന്യസിക്കാനാവശ്യമായ മിസൈലുകൾ കരസ്ഥമാക്കുകയും ചെയ്തതോടെ ഇരു ജ്യങ്ങൾക്കുമിടയിലുള്ള ആയുധ മത്സരത്തിന് പുതിയ സ്വഭാവം കൈവന്നു. 1998 ൽ ഇന്ത്യ പൊഖ്റാനിൽ ആണവ വിസ്ഫോടനം നടത്തി. വളരെ കുറച്ച് ദിവസങ്ങൾക്കുള്ളിൽ തന്നെ ഷാഗൈകുന്നുകളിൽ ആണവപരീക്ഷണം നടത്തി പാക്കിസ്ഥാൻ പ്രതികരിച്ചു. ഇതുവഴി പ്രത്യക്ഷത്തിലുള്ളതും പൂർണ്ണതോതിലുള്ളതുമായ യുദ്ധത്തിനു സാധ്യത ഇല്ലാതാക്കിക്കൊണ്ടുള്ള സൈനികബന്ധം വളർന്നു വരുന്നതായി കാണാം.

എന്നാൽ, രണ്ടു ഗവൺമെന്റുകളും പരസ്പരം സംശയത്തോടെ വീക്ഷിക്കുന്നത് തുടരുന്നു. ഇന്ത്യക്കെതിരെ തീവ്രവാദ ആക്രമണങ്ങൾ നടത്താൻ കാശ്മീർ തീവ്രവാദികളെ ആയുധം, പരിശീലനം, പണം, സംരക്ഷണം എന്നിവയിലൂടെ സഹായിച്ചുകൊണ്ട് ആക്രമണത്തിന്റെ പരോക്ഷതന്ത്രം ഉപയോഗപ്പെടുത്തിയതിന് ഇന്ത്യാ ഗവൺമെന്റ് പാകിസ്ഥാൻ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നു. 1985 -95 കാലഘട്ടത്തിൽ പാക്കിസ്ഥാൻ ഖാലിസ്ഥാനി അനുകൂല തീവ്രവാദികൾക്ക് ആയുധങ്ങളും യുദ്ധസാമഗ്രികളും നല്കി സഹായിച്ചിരുന്നതായും ഇന്ത്യ ഗവൺമെന്റ് വിശ്വസിക്കുന്നു. ബംഗ്ലാദേശ്, നേപ്പാൾ എന്നിവിടങ്ങളിൽ നിന്ന് രഹസ്യമായി ഇന്ത്യയുടെ വടക്ക് കിഴക്കൻ മേഖലകളിൽ വിവിധതരം ഇന്ത്യാ വിരുദ്ധ പ്രചരണങ്ങളിൽ പാക്ക് ചാരസംഘടനയായ ഇന്റർ സർവ്വീസ് ഇന്റലിജൻസ് (ഐ.എസ്.ഐ) ഏർപ്പെടുന്നതായി ഇന്ത്യ ആരോപിക്കുന്നു. പാക്ക് ഗവൺമെന്റാകട്ടെ, ഇന്ത്യ ഗവൺമെന്റിനെയും അതിന്റെ സുരക്ഷാ ഏജൻസികളെയും

സിന്ധ്, ബലൂചിസ്ഥാൻ പ്രവിശ്യകളിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനായി കുറ്റപ്പെടുത്തുന്നു.

നദീജലം പങ്ക് വയ്ക്കുന്നത് സംബന്ധിച്ചും ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ പ്രശ്നങ്ങൾ നിലനില്ക്കുന്നുണ്ട്. 1960 കൾ വരെ സിന്ധുനദീതടത്തിലെ നദികളുടെ ഉപയോഗം സംബന്ധിച്ച് ഇന്ത്യയും പാകിസ്ഥാനും തമ്മിൽ കടുത്ത വാദപ്രതിവാദത്തിൽ ഏർപ്പെട്ടു. 1960 ൽ ലോക ബാങ്കിന്റെ സഹായത്തോടെ, ആത്യന്തികമായി ഇന്ത്യയും പാക്കിസ്ഥാനും സിന്ധുനദീജല കരാർ ഒപ്പു വച്ചു. ഇരു രാജ്യങ്ങളും വ്യത്യസ്ത സൈനിക നടപടിയിൽ പങ്കാളികളായിരുന്നിട്ടുകൂടി പ്രസ്തുത കരാർ ഇന്നും അതിജീവിക്കുന്നതായി കാണാം. സിന്ധുനദീജല കരാർ വ്യാഖ്യാനവുമായി ബന്ധപ്പെട്ടും നദീജല ഉപയോഗം സംബന്ധിച്ചും ഇന്നും ചെറിയ തോതിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ നിലനില്ക്കുന്നുണ്ട്. റാൻ ഓഫ് കച്ചിലെ സർക്രീക്കിലെ വിഭജന രേഖ സംബന്ധിച്ചും ഇരു രാജ്യങ്ങളും തമ്മിൽ അനുരഞ്ജനം ഉണ്ടായില്ല. ഈ തർക്കം ചെറുതാണെന്ന് തോന്നുമെങ്കിലും, തർക്ക പരിഹാരം സർക്രീക്കിനോട് ചേർന്നുള്ള പ്രദേശത്തെ സമുദ്ര വിഭവങ്ങളുടെ നിയന്ത്രണത്തെ ബാധിക്കുമെന്ന ആശങ്ക നിലനില്ക്കുന്നു. ഇന്ത്യയും പാകിസ്ഥാനും തമ്മിൽ ഈ വിഷയങ്ങളെ സംബന്ധിച്ചെല്ലാം സന്ധി സംഭാഷണങ്ങൾ നടത്തി വരുന്നു.

## ഇന്ത്യയും അതിന്റെ ഇതര അയൽപ്രദേശങ്ങളും (INDIA AND ITS OTHER NEIGHBOURS)

ഗംഗ, ബ്രഹ്മപുത്രാ നദികളിൽ ജലം പങ്കുവയ്ക്കുന്നത് ഉൾപ്പെടെ വ്യത്യസ്ത വിഷയങ്ങളിൽ ഇന്ത്യാ-ബംഗ്ലാദേശ് ഗവൺമെന്റുകൾ തമ്മിൽ അഭിപ്രായ വ്യത്യാസം നിലനിൽക്കുന്നുണ്ട്. ഇന്ത്യയിലേയ്ക്കുള്ള നിയമപരമല്ലാത്ത കുടിയേറ്റങ്ങൾ തടയുന്നതിൽ ബംഗ്ലാദേശിനുള്ള നിഷേധാത്മക നിലപാട്, ഇന്ത്യാ വിരുദ്ധ ഇസ്ലാമിക മൗലികവാദ ഗ്രൂപ്പുകൾക്ക് ഈ രാജ്യം നൽകുന്ന പിന്തുണ, ഇന്ത്യയുടെ വടക്ക് കിഴക്കൻ പ്രദേശങ്ങളിലേക്ക് ബംഗ്ലാദേശിലൂടെ പ്രവേശിക്കുന്നതിനുള്ള അനുമതി ഇന്ത്യൻ പട്ടാളത്തിന് നിരാകരിച്ചത്, ഇന്ത്യയിലേക്ക് പ്രകൃതിവാതകം കയറ്റി അയക്കില്ല എന്നും മ്യാന്മറിനെ ബംഗ്ലാദേശിലൂടെ ഇത്തരം ഒരു പ്രവൃത്തിക്ക് അനുവദിക്കില്ല എന്നും ഉള്ള തീരുമാനങ്ങളിലെല്ലാം ഇന്ത്യാഗവൺമെന്റ് അസന്തുഷ്ടരാണ്. നദീജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച വിഷയത്തിൽ ഇന്ത്യ ഗവൺമെന്റ് ഒരു പ്രാദേശിക ചട്ടമ്പിയെപ്പോലെ പെരുമാറുന്നു എന്നും ചിറ്റഗോംഗ് മലനിരയിൽ കലാപം പ്രോത്സാഹിപ്പിക്കുന്നുവെന്നും, തങ്ങളുടെ പ്രകൃതിവാതകം ചൂഷണം ചെയ്യാൻ ശ്രമിക്കുന്നുവെന്നും, വ്യാപാരരംഗത്ത് ന്യായരഹിതമായി പെരുമാറുന്നു എന്നും ബംഗ്ലാദേശ് കരുതുന്നു. തങ്ങളുടെ ഇടയിലുള്ള അതിർത്തി പ്രശ്നം പരിഹരിക്കുന്നതിൽ ഇരു രാജ്യങ്ങളും വിജയിച്ചിട്ടില്ല.

തങ്ങളുടെ ഭിന്നതകൾക്കിടയിലും, ഇന്ത്യയും ബംഗ്ലാദേശും പല വിഷയങ്ങളിലും സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. അവസാന ഇരുപത് വർഷങ്ങൾ സാമ്പത്തിക ബന്ധങ്ങൾ എടുത്ത് പറയത്തക്ക രീതിയിൽ മെച്ചപ്പെട്ടിട്ടുണ്ട്. ഇന്ത്യയുടെ 'ലുക്ക് ഈസ്റ്റ്' (2014 മുതൽ ആക്ട് ഈസ്റ്റ് പോളിസി) പോളിസിയിൽ ബംഗ്ലാദേശ് പങ്കാളിയാണ്. അതുവഴി മ്യാന്മറിലൂടെ ദക്ഷിണ പൂർവ ഏഷ്യയുമായി ബന്ധം സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു. ദുരന്ത നിവാരണം, പരിസ്ഥിതി പ്രശ്നം എന്നീ വിഷയങ്ങളിൽ രണ്ടു രാജ്യങ്ങളും പതിവായി സഹകരിച്ചുകൊണ്ടിരിക്കുന്നുണ്ട് . 2015 ൽ അവർ ചില ഭൂപ്രദേശങ്ങൾ പരസ്പരം കൈമാറി. പൊതു ഭീഷണികൾ കണ്ടെത്തിയും ഓരോരുത്തരുടെയും ആവശ്യങ്ങളോട് കൂടുതൽ പ്രതിബദ്ധത ഉള്ളവരായി നിന്നു കൊണ്ടും സഹകരണ മേഖല കൂടുതൽ വിപുലപ്പെടുത്താനുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്.

ലോകത്ത് സമാനതകളില്ലാത്ത ഒരു പ്രത്യേകതരം ബന്ധമാണ് ഇന്ത്യയും നേപ്പാളും തമ്മിൽ നിലനിൽക്കുന്നത്. ഇരുരാജ്യങ്ങളും തമ്മിലുണ്ടാക്കിയ ഒരു ഉടമ്പടി പ്രകാരം ഓരോരാജ്യത്തെയും



എല്ലാ അയൽ രാജ്യങ്ങൾക്കും ഇന്ത്യയുമായി എന്തുകൊണ്ട് പ്രശ്നങ്ങൾ നിലനിൽക്കുന്നു? നമ്മുടെ വിദേശ നയത്തിൽ തെറ്റായി വല്ലതും ഉണ്ടോ? അല്ലെങ്കിൽ നമ്മുടെ വലുപ്പം കൊണ്ടു മാത്രമോ?

## നമുക്കിത് ഒരുമിച്ച് ചെയ്യാം

### ഘട്ടങ്ങൾ

- ക്ലാസ്റൂമിനെ എട്ട് ഗ്രൂപ്പുകളാക്കുക (രാജ്യങ്ങളുടെ എണ്ണത്തിന് അനുപാതികമായി) തെക്കേ ഏഷ്യയിലെ രാജ്യങ്ങളുടെ വലുപ്പം അനുസരിച്ച് ഗ്രൂപ്പിലെ കുട്ടികളുടെ എണ്ണത്തിൽ വ്യത്യാസം വരാം.
- ഓരോ ഗ്രൂപ്പിനും ഓരോ രാജ്യത്തിന്റെ പേര് നൽകിയതിനുശേഷം രാജ്യത്തെ സംബന്ധിക്കുന്ന പൊതു വിവരണങ്ങളും നൽകുക. അടിസ്ഥാന വിവരങ്ങൾക്ക് പുറമെ ദക്ഷിണേഷ്യൻ രാജ്യങ്ങൾക്കിടയിലുള്ള തർക്കങ്ങളും പ്രശ്നങ്ങളും സംബന്ധിച്ച് കുറിപ്പുകളും നൽകുക. ഈ അധ്യായത്തിൽ പ്രതിപാദിച്ചിട്ടുള്ളവയോ അല്ലെങ്കിൽ അധ്യായത്തിൽ പറയാതെ പോയതും എന്നാൽ പ്രാധാന്യമുള്ളതുമായ വിഷയം തിരഞ്ഞെടുക്കാം.
- തങ്ങൾക്കിഷ്ടപ്പെട്ട ഒരു പ്രശ്നം തെരഞ്ഞെടുക്കുവാൻ കുട്ടികളെ അനുവദിക്കുക. തർക്കം ഉഭയകക്ഷിപരമോ ബഹുകക്ഷിപരമോ ആകാം (മേഖലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുക്കുമ്പോൾ ഈ പ്രശ്നം ഇന്ത്യയുമായി ബന്ധപ്പെട്ടതാകാം.)
- ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഗവൺമെന്റുകൾ എടുത്തിട്ടുള്ള നടപടികളെക്കുറിച്ചും തർക്കങ്ങൾ പരിഹരിക്കുന്നതിൽ അവർ പരാജയപ്പെട്ടതിന്റെ കാരണങ്ങൾ കണ്ടെത്താനും ഓരോ ഗ്രൂപ്പിനെയും നിയോഗിക്കുക.
- രാജ്യത്തെ പ്രതിനിധീകരിച്ച് ഓരോ ഗ്രൂപ്പും തങ്ങളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുക.

#### അധ്യാപകർക്കുള്ള ആശയങ്ങൾ

- പൊതുപ്രശ്നം/തർക്കം പങ്കിടുന്ന രാജ്യങ്ങളെ ജോടിയാക്കുക. ഉഭയകക്ഷി പ്രശ്നത്തിൽ രണ്ടു ഗ്രൂപ്പും ബഹുകക്ഷി വിഷയത്തിൽ കൂടുതൽ ഗ്രൂപ്പുകളുമാകാം. (ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ജമ്മു-കാശ്മീർ തർക്കം, ഇന്ത്യയും ബംഗ്ലാദേശും തമ്മിലുള്ള കുടിയേറ്റക്കാരുടെ പ്രശ്നങ്ങൾ എന്നിവ ഉഭയകക്ഷി പ്രശ്നങ്ങളുടെ ഉദാഹരമാണ്; ഒരു സ്വതന്ത്ര വ്യാപാര മേഖലയുടെ രൂപീകരണം, ഭീകരവാദത്തെ കൈകാര്യം ചെയ്യൽ എന്നിവ ബഹുകക്ഷി പ്രശ്നങ്ങളിൽ ഉൾപ്പെടുന്നു.)
- നിശ്ചിത സമയ പരിധിക്കുള്ളിൽ നിർദേശങ്ങളും പ്രതിവാദങ്ങളും സംബന്ധിച്ച് ഗ്രൂപ്പുകൾ ചർച്ച നടത്തുക. ചർച്ചകളുടെ ഫലം അധ്യാപകൻ ശ്രദ്ധിക്കേണ്ടതാണ്. യോജിപ്പിന്റെയും വിയോജിപ്പിന്റെയും മേഖലകൾക്കായിരിക്കണം ഊന്നൽ കൊടുക്കേണ്ടത്
- ചർച്ചയുടെ അനന്തരഫലങ്ങളെ ദക്ഷിണേഷ്യൻ രാജ്യങ്ങൾക്കിടയിൽ നിലനിൽക്കുന്ന സാഹചര്യങ്ങളുമായി ബന്ധിപ്പിക്കുക. നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയ പ്രശ്നം കൈകാര്യം ചെയ്യുന്നതിൽ ഉൾപ്പെട്ടിരിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് സംസാരിക്കുക. സമാധാനപരമായ സഹവർത്തിത്വത്തിന് വേണ്ടി പരസ്പരം താത്പര്യങ്ങൾ ഉൾക്കൊള്ളേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ചർച്ച നടത്തികൊണ്ട് അവസാനിപ്പിക്കുക.

ജനങ്ങൾക്ക് അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്യാനും തൊഴിൽ ചെയ്യാനും വിസയോ പാസ്പോർട്ടോ ആവശ്യമില്ല. ഇത്തരം പ്രത്യേക ബന്ധം ഉണ്ടായിരുന്നിട്ടും ഇരു രാജ്യങ്ങളിലെയും ഗവൺമെന്റുകൾ തമ്മിൽ പണ്ടു മുതൽക്കെതന്നെ വ്യാപാരം സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടായിരുന്നു. നേപ്പാളിന് ചൈനയുമായുള്ള ഹൃദ്യമായ ബന്ധം, ഇന്ത്യാവിരുദ്ധ ഘടകങ്ങളോടുള്ള നേപ്പാളിന്റെ നിഷ്ക്രിയത്വം എന്നിവയോട് ഉള്ള അസന്തുഷ്ടി ഇന്ത്യാ ഗവൺമെന്റ് പലപ്പോഴും പ്രകടിപ്പിച്ചിട്ടുണ്ട്. നേപ്പാളിലെ മാവോയിസ്റ്റ് പ്രസ്ഥാനങ്ങളെ ഇന്ത്യൻ സുരക്ഷാ ഏജൻസികൾ വളർന്നുവരുന്ന സുരക്ഷാ ഭീഷണിയായാണ് പരിഗണിക്കുന്നത്. അത് വടക്ക് ബീഹാർ മുതൽ തെക്ക് ആന്ധ്രാപ്രദേശ് വരെയുള്ള ഇന്ത്യൻ പ്രദേശങ്ങളിൽ നക്സ്ലെറ്റ് വിഭാഗങ്ങളുടെ വളർച്ചയ്ക്ക് കാരണമായതായി ഇവർ കണക്കാക്കുന്നു. നേപ്പാളിലെ പല നേതാക്കളും നേപ്പാളി പൗരന്മാരും ചിന്തിക്കുന്നത് ഇന്ത്യാ ഗവൺമെന്റ് തങ്ങളുടെ ആഭ്യന്തര കാര്യത്തിൽ ഇടപെടുകയാണെന്നാണ്. അതിന്റെ നദീജലത്തിലും, ജലവൈദ്യുതിയിലും ഇന്ത്യയ്ക്ക് ചില കണക്കുകൂട്ടലുകൾ ഉണ്ടെന്നും, കരഭാഗങ്ങളാൽ ചുറ്റപ്പെട്ട നേപ്പാളിനെ ഇന്ത്യൻ പ്രദേശത്ത് കൂടെ സമുദ്രത്തിലേക്കെത്തുന്നത് തടയുന്നുണ്ടെന്നും ആശങ്കപ്പെടുന്നു. എന്നിരുന്നാലും ഇന്തോ-നേപ്പാൾ ബന്ധങ്ങൾ കുറെയൊക്കെ സ്ഥിരതയുള്ളതും സമാധാനപരവും ആയിരുന്നു. ഭിന്നതകൾക്കിടയിലും വ്യാപാരം, ശാസ്ത്രം, സഹകരണം, പൊതു പ്രകൃതി വിഭവങ്ങൾ, വൈദ്യുതോൽപ്പാദനം, സംയോജിത ജലവിനിയോഗ ശൃംഖലകൾ എന്നിവയെല്ലാം ഇരുരാജ്യങ്ങളെയും ഒരുമിച്ച് നിർത്തുന്നു. നേപ്പാളിലെ ജനാധിപത്യത്തിന്റെ ഏകീകരണം ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിലേക്ക് നയിക്കുമെന്ന് പ്രതീക്ഷയുണ്ട്.

ഇന്ത്യ ശ്രീലങ്ക ഗവൺമെന്റുകൾക്കിടയിലെ ബന്ധത്തിലുള്ള ബുദ്ധിമുട്ടുകളിൽ ഏറ്റവും പ്രധാനം പ്രസ്തുത ദ്വീപ് രാഷ്ട്രത്തിലെ വംശീയ സംഘർഷങ്ങൾ സംബ

ന്ധിച്ചുള്ളവയായിരുന്നു. തമിഴ് ജനത രാഷ്ട്രീയമായി അസന്തുഷ്ടരും, കൊല്ലപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ ഇന്ത്യൻ നേതാക്കന്മാർക്കും പൗരന്മാർക്കും നിക്ഷ്പക്ഷമായി നിലകൊള്ളുക അസാധ്യമായിരുന്നു. 1987 ലെ സൈനിക ഇടപെടലിനുശേഷം ശ്രീലങ്കയുടെ ആഭ്യന്തര പ്രശ്നങ്ങളിൽ ഇടപെടാതെ വിട്ടുനിൽക്കുക എന്ന നയമാണ് ഇന്ത്യ അനുവർത്തിക്കുന്നത്. ഇന്ത്യ ശ്രീലങ്കയുമായി സ്വതന്ത്രവ്യാപാര കരാർ ഒപ്പുവച്ചത് ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തി. സുനാമിക്ക് ശേഷം ശ്രീലങ്കയിലെ പുനർനിർമ്മാണത്തിന് ഇന്ത്യ സഹായം നൽകിയത് ഇരുരാജ്യങ്ങളെയും കൂടുതൽ അടുപ്പിച്ചു.

ഭൂട്ടാനുമായും ഇന്ത്യ പ്രത്യേക ബന്ധം നിലനിർത്തുന്നു. ഭൂട്ടാൻ ഗവൺമെന്റുമായി പറയത്തക്ക സംഘർഷങ്ങളൊന്നും തന്നെ ഇല്ല. തന്റെ രാജ്യത്ത് പ്രവർത്തിക്കുന്ന, ഉത്തര കിഴക്കൻ ഇന്ത്യയുടെ ഒളിപ്പോരാളികളെയും തീവ്രവാദികളെയും ഉന്മൂലനം ചെയ്യാൻ ഭൂട്ടാൻ രാജാവ് നടത്തിയ ശ്രമങ്ങൾ ഇന്ത്യക്ക് സഹായകമായി. ഭൂട്ടാനിലെ വൻ ജലവൈദ്യുത പദ്ധതികളിൽ ഇന്ത്യ പങ്കാളിയാണ്. കൂടാതെ ഈ ഹിമാലയൻ രാജ്യത്തിന്റെ വികസന സഹായത്തിന്റെ ഏറ്റവും വലിയ സ്രോതസ്സായും നിലകൊള്ളുന്നു. മാലിദ്വീപുമായുള്ള ഇന്ത്യയുടെ ബന്ധം ഊഷ്മളവും സൗഹൃദപരവുമായിരുന്നു. 1988 നവംബറിൽ ശ്രീലങ്കയിൽ നിന്നുള്ള തമിഴ് കൂലിപ്പട്ടാളം മാലിദ്വീപ് ആക്രമിച്ചപ്പോൾ ആക്രമണം അവസാനിപ്പിക്കാൻ സഹായിക്കണമെന്ന അഭ്യർഥന ഇന്ത്യ സ്വീകരിച്ചു. ഇന്ത്യൻ വ്യോമസേനയും നാവികപ്പടയും ധ്രുതഗതിയിൽ പ്രതികരിച്ചു. ദ്വീപിലെ സാമ്പത്തിക വികസനം, വിനോദസഞ്ചാരം, മത്സ്യമേഖല എന്നിവയ്ക്ക് ഇന്ത്യ മികച്ച സംഭാവന നൽകുന്നു.

ഇന്ത്യക്ക് ഈ മേഖലയിലെ തങ്ങളുടെ ചെറു അയൽ രാജ്യങ്ങളുമായി വിവിധ പ്രശ്നങ്ങൾ ഉണ്ടെന്ന് നിങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലോ. ഇന്ത്യയുടെ വിസ്തൃതിയും കരുത്തും അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ സംശയത്തോടെ നിരീക്ഷിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിച്ചു. മറുഭാഗത്ത്, ഇന്ത്യാഗവൺമെന്റിന് അയൽരാജ്യങ്ങൾ തങ്ങളെ ചൂഷണം ചെയ്യുന്നതായി അനുഭവപ്പെട്ടു. ഈ അയൽ രാജ്യങ്ങളിലെ രാഷ്ട്രീയ അസ്ഥിരതകളെ ഇന്ത്യ ഇഷ്ടപ്പെട്ടിരുന്നില്ല കാരണം ഇത്തരം അസ്ഥിരതകൾ പുറമേനിന്നുള്ള ശക്തികൾക്ക് ഈ മേഖലയിൽ സ്വാധീനം നേടുന്നതിന് കാരണമാകുമെന്ന് ഇന്ത്യ ഭയപ്പെട്ടു. അതേ സമയം, ഒരു പ്രാദേശിക ആധിപത്യ ശക്തിയാക്കാൻ ഇന്ത്യ ആഗ്രഹിക്കുന്നുവെന്ന് ഈ മേഖലയിലെ ചെറു രാജ്യങ്ങൾ ഭയപ്പെട്ടു.

ദക്ഷിണേഷ്യയിലെ എല്ലാ സംഘർഷങ്ങളും ഇന്ത്യയും അയൽ രാജ്യങ്ങളും തമ്മിൽ ഉള്ളവയായിരുന്നില്ല. നേപ്പാളും ഭൂട്ടാനും തമ്മിലും അതേപോലെ ബംഗ്ലാദേശും മ്യാന്മറും തമ്മിലും പ്രശ്നങ്ങൾ നിലനിന്നിരുന്നു. പണ്ടു മുതലേ നേപ്പാളി വംശജർ ഭൂട്ടാനിലേക്ക് കുടിയേറുന്നതും, രോഹിങ്ക്യൻസ് മ്യാന്മാറിലേക്ക് കുടിയേറുന്നതും യഥാക്രമം ഇവർക്കിടയിലെ അഭിപ്രായവ്യത്യാസങ്ങൾക്ക് കാരണമായി. ഹിമാലയൻ നദികളുടെ ഭാവി സംബ



അമേരിക്കയെക്കുറിച്ച് വിവരിച്ച അധ്യായം 'അമേരിക്കൻ അധീശത്വം' എന്ന പേരിട്ടെങ്കിൽ എന്തുകൊണ്ട് CuA [ ybs 'ഇന്ത്യൻ അധീശത്വം' എന്നു വിളിക്കുന്നില്ല?




സുരേന്ദ്ര, ദി ഹിന്ദു

*ദക്ഷിണേഷ്യയിലെ പ്രാദേശിക സഹകരണ പ്രക്രിയയിൽ ഇന്ത്യയുടെയും പാകിസ്ഥാന്റെയും പങ്കിനെക്കുറിച്ച് ഈ കാർട്ടൂൺ എന്താണ് നിങ്ങളോട് പറയുന്നത്?*




കേശവ്, ദി ഹിന്ദു




പാക്കിസ്ഥാൻ ട്രിബ്യൂൺ

മുകളിൽ തന്നിരിക്കുന്ന രണ്ടു കാർട്ടൂണുകൾ, ഒന്ന് ഇന്ത്യയിൽ നിന്നും മറ്റൊന്ന് പാക്കിസ്ഥാനിൽ നിന്നും, ഈ മേഖലയിൽ താൽപര്യമുള്ള രണ്ട് പ്രധാന കളിക്കാരുടെ പങ്കു വ്യാഖ്യാനിക്കുന്നു. ഇവരുടെ കാഴ്ചപ്പാടുകൾ തമ്മിൽ എന്തെങ്കിലും സമാനത നിങ്ങൾക്ക് കാണുവാൻ കഴിയുന്നുണ്ടോ?



എല്ലാ സംഘടനകളും വ്യാപാരാവശ്യത്തിനായി രൂപപ്പെട്ടവയാണെന്ന് തോന്നുന്നു. ജനതകൾ തമ്മിലുള്ള ബന്ധത്തെക്കാൾ പ്രധാനപ്പെട്ടതാണോ വ്യാപാര ബന്ധങ്ങൾ?

സിച്ച് ബംഗ്ലാദേശിനും നേപ്പാളിനുമിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും പ്രധാന സംഘർഷങ്ങളും അഭിപ്രായവ്യത്യാസങ്ങളുമെല്ലാം ഇന്ത്യയും മറ്റുള്ളവരുമായിട്ടായിരുന്നു. കാരണം ഭാഗികമായെങ്കിലും, പ്രദേശത്തിന്റെ ഭൂമിശാസ്ത്രം തന്നെയാണ്. മേഖലയിൽ ഇന്ത്യയുടെ സ്ഥാനം മധ്യഭാഗത്താണ്. അതുകൊണ്ട് തന്നെ മറ്റുള്ളവരുമായി അതിർത്തി പങ്കിടുന്ന ഏക രാജ്യവും ഇന്ത്യയാണ്.

## സമാധാനവും സഹകരണവും (PEACE AND COOPERATION)

ദക്ഷിണേഷ്യയിലെ രാജ്യങ്ങൾ പരസ്പരം സഹകരിക്കുന്നുണ്ടോ? അല്ലെങ്കിൽ അവ പരസ്പരം ഏറ്റുമുട്ടുക മാത്രമാണോ ചെയ്യുന്നത്? വിവിധ സംഘർഷങ്ങൾക്കിടയിലും ദക്ഷിണേഷ്യൻ രാജ്യങ്ങൾ തങ്ങൾക്കിടയിൽ സഹകരണവും സൗഹൃദബന്ധങ്ങളും നിലനിൽക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയുന്നു. വിവിധ മാർഗ്ഗങ്ങളിലൂടെ ദക്ഷിണേഷ്യൻ രാജ്യങ്ങൾക്കിടയിൽ സഹകരണം രൂപപ്പെടുത്താനായി പ്രദേശത്തെ രാജ്യങ്ങൾ മുൻകൈയെടുത്ത് സ്ഥാപിച്ച സംരംഭമാണ് സൗത്ത് ഏഷ്യൻ അസോസിയേഷൻ ഫോർ റീജണൽ കോഓപ്പറേഷൻ (SAARC). 1985 ൽ ഇത് പ്രവർത്തനം ആരംഭിച്ചു. നിർഭാഗ്യവശാൽ സ്ഥിരമായി നിലനിൽക്കുന്ന രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾ കാരണം സാർക്കിന് മെച്ചപ്പെട്ട പ്രവർത്തന വിജയം ഉണ്ടായില്ല. ദക്ഷിണേഷ്യക്ക് മുഴുവനായി ഒരു സ്വതന്ത്ര വ്യാപാരമേഖലയുടെ രൂപീകരണത്തിനായി ദക്ഷിണേഷ്യൻ സ്വതന്ത്ര വ്യാപാര കരാറിൽ (SAFTA) സാർക്ക് അംഗരാജ്യങ്ങൾ ഒപ്പുവച്ചു.

പ്രദേശത്തെ എല്ലാ രാജ്യങ്ങളും അതിർത്തിക്കപ്പുറമുള്ള സ്വതന്ത്രവ്യാപാരം അനുവദിക്കുകയാണെങ്കിൽ ദക്ഷിണേഷ്യയിൽ സമാധാനത്തിന്റെയും സഹകരണത്തിന്റെയും ഒരു പുതിയ അധ്യായം ഉരുത്തിരിയും. സാഫ്റ്റ എന്ന ആശയത്തിന് പിന്നിലെ ചേതോവികാരം ഇതാണ്. പ്രസ്തുത കരാർ 2004 ൽ ഒപ്പുവെക്കുകയും 2006 ജനുവരി 1 ന് നിലവിൽ വരികയും ചെയ്തു. വ്യാപാര തീരുവകൾ കുറച്ചു കൊണ്ടു വരാൻ സാഫ്റ്റ ലക്ഷ്യമിടുന്നു. സാഫ്റ്റ എന്നത് ഇന്ത്യക്ക് തങ്ങളുടെ വിപണിയിലേക്ക് അതിക്രമിച്ച് കയറാനുള്ള വഴിയാണെന്നും, തങ്ങളുടെ രാജ്യത്തെ വ്യാപാര ഉദ്യമങ്ങളിലൂടെയും വ്യാപാരസാന്നിധ്യത്തിലൂടെയും തങ്ങളുടെ സമൂഹത്തെയും രാഷ്ട്രീയത്തെയും ഇന്ത്യ സ്വാധീനിക്കുമെന്നും ചില അയൽരാജ്യങ്ങൾ ഭയക്കുന്നു. സാഫ്റ്റയിൽ നിന്ന് എല്ലാ രാജ്യങ്ങൾക്കും യഥാർത്ഥത്തിലുള്ള സാമ്പത്തിക നേട്ടങ്ങൾ ലഭിക്കുമെന്നും കൂടുതൽ സ്വതന്ത്രമായി വ്യാപാരം നടത്തുന്ന ഒരു മേഖലക്ക് രാഷ്ട്രീയ പ്രശ്നങ്ങളിൽമേൽ കൂടുതൽ നല്ല രീതിയിലുള്ള സഹകരണം ഉറപ്പുവരുത്താൻ സാധിക്കുമെന്നും ഇന്ത്യ ചിന്തിക്കുന്നു. ഭൂട്ടാൻ, നേപ്പാൾ, ശ്രീലങ്ക എന്നീ രാജ്യങ്ങളുമായി ഇന്ത്യക്ക് ഉഭയകക്ഷി കരാർ നിലവിലുള്ളതിനാൽ സാഫ്റ്റ കൊണ്ട് വലിയ ഗുണമില്ലെന്നും ഇന്ത്യയിലെ മറ്റ് ചിലർ ചിന്തിക്കുന്നു.

ഇന്ത്യ - പാക്കിസ്ഥാൻ ബന്ധം എന്നത് പതിവായുള്ള സംഘർഷങ്ങളുടെയും കലാപങ്ങളുടെയും കഥയാണെന്ന് കരുതപ്പെടുന്നുണ്ടെങ്കിലും പിരിമുറുക്കങ്ങൾ നിയന്ത്രിക്കുന്നതിനും സമാ

ധാനം കെട്ടിപ്പടുക്കുന്നതിനുമുള്ള തുടർച്ചയായ പരിശ്രമങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. യുദ്ധ ഭീഷണി കുറച്ചുകൊണ്ടുവരാനായി പരസ്പര വിശ്വാസം വളർത്തുന്ന മാർഗ്ഗങ്ങൾ കൈകൊള്ളാൻ ഇരു രാജ്യങ്ങളും സമ്മതിച്ചിട്ടുണ്ട്. ഇരു രാജ്യത്തുമുള്ള ജനങ്ങൾക്കിടയിൽ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ വേണ്ടി സാമൂഹ്യ പ്രവർത്തകരും പ്രഗൽഭ വ്യക്തികളും സഹകരിച്ച് പ്രവർത്തിച്ചു. പരസ്പരം നന്നായി മനസ്സിലാക്കാനും രണ്ട് അയൽ രാജ്യങ്ങൾക്കിടയിൽ നിലനിൽക്കുന്ന മുഖ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും നേതാക്കൾ വിവിധ ഉച്ചകോടികളിൽ പങ്കെടുത്തു. ഇരു രാജ്യങ്ങൾക്കുമിടയിൽ നിരവധി ബസ് സർവീസുകൾ ആരംഭിച്ചു. കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കിടയിൽ പഞ്ചാബിന്റെ രണ്ട് ഭാഗങ്ങൾ തമ്മിലുള്ള വ്യാപാരം ഗണ്യമായി വർദ്ധിച്ചു. വിസകൾ കൂടുതൽ എളുപ്പത്തിൽ ലഭ്യമായി.

ഒരു മേഖലയും ഒറ്റപ്പെട്ട് നിൽക്കുന്നില്ല. മേഖലേതര ശക്തികളിൽ നിന്ന് സ്വയം ഒഴിഞ്ഞ് നിൽക്കാൻ അവ എത്രമാത്രം ശ്രമിച്ചാലും പുറമേ നിന്നുള്ള ശക്തികളും സംഭവങ്ങളും അതിനെ സ്വാധീനിക്കും.

ചൈനയും അമേരിക്കൻ ഐക്യനാടുകളും ദക്ഷിണേഷ്യൻ രാഷ്ട്രീയത്തിലെ മുഖ്യകളിക്കാരായി നിലനിൽക്കുന്നു. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സിനോ-ഇന്ത്യൻ ബന്ധങ്ങൾ സാരമായി മെച്ചപ്പെട്ടു, എന്നാൽ പാകിസ്ഥാനുമായി ചൈനക്കുള്ള തന്ത്രപരമായ പങ്കാളിത്തം ഒരു പ്രധാന അസ്വസ്ഥതയാണ്. വികസന ആവശ്യവും ആഗോളവത്കരണവും ഏഷ്യയിലെ ഈ രണ്ട് വൻ ശക്തികളെ അടുപ്പിക്കുകയും 1991 മുതൽ അവർക്കിടയിലെ സാമ്പത്തിക ബന്ധങ്ങൾ പലമടങ്ങ് വർദ്ധിക്കുകയും ചെയ്തു.

ശീതയുദ്ധശേഷം ദക്ഷിണേഷ്യയിലുള്ള അമേരിക്കൻ സാന്നിധ്യം ത്വരിതഗതിയിൽ വർദ്ധിച്ചിട്ടുണ്ട്. ശീതയുദ്ധശേഷം, യു.എസ്. ഇന്ത്യയുമായും പാകിസ്ഥാനുമായും നല്ല ബന്ധം നിലനിർത്തുകയും ഇന്ത്യാ പാകിസ്ഥാൻ ബന്ധത്തിലെ ഒരു മധ്യസ്ഥനായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഇരുരാജ്യങ്ങളിലെയും സാമ്പത്തിക പരിഷ്കാരങ്ങളും ഉദാര സാമ്പത്തിക നയങ്ങളും ഈ മേഖലയിലെ അമേരിക്കൻ പങ്കാളിത്തത്തിന്റെ വ്യാപ്തി ഗണ്യമായി വർദ്ധിപ്പിച്ചു. വലിയ അളവിൽ അമേരിക്കയിലുള്ള ദക്ഷിണേഷ്യൻ വംശജർ, മേഖലയിലെ ജനസംഖ്യയുടേയും വിപണിയുടേയും വലിപ്പം എന്നിവയെല്ലാം അമേരിക്കക്ക് ഈ മേഖലയുടെ സുരക്ഷയുടേയും സമാധാനത്തിന്റെയും കാര്യത്തിലുള്ള താൽപര്യം വർദ്ധിപ്പിക്കുന്നു.

ഇങ്ങനെയൊക്കെയായാലും, ദക്ഷിണേഷ്യ ഒരു സംഘർഷ സാധ്യതയുള്ള മേഖലയായി തുടരുമോ അതോ വ്യാപാര താത്പര്യങ്ങളുടേയും ചില പൊതു സംസ്കാരിക സവിശേഷതകളുടേയും ഒരു മേഖലയായി രൂപപ്പെടുമോ എന്നുള്ളത് പുറം ശക്തികൾക്കുപരി, ആ മേഖലയിലെ ജനങ്ങളെയും ഗവൺമെന്റുകളെയും ആശ്രയിച്ചിരിക്കുന്നു.

**ഉത്തരങ്ങൾ**

1. രാജ്യമേതെന്ന് തിരിച്ചറിയുക.
   a. രാജാധിപത്യാനുകൂലികളും, ജനാധിപത്യാനുകൂലികളും തീവ്രവാദികളും തമ്മിലുള്ള സംഘർഷമാണ് രാഷ്ട്രീയ അസ്ഥിരതയെ രൂപപ്പെടുത്തിയത്.
   b. സമുദ്രാതിർത്തികൾ ഇല്ലാതെ കരഭൂമിയാൽ വലയം ചെയ്യപ്പെട്ടതും ബഹുകക്ഷി സമ്പ്രദായമുള്ളതുമായ രാജ്യം.
   c. സമ്പദ് വ്യവസ്ഥ ഉദാരവത്കരിച്ച ആദ്യ ദക്ഷിണേഷ്യൻ രാജ്യം.
   d. സൈന്യവും ജനാധിപത്യ അനുകൂലികളും തമ്മിലുള്ള ഏറ്റുമുട്ടലിൽ ജനാധിപത്യത്തിനു മേൽ സൈന്യം വിജയം നേടിയത്.
   e. കേന്ദ്രസ്ഥാനത്ത് നിലകൊണ്ട് ഏതാണ്ട് എല്ലാ ദക്ഷിണേഷ്യൻ രാജ്യങ്ങളുമായും അതിർത്തി പങ്കിടുന്നത്.

## അഭ്യാസങ്ങൾ

f. ആദ്യം ഈ ദ്വീപ് രാഷ്ട്രത്തിന് ഒരു സുൽത്താൻ രാഷ്ട്രത്തലവനായി ഉണ്ടായിരുന്നു. ഇപ്പോൾ ഇത് ഒരു റിപ്പബ്ലിക് ആണ്.

g. ഗ്രാമീണ മേഖലയിലെ ചെറുകിട സമ്പാദ്യങ്ങളും, വായ്പാസഹകരണ സംഘങ്ങളും ദാരിദ്ര്യം ലഘൂകരിക്കാൻ സഹായകമായി.

h. കരഭൂമിയാൽ ചുറ്റപ്പെട്ട ഒരു രാജാധിപത്യ രാഷ്ട്രം.

2. താഴെ പറയുന്നവയിൽ ദക്ഷിണേഷ്യയെ സംബന്ധിച്ച തെറ്റായ പ്രസ്താവന ഏത്

   a. ദക്ഷിണേഷ്യയിലെ എല്ലാ രാജ്യങ്ങളും ജനാധിപത്യ രാഷ്ട്രങ്ങളാണ്.

   b. നദീജലം പങ്കിടുന്നത് സംബന്ധിച്ച് ഇന്ത്യയും ബംഗ്ലാദേശും തമ്മിൽ ഒരു കരാർ ഒപ്പിട്ടിട്ടുണ്ട്.

   c. 12 സാർക്ക് രാജ്യങ്ങൾ ചേർന്ന് ഇസ്ലാമാബാദ് ഉച്ചകോടിയിൽ സാഫ്റ്റ (SAFTA) കരാർ ഒപ്പുവെച്ചു.

   d. ചൈനയും - യു.എസ്. ഉം ദക്ഷിണേഷ്യൻ രാഷ്ട്രീയത്തിൽ പ്രധാന സ്വാധീന ശക്തികളാണ്.

3. ബംഗ്ലാദേശ് - പാകിസ്ഥാൻ എന്നീ രാജ്യങ്ങളിലെ ജനാധിപത്യ അനുഭവങ്ങളിലെ സമാനതകളും, വൈജാത്യങ്ങളും എന്തെല്ലാം?

4. നേപ്പാളിലെ ജനാധിപത്യം നേരിടുന്ന മൂന്നു വെല്ലുവിളികൾ ഏതെല്ലാം?

5. ശ്രീലങ്കയിലെ വംശീയ പ്രശ്നത്തിലെ പ്രധാന കക്ഷികൾ ആരെല്ലാം? പ്രശ്നപരിഹാര ശ്രമത്തെ സംബന്ധിച്ച് നിങ്ങളുടെ വിലയിരുത്തൽ എന്ത്?

6. ഇന്ത്യയും പാക്കിസ്ഥാനും ഒപ്പുവച്ച സമീപ കാല കരാറുകൾ ഏതെല്ലാം? സൗഹൃദ ബന്ധം സ്ഥാപിക്കാനുള്ള ഉദാത്ത ശ്രമങ്ങളിലാണ് ഈ രാജ്യങ്ങൾ എന്ന് നമുക്ക് ഉറപ്പിക്കാമോ?

7. ഇന്ത്യയും ബംഗ്ലാദേശും തമ്മിലുള്ള സഹകരണത്തിന്റെയും വിയോജിപ്പിന്റെയും രണ്ടു മേഖലകൾ വീതം ചൂണ്ടിക്കാട്ടുക.

8. ദക്ഷിണേഷ്യൻ രാജ്യങ്ങളിലെ ഉഭയകക്ഷിബന്ധങ്ങളെ ബാഹ്യശക്തികൾ എങ്ങനെ സ്വാധീനിക്കുന്നു? നിങ്ങളുടെ കാഴ്ചപ്പാടിനെ വിവരിക്കുവാനായി ഒരു ഉദാഹരണം എടുക്കുക.

9. ദക്ഷിണേഷ്യൻ രാജ്യങ്ങൾക്കിടയിൽ സാമ്പത്തിക സഹകരണം സാധ്യമാക്കുന്ന സംഘടന എന്ന നിലയിൽ സാർക്കിന്റെ പങ്കിനെക്കുറിച്ചും പരിമിതികളെക്കുറിച്ചും ഒരു കുറിപ്പ് തയ്യാറാക്കുക.

10. ഇന്ത്യാ ഗവൺമെന്റ് മേഖലയിൽ ആധിപത്യം സ്ഥാപിക്കാനും തങ്ങളുടെ കാര്യങ്ങളിൽ ഇടപ്പെടാനും ശ്രമിക്കുന്നു എന്ന് ഇന്ത്യയുടെ അയൽ രാജ്യങ്ങൾ ചിന്തിക്കുന്നു. ഇത് ഒരു ശരിയായ വീക്ഷണമാണോ?

H1Y5R1

## അധ്യായം ആറ്

# അന്തർദേശീയ സംഘടനകൾ (International Organisations)

ഐക്യരാഷ്ട്ര സംഘടനയുടെ ലോഗോയാണിത്. ലോകസമാധാനത്തെ സൂചിപ്പിക്കുന്ന ഒലീവിലകളാൽ ചുറ്റപ്പെട്ട ലോകരൂപടമാണ് ഈ എംബ്ലത്തിലുള്ളത്.
കടപ്പാട് : www.un.org

### അവലോകനം

ഈ അധ്യായത്തിൽ സോവിയറ്റ് യൂണിയന്റെ പതനത്തിന് ശേഷമുള്ള അന്തർദേശീയ സംഘടനകളുടെ പങ്കിനെക്കുറിച്ച് നമ്മൾ ചർച്ച ചെയ്യും. പുതുതായി ഉദയം ചെയ്യുന്ന ലോകത്ത് അമേരിക്കൻ ശക്തി ഉൾപ്പെടെയുള്ള വെല്ലുവിളികളെ നേരിടാൻ അന്തർദേശീയ സംഘടനകൾ പുനസംഘടിപ്പിക്കപ്പെടാൻ എപ്രകാരം ആഹ്വാനങ്ങളുണ്ടായി എന്നും നമുക്ക് പരിശോധിക്കാം. ഐക്യരാഷ്ട്ര സുരക്ഷാ സമിതിയുടെ നിർദിഷ്ട പരിഷ്കരണം ഇത്തരം പരിഷ്കരണ പ്രക്രിയയുടെയും അതിന്റെ വിഷമതകളുടെയും രസകരമായ ഒരു ഉദാഹരണമാണ്. പിന്നീട് അതിനുശേഷം നമുക്ക് ഐക്യരാഷ്ട്ര സംഘടനയിൽ ഇന്ത്യയുടെ ഇടപെടലുകളിലേക്കും സുരക്ഷാ സമിതി പരിഷ്കരണത്തെക്കുറിച്ചുള്ള അതിന്റെ കാഴ്ചപ്പാടുകളിലേക്കും ശ്രദ്ധതിരിക്കാം. ഒരു വൻശക്തി ആധിപത്യം ചെലുത്തുന്ന ലോകത്തെ കൈകാര്യം ചെയ്യുന്നതിന് ഐക്യരാഷ്ട്ര സംഘടനക്ക് എന്തെങ്കിലും പങ്കുണ്ടോ എന്ന ചോദ്യത്തോടെ ഈ അധ്യായം അവസാനിക്കും ലോകത്ത് നിർണായക പങ്ക് വഹിക്കുന്ന ഏതാനും രാജ്യാന്തര സംഘടനകളെയും നാം ഈ അധ്യായത്തിൽ പരിശോധിക്കും.



*നിയമനിർമ്മാണ സഭയെക്കുറിച്ചും അവർ പറയുന്നത് അതാണ് - ടോക്കിംഗ് ഷോപ്. നമുക്ക് "ടോക്കിംഗ് ഷോപ്പുകൾ" വേണമെന്നാണോ അതിനർഥം?*

## എന്തുകൊണ്ട് അന്തർദേശീയ സംഘടനകൾ? (WHY INTERNATIONAL ORGANISATIONS)

ഈ പേജിലെ രണ്ട് കാർട്ടൂണുകളും വായിക്കുക. 2006 ലെ ലബനൻ പ്രതിസന്ധിയിൽ യു.എൻ എന്ന് വിളിക്കപ്പെടുന്ന ഐക്യരാഷ്ട്ര സംഘടനയുടെ ഉപയോഗശൂന്യതയെയാണ് രണ്ട് കാർട്ടൂണിലും സൂചിപ്പിക്കുന്നത്. യു.എന്നിനെ കുറിച്ചു നമ്മൾ മിക്കപ്പോഴും കേൾക്കുന്ന തരത്തിലുള്ള അഭിപ്രായങ്ങൾ രണ്ട് കാർട്ടൂണിലും സൂചിപ്പിക്കുന്നു.

മറുവശത്ത്, ഐക്യരാഷ്ട്ര സംഘടന ഇന്നത്തെ ലോകത്ത് ഏറ്റവും പ്രധാനപ്പെട്ട അന്തർദേശീയ സംഘടനയായി പൊതുവെ കരുതപ്പെടുന്നതായി നമുക്ക് കാണാം. ലോകത്തെമ്പാടുമുള്ള നിരവധി ജനങ്ങളുടെ കണ്ണിൽ അത് ഒഴിവാക്കാനാവാത്തതും സമാധാനത്തിനും പുരോഗതിക്കുമുള്ള മാനവരാശിയുടെ വലിയ പ്രതീക്ഷയെ സൂചിപ്പിക്കുന്നതുമാണ്. അങ്ങനെയെങ്കിൽ എന്തുകൊണ്ടാണ് നമുക്ക് യു.എൻ. പോലുള്ള സംഘടനകൾ ആവശ്യമാകുന്നത്? ഐക്യരാഷ്ട്ര സംഘടനയ്ക്കുള്ളിൽ ഉണ്ടായിരുന്ന രണ്ടു പേരെ നമുക്ക് കേൾക്കാം.

"മനുഷ്യരെ സ്വർഗത്തിലേക്ക് കൊണ്ടുപോവാനല്ല ഐക്യരാഷ്ട്ര സംഘടന രൂപീകരിച്ചത്. മറിച്ച് നരകത്തിൽ നിന്ന് രക്ഷിക്കാനാണ്." ഡാഗ് ഹാമർ സ്കോൾഡ് ഐക്യരാഷ്ട്ര സംഘടനയുടെ രണ്ടാമത്തെ സെക്രട്ടറി ജനറൽ.

"ടോക്കിംഗ് ഷോപ്പോ (Talking shop)? അതെ. യു.എന്നിൽ നിരവധി പ്രസംഗങ്ങളും സമ്മേളനങ്ങളും ഉണ്ടാവാറുണ്ട്, പ്രത്യേകിച്ച് പൊതു സഭയുടെ വാർഷിക സമ്മേളനത്തിൽ. ചർച്ചിൽ പറഞ്ഞതുപോലെ സംസാരം യുദ്ധത്തേക്കാൾ നല്ലതാണ്. ലോകത്തെ എല്ലാ രാജ്യങ്ങൾക്കും ഒന്നിച്ചിരിക്കാൻ, യുദ്ധക്കളത്തിൽ പരസ്പരം മുറിവേല്പിക്കുന്നതിന് പകരം വാക്കുകൾ കൊണ്ട് ബോറടിപ്പിക്കാൻ ഒരിടം നല്ലതല്ലേ?" - ശശിതരൂർ, പൊതു ആശയവിനിമയത്തിനും പൊതു വിവരങ്ങൾക്കുമുള്ള ഐക്യരാഷ്ട്ര മുൻ അണ്ടർ സെക്രട്ടറി.

ഈ രണ്ടു പേരുടെ വാക്കുകളും പ്രധാനപ്പെട്ട ചിലതിനെ സൂചിപ്പിക്കുന്നു. അന്തർദേശീയ സംഘടനകൾ എല്ലാറ്റിനും ഉള്ള മറുപടിയല്ല. എന്നാൽ അവ പ്രധാനപ്പെട്ടതാണ്. അന്തർദേശീയ സംഘടനകൾ യുദ്ധത്തിന്റെയും സമാധാനത്തിന്റെയും വിഷയങ്ങളിൽ സഹായമാവുന്നു. എല്ലാവർക്കും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളുണ്ടാക്കുന്നതിന് പരസ്പരം സഹകരിക്കുന്നതിനും അവർ രാഷ്ട്രങ്ങളെ സഹായിക്കുന്നു.

രാജ്യങ്ങൾ തമ്മിൽ ഭിന്നതകളും സംഘർഷങ്ങളും ഉണ്ടാവും. അതിനർഥം വഴക്കു

© Harry Harrison, Cagle Cartoons Inc.





© Petar Pismestrovic, Cagle Cartoons Inc.

*ഹിസ്ബുള്ള എന്ന തീവ്രവാദി സംഘടനയെ നിയന്ത്രിക്കേണ്ടത് ആവശ്യമാണെന്ന് പറഞ്ഞ് ജൂൺ - 2006 ൽ ഇസ്രായേൽ ലെബനനെ അക്രമിച്ചു. നിരവധി സാധാരണ പൗരന്മാർ കൊല്ലപ്പെട്ടു. നിരവധി പൊതു കെട്ടിടങ്ങളും സ്വകാര്യ വസതികൾ പോലും ഇസ്രായേലിന്റെ ബോംബിങ്ങിന് വിധേയമായി. ഓഗസ്റ്റിൽ ഇക്കാര്യത്തിൽ യു.എൻ. പ്രമേയം പാസാക്കിയെങ്കിലും ഒക്ടോബറിൽ മാത്രമാണ് ഇസ്രായേൽ ഈ പ്രദേശത്ത് നിന്ന് പിന്മാറിയത്. ഈ സംഭവത്തിൽ ഐക്യരാഷ്ട്ര സംഘടനയ്ക്കും സെക്രട്ടറി ജനറലിനുമുള്ള പങ്കിനെക്കുറിച്ചുള്ളതാണ് രണ്ട് കാർട്ടൂണുകളും*

കൾ പരിഹരിക്കാൻ അവർ യുദ്ധത്തിന് പോവുമെന്നല്ല. അതിന് പകരം അവർക്ക് വിവാദപരമായ വിഷയങ്ങൾ ചർച്ച ചെയ്യുകയും സമാധാനപരമായ പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യാം. അപൂർവമായേ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളുവെങ്കിലും വാസ്തവത്തിൽ അനവധി സംഘർഷങ്ങളും ഭിന്നതകളും യുദ്ധത്തിലേക്ക് നീങ്ങാതെ പരിഹരിച്ചിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ഒരു അന്തർദേശീയ സംഘടനയുടെ പങ്ക് പ്രധാനമാണ്. തങ്ങളുടെ അംഗങ്ങൾക്കുമേൽ അധികാരമുള്ള ഒരു 'സൂപ്പർരാഷ്ട്രം' അല്ല അന്തർദേശീയ സംഘടന. അത് രാഷ്ട്രങ്ങളുടെ നിർമിതിയും രാഷ്ട്രങ്ങളോട് പ്രതികരിക്കുന്നതുമാണ്. രാഷ്ട്രങ്ങൾ സമ്മതിക്കുമ്പോളാണ് അത് നിലവിൽ വരുന്നത്. ഒരിക്കൽ സൃഷ്ടിക്കപ്പെട്ടാൽ അതിന് തങ്ങളുടെ അംഗരാഷ്ട്രങ്ങളെ അവരുടെ പ്രശ്നങ്ങൾ സമാധാനപരമായി പരിഹരിക്കാൻ സഹായിക്കാൻ സാധിക്കും.

മറ്റൊരു രീതിയിലും അന്തർദേശീയ സംഘടനകൾ സഹായകരമാണ്. തങ്ങൾക്ക് ഒരുമിച്ച് ചെയ്യേണ്ട ചില കാര്യങ്ങളുണ്ടെന്ന് രാജ്യങ്ങൾ സാധാരണ മനസ്സിലാക്കാറുണ്ട്. എല്ലാവരും ഒരുമിച്ച് പ്രവർത്തിച്ചാൽ മാത്രം നേരിടാവുന്ന അത്രമാത്രം വെല്ലുവിളിയുയർത്തുന്ന രോഗങ്ങൾ ഒരുദാഹരണമാണ്. തങ്ങളുടെ ജനങ്ങളെ എല്ലാ രാജ്യങ്ങളും പ്രതിരോധ സജ്ജമാക്കാൻ സഹകരിച്ചാൽ മാത്രമേ ചില രോഗങ്ങൾ നിർമാർജ്ജനം ചെയ്യാനാവൂ. അല്ലെങ്കിൽ ആഗോളതാപനത്തിന്റെയും അതിന്റെ പ്രത്യാഘാതങ്ങളുടെയും കാര്യമെടുക്കുക. അന്തരീക്ഷത്തിലെ ഹരിതഗൃഹ വാതകങ്ങളുടെ വർദ്ധനവുമൂലം താപനില ഉയരുമ്പോൾ സമുദ്രനിരപ്പ് ഉയരുകയും ചെയ്യുന്നതോടെ വൻനഗരങ്ങൾ ഉൾപ്പെടെ ലോകത്തിലെ പല തീരപ്രദേശങ്ങളും വെള്ളത്തിനടിയിലാവും. ആഗോളതാപനത്തിന്റെ കാര്യത്തിൽ തീർച്ചയായും ഓരോ രാജ്യങ്ങൾക്കും സ്വന്തം പരിഹാരങ്ങൾ കണ്ടുപിടിക്കാനാവും. പക്ഷേ ഒടുവിൽ ഏറ്റവും ഫലപ്രദമായ സമീപനം ആഗോളതാപനം തന്നെ തടയുക എന്നതാണ്. ഇതിന് എല്ലാ പ്രമുഖ വ്യവസായവൽകൃത ശക്തികളുടെയും സഹകരണം ആവശ്യമാണ്.

**അന്താരാഷ്ട്ര നാണയനിധി (ഐ എം എഫ്)**

അന്തർദേശീയ നാണയ നിധി അന്തർദേശീയ തലത്തിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെയും ചട്ടങ്ങളുടെയും മേൽനോട്ടം വഹിക്കുന്ന അന്തർദേശീയ സംഘടനയാണ്. ഐ.എം.എഫിൽ 189 അംഗരാജ്യങ്ങളുണ്ട് (ഏപ്രിൽ 12, 2016 ലെ കണക്ക്) എന്നാൽ ഈ രാജ്യങ്ങൾക്കെല്ലാം തുല്യ അധികാരമില്ല. ജി-7 രാജ്യങ്ങളായ അമേരിക്ക (16.52%), ജപ്പാൻ (6.15%), ജർമ്മനി (5.32%), ഫ്രാൻസ് (4.03%), യു കെ (4.03%), ഇറ്റലി (3.02%), കാനഡ (2.22%) എന്നിവയ്ക്ക് 41.29% വോട്ടുകളാണ് ചൈന (6.09%), ഇന്ത്യ 2.64%), റഷ്യ 2.59%), ബ്രസീൽ (2.22%), സൗദി അറേബ്യ (2.02%) എന്നിവയാണ് മറ്റ് പ്രധാന അംഗങ്ങൾ.

ഐ എം എഫ്

നിർഭാഗ്യവശാൽ, സഹകരണത്തിന്റെ ആവശ്യം അംഗീകരിക്കുന്നതും യഥാർഥത്തിൽ സഹകരിക്കുന്നതും രണ്ട് വ്യത്യസ്ത കാര്യങ്ങളാണ്. സഹകരണത്തിനുള്ള ആവശ്യം രാജ്യങ്ങൾ അംഗീകരിച്ചേക്കാം. പക്ഷേ അതെങ്ങനെ ഏറ്റവും നന്നായി ചെയ്യണം, സഹകരണത്തിന്റെ ചെലവുകൾ എങ്ങനെ പങ്കിടും, സഹകരണത്തിന്റെ ഫലങ്ങൾ നീതിപൂർവകമായി വീതിക്കപ്പെടുന്നു എന്ന് എങ്ങനെ ഉറപ്പാക്കും, ഉടമ്പടിയുണ്ടാക്കിയാൽ മറ്റുള്ളവർ അത് ലംഘിച്ച് വിലപേശുകയോ ചതിക്കുകയോ ചെയ്യില്ലെന്ന് എങ്ങനെ ഉറപ്പാക്കും തുടങ്ങിയ കാര്യങ്ങളിൽ എല്ലായ്പ്പോഴും സമ്മതം ഉണ്ടാവണമെന്നില്ല. എങ്ങനെ സഹകരിക്കും എന്നതിനെ കുറിച്ച് ആശയങ്ങളും വിവരങ്ങളും നിർമിക്കുന്നതിന് സഹായിക്കാൻ ഒരു അന്തർദേശീയ സംഘടനക്കാവും. ചെലവുകൾ ശരിയായ രീതിയിൽ പങ്കു വയ്ക്കപ്പെടുന്നു, നേട്ടങ്ങൾ ശരിയായി വിഭജിക്കപ്പെടുന്നു, ഒരംഗം ഒരിക്കൽ കരാറിൽ

**നമുക്കിത് ചെയ്യാം**

ഏതെങ്കിലും ഒരു രാജ്യത്തിന് തനിച്ച് ചെയ്യാൻ കഴിയാത്ത, അന്തർദേശീയ സംഘടനകളുടെ സഹായം ആവശ്യമുള്ള വിഷയങ്ങളുടെയും പ്രശ്നങ്ങളുടെയും (പുസ്തകത്തിൽ വിവരിച്ചത് ഒഴികെ) പട്ടിക തയാറാക്കുക.

## ഐക്യരാഷ്ട്ര സംഘടന സ്ഥാപിക്കുന്നു

**1941 ഓഗസ്റ്റ്** – അമേരിക്കൻ പ്രസിഡന്റ് ഫ്രാങ്ക്ലിൻ ഡി റൂസ്‌വെൽറ്റ്, ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ. എസ് ചർച്ചിൽ എന്നിവർ ചേർന്ന് അറ്റ്‌ലാന്റിക് ചാർട്ടർ ഒപ്പു വയ്ക്കുന്നു.

**1942 ജനുവരി** – അച്ചുതണ്ട് ശക്തികൾക്കെതിരെ പോരാടിക്കൊണ്ടിരുന്ന 26 സഖ്യരാഷ്ട്രങ്ങൾ അറ്റ്‌ലാന്റിക് ചാർട്ടറിനെ പിന്തുണക്കാനും ഐക്യരാഷ്ട്ര സംഘടനയുടെ പ്രഖ്യാപനത്തിൽ ഒപ്പുവയ്ക്കാനും വാഷിങ്ടണിൽ ഒത്തുചേർന്നു.

**1943 ഡിസംബർ** – ത്രിശക്തി ടെഹ്റാൻ പ്രഖ്യാപനം (അമേരിക്ക, ബ്രിട്ടൺ, സോവിയറ്റ് യൂണിയൻ)

**1945 ഫെബ്രുവരി** – മൂന്ന് പ്രമുഖരുടെ (റൂസ് വെൽട്ട്, ചർച്ചിൽ, സ്റ്റാലിൻ) യാൾട്ടാ സമ്മേളനം നിർദ്ദിഷ്ട ലോക സംഘടനയെക്കുറിച്ച് അന്താരാഷ്ട്ര സമ്മേളനം വിളിക്കാൻ തീരുമാനിക്കുന്നു.

**ഏപ്രിൽ – മെയ്** - അന്തർദേശീയ സംഘടനയെക്കുറിച്ച് സാൻഫ്രാൻസിസ്കോയിൽ രണ്ടു മാസം നീണ്ട ഐക്യരാഷ്ട്ര സമ്മേളനം

**1945 ജൂൺ 26** – യു.എൻ. ചാർട്ടറിൽ 50 രാജ്യങ്ങൾ ഒപ്പ് വയ്ക്കുന്നു. ഒക്ടോബർ 15 ന് പോളണ്ട് ഒപ്പ് വയ്ക്കുന്നു. അതോടെ ഐക്യരാഷ്ട്ര സംഘടനക്ക് 51 സ്ഥാപക അംഗങ്ങളായി.

**1945 ഒക്ടോബർ 24** – ഐക്യരാഷ്ട്ര സംഘടന സ്ഥാപിതമാവുന്നു. (അതുകൊണ്ട് ഒക്ടോബർ 24 ഐക്യ രാഷ്ട്രദിനമായി ആചരിക്കുന്നു.

**1945 ഒക്ടോബർ 30** – ഇന്ത്യ ഐക്യരാഷ്ട്ര സംഘടനയിൽ അംഗമാവുന്നു.

ചേർന്നാൽ അത് കരാർ വ്യവസ്ഥകളെയും ഉപാധികളെയും മാനിക്കുന്നു എന്ന് ഉറപ്പാക്കൽ തുടങ്ങിയ കാര്യങ്ങളിൽ സംവിധാനങ്ങളും നിയമങ്ങളും ഉദ്യോഗസ്ഥ വൃന്ദവും ഒരുക്കി അംഗരാജ്യങ്ങൾക്ക് കൂടുതൽ വിശ്വാസം ഉണ്ടാക്കാൻ അന്തർദേശീയ സംഘടനകൾക്ക് കഴിയും.

ശീതയുദ്ധം അവസാനിച്ചതോടെ യു. എൻ. അല്പം വ്യത്യസ്തമായ ഒരു പങ്കാണ് വഹിച്ചതെന്ന് നമുക്ക് കാണാം. അമേരിക്കയും അതിന്റെ സഖ്യകക്ഷികളും വിജയികളായതിനാൽ അമേരിക്കൻ നേതൃത്വത്തിലുള്ള പാശ്ചാത്യ രാജ്യങ്ങൾ വളരെയധികം ശക്തമാകുമെന്നും അവരുടെ ആഗ്രഹങ്ങളും താത്പര്യങ്ങളും തടയുന്നതിന് ആരുമുണ്ടാവില്ലെന്നും വിവിധ ഭരണകൂടങ്ങളും ജനങ്ങളും ആശങ്കപ്പെടുന്നു. അമേരിക്കയുമായുള്ള സംഭാഷണങ്ങളും ചർച്ചകളും പ്രോത്സാഹിപ്പിക്കാനും അമേരിക്കൻ ഭരണകൂടത്തിന്റെ ശക്തിയെ പരിമിതപ്പെടുത്താനും യു.എൻ ന് കഴിയുമോ? ഈ അധ്യായത്തിന്റെ അവസാനത്തിൽ ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ നമ്മൾ ശ്രമിക്കും.

### ഐക്യരാഷ്ട്ര സംഘടനയുടെ ആവിർഭാവം (Evolution of the UN)

സംഘർഷങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു അന്താരാഷ്ട്ര സംഘടനയെ അധികാരപ്പെടുത്താൻ ഒന്നാം ലോകമഹായുദ്ധം ലോകത്തെ പ്രേരിപ്പിച്ചു. ലോകത്തിൽ യുദ്ധം ഒഴിവാക്കാൻ ഇത്തരം ഒരു സംഘടന സഹായിക്കുമെന്ന് നിരവധി ആളുകൾ വിശ്വസിച്ചു. അതിന്റെ ഫലമായി സർവരാജ്യ സഖ്യം (ലീഗ് ഓഫ് നേഷൻസ്) പിറന്നു. എന്നാൽ ആദ്യകാലഘട്ടത്തിലെ വിജയത്തിനപ്പുറം രണ്ടാം ലോകയുദ്ധത്തെ (1939-45) തടയാൻ അതിനായില്ല. ഇതിനു മുമ്പ് നടന്നിട്ടുള്ള ഏതെങ്കിലും യുദ്ധത്തിലേക്കാൾ കൂടുതൽ ആളുകൾ രണ്ടാം ലോകമഹായുദ്ധത്തിൽ കൊല്ലപ്പെടുകയോ മുറിവേൽക്കപ്പെടുകയോ ചെയ്തു.

സർവരാജ്യ സഖ്യത്തിന്റെ പിൻഗാമിയായാണ് ഐക്യരാഷ്ട്ര സംഘടന സ്ഥാപിക്കപ്പെട്ടത്. രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞ ഉടനെ 1945 ലാണ് അത് രൂപീകരിക്കപ്പെട്ടത്. 51 രാജ്യങ്ങൾ ഐക്യരാഷ്ട്ര സംഘടന ചാർട്ടറിൽ ഒപ്പു വച്ച




1942 - ലെ ഐക്യ രാഷ്ട്രസംഘടനാ പ്രഖ്യാപനമനുസരിച്ച് യുദ്ധ വിവരങ്ങൾ സംബന്ധിച്ച അമേരിക്കൻ ഓഫീസ് രണ്ടാം ലോക യുദ്ധകാലത്ത് സൃഷ്ടിച്ച പോസ്റ്റർ. സഖ്യകക്ഷികളുടെ ഭാഗമായിരുന്ന എല്ലാ രാജ്യങ്ങളുടെയും പതാക ഈ പോസ്റ്ററിലുണ്ട്. ഐക്യ രാഷ്ട്ര സംഘടനയുടെ സംഘർഷാത്മക ഉദ്ഭവത്തെ ഇത് സൂചിപ്പിക്കുന്നു.




Adapted from http://www.newint.org/issue375/pics/un-map-big.gif

യു.എൻ. വ്യവസ്ഥയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക www.un.org

**നമുക്കിത് ചെയ്യാം**

ഈ പേജിൽ പരാമർശിച്ചിട്ടുള്ള ഐക്യരാഷ്ട്ര സംഘടനയുടെ ഓരോ ഏജൻസികളുടെയും ചുരുങ്ങിയത് ഓരോ വാർത്തയെങ്കിലും അന്വേഷിച്ച് കണ്ടെത്തുക

തിലൂടെയാണ് അത് സ്ഥാപിക്കപ്പെട്ടത്. രണ്ട് ലോകയുദ്ധങ്ങൾക്കിടയിൽ സർവ്വരാജ്യ സഖ്യത്തിന് ചെയ്യാൻ സാധിക്കാത്ത കാര്യങ്ങൾ നേടാൻ അതു ശ്രമിച്ചു. രാജ്യങ്ങൾക്കിടയിൽ സഹകരണം പ്രോൽസാഹിപ്പിക്കുകയും അന്താരാഷ്ട്ര സംഘർഷങ്ങൾ തടയലുമായിരുന്നു ഐക്യരാഷ്ട്ര സംഘടനയുടെ ലക്ഷ്യം. രാജ്യങ്ങൾക്കിടയിലെ സംഘർഷങ്ങൾ യുദ്ധങ്ങളായി മാറുന്നത് തടയുന്നതിന് ഇടപെടുക അല്ലെങ്കിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ അതിന്റെ വ്യാപ്തി കുറയ്ക്കുക എന്നീ പ്രതീക്ഷകളിലാണ് അത് സ്ഥാപിതമായത്. കൂടാതെ മിക്കപ്പോഴും സാമൂഹികവും സാമ്പത്തികവുമായ പുരോഗതിയുടെ അഭാവത്തിലാണ് യുദ്ധങ്ങൾ ഉണ്ടാവുന്നത് എന്നതുകൊണ്ട് ഐക്യരാഷ്ട്ര സംഘടന ലോകത്ത് എല്ലായിടത്തും സാമൂഹികവും സാമ്പത്തികവുമായ പുരോഗതി മെച്ചപ്പെടുത്താൻ രാജ്യങ്ങളെ ഒന്നിപ്പിക്കാനും ലക്ഷ്യമിട്ടു.

2011 ആയപ്പോഴേക്കും യുഎന്നിൽ 193 അംഗരാജ്യങ്ങളായി. ഇതിൽ ലോകത്തിലെ ഏതാണ്ട് എല്ലാ സ്വതന്ത്രരാജ്യങ്ങളും ഉൾപ്പെടും. ഐക്യ രാഷ്ട്ര പൊതു സഭയിൽ ഓരോ അംഗത്തിനും ഓരോ വോട്ട് വീതമേയുള്ളൂ. ഐക്യരാഷ്ട്ര സഭ സുരക്ഷാ സമിതിയിൽ അഞ്ച് സ്ഥിരാംഗങ്ങളുണ്ട്. അമേരിക്ക, റഷ്യ, യു.കെ, ഫ്രാൻസ്, ചൈന എന്നിവയാണ് ഈ രാജ്യങ്ങൾ. ഈ രാജ്യങ്ങളെ സ്ഥിരാംഗങ്ങളായി തിരഞ്ഞെടുത്തതിന് കാരണം രണ്ടാം ലോകയുദ്ധം അവസാനിച്ച ഉടൻ ഇവരായിരുന്നു ലോകത്തിലെ ഏറ്റവും ശക്തരായ രാഷ്ട്രങ്ങൾ എന്നതായിരുന്നു. മാത്രവുമല്ല അവരായിരുന്നു യുദ്ധവിജയികളും.

ഐക്യരാഷ്ട്ര സംഘടനയുടെ ഏറ്റവും ദൃശ്യമായ പൊതു വ്യക്തിത്വം സെക്രട്ടറി ജനറലാണ്. ഇപ്പോഴത്തെ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറെസാണ്. അദ്ദേഹം യു.എൻ. ന്റെ ഒമ്പതാമത് സെക്രട്ടറി ജനറലാണ്. 2017 ജനുവരി ഒന്നിനാണ് അദ്ദേഹം സെക്രട്ടറി ജനറലായി ചുമതലയേറ്റത്. അദ്ദേഹം പോർച്ചുഗലിന്റെ പ്രധാനമന്ത്രിയും (1995-2002) അഭയാർത്ഥികൾക്കായുള്ള യു.എൻ. ഹൈക്കമ്മീഷണറുമായിരുന്നു (2005-2015).

യു.എൻ. ന് വിവിധങ്ങളായ ഘടകങ്ങളും ഏജൻസികളുമുണ്ട്. യുദ്ധവും സമാധാനവും അംഗരാജ്യങ്ങൾ തമ്മിലുള്ള ഭിന്നതകളും പൊതു സഭയിലും ഒപ്പം സുരക്ഷാ സമിതിയിലും ചർച്ച ചെയ്യപ്പെടും. സാമൂഹിക സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യാൻ, ലോകാരോഗ്യ സംഘടന (WHO) യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് പ്രോഗ്രാം (UNDP). ഐക്യരാഷ്ട്ര സംഘടനാ മനുഷ്യാവകാശ കമ്മീഷൻ (UNHRC) അഭയാർത്ഥികൾക്കായുള്ള ഐക്യരാഷ്ട്ര ഹൈക്കമ്മീഷൻ (UNHCR), യുണൈറ്റഡ് നേഷൻസ് ചിൽഡ്രൻസ് ഫണ്ട് (UNICEF), യുണൈറ്റഡ് നേഷൻസ് എഡ്യൂക്കേഷണൽ സയന്റിഫിക് ആന്റ് കൾച്ചറൽ ഓർഗനൈസേഷൻ (UNESCO) തുടങ്ങിയ ഏജൻസികളുണ്ട്.

## ശീതയുദ്ധത്തിന് ശേഷമുള്ള ഐക്യരാഷ്ട്ര സംഘടനയുടെ നവീകരണം (REFORM OF UN AFTER THE COLD WAR)

മാറുന്ന പരിതസ്ഥിതികൾക്കൊപ്പം നീങ്ങാൻ മാറ്റവും മെച്ചപ്പെടുത്തലും ഏതൊരു സംഘടനയ്ക്കും അടിസ്ഥാനമായി വേണ്ട കാര്യമാണ്. യു.എന്നിന്റെ കാര്യവും ഇതിൽ നിന്നും ഭിന്നമല്ല. സമീപകാലത്ത് ലോകസംഘടനയെ നവീകരിക്കാനുള്ള ആവശ്യങ്ങൾ ഉയർന്നിട്ടുണ്ട്. ഈ നവീകരണങ്ങളുടെ സ്വഭാവത്തിന്റെ കാര്യത്തിൽ കാര്യമായ അഭിപ്രായ ഐക്യമോ വ്യക്തതയോ ഇല്ല.

യു.എൻ. രണ്ടു തരത്തിലുള്ള നവീകരണങ്ങളെ അഭിമുഖീകരിക്കുന്നു. സംഘടനകളുടെയും സംവിധാനങ്ങളുടെയും പ്രക്രിയകളുടെയും നവീകരണവും, സംഘടനയുടെ അധികാര പരിധിയിൽ വരുന്ന വിഷയങ്ങളുടെ പുനരവലോകനവും. രണ്ടുതലത്തിലുള്ള നവീകരണവും അനിവാര്യമാണെന്ന് ഏതാണ്ട് എല്ലാവരും സമ്മതിക്കുന്നു. കൃത്യമായി എന്താണ് ചെയ്യേണ്ടത്, എങ്ങനെ ചെയ്യണം,



ശീതയുദ്ധം ഉണ്ടാവുകയോ ഇല്ലാതിരിക്കുകയോ ചെയ്യട്ടെ. എല്ലാറ്റിനുമുപരി ഒരു പരിഷ്കാരം ആവശ്യമാണ്. ജനാധിപത്യ രാജ്യങ്ങളുടെ നേതാക്കളെ മാത്രമേ ഐക്യരാഷ്ട്ര സംഘടനയിൽ പ്രതിനിധികളായി അനുവദിക്കാവൂ. തങ്ങളുടെ രാജ്യത്തിലെ ജനങ്ങളുടെ പേരിൽ സംസാരിക്കാൻ അവർ എങ്ങിനെയാണ് ഏകാധിപതികളെ അനുവദിക്കുക?

എപ്പോൾ ചെയ്യണം എന്നീ കാര്യങ്ങളിൽ പക്ഷേ അവർക്കിടയിൽ യോജിപ്പില്ല.

സംവിധാനങ്ങളുടെയും പ്രക്രിയകളുടെയും നവീകരണം സംബന്ധിച്ച ഏറ്റവും വലിയ ചർച്ച സുരക്ഷാ സമിതിയുടെ പ്രവർത്തനത്തെപ്പറ്റിയുള്ളതാണ്. സമകാലിക ലോക രാഷ്ട്രീയത്തിന്റെ യാഥാർഥ്യങ്ങൾ സംഘടനയുടെ ഘടനയിൽ കൂടുതൽ പ്രതിഫലിക്കുന്നതിനായി സുരക്ഷാസമിതിയിലെ സ്ഥിര, താൽക്കാലിക അംഗങ്ങളുടെ എണ്ണം കൂട്ടണമെന്ന ആവശ്യം ഉണ്ട്. പ്രത്യേകിച്ച് ഏഷ്യ, ആഫ്രിക്ക, തെക്കേ അമേരിക്ക എന്നീ മേഖലകളിൽ നിന്നുള്ള അംഗത്വം ഉയർത്തണമെന്ന ആവശ്യമുണ്ട്. ഇതിനുമപ്പുറം ഐക്യരാഷ്ട്ര സംഘടനയുടെ ബജറ്റ് നടപടികളിലും ഭരണത്തിലും മെച്ചപ്പെടുത്തൽ വേണമെന്ന് അമേരിക്കയും മറ്റ് പാശ്ചാത്യ രാജ്യങ്ങളും ആഗ്രഹിക്കുന്നു.

യു.എൻ. ന്റെ അധികാര പരിധിയിൽ ഉൾപ്പെടുത്താനോ, കൂടുതൽ മുൻഗണന കൊടുക്കാനോ ആഗ്രഹിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് രണ്ട് അഭിപ്രായങ്ങളുണ്ട്. സമാധാന, സുരക്ഷാ ദൗത്യങ്ങളിൽ യു.എൻ. കൂടുതൽ വലുതും ഫലപ്രദവുമായ പങ്ക് വഹിക്കണമെന്ന് ചില രാജ്യങ്ങളും വിദഗ്ധരും ആഗ്രഹിക്കുന്നു. അതേ സമയം മറ്റു ചിലർ യു.എൻ. -ന്റെ പ്രവർത്തനം വികസനത്തിലും മനുഷ്യത്വപരമായ പ്രവൃത്തികളിലും (ആരോഗ്യം വിദ്യാഭ്യാസം, പരിസ്ഥിതി, ജനസംഖ്യാ നിയന്ത്രണം, മനുഷ്യാവകാശങ്ങൾ, സാമൂഹികവും ലിംഗപരവുമായ നീതി) ഒതുക്കണമെന്ന് ആഗ്രഹിക്കുന്നു.

ഘടനകളിലും പ്രക്രിയകളിലുമുള്ള നവീകരണത്തിന് ഊന്നൽ കൊടുത്തു കൊണ്ട് ഈ രണ്ടു തരത്തിലുള്ള പരിഷ്കരണങ്ങളെയും നമുക്ക് നോക്കാം.

1945 ൽ രണ്ടാം ലോകയുദ്ധം അവസാനിച്ച ഉടനെയാണ് യു.എൻ. സ്ഥാപിതമായത്. അത് സംഘടിപ്പിക്കപ്പെട്ട രീതിയും അതിന്റെ പ്രവർത്തനരീതികളും രണ്ടാം ലോകയുദ്ധാനന്തര ലോകത്തിന്റെ യാഥാർഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നതായിരുന്നു. ശീതയുദ്ധത്തിന് ശേഷം ആ

## യു.എൻ. സെക്രട്ടറി ജനറൽമാർ



**ട്രിഗ് ലി (Trygve Lie)** (1946 - 1952) : നോർവേ. അഭിഭാഷകനും വിദേശകാര്യ മന്ത്രിയും കാശ്മീർ വിഷയത്തിൽ ഇന്ത്യയും പാകിസ്ഥാനും തമ്മിൽ വെടിനിർത്തലിന് ശ്രമിച്ചു. കൊറിയൻ യുദ്ധം പെട്ടെന്ന് അവസാനിപ്പിക്കാൻ പരാജയപ്പെട്ടതിന്റെ പേരിൽ വിമർശിക്കപ്പെട്ടു. രണ്ടാമതും സ്ഥാനം നൽകുന്നതിനെ സോവിയറ്റ് യൂണിയൻ എതിർത്തു. സ്ഥാനത്തു നിന്ന് രാജി വച്ചു.



**ഡാഗ് ഹാമർസ്കോൾഡ് (Dag Hammarskjold)** (1953 - 1961) സ്വീഡൻ സാമ്പത്തിക വിദഗ്ധനും അഭിഭാഷകനും സൂയസ് കനാൽ തർക്കം തീർക്കാനും ആഫ്രിക്കൻ കോളനികളുടെ സ്വാതന്ത്ര്യത്തിനും വേണ്ടി പ്രവർത്തിച്ചു. കോംഗോ പ്രതിസന്ധി ഒത്തു തീർപ്പാക്കാനുള്ള ശ്രമങ്ങൾക്ക് 1961 ൽ മരണാനന്തര നോബൽ സമാധാന സമ്മാനം ലഭിച്ചു. ആഫ്രിക്കയിലെ അദ്ദേഹത്തിന്റെ ഇടപെടലിനെ സോവിയറ്റ് യൂണിയനും ഫ്രാൻസും വിമർശിച്ചു.



**ഊതാന്റ് (U Thant)** (1961 - 1971) ബർമ (മ്യാൻമാർ). അധ്യാപകനും നയതന്ത്രജ്ഞനും, ക്യൂബൻ മിസൈൽ പ്രതിസന്ധിയും കോംഗോ പ്രതിസന്ധിയും പരിഹരിക്കാൻ ശ്രമിച്ചു. സൈപ്രസിൽ ഐക്യരാഷ്ട്ര സമാധാന പാലനസേനയെ സ്ഥാപിച്ചു. വിയറ്റ്നാം യുദ്ധകാലത്ത് അമേരിക്കയെ വിമർശിച്ചു.



**കുട് വാൾഡ്ഹൈം (Kurt Waldheim)** (1972 - 1981) ഓസ്ട്രേലിയൻ നയതന്ത്രജ്ഞനും വിദേശ കാര്യമന്ത്രിയും. നമീബിയയിലെയും ലെബനനിലെയും പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിച്ചു. ബംഗ്ലാദേശിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. മൂന്നാം തവണ സ്ഥാനം വഹിക്കാനുള്ള ശ്രമം ചൈന തടഞ്ഞു.



**ജാവിയർ പെരസ് ഡി ക്വയർ (Javier Perez De Cuellar)** (1982 - 1991) പെറു. അഭിഭാഷകനും നയതന്ത്രജ്ഞനും, സൈപ്രസ്, അഫ്ഗാനിസ്ഥാൻ, എൽ സാൽവദോർ എന്നിവിടങ്ങളിലെ സമാധാനത്തിന് വേണ്ടി പ്രവർത്തിച്ചു. ഫോക്ക് ലാന്റ് യുദ്ധത്തിന് ശേഷം ബ്രിട്ടണും അർജന്റീനയും തമ്മിൽ ചർച്ചക്ക് മധ്യസ്ഥത വഹിച്ചു. നമീബിയയുടെ സ്വാതന്ത്ര്യത്തിന് വേണ്ടി വാദിച്ചു.



**ബുത്രോസ് ബുത്രോസ്ഗാലി (Boutrous Boutrous - Ghali)** (1992-1996) ഈജിപ്റ്റ്. നയതന്ത്രജ്ഞൻ, നിയമവിദഗ്ധൻ, വിദേശ കാര്യമന്ത്രി. ആൻ അജണ്ടാഫോർ പീസ് എന്ന റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. മൊസംബിക്കിൽ വിജയകരമായ യു.എൻ. നടപടി നടത്തി. ബോസ്നിയ, സൊമാലി, റുവാൻഡ എന്നിവിടങ്ങളിലെ യുഎൻ പരാജയങ്ങളുടെ പേരിൽ വിമർശിക്കപ്പെട്ടു. കടുത്ത വിയോജിപ്പ് കാരണം രണ്ടാമൂഴത്തിനുള്ള ശ്രമം അമേരിക്ക തടഞ്ഞു.



**കോഫി എ. അന്നൻ (Kofi A. Annan)** (1997 - 2006) ഘാന: യു.എൻ. ഉദ്യോഗസ്ഥൻ, എയ്ഡ്സ്, ക്ഷയം, മലേറിയ എന്നിവ ചെറുക്കുന്നതിനുള്ള ഗ്ലോബൽ ഫണ്ട് സ്ഥാപിച്ചു. ഇറാഖിലെ അമേരിക്കൻ നേതൃത്വത്തിലുള്ള അധിനിവേശം നിയമ വിരുദ്ധമാണെന്ന് പ്രഖ്യാപിച്ചു. 2005 ൽ പീസ് ബിൽഡിങ്ങ് കമ്മീഷനും മനുഷ്യാവകാശ കൗൺസിലും സ്ഥാപിച്ചു. 2001 - ൽ നോബൽ സമാധാന സമ്മാനം ലഭിച്ചു.



**ബാൻകി മൂൺ (Ban Ki-Moon)** (2007 - 2016) റിപ്പബ്ലിക്ക് ഓഫ് കൊറിയ (സൗത്ത് കൊറിയ). നയതന്ത്രജ്ഞനും വിദേശകാര്യമന്ത്രിയും. 1971 ന് ശേഷം ഈ സ്ഥാനം വഹിക്കുന്ന ആദ്യ ഏഷ്യക്കാരൻ. കാലാവസ്ഥ വ്യതിയാനത്തിന് ഊന്നൽ നൽകി. മില്ലേനിയം ഡെവലപ്മെന്റ് ഗോളുകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. യു.എൻ. വുമൺ സ്ഥാപിക്കാൻ പ്രവർത്തിച്ചു. ആണവ നിരായുധീകരണത്തിനും സംഘർഷ പരിഹാരത്തിനും ഊന്നൽ നൽകി.

ചിത്രങ്ങൾക്ക് കടപ്പാട് : www.un.org




2015-ൽ, ഐക്യരാഷ്ട്ര സംഘടനയുടെ സെക്രട്ടറി ജനറൽ ബാൻ കി-മൂൺ യുഎൻ@70 അവതരിപ്പിച്ചുകൊണ്ട് ഐക്യരാഷ്ട്ര സംഘടനയുടെ എഴുപതാം വാർഷികാഘോഷങ്ങൾക്ക് ഡെൽഹിയിൽ തുടക്കം കുറിക്കുന്നു. (UN Photo/Mark Garten)

യാഥാർഥ്യങ്ങൾ വ്യത്യസ്തമായി. ഇങ്ങനെ വന്ന മാറ്റങ്ങളിൽ ചിലത് ചുവടെ കൊടുക്കുന്നു.

- സോവിയറ്റ് യൂണിയൻ ശിഥിലമായി
- യു.എസ്. ഏറ്റവും വലിയ ശക്തിയായി.
- അമേരിക്കയും സോവിയറ്റ് യൂണിയന്റെ പിൻഗാമിയായ റഷ്യയും തമ്മിലുള്ള ബന്ധം കൂടുതൽ സഹകരണാത്മകമായി.
- ചൈന അതിവേഗം വളരുന്ന വൻശക്തിയായി. ഇന്ത്യയും വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്നു.
- ഏഷ്യയിലെ സമ്പദ്‌വ്യവസ്ഥകൾ മുമ്പില്ലാത്ത തോതിൽ വളർന്നുകൊണ്ടിരിക്കുന്നു.
- പുതിയ ധാരാളം രാജ്യങ്ങൾ ഐക്യരാഷ്ട്രസംഘടനയിൽ ചേർന്നു. (സോവിയറ്റ് യൂണിയനിൽ നിന്നോ കിഴക്കൻ യൂറോപ്പിലെ മുൻ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ നിന്നോ അവർ സ്വാതന്ത്ര്യം പ്രാപിച്ചതിനാൽ).
- പുതിയ ഒരു പറ്റം വെല്ലുവിളികളെ ലോകം അഭിമുഖീകരിച്ചു. (വംശഹത്യ, ആഭ്യന്തരയുദ്ധം, വംശീയ സംഘർഷം, ഭീകരത, ആണവ വ്യാപനം, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി അപചയം, പകർച്ച വ്യാധികൾ).

ഈ സാഹചര്യത്തിൽ 1989 ൽ ശീതയുദ്ധം അവസാനിക്കുമ്പോൾ ലോകം നേരിട്ട ചോദ്യം ഇതായിരുന്നു. യു.എൻ. വേണ്ടത്ര ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ? വേണ്ടതു ചെയ്യാൻ അതു സജ്ജമാണോ? അത് എന്താണ് ചെയ്യേണ്ടിയിരുന്നത്? എങ്ങിനെ? അതിന് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കാൻ എന്തെല്ലാം പരിഷ്കരണങ്ങളാണ് വേണ്ടത്? കഴിഞ്ഞ ഒന്നര ദശകങ്ങളായി ഈ ചോദ്യങ്ങൾക്ക് പ്രായോഗികവും തൃപ്തികരവുമായ ഉത്തരങ്ങൾ കണ്ടെത്താൻ അംഗരാഷ്ട്രങ്ങൾ ശ്രമിക്കുകയായിരുന്നു.

## ഘടനകളുടെയും പ്രക്രിയകളുടെയും പരിഷ്കരണം (REFORM OF STRUCTURES AND PROCESSES)

പരിഷ്കരണത്തിന് വേണ്ടിയുള്ള വാദങ്ങൾക്ക് വ്യാപകമായ പിന്തുണ ലഭിച്ചെങ്കിലും എന്തു ചെയ്യണം എന്ന കാര്യത്തിൽ സമ്മതം നേടിയെടുക്കുന്നത് വിഷമകരമാണ്. ഐക്യരാഷ്ട്ര സുരക്ഷാസമിതി പരിഷ്കരണം സംബന്ധിച്ച ചർച്ചകൾ നമുക്ക് പരിശോധിക്കാം. 1992 ൽ ഐക്യരാഷ്ട്ര പൊതുസഭ ഒരു പ്രമേയം അംഗീകരിച്ചു. ആ പ്രമേയം മൂന്ന് പരാതികൾ പ്രതിഫലിപ്പിച്ചു.

- സുരക്ഷാസമിതി സമകാലിക രാഷ്ട്രീയ യാഥാർഥ്യങ്ങളെ പ്രതിനിധാനം ചെയ്യുന്നില്ല.
- അതിന്റെ തീരുമാനങ്ങൾ പാശ്ചാത്യ മൂല്യങ്ങളെയും താല്പര്യങ്ങളെയും പ്രതിഫലിപ്പിക്കുന്നതും ഏതാനും ചില ശക്തികളാൽ നിയന്ത്രിക്കപ്പെടുന്നതുമാണ്.
- അതിൽ തുല്യ പ്രാതിനിധ്യമില്ല.

ഐക്യരാഷ്ട്ര സംഘടന പുനസംഘടനയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ ശക്തമാകുന്നതിന്റെ അടിസ്ഥാനത്തിൽ 1997 ജനുവരി ഒന്നിന് യു.എൻ. സെക്രട്ടറി ജനറൽ കോഫി അന്നൻ എങ്ങനെ ഐക്യരാഷ്ട്ര സംഘടനയെ നവീകരിക്കാം എന്നത് സംബന്ധിച്ച് ഒരു അന്വേഷണത്തിന് മുൻകൈയെടുത്തു. ഉദാഹരണത്തിന് എങ്ങിനെയാണ് പുതിയ സുരക്ഷാ സമിതി അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടത്?

പിന്നീടുള്ള വർഷങ്ങളിൽ സുരക്ഷാ സമിതിയിലെ സ്ഥിര, താൽക്കാലിക അംഗങ്ങളെ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ച് ഉയർന്നു വന്ന ചില മാനദണ്ഡ

ങ്ങൾ താഴെ കൊടുക്കുന്നു. ആ നിർദേശം അനുസരിച്ച് ഒരു പുതിയ അംഗം;

- പ്രധാനപ്പെട്ട ഒരു സാമ്പത്തിക ശക്തിയായിരിക്കണം.
- മുഖ്യ സൈനിക ശക്തിയായിരിക്കണം.
- ഐക്യരാഷ്ട്ര സംഘടനയുടെ ബജറ്റിലേക്ക് കാര്യമായ സംഭാവന നൽകുന്നതായിരിക്കണം.
- ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വലിയ രാഷ്ട്രമായിരിക്കണം.
- ജനാധിപത്യത്തെയും മനുഷ്യാവകാശങ്ങളെയും ബഹുമാനിക്കുന്ന രാജ്യമാവണം.
- ഭൂപ്രകൃതി, സാമ്പത്തിക സംവിധാനങ്ങൾ സംസ്കാരം എന്നീ കാര്യങ്ങളിൽ സമിതിയിൽ ലോകത്തിന്റെ വൈവിധ്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന രാജ്യമായിരിക്കണം.

ഈ ഓരോ മാനദണ്ഡങ്ങൾക്കും ചില സാധുതകളുണ്ട്. ഭരണകൂടങ്ങൾ തങ്ങളുടെ താല്പര്യങ്ങൾക്കും അഭിലാഷങ്ങൾക്കും അനുസൃതമായി ചില മാനദണ്ഡങ്ങളിൽ നേട്ടങ്ങളും മറ്റ് ചിലതിൽ കോട്ടങ്ങളും കണ്ടു. അംഗമാകാൻ താല്പര്യം ഇല്ലെങ്കിൽ കൂടി രാജ്യങ്ങൾക്ക് ഈ മാനദണ്ഡങ്ങൾ പ്രശ്നങ്ങൾ നിറഞ്ഞതായി കാണാനായി. സുരക്ഷാസമിതി അംഗത്വത്തിന് അർഹത നേടണമെങ്കിൽ നിങ്ങൾക്ക് എത്രമാത്രം സൈനിക ശക്തിയോ സാമ്പത്തിക ശക്തിയോ വേണം? എത്ര ബജറ്റ് സംഭാവന നൽകിയാലാണ് ഒരു രാജ്യത്തിന് സമിതി അംഗത്വം വാങ്ങാനാവുക? ലോകത്ത് വലിയ പങ്ക് വഹിക്കാൻ ശ്രമിക്കുന്ന രാജ്യത്തിന് വലിയ ജനസംഖ്യ മുതൽ കൂട്ടാണോ, ബാധ്യതയാണോ? ജനാധിപത്യവും മനുഷ്യാവകാശങ്ങളും മാനിക്കുക എന്ന മാനദണ്ഡത്തെ സംബന്ധിച്ചാണെങ്കിൽ ഇക്കാര്യത്തിൽ മികച്ച പ്രകടനം കാഴ്ച വച്ച രാജ്യങ്ങൾ അംഗങ്ങളാവാനുള്ള നിരയിലുണ്ടാവും. പക്ഷേ അവർ സമിതി അംഗങ്ങളെന്ന നിലക്ക് ഫലപ്രദമാവുമോ.

അതിനു പുറമെ എങ്ങനെയാണ് പ്രാതിനിധ്യത്തിന്റെ പ്രശ്നം പരിഹരിക്കാനാവുക? ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിലുള്ള തുല്യ പ്രാതിനിധ്യം എന്നതിന്റെ അർഥം ഏഷ്യ, ആഫ്രിക്ക, ലാറ്റിൻ അമേരിക്ക, കരീബിയൻ എന്നിവിടങ്ങളിൽ

**യു.എൻ ബഡ്ജറ്റിലേക്ക് സ്ഥിരമായി സംഭാവന നൽകുന്ന പ്രമുഖ രാജ്യങ്ങൾ, 2017**
**(Major contributors to the UN regular budget, 2017)**

| നം | അംഗരാഷ്ട്രം | % |
|---|---|---|
| 1 | യു.എസ്.എ (USA) | 22.0 |
| 2 | ജപ്പാൻ (Japan) | 9.6 |
| 3 | ചൈന (China) | 7.9 |
| 4 | ജർമനി (Germany) | 6.3 |
| 5 | ഫ്രാൻസ് (France) | 4.8 |
| 6 | യുകെ (UK) | 4.4 |
| 7 | ബ്രസീൽ (Brazil) | 3.8 |
| 8 | ഇറ്റലി (Italy) | 3.7 |
| 9 | റഷ്യ (Russia) | 3.0 |
| 10 | ക്യാനട (Canada) | 2.9 |
| 11 | സ്പെയിൻ (Spain) | 2.4 |
| 12 | ഓസ്ട്രേലിയ (Australia) | 2.3 |
| 13 | റിപ്പബ്ലിക് ഓഫ് കൊറിയ (Republic of Korea) | 2.0 |
| 14 | നെതർലാന്റ് (Netherlands) | 1.4 |
| 15 | മെക്സിക്കോ (Mexico) | 1.4 |
| 16 | സൗദി അറേബ്യ (Saudi Arabia) | 1.1 |
| 17 | സ്വിറ്റ്സർലാന്റ് (Switzerland) | 1.1 |
| 18 | തുർക്കി (Turkey) | 1.0 |

*Source: www.un.org*

**ലോക ബാങ്ക് (World Bank)**

രണ്ടാം ലോക മഹായുദ്ധത്തിനിടെ 1944 ലാണ് ലോകബാങ്ക് രൂപീകരിക്കപ്പെട്ടത് വികസ്വര രാജ്യങ്ങളെ കേന്ദ്രീകരിച്ചാണ് അത് പ്രവർത്തിക്കുന്നത്. അത് മനുഷ്യ വികസനം (വിദ്യാഭ്യാസം, ആരോഗ്യം), കൃഷിയും ഗ്രാമീണ വികസനവും (ജലസേചനം, ഗ്രാമീണ സേവനങ്ങൾ) പരിസ്ഥിതി സംരക്ഷണം (മലിനീകരണ നിയന്ത്രണം, നിയന്ത്രണങ്ങൾ സ്ഥാപിക്കലും നടപ്പാക്കലും) അടിസ്ഥാന സൗകര്യങ്ങൾ (റോഡ്, നഗരപുനർവത്കരണം, വൈദ്യുതി) ഭരണം (അഴിമതി ചെറുക്കൽ, നിയമസ്ഥാപനങ്ങളുടെ വികസനം) എന്നിവയ്ക്ക് വേണ്ടി പ്രവർത്തിക്കുന്നു. ഇത് അംഗരാഷ്ട്രങ്ങൾക്ക് വായ്പകളും സഹായ ധനങ്ങളും നൽകുന്നു. ഇപ്രകാരം ഇത് വികസ്വര രാജ്യങ്ങളുടെ സാമ്പത്തിക നയങ്ങളിൽ വലിയ സ്വാധീനം ചെലുത്തുന്നു. ദരിദ്ര രാജ്യങ്ങളുടെ സാമ്പത്തിക പദ്ധതികൾ രൂപീകരിക്കുന്നു. സ്വതന്ത്ര മാർക്കറ്റ് പരിഷ്കരണങ്ങൾ നടപ്പാക്കാൻ രാഷ്ട്രങ്ങളെ നിർബന്ധിതമാക്കാൻ വായ്പകളുടെ കാര്യത്തിൽ കനത്ത നിബന്ധനകൾ ഏർപ്പെടുത്തുന്നു എന്നീ ആരോപണങ്ങൾ ലോകബാങ്കിന് എതിരെയുണ്ട്

## നമുക്കിത് ഒരുമിച്ച് ചെയ്യാം

### ഘട്ടങ്ങൾ

- ക്ലാസിനെ ആറു സംഘങ്ങളായി തിരിക്കുക. ഓരോ സംഘങ്ങളും ഐക്യരാഷ്ട്ര സുരക്ഷാ സമിതിയുടെ നവീകരണത്തിന് വിശദീകരിച്ച ഓരോ മാനദണ്ഡങ്ങൾ (കൂടുതൽ നിർദേശങ്ങളുണ്ടെങ്കിൽ അതുമാവാം) പിന്തുടരുക.
- ഓരോ സംഘവും തങ്ങൾക്ക് ലഭിച്ച മാനദണ്ഡം അനുസരിച്ച് സ്ഥിരാംഗങ്ങളുടെ സ്വന്തം, പട്ടിക തയാറാക്കുക. (ഉദാ. ജനസംഖ്യാ എന്ന മാനദണ്ഡത്തിൽ പ്രവർത്തിക്കുന്ന സംഘം ഏറ്റവും ജനസംഖ്യ കൂടിയ അഞ്ച് രാഷ്ട്രങ്ങൾ കണ്ടെത്തുക)
- ഓരോ സംഘവും തങ്ങൾ ശുപാർശ ചെയ്യുന്ന പട്ടികയെക്കുറിച്ച് ഒരു അവതരണം നടത്തുക. തങ്ങളുടെ മാനദണ്ഡം എന്തുകൊണ്ട് സ്വീകരിക്കപ്പെടണം എന്നതിന്റെ കാരണവും വ്യക്തമാക്കണം.

**അധ്യാപകർക്കുള്ള ആശയങ്ങൾ**

- തങ്ങൾ പിന്തുണയ്ക്കുന്ന മാനദണ്ഡത്തെ അടിസ്ഥാനമാക്കിയ സംഘത്തെ തിരഞ്ഞെടുക്കാൻ വിദ്യാർഥികളെ അനുവദിക്കുക.
- എല്ലാ പട്ടികകളും താരതമ്യം ചെയ്ത് ഏതെല്ലാം പേരുകൾ പൊതുവായി വരുന്നുണ്ടെന്നും ഇന്ത്യ എത്ര തവണ വരുന്നുവെന്നും നോക്കുക.
- ഏത് മാനദണ്ഡമാണ് അംഗീകരിക്കേണ്ടത് എന്നതിനെക്കുറിച്ച് തുറന്ന ചർച്ചയ്ക്ക് കുറച്ച് സമയം അനുവദിക്കുക.

നിന്ന് ഓരോ സീറ്റ് വീതം എന്നാണോ? മറുവശത്ത് പ്രാതിനിധ്യം മേഖല അടിസ്ഥാനത്തിലോ, ഉപമേഖലാടിസ്ഥാനത്തിലോ, ആവണോ (ഭൂഖണ്ഡാടിസ്ഥാനത്തിന് പകരം)? എന്തുകൊണ്ട് തുല്യ പ്രാതിനിധ്യത്തിന്റെ വിഷയം ഭൂമിശാസ്ത്രപരമായി നിർണയിക്കപ്പെടണം? എന്തുകൊണ്ട് സാമ്പത്തിക വികസനത്തിന്റെ അടിസ്ഥാനത്തിലായിക്കൂടാ? മറ്റൊരു രീതിയിൽ പറഞ്ഞാൽ വികസ്വര രാജ്യങ്ങൾക്ക് എന്തുകൊണ്ട് കൂടുതൽ സ്ഥാനങ്ങൾ നൽകി കൂടാ? ഇവിടെയും വിഷമതകളുണ്ട്. വികസ്വര ലോകത്ത് തന്നെ വികസനത്തിന്റെ വളരെ വ്യത്യസ്ത തലങ്ങളിൽ ഉള്ള രാജ്യങ്ങളുണ്ട്. സംസ്കാരത്തിന്റെ കാര്യം എങ്ങിനെയാണ്? വിവിധ സംസ്കാരങ്ങൾക്ക് അല്ലെങ്കിൽ നാഗരികതകൾക്ക് കൂടുതൽ സന്തുലിതമായ രീതിയിൽ പ്രാതിനിധ്യം നൽകണോ? രാഷ്ട്രങ്ങൾക്ക് തങ്ങളുടെ അതിരുകൾക്കകത്ത് നിരവധി സാംസ്കാരിക ധാരകളുള്ള നിലക്ക് ലോകത്തെ നമ്മൾ എങ്ങനെ സംസ്കാരത്തിന്റെ അല്ലെങ്കിൽ നാഗരികതയുടെ അടിസ്ഥാനത്തിൽ വിഭജിക്കും?

ഇതുമായി ബന്ധപ്പെട്ട ഒരു വിഷയം അംഗത്വത്തിന്റെ സ്വഭാവം തന്നെ ആകെ മാറ്റുക എന്നതാണ്. ഉദാഹരണത്തിന് അഞ്ച് സ്ഥിരാംഗങ്ങളുടെ വീറ്റോ അധികാരം പൂർണമായും അസാധു ആക്കണമെന്ന് ചിലർ ഊന്നിപറയുന്നു. വീറ്റോ അധികാരം യു.എൻ. ലെ പരമാധികാര രാജ്യങ്ങളുടെ തുല്യതയ്ക്കും ജനാധിപത്യ സങ്കല്പത്തിനും എതിരാണെന്നും വീറ്റോ അധികാരം ഇനിമേലിൽ ശരിയോ പ്രസക്തമോ അല്ലന്ന് കരുതുകയും ചെയ്യുന്നു.

സുരക്ഷാസമിതിയിൽ അഞ്ച് സ്ഥിരാംഗങ്ങളും പത്ത് താൽക്കാലികാ അംഗങ്ങളുമാണുള്ളത്. രണ്ടാം ലോകയുദ്ധത്തിന് ശേഷമുള്ള ലോകത്ത് സ്ഥിരത കൊണ്ടുവരാനായി ഐക്യരാഷ്ട്ര ചാർട്ടർ സ്ഥിരാംഗങ്ങൾക്ക് സവിശേഷ സ്ഥാനം നൽകിയിട്ടുണ്ട്. അഞ്ച് സ്ഥിരാംഗങ്ങളുടെ പ്രധാനപ്പെട്ട സവിശേഷാധികാരം അംഗത്വത്തിലെ സ്ഥിരതയും വീറ്റോ അധികാരവുമാണ്. താൽക്കാലിക അംഗങ്ങൾ കേവലം രണ്ടു വർഷത്തെ കാലാവധിയിൽ സേവനം അനുഷ്ടിക്കുകയും തുടർന്ന് പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കായി സ്ഥാനമൊഴിയുകയും ചെയ്യും. രണ്ടു വർഷം സേവനം ചെയ്തതിനുശേഷം ഉടൻ തന്നെ വീണ്ടും തിരഞ്ഞെടുക്കപ്പെടാൻ ഒരു രാജ്യത്തിന് അർഹതയില്ല. ലോകത്തെ എല്ലാ ഭൂഖണ്ഡങ്ങൾക്കും പ്രാതിനിധ്യം ലഭിക്കുന്ന രീതിയിലാണ് താൽക്കാലിക അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്.

ഏറ്റവും പ്രധാനമായി താൽക്കാലിക അംഗങ്ങൾക്ക് വീറ്റോ അധികാരം ഇല്ല. എന്താണ് വീറ്റോ അധികാരം? സുരക്ഷാസമിതിയിൽ തീരുമാനങ്ങളെടുക്കുന്നത് വോട്ടെടുപ്പ് വഴിയാണ്. എല്ലാ അംഗങ്ങൾക്കും ഒരു വോട്ട് വീതമാണുള്ളത്. എന്നിരുന്നാലും മറ്റെല്ലാ സ്ഥിരാംഗങ്ങളും

താൽക്കാലിക അംഗങ്ങളും ഒരു വിഷയത്തിന് അനുകൂലമായി വോട്ട് ചെയ്താലും ഒരു സ്ഥിരാംഗത്തിന് അതിന്റെ നിഷേധ രൂപത്തിൽ വോട്ടു ചെയ്യാം. ഏതെങ്കിലും ഒരു സ്ഥിരാംഗത്തിന്റെ നിഷേധ വോട്ടിന് തീരുമാനത്തെ തന്നെ തടയാൻ കഴിയും. ഈ നിഷേധ വോട്ടിനെയാണ് വീറ്റോ എന്ന് വിളിക്കുന്നത്.

വീറ്റോ സമ്പ്രദായം നിർത്തലാക്കാനോ നവീകരിക്കാനോ ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും ഇത്തരമൊരു പരിഷ്കരണത്തിന് സ്ഥിരാംഗങ്ങൾ സമ്മതിക്കില്ലെന്ന തിരിച്ചറിവുമുണ്ട്. ശീതയുദ്ധം അവസാനിച്ചെങ്കിലും ഇത്തരമൊരു വിപ്ലവകരമായ നീക്കത്തിന് ലോകം സജ്ജമായിട്ടില്ലെന്നും അഭിപ്രായമുണ്ട്. വീറ്റോ അധികാരം ഇല്ലെങ്കിൽ 1945 ൽ സംഭവിച്ചതു പോലെ വൻശക്തികൾക്ക് ലോക സംഘടനയിൽ താല്പര്യം നഷ്ടപ്പെട്ടേക്കുമെന്ന അപകടവുമുണ്ട്. അപ്പോൾ അവർ ലോക സംഘടനയ്ക്ക് പുറത്ത് അവർക്ക് ഇഷ്ടമുള്ളത് എന്തും ചെയ്തേക്കാം. അവരുടെ പിന്തുണയും ഇടപെടലുമില്ലെങ്കിൽ യു.എൻ. ഫലശൂന്യമാവുകയും ചെയ്യും.

## ഐക്യരാഷ്ട്ര സംഘടനയുടെ അധികാരപരിധി (JURIS DICTION OF UN)

സ്ഥിരാംഗങ്ങളുടെ വീറ്റോ അധികാരത്തിന്റെ വിനിയോഗം 18 ഡിസംബർ 2017 വരെ




Source: www.un.org

അംഗത്വം സംബന്ധിച്ച ചോദ്യം ഗൗരവമായ ഒന്നാണ്. അതു കൂടാതെ നിരവധി സുപ്രധാന വിഷയങ്ങൾ ലോകത്തിന് മുന്നിലുണ്ട്. യു.എൻ. അതിന്റെ നിലനില്പിന്റെ അറുപത് വർഷങ്ങൾ പൂർത്തിയാക്കിയപ്പോൾ വാർഷികം ആഘോഷിക്കാനും നിലവിലെ അവസ്ഥ പുനരവലോകനത്തിന് വിധേയമാക്കാനും 2005 സെപ്റ്റംബറിൽ എല്ലാ അംഗരാഷ്ട്രങ്ങളുടെയും തലവന്മാർ യോഗം ചേർന്നു. മാറുന്ന സാഹചര്യത്തിൽ ഐക്യരാഷ്ട്ര സംഘടനയെ കൂടുതൽ പ്രസക്തമാക്കുന്നതിന് താഴെ കൊടുത്തിരിക്കുന്ന നടപടികൾ സ്വീകരിക്കണമെന്ന് ഈ യോഗത്തിൽ നേതാക്കൾ തീരുമാനിച്ചു.

- ഒരു സമാധാന സ്ഥാപന കമ്മീഷന്റെ രൂപീകരണം
- ദേശീയ ഭരണകൂടങ്ങൾ തങ്ങളുടെ പൗരന്മാരെ അതിക്രമങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടാൽ അതിന്റെ ഉത്തരവാദിത്വം അന്താരാഷ്ട്ര സമൂഹം ഏറ്റെടുക്കും.
- ഒരു മനുഷ്യാവകാശ കൗൺസിലിന്റെ സ്ഥാപനം (ഇത് 2006 ജൂൺ 19 മുതൽ പ്രാബല്യത്തിലായി).
- സഹസ്രാബ്ദ വികസന ലക്ഷ്യങ്ങൾ നേടാനുള്ള ഉടമ്പടികൾ രൂപീകരിക്കൽ
- എല്ലാ രൂപത്തിലും ഭാവങ്ങളിലുമുള്ള തീവ്രവാദത്തെ അപലപിക്കൽ
- ജനാധിപത്യ നിധിയുടെ രൂപീകരണം
- ട്രസ്റ്റീഷിപ്പ് കൗൺസിൽ പിരിച്ചു വിടാനുള്ള തീരുമാനം

യു.എൻ. നെ സംബന്ധിച്ച് ഇവയൊക്കെ തുല്യമായി വിവാദപരമായ വിഷയങ്ങളാണെന്ന് കാണാം. ഒരു സമാധാന സ്ഥാപന കമ്മീഷൻ എന്താണ് ചെയ്യുക? ലോകമെമ്പാടുമായി നിരവധി സംഘർഷങ്ങളുണ്ട്. ഇതിൽ ഏതിലാണ് അത് ഇടപെടുക? ഓരോ സംഘർഷത്തിലും അതിന്റെ ഇടപെടൽ അഭികാമ്യമോ സാധ്യമോ ആണോ? സമാനമായി അതിക്രമങ്ങളെ നേരിടുന്നതിൽ അന്തരാഷ്ട്ര സമൂഹത്തിന്റെ ഉത്തരവാദിത്വം എന്താണ്?



അത് തികച്ചും അന്യായമാണ്! ദുർബല രാജ്യങ്ങൾക്കാണ് യഥാർത്ഥത്തിൽ വീറ്റോ അധികാരം വേണ്ടത്. അല്ലാതെ നിലവിൽ കൂടുതൽ ശക്തിയുള്ള രാജ്യങ്ങൾക്കല്ല.

**നമുക്കിത് ചെയ്യാം**

സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs) ഏതൊക്കെയാണ് കണ്ടുപിടിക്കുക.




© Pat Bagley, Cagle Cartoons Inc.

സുഡാനിലെ ദർഫാറിൽ 2003 മുതൽ ഉണ്ടായ മാനവിക പ്രതിസന്ധികൾ അന്താരാഷ്ട്ര സമൂഹത്തിന്റെ പൊള്ളയായ വാഗ്ദാനങ്ങളിലേക്ക് നയിച്ചു. ഇത്തരം സന്ദർഭങ്ങളിൽ യു.എൻ.ന് എങ്ങനെ ഇടപെടാമെന്നാണ് നിങ്ങൾ കരുതുന്നത്? അത് യു.എൻ. ന്റെ അധികാര പരിധിയിൽ മാറ്റം അനിവാര്യമാക്കുന്നോ

എന്താണ് മനുഷ്യാവകാശങ്ങൾ? മനുഷ്യാവകാശ ലംഘനങ്ങളുടെ തലവും അവ ലംഘിക്കപ്പെട്ടാൽ സ്വീകരിക്കേണ്ട നടപടികളും ആരാണ് തീരുമാനിക്കുക? നിരവധി രാജ്യങ്ങൾ ഇപ്പോഴും വികസ്വര ലോകത്തിന്റെ ഭാഗമായിരിക്കെ സഹസ്രാബ്ദ വികസന ലക്ഷ്യത്തിന്റെ പട്ടികയിൽപെട്ട മഹത്തരമായ ലക്ഷ്യങ്ങൾ നേടാമെന്ന യു.എൻ. അഭിലാഷം എത്രമാത്രം യാഥാർഥ്യബോധമുള്ളതാണ്? ഭീകരവാദത്തെപ്പറ്റിയുള്ള നിർവചനത്തിൽ എന്തെങ്കിലും യോജിപ്പുണ്ടോ? ജനാധിപത്യത്തെ പ്രോത്സാഹിപ്പിക്കാൻ യു.എൻ. എങ്ങിനെ പണം ഉപയോഗിക്കും? ഇങ്ങനെ പല തർക്കവിഷയങ്ങളുമുണ്ട്.




Source: www.un.org

## ഇന്ത്യയും ഐക്യരാഷ്ട്ര സംഘടനയുടെ പരിഷ്കരണങ്ങളും (INDIA AND THE UN REFORMS)

ഐക്യരാഷ്ട്ര സംഘടനയുടെ പുനസംഘടനയെ പലകാരണങ്ങളാൽ ഇന്ത്യ പിന്തുണയ്ക്കുന്നു. മാറുന്നലോകത്ത് പുതുജീവൻ നൽകപ്പെട്ടതും കൂടുതൽ ശക്തിപ്പെടുത്തിയതുമായ യു.എൻ. ആവശ്യമാണെന്ന് ഇന്ത്യ വിശ്വസിക്കുന്നു. രാജ്യങ്ങൾ തമ്മിൽ വികസനവും സഹകരണവും പ്രോത്സാഹിപ്പിക്കാൻ ഐക്യരാഷ്ട്ര സംഘടനയുടെ വർധിതമായ പങ്കാളിത്തത്തെ ഇന്ത്യ പിന്തുണയ്ക്കുന്നു. അതുപോലെ വികസനം യു.എൻ. നയപരിപാടികളിൽ പ്രധാന കേന്ദ്രസ്ഥാനമായിരിക്കണമെന്നും ഇന്ത്യ വിശ്വസിക്കുന്നു. കാരണം അത് അന്തർദേശീയ സമാധാനവും സുരക്ഷയും നിലനിർത്തുന്നതിനുള്ള സുപ്രധാനമായ മുൻവ്യവസ്ഥയാണ്.

ഐക്യരാഷ്ട്ര പൊതുസഭയുടെ അംഗസംഖ്യ ഗണ്യമായി വർധിപ്പിച്ചപ്പോഴും സ്ഥായിയായി തുടർന്ന സുരക്ഷാസമിതിയുടെ ഘടനയാണ് ഇന്ത്യയുടെ മുഖ്യ ആശങ്കകളിലൊന്ന്. ഇത് സുരക്ഷാസമിതിയുടെ പ്രാതിനിധ്യസ്വഭാവത്തിന് ഹാനികരമാണെന്ന് ഇന്ത്യ കരുതുന്നു. കൂടുതൽ പ്രാതിനിധ്യത്തോടെ വിപുലീകൃതമായ സമിതിക്ക് ലോകസമൂഹത്തിന്റെ വലിയ പിന്തുണ ലഭിക്കുമെന്ന് ഇന്ത്യ വാദിക്കുന്നു.

1965-ൽ സുരക്ഷാസമിതിയുടെ അംഗബലം 11 ൽനിന്ന് 15 ലേക്ക് വിപുലീകരിക്കപ്പെട്ടുവെന്നത് നമ്മൾ ഓർമയിൽ വയ്ക്കണം. എന്നാൽ സ്ഥിരാംഗങ്ങളുടെ എണ്ണത്തിൽ ഒരു മാറ്റവുമുണ്ടായിട്ടില്ല. അന്നു മുതൽക്ക് സമിതിയുടെ വലിപ്പം സ്ഥിരമായി തുടർന്നു. ഐക്യരാഷ്ട്ര പൊതുസഭയുടെ ഇപ്പോഴത്തെ അംഗങ്ങളിൽ മഹാഭൂരിപക്ഷവും വികസ്വരരാജ്യങ്ങളാണെന്നത് സത്യമാണ്. അതുകൊണ്ട് തങ്ങൾക്ക് ബാധകമായ സുരക്ഷാസമിതി തീരുമാനങ്ങൾ രൂപപ്പെടുത്തുന്നതിൽ അവർക്കും പങ്കാളിത്തമുണ്ടാവണമെന്ന് ഇന്ത്യ വാദിക്കുന്നു.

**ഡബ്ല്യൂ. ടി. ഒ.**

### ലോകവ്യാപാര സംഘടന (WTO)

ലോകവ്യാപാരവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ നിർമിക്കുന്ന ഒരു അന്തർദേശീയ സംഘടനയാണ് ലോകവ്യാപാര സംഘടന (WTO). രണ്ടാം ലോകയുദ്ധാനന്തരം സ്ഥാപിതമായ ജനറൽ എഗ്രിമെന്റ് ഓൺ ട്രേഡ് ആന്റ് താരിഫിന്റെ (GATT) പിന്തുടർച്ചയായി 1995 ലാണ് ഇത് സ്ഥാപിതമായത്. അതിൽ 164 അംഗങ്ങളുണ്ട് (29 ജൂലൈ 2016-ലെ കണക്ക്). എല്ലാ തീരുമാനങ്ങളും ഏകകണ്ഠമായാണ് എടുക്കുന്നത്. പക്ഷേ, അമേരിക്ക, യൂറോപ്യൻ യൂണിയൻ, ജപ്പാൻ തുടങ്ങിയ വൻ സാമ്പത്തിക ശക്തികൾ അവരുടെ താൽപര്യങ്ങൾ സംരക്ഷിച്ച് വ്യാപാര നിയമങ്ങൾ നിർമിക്കുന്നതിന് ലോകവ്യാപാര സംഘടനയെ ഉപയോഗപ്പെടുത്തി. സുതാര്യമല്ലാത്ത നടപടിക്രമങ്ങളെയും വൻശക്തികളാൽ തങ്ങൾ പിന്തള്ളപ്പെടുന്നതിനെയും കുറിച്ച് വികസ്വരരാജ്യങ്ങൾ വിമർശനവും പരാതിയും ഉന്നയിക്കാറുണ്ട്.

സ്ഥിര, താൽക്കാലിക അംഗങ്ങളുടെ എണ്ണത്തിൽ വർധന വരുത്തുന്നതിനെ ഇന്ത്യ പിന്തുണയ്ക്കുന്നു. കഴിഞ്ഞ ഏതാനുംവർഷങ്ങൾക്കിടയിൽ സുരക്ഷാസമിതിയുടെ പ്രവർത്തനങ്ങൾ വളരെ വ്യാപകമായി എന്ന് ഇന്ത്യൻ പ്രതിനിധികൾ വാദിക്കുന്നു. സുരക്ഷാസമിതിയുടെ പ്രവർത്തനങ്ങളുടെ വിജയം അന്തർദേശീയ സമൂഹത്തിന്റെ രാഷ്ട്രീയപിന്തുണയെ ആശ്രയിച്ചിരിക്കുന്നു. സുരക്ഷാസമിതി പുനസംഘടിപ്പിക്കുന്നതിനുള്ള ഏത് പദ്ധതിയും അതുകൊണ്ട് തന്നെ വിശാലാടിസ്ഥാനത്തിലുള്ളതാവണം. ഉദാഹരണത്തിന്, സുരക്ഷാ സമിതിയിൽ കൂടുതൽ വികസ്വരരാജ്യങ്ങൾ ഉണ്ടായിരിക്കണം.

പുനസംഘടിക്കപ്പെട്ട യുഎന്നിൽ ഒരു സ്ഥിരാംഗമാകാൻ ഇന്ത്യ ആഗ്രഹിക്കുന്നുവെന്നത് അത്ഭുതപ്പെടുത്തുന്ന കാര്യമല്ല. ലോകജനസംഖ്യയുടെ അഞ്ചിലൊന്ന് ഭാഗത്തെ ഉൾക്കൊള്ളുന്ന ഇന്ത്യ ജനസംഖ്യയിൽ രണ്ടാംസ്ഥാനത്താണ്. മാത്രവുമല്ല, ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യവുമാണ്. ഐക്യരാഷ്ട്രസംഘടനയുടെ ഏതാണ്ട് എല്ലാ ഉദ്യമങ്ങളിലും ഇന്ത്യ പങ്കാളിയായിട്ടുണ്ട്. യുഎൻ സമാധാനപാലനത്തിൽ അതിന്റെ ശ്രമങ്ങൾ ദീർഘവും കരുത്തുറ്റതുമാണ്. അന്താരാഷ്ട്രരംഗത്ത് രാജ്യത്തിന്റെ സാമ്പത്തിക ഉയർച്ച ഒരു പക്ഷെ സുരക്ഷാസമിതിയിൽ സ്ഥിരാംഗത്വത്തി



നമ്മൾ പഞ്ചമഹാശക്തികളുടെ മേധാവിത്വ മനോഭാവത്തെ എതിർക്കണോ അതോ അവരോട് ഒപ്പം ചേർന്ന് മറ്റൊരു മേധാവി ആകാൻ ശ്രമിക്കണോ?

ഐ.എ.ഇ.എ.

**അന്തർദേശീയ ആണവോർജ ഏജൻസി (IAEA)**

അന്തർദേശീയ ആണവോർജ ഏജൻസി (IAEA) 1957-ൽ സ്ഥാപിതമായി. അമേരിക്കൻ പ്രസിഡന്റ് ഡ്വൈറ്റ് ഐസൻഹോവറുടെ 'ആണവോർജം സമാധാനത്തിന്' നിർദേശം നടപ്പിലാക്കാനാണ് ഇത് നിലവിൽ വന്നത്. ആണവ ഊർജത്തിന്റെ സമാധാനപരമായ ഉപയോഗം പ്രോത്സാഹിപ്പിക്കാനും സൈനികലക്ഷ്യത്തിനുള്ള ഉപയോഗം തടയുകയുമാണ് ഇതിന്റെ ലക്ഷ്യം. ഐ.എ.ഇ.എ. സംഘം ലോകത്തെമ്പാടുമുള്ള ആണവസംവിധാനങ്ങൾ പതിവായി പരിശോധിക്കുകയും സമാധാനപരമായ റിയാക്ടറുകൾ സൈനികലക്ഷ്യത്തിന് ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.



ഐക്യരാഷ്ട്രസംഘടന ആരെയെങ്കിലും ന്യൂയോർക്കിലേക്ക് ക്ഷണിക്കുകയും എന്നാൽ അമേരിക്ക വിസ നിഷേധിക്കുകയും ചെയ്താൽ എന്തു സംഭവിക്കും?

നുള്ള ഇന്ത്യയുടെ അവകാശവാദത്തെ ന്യായീകരിക്കുന്ന മറ്റൊരു ഘടകമാണ്. ഇന്ത്യ സ്ഥിരമായി യുഎന്നിന് സാമ്പത്തികസഹായം നൽകുന്നുണ്ടെന്നുമാത്രമല്ല പണം നൽകുന്നതിൽ ഒരിക്കലും വീഴ്ച വരുത്തിയിട്ടും ഇല്ല. സുരക്ഷാസമിതിയിലെ സ്ഥിരാംഗത്വത്തിന് പ്രതീകാത്മകമായ പ്രാധാന്യംകൂടി ഉണ്ടെന്ന് ഇന്ത്യക്ക് ബോധ്യമുണ്ട്. ലോകകാര്യങ്ങളിൽ ഒരു രാജ്യത്തിന്റെ വർധിച്ച പ്രാധാന്യത്തെ അത് പ്രതിനിധീകരിക്കുന്നു. ഈ മഹത്തായ പദവി വിദേശനയനടത്തിപ്പിൽ ഒരു രാജ്യത്തിന് ഗുണകരമാവും. ശക്തിയാണെന്നുള്ള കീർത്തി നിങ്ങളെ കൂടുതൽ സ്വാധീനമുള്ളവരാക്കും.

വീറ്റോ അധികാരമുള്ള സ്ഥിരം യുഎൻ അംഗമാകണമെന്ന് ഇന്ത്യ ആഗ്രഹിക്കുന്നുണ്ടെങ്കിലും ചില രാജ്യങ്ങൾ ഇന്ത്യയെ ഉൾപ്പെടുത്തുന്നതിനെ ചോദ്യം ചെയ്യുന്നു. ഇന്ത്യയുമായി മോശം ബന്ധമുള്ള അയൽരാജ്യമായ പാകിസ്താൻ മാത്രമല്ല സുരക്ഷസമിതിയിൽ വീറ്റോ അധികാരമുള്ള സ്ഥിര അംഗമായി ഇന്ത്യ വരുന്നതിൽ അതൃപ്തി കാണിക്കുന്ന ഒരേ ഒരു രാജ്യം. ഉദാഹരണത്തിന്, ചില രാജ്യങ്ങൾ ഇന്ത്യയുടെ ആണവായുധശേഷിയെക്കുറിച്ച് ആശങ്കാകുലരാണ്. മറ്റുള്ളവർ വിചാരിക്കുന്നത് പാകിസ്താനുമായുള്ള തർക്കങ്ങൾ സ്ഥിര അംഗമെന്ന നിലയിൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിൽ നിന്ന് ഇന്ത്യയെ തടയുമെന്നാണ്. ചിലരാവട്ടെ ഇന്ത്യയെ ഉൾപ്പെടുത്തിയാൽ തങ്ങൾ എതിർക്കുന്ന ബ്രസീൽ, ജർമനി, ജപ്പാൻ ഒരുപക്ഷെ ദക്ഷിണാഫ്രിക്കയെപ്പോലും ഉൾപ്പെടുത്തേണ്ടിവരും എന്ന് വിചാരിക്കുന്നു. സ്ഥിരാംഗത്വത്തിന്റെ ഏതെങ്കിലും വിപുലീകരണത്തിൽ ആഫ്രിക്കക്കും തെക്കേ അമേരിക്കക്കും പ്രാതിനിധ്യം നൽകണമെന്ന് മറ്റുചിലർ വിചാരിക്കുന്നു. കാരണം നിലവിലുള്ള ഘടനയിൽ ഈ ഭൂഖണ്ഡങ്ങൾക്ക് പ്രാതിനിധ്യമില്ല. ഈ കാര്യങ്ങളൊക്കെ പരിഗണിച്ചാൽ സമീപ ഭാവിയിലൊന്നും ഇന്ത്യക്കോ, മറ്റേതെങ്കിലും രാജ്യത്തിനോ യു.എന്നിലെ സ്ഥിരാംഗമാവുക എളുപ്പമാവില്ലെന്ന് കാണാം.

## ഐക്യരാഷ്ട്രസംഘടന ഒരു ഏകധ്രുവലോകത്തിൽ (THE UN IN A UNIPOLAR WORLD)

ഗണ്യമായ എതിരാളികളില്ലാതെ അമേരിക്ക ലോകത്തെ ഏറ്റവും ശക്തിയുള്ള രാഷ്ട്രമായി മാറിയിരിക്കുന്ന ഏകധ്രുവലോകത്തെ നേരിടാൻ നവീകരണവും പുനസംഘടനയും യുഎന്നിനെ സഹായിക്കുമെന്ന് ചില രാജ്യങ്ങൾ പ്രതീക്ഷിക്കുന്നു. അമേരിക്കൻ ആധിപത്യത്തിനെതിരെ ഒരു തുലനശക്തിയാവാൻ ഐക്യരാഷ്ട്ര സംഘടനക്ക് കഴിയുമോ? അമേരിക്കയും മറ്റ് ലോകരാജ്യങ്ങളും തമ്മിൽ ഫലവത്തായ ആശയ വിനിമയം നിലനിർത്താൻ അത് സഹായിക്കുമോ, തങ്ങൾ ആഗ്രഹിക്കുന്നതെന്തും ചെയ്യുന്നതിൽനിന്ന് അമേരിക്കയെ തടയാൻ ഐക്യരാഷ്ട്ര സംഘടനക്കാവുമോ?

അമേരിക്കൻ ശക്തിയെ എളുപ്പത്തിൽ തടയാനാവില്ല. ആദ്യമായിത്തന്നെ സോവിയറ്റ് യൂണിയൻ അപ്രത്യക്ഷമായതോടെ അമേരിക്ക ഏക വൻശക്തിയായി മാറി. അതിന്റെ സാമ്പത്തികവും സൈനികവുമായ ശക്തി, ഐക്യരാഷ്ട്ര സംഘടനയെയൊ, മറ്റ് അന്തർദേശീയ സംഘടനകളെയോ അവഗണിക്കാൻ അമേരിക്കക്ക് കഴിവ് നൽകുന്നു.

രണ്ടാമതായി ഐക്യരാഷ്ട്ര സംഘടനയിൽ അമേരിക്കക്ക് ഗണ്യമായ സ്വാധീ

നമുണ്ട്. ഐക്യരാഷ്ട്ര സംഘടനക്ക് ഏറ്റവും കൂടുതൽ ധനസഹായം നൽകുന്ന രാജ്യം എന്ന നിലയിൽ അമേരിക്കക്ക് അതുല്യമായ സാമ്പത്തിക ശക്തിയുണ്ട്. യുഎൻ സ്ഥിതിചെയ്യുന്നത് അമേരിക്കൻ ഭൂപ്രദേശത്തിനുള്ളിലാണെന്നതും വാഷിങ്ടണിന് കൂടുതൽ സ്വാധീനം നൽകുന്ന ഘടകമാണ്. ഐക്യരാഷ്ട്ര സംഘടനയുടെ ഉദ്യോഗസ്ഥവൃന്ദത്തിൽ നിരവധി അമേരിക്കൻ പൗരന്മാരുണ്ട്. ഇതുകൂടാതെ വീറ്റോ അധികാരം ഉപയോഗപ്പെടുത്തി അമേരിക്കക്ക് തങ്ങളുടെയോ, തങ്ങളുടെ സുഹൃത്തുക്കളുടെയോ, സഖ്യകക്ഷികളുടെയോ താൽപര്യങ്ങളെ എതിർക്കുവനോ, ഹിതകരമല്ലാത്തതോ ആയ ഏത് നീക്കത്തെയും തടയുവാനോ കഴിയും. അമേരിക്കയുടെ ശക്തിയും സംഘടനക്കുള്ളിലെ വീറ്റോ അധികാരവും യു.എൻ. സെക്രട്ടറി ജനറലിന്റെ തിരഞ്ഞെടുപ്പിൽ വാഷിങ്ടണിന് ഗണ്യമായ സ്വാധീനം ഉറപ്പാക്കുന്നു. ഈ അധികാരം ഉപയോഗിച്ച് മറ്റു രാജ്യങ്ങളെ ഭിന്നിപ്പിച്ച് തങ്ങളുടെ നയങ്ങളോടുള്ള എതിർപ്പിനെ ലഘൂകരിക്കാൻ യുഎസിന് കഴിയും. അവർ അത് ചെയ്യാറുമുണ്ട്.

അതുകൊണ്ട് അമേരിക്കയുടെ കാര്യത്തിൽ ഒരു തുലനം സാധ്യമാക്കാൻ ഐക്യരാഷ്ട്ര സംഘടനക്കാവില്ല. എന്നിരുന്നാലും അമേരിക്കക്ക് ആധിപത്യമുള്ള ഒരു ഏകധ്രുവലോകത്തിൽ, വിവിധ വിഷയങ്ങളിൽ അമേരിക്കയെയും ബാക്കി ലോകത്തെയും ചർച്ചകളിലേക്ക് എത്തിക്കാൻ ഐക്യരാഷ്ട്ര സംഘടനക്കാകുന്നുണ്ട്. അമേരിക്കൻ നേതാക്കന്മാരാകട്ടെ നിരന്തരമായി യു.എന്നിനെ വിമർശിക്കുന്നുണ്ടെങ്കിലും സാമൂഹികവും സാമ്പത്തികവുമായ വികസനം, സംഘർഷം എന്നീ വിഷയങ്ങൾ നേരിടുന്നതിന് 190-ലധികം രാജ്യങ്ങളെ ഒരുമിപ്പിക്കാനുള്ള വേദിയായി യുഎന്നിനെ അംഗീകരിക്കുന്നു. ലോകത്തിലെ മറ്റ് രാജ്യങ്ങൾക്കാവട്ടെ അമേരിക്കൻ നയങ്ങളും മനോഭാവങ്ങളും പരിഷ്കരിക്കാനുള്ള വേദി യുഎൻ നൽകുന്നു. വാഷിങ്ടണിനെതിരെ ലോകത്തെ മറ്റുരാജ്യങ്ങൾ അപൂർവ




© Mike Lane. Cagle Cartoons Inc.

ആംനസ്റ്റി ഇന്റർനാഷണൽ

### ആംനസ്റ്റി ഇന്റർനാഷണൽ

ലോകത്ത് എല്ലായിടത്തും മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പ്രവർത്തനം നടത്തുന്ന ഒരു സർക്കാരിതര സംഘടനയാണ് ആംനസ്റ്റി ഇന്റർനാഷണൽ. ആഗോള മനുഷ്യാവകാശ പ്രഖ്യാപനത്തിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ മനുഷ്യ അവകാശങ്ങളെയും മാനിക്കുന്നതിനെ അത് പ്രോത്സാഹിപ്പിക്കുന്നു. മനുഷ്യാവകാശങ്ങളെല്ലാം അവിഭാജ്യവും പരസ്പരബന്ധിതവുമാണെന്ന് അത് വിശ്വസിക്കുന്നു. അത് മനുഷ്യാവകാശം സംബന്ധിച്ച വിദഗ്ദ്ധരെ തയ്യാറാക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നു. ആംനസ്റ്റിയുടെ മുഖ്യശ്രദ്ധാകേന്ദ്രം സർക്കാർ അധികാരസ്ഥാപനങ്ങളുടെ പ്രവർത്തനത്തിലായതിനാൽ ഈ വിദഗ്ദ്ധരുടെ കാര്യത്തിൽ സർക്കാരുകൾ എല്ലായ്പ്പോഴും സന്തുഷ്ടരല്ല. എന്നിരുന്നാലും മനുഷ്യാവകാശ ഗവേഷണത്തിലും മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിലും ഈ വിദഗ്ദ്ധർ പ്രധാന പങ്കുവഹിക്കുന്നു.

ഹ്യൂമൻ റൈറ്റ്സ് വാച്ച്

## ഹ്യൂമൻ റൈറ്റ്സ് വാച്ച്

ഹ്യൂമൻ റൈറ്റ്സ് വാച്ച് എന്നത് മനുഷ്യാവകാശ ഗവേഷണത്തിലും അവകാശങ്ങൾ ഉന്നയിക്കുന്നതിലും ഏർപ്പെട്ടിരിക്കുന്ന ഒരു സർക്കാരിതര അന്തർദേശീയ സംഘടനയാണ്. അമേരിക്കയിലെ ഏറ്റവും വലിയ മനുഷ്യാവകാശ സംഘടനയാണിത്. മനുഷ്യാവകാശ ധ്വംസനങ്ങളിലേക്ക് അത് ആഗോള മാധ്യമശ്രദ്ധ ആകർഷിക്കുന്നു. പ്രധാനപ്പെട്ട മനുഷ്യാവകാശ വിഷയങ്ങളിൽ അന്തർദേശീയ സഖ്യങ്ങളുണ്ടാക്കാനും അത് സാധിതമാക്കാനും ഹ്യൂമൻ റൈറ്റ്സ് വാച്ചിന് കഴിഞ്ഞിട്ടുണ്ട്. അന്താരാഷ്ട്ര ക്രിമിനൽ കോടതിയുടെ സ്ഥാപനം, കുഴിബോംബ് നിരോധനത്തിനുള്ള പ്രചാരണം, ബാലസൈനിക വൃത്തിക്കെതിരെയുള്ള പ്രചാരണം എന്നിവ ഉദാഹരണങ്ങളാണ്.

മായേ ഒന്നിക്കാറുള്ളൂ. അമേരിക്കൻ ശക്തിയെ സന്തുലിതമാക്കുക യഥാർത്ഥത്തിൽ അസാധ്യവുമാണ്. എന്നാൽ പ്രത്യേക അമേരിക്കൻ നയങ്ങൾക്കും മനോഭാവങ്ങൾക്കും എതിരായ വാദങ്ങൾ കേൾക്കാനും വിട്ടുവീഴ്ചകളും സൗജന്യങ്ങളും രൂപീകരിക്കാനും യുഎൻ ഒരിടം സജ്ജമാക്കുന്നു.

യുഎൻ അപൂർണമായ ഒരു സംഘടനയാണ് എങ്കിലും അതില്ലായിരുന്നെങ്കിൽ ലോകം ഇന്നത്തേതിലും അധികം മോശമാവുമായിരുന്നു. ലോകത്ത് സമൂഹങ്ങളും പ്രശ്നങ്ങളും തമ്മിൽ വർധിച്ചുവരുന്ന ബന്ധങ്ങളുടെ പശ്ചാത്തലത്തിൽ – ഇതിനെ മിക്കപ്പോഴും നമ്മൾ പരസ്പരാശ്രിതത്വം എന്നു വിളിക്കും – യുഎൻ പോലുള്ള ഒരു സംഘടനയുടെ അഭാവത്തിൽ എങ്ങനെയാണ് എഴുനൂറ് കോടി ജനങ്ങൾ ഒരുമിച്ച് ജീവിക്കുക എന്ന് സങ്കൽപിക്കുന്നത് വിഷമകരമാണ്. സാങ്കേതികവിദ്യ ആഗോള പരസ്പരാശ്രിതത്വത്തിന്റെ വർധന വാഗ്ദാനം ചെയ്യുന്നു. അതുകൊണ്ട് യുഎന്നിന്റെ പ്രാധാന്യം കൂടുകയേയുള്ളൂ. ജനങ്ങളും രാഷ്ട്രങ്ങളും തങ്ങളുടെയും അന്താരാഷ്ട്ര സമൂഹത്തിന്റെയും വിശാലതാൽപര്യങ്ങൾക്ക് അനുസൃതമായി ഐക്യരാഷ്ട്രസംഘടനയെയും മറ്റ് അന്തർദേശീയ ഏജൻസികളെയും ഉപയോഗിക്കാനും സഹായിക്കാനുമുള്ള വഴികൾ കണ്ടെത്തണം.

അഭ്യാസം

1. വീറ്റോ അധികാരത്തെ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന ഓരോ പ്രസ്താവനകൾക്കും നേരെ തെറ്റോ ശരിയോ എന്ന് രേഖപ്പെടുത്തുക.
   (a) സുരക്ഷാസമിതിയിലെ സ്ഥിരാംഗങ്ങൾക്ക് മാത്രമേ വീറ്റോ അധികാരമുള്ളൂ
   (b) അതൊരുതരം പ്രതിലോമ അധികാരമാണ്
   (c) ഏതെങ്കിലും തീരുമാനത്തിൽ തൃപ്തനല്ലെങ്കിൽ സെക്രട്ടറി ജനറൽ ഈ അധികാരം ഉപയോഗിക്കുന്നു
   (d) ഒരു വീറ്റോ കൊണ്ട് സുരക്ഷാസമിതിയുടെ പ്രമേയം തടയാം.
2. യുഎന്നിന്റെ പ്രവർത്തനത്തെക്കുറിച്ച് താഴെ കൊടുത്തിരിക്കുന്ന ഓരോ പ്രസ്താവനക്കും നേരെ തെറ്റോ ശരിയോ എന്ന് രേഖപ്പെടുത്തുക.
   (a) സുരക്ഷയും സമാധാനവും സംബന്ധിച്ച് എല്ലാ വിഷയങ്ങളും സുരക്ഷാസമിതി കൈകാര്യം ചെയ്യുന്നു.
   (b) മനുഷ്യത്വപരമായ നയങ്ങൾ നടപ്പാക്കുന്നത് യുഎന്നിന്റെ പ്രധാന ഘടകങ്ങളും ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്ന പ്രത്യേക ഏജൻസികളുമാണ്.
   (c) സുരക്ഷാവിഷയങ്ങളുടെ നടപ്പാക്കലിന് സുരക്ഷാസമതിയിലെ അഞ്ച് സ്ഥിരാംഗങ്ങളുടെ അഭിപ്രായ ഐക്യം അനിവാര്യമാണ്.
   (d) പൊതുസഭയിലെ അംഗങ്ങൾ പ്രധാന ഘടകങ്ങളിലെയും യുഎന്നിന്റെ സ്പെഷ്യലൈസ്ഡ് ഏജൻസികളുടെയും അംഗങ്ങളാണ്.
3. സുരക്ഷാസമിതിയിലെ സ്ഥിരാംഗത്വത്തിനുള്ള ഇന്ത്യയുടെ നിർദേശത്തിന് താഴെ

## അഭ്യാസം

കൊടുത്തിരിക്കുന്നവയിൽ ഏതാണ് കുടുതൽ ബലവത്തായ വാദം.

(a) ആണവശേഷി

(b) തുടക്കം മുതലെ അത് യുഎൻ അംഗമായിരുന്നു

(c) അത് ഏഷ്യയിൽ സ്ഥിതി ചെയ്യുന്നു.

(d) ഇന്ത്യയുടെ സാമ്പത്തിക വളർച്ചയും സ്ഥിരതയുള്ള രാഷ്ട്രീയ സംവിധാനവും

4. ആണവ സാങ്കേതികവിദ്യയുടെ സുരക്ഷയ്ക്കും സമാധാനപരമായ ഉപയോഗത്തിനും മേൽനോട്ടം വഹിക്കുന്ന സംഘടന:

(a) നിരായുധീകരണത്തിനുള്ള യു.എൻ. കമ്മിറ്റി

(b) അന്തർദേശീയ ആണവ ഊർജ ഏജൻസി

(c) യു.എൻ. ഇന്റർനാഷണൽ സേഫ് ഗാർഡ് കമ്മറ്റി

(d) ഇതൊന്നുമല്ല

5. താഴെ കൊടുത്തിരിക്കുന്നവയിൽ ഏത് സംഘടനയുടെ പിന്തുടർച്ചയായാണ് ലോക വ്യാപാര സംഘടന (WTO) പ്രവർത്തിക്കുന്നത്.

(a) ജനറൽ എഗ്രിമെന്റ് ഓൺ ട്രേഡ് ആന്റ് താരിഫ്

(b) ജനറൽ അറേഞ്ച്മെന്റ് ഓൺ ട്രേഡ് ആന്റ് താരിഫ്

(c) ലോക ആരോഗ്യ സംഘടന

(d) യു.എൻ. ഡെവലപ്മെന്റ് പ്രോഗ്രാം

6. വിട്ടു പോയ ഭാഗം പൂരിപ്പിക്കുക.

(a) ഐക്യരാഷ്ട്ര സംഘടനയുടെ മുഖ്യ ലക്ഷ്യമാണ്..................

(b) ഐക്യരാഷ്ട്ര സംഘടനയുടെ ഉയർന്ന ഉദ്യോഗസ്ഥനാണ് .........................

(c) ഐക്യരാഷ്ട്ര സുരക്ഷാ സമിതിയിൽ ............... സ്ഥിരാംഗങ്ങളും ............... താൽക്കാലിക അംഗങ്ങളുമുണ്ട്.

(d) ......................... ആണ് ഇപ്പോഴത്തെ ഐക്യരാഷ്ട്ര സെക്രട്ടറി ജനറൽ

7. താഴെ കൊടുത്തിരിക്കുന്ന ഐക്യരാഷ്ട്ര സംഘടനയുടെ മുഖ്യ ഘടകങ്ങളെയും പ്രത്യേക ഏജൻസികളെയും അവയുടെ പ്രവർത്തനങ്ങളുമായി യോജിപ്പിക്കുക.

1. സാമ്പത്തിക സാമൂഹ്യ സമിതി
2. അന്തർദേശീയ നീതിന്യായക്കോടതി
3. അന്തർദേശീയ ആണവോർജ ഏജൻസി
4. സുരക്ഷാ സമിതി
5. അഭയാർഥികൾക്കായുള്ള യു.എൻ. ഹൈകമ്മീഷൻ
6. ലോക വ്യാപാര സംഘടന
7. അന്തർദേശീയ നാണ്യനിധി
8. പൊതുസഭ

അഭ്യാസം

9. ലോകാരോഗ്യ സംഘടന

10. സെക്രട്ടറിയേറ്റ്

(a) ലോക സാമ്പത്തിക സംവിധാനത്തിന്റെ മേൽനോട്ടം

(b) അന്താരാഷ്ട്ര സുരക്ഷയും സമാധാനവും നില നിർത്തൽ

(c) അംഗരാജ്യങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ ക്ഷേമം നോക്കുന്നു.

(d) ആണവ സാങ്കേതികവിദ്യകളുടെ സുരക്ഷിതവും സമാധാനപരവുമായ ഉപയോഗം

(e) അംഗരാഷ്ട്രങ്ങൾക്കിടയിലുള്ള തർക്കങ്ങൾ പരിഹരിക്കുക.

(f) അടിയന്തരഘട്ടങ്ങളിൽ അഭയ സങ്കേതവും വൈദ്യ സഹായവും എത്തിക്കുന്നു.

(g) ആഗോള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നു.

(h) യു.എൻ. കാര്യങ്ങളുടെ ഏകോപനവും നടത്തിപ്പും

(i) എല്ലാവർക്കും ആരോഗ്യം ലഭ്യമാക്കൽ

(j) അംഗരാഷ്ട്രങ്ങൾക്കിടയിൽ സ്വതന്ത്ര വ്യാപാരം പരിപോഷിപ്പിക്കൽ

8. സുരക്ഷാ സമിതിയുടെ ധർമ്മങ്ങൾ എന്തെല്ലാം?

9. ഒരു ഇന്ത്യൻ പൗരൻ എന്ന നിലയിൽ നിങ്ങൾ എങ്ങനെയാണ് സുരക്ഷാ സമിതിയിൽ സ്ഥിരാംഗത്വത്തിനുള്ള ഇന്ത്യയുടെ സ്ഥാനാർഥിത്വത്തെ പിന്തുണയ്ക്കുന്നത്? നിങ്ങളുടെ നിർദ്ദേശങ്ങൾ സമർത്ഥിക്കുക.

10. നിർദ്ദിഷ്ട യു.എൻ. പുനസംഘടന നടപ്പാക്കുന്നതിനുള്ള വിഷമതകൾ വിമർശനാത്മകമായി വിലയിരുത്തുക.

11. യുദ്ധങ്ങളും അതുമായി ബന്ധപ്പെട്ട ദുരിതവും തടയുന്നതിൽ യു.എൻ. പരാജയപ്പെട്ടെങ്കിലും യു.എൻ. നിലനിർത്താൻ രാജ്യങ്ങൾ താല്പര്യപ്പെടുന്നു. എന്താണ് യു.എന്നിനെ അനിവാര്യമായ സംഘടനയാക്കുന്നത്?

12. "യു.എന്നിനെ നവീകരിക്കുക എന്നതിനർഥം സുരക്ഷാസമിതി പുനസംഘടിപ്പിക്കുക എന്നതാണ്". ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ? ഈ നിലപാടിന് എതിരായും അനുകൂലമായും വാദങ്ങൾ നിരത്തുക.

അധ്യായം ഏഴ്

# സമകാലികലോകത്തെ സുരക്ഷ (Security in the Contemporary World)

## അവലോകനം

ലോകരാഷ്ട്രീയത്തെക്കുറിച്ചുള്ള ചർച്ചകളിൽ നമ്മൾ പതിവായി കേൾക്കാറുള്ള വാക്കാണ് 'സുരക്ഷ' അല്ലെങ്കിൽ 'ദേശീയസുരക്ഷ'. ഇവ കൊണ്ട് എന്താണ് അർഥമാക്കുന്നതെന്ന് നമുക്ക് അറിയാമോ? ചർച്ചകളും സംവാദങ്ങളും അവസാനിപ്പിക്കാനുള്ള ഒരു ഉപാധിയായി പൊതുവെ ഇതുപയോഗിക്കാറുണ്ട്. ഒരു വിഷയം സുരക്ഷാപ്രശ്നമാണെന്നും അതുകൊണ്ടു തന്നെ അത് രാഷ്ട്രത്തിന്റെ നന്മയ്ക്ക് പ്രാധാന്യമർഹിക്കുന്നതാണെന്നും നമ്മൾ കേൾക്കാറുണ്ട്. സുരക്ഷ എന്നത് അതീവ പ്രാധാന്യമുള്ളതും രഹസ്യമായി മാത്രം വാദപ്രതിവാദം നടത്തേണ്ടതും തുറന്ന് ചർച്ച ചെയ്യപ്പെടരുതാത്തതുമാണെന്നതാണ് ഇതിന്റെ വിവക്ഷ. ദേശസുരക്ഷയെ ചുറ്റിപ്പറ്റിയുള്ളവയെല്ലാം അസ്പഷ്ടവും അപകടം നിറഞ്ഞതുമായ രീതിയിൽ വനിർമ്മിതം ചെയ്യപ്പെട്ട സിനിമകൾ നാം കാണാറുണ്ട്. സുരക്ഷ എന്നത് സാധാരണ പൗരന്റെ വിഷയമല്ല. എന്നാൽ ജനാധിപത്യരാഷ്ട്രത്തിൽ ഇങ്ങനെയാവാൻ കഴിയില്ല. ഒരു ജനാധിപത്യത്തിലെ പൗരന്മാർ എന്ന നിലയിൽ നാം സുരക്ഷസംബന്ധിച്ച് കൂടുതൽ അറിവ് സമാഹരിക്കേണ്ടതുണ്ട്. യഥാർഥത്തിൽ സുരക്ഷ എന്നത് എന്താണ്? ഇന്ത്യയുടെ സുരക്ഷാ സംബന്ധിയായ ഉത്കണ്ഠകൾ എന്തെല്ലാമാണ്? ഇത്തരം ചോദ്യങ്ങളാണ് ഈ അധ്യായത്തിൽ ചർച്ചചെയ്യപ്പെടുന്നത്. ഈ അധ്യായം സുരക്ഷ സംബന്ധിച്ച് രണ്ട് വ്യത്യസ്ത മാർഗങ്ങൾ പരിചയപ്പെടുത്തുന്നു. കൂടാതെ സുരക്ഷയെ സംബന്ധിച്ച നമ്മുടെ കാഴ്ചപ്പാടിനെ നിർണയിക്കുന്ന സാഹചര്യങ്ങളെയും സന്ദർഭങ്ങളെയും അവയുടെ പ്രാധാന്യത്തെയും ഉയർത്തിക്കാട്ടുകയും ചെയ്യുന്നു.



*1994-ലെ യു.എൻ.ഡി.പി. ഹ്യൂമൻ ഡെവലപ്മെന്റ് റിപ്പോർട്ട്, മനുഷ്യസുരക്ഷ സംബന്ധിച്ച താത്പര്യം പ്രതിഫലിപ്പിക്കുന്നു. "സുരക്ഷ എന്ന സങ്കൽപം കാലങ്ങളായി ഇടുങ്ങിയ രീതിയിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു... പൗരന്മാർ എന്നതിനേക്കാൾ ഉപരി ദേശീയ രാഷ്ട്രവുമായി അതിനെ ബന്ധപ്പെടുത്തിയിരിക്കുന്നു. തങ്ങളുടെ ദൈനംദിനജീവിതത്തിൽ സുരക്ഷ തേടുന്ന സാധാരണക്കാരന്റെ നിയമാനുസൃതവാദങ്ങൾ മറക്കപ്പെടുന്നു...". മുകളിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ വ്യത്യസ്തമായ സുരക്ഷാഭീഷണികളെ ചിത്രീകരിക്കുന്നു.*



എന്റെ സുരക്ഷയെക്കുറിച്ച് ആരാണ് തീരുമാനിക്കുന്നത്? ചില നേതാക്കന്മാരും വിദഗ്ദരുമാണോ? എന്റെ സുരക്ഷ എനിക്ക് തീരുമാനിക്കാനാവില്ലേ?

## എന്താണ് സുരക്ഷ (What is Security)

അടിസ്ഥാനപരമായി ഭീഷണികളിൽനിന്നുള്ള മോചനമായാണ് സുരക്ഷയെ കണക്കാക്കുന്നത്. മനുഷ്യന്റെ ജീവിതവും രാജ്യത്തിന്റെ നിലനിൽപ്പും ഭീഷണികൾ നിറഞ്ഞതാണ്. ഏതൊരു വെല്ലുവിളിയെയും സുരക്ഷാഭീഷണിയായി കരുതണമെന്നാണോ അതിനർഥം? സ്വന്തം വീടിന് പുറത്തിറങ്ങുമ്പോഴൊക്കെ ഓരോ വ്യക്തിയും തന്റെ നിലനിൽപിനും ജീവതത്തിനും ഏതെങ്കിലും അളവിൽ ഭീഷണി നേരിടുന്നുണ്ട്. ഭീഷണി സംബന്ധിച്ച് ഇത്തരത്തിലുള്ള വിശാലമായ കാഴ്ചപ്പാട് സ്വീകരിച്ചാൽ നമ്മുടെ ലോകം സുരക്ഷാഭീഷണികൾകൊണ്ട് നിറഞ്ഞതായിരിക്കും.

അതുകൊണ്ടുതന്നെ മൗലികമൂല്യങ്ങൾക്ക് ഭീഷണിയാവുന്ന വിഷയങ്ങളാണ് സുരക്ഷയെക്കുറിച്ചുള്ള ചർച്ചകളിൽ പരിഗണിക്കപ്പെടേണ്ടതെന്ന് സുരക്ഷാപഠനങ്ങൾ നടത്തുന്നവർ പൊതുവെ അഭിപ്രായപ്പെടുന്നു. പക്ഷെ ആരുടെ മൗലികമൂല്യങ്ങൾ? മുഴുവൻ രാജ്യത്തിന്റെയും അടിസ്ഥാനമൂല്യങ്ങളോ? തെരുവിലെ സാധാരണക്കാരായ സ്ത്രീപുരുഷന്മാരുടെ അടിസ്ഥാനമൂല്യങ്ങളോ? മൗലികമൂല്യങ്ങൾ സംബന്ധിച്ച് സാധാരണ പൗരന്മാർക്കുള്ള കാഴ്ചപ്പാടുകളാണോ ജനങ്ങളുടെ പേരിൽ പ്രവർത്തിക്കുന്ന ഭരണകൂടത്തിനുള്ളത്?

മൗലികമൂല്യങ്ങൾ നേരിടുന്ന ഭീഷണികളെക്കുറിച്ച് നാം സംസാരിക്കുമ്പോൾ, അത്തരം ഭീഷണികൾ എത്രമാത്രം തീവ്രമാണ്? പ്രിയപ്പെട്ടതായി നമ്മൾ കരുതുന്ന ഓരോ മൂല്യത്തിനും ചെറുതും വലുതുമായ ഭീഷണികളുണ്ട്. ഈ ഭീഷണികളെല്ലാം സുരക്ഷ എന്നതിന്റെ പരിധിയിൽപ്പെടുത്തണോ? മറ്റൊരു രാജ്യം എന്തെങ്കിലും ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യുന്ന ഓരോ അവസരത്തിലും അത് ഒരാളുടെ രാഷ്ട്രത്തിന്റെ മൗലികമൂല്യങ്ങൾക്ക് ക്ഷതമേൽപ്പിക്കുന്നു. തെരുവിൽ ഒരു വ്യക്തി കൊള്ളയടിക്കപ്പെടുന്ന ഓരോ അവസരത്തിലും സാധാരണ മനുഷ്യന്റെ സുരക്ഷ തടസപ്പെടുന്നു. എന്നാൽ സുരക്ഷ സംബന്ധിച്ച് ഇത്രമാത്രം വിപുലമായ വീക്ഷണം സ്വീകരിച്ചാൽ നമ്മൾ തളർത്തപ്പെടും. നമ്മൾ നോക്കുന്നിടത്ത്, എല്ലായിടത്തും ലോകം, മുഴുവൻ ഭീഷണികൾകൊണ്ട് നിറഞ്ഞിരിക്കാം.

അതുകൊണ്ട് നമ്മൾ ഒരു ഉപസംഹാരത്തിലെത്തുന്നു. സുരക്ഷ എന്നത് അത്യന്തം അപകടകരമായ ഭീഷണികളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ഭീഷണികൾക്കെതിരെ നമ്മൾ എന്തെങ്കിലും ചെയ്തില്ലെങ്കിൽ പരിഹരിക്കാനാവാത്തവിധം മൗലികമൂല്യങ്ങളെ അപായപ്പെടുത്തുന്ന ഭീഷണികളാണിവ.

ഇതൊക്കെ പറഞ്ഞാലും സുരക്ഷയെന്നത് ഒരു വഴുതിപോകുന്ന ആശയമാണെന്നത് നമ്മൾ സമ്മതിക്കണം. ഉദാഹരണത്തിന് സമൂഹങ്ങൾക്ക് എല്ലായ്പ്പോഴും സുരക്ഷ സംബന്ധിച്ച് ഒരേ ആശയമായിരുന്നോ ഉണ്ടായിരുന്നത്? അവരങ്ങനെയാണ് കരുതിയിരുന്നതെങ്കിൽ അത്




© Ares. Cagle Cartoons Inc.

സമാധാനത്തെ മെരുക്കൽ

'സമാധാനപരിപാലനസേന'യെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? അതൊരു വൈരുധ്യം നിറഞ്ഞ പ്രയോഗമാണെന്ന് തോന്നുന്നുണ്ടോ?

ആശ്ചര്യകരമായിരുന്നേനെ. കാരണം നമുക്ക് ചുറ്റുമുള്ള ലോകത്ത് നിരവധി കാര്യങ്ങൾ മാറികൊണ്ടിരിക്കുന്നു. കൂടാതെ ലോകചരിത്രത്തിലെ ഏതെങ്കിലും ഒരു നിശ്ചിതസമയത്ത് എല്ലാ സമൂഹങ്ങളും സുരക്ഷ സംബന്ധിച്ച് ഒരേ കാഴ്ചപ്പാടായിരുന്നോ സ്വീകരിച്ചിരുന്നത്? അങ്ങനെയെങ്കിൽ ഏകദേശം ഇരുന്നൂറോളം രാജ്യങ്ങളിലായി സംഘടിച്ചിരിക്കുന്ന എഴുന്നൂറ് കോടി ആളുകൾ സുരക്ഷ സംബന്ധിച്ച് ഒരേ ആശയം സ്വീകരിക്കുന്നത് ആശ്ചര്യകരംതന്നെ. സുരക്ഷ സംബന്ധിച്ച ആശയങ്ങളെ രണ്ട് ഭാഗങ്ങളിലായി ഉൾപ്പെടുത്തി നമുക്ക് തുടങ്ങാം – സുരക്ഷ സംബന്ധിച്ചു പരമ്പരാഗത സങ്കൽപങ്ങളും പാരമ്പര്യേതര സങ്കൽപങ്ങളും.




യുദ്ധത്തിന്റെ ലാഭം
© Ares. Cagle Cartoons Inc.

## പരമ്പരാഗത സങ്കൽപങ്ങൾ: ബാഹ്യം (Traditional Notions: External)

സുരക്ഷയെ സംബന്ധിച്ച് നാം വായിക്കുകയും കേൾക്കുകയും ചെയ്യുന്ന മിക്ക സമയങ്ങളിലും നമ്മൾ ചർച്ച ചെയ്യുന്നത് ദേശീയ സുരക്ഷ സംബന്ധിച്ച പരമ്പരാഗത സങ്കൽപങ്ങളെക്കുറിച്ചാണ്. സുരക്ഷ സംബന്ധിച്ച പാരമ്പര്യ സങ്കൽപപ്രകാരം രാഷ്ട്രം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി സൈനിക ഭീഷണിയാണ്. സൈനികനീക്കത്തിലൂടെ പരമാധികാരം, സ്വാതന്ത്ര്യം, ഭൂമിശാസ്ത്രപരമായ അഖണ്ഡത എന്നീ മൗലികമൂല്യങ്ങളെ അപായപ്പെടുത്തുന്ന മറ്റൊരു രാജ്യമാണ് ഈ ഭീഷണിയുടെ ഉറവിടം. സൈനികനീക്കം സാധാരണ പൗരന്റെ ജീവിതത്തെയും അപകടപ്പെടുത്തുന്നു. ഒരു യുദ്ധത്തിൽ പട്ടാളക്കാർ മാത്രമായി കൊല്ലപ്പെടുകയോ മുറിവേൽക്കപ്പെടുകയോ ചെയ്യുന്നത് സാധ്യതയില്ലാത്തതാണ്. മിക്കപ്പോഴും യുദ്ധത്തിനുള്ള പിന്തുണ തടയാൻ സാധാരണ പുരുഷന്മാരും സ്ത്രീകളും യുദ്ധത്തിന്റെ ഇരകളാവുന്നു.

യുദ്ധഭീഷണിയോട് പ്രതികരിക്കുന്നതിന് ഒരു ഭരണകൂടത്തിന് മൂന്ന് അടിസ്ഥാന പോംവഴികളുണ്ട്; കീഴടങ്ങൽ, അംഗീകരിക്കാൻ കഴിയാത്ത നിലയിലേക്ക് യുദ്ധത്തിന്റെ ചിലവ് ഉയർത്തുമെന്ന വാക്കിലൂടെ മറുപക്ഷത്തെ ആക്രമണത്തിൽ നിന്നും തടയുക. യഥാർഥയുദ്ധം പൊട്ടിപ്പുറപ്പെടുമ്പോൾ ആക്രമകാരിയായ രാഷ്ട്രത്തെ അതിന്റെ ലക്ഷ്യങ്ങൾ നേടുന്നതിൽനിന്ന് തടയുംവിധം പ്രതിരോധിക്കുകയോ പൂർണമായി പരാജയപ്പെടുത്തുകയോ ചെയ്യൽ. യുദ്ധത്തെ അഭിമുഖീകരിക്കുമ്പോൾ ഭരണകൂടങ്ങൾ കീഴടങ്ങാൻ തീരുമാനിക്കാറുണ്ടെങ്കിലും അത് ഒരു രാജ്യത്തിന്റെ നയമായി പരസ്യപ്പെടുത്താറില്ല. ആയതിനാൽ സുരക്ഷാനയം യുദ്ധം തടയുന്നതിനോ യുദ്ധം പരിമിതപ്പെടുത്താനോ അവസാനിപ്പിക്കാനോ ശ്രമിക്കുന്നു. ആദ്യത്തേതിനെ തടയൽ എന്നും രണ്ടാമത്തേതിനെ പ്രതിരോധം എന്നും വിളിക്കുന്നു.

പരമ്പരാഗത സുരക്ഷയ്ക്ക് ശക്തിസംതുലനം എന്ന ഒരു മൂന്നാമത്തെ ഘടകംകൂടിയുണ്ട്. രാജ്യങ്ങൾ ചുറ്റുപാടും നിരീക്ഷിക്കുമ്പോൾ തങ്ങളെക്കാൾ ശക്തരും വലുതുമായ ചില രാഷ്ട്രങ്ങളെ കാണുന്നു. ആരാണ് തങ്ങൾക്ക് ഭാവിയിൽ ഭീഷണിയാവുക എന്നതിനുള്ള ഒരു സൂചനയാണിത്. ഉദാഹരണത്തിന് തങ്ങൾ ആക്രമത്തിന് തയാറെടുക്കുകയാണെന്ന് ഒരു അയൽരാജ്യം പറയണമെന്നില്ല. ആക്രമണത്തിന് വ്യക്തമായ ഒരു കാരണവും വേണമെന്നില്ല. എന്നാൽ പ്രസ്തുത രാജ്യം വളരെ ശക്തമാണെന്നത് ഭാവിയിൽ ഇത് കൈയേറ്റത്തിന് മുതിരുമെന്നതിന്റെ



യുദ്ധം അരക്ഷിതതാവസ്ഥ നാശം മരണം എന്നിവയെ പ്പറ്റിയാണ്. ഒരു യുദ്ധം എങ്ങനെയാണ് ഒരാളെ സുരക്ഷിതനാക്കുന്നത്?




© Christo Komarnitski, Cagle Cartoons Inc.

പുതിയ രാജ്യങ്ങൾ ആണവശക്തികളാണെന്ന് അവകാശപ്പെടുമ്പോൾ വൻശക്തികൾ എങ്ങനെയാണ് പ്രതികരിക്കുക? ആണവായുധങ്ങളുമായി ബന്ധപ്പെട്ട് ചില രാജ്യങ്ങളെ വിശ്വസിക്കാൻ കൊള്ളാവുന്നവരെന്നും ചിലരെ വിശ്വസിക്കാൻ കൊള്ളാത്തവരെന്നും നമുക്ക് എന്തടിസ്ഥാനത്തിലാണ് പറയാനാവുക.

സൂചനയാണ്. അതുകൊണ്ട് തങ്ങളുടെ രാജ്യവും മറ്റു രാജ്യങ്ങളുമായി ശക്തിസംതുലനത്തിന് ഗവൺമെന്റുകൾ വളരെ സൂക്ഷ്മതപുലർത്തുന്നു. കഴിഞ്ഞകാലങ്ങളിൽ തങ്ങളുമായി സംഘർഷമോ, അഭിപ്രായഭിന്നത ഉള്ളതോ അല്ലെങ്കിൽ തങ്ങളുമായി അടുത്തുള്ളതോ ആയ രാഷ്ട്രങ്ങളുമായി തങ്ങൾക്ക് അനുകൂലമായ ശക്തിസംതുലനം നിലനിർത്താൻ രാജ്യങ്ങൾ കഠിനമായി ശ്രമിക്കുന്നു. ശക്തിസംതുലനം നിലനിർത്താൻ പ്രധാനമായി വേണ്ടത് തങ്ങളുടെ സൈനിക ശക്തി ഒരുക്കിയെടുക്കുകയാണ്. സാമ്പത്തിക സൈനികശക്തിയും പ്രധാനമാണ്. കാരണം അത് സൈനികശക്തിയുടെ അടിസ്ഥാനമാണ്.

സാമ്പ്രദായിക സുരക്ഷാനയവുമായി ബന്ധപ്പെട്ട നാലാമത്തെ ഘടകം സഖ്യരൂപീകരണമാണ്. സഖ്യമെന്നത് സൈനിക അക്രമത്തെ പ്രതിരോധിക്കാനോ ഒഴിവാക്കാനോ വേണ്ടി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന രാഷ്ട്രങ്ങളുടെ മുന്നണിയാണ്. മിക്കസഖ്യങ്ങളും എഴുതപ്പെട്ട ഉടമ്പടികളിൽ അധിഷ്ഠിതമായതും ആരാണ് ഭീഷണി ഉയർത്തുന്നതെന്ന ധാരണയിൽ അധിഷ്ഠിതമായതുമാണ്. മറ്റൊരു രാഷ്ട്രത്തിനോ സഖ്യത്തിനോ എതിരായി സ്വന്തം ശക്തി വർധിപ്പിക്കാനാണ് രാജ്യങ്ങൾ സഖ്യത്തിലേർപ്പെടുന്നത്. സഖ്യങ്ങൾ ദേശീയ താൽപ്പര്യങ്ങളിൽ അധിഷ്ഠിതമായവയും ദേശീയ താൽപ്പര്യങ്ങൾ മാറുന്നതനുസരിച്ച് മാറ്റപ്പെടുന്നതുമാണ്. ഉദാഹരണത്തിന് 1980-കളിൽ അമേരിക്ക സോവിയറ്റ് യൂണിയനെതിരായി അഫ്ഗാനിസ്ഥാനിലെ ഇസ്ലാമിക തീവ്രവാദികളെ സഹായിച്ചിരുന്നു. എന്നാൽ പിന്നീട് 2001 സെപ്തംബർ 11ന്, ഒസാമ ബിൻലാദന്റെ നേതൃത്വത്തിലുള്ള അൽഖ്വയ്ദ എന്ന ഇസ്ലാമിക തീവ്രവാദസംഘം അമേരിക്കയ്ക്കെതിരായി തീവ്രവാദി ആക്രമണം നടത്തിയപ്പോൾ അമേരിക്ക ഇസ്ലാമിക തീവ്രവാദികൾക്കെതിരായി.

സുരക്ഷസംബന്ധിച്ച പരമ്പരാഗതവീക്ഷണത്തിൽ രാജ്യസുരക്ഷയ്ക്ക് നേരെയുള്ള മിക്ക ഭീഷണികളും വരുന്നത് അതിർത്തികൾക്ക് അപ്പുറത്തുനിന്നാണ്. ഇതിനുകാരണം അന്തർദേശീയവ്യവസ്ഥ അതിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ കേന്ദ്രീകൃതമായ അധികാരവ്യവസ്ഥയില്ലാത്ത ഭയാനക മേഖലയാണ് എന്നുള്ളതാണ്. രാജ്യത്തിനുള്ളിൽ ആണെങ്കിൽ അക്രമത്തിന്റ ഭീഷണി നിയന്ത്രിക്കാൻ അധികാരപ്പെടുത്തപ്പെട്ട ഗവൺമെന്റ് എന്ന വ്യവസ്ഥാപിതമായ അധികാരകേന്ദ്രമുണ്ട്. ലോകരാഷ്ട്രീയത്തിലാവട്ടെ എല്ലാവർക്കും മീതെയുള്ള അംഗീകൃതകേന്ദ്ര അധികാരസംവിധാനമില്ല. ഐക്യരാഷ്ട്ര സംഘടന ഇത്തരത്തിലൊരു അധികാരകേന്ദ്രമാണെന്നോ, അല്ലെങ്കിൽ അത്തരമൊരു സ്ഥാപനമായി മാറാൻ സാധിക്കുമെന്നോ ചിന്തിക്കാൻ സാധ്യതയുണ്ട്. എന്നാൽ നിലവിൽ രൂപീകരിക്കപ്പെട്ടിരിക്കുന്നതനുസരിച്ച് ഐക്യരാഷ്ട്ര സംഘടന അതിലെ അംഗങ്ങളുടെ സൃഷ്ടിയാണ്. അംഗങ്ങൾ അനുവദിക്കുന്നതിന് വിധേയമായ അധികാരമേ അതിനുള്ളൂ. അതുകൊണ്ട് ലോകരാഷ്ട്രീയത്തിൽ ഓരോ രാജ്യവും അതിന്റെ സുരക്ഷയുടെ ഉത്തരവാദിത്വം ഏൽക്കണം.

## പരമ്പരാഗത സങ്കൽപ്പങ്ങൾ: ആഭ്യന്തരം (Traditional Notions: Internal)

സുരക്ഷയെന്നത് രാജ്യത്തിനുള്ളിലെ സ

മാധാനത്തെയും ക്രമങ്ങളെയും ആശ്രയി ക്കുന്നില്ലേ എന്നൊരു ചോദ്യം ഇതിനകം നിങ്ങൾ സ്വയം ചോദിച്ചിരിക്കാം. സ്വന്തം അതിർത്തിക്കുള്ളിൽ അക്രമമോ അക്ര മഭീഷണിയോ നേരിടുന്ന സമൂഹത്തിന് എത്രമാത്രം സുരക്ഷിതമായിരിക്കാൻ ക ഴിയും. അതിർത്തിക്കുള്ളിൽ സുരക്ഷിതമ ല്ലെങ്കിൽ പുറത്തുനിന്നുള്ള അക്രമത്തെ നേരിടാൻ ആ രാജ്യം എങ്ങനെ തയ്യാറെ ടുക്കും?

അതുകൊണ്ട് സാമ്പ്രദായിക സുരക്ഷ ആന്തരിക സുരക്ഷയെകൂടി പരിഗണി ക്കേണ്ടിയിരിക്കുന്നു. ആന്തരികസുരക്ഷ യ്ക്ക് അധികപ്രാധാന്യം നൽകാത്ത തിന്റെ ഒരു കാരണം രണ്ടാംലോകമഹാ യുദ്ധത്തിനുശേഷം ലോകത്തെ ശക്ത മായ രാഷ്ട്രങ്ങൾ മിക്കവയും ആന്തരിക സുരക്ഷ ഉറപ്പാക്കിയവരായിരുന്നു എന്ന താണ്. സാഹചര്യങ്ങൾക്കും സന്ദർഭ ങ്ങൾക്കും ശ്രദ്ധ കൊടുക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് നമ്മൾ നേരത്തെ പറഞ്ഞിരുന്നു. ചരിത്രപരമായി ആഭ്യന്ത രസുരക്ഷ നിശ്ചയമായും ഗവൺമെന്റുക ളുടെ പരിഗണനയാണെങ്കിലും രണ്ടാം ലോകയുദ്ധത്തിനു ശേഷമുണ്ടായ സന്ദർ ഭങ്ങളും സാഹചര്യങ്ങളും ആഭ്യന്തരസു രക്ഷയ്ക്ക് പണ്ടുള്ളതിനേക്കാൾ പ്രാധാ ന്യം കുറഞ്ഞതായി കാണുന്നു. 1945-നു ശേഷം അമേരിക്കയും സോവിയറ്റ് യൂണി യനും തങ്ങളുടെ രാജ്യത്തിനകത്ത് കൂടു തൽ ഏകീകൃതമായി കാണപ്പെടുകയും തങ്ങളുടെ അതിർത്തികൾക്കുള്ളിൽ സമാധാനം ഉറപ്പാക്കുകയും ചെയ്തു. മിക്ക യൂറോപ്യൻ രാജ്യങ്ങളും, പ്രത്യേ കിച്ച് കരുത്തരായ പാശ്ചാത്യയൂറോപ്യൻ രാജ്യങ്ങൾ തങ്ങളുടെ രാജ്യത്തിനുള്ളിൽ അധിവസിക്കുന്ന സംഘങ്ങളിൽനിന്നോ സമൂഹങ്ങളിൽനിന്നോ ഗൗരവമായ ഭീഷ ണിക്കളൊന്നും അഭിമുഖീകരിച്ചില്ല. അതു കൊണ്ട് ഈ രാജ്യങ്ങൾ അതിർത്തികൾ ക്ക് പുറത്തുനിന്നുള്ള ഭീഷണികളിൽ ശ്രദ്ധകേന്ദ്രീകരിച്ചു.

ഈ ശക്തരായ രാജ്യങ്ങൾ അഭിമുഖീക രിച്ച പ്രധാന ബാഹ്യഭീഷണികൾ ഏതൊ ക്കെയായിരുന്നു? വീണ്ടും നമ്മൾ സന്ദർ ഭങ്ങളിലേക്കും സാഹചര്യങ്ങളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. രണ്ടാംലോക യു ദ്ധത്തിനുശേഷമുള്ള കാലം അമേരി ക്കയുടെ നേതൃത്വത്തിലുള്ള പാശ്ചാത്യ സഖ്യം സോവിയറ്റ് യൂണിയന്റെ നേതൃ ത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് സഖ്യത്തെ നേരിട്ട ശീതയുദ്ധകാലമായിരുന്നു എന്ന് നമുക്കറിയാം. എല്ലാത്തിനുമുപരിയായി രണ്ടു സഖ്യങ്ങളും മറുഭാഗത്തുനിന്നുള്ള സൈനിക അക്രമണം ഭയന്നിരുന്നു. ചില യൂറോപ്യൻ ശക്തികൾ തങ്ങളുടെ കീഴി ലുള്ള കോളനികളിൽ സ്വാതന്ത്ര്യത്തിനു വേണ്ടി പൊരുതുന്ന കോളനിവാസിക ളുടെ അക്രമത്തെയും ഭയന്നു. 1950-ക ളിൽ വിയറ്റ്നാമിലെ ഫ്രാൻസിന്റെ പോരാ ട്ടങ്ങളും 1950- കളിലും അറുപതുകളുടെ തുടക്കത്തിലും കെനിയയിലെ ബ്രിട്ടന്റെ പോരാട്ടങ്ങളും ഓർമിച്ചാൽ മാത്രംമതി.

1940-കളുടെ അവസാനത്തോടെ കോള നികൾ സ്വതന്ത്രമായപ്പോൾ അവരുടെ സുരക്ഷാപ്രശ്നങ്ങൾ മിക്കപ്പോഴും യൂറോപ്യൻ ശക്തികൾ നേരിട്ട പ്രശ്ന ങ്ങൾക്ക് സമാനമായിരുന്നു. യൂറോപ്യൻ ശക്തികളെപോലെതന്നെ പുതുതായി സ്വാതന്ത്ര്യം നേടിയ ചില രാജ്യങ്ങളും ശീതയുദ്ധസഖ്യങ്ങളിലെ അംഗങ്ങളായി. ഇതോടെ ശീതയുദ്ധത്തിൽ മറുവശത്ത് ചേർന്ന തങ്ങളുടെ അയൽരാജ്യങ്ങൾക്കെ തിരേയൊ, സഖ്യത്തിന്റെ നേതാക്കന്മാർ ക്കെതിരെയൊ (അമേരിക്ക, സോവിയറ്റ് യൂണിയൻ), അമേരിക്കയുടെയോ സോവി യറ്റ് യൂണിന്റേയൊ ഏതെങ്കിലും പങ്കാ ളികൾക്കെതിരെയൊ സംഘർഷത്തിലേ ക്ക് തങ്ങൾ വലിച്ചിഴക്കപ്പെട്ടേക്കുമെന്നും ശീതയുദ്ധം യഥാർഥ യുദ്ധമായിമാറി യേക്കുമെന്നും ഇവർ ഭയപ്പെട്ടു. രണ്ടാം ലോക മഹായുദ്ധാനന്തരകാലത്തെ ഏതാണ്ട് മൂന്നിലൊന്ന് യുദ്ധങ്ങൾക്കും കാരണം രണ്ട് മുഖ്യശക്തികൾ തമ്മിലു ണ്ടായ ശീതയുദ്ധമാണ്. ഈ യുദ്ധങ്ങ ളിൽ ഏറെയും നടന്നത് മൂന്നാം ലോക രാജ്യങ്ങളിലാണ്. യൂറോപ്യൻ കൊളോ ണിയൽ രാഷ്ട്രങ്ങൾ തങ്ങളുടെ കോള നികൾക്കുള്ളിലെ അക്രമത്തെ ഭയന്നതു പോലെ സ്വാതന്ത്ര്യം നേടിയ ചില കോ ളനി രാഷ്ട്രങ്ങൾ തങ്ങളുടെ യൂറോപ്പിലെ പഴയ കൊളോണിയൽ ഭരണാധികാരിക ളുടെ അക്രമത്തെയും ഭയന്നു. അതു കൊണ്ട് ഒരു സാമ്രാജ്യത്വയുദ്ധത്തെ

**നമുക്കിത് ചെയ്യാം**

ശേഖരിച്ച പത്രങ്ങ ളുടെ സഹായത്തോടെ ലോകത്തിലെ ആഭ്യന്തരവും ബാഹ്യവു മായ സംഘർഷങ്ങളുടെ പട്ടിക തയ്യാറാക്കുക.




മൂന്നാംലോക ആയുധങ്ങൾ

പ്രതിരോധിക്കാനും അവർക്ക് തയാറാകണമായിരുന്നു.

ഏഷ്യയിലെയും ആഫ്രിക്കയിലെയും പുതുതായി സ്വാതന്ത്ര്യം നേടിയ രാഷ്ട്രങ്ങൾ നേരിട്ട സുരക്ഷാവെല്ലുവിളികൾ യൂറോപ്പ് നേരിട്ടതിൽനിന്ന് രണ്ടുതരത്തിൽ വിഭിന്നമായിരുന്നു. ഒന്ന് പുതിയരാജ്യങ്ങൾ തങ്ങളുടെ അയൽരാജ്യങ്ങളുമായുള്ള സൈനികസംഘർഷത്തിന്റെ സാധ്യത അഭിമുഖീകരിച്ചു. രണ്ടാമത് അവർ ആഭ്യന്തരസൈനിക സംഘർഷത്തെക്കുറിച്ച് ആകുലപ്പെട്ടു. അതിർത്തികൾക്ക് പുറത്ത്, പ്രധാനമായും അയൽരാജ്യങ്ങളിൽനിന്നുള്ള ഭീഷണികൾ മാത്രമല്ല അതിർത്തികൾക്കുള്ളിൽനിന്നുള്ള ഭീഷണികളും ഇവർ അഭിമുഖീകരിക്കേണ്ടിവന്നു. അമേരിക്കയെയോ, സോവിയറ്റ് യൂണിയനെയോ തങ്ങളുടെ പഴയ കോളനിഭരണാധികളികളെയോ ഭയപ്പെട്ടതിലേറെ തങ്ങളുടെ അയൽരാജ്യങ്ങളെ മിക്ക പുതിയ സ്വതന്ത്രരാഷ്ട്രങ്ങളും ഭയപ്പെട്ടു. അതിരുകളെ ചൊല്ലിയോ, ഭൂപ്രദേശത്തെ ചൊല്ലിയോ ജനസമൂഹത്തിനുമേലുള്ള നിയന്ത്രണത്തെ ചൊല്ലിയോ അതല്ലങ്കിൽ ഇതെല്ലാറ്റിനെയും ചൊല്ലിയോ അവർ കലഹിച്ചു.



തങ്ങളുടെ രാഷ്ട്രത്തിനെതിരെ പൊരുതുന്നവർ എന്തെങ്കിലും കാര്യത്തെക്കുറിച്ച് അസംതൃപ്തരായിരിക്കും. അവരുടെ അരക്ഷിതബോധം മൂലമാവാം ഒരു പക്ഷെ അവർ രാഷ്ട്രത്തിന് അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നത്.

ആഭ്യന്തരമായി പുതിയരാജ്യങ്ങൾ നേരിട്ട മറ്റൊരുവെല്ലുവിളി സ്വതന്ത്രരാജ്യങ്ങളായി മാറുന്നതിനുള്ള ആവശ്യം ഉന്നയിച്ച വിഘടനവാദ പ്രസ്ഥാനങ്ങളുടെ ഭീഷണിയായിരുന്നു. ചിലപ്പോഴൊക്കെ ആഭ്യന്തരവും ബാഹ്യവുമായ ഭീഷണികൾ ഒന്നിച്ചു. രാജ്യത്തിനകത്ത് വിഘടനനീക്കങ്ങളെ സൃഷ്ടിച്ചോ സഹായിച്ചോ അയൽരാജ്യങ്ങൾ ഇരുരാജ്യങ്ങളും തമ്മിൽ സംഘർഷാവസ്ഥ സൃഷ്ടിച്ചു. ലോകത്തെവിടെയും നടക്കുന്ന സായുധ സംഘർഷങ്ങളിൽ 95 ശതമാനത്തിലേറെയും ആഭ്യന്തരയുദ്ധങ്ങളുടെ ഫലമാണ്. 1946-നും 1991-നുമിടയിൽ ലോകത്തെ ആഭ്യന്തരയുദ്ധങ്ങളിൽ പന്ത്രണ്ട് മടങ്ങ് വർധനയുണ്ടായി. കഴിഞ്ഞ 200 വർഷത്തിലെ ഏറ്റവും വലിയ കുതിച്ചുചാട്ടം. അതുകൊണ്ട് പുതിയ രാഷ്ട്രങ്ങൾക്ക് അയൽക്കാരുമായുള്ള ബാഹ്യയുദ്ധങ്ങളും ആഭ്യന്തരയുദ്ധങ്ങളും അവരുടെ സുരക്ഷക്ക് പ്രധാന ഭീഷണിയായി മാറി.

## പരമ്പരാഗത സുരക്ഷയും സഹകരണവും (Traditional security and co-operation)

സഹകരണംകൊണ്ട് അക്രമം പരിമിതപ്പെടുത്താൻ സാധ്യമാണെന്നത് പരമ്പരാഗത സുരക്ഷ അംഗീകരിക്കുന്നു. ഈ പരിമിതപ്പെടുത്തൽ യുദ്ധത്തിന്റെ ലക്ഷ്യത്തെയും മാർഗത്തെയും ബന്ധിപ്പിക്കുന്നതാണ്. രാഷ്ട്രങ്ങൾ യുദ്ധത്തിന് തയാറാകുന്നത് ശരിയായ കാരണങ്ങളാൽ മാത്രം ആയിരിക്കണമെന്നത് ഇന്ന് സാർവത്രികമായി അംഗീകരിക്കപ്പെട്ട ഒരു കാഴ്ചപ്പാടാണ് - പ്രധാനമായും സ്വയം പ്രതിരോധത്തിന് അല്ലെങ്കിൽ വംശഹത്യയിൽനിന്ന് മറ്റു ജനങ്ങളെ സംരക്ഷിക്കാൻ. അത് അവലംബിക്കുന്ന രീതികളുടെ കാര്യത്തിലും യുദ്ധം പരിമിതമായിരിക്കണം. കീഴടങ്ങുന്നതോ നിരായുധരായതോ ആയ യോദ്ധാക്കളെയോ, യുദ്ധത്തിലേർപ്പെടാത്തവരെയോ സൈന്യം വധിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യരുത്. അവർ അമിതമായി അക്രമകാരിക

ളാവരുത്. മറ്റു ഉപായങ്ങളെല്ലാം പരാജയപ്പെട്ടതിനുശേഷമേ സൈന്യത്തെ ഉപയോഗിക്കാൻ പാടുള്ളൂ.

സുരക്ഷയെ സംബന്ധിച്ചുള്ള പരമ്പരാഗതസങ്കൽപ്പങ്ങൾ മറ്റു രീതിയിലുള്ള സഹകരണം നിരാകരിക്കുന്നില്ല. നിരായുധീകരണം, ആയുധനിയന്ത്രണം, വിശ്വാസരൂപീകരണം എന്നിവ ഇതിൽ ഏറ്റവും പ്രധാനമാണ്. ചില പ്രത്യേകതരത്തിലുള്ള ആയുധങ്ങൾ എല്ലാ രാഷ്ട്രങ്ങളും ഉപേക്ഷിക്കണം എന്നാണ് നിരായുധീകരണം കൊണ്ട് അർഥമാക്കുന്നത്. ഉദാഹരണമായി 1972-ലെ ജൈവ ആയുധ കൺവെൻഷനും (BWC), 1992-ലെ രാസ ആയുധ കൺവെൻഷനും (CWC) ഇത്തരം ആയുധങ്ങളുടെ ഉൽപ്പാദനവും കൈവശംവയ്ക്കലും നിരോധിച്ചു. 155 രാജ്യങ്ങൾ ജൈവ ആയുധ കൺവെൻഷനും 181 രാജ്യങ്ങൾ രാസ ആയുധ കൺവെൻഷനും അംഗീകരിച്ചു. ഈ ഉടമ്പടികളിൽ എല്ലാ വൻശക്തികളുമുണ്ട്. എന്നാൽ മൂന്നാമത്തെ വിഭാഗത്തിലുള്ള സർവസംഹാരിയായ ആണവായുധങ്ങൾ ഉപേക്ഷിക്കാൻ അമേരിക്കയും സോവിയറ്റ് യൂണിയനും തയാറായില്ല. അതുകൊണ്ട് അവർ ആയുധ നിയന്ത്രണം പിൻതുടർന്നു.

ആയുധങ്ങളുടെ നിർമാണവും സ്വന്തമാക്കലും ആയുധനിയന്ത്രണ പദ്ധതിയിലൂടെ നിയന്ത്രിക്കുന്നു. 1972-ലെ ആന്റി ബാലിസ്റ്റിക് മിസൈൽ (ABM) ഉടമ്പടി, ആണവ ആക്രമണത്തിനെ പ്രതിരോധിക്കാൻ ബാലിസ്റ്റിക് മിസൈലുകൾ ഉപയോഗിക്കുന്നതിൽനിന്ന് അമേരിക്ക




*ഹോംലാന്റ് സെക്യൂരിറ്റി വിഭാഗത്തിന്റെ **ഭീകരതാസൂചിക** നമ്മുടെ രാഷ്ട്രം നേരിടുന്ന ഭീകരതയുടെ അളവിനെകുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നു. ഭീകരതാസൂചികയെ നിലവിലുള്ള ഭീഷണി നിലവാരത്തിലേക്ക് മാറ്റിയാൽ ഭീകര ആക്രമണങ്ങളെകുറിച്ച് അമേരിക്കൻ ജനത എത്രമാത്രം ഭയചകിതരാണെന്ന് മനസ്സിലാക്കാം. ഭീകരത നമുക്ക് ചുറ്റുമുണ്ട്. അതെപ്പോഴും നമ്മളെ ബാധിക്കാം. **ഭീകരതസൂചിക**ക്ക് നന്ദി. നിങ്ങൾ എത്രമാത്രം ഭീതിതരാകണമെന്ന് ഇനി അമ്പരപ്പെടേണ്ടതില്ല. ശ്രദ്ധിച്ചുപോവുക.*

യെയും സോവിയറ്റ് യൂണിയനെയും തടയാൻ ശ്രമിച്ചു. ഈ ഉടമ്പടി പരിമിതമായ തോതിൽ പ്രതിരോധ സംവിധാനങ്ങൾ വിന്യസിക്കുന്നതിന് ഇരു രാജ്യങ്ങളെയും അനുവദിക്കുന്നു. എന്നാൽ ഇത്തരം സംവിധാനങ്ങളുടെ വൻതോതിലുള്ള ഉൽപ്പാദനം തടയുന്നു.

ഒന്നാമത്തെ അധ്യായത്തിൽ നമ്മൾ പരാമർശിച്ചതുപോലെ അമേരിക്കയും സോവിയറ്റ് യൂണിയനും സ്ട്രാറ്റജിക് ആംസ് ലിമിറ്റേഷൻ ട്രീറ്റി II (SALT II), സ്ട്രാറ്റജിക് ആംസ് റിഡക്ഷൻ ട്രീറ്റി (START) എന്നിവ ഉൾപ്പെടെ നിരവധി ആയുധനിയന്ത്രണ കരാറുകളിൽ ഒപ്പിട്ടുണ്ട്. 1968-ലെ ആണവ നിർവ്യാപന കരാർ (NPT) ഒരു ആയുധനിയന്ത്രണ ഉടമ്പടിയാണ്, എന്തെന്നാൽ അത് ആണവായുധങ്ങളുടെ കരസ്ഥമാക്കലിനെ നിയന്ത്രിക്കുന്നു. 1967- ന് മുമ്പ് ആണവായുധം നിർമിക്കുകയും പരീക്ഷിക്കുകയും ചെയ്ത രാജ്യങ്ങൾക്ക് അവ കൈവശം വയ്ക്കാൻ അനുവാദമുണ്ട്. അത്തരത്തിലല്ലാത്ത രാജ്യങ്ങൾ ആണവായുധങ്ങൾ കരസ്ഥമാക്കാനുള്ള അവകാശം ഉപേക്ഷിക്കണം. എൻ.പി.റ്റി. ആണവായുധങ്ങളെ ഉന്മൂലനം ചെയ്യുന്നില്ല; പകരം അത് കൈവശം വയ്ക്കുന്ന രാജ്യങ്ങളുടെ എണ്ണം പരിമിതപ്പെടുത്തി.






എന്തൊരു തമാശ! ആദ്യം അവർ മാരകവും ചെലവേറിയതുമായ ആയുധങ്ങൾ ഉണ്ടാക്കുന്നു. പിന്നെയവർ ഈ ആയുധങ്ങളിൽനിന്ന് രക്ഷപ്പെടാൻ സങ്കീർണ ഉടമ്പടികൾ ഉണ്ടാക്കുന്നു. അവർ ഇതിനെ സുരക്ഷ, എന്ന് വിളിക്കുന്നു!

വിശ്വാസ രൂപീകരണശ്രമങ്ങളെ അക്രമം ഒഴിവാക്കാനുള്ള മാർഗമായി പരമ്പരാഗത സുരക്ഷാസമീപനം അംഗീകരിക്കുന്നു. രാജ്യങ്ങൾ തങ്ങളുടെ ശത്രുരാജ്യങ്ങളുമായി ആശയങ്ങളും വിവരങ്ങളും പങ്കുവയ്ക്കുന്ന പ്രക്രിയയാണ് വിശ്വാസ രൂപീകരണം. തങ്ങളുടെ സൈനികലക്ഷ്യങ്ങളെക്കുറിച്ചും, ഒരുപരിധിവരെ സൈനിക പദ്ധതികളെക്കുറിച്ചും അവർ പരസ്പരം സംസാരിക്കുന്നു. തങ്ങൾ ഒരു മിന്നൽ ആക്രമണത്തിന് പദ്ധതിയിടുകയല്ലെന്ന് ബോധ്യപ്പെടുത്താനുള്ള ഒരു രീതിയാണിത്. തങ്ങളുടെ കൈവശമുള്ള സൈന്യത്തിന്റെ സ്വഭാവത്തെക്കുറിച്ചും ഒരുപക്ഷേ എവിടെയൊക്കെയാണ് സൈന്യത്തെ വിന്യസിച്ചിരിക്കുന്നതെന്നുമുള്ള വിവരങ്ങൾപോലും അവർ പങ്കുവയ്ക്കും. ചുരുക്കിപ്പറഞ്ഞാൽ തെറ്റിദ്ധാരണമൂലമോ തെറ്റായ നിഗമനങ്ങൾമൂലമോ ശത്രുക്കൾ യുദ്ധത്തിലേക്ക് പോകുന്നില്ലെന്ന് ഉറപ്പുവരുത്താൻ രൂപകൽപ്പന ചെയ്യപ്പെട്ട പ്രക്രിയയാണ് വിശ്വാസനിർമാണം.

പൊതുവായി പറഞ്ഞാൽ പരമ്പരാഗത സുരക്ഷ സങ്കൽപ്പം സൈനികശക്തിയുടെ ഉപയോഗത്തെയോ, ഉപയോഗഭീഷണിയെയോ സംബന്ധിച്ചാണ് പ്രധാനമായും പരാമർശിക്കുന്നത്. പരമ്പരാഗതസുരക്ഷയിൽ സൈനിക ശക്തിയാണ് മുഖ്യസുരക്ഷാഭീഷണി. അതേ സൈനികശക്തിതന്നെയാണ് സുരക്ഷ നേടാനുള്ള മുഖ്യമാർഗവും.

## പാരമ്പര്യേതര സങ്കൽപ്പങ്ങൾ (Non-Traditional Notions)

സൈനികഭീഷണികൾക്കപ്പുറം മനുഷ്യന്റെ നിലനിൽപ്പിനെ ബാധിക്കുന്ന നിരവധി ഭീഷണികളും അപകടങ്ങളും ഉൾക്കൊള്ളുന്നതാണ് പാരമ്പര്യേതര സുരക്ഷാസങ്കൽപ്പങ്ങൾ. സുരക്ഷയെ സംബന്ധിച്ച പരമ്പരാഗതവാദങ്ങളെ ചോദ്യം ചെയ്യുന്നതിൽനിന്ന് അവർ തുടങ്ങുന്നു. അങ്ങനെ ചെയ്യുന്നതിലൂടെ സുരക്ഷയുടെ മറ്റ് മൂന്ന് ഘടകങ്ങളെയും അവർ വിമർശിക്കുന്നു. എന്താണ് സംരക്ഷിതമാകേണ്ടത്. ഏതുതരം ഭീഷണികളിൽനിന്നാണ് സുരക്ഷ വേണ്ടത്? സുരക്ഷയെ സംബന്ധിച്ച് എന്ത് സമീപനമാണ് വേണ്ടത്? പരാമർശിതം എന്നു പറയുമ്പോൾ നാം അർഥമാക്കുന്നത് ആർക്കുള്ള സുരക്ഷ എന്നാണ്? പരമ്പരാഗത സുരക്ഷാസങ്കൽപ്പത്തിൽ പരാമർശിതർ ഭൂപ്രദേശത്തോടും ഭരണസ്ഥാപനങ്ങളോടും കൂടിയ രാഷ്ട്രമാണ്. പാരമ്പര്യേതര സങ്കല്പത്തിൽ ഇത് വിപുലീകരിക്കപ്പെട്ടിരിക്കുന്നു. ആരുടെ സുരക്ഷ എന്ന് നമ്മൾ ചോദിക്കുമ്പോൾ പാരമ്പര്യേതര സുരക്ഷയുടെ പ്രചാരകർ മറുപടി പറയുക; രാഷ്ട്രം മാത്രമല്ല വ്യക്തിയും സമൂഹവും അല്ലെങ്കിൽ യഥാർഥത്തിൽ മാനവരാശി മുഴുവനുമാണ് എന്നായിരിക്കാം. പാരമ്പര്യേതര സുരക്ഷ സമീപനത്തെ 'മാനവ സുരക്ഷ' അല്ലെങ്കിൽ 'ആഗോള സുരക്ഷ', എന്നും വിളിക്കാറുണ്ട്.

**മാനവ സുരക്ഷ** എന്നതു കൊണ്ട് രാഷ്ട്രത്തിന്റെ സംരക്ഷണം എന്നതിനപ്പുറം മനുഷ്യന്റെ സംരക്ഷണം എന്നാണർഥമാക്കുന്നത്. മനുഷ്യസുരക്ഷയും രാഷ്ട്രസുരക്ഷയും മിക്കപ്പോഴും ഒന്നാണ്. എന്നാൽ സുരക്ഷിതമായ രാഷ്ട്രം സ്വയമേവ മാനവ സുരക്ഷ ഉറപ്പാക്കുന്നില്ല. വിദേശ അക്രമണത്തിൽനിന്ന് പൗരന്മാരെ സംരക്ഷിക്കുക എന്നത് വ്യക്തികളുടെ സുരക്ഷയ്ക്ക് ആവശ്യമായ വ്യവ




അമേരിക്കയിൽ പ്രതിരോധ ആവശ്യങ്ങൾക്കായി വൻതുക ചെലവിടുന്നതിനെക്കുറിച്ചും അതേസമയം സമാധാനസംരംഭങ്ങൾക്ക് പണമില്ലാത്തതിനെയും കുറിച്ചാണ് ഈ കാർട്ടൂൺ പരാമർശിക്കുന്നത്. നമ്മുടെ രാജ്യത്ത് എന്തെങ്കിലും വ്യത്യാസമുണ്ടോ?



നമ്മൾ ഇപ്പോൾ സംസാരിക്കുകയാണ്! യഥാർഥ മനുഷ്യനുള്ള യഥാർഥ സുരക്ഷയെന്ന് ഞാൻ വിളിക്കുന്നത് അതാണ്.

സനയാണ്. പക്ഷേ തീർച്ചയായും അതു മാത്രം മതിയാവില്ല. വാസ്തവത്തിൽ കഴിഞ്ഞ നൂറ് വർഷങ്ങൾക്കിടയിൽ വിദേശസേനയുടെ അക്രമത്തിൽ കൊല്ലപ്പെട്ടതിനേക്കാൾ കൂടുതൽ ജനങ്ങൾ സ്വന്തം സർക്കാരുകളാൽ കൊല്ലപ്പെട്ടിട്ടുണ്ട്.

വ്യക്തികളുടെ സംരക്ഷണമാണ് മാനവസുരക്ഷയുടെ പ്രാഥമികലക്ഷ്യം എന്ന് മാനവസുരക്ഷയുടെ വക്താക്കൾ സമ്മതിക്കുന്നു. എന്നിരുന്നാലും ഏതെല്ലാം ഭീഷണികളിൽനിന്നാണ് വ്യക്തി സംരക്ഷിക്കപ്പെടേണ്ടത് എന്നതിനെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. വ്യക്തികൾ നേരിടുന്ന ഹിംസാത്മക ഭീഷണികൾക്കാണ് മാനവസുരക്ഷ സംബന്ധിച്ച്, ഇടുങ്ങിയ കാഴ്ചപ്പാടിന്റെ പ്രചാരകർ പ്രാമുഖ്യം നൽകുന്നത്. മുൻ ഐക്യരാഷ്ട്ര സെക്രട്ടറി ജനറൽ കോഫി അന്നൻ പറഞ്ഞതുപോലെ "ആന്തരിക കലാപങ്ങളിൽനിന്ന് വ്യക്തികൾക്കും സമൂഹങ്ങൾക്കുമുള്ള സംരക്ഷണം". മാനവ സുരക്ഷ സംബന്ധിച്ച വിശാലവീക്ഷണത്തിന്റെ വക്താക്കൾ വാദിക്കുന്നത് പ്രകൃതിദുരന്തങ്ങൾ, രോഗം, പട്ടിണി എന്നിവയൊക്കെ സുരക്ഷാവിഷയങ്ങളിൽ ഉൾപ്പെടുത്തണം എന്നാണ്. കാരണം യുദ്ധം, വംശഹത്യ, ഭീകരത എന്നിവചേർന്ന് കൊല്ലുന്നതിനേക്കാൾ കൂടുതൽ ജനങ്ങൾ മേൽപറഞ്ഞ കാരണംകൊണ്ട് മരണപ്പെടുന്നു. മനുഷ്യസുരക്ഷാനയം അക്രമത്തിൽനിന്ന് എന്നപോലെ ഇത്തരം ഭീഷണികളിൽനിന്നുകൂടി ആളുകളെ സംരക്ഷിക്കണം എന്ന് അവർ വാദിക്കുന്നു. വിശാലമായതലത്തിൽ മനുഷ്യസുരക്ഷാനയങ്ങളിൽ സാമ്പത്തികസുരക്ഷയും മനുഷ്യന്റെ അന്തസിനെതിരായ ഭീഷണികളും ഉൾപ്പെടുന്നു. മറ്റൊരുതലത്തിൽ വീക്ഷിച്ചാൽ ആവശ്യങ്ങളിൽനിന്നും, ഭയത്തിൽനിന്നുമുള്ള സ്വാതന്ത്ര്യത്തിന് വിശാലവീക്ഷണം ഊന്നൽ നൽകുന്നു.

1990-കളിലാണ് **ആഗോളസുരക്ഷ** എന്ന ആശയം ഉയർന്നുവന്നത്. ആഗോളതാപനം, അന്തർദേശീയ ഭീകരത, പകർച്ചവ്യാധികളായ എയ്ഡ്സ്, പക്ഷിപ്പനി തുടങ്ങിയ ലോക വ്യാപകമായ ഭീഷണികളോടുള്ള പ്രതികരണമായിരുന്നു ഇത്. ഒരു രാജ്യത്തിനും തനിച്ച് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനാവില്ല. ചില സാഹചര്യങ്ങളിൽ പരിസ്ഥിതിശോഷണംപോലുള്ള ആഗോളപ്രശ്നങ്ങളുടെ ആഘാതം ചില രാജ്യങ്ങൾ അസന്തുലിതമായി അനുഭവിക്കേണ്ടിവരുന്നു. ഉദാഹരണത്തിന് ആഗോളതാപനംമൂലം സമുദ്രനിരപ്പ് 1.5 മീറ്റർ മുതൽ 2 മീറ്റർവരെ ഉയരുമ്പോൾ അത് ബംഗ്ലാദേശിന്റെ ഇരുപത് ശതമാനം ഭാഗത്തെ വെള്ളത്തിനടിയിലാക്കും. മാലിദ്വീപിന്റെ മിക്കഭാഗത്തെയും വെള്ളത്തിൽ മുക്കുകയും തായ്ലാന്റിന്റെ പകുതിയോളം ജനങ്ങൾ ഭീഷണിയിലാകുകയും ചെയ്യും. ഇത്തരം പ്രശ്നങ്ങൾ ആഗോളസ്വഭാവമുള്ളതായതിനാൽ, സാധ്യമാക്കുക പ്രയാസകരമാണെങ്കിലും അന്തർദേശീയസഹകരണം അനിവാര്യമാണ്.

## ഭീഷണികളുടെ പുതു ഉറവിടങ്ങൾ (NEW SOURCES OF THREATS)

മാനവസുരക്ഷയെയും ആഗോളസുരക്ഷയെയും സംബന്ധിച്ച പാരമ്പര്യേതര സങ്കൽപ്പങ്ങൾ സുരക്ഷാഭീഷണികളുടെ മാറുന്ന സ്വഭാവത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു. ഇത്തരത്തിലുള്ള ചില ഭീഷണികളെ നമ്മൾ താഴെ ചർച്ചചെയ്യും.

സാധാരണ പൗരന്മാരെ മനപൂർവമായും വേർതിരിവില്ലാതെയും ഉന്നംവച്ചുകൊണ്ടുള്ള രാഷ്ട്രീയ അക്രമണങ്ങളെയാണ് **ഭീകരവാദം** എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. ഒന്നിൽ കൂടുതൽ രാജ്യങ്ങളുടെ ഭൂപ്രദേശമോ പൗരന്മാരോ ഉൾപ്പെട്ടതാണ് അന്തർദേശീയ ഭീകരവാദം. തങ്ങൾ ഇഷ്ടപ്പെടാത്ത രാഷ്ട്രീയസാഹചര്യങ്ങളെയോ വ്യവസ്ഥകളെയോ ബലപ്രയോഗമോ ബലപ്രയോഗഭീഷണിയോ ഉപയോഗിച്ച് മാറ്റാൻ ഭീകരഗ്രൂപ്പുകൾ ശ്രമിക്കുന്നു. പൊതുജനങ്ങളെ ഭീതിപ്പെടുത്താനും അവരുടെ അസംതൃപ്തി ദേശീയ സർക്കാരുകൾക്കോ സംഘർഷത്തിലേർപ്പെട്ട മറ്റുകക്ഷികൾക്കോ എതിരെയുള്ള ആയുധമാക്കാനും ഇവർ സാധാരണ ജനങ്ങളെ ഉന്നം വയ്ക്കുന്നു.






തീവണ്ടിയിൽ കയറുന്നു

© Tab, Cagle Cartoons Inc.

വിമാനം റാഞ്ചുക, തീവണ്ടികൾ, ലഘു ഭക്ഷണശാലകൾ, കച്ചവടകേന്ദ്രങ്ങൾ, ജനങ്ങൾ ഒത്തുകൂടുന്ന സ്ഥലങ്ങൾ തുടങ്ങിയ ഇടങ്ങളിൽ ബോംബ് സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികളാണ് ഭീകരവാദികൾ പൊതുവെ സ്വീകരിക്കുന്നത്. 2001 സെപ്തംബർ 11-ന് അമേരിക്കയിലെ ലോകവ്യാപാര കേന്ദ്രത്തിനുനേരെ ആക്രമണമുണ്ടായതോടെ ഇതരസർക്കാരുകളും പൊതുജനങ്ങളും ഭീകരതയ്ക്ക് വർധിച്ച ശ്രദ്ധ നൽകി. ഭീകരതയും ഭീകരവാദവും പുതിയതല്ലെങ്കിലും ഒരു പുതു ശ്രദ്ധ അതിനു നൽകാൻ തുടങ്ങി. മുൻകാലങ്ങളിൽ ഭീകരപ്രവർത്തനത്തിന്റെ ദുരിതങ്ങൾ അനുഭവിച്ചത്, മധ്യപൂർവപ്രദേശം, യൂറോപ്പ്, ലാറ്റിൻ അമേരിക്ക, ദക്ഷിണേഷ്യ എന്നിവിടങ്ങളിലെ പൗരന്മാർ മാത്രമായിരുന്നു.

**മനുഷ്യാവകാശങ്ങളെ** മൂന്നായി തിരിച്ചിരിക്കുന്നു. ആദ്യവിഭാഗം സംസാരസ്വാതന്ത്ര്യവും സംഘടനാസ്വാതന്ത്ര്യവും പോലെയുള്ള രാഷ്ട്രീയ അവകാശങ്ങളാണ്. രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നത് സാമ്പത്തിക-സാമൂഹ്യാവകാശങ്ങളാണ്.



മനുഷ്യ അവകാശലംഘനത്തെക്കുറിച്ച് സംസാരിക്കുമ്പോൾ എന്തുകൊണ്ടാണ് നമ്മൾ എല്ലായ്പ്പോഴും പുറത്തേക്ക് നോക്കുന്നത്? നമ്മുടെ സ്വന്തം രാജ്യത്തിൽനിന്നുള്ള ഉദാഹരണങ്ങൾ നമുക്കില്ലേ?



അങ്ങനെ ഒരാൾ! നിലവിലില്ല

മൂന്നാമത്തെ ഗണത്തിൽപ്പെടുന്നത് കോളനി ജനത, പ്രത്യേക വംശീയവിഭാഗങ്ങൾ, തദ്ദേശീയ ന്യൂനപക്ഷവിഭാഗങ്ങൾ മുതലായവരുടെ അവകാശങ്ങളാണ്. ഇത്തരം ഒരു വർഗീകരണത്തിന് പൊതു സ്വീകാര്യതയുണ്ടെങ്കിലും ഏതൊക്കെ അവകാശങ്ങളാണ് സാർവദേശീയ മനുഷ്യാവകാശങ്ങളായി പരിഗണിക്കപ്പെടേണ്ടത് എന്നത് സംബന്ധിച്ചും മനുഷ്യാവകാശങ്ങളുടെ ലംഘനമുണ്ടായാൽ അന്തർദേശീയ സമൂഹം എന്തുചെയ്യണം എന്നതിനെ സംബന്ധിച്ചും പൊതുധാരണയില്ല.

ഇറാഖിന്റെ കുവൈറ്റ് അക്രമണം, റുവാൻഡയിലെ വംശഹത്യ, കിഴക്കൻ തിമോറിൽ ഇന്തോനേഷ്യൻ സൈന്യം നടത്തിയ മനുഷ്യക്കുരുതി തുടങ്ങി 1990 മുതൽ ഉണ്ടായ സംഭവവികാസങ്ങൾ ഐക്യരാഷ്ട്ര സംഘടന മനുഷ്യാവകാശധ്വംസനങ്ങളിൽ ഇടപെടണോ വേണ്ടയോ എന്ന ഒരു സംവാദത്തിലേക്ക് നയിച്ചു. മനുഷ്യാവകാശ സംരക്ഷണത്തിനുവേണ്ടി ആയുധമെടുക്കാൻ യു.എൻ. ചാർട്ടർ ലോകസമൂഹത്തെ അധികാരപ്പെടുത്തിയിട്ടുണ്ടെന്ന് ചിലർ വാദിക്കുന്നു. ഏതൊക്കെ മനുഷ്യാവകാശ ലംഘനങ്ങളിലാണ് ഐക്യരാഷ്ട്ര സഭ ഇടപെടേണ്ടതെന്ന് വൻശക്തികളുടെ ദേശീയ താൽപര്യങ്ങളാണ് തീരുമാനിക്കുന്നതെന്ന് മറ്റുള്ളവർ വാദിക്കുന്നു.

**ആഗോള ദാരിദ്ര്യം,** അരക്ഷിതാവസ്ഥയുടെ മറ്റൊരു ഉറവിടമാണ്. ഇപ്പോൾ 760 കോടിയിലെത്തിനിൽക്കുന്ന ലോകജനസംഖ്യ ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ഏതാണ്ട് ആയിരം കോടിയായി വളരും. ഇപ്പോൾ ലോകജനസംഖ്യ വർധനയുടെ പകുതിയും നടക്കുന്നത് ഇന്ത്യ, ചൈന, പാകിസ്ഥാൻ, നൈജീരിയ, ബംഗ്ലാദേശ്, ഇന്തോനേഷ്യ എന്നീ കേവലം ആറ് രാജ്യങ്ങളിലാണ്. ലോകത്തിലെ ഏറ്റവും ദരിദ്രരാഷ്ട്രങ്ങളിലെ ജനസംഖ്യ അടുത്ത 50 വർഷത്തിനുള്ളിൽ മൂന്നിരട്ടി വർധിക്കും. ഇതേ കാലയളവിൽ സമ്പന്നരാജ്യങ്ങളിലെ ജനസംഖ്യാവർധനവിന്റെ തോത് ചുരുങ്ങിവരികയും ചെയ്യും. ഉയർന്ന ആളോഹരി വരുമാനവും കുറഞ്ഞ ജനസംഖ്യാവളർച്ചാനിരക്കും സമ്പന്നരാഷ്ട്രങ്ങളെ അഥവാ സമ്പന്നസമൂഹ്യവിഭാഗങ്ങളെ കൂടുതൽ സമ്പന്നമാക്കും. കുറഞ്ഞ വരുമാനവും ഉയർന്ന ജനസംഖ്യ വളർച്ചാനിരക്കും ദരിദ്രരാഷ്ട്രങ്ങളെയും ദരിദ്ര സമൂഹങ്ങളെയും കൂടുതൽ ദരിദ്രരാക്കി തീർക്കുകയും ചെയ്യും.

ആഗോളതലത്തിലെ ഈ അസന്തുലിതാവസ്ഥ ഉത്തരാർദ്ധഗോളത്തിലെ രാജ്യങ്ങളും ദക്ഷിണാർദ്ധഗോളത്തിലെ രാജ്യങ്ങളും തമ്മിലുള്ള അന്തരം വർധിപ്പിക്കാൻ കാരണമാകുന്നു. ജനസംഖ്യാനിരക്ക് നിയന്ത്രിക്കാനും വരുമാന വർധ



**നമുക്കിത് ചെയ്യാം**

ആഫ്രിക്കയുടെ ഭൂപടമെടുത്ത് അതിൽ ജനങ്ങളുടെ സുരക്ഷയ്ക്കുള്ള വ്യത്യസ്ത ഭീഷണികൾ രേഖപ്പെടുത്തുക.

നവ് ആർജിക്കാനും ഏതാനും ദക്ഷിണ രാജ്യങ്ങൾക്ക് കഴിഞ്ഞപ്പോൾ മറ്റുചില രാഷ്ട്രങ്ങൾ ഈ ഉദ്യമത്തിൽ പരാജയപ്പെടുകയും ചെയ്തത് ദക്ഷിണ രാജ്യങ്ങൾക്കിടയിലെ അന്തരം തീവ്രമാക്കി. ഉദാഹരണത്തിന് ആഫ്രിക്കയിലെ ഉപസഹാറ പ്രദേശങ്ങളിലാണ് ലോകത്തിലെ സൈനിക ഏറ്റുമുട്ടലുകളിൽ ഏറെയും നടക്കുന്നത്. ലോകത്തിലെ തന്നെ ഏറ്റവും ദരിദ്രപ്രദേശങ്ങളിലൊന്നാണിത്. 21-ാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ യുദ്ധങ്ങളിലൂടെ ലോകത്തെ മറ്റെല്ലാ മേഖലകളിലും കൂടി ആകെ കൊല്ലപ്പെട്ടതിനെക്കാൾ കൂടുതൽ ജനങ്ങൾ ഈ മേഖലയിൽ മാത്രം കൊല്ലപ്പെട്ടു.

ദക്ഷിണപ്രദേശങ്ങളിലെ ദാരിദ്ര്യം, കൂടുതൽ നല്ല ജീവിതവും വിശിഷ്യാ മെച്ചപ്പെട്ട സാമ്പത്തിക സാഹചര്യങ്ങളുംതേടി ഉത്തരദേശങ്ങളിലേക്കുള്ള വമ്പിച്ച കുടിയേറ്റത്തിന് വഴിയൊരുക്കി. ഇത് അന്തർദേശീയ സംഘർഷങ്ങൾ സൃഷ്ടിച്ചു. പൊതുവെ അന്തർദേശീയ നിയമങ്ങളും ചട്ടങ്ങളും കുടിയേറ്റക്കാർ (സ്വന്തം ഇഷ്ടപ്രകാരം ജന്മനാട് ഉപേക്ഷിച്ച് വന്നവർ) അഭയാർഥികൾ (രാഷ്ട്രീയപീഡനങ്ങൾ, പ്രകൃതിദുരന്തങ്ങൾ, യുദ്ധം എന്നിവയിൽ നിന്ന് രക്ഷതേടിവന്നവർ) എന്നിങ്ങനെ വേർതിരിവ് സൃഷ്ടിച്ചു. പൊതുവെ രാഷ്ട്രങ്ങൾ അഭയാർഥികളെ സ്വീകരിക്കാൻ തയാറാണ്. എന്നാൽ അവർ കുടിയേറ്റക്കാരെ സ്വീകരിക്കുന്നില്ല. അഭയാർഥികൾ തങ്ങളുടെ ജന്മനാട് ഉപേക്ഷിച്ച് പോവുമ്പോൾ സ്വന്തം ദേശീയ അതിർത്തികൾക്കുള്ളിൽ വീടുകൾ ഉപേക്ഷിച്ച് കഴിയുന്നവരെ ആഭ്യന്തര നിഷ്കാസിത ജനത എന്ന് വിളിക്കുന്നു. 1990-കളിൽ കാശ്മീർ താഴ്‌വരയിലുണ്ടായ അക്രമത്തെ തുടർന്ന് സ്ഥലം വിട്ട കാശ്മീരി പണ്ഡിറ്റുകൾ ആഭ്യന്തരനിഷ്കാസിത സമൂഹത്തിന് ഉദാഹരണമാണ്.

ലോക അഭയാർഥി ഭൂപടവും ലോക സംഘർഷഭൂപടവും കൃത്യമായി യോജിച്ചു പോകുന്നു. കാരണം ദക്ഷിണ രാജ്യങ്ങളിലെ യുദ്ധങ്ങളും സായുധസംഘർഷങ്ങളും സുരക്ഷിതതാവളം തേടുന്ന ദശലക്ഷകണക്കിന് അഭയാർഥികളെ സൃഷ്ടിച്ചു. 1990 മുതൽ 1995 വരെ എഴുപത് രാജ്യങ്ങൾ 55 ലക്ഷം ജനങ്ങളുടെ കൊലയ്ക്ക് കാരണമായ 93 യുദ്ധങ്ങളിലുൾപ്പെട്ടു. തത്ഫലമായി വ്യക്തികളും, കുടുംബങ്ങളും, ചിലപ്പോഴൊക്കെ മുഴുവൻ സമുദായങ്ങൾ തന്നെയും ജീവിത സാഹചര്യങ്ങളുടെയും സ്വത്വങ്ങളുടെയും ജീവിത സന്ധാരണ മാർഗങ്ങളുടെയും നാശംകൊണ്ടോ പൊതുവായ ഭയം കൊണ്ടോ കുടിയേറ്റത്തിന് നിർബന്ധിതരായി. യുദ്ധങ്ങളും അഭയാർഥികുടിയേറ്റങ്ങളും തമ്മിലുള്ള ബന്ധം നോക്കിയാൽ 1990-കളിൽ അറുപതിൽ മൂന്നെണ്ണമൊഴികെ എല്ലാ അഭയാർഥിപ്രവാഹങ്ങളും ആഭ്യന്തര സായുധസംഘർഷങ്ങൾ മൂലമാണെന്ന് തെളിയും.

എച്ച്.ഐ.വി. - എയ്ഡ്സ്, സാർസ് തുടങ്ങിയ **സാംക്രമിക രോഗങ്ങൾ** കുടിയേറ്റം, കച്ചവടം, വിനോദസഞ്ചാരം, സൈനികനടപടികൾ എന്നിവയിലൂടെ വളരെ വേഗത്തിൽ ലോകത്ത് വ്യാപിച്ചു. ഇത്തരം രോഗങ്ങൾ പടരുന്നത് പരിമിതപ്പെടുത്തുന്നതിലെ ഒരു രാജ്യത്തിന്റെ വിജയമോ പരാജയമോ മറ്റു രാജ്യങ്ങളിലെ രോഗബാധയെ സ്വാധീനിച്ചു.

**ലോകത്തെ അഭയാർഥികൾ (2017)**

**ഇവിടെ കാണിച്ചിരിക്കുന്ന വിഷയത്തെ ലോകം എങ്ങനെ നേരിടും?**




*Source: http://www.unhcr.org*




Keshav, The Hindu

ഇവിടെ കാണിച്ചിരിക്കുന്ന വിഷയത്തെ ലോകം എങ്ങനെ നേരിടും.

2003-ഓടെ ലോകത്താകമാനം നാലു കോടി ജനങ്ങൾ എച്ച്ഐ.വി.-എയ്ഡ്സ് ബാധിതരായി എന്നാണ് കണക്ക്. ഇതിൽ മൂന്നിൽ രണ്ടുഭാഗം ആഫ്രിക്കയിലും ശേഷിക്കുന്നതിന്റെ പകുതി ദക്ഷിണ ഏഷ്യയിലുമാണ്. 1990-ന്റെ അവസാനത്തോടെ വടക്കെ അമേരിക്കയിലും മറ്റു വ്യവസായവൽകൃത രാജ്യങ്ങളിലും പുതിയ മരുന്നുകളുടെ ഉപയോഗം എച്ച്.ഐ.വി.-എയ്ഡ്സ് മുഖേനെയുള്ള മരണനിരക്ക് കുത്തനെ കുറച്ചു. എന്നാൽ ഇത്തരം ചികിത്സകൾക്കുവേണ്ട ഭീമമായ ചെലവ് ആഫ്രിക്കപോലുള്ള ദരിദ്രമായ മേഖലകൾക്ക് താങ്ങാനായില്ല. ഈ മേഖലയെ കഠിന ദാരിദ്ര്യത്തിലേക്ക് തള്ളിവിട്ടതിന് ഇതും ഒരു പ്രധാന ഘടകമാണ്.

ക്ഷയം, മലേറിയ, ഡെങ്കിപ്പനി, കോളറ തുടങ്ങിയ പഴയരോഗങ്ങൾ രൂപമാറ്റം വന്ന് മരുന്നുകളെ പ്രതിരോധിക്കുന്ന തരത്തിലാവുകയും ചികിത്സ വിഷമകരമാവുകയും ചെയ്തതിനൊപ്പം എബോള വൈറസ്, ഹാന്റാവൈറസ്, ഹൈപ്പറ്റൈറ്റിസ് ബി തുടങ്ങിയ പുതിയ രോഗങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്തു. മൃഗങ്ങളിലെ സാംക്രമികരോഗങ്ങൾ വൻസാമ്പത്തിക പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. 1990-കളുടെ അവസാനത്തോടെ പൊട്ടിപ്പുറപ്പെട്ട ഭ്രാന്തിപ്പശു രോഗംമൂലം ബ്രിട്ടന് കോടിക്കണക്കിന് ഡോളർ വരുമാന നഷ്ടമുണ്ടായി. പക്ഷിപ്പനിമൂലം നിരവധി ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള വളർത്തുകോഴി കയറ്റുമതി നിലച്ചു. ഇത്തരത്തിലുള്ള സാംക്രമികരോഗങ്ങൾ അന്തർദേശീയ സഹകരണത്തിന് കൂടുതൽ ഊന്നൽ നൽകുകയും രാഷ്ട്രങ്ങൾ തമ്മിലുള്ള പരസ്പര ആശ്രിതത്വം കൂടുതൽ ശക്തമാക്കുകയും ചെയ്തു. ഇതോടെ രാജ്യാതിർത്തികൾക്ക് പഴയ പ്രാധാന്യം നഷ്ടപ്പെട്ടു.

സുരക്ഷ എന്ന സംജ്ഞയുടെ വ്യാപ്തി വർധിപ്പിക്കുന്നതുകൊണ്ട് ഏതുതരം രോഗങ്ങളും അരിഷ്ടതകളും സുരക്ഷയുടെ പരിധിയിൽ നമുക്ക് ഉൾപ്പെടുത്താമെന്ന് അർഥമില്ല. അങ്ങനെ ചെയ്താൽ സുരക്ഷ എന്ന ആശയത്തിൽ പൊരുത്തക്കേടുണ്ടാവും. എല്ലാ വിഷയങ്ങളും സുരക്ഷാവിഷയങ്ങളാവും. ഒരു പ്രശ്നം സുരക്ഷാവിഷയമാകണമെങ്കിൽ ആ വിഷയം ചില പൊതുമാനദണ്ഡങ്ങൾ പങ്കിടണം. അത് പ്രശ്നബാധിതരുടെ (ഒരു രാഷ്ട്രത്തിന്റെയോ ഒരു ജനവിഭാഗത്തിന്റെയോ) നിലനിൽപ്പിന് തന്നെ ഭീഷണിയായിരിക്കണം. ഉദാഹരണത്തിന് സമുദ്രനിരപ്പ് ഉയരുന്നതോടുകൂടി തങ്ങളുടെ രാജ്യത്തിന്റെ വലിയഭാഗം മുങ്ങിപ്പോകുമെന്നതിനാൽ തങ്ങൾ ആഗോളതാപനത്തിന്റെ ഭീഷണിയിലാണെന്ന് മാലിദ്വീപിന് തോന്നിയേക്കാം. അതേസമയം തങ്ങളുടെ ജനങ്ങളിൽ പ്രായപൂർത്തിയായ ആറുപേരിൽ ഒരാൾക്ക് എച്ച്ഐ.വി. പിടിപെട്ടതിനാൽ ദക്ഷിണ ആഫ്രിക്കയെ സംബന്ധിച്ച് എച്ച്ഐ.വി.-എയ്ഡ്സ് ഒരു ഗൗരവമായ ഭീഷണിയാണ് (ബോട്സ്വാനയിൽ എയ്ഡ്സ് ബാധിതരുടെ എണ്ണം മുന്നിൽ ഒന്നാണ് ഏറ്റവും മോശമായ അവസ്ഥ). 1994-ൽ ശത്രുപക്ഷമായ ഹുടുഗോത്രം ആഴ്ചകൾക്കുള്ളിൽ ടുട്സി ഗോത്രത്തിലെ അഞ്ചുലക്ഷം പേരെ കൊല ചെയ്തപ്പോൾ റുവാൻഡയിൽ ടുട്സി ഗോത്ര




© Ares, Cagle Cartoons Inc.

ലോകാന്ധത

ത്തിന്റെ നിലനിൽപു പോലും അപകടത്തിലായി. ഇതു കാണിക്കുന്നത് പാരമ്പര്യേതര സുരക്ഷാ സങ്കൽപ്പങ്ങളും പരമ്പരാഗതസുരക്ഷാസങ്കൽപ്പങ്ങൾപോലെ തന്നെ പ്രാദേശിക സാഹചര്യങ്ങൾക്ക് അനുസൃതമായി മാറിക്കൊണ്ടിരിക്കുന്നു എന്നാണ്.

## സഹകരണ സുരക്ഷ (Co-operative Security)

വിവിധ പാരമ്പര്യേതര സുരക്ഷാഭീഷണികളും കൈകാര്യം ചെയ്യുന്നതിന് സൈനിക ഇടപെടലിനുപരി സഹകരണമാണ് ആവശ്യമെന്ന് നമുക്ക് കാണാൻ കഴിയും. ഭീകരതയെ നേരിടാനോ മനുഷ്യാവകാശങ്ങൾ നടപ്പിലാക്കാനോ സൈനികശക്തിക്ക് പങ്ക് വഹിക്കാനായേക്കും (ഇക്കാര്യത്തിൽപോലും സൈന്യത്തിന് സാധിക്കാവുന്നതിനു പരിമിതിയുണ്ട്). എന്നാൽ, ദാരിദ്ര്യം നിർമാർജനം ചെയ്യാനോ, കുടിയേറ്റവും അഭയാർഥിനീക്കങ്ങൾ നിയന്ത്രിക്കാനോ പകർച്ചവ്യാധികൾ തടയാനോ സൈന്യത്തിന് എന്തുചെയ്യാനാവും എന്ന് നോക്കിയാൽ അത് വിഷമകരംതന്നെ. മിക്ക സന്ദർഭങ്ങളിലും ഇത്തരം സാഹചര്യങ്ങളിൽ സൈനിക ഇടപെടലുകൾ കാര്യങ്ങൾ വഷളാക്കുകയേയുള്ളൂ.

അന്തർദേശീയസഹകരണം ഉൾപ്പെടുന്ന തന്ത്രങ്ങൾ ഇക്കാര്യങ്ങളിൽ ഉപയോഗിക്കുന്നത് കൂടുതൽ ഫലപ്രദമാവും. സഹകരണമെന്നത് ദ്വികക്ഷി സഹകരണമോ (രണ്ടു രാജ്യങ്ങൾ തമ്മിൽ) മേഖലാടിസ്ഥാനത്തിലുമുള്ള സഹകരണമോ ഭൂഖണ്ഡാടിസ്ഥാനത്തിലുള്ള സഹകരണമോ ആഗോളസഹകരണമോ ആവാം. ഇത് ഭീഷണിയുടെ സ്വഭാവത്തെയും പ്രതികരിക്കാനുള്ള രാജ്യങ്ങളുടെ സമ്മതത്തെയും കഴിവിനെയും ആശ്രയിച്ചിരിക്കുന്നു. സഹകരണ സുരക്ഷയെന്നത് ദേശീയവും അന്തർദേശീയവുമായ നിരവധി പങ്കാളികൾ ഉൾപ്പെടുന്ന ഒന്നാണ്. ഇതിൽ അന്തർദേശീയ സ്ഥാപനങ്ങളും (ഐക്യരാഷ്ട്ര സംഘടന, ലോകാരോഗ്യ സംഘടന, ലോകബാങ്ക്, ഐ.എം.എഫ്. തുടങ്ങിയവ), സർക്കാരിതര സംഘടനകളും (ആംനസ്റ്റി ഇന്റർനാഷണൽ, റെഡ് ക്രോസ്, സ്വകാര്യ ഫൗണ്ടേഷനുകൾ, കാരുണ്യപ്രസ്ഥാനങ്ങൾ, മതസംഘടനകൾ, തൊഴിലാളി യൂണിയനുകൾ, സാമൂഹികവികസന സംഘടനകൾ), വാണിജ്യ മേഖലയും, കോർപ്പറേഷനുകളും വ്യക്തികളും (ഉദാഹരണം: മദർതെരേസ, നെൽസൺ മണ്ടേല) ഉൾപ്പെടും.

സഹകരണസുരക്ഷയിൽ അവസാനശ്രമമെന്ന നിലയിൽ ബലപ്രയോഗവും ഉൾപ്പെടും. ഏതെങ്കിലും ഭരണകൂടങ്ങൾ തങ്ങളുടെ ജനതയെ കൊന്നൊടുക്കുകയോ അല്ലെങ്കിൽ രോഗങ്ങൾ, ദുരന്തങ്ങൾ, ദാരിദ്ര്യം എന്നിലമൂലം ആ ജനത അനുഭവിക്കുന്ന ദുരിതങ്ങൾ അവഗണിക്കുകയോ ചെയ്യുമ്പോൾ അത്തരം ഭരണകൂടങ്ങളെ നേരിടുന്നതിന് ബലപ്രയോഗ അനുമതി നൽകാൻ അന്താരാഷ്ട്ര സമൂഹത്തിന് കഴിയും. അന്തർദേശീയ ഭീകരരെയും അവരെ സംരക്ഷിക്കുന്നവരെയും നേരിടാനും അക്രമം ഉപയോഗിക്കാനും അന്താരാഷ്ട്ര സമൂഹത്തിന്റെ സമ്മതം ലഭിച്ചേക്കും. പാരമ്പര്യേതര സുരക്ഷ സംബന്ധിച്ച് ഓരോ രാജ്യവും കൂട്ടായി ബലപ്രയോഗം നടത്തുന്നതിനേക്കാൾ നല്ലതാണ് അന്താരാഷ്ട്ര സമൂഹം ഒന്നിച്ച് ബലപ്രയോഗത്തിന് സമ്മതിക്കുന്നതും ബലപ്രയോഗം നടത്തുന്നതും.

## ഇന്ത്യയുടെ സുരക്ഷാതന്ത്രങ്ങൾ (India's Security Stragegy)

രാജ്യത്തിനകത്തു നിന്നും പുറത്തുനിന്നുമായി ഇന്ത്യ പാരമ്പരാഗതവും (സൈനിക) പാരമ്പര്യേതരവുമായ സുരക്ഷാഭീഷണികളെ അഭിമുഖീകരിച്ചിട്ടുണ്ട്. ഇന്ത്യയുടെ സുരക്ഷാതന്ത്രത്തിന് നാല് വിശാല ഘടകങ്ങളുണ്ട്. കാലാകാലങ്ങളായി ഇത് വ്യത്യസ്ത ചേരുവകളിൽ രാജ്യം ഉപയോഗിച്ചുവരുന്നു.



എന്റെ രാജ്യത്തിന് ആണവായുധങ്ങൾ ഉണ്ടെന്ന് കേൾക്കുമ്പോൾ എനിക്ക് സന്തോഷം തോന്നുന്നു. എന്നാൽ കൃത്യമായി അതെങ്ങനെ എന്നെയും എന്റെ കുടുംബത്തെയും സുരക്ഷിതമാക്കുമെന്ന് എനിക്കറിയില്ല.

സൈനികശേഷി വർധിപ്പിക്കുകയെന്നതാണ് ഇതിൽ ആദ്യത്തെ ഘടകം. കാരണം അയൽരാജ്യങ്ങളുമായി ഇന്ത്യക്ക് സംഘർഷത്തിൽ ഏർപ്പെടേണ്ടിവന്നിട്ടുണ്ട്. പാകിസ്ഥാനുമായി, 1947–48, 1965, 1971, 1999 കാലങ്ങളിൽ, ചൈനയുമായി 1962–ൽ. തെക്കനേഷ്യൻ മേഖലയിലെ ആണവശക്തിയുള്ള രാജ്യങ്ങളാൽ ചുറ്റപ്പെട്ടുകിടക്കുന്നതുകൊണ്ട് 1998–ൽ ആണവപരീക്ഷണങ്ങൾ നടത്തിയ ഇന്ത്യയുടെ നടപടിയെ ദേശീയ സുരക്ഷാസംരക്ഷണത്തിന്റെ പേരിൽ ഇന്ത്യാ ഗവൺമെന്റ് ന്യായീകരിച്ചു. 1974–ൽ ഇന്ത്യ ആദ്യമായി ഒരു ആണവായുധം പരീക്ഷിച്ചു.

ഇന്ത്യയുടെ സുരക്ഷാതന്ത്രത്തിന്റെ രണ്ടാമത്തെ ഘടകം രാജ്യത്തിന്റെ സുരക്ഷാതാൽപര്യങ്ങൾ സംരക്ഷിക്കാൻ അന്തർദേശീയ സ്ഥാപനങ്ങളെയും മാനദണ്ഡങ്ങളെയും ശക്തിപ്പെടുത്തുക എന്നതാണ്. ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു ഏഷ്യൻരാജ്യങ്ങളുടെ ഐക്യത്തെയും കോളനിവിരുദ്ധ നീക്കങ്ങളെയും നിരായുധീകരണത്തെയും അന്താരാഷ്ട്ര സംഘർഷങ്ങൾ പരിഹരിക്കാനുള്ള വേദിയെന്ന നിലയിൽ ഐക്യരാഷ്ട്ര സംഘടനയെയും പിന്തുണച്ചു. സർവസംഹാരികളായ ആയുധങ്ങളെ സംബന്ധിച്ച് (ആണവ, ജൈവരാസായുധങ്ങൾ) എല്ലാ രാജ്യങ്ങൾക്കും തുല്യ അവകാശങ്ങളും ബാധ്യതകളുമുള്ള നിർവ്യാപിതവും വിവേചനരഹിതവുമായ ഒരു സാർവത്രിക ലോകക്രമം ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾക്ക് ഇന്ത്യ മുൻകൈ എടുത്തു. ഒരു സമത്വാധിഷ്ഠിത നവ അന്തർദേശീയ സാമ്പത്തികക്രമത്തിനു (NIEO) വേണ്ടി ഇന്ത്യ വാദിച്ചു. പരമപ്രധാനമായി രണ്ടു ലോകവൻശക്തികളുടെ കീഴിൽ സൃഷ്ടിക്കപ്പെട്ട വിഭജിതരാഷ്ട്രീയത്തിന് പുറത്ത് ഒരു സമാധാനമേഖല സൃഷ്ടിക്കാൻ ചേരിചേരാനയത്തെ ഇന്ത്യ ഉപയോഗപ്പെടുത്തി. ആഗോളതാപനം തടയാൻവേണ്ടി ഹരിതഗൃഹവാതകങ്ങളുടെ നിർഗമനം കുറഞ്ഞതിന് 1997–ൽ നിലവിൽവന്ന ക്യോട്ടോ പ്രോട്ടോക്കോളിനെ അംഗീകരിക്കുകയും 160 രാജ്യങ്ങൾക്കൊപ്പം ഇന്ത്യയും അതിൽ ഒപ്പു വയ്ക്കുകയും ചെയ്തു. സഹകരണ സുരക്ഷാ ഉദ്യമങ്ങളെ സഹായിക്കുന്നതിനായി ഇന്ത്യൻ സേനയെ വിദേശത്തുള്ള ഐക്യരാഷ്ട്ര സമാധന പരിപാലനസേനയിൽ പങ്കാളികളാക്കി.

ഇന്ത്യൻ സുരക്ഷാതന്ത്രത്തിന്റെ മൂന്നാമത്തെ ഘടകം രാജ്യത്തെ ആഭ്യന്തര സുരക്ഷാ വെല്ലുവിളികളെ നേരിടാനുള്ള ഉദ്യമങ്ങളാണ്. നാഗാലാന്റ്, മിസോറം, പഞ്ചാബ്, കാശ്മീർ തുടങ്ങിയ വിവിധ പ്രദേശങ്ങളിൽനിന്നുള്ള നിരവധി തീവ്രവാദസംഘങ്ങൾ കാലങ്ങളായി ഇന്ത്യയിൽനിന്നും വിട്ടുപോകാൻ വഴിതേടുന്നു. വ്യത്യസ്തങ്ങളായ സമുദായങ്ങൾക്കും സംഘങ്ങൾക്കും സ്വതന്ത്ര്യമായി തങ്ങളുടെ ആവലാതികൾ അവതരിപ്പിക്കാനും രാഷ്ട്രീയ അധികാരത്തിൽ പങ്കുപറ്റാനും അവസരം നൽകുന്ന ജനാധിപത്യരാഷ്ട്രീയ സംവിധാനം സ്വീകരിച്ചത് വഴി ഇന്ത്യ അതിന്റെ ദേശീയ ഐക്യം സംരക്ഷിക്കാൻ ശ്രമിച്ചു.

അവസാനമായി ഇന്ത്യൻ ജനതയുടെ മഹാഭൂരിഭാഗത്തെയും ദാരിദ്ര്യത്തിൽ നിന്നും ദുരിതങ്ങളിൽനിന്നും കരകയറ്റിക്കൊണ്ട്, ഭീമമായ സാമ്പത്തിക അസമത്വങ്ങൾ തുടച്ചു മാറ്റി ഇന്ത്യയെ സാമ്പത്തികമായി വികസിപ്പിക്കാനുള്ള ശ്രമങ്ങളും നടക്കുന്നു. ഈ ശ്രമങ്ങൾ പൂർണ വിജയത്തിലെത്തിയിട്ടില്ല. നമ്മൾ ഇപ്പോഴും വളരെ ദരിദ്രവും അസമത്വവുമുള്ള രാജ്യമാണ്. എന്നിരുന്നാലും നിരാകരിക്കപ്പെട്ടവരും ദരിദ്രന്മാരുമായ പൗരന്മാർക്ക് സ്വന്തം ശബ്ദം ഉയർത്താൻ ജനാധിപത്യരാഷ്ട്രീയം അനുവദിക്കുന്നു. സാമ്പത്തിക വികസനത്തിനൊപ്പം മനുഷ്യവികസനവും ഒരുമിപ്പിക്കാനുള്ള സമ്മർദ്ദം ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട ഭരണകൂടങ്ങൾക്കുമേലുണ്ട്. ആയതിനാൽ ജനാധിപത്യം വെറും ഒരു രാഷ്ട്രീയ ആദർശം മാത്രമല്ല. ജനാധിപത്യഭരണകൂടങ്ങൾ കൂടുതൽ സുരക്ഷയ്ക്കുള്ള ഒരു വഴികൂടിയാണ്. ഇതുമായി ബന്ധപ്പെട്ട് ഇന്ത്യൻ ജനാധിപത്യത്തിന്റെ ജയപരാജയങ്ങളെക്കുറിച്ച് 'ഇന്ത്യൻ രാഷ്ട്രീയം സ്വാതന്ത്ര്യലബ്ധി മുതൽ' എന്ന പാഠപുസ്തകത്തിൽ നിങ്ങൾ കൂടുതൽ വായിക്കും.

**നമുക്കൊന്ന് ചെയ്യാം**

പരമ്പരാഗത പാരമ്പര്യേതര സുരക്ഷ ഇനങ്ങളിലെ ഭേദങ്ങൾ സർക്കാരിന്റെ നിലപാടുകൾ താരതമ്യം ചെയ്യുക.

# നമുക്കിത് ഒരുമിച്ച് ചെയ്യാം

## ഘട്ടങ്ങൾ

- ഒരു നദീ തീരത്തുള്ള നാല് ഗ്രാമങ്ങളെ സംബന്ധിച്ച താഴെപറയുന്ന സാങ്കൽപിക സാഹചര്യം വിവരിക്കുക.

  കോടാബാഗ്, ഗെവാളി, കണ്ടാലി, ഗോപാ എന്നീ ഗ്രാമങ്ങൾ ഒരു നദിയുടെ തീരത്ത് അടുത്തടുത്തായി സ്ഥിതിചെയ്യുന്നു. കോടാബാഗിലെ ജനങ്ങളാണ് നദീതീരത്തെ ആദ്യ താമസക്കാർ. ഈ പ്രദേശത്തെ വിപുലമായ പ്രകൃതിവിഭവങ്ങൾ അവർക്ക് തടസമില്ലാതെ ലഭ്യമാകുന്നു. ഈ മേഖലയിലെ ജലലഭ്യതയും വിപുലമായ പ്രകൃതിവിഭവങ്ങളും കാരണം വിവിധ പ്രദേശങ്ങളിൽനിന്നുള്ള ആളുകൾ ക്രമേണ ഇവിടേക്കെത്തി. ഇപ്പോൾ ഇവിടെ നാല് ഗ്രാമങ്ങളുണ്ട് കാലക്രമേണ ഈ പ്രദേശങ്ങളിലെ ജനസംഖ്യയും വർധിച്ചു. പക്ഷേ വിഭവങ്ങൾ വർധിച്ചില്ല തങ്ങളുടെ താമസസ്ഥലത്തിന്റെ അതിരുകൾ ഉൾപ്പെടെ പ്രകൃതിവിഭവങ്ങളുടെ മേൽ ഓരോ ഗ്രാമവും അവകാശവാദം ഉന്നയിക്കാൻ തുടങ്ങി. തങ്ങൾ ആദ്യത്തെ താമസക്കാരാണെന്നതുകൊണ്ട് പ്രകൃതിവിഭവങ്ങളുടെ കൂടുതൽ പങ്ക് തങ്ങൾക്ക് വേണമെന്ന് കോടാബാഗിലെ താമസക്കാർ വാദിച്ചു തങ്ങളുടെ ജനസംഖ്യ മറ്റുള്ളവരെക്കാൾ കൂടുതലായതുകൊണ്ട് വലിയ പങ്ക് തങ്ങൾക്കുവേണമെന്ന് കണ്ടാലിയിലെയും ഗവാളിയിലെയും താമസക്കാർ പറഞ്ഞു. തങ്ങൾ ആർഭാടപരമായ ജീവിതം ശീലിച്ചതുകൊണ്ട് കൂടുതൽ പങ്ക് തങ്ങൾക്ക് വേണമെന്നായിരുന്നു ഗോപായിലെ ജനങ്ങളുടെ വാദം. നാല് ഗ്രാമങ്ങളും മറ്റുള്ളവരുടെ വാദങ്ങൾ അംഗീകരിക്കാതെ സ്വന്തം ഇഷ്ടപ്രകാരം വിഭവങ്ങൾ ഉപയോഗിക്കുന്നത് തുടർന്നു. ഇത് ഗ്രാമവാസികൾക്കിടയിൽ തുടർച്ചയായ സംഘർഷങ്ങളിലേക്ക് നയിച്ചു. ക്രമേണ എല്ലാവർക്കും മനസമാധാനം നഷ്ടപ്പെടുകയും ആളുകൾക്ക് കാര്യങ്ങളുടെപോക്കിൽ മടുപ്പ് തോന്നുകയുംചെയ്തു. നേരത്തെ ജീവിച്ചതുപോലെ തുടരാൻ ഇപ്പോൾ അവർ ആഗ്രഹിക്കുന്നു പക്ഷേ എങ്ങനെ ആ സുവർണകാലത്തിലേക്ക് പോകാമെന്ന് അവർക്ക് അറിയില്ല.

- ഓരോ ഗ്രാമത്തിന്റെയും സവിശേഷതകൾ വിശദീകരിച്ച് ഒരു ചെറുകുറിപ്പ് തയാറാക്കുക. ഈ വിവരണം ഇക്കാലത്തെ രാഷ്ട്രങ്ങളുടെ യഥാർഥ സ്വഭാവം പ്രതിഫലിപ്പിക്കുന്നതാവണം.

- ക്ലാസിനെ നാല് ഗ്രൂപ്പായി വിഭജിക്കുക. ഓരോ ഗ്രൂപ്പും ഓരോ ഗ്രാമത്തെ പ്രതിനിധീകരിക്കുന്നു നേരത്തെ തയാറാക്കിയ ഗ്രാമത്തെ സംബന്ധിച്ച കുറിപ്പുകൾ ബന്ധപ്പെട്ട ഗ്രൂപ്പുകൾക്ക് കൈമാറുക

- പഴയ സുവർണകാലത്തിലേക്ക് എങ്ങനെ തിരിച്ചുപോവാമെന്ന് ചർച്ചചെയ്യാൻ അധ്യാപകൻ ഓരോ ഗ്രൂപ്പിനും സമയം നൽകുക (15 മിനിട്ട്). ഓരോ ഗ്രൂപ്പും സ്വന്തം തന്ത്രങ്ങൾ വികസിപ്പിക്കുക.

  ഒരു പരിഹാരം കണ്ടെത്താൻ എല്ലാ ഗ്രൂപ്പുകളും ഗ്രാമപ്രതിനിധികൾ എന്ന നിലയിൽ തങ്ങൾക്കിടയിൽ സ്വതന്ത്രമായി ചർച്ച നടത്തുക (20 മിനിട്ട്). ഓരോരുത്തരും തങ്ങളുടെ വാദങ്ങളും പ്രതിവാദങ്ങളും അവതരിപ്പിക്കുക ഇതിന്റെ ഫലം എല്ലാവരുടെയും ആവശ്യങ്ങൾ അംഗീകരിച്ച് എല്ലാവർക്കും സ്വീകാര്യമായ കരാറാവും. ഇത് അപൂർവമായേ സംഭവിക്കൂ. അല്ലെങ്കിൽ മുഴുവൻ വിലപേശൽ/ചർച്ചയും ലക്ഷ്യം കാണാതെ അവസാനിക്കും.

### അധ്യാപകർക്കുള്ള ആശയങ്ങൾ

- ഗ്രാമങ്ങളെ രാഷ്ട്രങ്ങളായും പ്രശ്നങ്ങളെ സുരക്ഷയുമായും ബന്ധിപ്പിക്കുക. (ഭൂമിശാസ്ത്രപരമായ അതിർത്തികൾക്കുള്ള ഭീഷണി/പ്രകൃതിവിഭവങ്ങളുടെ മേലുള്ള അവകാശം/കടന്നുകയറ്റം മുതലായവ)

- വിലപേശലുകൾക്കിടെ നടന്ന പരാമർശങ്ങളെക്കുറിച്ച് സംസാരിക്കുക. ബന്ധപ്പെട്ട വിഷയങ്ങളിൽ വിലപേശൽ നടത്തുമ്പോൾ രാഷ്ട്രങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് വിശദീകരിക്കുക.

।। രാജ്യങ്ങൾക്കിടയിൽ നിലവിലുള്ള സുരക്ഷാവിഷയങ്ങൾ പരാമർശിച്ച് പ്രവൃത്തി അവസാനിപ്പിക്കാം.

അഭ്യാസം

1. പദങ്ങളെ അവയുടെ അർഥവുമായി യോജിപ്പിക്കുക.
   i. വിശ്വാസനിർമാണ നീക്കങ്ങൾ
   ii. ആയുധനിയന്ത്രണം
   iii. സഖ്യം
   iv. നിരായുധീകരണം
   (a) ചിലതരം ആയുധങ്ങൾ ഉപേക്ഷിക്കൽ.
   (b) രാജ്യങ്ങൾക്കിടയിൽ സ്ഥിരാടിസ്ഥാനത്തിൽ പ്രതിരോധം സംബന്ധിച്ച വിവരങ്ങൾ കൈമാറുന്ന പ്രക്രിയ.
   (c) സൈനിക അക്രമണങ്ങൾ പ്രതിരോധിക്കാനും ഒഴിവാക്കാനുംവേണ്ടി രാഷ്ട്രങ്ങൾ തമ്മിലുള്ള കൂട്ടായ്മ.
   (d) ആയുധങ്ങൾ വികസിപ്പിക്കുന്നതോ, കരസ്ഥമാക്കുന്നതോ നിയന്ത്രിക്കൽ.
2. താഴെ പറയുന്നവയിൽ ഏതാണ് നിങ്ങൾ, പരമ്പരാഗതസുരക്ഷാഭീഷണി/പാരമ്പര്യേതര സുരക്ഷാഭീഷണി/ഭീഷണിയല്ലാത്തവ എന്നതായി കരുതുന്നത്.
   (a) ചിക്കൻഗുനിയയുടെ/ഡെങ്കിപനിയുടെ വ്യാപനം.
   (b) അയൽരാജ്യത്തുനിന്നുള്ള ജോലിക്കാരുടെ പ്രവാഹം.
   (c) തങ്ങളുടെ പ്രദേശത്തിന് രാഷ്ട്രപദവി വേണമെന്ന് ആവശ്യപ്പെടുന്ന ഒരു സംഘത്തിന്റെ ആവിർഭാവം.
   (d) തങ്ങളുടെ മേഖലക്ക് സ്വയംഭരണാവകാശം വേണമെന്ന് ആവശ്യപ്പെടുന്ന ഒരു സംഘത്തിന്റെ ആവിർഭാവം.
   (e) രാജ്യത്തെ സായുധസേനയെ വിമർശിക്കുന്ന ഒരു പത്രം.
3. പരമ്പരാഗതസുരക്ഷയും പാരമ്പര്യേതരസുരക്ഷയും തമ്മിലെന്താണ് വ്യത്യാസം? സഖ്യങ്ങളുടെ രൂപീകരണവും നിലനിൽപും ഏതു ഗണത്തിലാണ് പെടുക?
4. ഒന്നാം ലോകത്ത് ജീവിക്കുന്ന ആളുകൾ നേരിടുന്ന ഭീഷണികളും മൂന്നാം ലോകവാസികൾ അഭിമുഖീകരിക്കുന്ന ഭീഷണികളും തമ്മിൽ എന്തൊക്കെ വ്യത്യാസങ്ങളുണ്ട്?
5. ഭീകരത പരമ്പരാഗതഭീഷണിയാണോ അതോ പാരമ്പര്യേതരഭീഷണിയോ?
6. പരമ്പരാഗതസുരക്ഷയുടെ കാഴ്ചപ്പാടിൽ തങ്ങളുടെ സുരക്ഷ അപകടത്തിലാവുമ്പോൾ ഒരു രാജ്യത്തിന് എന്തെല്ലാം സാധ്യതകളാണുള്ളത്.
7. എന്താണ് ശക്തിസംതുലനം? ഒരു രാഷ്ട്രം അതെങ്ങനെ നേടും?
8. സൈനികസഖ്യത്തിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെ? നിലവിൽ പ്രാബല്യത്തിലുള്ള ഒരു സൈനിക സഖ്യത്തെക്കുറിച്ചും അതിന്റെ പ്രത്യേക ലക്ഷ്യങ്ങളെക്കുറിച്ചും ഉദാഹരിക്കുക.
9. അതിവേഗത്തിലുള്ള പരിസ്ഥിതി ശോഷണം സുരക്ഷക്ക് ഗൗരവമായ ഭീഷണി ഉയർത്തുന്നു. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ? നിങ്ങളുടെ വാദങ്ങൾ സ്ഥാപിക്കുക.

അഭ്യാസം

10. ആണവായുധങ്ങൾക്ക് പ്രതിരോധം അല്ലെങ്കിൽ തടയൽ എന്ന നിലയിൽ രാഷ്ട്രങ്ങൾക്കുള്ള സമകാലിക സുരക്ഷാഭീണികളുടെ മേൽ പരിമിതമായ ഉപയോഗമേയുള്ളൂ. ഈ പ്രസ്താവന വിശദീകരിക്കുക.

11. ഇന്ത്യയിലെ അവസ്ഥ നിരീക്ഷിക്കുമ്പോൾ, പരമ്പരാഗതസുരക്ഷ, പാരമ്പര്യേതരസുരക്ഷ എന്നിവയിൽ ഏതുതരം സുരക്ഷയ്ക്കാണ് ഇന്ത്യ പ്രാമുഖ്യം നൽകുന്നത്. നിങ്ങളുടെ വാദത്തെ സാധൂകരിക്കാൻ ഏതൊക്കെ ഉദാഹരണങ്ങളാണ് നിരത്തുക.

12. താഴത്തെ കാർട്ടൂൺ വായിച്ചതിനുശേഷം ഈ കാർട്ടൂണിൽ വിവരിച്ചിരിക്കുന്ന യുദ്ധവും ഭീകരതയും തമ്മിലുള്ള ബന്ധത്തെകുറിച്ച് അനുകൂലമായോ പ്രതികൂലമായോ ചെറുകുറിപ്പ് തയാറാക്കുക.




© Ares, Cagle Cartoons Inc.

# അധ്യായം എട്ട്

# പരിസ്ഥിതിയും പ്രകൃതി വിഭവങ്ങളും

# Environment and Natural Resources



1992 ലെ ഭൗമ ഉച്ചകോടി പരിസ്ഥിതി വിഷയങ്ങളെ ലോക രാഷ്ട്രീയത്തിന്റെ മുഖ്യധാരയിലെത്തിച്ചു. മഴക്കാടുകളും കണ്ടൽകാടുകളുമാണ് മുകളിലത്തെ ചിത്രത്തിൽ കാണുന്നത്

## അവലോകനം

ലോകരാഷ്ട്രീയത്തിൽ പാരിസറിതികവും വിഭവ സംബന്ധവുമായ പ്രശ്നങ്ങളുടെ വർദ്ധിച്ചു വരുന്ന പ്രാധാന്യമാണ് ഈ അധ്യായത്തിൽ പരിശോധിക്കുന്നത്. ഇവിടെ 1960 കൾ മുതൽ പ്രബലമായ പരിസറിതി വാദത്തിന്റെ പശ്ചാത്തലത്തിൽ ചില പ്രധാന പരിസ്ഥിതി പ്രസ്ഥാനങ്ങളെ താരതമ്യ പരിശോധനയ്ക്ക് വിധേയമാക്കുന്നു. പൊതുസ്വത്ത് വിഭവങ്ങൾ, ആഗോള പൊതുമണ്ഡലങ്ങൾ എന്നിവയും വിലയിരുത്തപ്പെടുന്നു.

സമീപകാലത്തുണ്ടായ പരിസ്ഥിതി സംവാദങ്ങളിൽ ഇന്ത്യ സ്വീകരിച്ച നിലപാടുകളും നമ്മൾ ചർച്ചചെയ്യും. പിന്നീട് വരുന്നത് വിഭവങ്ങൾക്കു വേണ്ടിയുള്ള മത്സരത്തിന്റെ ഭൂരാഷ്ട്രീയത്തെക്കുറിച്ചുള്ള ചെറുവിവരണമാണ്. സമകാലിക ലോകരാഷ്ട്രീയത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉത്കണ്ഠകളും 'തദ്ദേശീയ ജനവിഭാഗങ്ങളുടെ' ആകുലതകളും ശ്രദ്ധയിൽപെടുത്തി നമ്മൾ ഈ അധ്യായം അവസാനിപ്പിക്കും.



വനത്തിൽ രാഷ്ട്രീയം, വെള്ളത്തിൽ രാഷ്ട്രീയം, അന്തരീക്ഷത്തിൽ രാഷ്ട്രീയം. രാഷ്ട്രീയമല്ലാത്ത പിന്നെന്തുണ്ട്.?

## ആഗോളരാഷ്ട്രീയത്തിലെ പാരിസ്ഥിതിക ഉത്കണ്ഠകൾ (ENVIORNMENTAL CONCERNS IN GLOBAL POLITICS)

ഈ പുസ്തകത്തിൽ ലോകരാഷ്ട്രീയം കുറച്ചൊക്കെ പരിമിതമായി നാം ചർച്ച ചെയ്തു. യുദ്ധങ്ങളും ഉടമ്പടികളും, രാഷ്ട്രശക്തികളുടെ ഉയർച്ച താഴ്ചകൾ, അന്തർ ദേശീയരംഗത്ത് തങ്ങളുടെ രാജ്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഭരണകൂടങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ അന്തർഭരണകൂട സംഘടനകൾ എന്നിവയെക്കുറിച്ചും ചർച്ച ചെയ്തു. ഏഴാം അധ്യായത്തിൽ ദാരിദ്ര്യവും പകർച്ചവ്യാധികളും ഉൾപ്പെടുത്തുന്നതിലൂടെ ലോകരാഷ്ട്രീയത്തിന്റെ വ്യാപ്തി നമ്മൾ വിപുലമാക്കി. ഇത്തരം പ്രശ്നങ്ങൾ ഉൾപ്പെടുത്തുകയെന്നത് അത്ര വിഷമകരമല്ല. കാരണം ഇവയൊക്കെ നിയന്ത്രിക്കുകയെന്നത് ഗവൺമെന്റുകളുടെ ഉത്തരവാദിത്തമായി നാം കരുതുന്നു. ആ അർത്ഥത്തിൽ ഇതെല്ലാം ലോക രാഷ്ട്രീയത്തിന്റെ പരിധിയിൽ വരും. ഇനി മറ്റു ചില വിഷയങ്ങൾ പരിഗണിക്കാം ഇവയൊക്കെ സമകാലിക ലോക രാഷ്ട്രീയത്തിന്റെ പരിധിയിൽ വരുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?



വിഷലിപ്തമായ ജലം മത്സ്യവ്യവസായത്തെ തകർത്തതോടെ അറാൽ കടലിന് ചുറ്റുമുണ്ടായിരുന്ന ആയിരക്കണക്കിന് ജനങ്ങൾക്ക് വീട് വിട്ട് പോകേണ്ടി വന്നു. കപ്പൽ നിർമാണ വ്യവസായവും അനുബന്ധ പ്രവർത്തനങ്ങളും തകർന്നടിഞ്ഞു. മണ്ണിലെ ഉപ്പിന്റെ സാന്ദ്രത കൂടിയത് വിളവ് കുറയാനിടയാക്കി. നിരവധി പഠനങ്ങൾ നടന്നു. ഇങ്ങനെ പഠനത്തിന് വന്ന ഓരോരുത്തരും ഓരോ ബക്കറ്റ് വെള്ളം വീതം കൊണ്ടു വന്നിരുന്നെങ്കിൽ കടൽ ഇപ്പോൾ നിറഞ്ഞേനേ എന്ന് തദ്ദേശവാസികൾ തമാശപറയാറുണ്ട്. കടപ്പാട്: www.gobartimes.org

- ലോകത്താകമാനം കൃഷിക്ക് ഉപയുക്തമായ ഭൂമിയുടെ വിസ്തൃതി വർധിക്കുന്നില്ല. നിലവിൽ കൃഷിക്ക് ഉപയോഗിക്കുന്ന ഭൂമിയിൽ നല്ല പങ്കിന്റെയും ഫലഭൂയിഷ്ടത കുറയുകയും ചെയ്യുന്നു. പുൽമേടുകൾ അമിതമായ മേച്ചിലിന് വിധേയമാവുകയും മത്സ്യസമ്പത്ത് വലിയ തോതിൽ ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്നു. ജലാശയങ്ങൾ വലിയ ശോഷണത്തിനും മലിനീകരണത്തിനും വിധേയമായത് ഭക്ഷ്യ ഉത്പാദനത്തെ സാരമായി ബാധിച്ചു.
- ഐക്യരാഷ്ട്ര സംഘടന വികസന പരിപാടി (UNDP) യുടെ മാനവ വികസന റിപ്പോർട്ട് 2016 പ്രകാരം വികസ്വര രാജ്യങ്ങളിലെ 663 കോടി ജനങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നില്ല. 240 കോടി ജനങ്ങൾക്ക് ശുചിത്വ സൗകര്യങ്ങളില്ല. ഇതിന്റെയൊക്കെ ഫലമായി മുപ്പത് ലക്ഷത്തിലേറെ കുട്ടികൾ ഓരോ വർഷവും മരിക്കുന്നു.
- സ്വാഭാവിക വനങ്ങൾ - അവ കാലാവസ്ഥയെ ക്രമീകരിക്കുകയും ജലലഭ്യത ഉറപ്പാക്കുകയും, മാത്രമല്ല ഭൂമിയിലെ ജൈവവൈവിധ്യത്തെ ഉൾക്കൊള്ളുകയും ചെയ്യുന്നു - ഇവയെ വെട്ടിനശിപ്പിക്കുകയും ജനങ്ങളെ കുടിയൊഴിപ്പിക്കുകയും ചെയ്യുന്നു. ജീവവർഗങ്ങളാൽ സമ്പന്നമായ ആവാസകേന്ദ്രങ്ങൾ നശിപ്പിക്കപ്പെടുന്നതിനാൽ ജൈവവൈവിധ്യത്തിന്റെ നാശം തുടർന്നുകൊണ്ടേയിരിക്കുന്നു.
- ഭൂമിയുടെ സ്ട്രാറ്റോസ്ഫിയറിലെ ഓസോണിന്റെ അളവ് ക്രമമായി കുറയുന്നത് (ഇതിനെ ഓസോൺ സുഷിരം എന്ന് പൊതുവേ വിളിക്കുന്നു) മനുഷ്യന്റെ ആരോഗ്യത്തിനും ആവാസവ്യവസ്ഥയ്ക്കും അപകടമുണ്ടാക്കുന്നു.
- തീരദേശ മലിനീകരണവും ലോകവ്യാപകമായി വർധിക്കുന്നു. പുറംകടൽ താരതമ്യേന ശുദ്ധമാണെങ്കി

ലും കരയിലെ പ്രവർത്തികൾ മൂലം തീരപ്രദേശങ്ങളിൽ കടൽ വലിയ തോതിൽ മലിനീകരിക്കപ്പെടുന്നു. ലോകത്തെമ്പാടും തീരപ്രദേശങ്ങളിൽ വർധിച്ചു വരുന്ന മനുഷ്യവാസം തടഞ്ഞില്ലെങ്കിൽ അത് സമുദ്ര പരിസ്ഥിതിയുടെ കൂടുതൽ നാശത്തിലേക്ക് നയിക്കും.

രാഷ്ട്രതന്ത്രത്തിൽ എന്നതിലുപരി ഭൂമിശാസ്ത്രത്തിൽ പഠിക്കേണ്ട ഒരു പ്രകൃതി പ്രതിഭാസത്തെ കുറിച്ചാണോ നമ്മൾ ഇവിടെ സംസാരിക്കുന്നത് എന്ന് നിങ്ങൾ ചോദിച്ചേക്കാം. പക്ഷേ ഒരിക്കൽ കൂടി ചിന്തിക്കൂ. മുകളിൽ പരാമർശിച്ചതു പോലെയുള്ള പരിസ്ഥിതി അപചയം തടയാൻ വിവിധ ഗവൺമെന്റുകൾ നടപടികൾ എടുത്തിരുന്നെങ്കിൽ ആ അർഥത്തിൽ ഈ വിഷയങ്ങൾക്ക് രാഷ്ട്രീയ പരിണിത ഫലം ഉണ്ടാവുമായിരുന്നു. ഒരു സർക്കാരിനു തനിച്ച് പൂർണമായും പരിഹരിക്കാവുന്ന തരത്തിലുള്ളവയല്ല ഇതിലെ മിക്ക പ്രശ്നങ്ങളും. അതുകൊണ്ട് അവ 'ലോകരാഷ്ട്രീയത്തി'ന്റെ ഭാഗമാവണം. ആഴത്തിൽ പരിശോധിച്ചാൽ പ്രകൃതി വിഭവങ്ങളെയും പരിസ്ഥിതിയെയും സംബന്ധിക്കുന്ന പ്രശ്നങ്ങളും രാഷ്ട്രീയമാണ്. ആരാണ് പാരിസ്ഥിതിക അപചയത്തിന് കാരണക്കാർ? ആരാണ് അതിന് വില കൊടുക്കേണ്ടി വരുന്നത്? ഇതു തിരുത്താനുള്ള നടപടിയെടുക്കാൻ ആർക്കാണ് ഉത്തരവാദിത്വം? ഭൂമിയിലെ പ്രകൃതി വിഭവങ്ങൾ ആരൊക്കെ, എത്ര മാത്രമാണ് ഉപയോഗിക്കുന്നത്? ഇതെല്ലാം ആരൊക്കെ എത്ര മാത്രം അധികാരം ഉപയോഗിക്കുന്നു എന്ന പ്രശ്നവും ഉയർത്തുന്നു. അതുകൊണ്ട് ഇതെല്ലാം ആഴമുള്ള രാഷ്ട്രീയ ചോദ്യങ്ങളാണ്.

പരിസ്ഥിതി സംബന്ധിച്ച ആകുലതകൾക്ക് നീണ്ട ചരിത്രമുണ്ടെങ്കിലും സാമ്പത്തിക വളർച്ചയുടെ പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള അവബോധത്തിന് രാഷ്ട്രീയ സ്വഭാവം വന്നത് 1960 മുതലാണ്. 1972 ൽ ക്ലബ്ബ് ഓഫ് റോം എന്ന വിദഗ്ധ സംഘം ആഗോള ചിന്തകന്മാരുടെ കൂട്ടായ്മ 'വളർച്ചയുടെ പരിധി'




ആഗോളതാപനം © Ares, Cagle Cartoons Inc.

*വിരലുകൾ പുകക്കുഴലായും ലോകം തീപിടിപ്പിക്കാനുപയോഗിക്കുന്ന ലൈറ്ററായും ചിത്രീകരിച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്ന് നിങ്ങൾ കരുതുന്നു?*

എന്നൊരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. അതിവേഗം പെരുകുന്ന ലോക ജനസംഖ്യയുടെ പശ്ചാത്തലത്തിൽ ഭൂമിയിലെ വിഭവങ്ങളുടെ ശോഷണമായിരുന്നു ഇതിലെ വിഷയം.

അന്താരാഷ്ട്ര പരിസ്ഥിതി പദ്ധതി (UNEP) ഉൾപ്പെടെയുള്ള അന്തർദേശീയ സംഘടനകൾ, പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഏകോപിതവും ഫലപ്രദവുമായ പ്രതികരണങ്ങൾ ലഭ്യമാക്കാൻ വേണ്ടി അന്തർദേശീയതലത്തിൽ ചർച്ചാ സമ്മേളനങ്ങളും പഠനപദ്ധതികളും നടപ്പാക്കി. അന്നു മുതൽ ലോകരാഷ്ട്രീയത്തിലെ പ്രധാന വിഷയമായി പരിസ്ഥിതി പരിഗണിക്കപ്പെട്ടു.

1992 ജൂണിൽ ബ്രസീലിലെ റിയോഡിജനീറോയിൽ നടന്ന ഐക്യ രാഷ്ട്ര സംഘടനയുടെ 'വികസനവും പരിസ്ഥിതിയും' എന്ന ചർച്ചയിലൂടെ ലോക രാഷ്ട്രീയ രംഗത്ത് പരിസ്ഥിതി വിഷയങ്ങൾക്ക് ഉണ്ടായിരുന്ന കേന്ദ്രസ്ഥാനം കൂടുതൽ ഏകീകരിക്കപ്പെട്ടു. ഇതിനെ 'ഭൗമ ഉച്ചകോടി' എന്നും വിളിക്കാറുണ്ട്. ഈ സ

**നമുക്കിത് ചെയ്യാം**

നിങ്ങളുടെ പ്രദേശത്തെ പരിസ്ഥിതിയെയും രാഷ്ട്രീയത്തെയും ബാധിക്കുന്ന പത്രവാർത്തകൾ ശേഖരിക്കുക.




© Ares, Cagle Cartoons Inc.

*ഭൂമിയെ സംരക്ഷിക്കുന്നതു സംബന്ധിച്ച തീർപ്പിൽ എത്തിച്ചേരുന്നതിന് ദരിദ്ര രാജ്യങ്ങൾക്കും സമ്പന്ന രാജ്യങ്ങൾക്കും വിഭിന്നമായ കാഴ്ചപ്പാടുകളാണോ ഉള്ളത്?*

മ്മേളനത്തിൽ 170 രാജ്യങ്ങളും ആയിരക്കണക്കിന് ഗവൺമെന്റിന്റെ സംഘടനകളും നിരവധി ബഹുരാഷ്ട്ര കമ്പനികളും പങ്കെടുത്തു. അഞ്ച് വർഷങ്ങൾക്ക് മുമ്പ് 1987-ൽ പ്രസിദ്ധീകരിച്ച 'നമ്മുടെ പൊതുഭാവി' എന്ന ബ്രൺലാന്റ് റിപ്പോർട്ട് പരമ്പരാഗത മാതൃകയിലുള്ള സാമ്പത്തിക വികസനം ദീർഘകാലാടിസ്ഥാനത്തിൽ സുസ്ഥിരമാവില്ലെന്ന് മുന്നറിയിപ്പ് നൽകി. കൂടുതൽ വ്യവസായിക വികസനത്തിനുവേണ്ടിയുള്ള ദക്ഷിണ പ്രദേശങ്ങളുടെ ആവശ്യത്തിന്റെ പശ്ചാത്തലത്തിൽ കൂടിയായിരുന്നു ഈ മുന്നറിയിപ്പ്. ലോകത്തിലെ ദരിദ്രവും വികസ്വരവുമായ രാജ്യങ്ങളും (ഗ്ലോബൽ സൗത്ത്) സമ്പന്നവും വികസിതവുമായ ഒന്നാം ലോകവും (ഗ്ലോബൽ നോർത്ത്) പരിസ്ഥിതി സംബന്ധിച്ച വിഭിന്നമായ നയപരിപാടികളാണ് പിന്തുടരുന്നതെന്ന് റിയോ ഉച്ചകോടിയിലൂടെ വ്യക്തമായി. ഉത്തരരാജ്യങ്ങൾ ആഗോള താപനത്തെയും ഓസോൺ ശോഷണത്തെയും കുറിച്ച് ആകുലരാകുമ്പോൾ സാമ്പത്തിക വികസനവും പരിസ്ഥിതി നിർവഹണവും തമ്മിലുള്ള ബന്ധം എങ്ങനെ കൊണ്ടു പോവണമെന്നതായിരുന്നു ദക്ഷിണ രാജ്യങ്ങളുടെ ആകാംക്ഷ.

റിയോ ഉച്ചകോടിയുടെ ഫലമായി കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യം, വനം എന്നിവ സംബന്ധിച്ച ഉടമ്പടികളും 'അജൻഡ 21' എന്നറിയപ്പെടുന്ന വികസന നയപദ്ധതികളുടെ പട്ടികയും നിർദ്ദേശിക്കപ്പെട്ടു. എന്നാൽ ഒരു പറ്റം ഗണ്യമായ ഭിന്നതകളും വിഷമതകളും പരിഹരിക്കാതെ പോയി. സാമ്പത്തിക വികസനവും പാരിസ്ഥിതിക ഉത്തരവാദിത്വങ്ങളും യോജിപ്പിക്കണമെന്ന് പൊതു ധാരണയുണ്ടായി. വികസനത്തോടുള്ള ഈ കാഴ്ചപ്പാട് പൊതുവേ സുസ്ഥിര വികസനം (sustainable development) എന്നാണറിയപ്പെടുന്നത്. എന്നിരുന്നാലും ഇത് കൃത്യമായി എങ്ങനെ കൈവരിക്കും എന്നതായിരുന്നു പ്രശ്നം. 'അജണ്ട 21' പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നതിലുപരി സാമ്പത്തിക വികസനത്തിന് മുൻതൂക്കം നൽകുന്നുവെന്ന് ചില വിമർശകർ ചൂണ്ടിക്കാട്ടി. പരിസ്ഥിതിയുടെ ലോകരാഷ്ട്രീയവുമായി ബന്ധപ്പെട്ട ചില തർക്കവിഷയങ്ങളിലേക്ക് നമുക്ക് കടക്കാം.

## ആഗോള പൊതുമണ്ഡലങ്ങളുടെ സംരക്ഷണം (THE PROTECTION OF GLOBAL COMMONS)

ആരുടെയും ഉടമസ്ഥതയിലല്ലാതെ സമൂഹം പങ്കുവെച്ചനുഭവിക്കുന്ന വിഭവങ്ങളാണ് പൊതുവിഭവങ്ങൾ. ഇത് ഒരു

## അന്റാർട്ടിക്ക (ANTARCTICA)



പതിനാല് ദശലക്ഷം ചതുരശ്ര കിലോ മീറ്റർ വിസ്തൃതിയുള്ള അന്റാർട്ടിക് ഭൂഖണ്ഡ മേഖലയിൽ ലോകത്തിന്റെ വന്യപ്രദേശങ്ങളിലെ 26 ശതമാനം ഉൾക്കൊള്ളുന്നു. ഭൂമിയിലെ 90 ശതമാനം ഹിമപാളിയും 70 ശതമാനം ശുദ്ധജലവും ഇവിടെയാണുള്ളത്. അന്റാർട്ടിക്ക സമുദ്രത്തിലേക്ക് 36 ദശലക്ഷം ചതുരശ്ര കിലോമീറ്ററിലേക്കും വ്യാപിച്ചിട്ടുണ്ട്. അന്റാർട്ടിക്കയിൽ ജീവിത ദൈർഘ്യം കുറഞ്ഞ, എന്നാൽ വളരെ ഉദ്പാദനക്ഷമമായ സമുദ്ര ആവാസവ്യവസ്ഥയുണ്ട്. ഇതിൽ ഏതാനും ചെടികളും (സൂക്ഷ്മപായലുകൾ, ഫംഗസ്, ലൈക്കൺ) സമുദ്ര സസ്തനികളും ഇവിടുത്തെ കഠിനാവസ്ഥകളോട് പൊരുത്തപ്പെടുന്ന പക്ഷികൂട്ടങ്ങളും മത്സ്യങ്ങളുമുണ്ട്. ഇതോടൊപ്പം തന്നെ ഈ ഭക്ഷ്യ ശൃംഖലയിൽ കേന്ദ്രസ്ഥാനം വഹിക്കുന്ന ക്രിൽ എന്ന ചെറു മത്സ്യങ്ങളും ധാരാളമായി കാണപ്പെടുന്നു. ലോകത്തെ കാലാവസ്ഥ സുസ്ഥിരമാക്കാൻ അന്റാർട്ടിക്കയ്ക്ക് പ്രധാന പങ്കുണ്ട്. ഇവിടുത്തെ ആഴമേറിയ ഹിമപാളികൾ ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പുള്ള പ്രകൃതിയിലെ ഊഷ്മാവിനെക്കുറിച്ചും ഹരിതവാതകങ്ങളെക്കുറിച്ചും അറിവ് നൽകുന്നു.

ലോകത്തിലെ ഏറ്റവും തണുത്തതും വിദൂരമായതും വന്യമായതുമായ ഈ ഭൂഖണ്ഡത്തിന്റെ ഉടമസ്ഥത ആർക്കാണ്? ഇക്കാര്യത്തിൽ രണ്ട് അവകാശവാദങ്ങളുണ്ട്. യു.കെ., അർജന്റീന, ചിലി, ഫ്രാൻസ്, നോർവേ, ഓസ്ട്രേലിയ തുടങ്ങിയ ചില രാജ്യങ്ങളും ന്യൂസിലന്റും അന്റാർട്ടിക്ക പ്രദേശത്തിന് മുകളിൽ പരമാധികാരം അവകാശപ്പെടുന്നു. എന്നാൽ അന്റാർട്ടിക്ക പൊതുമണ്ഡലമാണെന്നും (ഗ്ലോബൽ കോമൺസ്) മറ്റേതെങ്കിലും രാജ്യത്തിന്റെ മാത്രമായ അധികാര പരിധിയിലല്ലെന്നും ഉള്ള നിലപാടാണ് ഒട്ടുമിക്ക രാജ്യങ്ങളും സ്വീകരിച്ചിരിക്കുന്നത്. എന്നാൽ അന്റാർട്ടിക്കയിലെ പരിസ്ഥിതിയെയും ജൈവവ്യവസ്ഥയെയും സംരക്ഷിക്കാനുള്ള ദൂരവ്യാപകവും നൂതനവുമായ നിയമങ്ങൾ നിർമിക്കാൻ ഈ അഭിപ്രായ വ്യത്യാസങ്ങൾ തടസമായിട്ടില്ല. അന്റാർട്ടിക്കും ആർട്ടിക്ക് ധ്രുവമേഖലയും പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പ്രത്യേക പ്രദേശിക നിയമത്തിന് വിധേയമാണ്. 1959 മുതൽ ശാസ്ത്രീയ ഗവേഷണം, മീൻപിടുത്തം, ടൂറിസം തുടങ്ങിയ പ്രവർത്തനങ്ങൾ മാത്രമേ ഇവിടെ അനുവദിച്ചിട്ടുള്ളൂ. എന്നാൽ ഇത്തരം പരിമിതമായ പ്രവൃത്തികൾ പോലും എണ്ണപ്പാടയുടെ വ്യാപനം മൂലമുണ്ടാകുന്ന നശീകരണത്തിൽ നിന്ന് ഈ പ്രദേശത്തെ സംരക്ഷിക്കുന്നില്ല.

പൊതു മുറിയോ, കമ്മ്യൂണിറ്റി സെന്ററോ, പാർക്കോ, നദിയോ ആവാം. ഇതുപോലെ ഒരു രാജ്യത്തിന്റെയും പരമാധികാര പരിധിയിൽപ്പെടാതെ അന്തർദേശീയ സമൂഹത്തിന്റെ പൊതു ഭരണം ആവശ്യമായ ചില പ്രദേശങ്ങളോ മേഖലകളോ ലോകത്തുണ്ട്. ഇത് *റസ് കമ്യൂണിസ് ഹ്യൂമാനിറ്റാറ്റിസ്* അല്ലെങ്കിൽ ആഗോള പൊതു മണ്ഡലങ്ങൾ (Global Commons) എന്ന് അറിയപ്പെടുന്നു. ഭൂമിയുടെ അന്തരീക്ഷം, അന്റാർട്ടിക്ക, സമുദ്രത്തിന്റെ അടിത്തട്ട്, ബഹിരാകാശം തുടങ്ങിയവ ഇതിലുൾപ്പെടും. (മുകളിൽ കൊടുത്തിരിക്കുന്ന ചിത്രവും വിവരണവും നോക്കൂ).

ആഗോള പൊതു മണ്ഡലങ്ങളുടെമേലുള്ള സഹകരണം എളുപ്പമല്ല. 1959-ലെ അന്റാർട്ടിക് ഉടമ്പടി, 1987-ലെ മോൺട്രിയോൾ പ്രോട്ടോകോൾ, 1991-ലെ അന്റാർട്ടിക് എൻവയൺമെന്റ് പ്രോട്ടോകോൾ തുടങ്ങി നിരവധി സുപ്രധാന കരാറുകളുണ്ട്.

എല്ലാ പരിസ്ഥിതി വിഷയങ്ങളും നേരിടുന്ന ഒരു മുഖ്യ പ്രശ്നം, അവ്യക്തമായ ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാന



ഉടൻ തന്നെ നമുക്ക് ചന്ദ്രനിലും പരിസ്ഥിതി അപചയം ഉണ്ടാവും.



*1970 കളിൽ ആഫ്രിക്കയിൽ ഉണ്ടായ വൻദുരന്തങ്ങളിലൊന്നിൽ അഞ്ചു രാജ്യങ്ങളിലെ മികച്ച കൃഷിയിടങ്ങൾ വരൾച്ച മൂലം വിണ്ടുകീറി ഊഷരഭൂമിയായി. പാരിസ്ഥിതിക അഭയാർഥികൾ എന്ന പ്രയോഗം ഇതിന് ശേഷമാണ് വന്നത്. കൃഷി അസാധ്യമായതിനാൽ നിരവധി പേർക്ക് നാടുവിട്ട് പോകേണ്ടി വന്നു. (ഉറവിടം www.gobartimes.org)*

ത്തിൽ നിശ്ചിത സമയ പരിധിക്കുള്ളിൽ പൊതു പരിസ്ഥിതി നയങ്ങളിലും പരിപാടികളിലും പൊതുസമ്മതി നേടുക എന്നതാണ്. ഈ അർഥത്തിൽ 1980 കളുടെ മധ്യത്തിൽ അന്റാർട്ടിക്കയ്ക്ക് മുകളിൽ ഓസോൺ സുഷിരം കണ്ടുപിടിച്ചത് ആഗോള പാരിസ്ഥിതിക പ്രശ്നങ്ങൾ തരണം ചെയ്യുന്നതിൽ അടങ്ങിയിരിക്കുന്ന സാധ്യതകളും ഒപ്പം അപകടങ്ങളും വെളിവാക്കി.

ഇതുപോലെ തന്നെ പൊതുമണ്ഡലം എന്ന നിലയിൽ ബഹിരാകാശത്തിന്റെ ചരിത്രം സൂചിപ്പിക്കുന്നത് ഈ മേഖലയുടെ പരിപാലനവും ഉത്തര ദക്ഷിണ അസമത്വങ്ങളാൽ സ്വാധീനിക്കപ്പെട്ടിരിക്കുന്നു എന്നാണ്. ഭൗമാന്തരീക്ഷത്തെയും സമുദ്രത്തിന്റെ അടിത്തട്ടിനെയും സംബന്ധിച്ചാണെങ്കിൽ ഇവിടുത്തെ നിർണായക പ്രശ്നം സാങ്കേതികവിദ്യയും വ്യവസായിക വികസനവുമാണ്. ബഹിരാകാശത്തെ ഉപയോഗപ്പെടുത്താനുള്ള പ്രവർത്തനങ്ങളുടെ ഗുണങ്ങൾ ഇന്നത്തെയോ നാളത്തെയോ തലമുറക്ക് തുല്യമായ രീതിയിൽ അനുഭവവേദ്യമാവില്ല. അതുകൊണ്ട് തന്നെ ഇത് വളരെ പ്രാധാന്യമർഹിക്കുന്നു.

**നമുക്കിത് ചെയ്യാം**

ക്യോട്ടോ പ്രോട്ടോക്കോളിനെക്കുറിച്ച് കൂടുതൽ കണ്ടെത്തുക. ഏതൊക്കെ പ്രമുഖ രാജ്യങ്ങളാണ് ഒപ്പിടാതിരുന്നത്? എന്തുകൊണ്ട്?

## പൊതുവായതും, വ്യത്യസ്തമായതുമായ ഉത്തരവാദിത്വങ്ങൾ (COMMON BUT DIFFERENTIATED RESPONSIBILITIES)

പരിസ്ഥിതിയോടുള്ള സമീപനത്തിൽ ഉത്തര-ദക്ഷിണ രാജ്യങ്ങൾക്കിടയിൽ ഭി

ന്നതയുണ്ടെന്ന് നമ്മൾ കണ്ടുവല്ലോ. ഉത്തരമേഖലയിലെ വികസിത രാജ്യങ്ങൾ പരിസ്ഥിതി സംരക്ഷണത്തിന് എല്ലാവർക്കും തുല്യ ഉത്തരവാദിത്വമാണുള്ളതെന്നും ഇത്തരം വിഷയങ്ങൾ ഇപ്പോഴുള്ളതു പോലെ തന്നെ ചർച്ച ചെയ്യണമെന്നും ആഗ്രഹിക്കുന്നു. ദക്ഷിണമേഖലയിലെ വികസ്വര രാജ്യങ്ങളാവട്ടെ ലോകത്തെ പരിസ്ഥിതിയുടെ അപചയം വികസിത രാജ്യങ്ങൾ നടപ്പാക്കിയ വ്യാവസായിക വികസനത്തിന്റെ ഉത്പന്നമാണെന്ന് കരുതുന്നു. കൂടുതൽ നാശത്തിന് അവർ കാരണക്കാരായിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള കൂടുതൽ ഉത്തരവാദിത്വവും അവർ ഏറ്റെടുക്കേണ്ടതുണ്ട്. മാത്രവുമല്ല വ്യവസായവത്കരണ പ്രക്രിയയിലൂടെ കടന്നുപോകുന്ന വികസ്വര രാജ്യങ്ങളുടെ മേൽ വികസിത രാജ്യങ്ങൾക്ക് ബാധകമായ അതേ നിയന്ത്രണങ്ങൾ അടിച്ചേല്പിക്കാനും പാടില്ല. അന്തർദേശീയ പരിസ്ഥിതി നിയമങ്ങളുടെ വികസനത്തിലും ഉപയോഗത്തിലും വ്യാഖ്യാനത്തിലും വികസ്വര രാജ്യങ്ങളുടെ പ്രത്യേകാവശ്യങ്ങൾ കണക്കിലെടുക്കണം. ഈ വാദം 1992 ൽ ഭൗമ ഉച്ചകോടിയുടെ റിയോ പ്രഖ്യാപനം അംഗീകരിച്ചിട്ടുണ്ട്. ഇത് പൊതുവായതും വ്യത്യസ്തമായതുമായ ഉത്തരവാദിത്വങ്ങൾ എന്ന തത്വമായി അറിയപ്പെടുന്നു.

റിയോ പ്രഖ്യാപനത്തിന്റെ പ്രസക്തഭാഗം പറയുന്നു - "ലോക പരിസ്ഥിതി സംവിധാനത്തെ പരിപാലിക്കാനും, സംരക്ഷിക്കാനും അതിന്റെ ആരോഗ്യവും സമഗ്രതയും വീണ്ടെടുക്കാനും ഒരു ആഗോള പങ്കാളിത്തത്തിന്റെ ആവേശത്തിൽ രാജ്യങ്ങൾ സഹകരിക്കും. ആഗോള പരിസ്ഥിതി അപചയത്തിൽ രാജ്യങ്ങളുടെ പങ്ക് വ്യത്യസ്തമാണെന്ന കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിൽ രാജ്യങ്ങൾക്ക് പൊതുവായതും എന്നാൽ വ്യത്യസ്തവുമായ ഉത്തരവാദിത്വങ്ങളുണ്ട്. തങ്ങളുടെ നിയന്ത്രണത്തിലുള്ള സാങ്കേതികവും ആഗോള പരിസ്ഥിതിക്കുമേൽ ചെലുത്തുന്ന സമ്മർദങ്ങളും കണക്കിലെടുക്കുമ്പോൾ, സാർവദേശീയ തലത്തിൽ സുസ്ഥിരവികസനത്തിലേക്കുള്ള പ്രയാണത്തിൽ, തങ്ങളുടെ ഉത്തരവാദിത്വം വികസിതരാജ്യങ്ങൾ അംഗീകരിക്കുന്നു."

ഇതു കൂടാതെ 1992 ലെ ഐക്യരാഷ്ട്ര സംഘടന ഫ്രെയിംവർക്ക് കൺവെൻഷൻ ഓൺ ക്ലൈമറ്റ് ചേഞ്ചും (UNFCCC) കാലാവസ്ഥ സംവിധാനത്തെ സംരക്ഷിക്കാനുള്ള ബന്ധപ്പെട്ട കക്ഷികളുടെ ഉത്തരവാദിത്വം വ്യക്തമാക്കുന്നു. ഇത് "നീതിയുടെയും പൊതുവായതും, എന്നാൽ വ്യത്യസ്തവുമായ ഉത്തരവാദിത്വങ്ങളുടെയും ശേഷികളുടെയും അടിസ്ഥാനത്തിലാവണം" എന്ന് നിഷ്കർഷിക്കുന്നു. ചരിത്രപരമായും സമകാലികമായും ഹരിതഗൃഹവാതകത്തിന്റെ ആഗോള ബഹിർഗമനത്തിന്റെ വലിയ പങ്കും വികസിത രാഷ്ട്രങ്ങളിലാണ് ഉണ്ടാവുന്നത് എന്ന് ഈ സമ്മേളനത്തിൽ പങ്കെടുത്ത കക്ഷികൾ അംഗീകരിക്കുന്നു. വികസ്വര രാജ്യങ്ങളിൽ നിന്നുള്ള പ്രതിശീർഷ നിർഗമനം താരതമ്യേന കുറവാണെന്നതും ഇത് സമ്മതിക്കുന്നു. അതുകൊണ്ട് ചൈന, ഇന്ത്യ തുടങ്ങിയ വികസ്വര രാജ്യങ്ങൾ ക്യോട്ടോ പ്രോട്ടോക്കോളിന്റെ നിബന്ധനകളിൽ നിന്ന് ഒഴിവാക്കപ്പെട്ടു. ക്യോട്ടോ ഉടമ്പടി എന്നത്, വ്യവസായവത്കൃത രാജ്യങ്ങളിലെ ഹരിതഗൃഹവാതക നിർഗമനം കുറക്കുന്നത് ലക്ഷ്യമിടുന്ന അന്താരാഷ്ട്ര ഉടമ്പടിയാണ്. ലോകത്തിന്റെ താപനില ഉയർത്തുകയും അതുവഴി ഭൂമിയിലെ ജീവന് വൻ പ്രത്യാഘാതങ്ങളുണ്ടാക്കുകയും ചെയ്യുന്ന ആഗോള താപനത്തിന് കാർബൺഡയോക്സൈഡ്, മീഥെയ്ൻ, ഹൈഡ്രോ-ഫ്ളൂറോകാർബൺസ് തുടങ്ങിയ വാതകങ്ങൾ ഭാഗികമായെങ്കിലും ഉത്തരവാദികളാകുന്നതായി കരുതപ്പെടുന്നു. യു.എൻ.എഫ്.സി.സി.സി. (UNFCCC) പ്രഖ്യാപിച്ച തത്വങ്ങളെ അടിസ്ഥാനമാക്കി 1997-ൽ ജപ്പാനിലെ ക്യോട്ടോയിലാണ് ഈ ഉടമ്പടി ഒപ്പുവച്ചത്.



അതൊരു സാന്ത്വന തത്വമാണ്. നമ്മുടെ രാജ്യത്തെ സംവരണനയം പോലെ: അല്ലേ?



ലാറ്റിൻ അമേരിക്കയിലെ ചില നദികൾ വിറ്റഴിക്കുന്നതായി ഞാൻ കേട്ടു. എങ്ങനെ യാണ് പൊതുമുതലുകൾ വിൽക്കാനാവുക?

## പൊതു വിഭവങ്ങൾ (COMMON PROPERTY RESOURCES)

ഒരു വിഭാഗത്തിന്റെ പൊതു സ്വത്തിനെയാണ് പൊതുവിഭവങ്ങൾ എന്നത് കൊണ്ടർഥമാക്കുന്നത്. ഒരു സംഘത്തിലെ അംഗങ്ങൾക്ക് നിശ്ചിത വിഭവത്തിന്റെ സ്വഭാവത്തെയും, ഉപയോഗത്തിന്റെ തോതിനെയും പരിപാലനത്തെയും സംബന്ധിച്ച് അവകാശങ്ങളും ചുമതലകളും ഉണ്ടെന്നതാണ് ഇതിന്റെ അടിസ്ഥാനതത്വം.

ഉദാഹരണത്തിന് നൂറ്റാണ്ടുകളുടെ അനുഭവത്തിന്റെയും പരസ്പര ധാരണകളുടെയും അടിസ്ഥാനത്തിൽ ഇന്ത്യയിലെ പല ഗ്രാമസമുദായങ്ങളും തങ്ങളുടെ അംഗങ്ങളുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും നിർവചിച്ചിട്ടുണ്ട്. ലോകത്ത് മിക്കയിടങ്ങളിലും സ്വകാര്യവത്കരണം, തീവ്ര കൃഷി രീതി, ജനസംഖ്യാവർധനവ്, ആവാസവ്യവസ്ഥയുടെ അപചയം എന്നിവ മൂലം പൊതു മുതലുകൾ വലിപ്പത്തിലും ഗുണത്തിലും ദരിദ്രർക്കുള്ള ലഭ്യതയിലും ചുരുങ്ങി വരുന്നു. സർക്കാർ ഉടമസ്ഥതയിലുള്ള വനഭൂമിയിലെ വിശുദ്ധ വനങ്ങളുടെ നടത്തിപ്പിനായുള്ള സ്ഥാപന സംവിധാനങ്ങൾ പൊതു സ്വത്തിന്റെ നടത്തിപ്പിനുള്ള മികച്ച ഒരു ഉദാഹരണമാണ്. തെക്കേ ഇന്ത്യയിലെ വനമേഖലകളോട് ചേർന്നുള്ള വിശുദ്ധ വനങ്ങൾ പരമ്പരാഗതമായി ഗ്രാമ സമൂഹങ്ങളാണ് പരിപാലിക്കുന്നത്.

## പരിസ്ഥിതി പ്രശ്നങ്ങളിൽ ഇന്ത്യയുടെ നിലപാട് (INDIA'S STAND ON ENVIRONMENTAL ISSUES)

1997-ലെ ക്യോട്ടോ പ്രോട്ടോകോൾ 2002 ആഗസ്റ്റിൽ ഇന്ത്യ അംഗീകരിക്കുകയും ഒപ്പു വയ്ക്കുകയും ചെയ്തു. ഇന്ത്യ, ചൈന തുടങ്ങിയ വികസ്വര രാജ്യങ്ങളെ ക്യോട്ടോ പ്രോട്ടോക്കോളിന്റെ നിബന്ധനകളിൽ നിന്ന് ഒഴിവാക്കി. വ്യവസായവത്കരണ കാലഘട്ടത്തിൽ (ഇന്നത്തെ കാലാവസ്ഥ വ്യതിയാനത്തിനും ആഗോളതാപനത്തിനും കാരണം വ്യവസായവ

### ഇന്ത്യയിലെ വിശുദ്ധവനങ്ങൾ (SACRED GROVES IN INDIA)

മതപരമായ കാരണങ്ങളാൽ പ്രകൃതിയെ സംരക്ഷിക്കുക എന്നത് പരമ്പരാഗത സമൂഹങ്ങളുടെ പുരാതനമായുള്ള ആചാരമാണ്. ഇന്ത്യയിലെ വിശുദ്ധ വനങ്ങൾ (ഏതെങ്കിലും ദേവന്റെയോ പ്രകൃതി ശക്തികളുടെയോ പൂർവ്വികരുടെ ആത്മാക്കളുടെയോ പേരിൽ നശിപ്പിക്കാതെ സംരക്ഷിക്കപ്പെടുന്ന ചെറുവനപ്രദേശങ്ങൾ) ഇതിന് ഉദാഹരണമാണ്. സമൂഹ അടിസ്ഥാനത്തിലുള്ള വിഭവ നിർവഹണത്തിന്റെ മാതൃക എന്ന നിലയിൽ ഇവ പിന്നീട് പരിരക്ഷണ സാഹിത്യത്തിന്റെ ശ്രദ്ധയാകർഷിച്ചു. വിശുദ്ധവനങ്ങൾ എന്നത് പ്രകൃതിവിഭവങ്ങളെ പ്രകൃതിയുടെ നിയമങ്ങൾക്ക് വിധേയമായി പാരിസ്ഥിതിക സുസ്ഥിരത ഉറപ്പുവരുത്തുന്ന രീതിയിൽ ഉപയോഗിക്കാൻ പരമ്പരാഗത സമുദായങ്ങളെ പ്രേരിപ്പിക്കുന്ന സംവിധാനമായി കാണാം. ചില ഗവേഷകരുടെ അഭിപ്രായത്തിൽ വിശുദ്ധ വനങ്ങൾ ജൈവവൈവിധ്യവും പരിസ്ഥിതിയും സംരക്ഷിക്കുന്നതോടൊപ്പം സാംസ്കാരിക വൈവിധ്യവും സംരക്ഷിക്കുന്നതിനുള്ള ശേഷിയുണ്ട്.

വിശുദ്ധവനങ്ങൾ ഫലപ്രദമായ ഒരു പറ്റം വന സംരക്ഷണ രീതികൾ ഉൾകൊള്ളുന്നു. അവ പൊതു വിഭവ സംവിധാനത്തിന്റെ സ്വഭാവ സവിശേഷതകൾ ഉൾക്കൊള്ളുന്നു. അവയുടെ വലിപ്പം ഏതാനും മരങ്ങളുടെ ചെറിയ തോപ്പുകൾ മുതൽ നൂറുകണക്കിന് ഏക്കറുകൾ വരെയാവാം. വിശുദ്ധവനങ്ങൾ പരമ്പരാഗതമായി അവയുടെ ആത്മീയവും സാംസ്കാരികവുമായ ഗുണങ്ങളുടെ പേരിൽ വിലമതിക്കപ്പെടുന്നു ഹിന്ദുക്കൾ പൊതുവേ മരങ്ങളും തോപ്പുകളും ഉൾപ്പെടെയുള്ള പ്രകൃതി വസ്തുക്കളെ ആരാധിക്കാറുണ്ട്. നിരവധി ക്ഷേത്രങ്ങൾ വിശുദ്ധവനങ്ങളിൽ നിന്ന് ഉദ്ഭവിച്ചതാണ്. വിഭവ ദാരിദ്ര്യം എന്നതിനേക്കാൾ പ്രകൃതിയോടുള്ള അഗാധമായ മതപരമായ ആരാധനയാണ് ഇങ്ങനെ വനങ്ങൾ സംരക്ഷിക്കാനുള്ള കാരണം. എന്നിരുന്നാലും മനുഷ്യവാസം വർധിച്ചതോടെ ഇത്തരം വിശുദ്ധവനങ്ങളും കൈയ്യേറ്റത്തിനു പതുക്കെ പതുക്കെ വിധേയമാകുന്നു.

പുതിയ വനനയങ്ങളുടെ വരവോടെ മിക്ക സ്ഥലങ്ങളിലും ഇത്തരം പരമ്പരാഗത വനങ്ങളുടെ സ്ഥാപന സ്വത്വം ഇല്ലാതാവുകയാണ്. വിശുദ്ധവനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച യഥാർഥ പ്രശ്നം ഉടലെടുക്കുന്നത് ഇതിന്റെ നിയമപരമായ ഉടമസ്ഥാവകാശവും നടത്തിപ്പ് അധികാരവും രണ്ടിടത്താകുമ്പോഴാണ്. ഇതിലുൾപ്പെട്ട രണ്ട് അവകാശികൾക്കും, രാഷ്ട്രത്തിനും സമൂഹത്തിനും, ഇവയുടെ ഉപയോഗം സംബന്ധിച്ച് വ്യത്യസ്തമായ ഉദ്ദേശ ലക്ഷ്യങ്ങളും നയസമീപനങ്ങളും ഉണ്ടാവും.




ത്കരണമാണെന്ന് വിശ്വസിക്കപ്പെടുന്നു.) ഹരിതവാതക നിർഗമനത്തിൽ ഈ രാജ്യങ്ങളുടെ പങ്ക് ഗണ്യമായിരുന്നില്ല എന്നതായിരുന്നു ഇതിന് കാരണം. എന്നിരുന്നാലും ഉടനെയോ, അല്ലെങ്കിൽ പിന്നീടോ ഇന്ത്യയും ചൈനയും മറ്റു വികസ്വര രാഷ്ട്രങ്ങൾക്കൊപ്പം ഹരിതവാതക നിർഗനത്തിന്റെ മുഖ്യ കേന്ദ്രങ്ങളാവുമെന്ന് ക്യോട്ടോ പ്രോട്ടോകോളിന്റെ വിമർശകർ ചൂണ്ടി കാണിക്കുന്നു. ജൂൺ 2005-ൽ നടന്ന ജി 8 സമ്മേളനത്തിൽ വികസ്വര രാജ്യങ്ങൾ നടത്തുന്ന ഹരിതവാതക നിർഗമനത്തിന്റെ പ്രതിശീർഷ തോത് വികസിത രാജ്യങ്ങളുടെ തോതിന്റെ ചെറിയ ഒരംശം മാത്രമാണെന്ന് ഇന്ത്യ ചൂണ്ടികാട്ടിയിരുന്നു. പൊതുവായതും വ്യത്യസ്തമായതുമായ ഉത്തരവാദിത്വതത്വം നിർഗമനം തടയുന്നതിന്റെ ഉത്തരവാദിത്വം കഴിഞ്ഞ കുറേ കാലങ്ങളായി ഹരിതവാതക നിർഗമനത്തിന് കാരണക്കാരായ വികസിത രാജ്യങ്ങൾക്കാണെന്ന് ഇന്ത്യ അഭിപ്രായപ്പെടുന്നു.

അന്തർദേശീയ തലത്തിലുള്ള ഇന്ത്യയുടെ നിലപാട് യു.എൻ.എഫ്.സി.സി.സി. (UNFCCC) യിൽ രേഖപ്പെടുത്തപ്പെട്ടതുപോലെ, അതിന്റെ ചരിത്രപരമായ ഉത്തരവാദിത്വം എന്ന തത്വത്തെ ആശ്രയിച്ചിരിക്കുന്നു. ചരിത്രപരമായും സമകാലികമായും ഹരിതഗൃഹ വാതക നിർഗമനത്തിന്റെ കൂടുതൽ ഉത്തരവാദിത്വവും വികസിത രാജ്യങ്ങൾക്കാണ് എന്ന് ഇത് സമ്മതിക്കുന്നു. സാമ്പത്തികവും സാമൂഹികവുമായ വികസനമാണ് വികസ്വര രാജ്യങ്ങളുടെ പ്രഥമവും പ്രധാനവുമായ മുൻഗണന എന്നതും ഈ പ്രഖ്യാപനം ഊന്നി പറയുന്നു.



എനിക്ക് മനസിലായി. ആദ്യം അവർ ഭൂമിയെ നശിപ്പിച്ചു. ഇപ്പോൾ അങ്ങനെ ചെയ്യാനുള്ള നമ്മുടെ ഊഴമാണ്. ഇതാണോ നമ്മുടെ നിലപാട്?

അതുകൊണ്ട് ഹരിതവാതക നിർഗമനം കുറയ്ക്കാൻ വേണ്ടി ത്വരിതഗതിയിൽ വ്യവസായവത്കരണം നടക്കുന്ന രാജ്യങ്ങളുടെ (ബ്രസീൽ, ചൈന, ഇന്ത്യ തുടങ്ങിയവ) മേൽ നിർബന്ധിത നിബന്ധനകൾ ഏർപ്പെടുത്താൻ യു.എൻ.എഫ്.സി.സി.സി യിൽ അടുത്ത കാലത്തായി നടക്കുന്ന ചർച്ചകളെ ഇന്ത്യ ജാഗ്രതയോടെ വീക്ഷിക്കുന്നു. ഇത് യു.എൻ.എഫ്.സി.സി.സി യുടെ അന്തസത്തക്ക് എതിരാണെന്ന് ഇന്ത്യ കരുതുന്നു. ഇന്ത്യയുടെ പ്രതിശീർഷ കാർബൺ നിർഗമനം 2030 ൽ പോലും 2000 ത്തിലെ 3.8 ടൺ എന്ന ലോക ശരാശരിയുടെ പകുതിയിൽ താഴെ മാത്രമാവുന്ന സാഹചര്യത്തിൽ ഇത്തരം നിബന്ധനകൾ ഏർപ്പെടുത്തുന്നത് ശരിയല്ല എന്ന് ഇന്ത്യ കരുതുന്നു. ഇന്ത്യയുടെ നിർഗമനം 2000 ത്തിലെ പ്രതിശീർഷം 0.9 ടൺ എന്ന കണക്കിൽ നിന്ന് 2030 ൽ പ്രതിശീർഷം 1.6 ടൺ എന്നതിലേക്ക് ഉയരുമെന്ന് പ്രവചിക്കപ്പെട്ടിട്ടുണ്ട്.

ഇപ്പോൾത്തന്നെ നിരവധി പരിപാടികളിലൂടെ ആഗോള ഉദ്യമങ്ങളിൽ ഇന്ത്യ പങ്കാളിയാകുന്നുണ്ട്. ഉദാഹരണത്തിന് ഇന്ത്യയുടെ മോട്ടോർ വാഹന ഇന്ധന നയം വാഹനങ്ങൾക്ക് ശുദ്ധഇന്ധനം നിർബന്ധമാക്കിയിട്ടുണ്ട്. 2001-ൽ പാസാക്കിയ എനർജി സംരക്ഷണ നിയമം ഊർജക്ഷമത കൂട്ടാനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചു. സമാനമായി 2003-ലെ വൈദ്യുതി നിയമം പുനരുത്പാദന ക്ഷമമായ ഊർജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നു. ഇന്ത്യയുടെ സമീപകാല പ്രവണതയായ പ്രകൃതി വാതക ഇറക്കുമതിയും ശുദ്ധമായ കൽക്കരി സാങ്കേതികവിദ്യ സ്വീകരിക്കുന്നതിനുള്ള പ്രോത്സാഹനവും ഇന്ത്യ ഇക്കാര്യത്തിൽ യഥാർഥ ശ്രമങ്ങൾ നടത്തുന്നു എന്നത് തെളിയിക്കുന്നു. 11 ദശലക്ഷം ഹെക്ടർ ഭൂമി ഉപയോഗിച്ച് 2011-12 കാലയളവിൽ ജൈവ ഡീസൽ ഉദ്പാദിപ്പിക്കാൻ ജൈവ ഡീസലിനായുള്ള ദേശീയ മിഷൻ സ്ഥാപിക്കാനും സർക്കാർ താല്പര്യമെടുത്തു. ലോകത്തിലെ ഏറ്റവും വലിയ വൈദ്യുത പുനരുത്പാദന പരിപാടികളിലൊന്ന് ഇന്ത്യയിലാണ്.

റിയോ ഭൗമഉച്ചകോടിയിലെ കരാറുകളുടെ നടത്തിപ്പിനെ സംബന്ധിച്ച് ഒരു പുനരവലോകനം 1997-ൽ ഇന്ത്യ ഏറ്റെടുക്കുകയുണ്ടായി. വികസ്വര രാജ്യങ്ങൾക്ക് കുറഞ്ഞ നിരക്കിൽ പ്രകൃതി സൗഹൃദപരമായ സാങ്കേതികവിദ്യയും അധിക സാമ്പത്തിക വിഭവങ്ങളും കൈമാറുന്ന കാര്യത്തിൽ അർഥവത്തായ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല എന്നതായിരുന്നു ഈ അവലോകനത്തിന്റെ പ്രധാന കണ്ടെത്തലുകളിലൊന്ന്. യു.എൻ.എഫ്.സി.സി.സി. (UNFCCC) പ്രകാരം പ്രതിബദ്ധത പൂർത്തീകരിക്കാൻ വികസ്വര രാജ്യങ്ങൾക്ക് സാമ്പത്തിക വിഭവങ്ങളും മലിനീകരണരഹിത സാങ്കേതികവിദ്യകളും ലഭ്യമാക്കാൻ വികസിത രാജ്യങ്ങൾ വേഗത്തിൽ നടപടി എടുക്കുന്നത് അനിവാര്യമാണെന്ന് ഇന്ത്യ കണ്ടെത്തി. ആഗോള പരിസ്ഥിതി പ്രശ്നങ്ങളിൽ സാർക്ക് (SAARC) രാഷ്ട്രങ്ങൾ പൊതു നിലപാട് എടുക്കണമെന്ന കാഴ്ചപ്പാടും ഇന്ത്യക്കുണ്ട്. അങ്ങനെ ഈ പ്രദേശത്തിന്റെ ശബ്ദം കൂടുതൽ പ്രബലമാവും.

## പരിസ്ഥിതി പ്രസ്ഥാനങ്ങൾ: ഒന്നോ അതിലധികമോ? (ENVIRONMENTAL MOVEMENTS: ONE OR MANY?)

പരിസ്ഥിതി അപചയം സംബന്ധിച്ച വെല്ലുവിളികളോട് അന്തർദേശീയതലത്തിൽ ഗവൺമെന്റുകൾ എങ്ങനെ പ്രതികരിക്കുന്നു എന്നതാണ് നമ്മൾ കണ്ടത്. എന്നാൽ ഈ വെല്ലുവിളികളോടുള്ള ഏറ്റവും പ്രാധാന്യമേറിയ പ്രതികരണങ്ങൾ വന്നത് ഭരണകൂടങ്ങളിൽ നിന്നല്ല, മറിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന പരിസ്ഥിതിയെക്കുറിച്ച് ബോധവാന്മാരായ സന്നദ്ധ പ്രവർത്തകരുടെ സംഘങ്ങളിൽ നിന്നാണ്. ഇവരിൽ ചിലർ അന്തർദേശീയ തലത്തിൽ പ്രവർത്തിക്കുന്നവരാണെങ്കിലും മിക്കവരും പ്രാദേശിക തലത്തിലാണ് പ്രവർത്തിക്കുന്നത്. ഇത്തരം പരിസ്ഥിതി പ്രസ്ഥാനങ്ങളാണ് ഇന്നത്തെ ലോകത്തെ ഏറ്റവും വ്യത്യസ്തവും ഊർജസ്വലവും ശക്തവുമായ സാമൂഹിക പ്രസ്ഥാനങ്ങൾ. ഇത്തരം സാമൂഹിക മുന്നേറ്റങ്ങളിലാണ് രാഷ്ട്രീയ പ്രവർത്ത

നത്തിന്റെ നവീന രൂപങ്ങൾ ഉടലെടുക്കുന്നത്, അഥവാ, കണ്ടെത്തപ്പെടുന്നത്. പുതിയ രൂപത്തിലുള്ള രാഷ്ട്രീയ പ്രവർത്തനങ്ങൾ പുനർ നിർമിക്കപ്പെടുന്നതും. നമ്മുടെ വ്യക്തിജീവിതത്തിലും കൂട്ടായ ജീവിതത്തിലും എന്തൊക്കെ നമ്മൾ ചെയ്യണം, അല്ലെങ്കിൽ ചെയ്യാതിരിക്കണം എന്നതിനെ പറ്റിയുള്ള പുതിയ ആശയങ്ങളും ദീർഘകാല വീക്ഷണങ്ങളും ഈ പ്രസ്ഥാനങ്ങൾ ഉയർത്തിക്കൊണ്ട് വരുന്നു. സമകാലിക പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ പ്രധാന സ്വഭാവം വൈവിധ്യമാണെന്ന് വ്യക്തമാക്കുന്നതിനായി ഇവിടെ ചില ഉദാഹരണങ്ങൾ നൽകിയിരിക്കുന്നു.

മെക്സിക്കോ, ചിലി, ബ്രസീൽ മലേഷ്യ, ഇന്തോനേഷ്യ, ആഫ്രിക്ക, ഇന്ത്യ തുടങ്ങിയ ദക്ഷിണ രാജ്യങ്ങളിലെ (ഏതാനും ഉദാഹരണങ്ങൾ മാത്രം) വന സംരക്ഷണ പ്രസ്ഥാനങ്ങൾ വലിയ സമ്മർദങ്ങളെ അഭിമുഖീകരിക്കുന്നു. മൂന്നു ദശകങ്ങളിലേറെയായി ഈ പരിസ്ഥിതി പ്രസ്ഥാനങ്ങൾ സജീവമായിരുന്നിട്ടും മൂന്നാം ലോക രാജ്യങ്ങളിൽ വനം വെട്ടിവെളുപ്പിക്കൽ അപായകരമായ രീതിയിൽ തുടരുന്നു. കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ ലോകത്തെ അവശേഷിക്കുന്ന വൻകാടുകളുടെ നാശവും വർധിച്ചിട്ടുണ്ട്.

ധാതുവ്യവസായമാണ് ഭൂമിയിലെ ഏറ്റവും ശക്തമായ വ്യവസായങ്ങളിലൊന്ന്.

**നമുക്ക് ചെയ്യാം**

ചിപ്കോ പ്രസ്ഥാനത്തെ കുറിച്ച് നമുക്ക് വിവരങ്ങൾ ശേഖരിക്കാം.

## വനങ്ങൾ 'വന്യത'യാണോ? (ARE FORESTS " WILDERNESS"?)

ദക്ഷിണ മേഖലകളിലെ സംരക്ഷണ പ്രസ്ഥാനങ്ങളെ ഉത്തരമേഖലകളിലെ പ്രസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നത് ദക്ഷിണ പ്രദേശങ്ങളിലെ വനമേഖലകളിൽ ജനവാസമുണ്ടെന്നതും ഉത്തരമേഖലയിലെ വനങ്ങളിൽ മനുഷ്യവാസം താരതമ്യേന ഇല്ലെന്നുള്ളതു കൊണ്ടും മനുഷ്യവാസം പാടില്ലെന്ന് കരുതുന്നതു കൊണ്ടുമാണ്. വന്യത എന്നാൽ, മനുഷ്യവാസമില്ലാത്ത "വന്യസ്ഥല"മാണെന്ന് ഉത്തരമേഖലയിൽ നിലനിൽക്കുന്ന കാഴ്ചപ്പാടിനെ ഒരു പരിധി വരെ ഇത് വിശദീകരിക്കുന്നു. ഈ വീക്ഷണത്തിൽ മനുഷ്യനെ പ്രകൃതിയുടെ ഭാഗമായി കാണുന്നില്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ പരിസ്ഥിതി എന്നത് "പുറത്തെവിടെയോ ഉള്ള ഒന്ന്", "അതായത് പാർക്കുകളും സംരക്ഷിത പ്രദേശങ്ങളും സൃഷ്ടിച്ച് മനുഷ്യന്റെ ഇടപെടലുകളിൽ നിന്ന് രക്ഷപ്പെടുത്തേണ്ട ഒന്ന്" എന്ന് ഇതിനെ കാണാം. നേരെമറിച്ച് ദക്ഷിണ ദേശങ്ങളിലെ മിക്ക പരിസ്ഥിതി പ്രസ്ഥാനങ്ങളും മനുഷ്യർ വനത്തിൽ ജീവിക്കുന്നു എന്ന നിഗമനത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്.



പരിസ്ഥിതിവാദികളുടെ ശ്രമങ്ങളോട് നിങ്ങൾ യോജിക്കുന്നുവോ? ഇവിടെ പരിസ്ഥിതിവാദികളെ ചിത്രീകരിച്ചിരിക്കുന്ന രീതിയോട് നിങ്ങൾ യോജിക്കുന്നോ?

© Ares, Cagle Cartoons Inc.

ഓസ്ട്രേലിയ, സ്കാൻഡിനേവിയ, വടക്കേ അമേരിക്ക, ന്യൂസിലാന്റ് എന്നിവിടങ്ങളിൽ വന്യത അടിസ്ഥാനമാക്കിയ വീക്ഷണത്തിന് പ്രാമുഖ്യമുണ്ട്. മിക്ക യൂറോപ്യൻ രാജ്യങ്ങളിലുമുള്ളതിൽ നിന്ന് വ്യത്യസ്തമായി ഈ മേഖലകളിൽ ഇപ്പോഴും 'അവികസിത വന്യത'യുടെ താരതമ്യേന വലിയ ഭൂഭാഗങ്ങളുണ്ട്. വന്യതക്കു വേണ്ടിയുള്ള പ്രചരണങ്ങൾ ദക്ഷിണപ്രദേശങ്ങളിൽ പൂർണമായും ഇല്ലായെന്ന് പറയാൻ കഴിയില്ല. ഫിലിപ്പൈൻസിലെ കഴുകന്മാരെയും മറ്റ് പക്ഷികളെയും വംശനാശത്തിൽ നിന്ന് രക്ഷിക്കാൻ ഹരിതസംഘടനകൾ പൊരുതുന്നു. ഭീതിതമായ രീതിയിൽ എണ്ണം കുറഞ്ഞു വരുന്ന ബംഗാൾ കടുവകളെ സംരക്ഷിക്കാൻ ഇന്ത്യയിൽ ഒരു പോരാട്ടം നടക്കുന്നു. ആഫ്രിക്കയിൽ ആനക്കൊമ്പ് വ്യാപാരത്തിനും ആനകളെ മൃഗീയമായി കൊല ചെയ്യുന്നതിനും എതിരേ ദീർഘകാലമായി പ്രചരണം നടക്കുന്നു. ലോകത്തിലെ ഏറ്റവും പ്രശസ്തമായ വന്യതാ പോരാട്ടങ്ങളിൽ ചിലത് നടന്നിട്ടുള്ളത് ബ്രസീലിലെയും ഇന്തോനേഷ്യയിലെയും വനങ്ങളിലാണ്. ഈ പ്രചരണങ്ങളെല്ലാം കേന്ദ്രീകരിക്കുന്നത് ഓരോ ഇനം ജീവി വർഗങ്ങളെയും അവയെ സഹായിക്കുന്ന വന്യമായ ആവാസവ്യവസ്ഥയെയുമാണ്. വന്യത എന്ന സങ്കല്പം ദക്ഷിണ പ്രദേശങ്ങളിൽ അത്രമാത്രം സ്വീകാര്യമല്ലാത്തതിനാൽ മിക്ക വന്യതാ പ്രശ്നങ്ങളും അടുത്തകാലത്തായി ജൈവവൈവിധ്യം എന്ന് പുനർനാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇത്തരത്തിലുള്ള പല പ്രചരണങ്ങളും തദ്ദേശവാസികളുടെ സഹകരണത്തോടെ വേൾഡ് വൈഡ് വൈൽഡ് ലൈഫ് ഫണ്ട് (WWF) പോലുള്ള ഗവൺമെന്റിതര സംഘടനകൾ തുടങ്ങി വയ്ക്കുന്നതും ധനസഹായം നൽകുന്നതുമാണ്.



ബംഗ്ലാദേശിൽ നോർത്ത് വെസ്റ്റ് ജില്ലയിലെ ഫുൽബാരി നഗരത്തിലെ നിർദ്ദിഷ്ട കൽക്കരി ഖനന പദ്ധതിക്കെതിരെ മുഴുവൻ ആളുകളും പ്രതിഷേധത്തിനിറങ്ങിയപ്പോൾ, ഇവിടെ നിരവധി സ്ത്രീകൾ, കൈക്കുഞ്ഞുള്ള അമ്മ ഉൾപ്പെടെ 2006-ലെ നിർദിഷ്ട കൽക്കരി ഖനിക്കെതിരെ മുദ്രാവാക്യങ്ങൾ മുഴക്കുന്നു.

ഉത്തരദേശങ്ങളിലെ നിരവധി സമ്പദ് വ്യവസ്ഥകൾ ലോക സാമ്പത്തികവ്യവസ്ഥയുടെ ഉദാരവത്കരണത്തോടെ ബഹുരാഷ്ട്ര കമ്പനികൾക്കായി വീണ്ടും തുറന്ന് കൊടുക്കപ്പെടുന്നു. ധാതുവ്യവസായത്തിന്റെ ഭാഗമായ ഭൂഖനനം, രാസവസ്തുക്കളുടെ ഉപയോഗം, ജലമാർഗങ്ങളുടെയും കരയുടെയും മലിനീകരണം, തദ്ദേശീയ സസ്യജാലങ്ങളുടെ നാശം. ഒപ്പം ജനസമൂഹങ്ങളുടെ കുടിയൊഴിപ്പിക്കൽ എന്നിവ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിമർശനവും ചെറുത്തു നില്പുകളും നിരന്തരമായി ക്ഷണിച്ചു വരുത്തുന്നു. ഫിലിപ്പൈൻസിൽ വെസ്റ്റേൺ മൈനിങ് കോർപ്പറേഷൻ (WMC) എന്ന ഓസ്ട്രേലിയ ആസ്ഥാനമാക്കിയുള്ള ബഹുരാഷ്ട്ര കമ്പനിക്കെതിരെ സംഘടനകളും സംഘങ്ങളും നടത്തിയ വൻതോതിലുള്ള പ്രചരണം ഇതിന് നല്ല ഉദാഹരണമാണ്. ഈ കമ്പനിക്ക്, സ്വന്തം രാജ്യമായ ഓസ്ട്രേലിയയിൽ നേരിടേണ്ടി വന്ന എതിർപ്പുകളുടെ അടിസ്ഥാനം ആണവ വിരുദ്ധ വികാരങ്ങളും ഓസ്ട്രേലിയയിലെ തദ്ദേശവാസികളുടെ അടിസ്ഥാന അവകാശങ്ങൾക്കുവേണ്ടിയുള്ള വാദങ്ങളുമായിരുന്നു.

വൻകിട അണക്കെട്ടുകൾക്കെതിരായുള്ള സമരങ്ങളാണ് വേറൊരു വിഭാഗം പ്രസ്ഥാനങ്ങൾ. ഒരു വൻകിട അണക്കെട്ട് നിർമിക്കുന്ന എല്ലാ രാജ്യത്തും അതിനെ എതിർക്കുന്ന ഒരു പരിസ്ഥിതി പ്രസ്ഥാനത്തെയും കാണാനാവും. അണക്കെട്ട് വിരുദ്ധ സമരങ്ങളെല്ലാം തന്നെ നദീ വ്യവസ്ഥയുടെ സുസ്ഥിരവും നീതിയുക്തവുമായ നടത്തിപ്പിന് വേണ്ടിയുള്ള നദീ സംരക്ഷണ സമരങ്ങൾ കൂടിയാവുന്നു. ഓസ്ട്രേലിയയിലെ ഫ്രാങ്ക്ലിൻ നദിയും അതിന്റെ പരിസരത്തെ വനങ്ങളും സംരക്ഷിക്കാനായി 1980 കളുടെ തുടക്കത്തിൽ നടന്ന മുന്നേറ്റമാണ് ദക്ഷിണപ്രദേശത്തെ ആദ്യ അണക്കെട്ട് വിരുദ്ധ സമരം. അണക്കെട്ട് വിരുദ്ധ സമരത്തിനൊപ്പം ഇതൊരു വനത്തിനും വന്യജീവികൾക്കും വേണ്ടിയുള്ള പ്രചരണം കൂടിയായിരുന്നു. ഇപ്പോൾ ദക്ഷിണ പ്രദേശങ്ങളിൽ വൻകിട അണക്കെട്ട് നിർമാണത്തിൽ ഒരു കുതിച്ചു ചാട്ടം ഉണ്ടായിട്ടുണ്ട്. തുർക്കി മുതൽ തായ്‌ലന്റ് വരെയും അവിടുന്ന് ദക്ഷിണാഫ്രിക്ക വരെയും, ഇന്തോനേഷ്യയിൽ നിന്ന് ചൈന വരെയും ഇത് ദൃശ്യമാണ്. ഇന്ത്യയിലും ചില അണക്കെട്ട് വിരുദ്ധ, നദീ സംരക്ഷണ പ്രസ്ഥാനങ്ങളുണ്ടായിട്ടുണ്ട്. ഇത്തരം പ്രസ്ഥാനങ്ങളിൽ ഏറ്റവും അറിയപ്പെടുന്ന ഒന്നാണ് നർമ്മദാ ബച്ചാവോ ആന്ദോളൻ. ഈ സാഹചര്യത്തിൽ ശ്രദ്ധേയമായ ഒരു കാര്യം ഇന്ത്യയിലെ അണക്കെട്ട് വിരുദ്ധ സമരങ്ങളിലും മറ്റ് പരിസ്ഥിതി പ്രസ്ഥാനങ്ങളിലും ഏറ്റവും കൂടുതൽ പങ്കു വയ്ക്കപ്പെട്ട ആശയം അഹിംസയായിരുന്നു എന്നതാണ്.

## വിഭവ ഭൂരാഷ്ട്രീയം (RESOURCE GEOPOLITICS)

ആർക്ക് എന്ത്, എപ്പോൾ, എവിടെ, എങ്ങിനെ കിട്ടുന്നു എന്നതിന്റെ ചർച്ചയാണ് വിഭവ ഭൂരാഷ്ട്രീയം. ആഗോളതലത്തിലുള്ള യൂറോപ്യൻ ശക്തിവ്യാപനത്തിന്റെ പ്രധാന ലക്ഷ്യവും മാർഗവുമായിരുന്നത് വിഭവങ്ങളാണ്. അന്തർസംസ്ഥാന തർക്കങ്ങളുടെയും ഉറവിടം ഇതാണ്. വിഭവങ്ങളെക്കുറിച്ചുള്ള പടിഞ്ഞാറൻ രാജ്യങ്ങളുടെ ഭൂരാഷ്ട്രചിന്തകളെല്ലാം നയിക്കപ്പെട്ടത് കച്ചവടം, യുദ്ധം, അധികാരം എന്നിവ തമ്മിലുള്ള ബന്ധത്തെ അടിസ്ഥാനമാക്കിയാണ്. ഇവയുടെ കേന്ദ്രമാവട്ടെ വിദേശ രാജ്യങ്ങളിലെ വിഭവങ്ങളും സമുദ്രഗതാഗതവുമായിരുന്നു. നാവികശക്തി മരത്തിന്റെ ലഭ്യതയെ ആശ്രയിച്ചിരിക്കുന്നതിനാൽ നാവികയാനങ്ങൾക്കുവേണ്ട മരത്തിന്റെ ലഭ്യത 17-ാം നൂറ്റാണ്ടു മുതൽ പ്രമുഖ യൂറോപ്യൻ ശക്തികളുടെ മുഖ്യ പരിഗണനയായി. തന്ത്രപ്രധാനമായ വിഭവങ്ങളുടെ, പ്രത്യേകിച്ച് എണ്ണയുടെ, തടസമില്ലാത്ത ലഭ്യത ഉറപ്പുവരുത്തുന്നതിന്റെ നിർണായക പ്രാധാന്യം ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളിലൂടെ സ്ഥാപിക്കപ്പെട്ടു.

ശീതയുദ്ധ കാലഘട്ടത്തിലുടനീളം ഉത്തരമേഖലയിലെ വ്യവസായവത്കൃത രാജ്യങ്ങളും വിഭവങ്ങളുടെ സ്ഥിരമായ ലഭ്യത ഉറപ്പാക്കാൻ നിരവധി മാർഗങ്ങൾ സ്വീകരിച്ചു. വിഭവ ശേഖരണ ഇടങ്ങളിലും നാവിക പാതകളിലും സൈന്യത്തെ വിന്യസിക്കുക, തന്ത്രപ്രധാനമായ വിഭവങ്ങൾ വൻതോതിൽ ശേഖരിക്കുക, ഉദ്പാദക രാഷ്ട്രങ്ങളിൽ തങ്ങൾക്ക് അനുകൂലമായ ഭരണകൂടങ്ങളെ സ്ഥാപിക്കാൻ ശ്രമിക്കുക, ഒപ്പം തന്നെ ബഹുരാഷ്ട്ര കമ്പനികളെയും, അഭിലഷണീയമായ അന്താരാഷ്ട്ര ഉടമ്പടികളെയും പിന്തുണക്കുക എന്നിവ ഇതിൽപ്പെടും. വിഭവങ്ങളുടെ വിതരണ ശൃംഖലയിൽ സോവിയറ്റ് ഉടപെടലുണ്ടായേക്കാമെന്ന ആശങ്കയാണ് പരമ്പരാഗത, പാശ്ചാത്യ തന്ത്രങ്ങളെ നിർണയിച്ചിരുന്നത്. ഇവിടെ പ്രത്യേക ആശങ്ക നേരിട്ടത് ഗൾഫ് മേഖലയിലെ എണ്ണയുടെ മേലുള്ള പടിഞ്ഞാറൻ നിയന്ത്രണവും ദക്ഷിണ ആഫ്രിക്കയിലെയും മധ്യ ആഫ്രിക്കയിലെയും തന്ത്ര പ്രാധാന്യമുള്ള ധാതുശേഖരവുമാണ്. ശീതയുദ്ധത്തിന്റെ അന്ത്യത്തിനും സോവിയറ്റ് യൂണിയന്റെ ശിഥിലീകരണത്തിനും ശേഷം നിരവധി ധാതുക്കളുടെ ലഭ്യതയുടെ സുരക്ഷ സംബന്ധിച്ച്, പ്രത്യേകിച്ച്, ആണവ വികിരണശേഷിയുള്ള ധാതുക്കളെക്കുറിച്ച്, ഭരണകൂടങ്ങളും വ്യവസായ മേഖലയും ആകുലരായി. എന്നിരുന്നാലും ആഗോളതലത്തിൽ എണ്ണ ഏറ്റവും തന്ത്രപ്രധാന വിഭവമായി തുടരുന്നു.

എളുപ്പത്തിൽ കൊണ്ടുപോകാവുന്നതും അത്യന്താപേക്ഷിതവുമായ ഇന്ധനം എന്ന നിലയിൽ എണ്ണയെ ലോകസമ്പദ് വ്യവസ്ഥ ഇരുപതാം നൂറ്റാണ്ടിന്റെ ഏറിയ പങ്കും ആശ്രയിച്ചു. എണ്ണയുമായി ബന്ധപ്പെട്ട വൻസമ്പത്ത് അതിന്റെ നിയന്ത്രണത്തിനായുള്ള രാഷ്ട്രീയ സംഘർഷങ്ങൾ സൃഷ്ടിച്ചു. പെട്രോളിയത്തിന്റെ ചരിത്രം സമരങ്ങളുടെയും യുദ്ധങ്ങളുടെയും കൂടി ചരിത്രമാണ്. മറ്റെവിടത്തേക്കാളും പശ്ചിമേഷ്യയിലും മധ്യ ഏഷ്യയിലും ഇത് വളരെ വ്യക്തമാണ്. ലോകത്തെ എണ്ണ ഉദ്പാദനത്തിന്റെ 30 ശതമാനവും പശ്ചിമ




ഏഷ്യയിൽ നിന്ന്, കൃത്യമായി പറഞ്ഞാൽ ഗൾഫ് മേഖലയിൽ നിന്നാണ്. പക്ഷേ ഇത് ഭൂമിയിലെ കണ്ടെത്തപ്പെട്ട എണ്ണ ശേഖരത്തിന്റെ 64 ശതമാനമാണ്. അതുകൊണ്ട് എണ്ണയുടെ ആവശ്യകതയിലുണ്ടാവുന്ന കാര്യമായ വർധനയെ തൃപ്തിപ്പെടുത്താൻ ഉതകുന്ന ഏക പ്രദേശവും ഇതാണ്. ലോകത്തിലെ ഏറ്റവും വലിയ എണ്ണ ഉദ്പാദക രാജ്യമായ സൗദി അറേബ്യയിൽ ലോകത്തെ മൊത്തം എണ്ണ നിക്ഷേപത്തിന്റെ നാലിലൊന്നുണ്ട്. ഇറാഖിന്റെ കണ്ടെത്തപ്പെട്ട നിക്ഷേപങ്ങൾ സൗദി അറേബ്യയുടെ തൊട്ടുപിന്നിൽ രണ്ടാം സ്ഥാനത്താണ്. ഇറാഖിന്റെ ഭൂപ്രദേശത്ത് ഗണ്യമായ മേഖലകളിൽ ഇനിയും പൂർണമായ തോതിൽ പര്യവേഷണം നടന്നിട്ടില്ലാത്തതിനാൽ ഇറാഖിന്റെ യഥാർഥ എണ്ണ നിക്ഷേപം വളരെ വലുതാകാൻ സാധ്യതയുണ്ട്. ഈ പെട്രോളിയം ഉപയോഗിക്കുന്ന അമേരിക്ക,

## എല്ലാവരും 'ക്രൂഡ്' കളിക്കുന്നു (EVERYONE IS PLAYING CRUDE)

നമ്മുടെ ജീവിതത്തിൽ പെട്രോളിയം അടിസ്ഥാനമാക്കിയുള്ള ഉത്പന്നങ്ങൾ അനന്തമാണ്. ടൂത്ത് ബ്രഷ്, പേസ്‌മേക്കർ, പെയിന്റ്, മഷി... ലോകത്തെ ഗതാഗത ആവശ്യങ്ങൾക്കുവേണ്ട ഊർജം 95% എണ്ണയാണ് തരുന്നത്. വ്യവസായ വത്കൃത ലോകം മുഴുവൻ എണ്ണയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. അതില്ലാതെ ജീവിക്കുന്നത് നമുക്ക് സങ്കല്പിക്കാനാവില്ല. ഭൂമിക്കടിയിൽ നമുക്ക് ഉപയോഗിക്കാനായി അത് കോടിക്കണക്കിന് ബാരലുണ്ട്. എന്നാലും അതിനെ ചൊല്ലി രാജ്യങ്ങൾക്കിടയിൽ തർക്കങ്ങളുമുണ്ട്. എന്തുകൊണ്ട് ഇത്തരമൊരു പ്രശ്നം?

കറുത്ത സ്വർണത്തിന്റെ രാജ്യത്തിലെ രാജകുടുംബാംഗമാണ് ഞാൻ. അവർ വിളിക്കുന്നതു പോലെ ഞാൻ അതിസമ്പന്നനാണ്. എന്റെ രാജ്യത്ത് കറുത്ത സ്വർണം കണ്ടെത്തിയതു മുതൽ കാര്യങ്ങൾ പഴയതു പോലെയല്ല. മിസ്റ്റർ ബിഗ് ഓയിലും അയാളുടെ സർക്കാരും ഒരു ദിവസം എണ്ണ ഖനന സാധ്യതാ പരിശോധനയ്ക്ക് വന്നു. ഞങ്ങൾ എണ്ണ കണ്ടെത്തി. ഒപ്പം ഒരു വ്യാപാര ഉടമ്പടിയും. അവർ എന്നെ വേദനിപ്പിക്കുമ്പോളം അടിമുടി ആയുധം ധരിപ്പിച്ചു. അതുകൊണ്ട് ഞാൻ ചിരിക്കാൻ തുടങ്ങുമ്പോൾ പ്രജകൾ ഭയത്തോടെ എന്നെ നോക്കി. ഇതിന് പകരം ബിഗ്ഓയിലും പുത്രന്മാരും എന്റെ കൈവശമുള്ള മുഴുവൻ എണ്ണയും, കൂറും വാങ്ങി. ഞാൻ പണക്കാരനാണ്, സന്തോഷവാനും. അവരും അങ്ങനെ തന്നെ. ഈ വിശുദ്ധ നാട്ടിൽ അവരുടെ സൈന്യത്തിന് നേരെ ഞാൻ കണ്ണടയ്ക്കുന്നു.

ഞാൻ മൂല്യമുള്ള സാധനങ്ങളെ വിലമതിക്കുന്നു. തന്റെ പ്രസിഡന്റ്, ജനാധിപത്യത്തെയും സ്വാതന്ത്ര്യത്തെയും വിലമതിക്കുന്നെന്ന് ബിഗ് ഓയിൽ പറയുന്നു. അതുകൊണ്ട് ഞാൻ അതു രണ്ടും എന്റെ നാട്ടിൽ താഴിട്ടു പൂട്ടി സുരക്ഷിതമാക്കി.



**ഷേക്ക് പെട്രോഡോളോ**
**കറുത്ത സ്വർണത്തിന്റെ നാട്ടിലെ രാജാവ്**



**മിസ്റ്റർ ബിഗ് ഓയിൽ**
**സി.ഇ.ഒ., ബിഗ് ഓയിൽ ആന്റ് സൺസ്**

എന്നോട് ഉപദേശിച്ചതു പോലെ എന്റെ രാജ്യത്തിന് വേണ്ടി എന്ത് ചെയ്യാനാവുമെന്ന് ഞാൻ എന്നോട് തന്നെ ചോദിച്ചു. എന്റെ രാജ്യത്തിന് എണ്ണയ്ക്കുവേണ്ടിയുള്ള അടങ്ങാത്ത വിശപ്പുണ്ടായിരുന്നു. അതുകൊണ്ട്, തീർച്ചയായും ഞാനതിന് എണ്ണ നൽകി. സ്വതന്ത്ര കമ്പോള വ്യവസ്ഥയിൽ ഞാൻ വിശ്വസിക്കുന്നു. വിദൂര രാജ്യങ്ങളിൽ എണ്ണ കുഴിച്ചെടുക്കാനുള്ള സ്വാതന്ത്ര്യം, പാവ ഏകാധിപതികളെ സൃഷ്ടിച്ചുകൊണ്ട് തദ്ദേശവാസികളെ അകറ്റി നിർത്താനുള്ള സ്വാതന്ത്ര്യം, പരിസ്ഥിതി നശിപ്പിക്കാനുള്ള സ്വാതന്ത്ര്യം.

ഞങ്ങൾ രാഷ്ട്രീയം കളിക്കുന്നില്ല. പക്ഷേ തിരഞ്ഞെടുപ്പിന് അവർക്ക് പണം നൽകുകയും ഞങ്ങളുടെ കമ്പനിയിൽ അവരെ നിക്ഷേപകരാക്കുകയും ചെയ്യും. അത്തരത്തിൽ ഞങ്ങൾക്ക് ടിവി ക്യാമറക്ക് മുന്നിൽ ചിരിച്ചു കാണിക്കുക, മണ്ടന്മാരെപ്പോലെ കൈവീശി കാണിക്കുക തുടങ്ങിയ ജോലിതകളിൽ നിന്ന് ഞങ്ങൾക്ക് ഒഴിഞ്ഞ് നിൽക്കാനാകുന്നു.

**നല്ല ജീവിതം നയിക്കുന്നു**

ഞങ്ങളുടെ കാർപോർച്ചിന് മുന്നിൽ ഒരു പുതിയ സുന്ദരി പാർക്ക് ചെയ്തിട്ടുണ്ട്. കൊള്ളാം. അല്ലേ? മെലിഞ്ഞ ക്രോംഫിനിഷ് പവർ സ്റ്റിയറിങ്, ഓട്ടോമാറ്റിക് ഗിയർ, നല്ല പിക്കപ്പും നല്ല മൈലേജും. അതിന് എമിഷനും കുറവാണ്. പ്രകൃതിയോട് ഇണങ്ങുന്നു. ആഗോളതാപനത്തെ കുറിച്ചൊക്കെ നിങ്ങൾക്കറിയാമല്ലോ. ഇപ്പോൾ ഞങ്ങൾ നല്ല ജീവിതം നയിക്കുന്ന തിരക്കിലാണ്. എല്ലാവരെയും ദൈവം രക്ഷിക്കട്ടെ.



**മിസ്റ്റർ ആന്റ് മിസിസ്, ഗോബിൾഡു**



**എറാറോറിസ്റ്റുകൾ**
**ലൂസ് കാനോൻബോൾസ്**

ടോപ്പിൾടൺ ജനാധിപത്യത്തെയും സ്വാതന്ത്ര്യത്തെയും പ്രതിരോധിക്കുന്നു. അതുകൊണ്ടാണ് തോക്കുകളുടെയും മിസൈലുകളുടെയും കാര്യത്തിൽ അദ്ദേഹം ഇത്ര ഉദാരമതിയാകുന്നത്. ആക്രമിക്കാൻ വന്ന റൂഫിയൻസിന് എതിരേ പൊരുതാൻ അദ്ദേഹം ആയുധങ്ങൾ തന്നു. കൂടാതെ ഞങ്ങളെ പരിശീലിപ്പിക്കുകയും ചെയ്തു. എന്തിനു വേണ്ടിയാണ് അവർ വന്നതെന്ന് ഞങ്ങൾക്ക് മനസിലായില്ല. ബിഗ് ഓയിൽ എപ്പോഴും ഞങ്ങളെ പ്രീണിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ ഞങ്ങൾ യുദ്ധക്കളിയുടെ തിരക്കിലായിരുന്നു. ഇപ്പോൾ ഞങ്ങൾക്ക് സ്വന്തം നിയമങ്ങളുണ്ട്. ടോപ്പിൾടണിന്റെ സർക്കാർ നിയമങ്ങൾ മാറ്റിക്കൊണ്ടേയിരിക്കുന്നു. അതു ശരിയല്ലെന്ന് ഞങ്ങൾ പറഞ്ഞു. ഞങ്ങളിൽ ചിലർ ഇപ്പോൾ ടോപ്പിൾടണിനെയും അയാളുടെ ജനങ്ങളെയും വെറുക്കുന്നു. തീർച്ചയായും അവരുടെ കളിയിൽ അവരെ തോൽപ്പിക്കാൻ ഞങ്ങൾക്ക് അവരുടെ വെടിയുണ്ടകളും മിസൈലുകളും കൈവശമുണ്ട്.

തെറ്റു പറ്റാറില്ല. ഞങ്ങളാണ് എറാറോറിസ്റ്റ്

*Adapted from http://www.gobartimes.org/gt_covfeature2.htm*




© Ares, Cagle Cartoons Inc.

*ഭൂമിയുടെ ഭൂരിഭാഗവും കരയേക്കാൾ ജലമാണ്. എന്നാലും ജലത്തേക്കാൾ കൂടുതൽ കരഭാഗമാണ് കാർട്ടൂണിസ്റ്റ് കാണിച്ചിരിക്കുന്നത്. എങ്ങനെയാണ് ഈ ചിത്രം ജലത്തിന്റെ ക്ഷാമം കാണിക്കുന്നത്?*

യൂറോപ്പ്, ജപ്പാൻ, ഇന്ത്യ, ചൈന എന്നിവ ഈ മേഖലയിൽ നിന്ന് ഗണ്യമായ അകലത്തിലാണ് സറിതി ചെയ്യുന്നത്.

## ജലം (Water)

ആഗോള രാഷ്ട്രീയത്തിൽ നിർണായകമായ മറ്റൊരു വിഭവം ജലമാണ്. ലോകത്തിന്റെ ചില ഭാഗങ്ങളിൽ വർധിച്ചു വരുന്ന ശുദ്ധജലക്ഷാമവും, പ്രാദേശിക വ്യതിയാനങ്ങളും സൂചിപ്പിക്കുന്നത് പങ്കുവെക്കപ്പെടുന്ന ജലവിഭവങ്ങളെ ചൊല്ലിയുള്ള അഭിപ്രായ ഭിന്നതകളായിരിക്കും 21-ാം നൂറ്റാണ്ടിലെ സംഘർഷങ്ങളുടെ മുഖ്യ ഉറവിടം എന്നാണ്. ജീവൻ നിലനിർത്തുന്ന വിഭവമായ ജലത്തിന്റെ പേരിലുള്ള ഹിംസാത്മകമായ സംഘർഷ സാധ്യതകളെ 'ജലയുദ്ധങ്ങൾ' എന്ന പേരിലാണ് ലോകരാഷ്ട്രീയത്തിലെ ചില നിരീക്ഷകർ വിശേഷിപ്പിക്കുന്നത്. നദീജലം പങ്കിടുന്ന രാജ്യങ്ങൾക്ക് നിരവധി കാര്യങ്ങളിൽ വിയോജിക്കാം. ഉദാഹരണത്തിന് നദിയുടെ മുകൾഭാഗത്തുള്ള രാഷ്ട്രം അണക്കെട്ടുകൾ നിർമിച്ചോ, മലിനപ്പെടുത്തിയോ, അധിക ജലസേചനം നടത്തിയോ നദിയുടെ താഴ്ഭാഗത്തുള്ള രാഷ്ട്രത്തിന് ലഭിക്കുന്ന ജലത്തിന്റെ അളവോ ഗുണമോ കുറയ്ക്കുന്നതായി അഭിപ്രായ വ്യത്യാസം ഉണ്ടാവാം. ശുദ്ധജല വിഭവങ്ങളെ സംരക്ഷിക്കാനോ പിടിച്ചെടുക്കാനോ രാഷ്ട്രങ്ങൾ ബലപ്രയോഗം നടത്തിയിട്ടുണ്ട്. 1950 കളിലും 60 കളിലും ജോർദാൻ, യാർമുക്ക് എന്നീ നദികളിൽ നിന്ന് ജലം തിരിച്ചുവിടുന്നത് സംബന്ധിച്ച് ഇസ്രായേൽ, സിറിയ, ജോർദാൻ എന്നീ രാജ്യങ്ങൾക്കിടയിലുണ്ടായ അക്രമം ഇതിന് ഉദാഹരണമാണ്. അടുത്തകാലത്ത് യൂഫ്രട്ടീസ് നദിയിൽ അണക്കെട്ടുകൾ നിർമിക്കുന്നത് സംബന്ധിച്ച് തുർക്കി, സിറിയ, ഇറാഖ് എന്നീ രാജ്യങ്ങൾ തമ്മിലും സംഘർഷമുണ്ടായി. നിരവധി രാജ്യങ്ങൾ നദീജലം പങ്കിടുന്നുണ്ട്. നദികൾ പങ്കിടുന്ന രാജ്യങ്ങൾ പരസ്പരം സൈനിക സംഘർഷത്തിൽ ഏർപ്പെടാറുണ്ട് എന്ന് ഏതാനും പഠനങ്ങൾ സൂചിപ്പിക്കുന്നു.

## തദ്ദേശീയ ജനതയും അവരുടെ അവകാശങ്ങളും (THE INDIGENOUS PEOPLES AND THEIR RIGHTS)

തദ്ദേശീയ ജനതയുമായി ബന്ധപ്പെട്ട ചോദ്യം, പരിസ്ഥിതി, വിഭവങ്ങൾ, രാഷ്ട്രീയം എന്നിവ സംബന്ധിച്ച പ്രശ്നങ്ങളെ ഒന്നിപ്പിക്കുന്നു. ഐക്യരാഷ്ട്ര സംഘടനയുടെ നിർവചന പ്രകാരം തദ്ദേശീയ ജനത എന്നത് ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്ന് വരുന്ന വ്യത്യസ്തമായ വംശീയതയിൽപ്പെട്ടതോ സംസ്കാരത്തിൽപ്പെട്ടതോ ആയ ആളുകൾ വന്ന് ഒരു പ്രദേശത്ത് ആധിപത്യം സ്ഥാപിക്കുന്ന സമയത്ത് ആ ഭൂപ്രദേശത്ത് അധിവസിച്ചിരുന്നവരുടെ പിന്തുടർച്ചക്കാരാണ്. തദ്ദേശീയ വാസികൾ തങ്ങൾ ഇപ്പോൾ പങ്കാളികളായിരിക്കുന്ന രാജ്യത്തിന്റെ സ്ഥാപനങ്ങളേക്കാളുപരി തങ്ങളുടേതായ പ്രത്യേക സാമൂഹിക, സാമ്പത്തിക, സാംസ്കാരിക



ഈ സംഘർഷങ്ങൾ നമ്മുടെ രാജ്യത്തെ നിരവധി ജല സംഘർഷങ്ങളിൽ നിന്ന് എങ്ങനെ വ്യത്യസ്തമായിരിക്കുന്നു?



ആചാരങ്ങളോടും പാരമ്പര്യങ്ങളോടും കൂടുതൽ ഇഴുകിചേർന്ന ജീവിതം നയിക്കുന്നു. ലോകരാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിൽ, ഇന്ത്യയുൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറികിടക്കുന്ന ഏതാണ്ട് മുപ്പത്കോടി തദ്ദേശ ജനതയുടെ പൊതു താല്പര്യങ്ങൾ എന്തൊക്കെയാണ്? ഫിലിപ്പൈൻസിലെ കോർഡിഡല്ലേറാ പ്രദേശത്ത് ഇരുപത് ലക്ഷം തദ്ദേശജനങ്ങളുണ്ട്. ചിലിയിലെ മപുച്ചെയിൽ പത്ത് ലക്ഷവും, ബംഗ്ലാദേശിലെ ചിറ്റാഗോങ് മലയോരങ്ങളിൽ ആറ് ലക്ഷം ഗോത്ര വർഗക്കാരും 35 ലക്ഷം വടക്കേ അമേരിക്കൻ തദ്ദേശവാസികളും പനാമകനാലിന്റെ കിഴക്ക് അൻപതിനായിരം കുനവംശജരും വടക്കൻ സോവിയറ്റിൽ പത്തു ലക്ഷം ചെറുമനുഷ്യരും ഉണ്ട്. മറ്റ് സാമൂഹിക മുന്നേറ്റങ്ങൾ പോലെ തദ്ദേശ ജനങ്ങളും അവരുടെ സമരങ്ങളെയും കർമ പദ്ധതികളെയും അവകാശങ്ങളെയും പറ്റി പറയും.

ലോകരാഷ്ട്രീയത്തിലെ തദ്ദേശീയജനതയുടെ സ്വരങ്ങൾ, ആഗോള സമൂഹത്തിലേക്ക് അവരുടെ തുല്യമായ പ്രവേശനം ആഹ്വാനം ചെയ്യുന്നു. മധ്യ അമേരിക്ക, ദക്ഷിണ അമേരിക്ക, ആഫ്രിക്ക, ഇന്ത്യ (ഇവിടെ അവർ ഗോത്ര വർഗക്കാർ എന്നറിയപ്പെടുന്നു), ദക്ഷിണപൂർവ ഏഷ്യ എന്നീ പ്രദേശങ്ങളിലാണ് തദ്ദേശീയ ജനത പ്രധാനമായും വസിക്കുന്നത്. ഓഷ്യാന മേഖലയിൽ ഇപ്പോഴുള്ള നിരവധി ദ്വീപ് രാഷ്ട്രങ്ങളിൽ (ഓസ്ട്രേലിയയും ന്യൂസിലന്റും ഉൾപ്പെടെ) ആയിരക്കണക്കിന് വർഷങ്ങളായി, പോളിനേഷ്യൻ, മെലാനേഷ്യൻ, മൈക്രോനേഷ്യൻ വിഭാഗത്തിൽപ്പെട്ട ജനങ്ങളാണ് താമസിച്ചിരുന്നത്. തങ്ങളുടെ വ്യക്തിത്വം നിലനിർത്തിക്കൊണ്ട് സ്വതന്ത്ര സമൂഹങ്ങളായി കഴിയുന്ന തദ്ദേശീയ ദേശങ്ങളായി തുടരാൻ തങ്ങളെ അനുവദിക്കണമെന്ന് അവർ ഗവൺമെന്റുകളോട് അപേക്ഷിക്കുന്നു. തങ്ങൾ ജന്മം കൊണ്ട പ്രദേശത്തെ തുടർച്ചയായ വാസം സൂചിപ്പിക്കാൻ ലോകമെമ്പാടുമുള്ള തദ്ദേശീയ ജനത 'അനാദികാലം മുതൽ' എന്ന പ്രയോഗമാണ് ഉപയോഗിക്കുന്നത്. ഭൂമിയെ സംബന്ധിച്ചും അതിലുള്ള വൈവിധ്യമാർന്ന ജൈവ വ്യവസ്ഥകളെ പറ്റിയും അവർ അധിവസിക്കുന്ന ഭൂപ്രദേശത്തിന്റെ വ്യത്യാസമില്ലാതെ തദ്ദേശീയ സമൂഹങ്ങൾ സ്വീകരിക്കുന്ന ലോക വീക്ഷണം അതിശയകരമായ വിധം സമാനമാണ്. ഭൂമി നഷ്ടമാവുന്നതാണ് തദ്ദേശീയ ജനതയുടെ നിലനില്പിന് ഏറ്റവും



എന്തുകൊണ്ടാണ് നമ്മൾ തദ്ദേശീയജനങ്ങളെയും അവരുടെ മുന്നേറ്റങ്ങളെയും കുറിച്ച് അധികമൊന്നും കേൾക്കാത്തത്? മാധ്യമങ്ങൾ അവർക്കെതിരെ പക്ഷപാതിത്വം കാട്ടുന്നുണ്ടോ?



© Ares, Cagle Cartoons Inc.

സ്പൂൺ നിറയെ പരിസ്ഥിതി

ഒരു നഗര സമൂഹത്തിന് (ആധുനിക) വന്ന മനുഷ്യൻ പ്രകൃതിയെ സംഹരിച്ച് ആർത്തിയുള്ളവനാകുന്നു എന്ന വീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുവോ?

ശക്തമായ ഭീഷണി, എന്തെന്നാൽ ഭൂമി നഷ്ടമാകുക എന്നതിനർഥം സാമ്പത്തിക വിഭവങ്ങളുടെ അടിത്തറ നഷ്ടമാകുന്നു എന്നാണ്. ഭൗതികമായ നിലനില്പിനുള്ള മാർഗങ്ങൾ കൂട്ടിച്ചേർക്കാതെ രാഷ്ട്രീയ സ്വയം ഭരണാവകാശം ആസ്വദിക്കാനാവുമോ?

ഇന്ത്യയിൽ ജനസംഖ്യയുടെ ഏതാണ്ട് എട്ട് ശതമാനം വരുന്ന പട്ടിക വർഗക്കാരെ സൂചിപ്പിക്കാനാണ് തദ്ദേശീയ ജനത എന്ന് ഉപയോഗിക്കുന്നത്. വേട്ടയാടലിലും വനവിഭവ ശേഖരണത്തിലും ഏർപ്പെട്ടിരിക്കുന്ന ചെറിയ ഒരു വിഭാഗത്തെ ഒഴിച്ചു നിർത്തിയാൽ ഇന്ത്യയിലെ മിക്ക തദ്ദേശീയ ജനങ്ങളും നിലനില്പിനായി കൃഷിയിലേർപ്പെട്ടിരിക്കുന്നു. ലക്ഷക്കണക്കിന് വർഷങ്ങളല്ലെങ്കിലും നൂറ്റാണ്ടുകളായി തങ്ങൾക്ക് കൃഷി ചെയ്യാൻ സാധിക്കുന്നത്ര ഭൂമിയിൽ അവർക്ക് പ്രവേശനമുണ്ടായിരുന്നു. ബ്രിട്ടീഷ് കോളനി ഭരണത്തിന്റെ സ്ഥാപനത്തിന് ശേഷമാണ് ഗോത്രത്തെ പട്ടിക വർഗ സമുദായങ്ങൾ അധിവസിച്ചിരുന്ന പ്രദേശങ്ങൾ പുറത്തു നിന്നുള്ള ശക്തികൾക്ക് വിധേയമായത്. രാഷ്ട്രീയ പ്രാതിനിധ്യത്തിന് ഭരണഘടനാ സംരക്ഷണം ലഭിക്കുന്നുണ്ടെങ്കിലും രാജ്യത്തെ വികസനത്തിന്റെ ഫലങ്ങൾ അവർക്ക് കാര്യമായി ലഭിക്കുന്നില്ല. വാസ്തവത്തിൽ വികസനത്തിന് വേണ്ടി ഏറ്റവും കൂടുതൽ വില കൊടുത്തത് അവരാണ്. കാരണം സ്വാതന്ത്ര്യത്തിന് ശേഷം വിവിധ വികസനപദ്ധതികൾക്കായി കുടിയൊഴിപ്പിക്കപ്പെട്ടവരിൽ ഏറ്റവും വലിയ ജനവിഭാഗം അവരാണ്.

തദ്ദേശീയ സമൂഹങ്ങളുടെ അവകാശങ്ങൾ സംബന്ധിച്ച പ്രശ്നങ്ങൾ വളരെക്കാലമായി ദേശീയ, അന്തർദേശീയ രാഷ്ട്രീയങ്ങളിൽ അവഗണിക്കപ്പെടുന്നു. 1970 കളിൽ ലോകമെമ്പാടുമുള്ള തദ്ദേശീയ നേതാക്കന്മാർക്കിടയിലെ അന്താരാഷ്ട്ര സമ്പർക്കം പൊതുവായ താല്പര്യങ്ങളുടെയും പങ്കു വയ്ക്കപ്പെടുന്ന അനുഭവങ്ങളുടെയും ഒരു വികാരം ഉണർത്തി. തദ്ദേശീയ ജനങ്ങൾക്കായുള്ള ലോക സമിതി 1975 ൽ രൂപീകരിച്ചു. തുടർന്ന് ഐക്യരാഷ്ട്ര സഭയുടെ ഉപദേശക പദവി ലഭിക്കുന്ന 11 തദ്ദേശീയ സർക്കാരിതര സംഘടനകളിൽ ആദ്യത്തേതായി കൗൺസിൽ മാറി. ഒമ്പതാം അധ്യായത്തിൽ ചർച്ച ചെയ്യുന്ന ആഗോളവത്കരണത്തിനെതിരായ പല മുന്നേറ്റങ്ങളും തദ്ദേശീയ ജനതകളുടെ അവകാശത്തിൽ കേന്ദ്രീകരിച്ചിട്ടുണ്ട്.

## നമുക്കിത് ഒരുമിച്ച് ചെയ്യാം

### ഘട്ടങ്ങൾ

- ഓരോ ദിവസവും തങ്ങൾ ഉപയോഗിക്കുന്ന പത്ത് സാധനങ്ങളുടെ പട്ടിക തയാറാക്കാൻ ഓരോ വിദ്യാർഥിയോടും ആവശ്യപ്പെടുക.

  (പേന, പേപ്പർ, എറേസർ, കമ്പ്യൂട്ടർ, വെള്ളം ... തുടങ്ങിയവ ലിസ്റ്റിൽ ഉൾപ്പെടുത്താം.)

- ഈ സാധനങ്ങൾ ഉണ്ടാക്കാൻ ഉപയോഗിച്ച പ്രകൃതിവിഭവങ്ങളുടെ തുക കണ്ടെത്താൻ വിദ്യാർഥികളോട് പറയുക. (പേന, പെൻസിൽ, കമ്പ്യൂട്ടർ തുടങ്ങിയ വസ്തുക്കളുടെ കാര്യത്തിൽ വിഭവങ്ങളുടെ തുക കണക്കാക്കാം. ജലം പോലെയുള്ള വിഭവങ്ങളുടെ കാര്യത്തിൽ ഇത് ശുദ്ധീകരിക്കാനും പമ്പ് ചെയ്യാനും വേണ്ടി വന്ന വൈദ്യുതിയുടെ തുക കണക്കാക്കാം). ഓരോരുത്തരും കണക്ക് കൂട്ടി ഏതാണ്ട് കൃത്യമായ തുകയിൽ എത്തുക.

**അധ്യാപകർക്കുള്ള ആശയങ്ങൾ**

ഓരോ കുട്ടിയിൽ നിന്നും കണക്ക് കൂട്ടിയ ഏകദേശ തുക ശേഖരിക്കുക. ആ ക്ലാസിലെ വിദ്യാർഥികൾ ഉപയോഗിച്ച വിഭവങ്ങളുടെ ആകെ തുക കണ്ടെത്താൻ കൂട്ടി നോക്കുക (കുട്ടികളെ കണക്ക് കൂട്ടാൻ അനുവദിച്ച് അധ്യാപകൻ ഒരു മാർഗദർശിയായി മാറുക)

ഈ തുക വച്ച് ഇതേ സ്കൂളിലെ മറ്റ് ക്ലാസുകളിലെ തുക കണ്ടെത്തുക. പിന്നീട് രാജ്യത്തെ മറ്റ് സ്കൂളുകളിലെ ഈ തുക ഉപയോഗിച്ച് മറ്റ് രാജ്യങ്ങളിലെ സ്കൂളുകളിൽ ഉപയോഗിക്കുന്ന വിഭവങ്ങളുടെ തുക കണ്ടെത്താം. (തിരഞ്ഞെടുക്കപ്പെട്ട ഏതാനും രാജ്യങ്ങളിലെ വിദ്യാർഥികൾ ഉപയോഗിക്കുന്ന വിഭവങ്ങളെ കുറിച്ച് അധ്യാപകന് ധാരണ ഉണ്ടായിരിക്കണം. രാജ്യങ്ങൾ തിരഞ്ഞെടുക്കുമ്പോൾ അവ വികസിതം/വികസ്വരം എന്നിങ്ങനെയുള്ള വിഭാഗങ്ങളിൽപ്പെടുന്നവയാണെന്ന് ഉറപ്പു വരുത്തണം).

- നമ്മൾ ഉപയോഗിക്കുന്ന വിഭവങ്ങളുടെ തുക എത്രയാണെന്ന് സങ്കല്പിക്കാൻ വിദ്യാർഥികളോട് ആവശ്യപ്പെടുക. ഭാവിയിലേക്കുള്ള ഉപയോഗവും കണക്കാക്കുക.

## അഭ്യാസം

1. പരിസ്ഥിതിയെക്കുറിച്ചു വർധിച്ചുവരുന്ന ആശങ്കക്ക് താഴെ പറയുന്നവയിൽ ഏതാണ് ഉത്തമ വിശദീകരണം?
   a. വികസിത രാജ്യങ്ങൾ പ്രകൃതി സംരക്ഷണത്തിൽ കരുതലുള്ളവരാണ്.
   b. പരിസ്ഥതി സംരക്ഷണം തദ്ദേശീയ ജനതക്കും സ്വാഭാവിക ആവാസ വ്യവസ്ഥക്കും നിർണായകമാണ്.
   c. മനുഷ്യന്റെ പ്രവൃത്തികൾ മൂലമുള്ള പരിസ്ഥിതി നശീകരണം വ്യാപകവും അപകടകരമായ നിലയിൽ എത്തുകയും ചെയ്തിരിക്കുന്നു.
   d. മേല്പറഞ്ഞവയിൽ ഒന്നും അല്ല.
2. ഭൗമ ഉച്ചകോടിയെക്കുറിച്ചുള്ള താഴെ കൊടുത്തിരിക്കുന്ന ഓരോ പ്രസ്താവനക്കും നേരെ തെറ്റോ ശരിയോ എന്ന് രേഖപ്പെടുത്തുക.
   a. 170 രാജ്യങ്ങളും ആയിരക്കണക്കിന് സർക്കാരിതര സംഘടനകളും നിരവധി ബഹുരാഷ്ട്ര കോർപ്പറേഷനുകളും അതിൽ പങ്കെടുത്തു.
   b. ഐക്യരാഷ്ട്ര സംഘടനയുടെ ആഭിമുഖ്യത്തിലാണ് ഉച്ചകോടി നടന്നത്
   c. ആഗോള പരിസ്ഥിതിവിഷയങ്ങൾ ആദ്യമായി രാഷ്ട്രീയ തലത്തിൽ ശക്തമായി സമാഹരിക്കപ്പെട്ടു.
   d. അതൊരു ഉച്ചകോടി സമ്മേളനമായിരുന്നു.
3. 'ആഗോള പൊതുമണ്ഡലം' സംബന്ധിച്ച് താഴെ പറയുന്നവയിൽ ഏതാണ് ശരി
   a. ഭൂമിയുടെ അന്തരീക്ഷം, അന്റാർട്ടിക്ക, സമുദ്രാ അടിത്തട്ട്, ബഹിരാകാശം എന്നിവ ആഗോള പൊതു മണ്ഡലം എന്നതിൽപ്പെടുന്നു.
   b. ആഗോള പൊതുമണ്ഡലം പരമാധികാരത്തിന്റെ പരിധിക്ക് പുറത്താണ്.
   c. 'ആഗോള പൊതുമണ്ഡലം' നടത്തിപ്പ് സംബന്ധിച്ച ചോദ്യങ്ങൾ വടക്ക് - തെക്ക് വിഭജനത്തിന് കാരണമായി.
   d. തെക്ക് പ്രദേശത്തെ രാജ്യങ്ങളേക്കാൾ വടക്കൻ മേഖലയിലെ രാജ്യങ്ങളാണ് ആഗോള പൊതുമണ്ഡലം സംരക്ഷണത്തിൽ കൂടുതൽ താല്പര്യം കാട്ടുന്നത്.
4. റിയോ ഉച്ചകോടിയുടെ ഫലങ്ങൾ എന്തൊക്കെയാണ്?
5. 'ആഗോള പൊതുമണ്ഡലം' എന്നതിന്റെ അർഥമെന്ത്? അവ എങ്ങിനെയാണ് ചൂഷണത്തിനും മലിനീകരണത്തിനും വിധേയമാകുന്നത്?
6. 'പൊതുവായതും വ്യത്യസ്തമായതുമായ ഉത്തരവാദിത്വങ്ങൾ' എന്നതു കൊണ്ട് എന്താണർഥമാക്കുന്നത്? ഈ ആശയം നമ്മൾ എങ്ങിനെ നടപ്പാക്കും?
7. 1990 മുതൽ ആഗോള പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ എന്തുകൊണ്ടാണ് രാജ്യങ്ങളുടെ മുൻഗണനാ വിഷയമായി തീർന്നത്?
8. ഒത്തു തീർപ്പും ഉൾക്കൊള്ളലുമാണ് ഭൂമിയെ രക്ഷിക്കാൻ ആവശ്യമായ രണ്ട് നയങ്ങൾ. പരിസ്ഥിതി വിഷയങ്ങളിൽ ദക്ഷിണ - ഉത്തര പ്രദേശങ്ങൾ തമ്മിൽ ഇപ്പോൾ നടക്കുന്ന ചർച്ചകളുടെ പശ്ചാത്തലത്തിൽ ഈ പ്രസ്താവന സാധൂകരിക്കുക.
9. രാഷ്ട്രത്തിന് മുന്നിലുള്ള ഏറ്റവും വലിയ വെല്ലുവിളി ആഗോള പരിസ്ഥിതിക്ക് കൂടുതൽ നാശം വരുത്താതെ സാമ്പത്തിക വികസനം നടപ്പാക്കുക എന്നതാണ്. ഇത് നമ്മൾ എങ്ങനെ നേടും? ഏതാനും ഉദാഹരണങ്ങൾ സഹിതം വിശദമാക്കുക.




## അവലോകനം (OVERVIEW)

ഈ പുസ്തകത്തിലെ അവസാന അധ്യായത്തിൽ നമ്മൾ ആഗോളവൽകരണത്തെ ക്കുറിച്ച് പഠിക്കും. ഈ പുസ്തകത്തിലെ തന്നെ നിരവധി അധ്യായങ്ങളിലും മറ്റ് വിഷയങ്ങളുടെ പാഠപുസ്തകങ്ങളിലും ഇതിനെക്കുറിച്ച് പരാമർശമുണ്ട്. ആഗോളവൽകരണം എന്ന ആശയത്തെ വിശകലനം ചെയ്തുകൊണ്ട് നമ്മൾ തുടങ്ങുകയും പിന്നീട് അതിന്റെ കാരണങ്ങൾ പരിശോധിക്കുകയും അതിനുശേഷം നാം ആഗോളവൽകരണത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ പ്രത്യാഘാതങ്ങൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്യും. ആഗോളവൽക്കരണത്തിന്റെ ഇന്ത്യക്കുമേലുള്ള സ്വാധീനവും ഇന്ത്യയെ എങ്ങനെയെല്ലാം ആഗോളവൽക്കരണം ബാധിക്കുന്നുവെന്നും പഠിക്കുന്നതിലാണ് നമ്മുടെ താൽപര്യം. അവസാനമായി ആഗോളവൽകരണത്തിനെതിരായ ചെറുത്തുനിൽപിനെയും ഇന്ത്യയിലെ സാമൂഹിക മുന്നേറ്റങ്ങൾ എങ്ങനെ ഈ ചെറുത്തുനിൽപിന്റെ ഭാഗമാകുന്നു എന്നതിനെയും പരിശോധിക്കും.

# അധ്യായം ഒൻപത്

# ആഗോളവൽക്കരണം (Globalisation)



*നിരവധി നേപ്പാളി തൊഴിലാളികൾ ഇന്ത്യയിൽ ജോലിക്ക് വരുന്നു. അതും ആഗോളവൽക്കരണമാണോ?*

## ആഗോളവൽക്കരണം എന്ന സങ്കല്പം (THE CONCEPT OF GLOBALISATION)

ഒരു കോൾ സെന്ററിലാണ് ജനാർദൻ ജോലി ചെയ്യുന്നത്. അവൻ വൈകിയാണ് ജോലിക്ക് പോവുന്നത്. ഓഫീസിലെത്തുമ്പോൾ അവൻ ജോൺ എന്ന പേര് സ്വീകരിക്കും. ആയിരകണക്കിന് മൈൽ അകലെയുള്ള തന്റെ കക്ഷികളുമായി ആശയവിനിമയം നടത്താൻ പുതിയ ഭാഷയും ഉച്ചാരണ ശൈലിയും (വീട്ടിൽ സംസാരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി) സ്വീകരിക്കുന്നു. അയാൾ രാത്രി മുഴുവൻ ജോലി ചെയ്യും. അത് പക്ഷെ യഥാർഥത്തിൽ തന്റെ വിദേശത്തെ കക്ഷികൾക്ക് പകൽ സമയമായിരിക്കും. ഒരുപക്ഷേ ജീവിതത്തിൽ ഒരിക്കലും നേരിട്ട് കാണാൻ സാധ്യതയില്ലാത്ത ഒരാൾക്ക് വേണ്ടിയാണ് ജനാർദൻ തന്റെ സേവനം നൽകുന്നത്. ഇത് അയാളുടെ ദിനചര്യയാണ്. അയാളുടെ അവധി ദിവസങ്ങളും ഇന്ത്യൻ കലണ്ടർ അനുസരിച്ചല്ല, മറിച്ച് അമേരിക്കയിലുള്ള തന്റെ കക്ഷികളുടെ കലണ്ടർ അനുസരിച്ചാണ്.

തന്റെ ഒമ്പത് വയസ് പ്രായമുള്ള മകൾക്ക് ജന്മദിന സമ്മാനം വാങ്ങാൻ രാംധാരി പുറത്തു പോയി. അവൾക്ക് ഒരു ചെറിയ സൈക്കിൾ സമ്മാനിക്കാമെന്ന് അയാൾ വാഗ്ദാനം നൽകിയിരുന്നു. അതുകൊണ്ട് ഗുണമേന്മയുള്ളതും തനിക്ക് താങ്ങാവുന്ന വിലയിലുള്ളതുമായ സൈക്കിൾ വിപണിയിൽ തിരയാമെന്ന് അയാൾ തീരുമാനിക്കുന്നു. അവസാനം, ചൈനയിൽ നിർമിച്ച് ഇന്ത്യയിൽ വിപണനം നടത്തുന്ന ഒരു സൈക്കിൾ അയാൾ വാങ്ങിച്ചു. അത് ഗുണത്തിന്റെയും വിലയുടെയും കാര്യത്തിൽ തന്റെ ആവശ്യങ്ങൾക്ക് യോജിക്കുന്നതായതിനാലാണ് അത് വാങ്ങിക്കാൻ അയാൾ തീരുമാനിച്ചത്. കഴിഞ്ഞ വർഷം രാംധരി മകളുടെ നിർബന്ധത്തിന് വഴങ്ങി അമേരിക്കയിൽ നിർമിച്ച് ഇന്ത്യയിൽ വിൽക്കുന്ന ബാർബി പാവയാണ് വാങ്ങിച്ചു കൊടുത്തത്.

സ്കൂൾ, കോളജ് ജീവിതത്തിൽ കഠിനമായി അധ്വാനിച്ച് മികച്ച മാർക്ക് വാങ്ങിയ ഒന്നാം തലമുറ പഠിതാവാണ് സരിക. ഇപ്പോളവൾക്ക് ജോലി ചെയ്യാനും അങ്ങനെ സ്വതന്ത്രമായ ഒരു പ്രവൃത്തി മണ്ഡലം കെട്ടിപ്പടുക്കാനുമുള്ള അവസരം ലഭ്യമായിരിക്കുന്നു. അവളുടെ കുടുംബത്തിലെ മറ്റു സ്ത്രീകൾക്ക് മുമ്പ് സ്വപ്നം കാണാൻ പോലും കഴിയാത്ത കാര്യമായിരുന്നു അത്. കുടുംബത്തിലെ ചില ബന്ധുക്കളുടെ എതിർപ്പിനെ മറികടന്ന് മുന്നോട്ട് പോവാൻ അവസാനം അവൾ തീരുമാനിക്കുന്നു. കാരണം ഇത് അവളുടെ തലമുറക്ക് ലഭിക്കുന്ന പുതിയ അവസരമാണ്. ആഗോളവൽക്കരണം എന്ന് നമ്മൾ വിളിക്കുന്ന പ്രതിഭാസത്തെ ഈ മൂന്ന് ഉദാഹരണങ്ങളും വിവരിക്കുന്നു. ഒന്നാമത്തെ ഉദാഹരണത്തിൽ ജനാർദൻ സേവനങ്ങളുടെ ആഗോളവൽക്കരണത്തിൽ പങ്കാളിയാവുന്നു. രാംധാരിയുടെ ജന്മദിന സമ്മാനം വാങ്ങൽ ലോകത്തിന്റെ ഒരു ഭാഗത്തു നിന്ന് മറ്റ് ഭാഗങ്ങളിലേക്കുള്ള ഉൽപ്പന്നങ്ങളുടെ നീക്കത്തെക്കുറിച്ച് നമ്മളോട് ചിലത് പറയുന്നു. തന്റെ കുടുംബത്തിലെ സ്ത്രീകൾക്ക് നേരത്തെ ലഭ്യമാകാതിരുന്ന അവസരങ്ങളുടെ കാര്യത്തിലുള്ള മൂല്യ സംഘർഷമാണ് സരിക അഭിമുഖീകരിച്ചത്. പക്ഷേ ഇത് ഇന്നത്തെ ലോകത്തിൽ പരക്കെ അംഗീകരിക്കപ്പെട്ട യാഥാർഥ്യത്തിന്റെ ഭാഗമാണ്.

യഥാർഥ ജീവിതത്തിൽ ആഗോളവൽക്കരണം എന്ന പദത്തിന് ഉദാഹരണങ്ങൾക്കായി നമ്മൾ തിരയുമ്പോൾ അത് പല സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതായി മനസ്സിലാക്കാം. നേരത്തെ കണ്ട ഉദാഹരണങ്ങളിൽ നിന്ന് വ്യത്യസ്തമായ ചില ഉദാഹരണങ്ങൾ നമുക്ക് നോക്കാം.

- വിള നാശത്തെ തുടർന്ന് ചില കർഷകർ ആത്മഹത്യ ചെയ്തു. ഒരു ബഹുരാഷ്ട്ര കമ്പനി വിതരണം ചെയ്ത വിലയേറിയ വിത്തുകളാണ് അവർ വാങ്ങിയത്.
- തങ്ങളുടെ നിലവിലുള്ള ചില ഉടമകളുടെ എതിർപ്പിനെ അവഗണിച്ച് ഒരു ഇന്ത്യൻ കമ്പനി, യൂറോപ്പ് ആസ്ഥാനമായതും തങ്ങളുടെ എതിരാളികളുമായ ഒരു കമ്പനിയെ വാങ്ങി.
- ചില പ്രമുഖ അന്തർദേശീയ കമ്പനികൾ അവരുടെ ചില്ലറവ്യാപാരശൃംഖല രാജ്യത്ത് തുറന്നാൽ തങ്ങളുടെ ജീവിതമാർഗം നഷ്ടമാകുമെന്ന് നിരവധി ചില്ലറവിൽപ്പനക്കാർ ഭയക്കുന്നു.

**നമുക്കിത് ചെയ്യാം**

ഒരാഴ്ചത്തെ പത്രങ്ങൾ വായിച്ച് ആഗോളവൽക്കരണവുമായി ബന്ധപ്പെട്ട വാർത്തകൾ ശേഖരിക്കുക.

- മുംബെയിലെ ഒരു ചലച്ചിത്ര നിർമാതാവ് തന്റെ സിനിമക്ക് വേണ്ടി ഹോളിവുഡിൽ നിർമിച്ച ഒരു സിനിമയുടെ കഥ മോഷ്ടിച്ചു എന്ന ആരോപണം നേരിടുന്നു.
- പടിഞ്ഞാറൻ രീതിയിലുള്ള വസ്ത്രധാരണം നടത്തുന്ന കോളേജ് പെൺകുട്ടികളെ ഭീഷണിപ്പെടുത്തുന്ന പ്രസ്താവന ഒരു തീവ്രവാദ സംഘം പുറപ്പെടുവിച്ചു.

ആഗോളവൽകരണം എല്ലായ്പ്പോഴും നല്ലതായിരിക്കണമെന്നില്ലെന്നും ചിലപ്പോൾ ഇതിന് നിഷേധാത്മക പ്രത്യാഘാതങ്ങളുണ്ടാകുമെന്നും ഈ ഉദാഹരണങ്ങൾ നമുക്ക് കാട്ടിതരുന്നു. ആഗോളവൽകരണത്തിന് ഗുണത്തേക്കാളേറെ ദോഷവശങ്ങളാണുള്ളതെന്ന് വിശ്വസിക്കുന്ന നിരവധി ആളുകളുണ്ട്. ആഗോളവൽകരണം എല്ലായ്പ്പോഴും സാമ്പത്തിക വിഷയങ്ങൾ സംബന്ധിച്ചുള്ളതു മാത്രമല്ലെന്നും അതിന്റെ സ്വാധീനത്തിന്റെ ദിശ എല്ലായ്പ്പോഴും സമ്പന്നരാജ്യങ്ങളിൽ നിന്ന് ദരിദ്ര രാജ്യങ്ങളിലേക്കോ ആയിക്കൊള്ളണമെന്നില്ലെന്നും ഈ ഉദാഹരണങ്ങൾ നമുക്ക് കാട്ടിത്തരുന്നു.

ആഗോളവൽകരണം സംബന്ധിച്ച പ്രയോഗങ്ങൾ പലപ്പോഴും സൂക്ഷ്മത ഇല്ലാത്തതിനാൽ ഇതുകൊണ്ട് എന്താണ് അർഥമാക്കുന്നത് എന്ന് വ്യക്തമാക്കേണ്ടത് ആവശ്യമായിരിക്കുന്നു. ഒരു ആശയം എന്ന നിലയിൽ അടിസ്ഥാനപരമായി ആഗോളവൽകരണം പ്രവാഹങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. ഈ പ്രവാഹങ്ങൾ വ്യത്യസ്ത തരത്തിലാവാം. ലോകത്തിന്റെ ഒരു ഭാഗത്തുനിന്ന് മറ്റൊരിടത്തേക്ക് നീങ്ങുന്ന ആശയങ്ങൾ, അതിർത്തിക്കപ്പുറത്തേക്ക് കച്ചവടം നടത്തപ്പെടുന്ന ചരക്കുകൾ, മെച്ചപ്പെട്ട ജീവിതമാർഗം തേടി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് നീങ്ങുന്ന മനുഷ്യർ – ഇങ്ങനെ നിരവധി പ്രവാഹങ്ങൾ ഇതിലുൾപ്പെടുന്നു. ഇതിലെ നിർണായക ഘടകം ഇത്തരത്തിലുള്ള നിരന്തര പ്രവാഹത്തിലൂടെ നിർമിക്കുകയും നിലനിർത്തപ്പെടുകയും ചെയ്യുന്ന 'ലോകവ്യാപക പരസ്പരബന്ധ'മാണ്.

ആഗോളവൽകരണം ഒരു ബഹുമുഖ




*ഈ അധ്യായത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെടുത്ത ആഗോളവൽകരണത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ വശങ്ങളെക്കുറിച്ചുള്ള ചിത്രങ്ങളുണ്ട്.*



*ചൈനയിൽ നിന്ന് ഇന്ത്യയിലേക്ക് വരുന്ന മിക്ക സാധനങ്ങളും കള്ളക്കടത്താണ്. ആഗോളവൽകരണം കള്ളക്കടത്തിലേക്ക് നയിക്കുന്നുണ്ടോ?*



ആഗോളവൽകരണമെന്നത് സാമ്രാജ്യത്വത്തിന്റെ പുതിയ പേരല്ലേ? ഒരു പുതിയ പേര് കൊണ്ട് നമുക്ക് എന്താണ് ആവശ്യം?

സങ്കല്പമാണ്. ഇതിന് രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ പ്രകടനങ്ങളുണ്ട്. ഇതൊക്കെ അനുയോജ്യമായ വിധത്തിൽ വേർതിരിക്കപ്പെടുകയും വേണം. ആഗോളവൽകരണത്തിന് കേവലമായ സാമ്പത്തിക മാനങ്ങൾ മാത്രമേ ഉള്ളൂ എന്ന് വിചാരിക്കുന്നത് അതിന് സാംസ്കാരിക മാനങ്ങൾ മാത്രമേ ഉള്ളൂ എന്ന് അനുമാനിക്കുന്നതുപോലെ തന്നെ തെറ്റാണ്. ആഗോളവൽകരണത്തിന്റെ പ്രത്യാഘാതങ്ങൾ ഒരേ പോലെയല്ല. അത് ചില സമൂഹങ്ങളെ മറ്റു സമൂഹങ്ങളേക്കാൾ കൂടുതലായും, അതേ സമയം ഒരു സമൂഹത്തിലെ തന്നെ ചില വിഭാഗങ്ങളെ അധികമായും ബാധിക്കും. പ്രത്യേക സന്ദർഭങ്ങൾക്ക് മതിയായ ശ്രദ്ധ കൊടുക്കാതെ ആഗോളവൽകരണത്തിന്റെ ആഘാതം സംബന്ധിച്ച് പൊതുവായ നിഗമനങ്ങളിലെത്തുന്നത് ഒഴിവാക്കുക പ്രധാനമാണ്.

## ആഗോളവൽകരണത്തിന്റെ കാരണങ്ങൾ (CAUSES OF GLOBALISATION)

എന്താണ് ആഗോളവൽകരണത്തിന്റെ കാരണം? ആഗോളവൽകരണമെന്നത് ആശയങ്ങൾ, മൂലധനം, ചരക്ക്, ജനങ്ങൾ എന്നിവയുടെ പ്രവാഹത്തെക്കുറിച്ചാണ് പരാമർശിക്കുന്നതെങ്കിൽ ഈ പ്രതിഭാസത്തിൽ പുതുതായി എന്തെങ്കിലുമുണ്ടോ എന്ന് ചോദിക്കുന്നത് ഒരു പക്ഷേ യുക്തിപരമായിരിക്കും. ഈ നാല് പ്രവാഹങ്ങളുടെ അടിസ്ഥാനത്തിലുള്ള ആഗോളവൽകരണം മനുഷ്യചരിത്രത്തിൽ ഉടനീളം സംഭവിച്ചിട്ടുണ്ട്. എന്നിരുന്നാലും സമകാലിക ആഗോളവൽകരണത്തിന് ഭിന്നമായ ചില സവിശേഷതകളുണ്ടെന്ന് വാദിക്കുന്നവർ ചൂണ്ടിക്കാട്ടുന്നത് ഈ പ്രവാഹങ്ങളുടെ തോതും വേഗതയും സമകാലിക ലോകത്തിൽ ആഗോളവൽകരണത്തിന്റെ സവിശേഷസ്ഥാനത്തിന് കാരണമായി എന്നാണ്. ആഗോളവൽകരണത്തിന് ചരിത്രപരമായി ശക്തമായ ഒരു അടിത്തറയുണ്ട്. അതുകൊണ്ട് ഈ പശ്ചാത്തലത്തിൽ സമകാലിക പ്രവാഹങ്ങളെ കാണുന്നത് പ്രധാനമാണ്.




© Ares, Cagle Cartoons Inc.

ഡിജിറ്റൽ സമ്പദ്വ്യവസ്ഥ

ഒരു ഏക കാരണം കൊണ്ടല്ല ആഗോളവൽകരണം ഉണ്ടായതെന്നാലും ഇതിൽ സാങ്കേതികവിദ്യ ഒരു നിർണായക ഘടകമാണ്. ടെലിഗ്രാഫ്, ടെലിഫോൺ, മൈക്രോചിപ്പ് എന്നിവയുടെ കണ്ടുപിടുത്തം ലോകത്തിന്റെ വിവിധ ഭാഗങ്ങൾ തമ്മിലുള്ള ആശയവിനിമയത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തി എന്നതിൽ സംശയമില്ല. ആദ്യമായി അച്ചടിവിദ്യ നിലവിൽ വന്നപ്പോൾ അത് ദേശീയതയുടെ നിർമാണത്തിന് അടിസ്ഥാനമിട്ടു. അതുകൊണ്ട് ഇന്നും സാങ്കേതികവിദ്യകൾ നമ്മുടെ വ്യക്തിപരമായ ചിന്താരീതികളെയും കൂട്ടായ ജീവിതത്തെയും ബാധിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ആശയങ്ങൾ, മൂലധനം, ചരക്കുകൾ, ജനങ്ങൾ എന്നിവയ്ക്ക് ലോകത്തിന്റെ ഒരു ഭാഗത്തുനിന്ന് മറ്റൊരിടത്തേക്ക് കൂടുതൽ എളുപ്പത്തിൽ സഞ്ചരിക്കുവാനുള്ള കഴിവ് ലഭിച്ചത് പ്രധാനമായും സാങ്കേതികവിദ്യയുടെ പുരോഗതിയിലൂടെയാണ്. ഈ പ്രവാഹങ്ങളുടെ വേഗത മാറിയേക്കാം. ഉദാഹരണത്തിന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ ജനങ്ങളുടെ നീക്കത്തേക്കാൾ വേഗതയേറിയതും വ്യാപകവുമായിരിക്കാം മൂലധനത്തിന്റെയും ഉൽപന്നങ്ങളുടെയും നീക്കം .

മെച്ചപ്പെട്ട ആശയവിനിമയത്തിന്റെ ലഭ്യതകൊണ്ട് മാത്രമല്ല ആഗോളവൽകരണം ഉയർന്നു വരുന്നത്. ലോകത്തിലെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങൾ മറ്റു ഭാഗത്തെ ജനങ്ങളുമായുള്ള പരസ്പര ബന്ധം തിരിച്ചറിയുക എന്നതാണ് പ്രധാനം. ലോകത്തിന്റെ ഏതെങ്കിലും ഭാഗത്ത് നടക്കുന്ന സംഭവങ്ങൾ മറ്റു ഭാഗങ്ങളിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന വസ്തുത ഇപ്പോൾ നമുക്കറിയാം. പക്ഷിപ്പനിയോ സുനാമിയോ ലോകത്തിലെ ഏതെങ്കിലും ഒരു രാജ്യത്തിലായി ഒതുങ്ങി നിൽക്കുന്നില്ല. അത് രാജ്യാതിർത്തികളെ മാനിക്കുന്നില്ല. അതുപോലെ പ്രധാനപ്പെട്ട സാമ്പത്തിക സംഭവങ്ങൾ നടക്കുമ്പോൾ അതിന്റെ പ്രത്യാഘാതം അതു നടക്കുന്ന സ്ഥലത്തിന് പുറത്ത് പ്രാദേശികമോ, ദേശീയമോ, ആഗോളതലത്തിലോ അനുഭവപ്പെടുന്നു.

## രാഷ്ട്രീയ പ്രത്യാഘാതങ്ങൾ (POLITICAL CONSEQUENCES)

ആഗോളവൽകരണത്തിന്റെ സമകാലിക പ്രക്രിയകളുടെ ഫലമായി രൂപപ്പെട്ട സംവാദങ്ങളിലൊന്ന് അതിന്റെ രാഷ്ട്രീയ പ്രത്യാഘാതങ്ങളെ കുറിച്ചാണ്. ആഗോളവൽകരണം ഏതു തരത്തിലാണ് രാജ്യത്തിന്റെ പരമ്പരാഗത പരമാധികാര സങ്കല്പങ്ങളെ ബാധിക്കുന്നത്? ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ നമ്മൾ മൂന്ന് വീക്ഷണ വശങ്ങളെങ്കിലും പരിഗണിക്കണം.

ഏറ്റവും ചെറിയ തലത്തിൽ ആഗോളവൽകരണം രാഷ്ട്രത്തിന്റെ ശേഷികളെ, ചോർത്തിക്കളഞ്ഞു, അതായത് ഗവൺമെന്റുകൾക്ക് ഇഷ്ടമുള്ളത് ചെയ്യാനുള്ള അതിന്റെ കഴിവിനെ, അത് ഇല്ലായ്മ ചെയ്യുന്നു. ലോകത്ത് എല്ലായിടത്തും പഴയ ക്ഷേമരാഷ്ട്രം ഇപ്പോൾ പരിമിത രാഷ്ട്രത്തിന് വഴിമാറുന്നു. ഈ രാഷ്ട്രം ക്രമസമാധാനം, പൗരന്മാരുടെ സുരക്ഷ തുടങ്ങിയ ചില അടിസ്ഥാന ധർമ്മങ്ങൾ മാത്രമേ നിർവഹിക്കുന്നുള്ളു. സാമൂഹികവും സാമ്പത്തികവുമായ ക്ഷേമത്തെ ലക്ഷ്യമാക്കിയുള്ള മിക്ക ക്ഷേമപ്രവർത്തനങ്ങളിൽ നിന്നും അത് പിന്മാറി. ക്ഷേമരാഷ്ട്രത്തിന്റെ സ്ഥാനത്ത് സാമ്പത്തിക സാമൂഹിക മുൻഗണനകൾ തീരുമാനിക്കുന്ന അധികാരിയായി മാർക്കറ്റ് മാറി. ബഹുരാഷ്ട്ര കമ്പനികളുടെ കടന്നുവരവും ലോകത്തെമ്പാടും അവയുടെ വർധിച്ചുവരുന്ന പ്രാധാന്യവും സ്വന്തം തീരുമാനങ്ങൾ എടുക്കാനുള്ള ഗവൺമെന്റുകളുടെ ശേഷിയിൽ കുറവു വരുത്തി.

അതേ സമയം ആഗോളവൽകരണം എല്ലായ്പ്പോഴും രാഷ്ട്രശേഷിയെ കുറക്കുന്നില്ല. രാഷ്ട്രീയ സമൂഹത്തിന്റെ വെല്ലുവിളിക്കപ്പെടാത്ത അടിത്തറ എന്ന നിലയിൽ രാഷ്ട്രത്തിന്റെ പ്രാമുഖ്യം തുടരുന്നു. രാജ്യങ്ങൾക്കിടയിലെ പഴയകാല അസൂയയും ശത്രുതയും ഇന്നും ലോകരാഷ്ട്രീയത്തിന്റെ വിഷയങ്ങളാണ്. രാഷ്ട്രം അതിന്റെ അടിസ്ഥാന ചുമതലകൾ (ക്രമസമാധാനം, ദേശീയ സുരക്ഷ) നിർവഹിക്കുന്നത് തുടരുകയും അതാഗ്രഹിക്കുന്ന ചില മേഖലകളിൽ നിന്ന് ബോധപൂർവം പിൻവാങ്ങുകയും ചെയ്യുന്നു. അതേ സമ



യം രാഷ്ട്രങ്ങൾ പ്രധാനമായിത്തന്നെ തുടരുന്നു.

തീർച്ചയായും ആഗോളവൽകരണത്തിന്റെ ഫലമായി ചില കാര്യങ്ങളിൽ രാഷ്ട്രത്തിന്റെ ശേഷി വർദ്ധിച്ചു. പ്രത്യേകിച്ചും ഇങ്ങനെ മെച്ചപ്പെട്ട സാങ്കേതികവിദ്യ രാഷ്ട്രത്തിന് ലഭ്യമായതോടെ തങ്ങളുടെ പൗരന്മാരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാനായി. ഈ വിവരങ്ങൾ ഉപയോഗിച്ച് മോശമായല്ല, നന്നായി ജനങ്ങളെ ഭരിക്കുവാൻ രാഷ്ട്രങ്ങൾക്കായി. പുതിയ സാങ്കേതികവിദ്യയുടെ ഫലമായി മുൻപത്തേതിനേക്കാൾ രാഷ്ട്രം കരുത്തു നേടി.

## സാമ്പത്തിക പ്രത്യാഘാതങ്ങൾ (ECONOMIC CONSEQUENCES)

ആഗോളവൽകരണത്തിന്റെ സാമ്പത്തിക വശം സംബന്ധിച്ച് എല്ലാ കാര്യങ്ങളും അറിയപ്പെടുന്നില്ലെങ്കിലും ആഗോളവൽകരണത്തെ ചുറ്റിപ്പറ്റിയുള്ള സമകാലിക സംവാദങ്ങളുടെ ഉള്ളടക്കവും ദിശയും നിർണയിക്കുന്നതിൽ ഇതിന് വലിയ പങ്കുണ്ട്.

സാമ്പത്തിക ആഗോളവൽകരണത്തിനെ നിർവചിക്കുക എന്നതു തന്നെയാണ് പ്രശ്നത്തിന്റെ ഒരുവശം. സാമ്പത്തിക ആഗോളവൽകരണം എന്ന പരാമർശം ഐഎംഎഫ്, ഡബ്ല്യുടിഒ (WTO) തുടങ്ങിയ അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ പങ്കിനെക്കുറിച്ചും, ലോകമെമ്പാടും സാമ്പത്തിക നയങ്ങൾ തീരുമാനിക്കുന്നതിൽ അവർക്കുള്ള സ്വാധീനത്തിലേക്കും നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. എന്നാലും ആഗോളവൽകരണത്തെ ഇത്തരത്തിലുള്ള ഇടുങ്ങിയ കാഴ്ചപ്പാടിലൂടെ കാണാനാവില്ല. അന്തർദേശീയ സ്ഥാപനങ്ങൾ മാത്രമല്ല മറ്റു നിരവധി സ്ഥാപനങ്ങളും സംവിധാനങ്ങളും സാമ്പത്തിക ആഗോള വൽകരണത്തിലുൾപ്പെടുന്നു. സാമ്പത്തിക ആഗോളവൽകരണത്തെ മനസിലാക്കാനുള്ള ഒരു വിശാലമായ വഴി സാമ്പത്തിക നേട്ടങ്ങളുടെ വിതരണം പരിശോധിക്കുകയാണ്. അതായത് ആഗോളവൽകരണത്തിൽ നിന്ന് ആർക്ക് കൂടുതൽ ലഭിക്കുന്നു? ആർക്കാണ് കുറച്ച് ലഭിക്കുന്നത്? ആർക്കാണ് അതിൽ നഷ്ടമുണ്ടാവുന്നത്?




സാമ്പത്തിക ആഗോളവൽകരണം എന്ന് സാധാരണ വിളിക്കപ്പെടുന്നതിൽ ലോകത്തെ വിവിധ രാജ്യങ്ങൾക്കിടയിലെ വൻതോതിലുള്ള സാമ്പത്തിക പ്രവാഹങ്ങൾ ഉൾപ്പെടുന്നു. ഇതിൽ ചിലത് സ്വമേധയാ സംഭവിക്കുന്നതും മറ്റുള്ളത് ചില അന്തർദേശീയ സ്ഥാപനങ്ങളുടെയും ശക്തരായ രാഷ്ട്രങ്ങളുടെ സമ്മർദ്ദത്താലുമാണ്. ഈ അധ്യായത്തിന്റെ തുടക്കത്തിലെ ഉദാഹരണങ്ങളിൽ നാം കണ്ടതു പോലെ, ചരക്കുകൾ, മൂലധനം, ജനങ്ങൾ, ആശയങ്ങൾ എന്നിങ്ങനെ വിവിധ രൂപത്തിൽ ഈ പ്രവാഹം അല്ലെങ്കിൽ കൈമാറ്റം സംഭവിക്കാം. ആഗോളവൽകരണം ലോകമെമ്പാടുമുള്ള ഉൽപന്നക്കച്ചവടത്തിന് വഴിയൊരുക്കി. മറ്റ് രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി അനുവദിക്കുന്നതിൽ വിവിധ രാജ്യങ്ങൾ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ലഘൂകരിച്ചു. സമാനമായി രാജ്യങ്ങൾക്കിടയിലെ മൂലധന നീക്കത്തിനുള്ള നിയന്ത്രണങ്ങളും കുറച്ചു. പ്രായോഗികതലത്തിൽ ഇതിന്റെ അർഥം സമ്പന്ന രാജ്യങ്ങളിലെ നിക്ഷേപകർക്ക് തങ്ങളുടെ പണം സ്വന്തം രാജ്യത്തിനു പുറത്ത്, വികസ്വര രാജ്യങ്ങളിലുൾപ്പെടെ, തങ്ങൾക്ക് കൂടുതൽ വരുമാനം കിട്ടുന്ന രീതിയിൽ നിക്ഷേപിക്കാം എന്നതാണ്. ആഗോളവൽകരണം ദേ

ശീയ അതിർത്തികൾക്കപ്പുറത്തേക്കുള്ള ആശയങ്ങളുടെ പ്രവാഹത്തിലേക്കും നയിച്ചു. ഇന്റർനെറ്റിന്റെയും കമ്പ്യൂട്ടർ സംബന്ധിയായ സേവനങ്ങളുടെയും വ്യാപനം അതിന് ഒരു ഉദാഹരണമാണ്. എന്നാൽ ആഗോളതലത്തിൽ ഇതേ തോതിലുള്ള ജനങ്ങളുടെ നീക്കത്തിലെ വർദ്ധന ആഗോളവൽകരണത്തിലേക്ക് നയിച്ചിട്ടില്ല. വികസിതരാജ്യങ്ങൾ വിസാ നയങ്ങൾ കൊണ്ട് കരുതലോടെ തങ്ങളുടെ അതിർത്തികൾ സംരക്ഷിക്കുകയും അതുവഴി മറ്റ് രാജ്യങ്ങളിലെ പൗരന്മാർ തങ്ങളുടെ സ്വന്തം രാജ്യത്തെ പൗരന്മാരുടെ ജോലികൾ തട്ടിയെടുക്കുന്നില്ലെന്ന് ഉറപ്പാക്കുകയും ചെയ്തു.

ആഗോളവൽകരണത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ ഒരേ തരം നയങ്ങൾ എല്ലായിടത്തും ഒരേ തരം ഫലങ്ങളിലേക്ക് നയിക്കുന്നില്ലെന്ന വസ്തുത മനസിൽ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ആഗോളവൽകരണത്തിന്റെ ഫലമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഭരണകൂടങ്ങൾ സമാനമായ സാമ്പത്തിക നയങ്ങൾ സ്വീകരിച്ചെങ്കിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത് വളരെയധികം വ്യത്യസ്തമായ ഫലങ്ങളാണ് സൃഷ്ടിച്ചത്. ഇതുമായി ബന്ധപ്പെട്ട് ലഘുവായ സാമാന്യവത്കരണം നടത്തുന്നതിന് പകരം പ്രത്യേക സന്ദർഭങ്ങൾക്ക് ശ്രദ്ധ കൊടുക്കേണ്ടത് നിർണായകമാണ്.

സാമ്പത്തിക ആഗോളവൽകരണം ലോകത്ത് എല്ലായിടത്തും അഭിപ്രായങ്ങളിൽ തീവ്രമായ വിഭജനം സൃഷ്ടിച്ചു. സാമൂഹിക നീതിയെക്കുറിച്ച് ഉൽക്കണ്ഠയുണ്ടായിരുന്നവർ, സാമ്പത്തിക ആഗോളവൽകരണ പ്രക്രിയയുടെ ഫലമായുണ്ടായ രാഷ്ട്രത്തിന്റെ പിൻവാങ്ങലിന്റെ വ്യാപ്തിയെക്കുറിച്ച് ആകുലരായി. ഇത് ജോലിക്കും ക്ഷേമത്തിനും വേണ്ടി (വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം തുടങ്ങിയവ) ഭരണകൂടങ്ങളെ ആശ്രയിക്കുന്ന ഒരു വൻ ജനവിഭാഗത്തെ ദരിദ്രരാക്കുകയും ജനസംഖ്യയുടെ ഒരു ചെറിയ വിഭാഗത്തിന് മാത്രം ഗുണകരമാവുകയും ചെയ്തേക്കാമെന്ന് അവർ ചൂണ്ടിക്കാണിക്കുന്നു. സാ






'സുരക്ഷാവല' യെക്കുറിച്ച് നമ്മൾ സംസാരിക്കുമ്പോൾ ആഗോളവൽകരണത്തിന്റെ ഫലമായി ചിലർ വീഴുമെന്ന് നമ്മൾ പ്രതീക്ഷിക്കുന്നു. എന്ന് അർഥമാക്കുന്നു. അത് ശരിയല്ലേ?

ബത്തികമായി ദുർബലരായവരുടെ മേലുള്ള ആഗോളവൽക്കരണത്തിന്റെ മോശം ഫലങ്ങളെ പരിമിതപ്പെടുത്താനായി 'സാമൂഹ്യ സുരക്ഷാവലകൾ' നിർമിക്കുകയോ സ്ഥാപനപരമായ മുൻകരുതലുകൾ ഉറപ്പാക്കുകയോ ചെയ്യേണ്ടതിന്റെ ആവശ്യകതയെ അവർ ഊന്നിപ്പറയുന്നു. സുരക്ഷാവലകൾ പ്രവർത്തനരഹിതമാണെന്നോ അല്ലെങ്കിൽ അപര്യാപ്തമാണെന്നോ ലോകത്തെമ്പാടുമുള്ള നിരവധി പ്രസ്ഥാനങ്ങൾ കരുതുന്നു. നിർബന്ധിത സാമ്പത്തിക ആഗോളവൽക്കരണം നിർത്തലാക്കണമെന്ന് അവർ ആഹ്വാനം ചെയ്തു. കാരണം ദുർബല രാഷ്ട്രങ്ങളുടെ സാമ്പത്തിക നാശത്തിന്, പ്രത്യേകിച്ച് ആ രാജ്യങ്ങളിലെ പാവങ്ങളുടെ നാശത്തിന്, ഇത് വഴി തെളിക്കും. സാമ്പത്തിക ആഗോളവൽക്കരണത്തെ ചില സാമ്പത്തിക ശാസ്ത്രജ്ഞർ ലോകത്തിന്റെ പുനർകോളനിവത്കരണം എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

**നമുക്കിത് ചെയ്യാം**

*നിങ്ങളും നിങ്ങളുടെ കുടുംബത്തിലുള്ളവരും ഉപയോഗിക്കുന്ന വിദേശീയ കമ്പനികളുടെ ഉല്പന്നങ്ങളുടെ പട്ടിക തയാറാക്കുക.*

നിയന്ത്രണങ്ങൾ ഒഴിവാക്കുമ്പോൾ, ആഗോളവൽക്കരണം ജനസംഖ്യയുടെ വലിയ വിഭാഗത്തിന് ക്ഷേമവും വലിയ സാമ്പത്തിക വളർച്ചയും സൃഷ്ടിക്കുമെന്ന് സാമ്പത്തിക ആഗോളവൽക്കരണത്തിന്റെ വക്താക്കൾ വാദിക്കുന്നു. രാജ്യങ്ങൾ തമ്മിൽ കൂടുതൽ വ്യാപാരം നടക്കുമ്പോൾ ഓരോ സമ്പദ്‌വ്യവസ്ഥയെയും അതിന്റെ ഏറ്റവും മികച്ച പ്രവർത്തനത്തിന് അനുവദിക്കുന്നു. ഇത് ലോകത്തിന് മുഴുവൻ പ്രയോജനകരമാവും. സാമ്പത്തിക ആഗോളവൽക്കരണം അനിവാര്യമാണെന്നും ചരിത്രത്തിന്റെ ഈ പ്രയാണത്തെ ചെറുക്കുന്നത് ബുദ്ധിപരമല്ലെന്നും അവർ വാദിക്കുന്നു. കൂടുതൽ മിതവാദികളായ ആഗോളവൽക്കരണ അനുകൂലികൾ പറയുന്നത് വിമർശനരഹിതമായി അംഗീകരിക്കുന്നതിനു പകരം ബുദ്ധിപരമായ പ്രതികരണത്തിനുള്ള ഒരു വെല്ലുവിളി അത് പ്രദാനം ചെയ്യുന്നു എന്നാണ്. എന്നിരുന്നാലും ആഗോളവൽക്കരണത്തിന്റെ ഫലമായി ഭരണകൂടങ്ങൾ തമ്മിലും കച്ചവടമേഖലയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ സാധാരണ ജനങ്ങൾ തമ്മിലുമുള്ള പരസ്പര ആശ്രിതത്വത്തിന്റെയും സംയോജനത്തിന്റെയും നീക്കങ്ങൾ വർധിച്ചത് നിഷേധിക്കാനാവില്ല.

## സാംസ്കാരിക പ്രത്യാഘാതങ്ങൾ (CULTURAL CONSEQUENCES)

ആഗോളവൽക്കരണത്തിന്റെ പ്രത്യാഘാതങ്ങൾ രാഷ്ട്രീയത്തിന്റെയും സമ്പദ്‌വ്യവസ്ഥയുടെയും മേഖലകളിൽ മാത്രമായി ചുരുങ്ങുന്നില്ല. ആഗോളവൽക്കരണം നമ്മെ നമ്മുടെ വീടിനുള്ളിൽ തന്നെ ബാധിക്കുന്നു, നമ്മൾ കഴിക്കുന്നതിനെ, കുടിക്കുന്നതിനെ, ധരിക്കുന്നതിനെ, വാസ്തവത്തിൽ നാം ചിന്തിക്കുന്നതിനെ പ്പോലും ബാധിക്കുന്നു. നമ്മുടെ താൽപര്യമെന്ന് നാം ചിന്തിക്കുന്നവയെ അത് രൂപപ്പെടുത്തുന്നു. ആഗോളവൽക്കരണത്തിന്റെ സാംസ്കാരിക ഫലങ്ങൾ ആ പ്രക്രിയ ലോകത്തിലെ വിവിധ സംസ്കാരങ്ങൾക്ക് ഭീഷണിയാവുമോ എന്ന ഭയത്തിലേക്ക് നയിക്കുന്നു. ആഗോളവൽക്കരണം ഒരു ഏകീകൃത സംസ്കാരത്തിന്റെ വളർച്ചയിലേക്ക് അഥവാ സാംസ്കാരിക ഏകത്വത്തിലേക്ക് അത് നയിക്കുന്നു എന്നതാണ് ആ ഭയത്തിന് കാരണം. ഏകീകൃത സംസ്കാരത്തിന്റെ ഉദയം ആഗോളസംസ്കാരത്തിന്റെ പിറവിയല്ല. ആഗോള സംസ്കാരം എന്നതിന്റെ പേരിൽ ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ പാശ്ചാത്യ സംസ്കാരം അടിച്ചേല്പിക്കുകയാണ് ചെയ്യുന്നത്. ഈ പ്രതിഭാസത്തെ ലോക രാഷ്ട്രീയത്തിൽ അമേരിക്കൻ ആധിപത്യത്തിന്റെ മൃദുശക്തി എന്ന പേരിൽ



© Andy Singer. Cagle Cartoons Inc.

പുതിയ മാർക്കറ്റുകൾ കയ്യേറുന്നു.

മൂന്നാമത്തെ അധ്യായത്തിൽ നമ്മൾ പഠിച്ചു കഴിഞ്ഞു. ഒരു ബർഗറിന്റെയോ നീല ജീൻസിന്റെയോ പ്രശസ്തിക്ക് അമേരിക്കൻ ജീവിതരീതികളുടെ ശക്തമായ സ്വാധീനവുമായി ബന്ധങ്ങളുണ്ടെന്ന് ചിലർ വാദിക്കുന്നു. അതുകൊണ്ട് രാഷ്ട്രീയവും സാമ്പത്തികവുമായി മേൽക്കോയ്മയുള്ള സമൂഹത്തിന്റെ സംസ്കാരം കരുത്ത് കുറഞ്ഞ സമൂഹങ്ങളുടെ മേൽ അതിന്റെ മുദ്ര പതിപ്പിക്കുകയും. മേൽക്കൈയുള്ള സമൂഹം ആഗ്രഹിക്കുന്നതുപോലെ ലോകം കൂടുതലായും കാണപ്പെടാൻ തുടങ്ങുകയും ചെയ്യും. ഇത്തരമൊരു വാദം ഉന്നയിക്കുന്നവർ ലോകത്തിന്റെ 'മക്ഡൊണാൾഡ്‌വൽകരണം' എന്ന പ്രതിഭാസത്തിലേക്ക് മിക്കപ്പോഴും ശ്രദ്ധ ക്ഷണിക്കാറുണ്ട്. ഇതുവഴി വിവിധ സംസ്കാരങ്ങൾ അമേരിക്കൻ സ്വപ്നങ്ങൾ സ്വന്തമാക്കാൻ ശ്രമിക്കുന്നു. ഇത് ദരിദ്ര രാഷ്ട്രങ്ങൾക്ക് മാത്രമല്ല മുഴുവൻ മനുഷ്യവംശത്തിനും അപകടകരമാണ്. കാരണം അത് മുഴുവൻ ലോകത്തിന്റെയും സമ്പന്നമായ സാംസ്കാരിക വൈവിധ്യങ്ങളെ ക്ഷയിപ്പിക്കുന്നതിലേക്ക് നയിക്കുന്നു.

അതേ സമയം ആഗോളവൽകരണത്തിന്റെ സാംസ്കാരിക പ്രത്യാഘാതങ്ങൾ എല്ലാം മോശമാണെന്ന് ധരിക്കുന്നതും തെറ്റാണ്. സംസ്കാരങ്ങൾ സ്ഥായിയായ വസ്തുക്കളല്ല. എല്ലാ സംസ്കാരങ്ങളും എല്ലായ്പ്പോഴും പുറത്തു നിന്നുള്ള സ്വാധീനങ്ങൾക്ക് വിധേയമായിട്ടുണ്ട്. ചില ബാഹ്യ സ്വാധീനങ്ങൾ മോശമാണ്. എന്തുകൊണ്ടെന്നാൽ അവ നമ്മുടെ തിരഞ്ഞെടുപ്പുകളെ കുറയ്ക്കുന്നു. എന്നാൽ ചിലപ്പോൾ ബാഹ്യ സ്വാധീനങ്ങൾ നമ്മുടെ തിരഞ്ഞെടുപ്പുകളെ വർധിപ്പിക്കുകയും ചിലപ്പോൾ പരമ്പരാഗതമായതിനെ കീഴടക്കാതെ നമ്മുടെ സംസ്കാരത്തെ പരിഷ്കരിക്കുകയും ചെയ്യുന്നു. ബർഗർ മസാല ദോശക്ക് പകരമാവില്ല എന്നതുകൊണ്ട് അതു നമുക്ക് യഥാർഥ ഭീഷണിയാവുന്നില്ല. അത് നമ്മുടെ ഭക്ഷണ തിരഞ്ഞെടുപ്പുകൾ വർധിപ്പിച്ചു എന്നു മാത്രം. മറുവശത്ത് നീല ജീൻസ് നാട്ടിലുണ്ടാക്കിയ ഖാദി കുർത്തക്ക് നന്നായി ഇണങ്ങും. ഇവിടെ ബാഹ്യ സ്വാധീനത്തിന്റെ ഫലമായി ഒരു പ്രത്യേക






എന്തുകൊണ്ടാണ് നമ്മൾ പാശ്ചാത്യസംസ്കാരത്തെ ഭയക്കുന്നത്? നമ്മുടെ സ്വന്തം സംസ്കാരത്തെക്കുറിച്ച് നമുക്ക് വിശ്വാസമില്ലേ?

നമുക്കിത് ചെയ്യാം

നിങ്ങളുടെ ഭവനത്തിലെ അറിയപ്പെടുന്ന എല്ലാ ദേശ ഭക്ഷണങ്ങളുടെയും പട്ടിക തയ്യാറാക്കുക. നിങ്ങളുടെ മുത്തച്ഛന്റെ അമ്മൂമ്മയോട് ഇതു ചർച്ച ചെയ്യുക. എത്ര ആളുകൾ ഇപ്പോൾ ഈ പ്രാദേശിക ഭക്ഷണങ്ങൾ ഉപയോഗിക്കുന്നുണ്ട്?

ചേരുവ ഉടലെടുത്തു – ജീൻസിന് മുകളിൽ ധരിക്കാവുന്ന ഖാദികുർത്ത. ഈ വസ്ത്രചേരുവ നീല ജീൻസ് നമുക്ക് നൽകിയ രാജ്യത്തിലേക്ക് തിരികെ കയറ്റുമതി ചെയ്യപ്പെട്ടു. ഇപ്പോൾ കുർത്തയും നീല ജീൻസും ധരിച്ച് നടക്കുന്ന അമേരിക്കൻ ചെറുപ്പക്കാരെ കാണാൻ സാധിക്കും.

സാംസ്കാരിക ഏകീകരണം ആഗോളവൽകരണത്തിന്റെ ഒരു വശമാണെങ്കിലും ഈ പ്രക്രിയ ഇതിനൊരു കൃത്യമായ വിപരീത ഫലവും സൃഷ്ടിച്ചു. ഓരോ സംസ്കാരവും വ്യത്യസ്തവും വ്യതിരിക്തവുമാവുന്നതിലേക്ക് ഇത് നയിച്ചു. ഈ പ്രതിഭാസത്തെ 'സാംസ്കാരിക വൈവിധ്യവൽക്കരണം' എന്ന് വിളിക്കുന്നു. സംസ്കാരങ്ങൾ ഇടപഴകുമ്പോൾ അധികാര വ്യത്യാസങ്ങൾ നിലനിൽക്കുമെന്നത് നിഷേധിക്കാനാവില്ലെങ്കിലും സാംസ്കാരിക കൈമാറ്റങ്ങൾ ഏക ദിശയിലേക്ക് മാത്രമുള്ളതല്ല എന്ന് ഇത് സൂചന നൽകുന്നു.

### ഓ! പിന്നെയും ഒരു ഇന്ത്യക്കാരൻ

കോൾ സെന്റർ ജോലിയെക്കുറിച്ച് അവിടെ ജോലി ചെയ്യുന്ന ആളുടെ കാഴ്ചപ്പാട്.

ഒരു കോൾ സെന്ററിൽ ജോലി ചെയ്യുക എന്നത് വാസ്തവത്തിൽ അതിന്റേതായ രീതിയിൽ പുതിയ ബോധമാർജിക്കലാണ്. അമേരിക്കക്കാരുടെ വിളികൾ കൈകാര്യം ചെയ്യുമ്പോൾ യഥാർഥ അമേരിക്കൻ സംസ്കാരത്തെക്കുറിച്ച് നിങ്ങൾക്ക് ഉൾക്കാഴ്ച ലഭിക്കുന്നു. ഒരു ശരാശരി അമേരിക്കക്കാരൻ നമ്മൾ സങ്കല്പിക്കുന്നതിനേക്കാൾ സത്യസന്ധനും ഊർജസ്വലനുമാണ്.

എന്നിരുന്നാലും എല്ലാ വിളികളും സംഭാഷണങ്ങളും സന്തോഷകരമല്ല. അസഭ്യ ഭാഷ ഉപയോഗിക്കുന്നതും ദേഷ്യം പിടിപ്പിക്കുന്നതുമായ വിളികളും വരാം. ചില സമയങ്ങളിൽ തങ്ങളുടെ വിളി ഇന്ത്യയിലേക്കാണ് തിരിച്ചു വിട്ടതെന്ന് അറിയുമ്പോൾ അവരുടെ സ്വരത്തിൽ പ്രകടമാകുന്ന വെറുപ്പ് വളരെ അസ്വസ്ഥതാജനകമാണ്. തങ്ങൾക്ക് കിട്ടേണ്ട ജോലി തട്ടിയെടുത്തവരായാണ് ഓരോ ഇന്ത്യാക്കാരനെയും അമേരിക്കക്കാർ കരുതുന്നത്.

"അല്പം മുമ്പ് വരെ ഞാൻ ദക്ഷിണാഫ്രിക്കക്കാരനോടാണ് സംസാരിച്ചു കൊണ്ടിരുന്നത്. ഇപ്പോൾ ഞാൻ ഒരു ഇന്ത്യക്കാരനോട് സംസാരിക്കുന്നു!" ഇങ്ങനെ തുടങ്ങുന്ന വിളികൾ ലഭിച്ചേക്കാം. അല്ലെങ്കിൽ "ഓ, പിന്നെയും ഒരു ഇന്ത്യക്കാരൻ! ദയവായി എനിക്ക് ഒരു അമേരിക്കക്കാരനെ കണക്ട് ചെയ്യൂ" എന്നുമാവാം. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ഉചിതമായ മറുപടി കണ്ടുപിടിക്കുന്നത് ബുദ്ധിമുട്ടാണ് -

*ഉറവിടം : 2005 ജനുവരി പത്തിന് ദി ഹിന്ദുവിൽ വന്ന രഞ്ജിത അർസിന്റെ റിപ്പോർട്ട്*

## ഇന്ത്യയും ആഗോളവൽകരണവും (INDIA AND GLOBALISATION)

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചരിത്രത്തിന്റെ ആദ്യകാലം മുതൽ ആഗോളവൽകരണം ഉണ്ടായിട്ടുണ്ട് എന്ന് നമ്മൾ നേരത്തെ പറഞ്ഞു. മൂലധനം, ചരക്കുകൾ, ആശയങ്ങൾ, ജനങ്ങൾ എന്നിവയിലുള്ള നീക്കങ്ങളുടെ പ്രവാഹം നിരവധി നൂറ്റാണ്ടുകൾക്ക് മുമ്പ് ഇന്ത്യാ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്.

ബ്രിട്ടന്റെ സാമ്രാജ്യത്വ താല്പര്യങ്ങളുടെ അനന്തരഫലമായി കൊളോണിയൽ കാലഘട്ടത്തിൽ ഇന്ത്യ പ്രാഥമിക ചരക്കുകളുടെയും അസംസ്കൃത വസ്തുക്കളുടെയും കയറ്റുമതിക്കാരും, നിർമിത ഉൽപന്നങ്ങളുടെ ഉപഭോക്താക്കളുമായി. ബ്രിട്ടീഷുകാരുമായുള്ള അനുഭവം കാരണം സ്വാതന്ത്ര്യത്തിനുശേഷം മറ്റുള്ളവരെ ആശ്രയിക്കാതെ സാധനങ്ങൾ സ്വയം നിർമിക്കാൻ നാം തീരുമാനിച്ചു. സാധനങ്ങൾ നിർമിക്കാൻ നമ്മുടെ ഉദ്പാദകർ പഠിക്കുന്നതിന് വേണ്ടി മറ്റു രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതിയും നമ്മൾ അനുവദിച്ചില്ല. ഇത്തരത്തിലുള്ള സംരക്ഷണനയം അതിന്റേതായ പ്രശ്നങ്ങളും സൃഷ്ടിച്ചു. ചില മേഖലകളിൽ പുരോഗതി ഉണ്ടായപ്പോൾ ആരോഗ്യം, ഭവനം, പ്രാഥമിക വിദ്യാഭ്യാസം തുടങ്ങിയ നിർണായക മേഖലകൾക്ക് അവ അർഹിക്കുന്ന ശ്രദ്ധ ലഭിച്ചില്ല. ഇന്ത്യയുടെ സാമ്പത്തിക വളർച്ച മിക്കവാറും മന്ദഗതിയിലായി.

1991 ൽ ഉയർന്ന സാമ്പത്തിക വളർച്ചക്ക് വേണ്ടിയുള്ള ആഗ്രഹവും സാമ്പത്തിക പ്രതിസന്ധിയോട് പ്രതികരിച്ചുകൊണ്ടും ഇന്ത്യ ഒരു സാമ്പത്തിക പരിഷ്കരണ പദ്ധതി ആരംഭിച്ചു. ഈ പരിഷ്കരണങ്ങൾ വിദേശ നിക്ഷേപം, വ്യാപാരം തുടങ്ങിയ മേഖലകളിൽ വമ്പിച്ച ഇളവുകൾ വരുത്താൻ ശ്രമിച്ചു. ഇന്ത്യക്ക് ഇത് എത്രമാത്രം നല്ലതാണെന്ന് പറയാനുള്ള സമയമായിട്ടില്ലെങ്കിലും ഇതിന്റെ ആത്യന്തിക ലക്ഷ്യം ഉയർന്ന വളർച്ചാനിരക്കല്ല, മറിച്ച് എല്ലാവർക്കും വികസനത്തിന്റെ ഫലങ്ങൾ പങ്കു വയ്ക്കുന്നു എന്ന് ഉറപ്പു വരുത്തലാണ്. അതുവഴി എല്ലാവരുടെയും മെച്ചപ്പെട്ട ജീവിതം ഉറപ്പാക്കലും.

## ആഗോളവൽകരണത്തെ ചെറുക്കൽ (RESISTANCE TO GLOBALISATION)

ആഗോളവൽകരണം വളരെ വിവാദപരമായ വിഷയമാണെന്നും ലോകത്തെ എല്ലായിടത്തുനിന്നും അതിന് നേരെ ശക്തമായ വിമർശനം ഉണ്ടെന്നും നമ്മൾ കണ്ടു കഴിഞ്ഞു. ആഗോളവൽകരണത്തിന്റെ വിമർശകർക്ക് വിവിധ വാദങ്ങളുണ്ട്. സമകാലിക ആഗോളവൽകരണം ധനികരെ കൂടുതൽ ധനികരും (കുറച്ച് പേർ മാത്രം) ദരിദ്രരെ കൂടുതൽ ദ്രരിദ്രരുമാക്കുന്ന ആഗോള മുതലാളിത്തത്തിന്റെ ഒരു ഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നുവെന്ന് ഇടതുപക്ഷത്തുള്ളവർ വാദിക്കുന്നു. രാജ്യത്തെ ദുർബലമാക്കുന്നത് അതിലെ ദരിദ്രരുടെ താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള രാഷ്ട്രത്തിന്റെ കഴിവിനെ കുറയ്ക്കും. ആഗോളവൽകരണത്തിന്റെ വലതുപക്ഷ വിമർശകർ അതിന്റെ രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ ഫലങ്ങളെ കുറിച്ച് ഉത്കണ്ഠപ്പെടുന്നു. രാഷ്ട്രീയ വ്യവസ്ഥയിൽ രാഷ്ട്രം ദുർബലമാകുന്നതിനെ അവരും ഭയക്കുന്നു. സാമ്പത്തികപരമായി സമ്പദ്ഘടനയുടെ ഏതാനും ചില മേഖലകളിലെങ്കിലും സ്വാശ്രയത്വത്തിലേക്കും സംരക്ഷണനയത്തിലേക്കും ഒരു തിരിച്ചു പോക്ക് അവർ ആഗ്രഹിക്കുന്നു. സാംസ്കാരികപരമായി പാരമ്പര്യ സംസ്കാരം അപായപ്പെടുമെന്നും ജനങ്ങൾക്ക് അവരുടെ പഴയകാല മൂല്യങ്ങളും രീതികളും നഷ്ടമാകുമെന്നും അവർ ആശങ്കപ്പെടുന്നു.

ആഗോളവൽകരണ വിരുദ്ധമുന്നേറ്റങ്ങൾ പോലും ആഗോള ശൃംഖലകളിൽ പങ്കാളികളാവുന്നു. ഇതിലൂടെ മറ്റു രാജ്യങ്ങളിലെ സമാന ചിന്താഗതിയുള്ളവരുമായി അവർ സഖ്യത്തിലേർപ്പെടുന്നു. പല ആഗോളവൽകരണ വിരുദ്ധ മുന്നേറ്റങ്ങളും ആഗോളവൽകരണം എന്ന ആശയത്തെ അതേപടി എതിർക്കുന്നില്ല. സാമ്രാജ്യത്വത്തിന്റെ ഒരു രൂപമായി കാണുന്ന ആഗോളവൽകരണത്തിന്റെ പ്രത്യേക പദ്ധതികളെയാണ് അവർ കൂടുതൽ എതിർക്കുന്നത്.

1999-ൽ സിയാറ്റലിൽ നടന്ന ലോക വ്യാ






*ചില സമയത്ത് ഞാൻ പുതിയ പാട്ടുകൾ ഇഷ്ടപ്പെടുന്നു എന്നത് സത്യമാണ്. അല്പം ഡാൻസ് ചെയ്യാൻ നമുക്കെല്ലാവർക്കും ഇഷ്ടമില്ലേ? ഇതിൽ പാശ്ചാത്യ സംഗീതത്തിന്റെ സ്വാധീനമുണ്ടെന്നത് വാസ്തവത്തിൽ വലിയ വിഷയമാണോ?*

## നമുക്കിത് ഒരുമിച്ച് ചെയ്യാം

എങ്ങനെയാണ് ആഗോളവൽക്കരണം നമ്മുടെ ജീവിതങ്ങളിൽ നുഴഞ്ഞു കയറിയത് എന്ന് മനസ്സിലാക്കാനും ഓരോ വ്യക്തിയിലും സമൂഹത്തിലും രാഷ്ട്രം മുഴുവനായും സർവ വ്യാപിയായ ആഗോളവൽക്കരണം ഏല്പിക്കുന്ന ആഘാതങ്ങൾ പഠിക്കാനും ഈ പ്രവർത്തനം കുട്ടികളെ പര്യാപ്തരാക്കുന്നു.

### ഘട്ടങ്ങൾ

- ▣ വിദ്യാർഥികൾ തങ്ങൾക്ക് പരിചയമുള്ള ഉത്പന്നങ്ങളുടെ പട്ടിക തയാറാക്കണം. ഭക്ഷ്യ ഉത്പന്നങ്ങൾ, വൈദ്യുത ഉത്പന്നങ്ങൾ, ആഡംബര വസ്തുക്കൾ എന്നിങ്ങനെ.
- ▣ തങ്ങൾക്കേറ്റവും ഇഷ്ടപ്പെട്ട ടിവി പരിപാടിയുടെ പേര് കുട്ടികൾ എഴുതണം.
- ▣ അധ്യാപകൻ ഈ പട്ടിക ശേഖരിച്ച് ക്രോഡീകരിക്കണം
- ▣ ക്ലാസ് റൂമിനെ വിഭജിച്ച് (സൗകര്യപ്രദമായ ഗ്രൂപ്പുകളായി) ഓരോ ഗ്രൂപ്പിനും ഏതാനും വസ്തുക്കളും (പട്ടികയുടെ വ്യാപ്തി അനുസരിച്ച്) ടിവി പ്രോഗ്രാമുകളും നൽകുക.
- ▣ തങ്ങൾ എല്ലാ ദിവസവും ഉപയോഗിക്കുന്ന ഉൽപന്നങ്ങളുടെ നിർമാതാക്കൾ ആരാണെന്നും, ഇഷ്ടപ്പെട്ട ടിവി പ്രോഗ്രാമുകളുടെ നിർമാതാക്കൾ/സ്പോൺസർമാർ ആരാണെന്നും അവർ കണ്ടെത്തട്ടെ.
- ▣ അധ്യാപകൻ (കുട്ടികളെ ഉൾപ്പെടുത്തി) കുട്ടികൾ ശേഖരിച്ച ഉദ്പാദകരുടെയും നിർമാതാക്കൾ/സ്പോൺസർമാരുടെയും പേരുകൾ മൂന്നു വിഭാഗത്തിലായി വേർതിരിക്കട്ടെ – പൂർണമായും വിദേശ കമ്പനികൾ, പൂർണമായും ഇന്ത്യൻ കമ്പനികൾ, സ്വദേശ/വിദേശ സഹകരണത്തോടെ പ്രവർത്തിക്കുന്ന കമ്പനികൾ.

#### അധ്യാപകർക്കുള്ള ആശയങ്ങൾ

- □ ആഗോളവൽക്കരണം എങ്ങിനെയാണ് നമ്മുടെ ജീവിതത്തെ ബാധിച്ചത് എന്നതിൽ കേന്ദ്രീകരിച്ച് വിദ്യാർഥികളോട് ചോദ്യങ്ങൾ ഉന്നയിക്കുക.
- □ ആഗോളവൽക്കരണത്തിന്റെ വ്യത്യസ്ത മുഖങ്ങൾ വിദ്യാർഥികളുടെ ശ്രദ്ധയിൽ കൊണ്ടു വരിക. നമ്മൾ കൂടുതൽ വിദേശ ഉത്പന്നങ്ങൾ ഉപയോഗിക്കുന്തോറും നമ്മുടെ ചെറുകിട വ്യവസായങ്ങൾക്ക് ഇടപാടുകാരെ നഷ്ടമാവുകയും അവ അടച്ചു പൂട്ടുകയും ചെയ്യും.
- □ വികസിതവും വികസ്വരവുമായ രാജ്യങ്ങളിൽ ആഗോളവൽക്കരണത്തിന്റെ സ്വാധീനത്തെക്കുറിച്ച് നടക്കുന്ന ചർച്ചകളെ പരിചയപ്പെടുത്തി പ്രവൃത്തി അവസാനിപ്പിക്കാം.

പാര സംഘടനയുടെ മന്ത്രിതല സമ്മേളനത്തിനെതിരെ സാമ്പത്തികമായി ശക്തിയുള്ള രാജ്യങ്ങൾ അന്യായമായ വാണിജ്യ നടപടികൾ കൈക്കൊള്ളുന്നു എന്ന് ആരോപിച്ച് പ്രതിഷേധമുണ്ടായി. പുതുതായി രൂപം കൊള്ളുന്ന ആഗോള സാമ്പത്തിക വ്യവസ്ഥിതിയിൽ വികസ്വര രാഷ്ട്രങ്ങളുടെ താല്പര്യങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ലെന്ന് വാദിക്കപ്പെട്ടു.

നവ-ലിബറൽ ആഗോളവൽകരണത്തെ എതിർക്കുന്ന മനുഷ്യാവകാശ പ്രവർത്തകർ, പരിസ്ഥിതിവാദികൾ, തൊഴിലാളികൾ, യുവാക്കൾ, വനിതാപ്രവർത്തകർ തുടങ്ങിയവരുൾപ്പെട്ട വിശാല സഖ്യത്തിനുള്ള മറ്റൊരു ആഗോള വേദിയാണ്. വേൾഡ് സോഷ്യൽ ഫോറം (WSF). WSF ന്റെ ആദ്യയോഗം 2001-ൽ ബ്രസീലിലെ പോർട്ടോ അലിഗ്രെയിലാണ് സംഘടിപ്പിക്കപ്പെട്ടത്. നാലാമത് WSF യോഗം 2004 ൽ മുംബൈയിൽ വച്ചാണ് നടന്നത്. 2016 ൽ കാനഡയിലെ മോൺട്രിയോലിൽ വച്ച് WSF ന്റെ ഏറ്റവും അടുത്ത സമ്മേളനം നടന്നു.

## ഇന്ത്യയും ആഗോളവൽകരണത്തെ ചെറുക്കലും (INDIA AND RESISTANCE TO GLOBALISATION)

ആഗോളവൽകരണത്തെ ചെറുക്കുന്നതിൽ ഇന്ത്യയുടെ അനുഭവം എന്തായിരുന്നു? തങ്ങൾക്ക് ചുറ്റുമുള്ള ലോകത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കാനും ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യാനുള്ള മാർഗങ്ങൾ കണ്ടെത്താനും സാമൂഹിക പ്രസ്ഥാനങ്ങൾ അവരുടേതായ പങ്ക് വഹിക്കുന്നു. ഇന്ത്യയിൽ ആഗോളവൽകരണത്തോടുള്ള എതിർപ്പ് പല കോണുകളിൽ നിന്നാണ് വന്നത്. സാമ്പത്തിക ഉദാരവൽകരണത്തിനെതിരായ ഇടതുപക്ഷ പ്രതിഷേധങ്ങൾ രാഷ്ട്രീയ പാർട്ടികളിലൂടെയും ഇന്ത്യൻ സോഷ്യൽ ഫോറം പോലെയുള്ള വേദികളിലൂടെയും പുറത്തു വന്നു. ബഹുരാഷ്ട്ര കമ്പനികളുടെ വരവിനെതിരെ തൊഴിലാളി സംഘടനകളും കർഷക താല്പര്യം പ്രതിനിധാനം ചെയ്യുന്ന സംഘടനകളും പ്രതിഷേധങ്ങൾ സംഘടിപ്പിച്ചു. വേപ്പ് പോലുള്ള ചെടികളുടെ മേൽ അമേരിക്കയിലെയും, യൂറോപ്പിലെയും കമ്പനികൾ പേറ്റന്റ് എടുക്കുന്നതും ഗണ്യമായ എതിർപ്പിനിടയാക്കി.

ആഗോളവൽകരണത്തിനെതിരെ രാഷ്ട്രീയ വലതുപക്ഷവും ചെറുത്തു നിന്നു. വിവിധ സാംസ്കാരിക സ്വാധീനങ്ങളെ എതിർക്കുന്ന രൂപമാണ് ഇത് കൈക്കൊണ്ടത്. ഇത് കേബിൾ മേഖലയിലെ വിദേശ ടിവി ചാനലുകളുടെ ലഭ്യത, വാലന്റൈൻ ദിനാഘോഷം, കോളേജിലും സ്കൂളിലും പെൺകുട്ടികളുടെ പാശ്ചാത്യ വസ്ത്രധാരണ അഭിരുചി എന്നിവ ഉൾപെട്ടതായിരുന്നു സാംസ്കാരിക സ്വാധീനം.

1. ആഗോളവൽകരണം സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്നവയിൽ ഏത് പ്രസ്താവനയാണ് ശരി.
   a. ആഗോളവൽകരണം ഒരു സാമ്പത്തിക പ്രതിഭാസം മാത്രമാണ്.
   b. ആഗോളവൽകരണം 1991 ൽ തുടങ്ങി
   c. ആഗോളവൽകരണവും പാശ്ചാത്യവത്കരണവും ഒന്നാണ്.
   d. ആഗോളവൽകരണം നിരവധി മാനങ്ങളുള്ള ഒരു പ്രതിഭാസമാണ്.
2. ആഗോളവൽകരണത്തിന്റെ ആഘാതം സംബന്ധിച്ച് താഴെപറയുന്നവയിൽ ഏതൊക്കെ പ്രസ്താവനകളാണ് ശരി
   a. ആഗോളവൽകരണം രാജ്യങ്ങളുടെയും സമൂഹങ്ങളുടെയും മേൽ അതുണ്ടാക്കിയ പ്രത്യാഘാതം ഒരു പോലെയായിരുന്നില്ല.

അഭ്യാസം

അഭ്യാസം

b. എല്ലാ രാജ്യങ്ങളിലും സമൂഹങ്ങളിലും ആഗോളവൽകരണത്തിന്റെ ആഘാതം തുല്യമായിരുന്നു.

c. ആഗോളവൽകരണത്തിന്റെ പ്രത്യാഘാതം രാഷ്ട്രീയ മേഖലകളിൽ മാത്രമായി ഒതുങ്ങി.

d. ആഗോളവൽകരണം നിശ്ചയമായും സാംസ്കാരിക ഏകത്വം ഉണ്ടാക്കും.

3. ആഗോളവൽക്കരണത്തിന്റെ കാരണങ്ങളെക്കുറിച്ചുള്ള പ്രസ്താവനകളിൽ ഏതൊക്കയാണ് ശരി?

a. സാങ്കേതികവിദ്യ ആഗോളവൽകരണത്തിന്റെ ഒരു പ്രധാന കാരണമാണ്.

b. ആഗോളവൽകരണം ഒരു പ്രത്യേക ജനസമൂഹത്താൽ നിർമിക്കപ്പെട്ടതാണ്.

c. ആഗോളവൽകരണം അമേരിക്കയിലാണ് ഉത്ഭവിച്ചത്.

d. സാമ്പത്തിക പരസ്പരാശ്രയത്വം മാത്രമാണ് ആഗോളവൽകരണത്തിന് കാരണം.

4. ആഗോളവൽകരണത്തിന്റെ കാരണങ്ങളെ കുറിച്ചുള്ള പ്രസ്താവനകളിൽ ഏതൊക്കെയാണ് ശരിയായിട്ടുള്ളത്.

a. ആഗോളവൽകരണം ഉത്പന്നങ്ങളുടെ നീക്കത്തെ കുറിച്ച് മാത്രമാണ്.

b. ആഗോളവൽകരണത്തിൽ മൂല്യങ്ങളുടെ സംഘർഷം ഉൾപ്പെടുന്നില്ല.

c. സേവനങ്ങൾ ആഗോളവൽകരണത്തിന്റെ അപ്രസക്തമായ ഭാഗമാണ്.

d. ആഗോളവൽകരണം ലോകവ്യാപകമായി പരസ്പര ബന്ധത്തെക്കുറിച്ചാണ്

5. ആഗോളവൽകരണത്തെ കുറിച്ചുള്ള ഏതൊക്കെ പ്രസ്താവനകളാണ് തെറ്റ്

a. ആഗോളവൽകരണത്തിന്റെ വക്താക്കൾ അത് ഉയർന്ന സാമ്പത്തിക വളർച്ച സൃഷ്ടിക്കും എന്ന് അവകാശപ്പെടുന്നു.

b. ആഗോളവൽകരണം വലിയ സാമ്പത്തിക അസമത്വം ഉളവാക്കുമെന്ന് അതിന്റെ വിമർശകർ വാദിക്കുന്നു.

c. ആഗോളവൽകരണം സാംസ്കാരിക ഏകീകരണത്തിന് കാരണമാകുമെന്ന് അതിന്റെ വക്താക്കൾ വാദിക്കുന്നു.

d. ആഗോളവൽകരണം സാംസ്കാരിക ഏകീകരണത്തിന് കാരണമാവുമെന്ന് അതിന്റെ വിമർശകർ പറയുന്നു.

6. എന്താണ് ലോകവ്യാപക പരസ്പരബന്ധം? ഏതൊക്കെയാണ് അതിന്റെ ഘടകങ്ങൾ?

7. സാങ്കേതികവിദ്യ എപ്രകാരമാണ് ആഗോളവൽകരണത്തെ സഹായിച്ചത്?

8. ആഗോളവൽകരണത്തിന്റെ പശ്ചാത്തലത്തിൽ വികസ്വര രാജ്യങ്ങളിലെ രാഷ്ട്രത്തിന്റെ പങ്കിലുണ്ടാവുന്ന മാറ്റം വിമർശനാത്മകമായി വിലയിരുത്തുക.

9. ആഗോളവൽകരണത്തിന്റെ സാമ്പത്തിക മാനങ്ങൾ എന്തെല്ലാമാണ്. ഇക്കാര്യത്തിൽ എപ്രകാരമാണ് ആഗോളവൽകരണം ഇന്ത്യയെ ബാധിച്ചത്.

10. ആഗോളവൽകരണം സാംസ്കാരിക വൈവിധ്യത്തിലേക്ക് നയിക്കും എന്ന വാദത്തോട് നിങ്ങൾ യോജിക്കുന്നുവോ?

11. ആഗോളവൽകരണം ഇന്ത്യയെ എങ്ങനെയാണ് സ്വാധീനിച്ചത്. തിരിച്ച് ഇന്ത്യ എങ്ങനെയാണ് ആഗോളവൽകരണത്തിനെ സ്വാധീനിക്കുന്നത്?

# പദാവലി

| | | |
|---|---|---|
| അനുരഞ്ജനം | - | Negotiation |
| അധീശത്വം | - | Hegemony |
| അല്പ വികസിത രാജ്യങ്ങൾ | - | Least Developed Countries |
| അന്യവൽക്കരണം | - | Alienation |
| അന്താരാഷ്ട്ര നാണയ നിധി | - | International Monetary Fund |
| ആഗോള താപനം | - | Global warming |
| ആഗോള പൊതു മണ്ഡലം | - | Global commons |
| ആഗോള തീവ്രവാദം | - | Global Terrorism |
| ആഗോളഗ്രാമം | - | Global Village |
| ആഗോള പൊതു വസ്തുക്കൾ | - | Global Public Goods |
| ആഗോളവൽക്കരണം | - | Globalisation |
| ആഘാത ചികിത്സ | - | Shock Therapy |
| ആയുധപന്തയം | - | Arms race |
| ഇരുധ്രുവലോകം | - | Bipolar world |
| ഉഷ്ണയുദ്ധം | - | Hot war |
| ഉദാരവത്ക്കരണം | - | Liberalisation |
| ഉഭയകക്ഷി കരാർ | - | Bilateral Agreement |
| ഏകധ്രുവലോകം | - | Unipolar world |
| കരിഞ്ചന്ത | - | Black Market |
| കപ്പം കൊടുക്കൽ വ്യവസ്ഥ | - | Tributary System |
| കാലാവസ്ഥ വ്യതിയാനം | - | Climate change |
| തദ്ദേശീയ ജനത | - | Indegenous people |
| തുറന്ന സമീപനം | - | Glasnost |
| തുറന്ന വാതിൽ നയം | - | Open Door Policy |
| നവഅന്തർദേശീയ സാമ്പത്തികക്രമം | - | New International Economic Order |
| നവലോകക്രമം | - | New world order |
| നിരായുധീകരണം | - | Disarmament |

| | |
|---|---|
| നിർവ്യാപനകരാർ | - Non- Proliferation Treaty |
| നിഷ്പക്ഷത | - Neutrality |
| നാണയ വിനിമയം | - Currency exchange |
| പൊതു വിഭവങ്ങൾ | - Common Property Resources |
| പ്രത്യേക സാമ്പത്തിക മേഖല | - Special Economic Zone |
| പ്രത്യക്ഷ വിദേശനിക്ഷേപം | - Foreign Direct Investment |
| പുനർനിർമാണം | - Perestroika |
| പാശ്ചാത്യവൽക്കരണം | - Westernisation |
| പ്രത്യയശാസ്ത്രം | - Ideology |
| ബഹുധ്രുവ ലോകം | - Multi-polar world |
| ഭികരതക്കെതിരായ ആഗോളയുദ്ധം | - Global war on terror |
| മധ്യേഷ്യ | - Middle East |
| മാരക ശക്തി | - Hard Power |
| മൃദുശക്തി | - Soft power |
| രാജവാഴ്ച | - Monarchy |
| വൻശക്തികൾ | - Super Powers |
| വിഭവ ഭൂരാഷ്ട്രീയം | - Resource Geopolitics |
| ശാക്തികചേരികൾ | - Power blocks |
| ശീതയുദ്ധം | - Cold war |
| ശിഥിലീകരണം | - Disintegration |
| ശക്തി സന്തുലനം | - Balance of power |
| സർവ്വാധിപത്യം | - Totalitarianism |
| സമീപ അയൽദേശം | - Near Abroad |
| സുസ്ഥിര വികസനം | - Sustainable development |
| സ്വാഭാവിക വനങ്ങൾ | - Natural Forests |
| സഹകരണ സുരക്ഷ | - Co-operative Security |
| സ്വതന്ത്രവ്യാപാര മേഖല | - Free Trade Area |